# ഭാഷാസാഹിതി

കേരളസർവകലാശാലാമലയാളവിഭാഗത്തിന്റെ
ത്രൈമാസികപ്രസിദ്ധീകരണം

PEER REVIEWED JOURNAL

105-124

# ഭാഷാസാഹിതി

(Peer reviewed Journal)

**105 – 124**

മുഖ്യപത്രാധിപർ - പ്രൊഫ. എസ്. ഷിഫ

ലക്കം പത്രാധിപർ - ഡോ. ഷീബ എം. കുര്യൻ

മലയാളവിഭാഗം, കേരളസർവകലാശാല

കാര്യവട്ടം, തിരുവനന്തപുരം – 695 581

# ഭാഷാസാഹിതി

**(Peer reviewed Journal)**

**2003 ജനുവരി – 2007 ഡിസംബർ പുസ്തകം 27–31 ലക്കം 1 – 20**
**(പ്രസാധനം: ഡിസംബർ 2020)**


| | | |
|---|---|---|
| പത്രാധിപസമിതി | : | പ്രൊഫ. എസ്. ഷിഫ |
| | | പ്രൊഫ. സി. ആർ. പ്രസാദ് |
| | | ഡോ. സീമാ ജെറോം |
| | | ഡോ. എം. എ. സിദ്ദീഖ് |
| | | ഡോ. ഷീബ എം. കുര്യൻ |
| ഉപദേശകസമിതി | : | ഡോ. എൻ. മുകുന്ദൻ |
| | | ഡോ. ഡി. ബഞ്ചമിൻ |
| | | ഡോ. ദേശമംഗലം രാമകൃഷ്ണൻ |
| | | ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ |
| | | ഡോ. എസ്. നസീബ് |


ഭാഷാസാഹിതി ഭാഷയെയും സാഹിത്യത്തെയും സംബന്ധിച്ച ഗവേഷണത്തിനും പഠനത്തിനും പ്രാധാന്യം നൽകുന്ന ഒരു പ്രസിദ്ധീകരണമാണ്. പ്രതിവർഷം നാലു ലക്കങ്ങൾ: ജനുവരി – മാർച്ച്, ഏപ്രിൽ – ജൂൺ, ജൂലൈ – സെപ്തംബർ, ഒക്ടോബർ – ഡിസംബർ, വാർഷിക വരിസംഖ്യ 400 രൂപ

ഒറ്റ ലക്കം വില – 100 രൂപ

ഈ വാല്യത്തിന്റെ വില – 250 രൂപ

# ഉള്ളടക്കം


| | | | |
|---|---|---|---|
| 1. | പ്രൊഫ. എസ്.ഷിഫ | 7 | പത്രാധിപക്കുറിപ്പ് |
| 2. | ഡോ, ഷീബ എം. കുര്യൻ | 11 | ആമുഖം |
| 3. | ഡോ. എം. കെ. ജയരാജ് | 13 | ഭിന്നശേഷി: സമൂഹം ശരീരം സംസ്കാരം |
| 4. | ഡോ. നന്ദകുമാർനായർ | 21 | ഭിന്നശേഷി: മനസും ശരീരവും ഭാഷയും |
| 5. | ഡോ. ജയകുമാർ ആർ. | 37 | ഭിന്നശേഷി: വിചാരമാതൃക, വികാസം, വിനിമയം |
| 6. | നദീർ പയ്യോളി | 45 | ഡിസെബിലിറ്റിയും ലൈംഗികതയും |
| 7. | അമത്തുനൂറ ടി. | 56 | ഭിന്നശേഷിക്കാരും സാമൂഹിക മനോഭാവവും: ഒരു സമകാലീന വിലയിരുത്തൽ |
| 8. | അശ്വതി കെ. വി. | 68 | നിർമ്മിത ഇടവും ഭിന്നശേഷിയും: സ്വാനുഭവ നിരീക്ഷണങ്ങൾ |
| 9. | താരാബായി അജിത്ത് കുമാർ | 104 | ഭിന്നശേഷിയുമായി ബന്ധപ്പെട്ട മലയാള ഭാഷാപദങ്ങളും പ്രയോഗങ്ങളും |
| 10. | വിജയകുമാർ എ. | 114 | ശരീരവും അധികാരവും: ഭിന്നശേഷീപദങ്ങളെ മുൻനിർത്തിയുള്ള ആലോചന |
| 11. | വാണി പ്രസാദ് | 122 | ഭിന്നശേഷിയുടെ അടയാളപ്പെടുത്തലുകൾ പഴഞ്ചൊല്ലുകളിൽ |
| 12. | രേഷ്മ എ | 130 | ഭിന്നശേഷി പദങ്ങളുടെ സാമൂഹിക നിർമ്മിതി |
| 13. | അഖിൽ തങ്കപ്പൻ | 140 | മഹാഭാരതത്തിലെ ഭിന്നശേഷികഥാപാത്രങ്ങൾ |

| | | | |
|---|---|---|---|
| 14. | ലിജു ടി. വർഗീസ് | 151 | ദൈവശാസ്ത്രത്തിലെ ഭിന്നശേഷിവിനിമയങ്ങൾ |
| 15. | ഡോ. ഹരിദാസ് കെ. | 172 | ഭിന്നശേഷിവ്യവഹാരങ്ങളുടെ രാഷ്ട്രീയവും സാഹിത്യ പ്രതിനിധാനങ്ങളും |
| 16. | ഡോ. ഭാരതി പി. കെ. | 194 | ഭിന്നശേഷിയും കരുതലിൽ അധിഷ്ഠിതമായ നൈതികതയും |
| 17. | നയൻതാരാ സിബി | 205 | ഭിന്നശേഷി പ്രതിനിധാനം പുതു കഥയിൽ: സ്വത്വാനന്തരപാരായണം |
| 18. | ഡോ.ജൂലിയ ഡേവിഡ് | 219 | ഭിന്നശേഷി: ആഖ്യാനം, പ്രതിനിധാനം മാധവിക്കുട്ടിയുടെ കഥകളിൽ |
| 19. | കൃഷ്ണദാസ് പി. | 226 | ഭിന്നശേഷിയുടെ രാഷ്ട്രീയം : മാർക്സിസ്റ്റ് സമീപനം |
| 20. | അനന്തലക്ഷ്മി എസ്. | 231 | സാമൂഹികമനോഭാവവും ഖസാക്കിലെ ക്ലാസ്മുറിയും |
| 21. | എൽദോസ് പി. ഐ. | 238 | ഭിന്നശേഷിയുടെ ആഖ്യാനം മലയാള ചെറുകഥയിൽ |
| 22. | ദീഷ്മ കൃഷ്ണൻ ബി. യു. | 245 | ഭിന്നശേഷി പ്രയോഗങ്ങൾ ഒ. ചന്തുമേനോന്റെ കൃതികളിൽ |
| 23. | സൂര്യ എസ്. | 251 | ഭിന്നശേഷിയുടെ ഹാസ്യാത്മകാവിഷ്കാരം ബഷീർ കൃതികളിൽ |
| 24. | അനിജ എൽ. ജെ. | 260 | *ഒറ്റയടിപ്പാതകൾ* -ആഖ്യാനവും വിശകലനവും |
| 25. | ശിവകാമി എസ്., സിദ്ധി അജയ്, ശില്പ എ. | 271 | ഭിന്നശേഷി കഥാപാത്രങ്ങൾ ബഷീറിന്റെ നോവലുകളിൽ |
| 26. | ജൂബിൻ മറ്റപ്പള്ളിൽ | 277 | ഭിന്നശേഷിയുടെ ദൃശ്യതലങ്ങൾ ചിത്ര ശില്പങ്ങളിൽ |

| | | | |
|---|---|---|---|
| 27. | മുഹമ്മദ് ഫവാസ് പി. | 289 | മലയാളസിനിമയിലെ മൂക കഥാപാത്രങ്ങൾ |
| 28. | ~~നജ മെഹ്ജമിൻ~~ | 300 | വ്യത്യസ്തതകളെ മലയാള സിനിമ അംഗീകരിക്കുന്നുണ്ടോ? |
| 29. | സജിത്ത് മുഹമ്മദ് | 306 | ആവിഷ്കാരങ്ങളിലെ ഭിന്നശേഷി : പ്രണയം ലൈംഗികത ആഖ്യാനം |
| 30. | ബീന ബി ചന്ദ്രൻ | 323 | വിക്ക്: വ്യക്തിയും സമൂഹവും -സുസുസുധി വാത്മീകത്തിൽ |
| 31. | നാൻസി മാർട്ടിൻ | 329 | *ഹാപ്പി ജേർണി* ഭിന്നശേഷിക്കാരുടെ ഉത്സവചിത്രം |
| 32. | സുജിത്ത് വി. പി. | 334 | മലയാളസിനിമയിലെ ഭിന്നശേഷി സങ്കൽപം: കാഴ്ചപരിമിതരായ കഥാപാത്രങ്ങളെ ആസ്പദമാക്കിയുള്ള പഠനം |
| 33. | സുലയ്യബാനു | 346 | ഭിന്നശേഷി സ്വത്വാവിഷ്കാരം- *പേരന്പ്* എന്ന സിനിമയിൽ |
| 34. | മുഹമ്മദ് മർഷൂഖ് | 354 | ഭിന്നശേഷി കഥാപാത്രങ്ങൾ മലയാളസിനിമയിൽ : ഹാസ്യനിർമ്മിതിയും അനുരഞ്ജനം ചെയ്യപ്പെട്ട പൊതുബോധസൃഷ്ടിയും |


കേരളസർവകലാശാലയ്ക്കുവേണ്ടി മലയാളവിഭാഗം അദ്ധ്യക്ഷ പ്രൊഫ. എസ്. ഷിഫ കേരള യൂണിവേഴ്സിറ്റി പ്രസ്സിൽ അച്ചടിച്ചു പ്രസിദ്ധപ്പെടുത്തുന്നത്. ഭാഷാസാഹിതിയിൽ പ്രസിദ്ധപ്പെടുത്തേണ്ട ലേഖനങ്ങൾ, കത്തുകൾ എന്നിവ വകുപ്പദ്ധ്യക്ഷ, മലയാളവിഭാഗം, കേരളസർവകലാശാല, കാര്യവട്ടം-695 581, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കുക.

# പത്രാധിപക്കുറിപ്പ്

1977-ൽ മലയാളവിഭാഗത്തിന്റെ ത്രൈമാസികാ പ്രസിദ്ധീകരണത്തിനായി ഡോ. കെ. രാമചന്ദ്രൻ നായർ എഡിറ്ററായി പ്രസിദ്ധീകരിച്ചു തുടങ്ങിയ ഭാഷാസാഹിതി ചില സാങ്കേതിക കാരണങ്ങളാൽ 2014-നുശേഷം പ്രസിദ്ധീകരിക്കാൻ കഴിഞ്ഞിരുന്നില്ല. ഭാഷാസാഹിതിയുടെ 101-104 (ജനുവരി-ഡിസംബർ, 2002) വാല്യമാണ് ഡോ. സി. ആർ. പ്രസാദ് എഡിറ്ററായി 2014-ൽ പ്രസിദ്ധീകരിച്ചത്. ഇന്ന്, അദ്ധ്യാപകരുടെയും ഗവേഷകരുടെയും അക്കാദമിക മികവുകൾ വിലയിരുത്തുന്നതിനുള്ള പ്രധാനഘടകം വിദഗ്ദ്ധ പരിശോധന നടത്തിയ ഗാവേഷണാനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കപ്പെടുന്ന ലേഖനങ്ങളാണല്ലോ. അത്തരത്തിലുള്ള ആനുകാലികങ്ങൾ മലയാളത്തിൽ താരതമ്യേന കുറവാണ്. ഈ സാഹചര്യത്തിൽ 'ഭാഷാസാഹിതി' പോലെയുള്ള ഒരു ഗവേഷണാനുകാലികത്തിന്റെ പ്രസക്തി ഏറെയാണ്. ''ഭാഷയുടെയും സാഹിത്യത്തിന്റെയു മണ്ഡലങ്ങളിൽ സർവകലാശാലയിലും പുറത്തും നടക്കുന്ന ഗവേഷണസംരംഭങ്ങളുടെ ഉപകരണവും പ്രകാശനോപാധിയുമായിരിക്കും ഭാഷാസാഹിതി'' എന്നു പ്രഖ്യാപിച്ചുകൊണ്ട് പൂർവ്വസൂരികൾ ആരംഭിച്ച ഭാഷാസാഹിതിയുടെ പ്രസിദ്ധീകരണം ഞങ്ങൾ തുടരാൻ തീരുമാനിച്ചതും അതുകൊണ്ടാണ്.

പലവിധത്തിലുള്ള സാങ്കേതികപ്രശ്നങ്ങൾ കാരണം ഇടയ്ക്ക് പ്രസിദ്ധീകരണം മുടങ്ങുമ്പോൾ പ്രസിദ്ധീകരിക്കുന്ന വർഷം കാണിച്ച്

പഴയ ലക്കങ്ങൾ  ഇറക്കേണ്ട അവസ്ഥയുണ്ടായിരുന്നു. അതുകൊണ്ട്, 2019 ജൂണിൽ ഞാൻ വകുപ്പദ്ധ്യക്ഷ ആയപ്പോൾ ആദ്യം ആലോചിച്ചത് ഭാഷാസാഹിതി സമകാലികമാക്കുന്നതിനുള്ള വഴിയാണ്. മറ്റൊരു തരത്തിൽപറഞ്ഞാൽ അത് എന്റെ ഒരു സ്വപ്ന പദ്ധതിതന്നെയായിരുന്നു. അതിന് സർവകലാശാലയുടെ അനുമതി കിട്ടിയാൽമതി എന്നറിഞ്ഞപ്പോൾ ഇക്കാര്യം എന്റെ സഹാദ്ധ്യാപകരുമായി ചർച്ചചെയ്തു. അവർ എല്ലാ പിന്തുണയും നൽകി ഒപ്പമുണ്ടാകും എന്നറിയിച്ചു. വിദഗ്ദ്ധ പരിശോധന നട ത്തിയ ആനുകാലികം (Peer reviewed Journal) എന്ന നിലയിൽ മാനദണ്ഡങ്ങൾക്കനുസരിച്ച് പ്രസിദ്ധീകരിച്ചാൽ മാത്രമേ യു.ജി.സി.യുടെ കെയർ പട്ടികയിൽ (CARE LIST) ഉൾപ്പെടുത്താൻ കഴിയൂ എന്നതിനാൽ ചില പൊതുമാനദണ്ഡങ്ങൾ ഞങ്ങൾ തയ്യാറാക്കി. അവ സ്വീകരിച്ചുകൊണ്ടു ഉന്നതനിലവാരം പുലർത്തുന്ന ഗവേഷണാനുകാലികം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ഭാഷാസാഹിതിയിൽ പ്രസിദ്ധീകരിക്കുന്ന പഠനലേഖനങ്ങളുടെ ഘടനാപരമായരീതികൾ പുതുക്കിനിശ്ചയിച്ചു. അത് എല്ലാവർക്കും അയച്ചുകൊടുത്തതനുസരിച്ച് കിട്ടിയ ലേഖനങ്ങളാണ് ഞങ്ങൾ തിരഞ്ഞെടുത്തത്. തുടർച്ചയായി ഇറക്കുന്ന മൂന്നു വാല്യങ്ങൾ സമർപ്പിച്ചാൽ മാത്രമേ കെയർ പട്ടികയിൽ ഇടംകിട്ടൂ എന്നതിനാൽ ഇവയുടെ പ്രസിദ്ധീകരണത്തിനു പിന്നാലെ മാത്രമേ ആ അംഗീകാരം ലഭ്യമാക്കാൻ കഴിയൂ.

2003 മുതൽ 2020 വരെയുള്ള 18 വർഷത്തെ 72 ലക്കങ്ങൾ 4 വാല്യങ്ങളായി പ്രസിദ്ധീകരിച്ചു ഭാഷാസാഹിതി സമകാലികമാക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും അത് അംഗീകരിച്ചു കിട്ടുന്നതിനും സാമ്പത്തികസഹായം ലഭ്യമാക്കിക്കൊണ്ടുള്ള ഉത്തരവ് ഇറങ്ങുന്നതിനും സാങ്കേതികമായി സമയം ആവശ്യമുണ്ടായിരുന്നു. അപ്പോഴേക്കും 2020 ആയി. പിന്നെ, ലേഖനങ്ങളുടെ ശേഖരണം ആരംഭിച്ചപ്പോൾ ലോകത്തെമുഴുവൻ നിശ്ചലമാക്കിക്കൊണ്ട് കോവിഡ് കടന്നുവന്നു. എങ്കിലും അവയൊക്കെ മറികടന്ന് ഇപ്പോൾ നാലുവാല്യങ്ങളും പ്രസിദ്ധീകരണത്തിനായി തയ്യാറായിക്കഴിഞ്ഞതിൽ മുഖ്യപത്രാധിപർ എന്ന നിലയിൽ എനിക്ക് ഏറെ സന്തോഷമുണ്ട്, അഭിമാനമുണ്ട്.

നാലു വാല്യങ്ങളിൽ ആദ്യത്തേതാണ് ഇത്. മലയാളവിഭാഗ ത്തിൽ ഡോ. ഷീബ എം. കുര്യൻ നടത്തിയ ഭിന്നശേഷി: സമൂഹം, ശരീരം, സംസ്കാരം എന്ന ശില്പശാലയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളിൽനിന്നു തിരഞ്ഞെടുത്തവയാണ് ഇതിൽ ഉൾക്കൊള്ളി ച്ചിട്ടുള്ളത്. 2019-ൽ നടന്ന ശില്പശാലയിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളായതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ വിദഗ്ദ്ധപരിശോധന നടത്തിയ ആനുകാലികത്തിന്റെപൊതുമാനദണ്ഡങ്ങൾ ഈ വാല്യ ത്തിൽ പാലിക്കാനായിട്ടില്ല. എന്നാൽ പുതിയ പഠനമേഖല എന്ന നില യിൽ ഈ പ്രബന്ധങ്ങൾ പ്രസിദ്ധീകരിക്കപ്പെടേണ്ടവയാണ് എന്ന ബോധ്യമാണ് ഇതിന്റെ പ്രേരണ. ഡോ. ഷീബ എം. കുര്യൻ തന്നെയാണ് ഈ വാല്യം എഡിറ്റുചെയ്തിരിക്കുന്നത്. സെമിനാറിൽ അവതരിപ്പി ക്കപ്പെട്ട പ്രബന്ധങ്ങളിൽ മാറ്റം വരുത്തുന്നതു ശരിയല്ല എന്ന ബോധ്യ ത്തോടെ എണ്ണത്തിൽ ഏറെയുണ്ടായിരുന്ന ലേഖനങ്ങളിൽനിന്നും ഏറ്റവും ഉചിതമായവ മാത്രം തിരഞ്ഞെടുക്കുകയും അവയുടെ പ്രൂഫു നോക്കുകയും ചെയ്ത് ഈ വാല്യം പൂർത്തിയാക്കിയ ഡോ. ഷീബ എം. കുര്യനോടുള്ള നന്ദി ഇവിടെ രേഖപ്പെടുത്തുന്നു.

2014-നു ശേഷം പ്രസിദ്ധീകരിക്കാനാവാതിരുന്ന ഭാഷാസാഹിതി നാലുവാല്യങ്ങളായി, സമകാലികമാക്കി പ്രസിദ്ധീകരിക്കുന്നതിനു അനുമതി നൽകിയ ആദരണീയരായ വൈസ് ചാൻസിലർ, പ്രോ-വൈസ് ചാൻസിലർ, മുൻ രജിസ്ട്രാർ, ഇതിനാവശ്യമായ ഉത്തരവുകൾ ഇറക്കുന്നതിന് ഉത്സാഹിച്ച എ.ഡി.മിസ്സലേനിയസിലെ മുൻ സെക്ഷൻ ഓഫീസർ ശ്രീ.പി. പ്രമോദ്, അസിസ്റ്റന്റ് ശ്രീ.ആർ.എസ്.ലാൽ, സർവ കലാശാലാ പ്രസ്സിൽ വേണ്ട സൗകര്യങ്ങൾ ചെയ്തുതന്ന സൂപ്രണ്ട് ശ്രീ.എസ്. രാജശേഖരൻ, സർവ്വകലാശാലാ പ്രസ്സിലെ പല വിധ ഡി.റ്റി.പി. തിരക്കുകൾക്കിടയിലും ഈ ലേഖനങ്ങളിൽ ഒട്ടുമുക്കാലും റ്റൈപ്പുചെയ്യുകയും ആവശ്യമായവിവരങ്ങൾ അപ്പപ്പോൾ എന്നെ വിളിച്ച് ഓർമ്മിപ്പിക്കുകയും തിരുത്തുകയും ചെയ്തുകൊണ്ട് ഭാഷാ സാഹിതി പ്രസിദ്ധീകരണയോഗ്യമാക്കിത്തീർത്ത ശ്രീ.എൽ. ജാക്സൺ,

ഇതിന്റെ കവർപേജ് ഡിസൈൻ ചെയ്തുതന്ന ഗോഡ്ഗ്രാഫിക്സിലെ ശ്രീ.ഗോഡ്ഫ്രേ, ശ്രീ.ആനന്ദ് പല സന്ദർഭങ്ങളിലും നേരിട്ട തടസ്സങ്ങൾ മറികടക്കാൻ കരുത്തായി കൂടെനിന്നവർ പ്രബന്ധ പരിശോധകർ തുടങ്ങിയവരോടൊക്കെയുള്ള നന്ദി മനസ്സിൽ സൂക്ഷിച്ചുകൊണ്ട് ഈ വാല്യം സന്തോഷത്തോടെ, അഭിമാനത്തോടെ വായനക്കാർക്കു സമർപ്പിക്കുന്നു.

പ്രൊഫ. (ഡോ.) എസ്.ഷിഫ
മുഖ്യപത്രാധിപർ, ഭാഷാസാഹിതി
മലയാളവിഭാഗം, കേരളസർവകലാശാല
ഫോൺ നമ്പർ : 0471 - 2308459

കാര്യവട്ടം
30-12-2020

# ആമുഖം

കേരളത്തിലെ ജനസംഖ്യയിൽ പത്തു ശതമാനത്തിലധികം വരുന്ന ഭിന്നശേഷിസമൂഹത്തെ അഭിസംബോധന ചെയ്യുന്ന പഠനങ്ങളാണ് ഈ ലക്കത്തിലുള്ളത്. സാംസ്കാരികമായ പരിഗണന ലഭിച്ചിട്ടില്ലാത്ത ഈ ജനവിഭാഗത്തിന്റെ പ്രതിനിധാനത്തെക്കുറിച്ച്, കേരളത്തിൽ ആദ്യ ത്തേതെന്ന് വിശേഷിപ്പിക്കാവുന്ന, ഭിന്നശേഷി: സമൂഹം, ശരീരം, സംസ്കാരം എന്ന ദേശീയശില്പശാല(കേരളസർവകലാശാല, മല യാള വിഭാഗം 2019 നവംബർ 20,21,22 തീയതികളിൽ സംഘടി പ്പിച്ചത്)യിൽ ചർച്ച ചെയ്ത ചില ലേഖനങ്ങളാണിവ. ഭിന്നശേഷിയെ സാംസ്കാരികമായി പരിഗണിച്ചുകൊണ്ട് സമൂഹം, സ്വത്വം, പ്രതിനി ധാനം തുടങ്ങിയ സങ്കല്പനങ്ങളിലൂടെ സാംസ്കാരികാടയാളങ്ങളെ വിമർശനവിധേയമാക്കുകയാണ് ചെയ്യുന്നത്. കേരളീയസമൂഹം, മല യാളഭാഷ, സാഹിത്യം, സിനിമ തുടങ്ങിയവയിൽ നിന്നെല്ലാം ഭിന്ന ശേഷിയുടെ വ്യക്തിസത്ത വേർതിരിക്കാനും അത് രൂപപ്പെടുത്തുന്ന സാമൂഹികവും സാംസ്കാരികവുമായ അധികാരരൂപങ്ങളെ തിരിച്ചറി യാനും ഈ പ്രബന്ധങ്ങൾക്ക് കഴിയുന്നു. കെട്ടിടനിർമ്മാണം ഉൾപ്പെ ടയുള്ള സാംസ്കാരികാടയാളങ്ങളെ ഭിന്നശേഷികാഴ്ചപ്പാടിൽ വിശ കലനം ചെയ്യുന്ന ഈ ലേഖനങ്ങൾക്ക് മലയാളത്തിൽ ഭിന്നശേഷിപഠ നങ്ങൾ (disability studies)ക്ക് നാന്ദികുറിക്കാനും കഴിയും. ലേഖകർ ക്കെല്ലാം മലയാളവിഭാഗത്തിന്റെ നന്ദി.

**ഡോ. ഷീബ എം. കുര്യൻ**

# ഭിന്നശേഷി: സമൂഹം, ശരീരം, സംസ്കാരം

**ഡോ. എം. കെ. ജയരാജ്**

**(ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വിഭാഗത്തിന്റെ പ്രശ്ന ങ്ങൾ പരിഹരിക്കാനായി സർക്കാർ നിയോഗിച്ച ഏകാംഗക്കമ്മീ ഷൻ, മുൻ പ്രിൻസിപ്പൽ, മുഹമ്മദ് കോയ മെമ്മോറിയൽ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ചലഞ്ചഡ്)**

ഭിന്നശേഷിമേഖലയിൽ പൊതുവെ, പുനരധിവാസം, വിദ്യാ ഭ്യാസം, തൊഴിൽ, അവകാശങ്ങൾ എന്നിവയെക്കുറിച്ചെല്ലാം വ്യാപ കമായ ബോധവൽക്കരണവും ചർച്ചകളും നടന്നുവരുന്നുണ്ട്. പക്ഷെ, സമൂഹം, ശരീരം, സംസ്കാരം എന്നീ വിഷയങ്ങൾ അത്രയൊന്നും ചർച്ച ചെയ്യുന്നതായി കണ്ടിട്ടില്ല. ഭിന്നശേഷിയെന്ന് പരാമർശിക്കു മ്പോൾ അത് ഒരു കുറവായാണ് സമൂഹം ഇന്നും മനസ്സിലാക്കുന്നത്. ഈ മേഖല അഭിമുഖീകരിക്കുന്ന വലിയ പ്രതിസന്ധികളിലൊന്ന് കൃത്യമായ അർത്ഥം ധ്വനിപ്പിക്കുന്ന ഭാഷ, അല്ലെങ്കിൽ വാക്കുകൾ, ലഭ്യമല്ല എന്നതാണ്. മറ്റൊരു പ്രശ്നം അവരുടെ അംഗബലത്തിനനു സരിച്ച് പ്രാധാന്യമുള്ള സെൻസിബിലിറ്റി സമൂഹത്തിൽ ലഭ്യമാകു ന്നില്ല എന്നതാണ്. അത് എന്തുകൊണ്ട്? എന്ന അന്വേഷണം നമ്മുടെ സാംസ്കാരിക ഇടപെടലുകളുടെ അനിവാര്യത ബോധ്യപ്പെടുത്തും. ഭിന്നശേഷി മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ശ്രദ്ധ പതിയാതെ പോയ മേഖലയാണിത്; അതായത്, സാംസ്കാരികമായ ഇടപെട ലിന്റെ ഒരു പ്രതലം.

ജനസംഖ്യയുടെ 15% വരുന്ന ഒരു വിഭാഗം ഭിന്നശേഷിയുള്ള വരാണെങ്കിലും ഈ ഒരു വിഭാഗത്തിന്റെ പ്രശ്നങ്ങൾക്ക് ജനാധിപത്യ സംസ്കൃതി അനുസരിച്ചുള്ള പ്രാതിനിധ്യം സമൂഹത്തിൽ ലഭിക്കാ ത്തതെന്തെന്ന് അന്വേഷിക്കേണ്ടതുണ്ട്. സബ്-ആൾട്ടേൺ, ജെൻഡർ വിഷയങ്ങളിൽ സമൂഹം കാണിക്കുന്ന ജാഗ്രത ഈയൊരു ജനവിഭാ ഗത്തിന് ലഭിക്കാതെ പോയി. ഇങ്ങനെയൊരു പ്രശ്നവുമായി ബന്ധ പ്പെട്ട സംവേദനം ലഭ്യമാവാതെ പോകുന്നുണ്ടെന്നത് വസ്തുതയാണ്. ഭിന്നശേഷിയുള്ളവരെന്ന നിലയിൽ അവർക്ക് അവരുടേതായ പ്രശ്നങ്ങൾ, ആവശ്യങ്ങൾ, അവകാശങ്ങൾ എന്നിവ ഉന്നയിക്കാനുള്ള പരിമിതികളാണ് ഇതിനുകാരണം. വ്യത്യസ്തമായ സവിശേഷത കളുള്ള ഒട്ടേറെ വിഭാഗങ്ങൾ ഉൾപ്പെടുന്നതാണ് ഭിന്നശേഷി വിഭാഗം. 1995-ൽ ഡിസബിലിറ്റി ആക്ട് നിലവിൽവന്ന സമയത്ത് ഏഴു വിഭാഗം ഭിന്നശേഷികളാണ് ഉൾപ്പെട്ടിരുന്നത്. 2016-ൽ RPWD (Right to Persons with Disabilities Act) വന്നപ്പോൾ അത് ഇരുപത്തിയൊന്നായി വർദ്ധിച്ചു. പെട്ടെന്നുണ്ടായ വർദ്ധനവല്ല ഇത്. നമ്മുടെ സാമൂഹിക അവബോധം, സാമൂഹ്യസംവേദനശേഷി എന്നിവ വ്യാപിക്കുന്നതിന്റെയും വർദ്ധി ക്കുന്നതിന്റെയും വികസിക്കുന്നതിന്റെയും അടിസ്ഥാനത്തിലാണിത്; ഇതൊരു ശുഭലക്ഷണമാണ്.

ശാരീരികമായ പ്രശ്നങ്ങൾക്കും പരിമിതികൾക്കും പരിഹാരം കാണുന്ന തരത്തിൽ ദാർശനികതലത്തിൽ മാത്രമാണ് ഭിന്നശേഷി മേഖല വികസിപ്പിച്ചത്. അതിനപ്പുറത്ത് മനുഷ്യവികാരത്തിന്റെ തലത്തി ലേക്ക് അതിന്റെ സാംസ്കാരിക അവബോധം വികസിപ്പിക്കേണ്ടതുണ്ട്. ഇതിനായി പ്രധാനമായും ജനാധിപത്യബോധത്തിന്റെ വെളിച്ചം, നിഴ ലിൽ കിടക്കുന്ന ഈ മേഖലയിൽ വ്യാപിപ്പിക്കാൻ കഴിയണം. ഈ വിഷയത്തോടുള്ള സമീപനത്തിൽ ഇന്ന് കൃത്യമായ വ്യതിയാനമുണ്ട്. പഴയകാല സാഹിത്യത്തിലൊക്കെ ഇവരെ പരാമർശിക്കുന്നതിനുള്ള വാക്കുകൾ പരുക്കൻഭാഷയിലുള്ളതായിരുന്നു. ഇന്ന് നമ്മൾ ഉപയോ ഗിക്കുന്ന വാക്കുകൾ, കേൾവിക്കാരന് ആശ്വാസമുണ്ടാകുന്ന തരത്തിൽ സുഖകരമായ വാക്കുകളാണ്. ഭിന്നശേഷിയെന്ന വാക്കു വന്നത് ഒട്ടേറെ പരിണാമപ്രക്രിയയ്ക്ക് വിധേയമായിക്കൊണ്ടാണ്.

പത്തോ ഇരുപത്തിയഞ്ചോ വർഷങ്ങൾക്കു മുൻപുണ്ടായിരുന്ന സിനിമകളിൽ ഹാസ്യകഥാപാത്രങ്ങളിലധികവും ശാരീരികമായോ മാനസികമായോ ഭിന്നശേഷി അനുഭവിക്കുന്നവരാണ്. അത്തരത്തിൽ ക്രൂരമായ ഒരു സമീപനമായിരുന്നു അന്ന് ഉണ്ടായിരുന്നത്. എന്നാൽ അത്തരത്തിൽ ഒരു കഥാപാത്രത്തെ ഇന്ന് സിനിമയിൽ അവതരിപ്പിക്കുകയാണെങ്കിൽ അത് ഏറെ വിമർശിക്കപ്പെടും എന്നത് തീർച്ച. വർഷങ്ങൾക്കിടയിൽ സംഭവിച്ചതെന്തെന്നാൽ ശാസ്ത്ര-സാങ്കേതിക വികാസം വന്നു; മാനവികകാഴ്ചപ്പാടുകളിൽ കുറെയേറെ വിശാലത വന്നു; നിസ്സഹായതകൾ അനുഭവിക്കുന്ന സമൂഹങ്ങളെ ഹൃദയത്തോട് ചേർത്തുവയ്ക്കണം എന്ന താല്പര്യം വികസിച്ചുവരികയും ചെയ്തു. അവകാശങ്ങൾ അനുവദിച്ചു കൊടുക്കാനുള്ള ഉദാരമനസ്കത രൂപപ്പെട്ടു. പഴയതൊക്കെ മെച്ചപ്പെട്ടതാണെന്നും പുതിയതൊക്കെ മോശമാണെന്നും മറ്റെല്ലാകാര്യങ്ങളെക്കുറിച്ചും വിലയിരുത്തുമ്പോഴും, ഈ പുതിയ കാലഘട്ടം ഇത്തരം മേഖലകളിൽ നൽകിയ സംഭാവനകൾ വിലപ്പെട്ടതാണ്.

നമ്മുടെ ജനാധിപത്യബോധത്തെ ശാക്തീകരിച്ച്, പാർശ്വവൽക്കരിക്കപ്പെട്ട ജനങ്ങളെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് എത്തിക്കാനുള്ള സാധ്യത ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. അതിന്റെ ഫലമായി ഈ മേഖലയിൽ ഇതുവരെ ശ്രദ്ധ പതിയാത്ത പല പ്രശ്നങ്ങളും ശ്രദ്ധിക്കപ്പെട്ടു. കുറച്ചുകാലം കഴിയുമ്പോൾ ഇനിയും മാറ്റംവരും. പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ സാമൂഹികബോധത്തിന്റെ സ്പർശമേറ്റ് ഇനിയും പൊതുമണ്ഡലത്തിലേക്ക് വളർന്നുവരും. ഈ ജനാധിപത്യ പ്രക്രിയയെ വികസിപ്പിക്കുന്നതിന് സാംസ്കാരിക മണ്ഡലത്തിന് വലിയ പ്രാധാന്യമുണ്ട്. ആരോഗ്യമേഖലയിലുള്ള പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നതിനും സാംസ്കാരിക ഇടപെടലുകൾ അനിവാര്യമാണ്.

ദൃശ്യവും അദൃശ്യവുമായ ഭിന്നശേഷി വിഭാഗങ്ങളുണ്ട്. പണ്ടൊക്കെ, ഭിന്നശേഷി വിഭാഗക്കാരെന്നു പറയുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്ന ചില വിഭാഗങ്ങളിൽ ഭൂരിഭാഗത്തിനും ദൃശ്യമായ ഭിന്നശേഷി

ഉണ്ടായിരുന്നു. അത്തരം ആളുകൾക്ക് സമൂഹത്തിൽ ലഭിച്ച പരിഗണന പരിശോധിക്കുകയാണെങ്കിൽ, ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം വളരെ മുന്നിലാണ്; അപ്പോഴും ആ പരിഗണന പൂർണ്ണമല്ല. നമ്മുടെ പരിഗണനയിൽ ഇനിയും മാറ്റങ്ങൾ വരേണ്ടതുണ്ട്. ഉദാഹരണം: അന്ധനായ ഒരു വ്യക്തിയെ സംബന്ധിച്ച് അവർക്കാവശ്യമായിട്ടുള്ള വിദ്യാഭ്യാസ സംവിധാനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, അതിനാവശ്യമായിട്ടുള്ള പശ്ചാത്തല സൗകര്യങ്ങൾ, തൊഴിൽ-സാമൂഹിക സുരക്ഷിതത്വം എന്നിവയിൽ കേരളം ഒന്നാമതാണ്. അതുപോലെ, ശാരീരികമായ പരിമിതികൾ അനുഭവിക്കുന്ന മറ്റു ഭിന്നശേഷിക്കാർക്കും മികച്ച പരിഗണന നമ്മുടെ സാമൂഹ്യമണ്ഡലത്തിൽ ലഭ്യമാക്കുന്നു. എന്നാൽ കേൾവിയുമായി ബന്ധപ്പെട്ട് പരിമിതികൾ അനുഭവിക്കുന്നവർക്ക് ലഭിക്കുന്ന പരിഗണന താരതമ്യേന കുറവാണ്. അതിനു കാരണം അവർ ദൃശ്യരല്ല എന്നുള്ളതാണ്. കേൾവി ഇല്ലാത്ത ഒരാളെ കണ്ടാൽ തിരിച്ചറിയില്ല എന്നതുകൊണ്ട് അവർ അദൃശ്യരായിപ്പോകുന്നു. എന്നാലും അവർക്ക് പരിഗണന കൊടുക്കാൻ ഒരുപരിധിവരെ നമ്മുടെ സമൂഹത്തിനു കഴിഞ്ഞിട്ടുണ്ട്.

ഒട്ടും ദൃശ്യരല്ലാത്ത, മസ്തിഷ്ക്ക സംബന്ധമായ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നവരാണ് ഒരു പരിഗണനയും ലഭിക്കാതെപോയ വിഭാഗം. അവകാശങ്ങളും പ്രശ്നങ്ങളും സമൂഹത്തിന്റെ ശ്രദ്ധയിൽ പെടുത്താനുള്ള സ്വാഭാവികശേഷി അവർക്കില്ലാത്തതാണ് ഇതിനു കാരണം. സ്വന്തം ആവശ്യങ്ങളിൽ സമ്മർദ്ദം ചെലുത്തി നമ്മുടെ രാഷ്ട്രീയ മണ്ഡലങ്ങളിൽ ചർച്ചക്ക് വിധേയമാക്കാനുള്ള ശേഷിയില്ല, മറ്റേതു വിഭാഗങ്ങൾക്കുമുള്ളതുപോലെ സംഘടിക്കാനുള്ള കഴിവുമില്ല. ഇപ്പോൾ ഭേദപ്പെട്ടിട്ടുണ്ടെങ്കിലും ഈ അടുത്തകാലം വരെയും ഈ ജനവിഭാഗം ഒട്ടും പരിഗണിക്കപ്പെട്ടിരുന്നില്ല.

ജനസംഖ്യയിൽ ചെറുതല്ലാത്തൊരു ശതമാനം അദൃശ്യഭിന്നശേഷിയുള്ളവരാണ്. ദൈന്യതയാണ് മാനദണ്ഡമെങ്കിൽ, സംവരണത്തിൽ ആദ്യം പരിഗണന ലഭിക്കേണ്ടത് അവർക്കാണ്. കേരളം പോലെ സമരോന്മുഖമായ ചരിത്രവും പാരമ്പര്യവുമുള്ള- നവോത്ഥാനത്തിന്റെ

ഊർജ്ജം പ്രസരിക്കുന്നൊരു സമൂഹത്തിൽ, പ്രാഥമിക പരിഗണനയ്ക്ക് അർഹത ഉണ്ടായിട്ടുപോലും അവഗണിക്കപ്പെട്ടത് അവർ അദൃശ്യരായതുകൊണ്ടാണ്. ഈ അദൃശ്യത മാറ്റി ദൃശ്യത പകരുന്നതിന് സാംസ്കാരികമായ ഇടപെടൽ വളരെ പ്രധാനമാണെന്ന് ഒട്ടേറെ അനുഭവങ്ങളിലൂടെ തെളിഞ്ഞതാണ്. സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ ഇത്തരം വിഭാഗങ്ങൾക്ക് ലഭിക്കുന്ന പരിഗണനന വളരെ വലുതാണ്. തൊണ്ണൂറുകളിലുണ്ടായ സാംസ്കാരിക ഇടപെടലുകളിലൂടെയുള്ള മാറ്റം ഇതിൽ വളരെ പ്രധാനമാണ്.

1994-ൽ നോബൽ സമ്മാനം ലഭിച്ച ജാപ്പനീസ് നോവലിസ്റ്റാണ് കേൻസബറോഒയ് (Kenzaburo Oe). *ദി ഹീലിംഗ് ഫാമിലി* എന്ന അദ്ദേഹത്തിന്റെ നോവലും അതിലെ ഹികാരി എന്ന കഥാപാത്രവും ലോകശ്രദ്ധ പിടിച്ചുപറ്റി. ഒരു ഭിന്നശേഷി കുട്ടി അനുഭവിക്കുന്ന വേദനയും പ്രയാസവുമാണ് നോവലിന്റെ പ്രധാന പ്രമേയം. ലോകം മുഴുവനും ഓട്ടിസത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അത് കാരണമായി. ഒട്ടേറെ മുൻവിധി ഉണ്ടായിരുന്ന ഓട്ടിസം എന്ന അവസ്ഥയുമായി ബന്ധപ്പെട്ട് പുതിയ പ്രത്യാശകളും പ്രതീക്ഷകളും പകർന്നുനൽകാൻ ഈ നോവലിനു സാധിച്ചു. ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട പ്രശ്നങ്ങളിൽ കൂടുതൽ ക്രിയാത്മകമായി പ്രതികരിക്കുവാൻ ഇത് വലിയ തലത്തിലുള്ള രാസത്വരകമായി. സാഹിത്യപരമായിട്ടുള്ള ഒരു ഇടപെടൽ ഈ മേഖലയെ എത്രമാത്രം പ്രകാശമാനമാക്കുമെന്നതിന് ഉദാഹരണമാണിത്.

*റെയിൻമാൻ* എന്ന സിനിമയ്ക്ക് ഓസ്കാർ ലഭിച്ചതോടെ അത്തരത്തിലുള്ള ഒരുപാട് സിനിമകൾ പിന്നീട് വന്നു. പലതും വാണിജ്യ വിജയം നേടുന്നില്ലെങ്കിൽപോലും അവ ശ്രദ്ധിക്കപ്പെടുന്നു എന്നത് പ്രധാനമാണ്. ഇന്ത്യയിലും കേരളത്തിലുമൊക്കെ അത്തരത്തിലുള്ള സിനിമകളുണ്ടായി. *ബ്ലാക്ക്, പാ, താരേ സമീൻപർ* തുടങ്ങിയ സിനിമകൾ ഏറെ ചർച്ച ചെയ്യപ്പെട്ടിരുന്നു. അത്തരത്തിലുള്ള സൃഷ്ടികൾ സമൂഹത്തിൽ ചെലുത്തുന്ന വലിയ സ്വാധീനം അവഗണിക്കാൻ പാടില്ല; ജനാധിപത്യത്തെ കൂടുതൽ വിപുലമാക്കാൻ ഇത് സഹായിക്കും.

മാനവികതയുടെ മഹത്തായ സന്ദേശം ഉൾക്കൊണ്ടുകൊണ്ട് മനുഷ്യത്വത്തിന്റെ ഏറ്റവും വലിയ അവകാശങ്ങൾ ഏതൊരു വ്യക്തിക്കും അനുവദിച്ചു കൊടുക്കാൻ കഴിയണം. ഭിന്നശേഷിയെക്കുറിച്ച് സമൂഹത്തിലുള്ള പൊതുബോധം ഇതിനു വലിയ തടസ്സമാണ്. എല്ലാ ഭിന്നശേഷി പ്രശ്നങ്ങളും ഈ തടസ്സം നേരിടുന്നു; അത് പരിഹരിക്കാതെ മുന്നോട്ട് പോകാൻ കഴിയില്ല. അതിനോടുള്ള സാമൂഹ്യമായ, സർഗ്ഗാത്മകമായ നല്ല പ്രതികരണം സമരം തന്നെയാണ്. അത്തരത്തിലൊരു സംവിധാനം മുന്നോട്ട് കൊണ്ടുപോകുന്ന കാര്യത്തിൽ ഇന്ത്യയിൽ വലിയ പരിമിതികളുണ്ട്. സന്നദ്ധസംഘടനാപ്രവർത്തനത്തിന് സ്വാഭാവികമായുള്ള രാഷ്ട്രീയം ഈ മേഖലയിലെ പ്രവർത്തനത്തിന് ഒരു തടസ്സമാണ്. ഇത് സന്നദ്ധസംഘടനയുടെ മേഖല മാത്രമായി പരിമിതപ്പെട്ടുപോകാതെ ആരോഗ്യം, വിദ്യാഭ്യാസം എന്നിവപോലെ പൊതുമണ്ഡലമായി വികസിക്കേണ്ടതുണ്ട്. ഈ മേഖലയിൽ നിലനിൽക്കുന്ന ഒട്ടേറെ പരിമിതികളെ പരിഹരിച്ചുകൊണ്ട് പ്രവർത്തനങ്ങളെ ഇനിയും മുന്നോട്ട് കൊണ്ടുപോകണം.

മനുഷ്യമനസ്സ് സ്ഥൂലമായ കാര്യങ്ങളിലേക്കാണ് ശ്രദ്ധ കേന്ദ്രീകരിക്കുക; സൂക്ഷ്മതലങ്ങളിലേക്ക് പോവുക ബുദ്ധിമുട്ടാണ്. ഭിന്നശേഷിക്കാരുടെ വൈകാരികമായ പ്രശ്നങ്ങൾ അന്വേഷിക്കുന്നതിലൂടെയാണ് സൂക്ഷ്മതലത്തിലേക്ക് പോകാൻ കഴിയുക. ഓട്ടിസം എന്നത് ഒരു തരത്തിലും ഏകമുഖമായ പരിഹാരപ്രക്രിയയിലൂടെ പരിഹരിക്കാവുന്ന പ്രശ്നമല്ല. അതിസൂക്ഷ്മമായ വ്യതിയാനങ്ങൾ ഓട്ടിസമുള്ളവരുടെ ജീവിതത്തിലും വ്യക്തിത്വത്തിലുമുണ്ട്. സാംസ്കാരികമായ ഇടപെടലുകളിലൂടെയാണ് ഇത്തരം സൂക്ഷ്മതലത്തിലേക്ക് പ്രവേശിക്കാൻ കഴിയുക. പ്രകാശത്തിന്റെ കണ്ണഞ്ചിപ്പിക്കുന്ന പ്രകാശത്തിനിടയിൽ ഇരുട്ട് നിറയാറുണ്ട്. അതുപോലെ, പൊതുബോധത്തിന്റെ പ്രകാശധാരയിലും ഇരുൾ നിറഞ്ഞ മേഖലകളുണ്ട്. ഈ ഇരുട്ടു കാരണം പാർശ്വവൽക്കരിക്കപ്പെടുന്ന ജനവിഭാഗത്തെ കാണാൻ കഴിയണമെന്നില്ല. അവിടെയാണ് സാഹിത്യാന്വേഷണങ്ങളുടെ പ്രസക്തി. ജീവിതത്തിന്റെ പ്രവാഹത്തിനിടയിൽ ഈ പൊതുബോധത്തെയും മുൻവിധിയെയും മുറിച്ച് കടക്കാൻ കഴിയുമ്പോഴാണ് പാർശ്വവൽക്ക

രിക്കപ്പെട്ട ജനവിഭാഗത്തെ ജനാധിപത്യബോധത്തോടുകൂടി ഒപ്പം ചേർക്കാൻ സാധിക്കുക.

ഇനിയും എത്ര ജനവിഭാഗത്തെ പരിഗണിക്കേണ്ടതായുണ്ടെന്ന് നമുക്ക് അറിയില്ല. ഭിന്നശേഷിവിഭാഗവുമായി ബന്ധപ്പെട്ട് ചർച്ചകൾ ഉണ്ടാകുന്നത് ആശ്വാസകരമാണ്. ഭിന്നശേഷിവിഭാഗങ്ങളുടെ ലൈം ഗികത സംബന്ധിച്ച വിഷയങ്ങൾ, ജെൻഡർ വിഷയങ്ങൾ എന്നിവ വളരെ പ്രധാനമാണ്. കേരളത്തിൽ ഭിന്നശേഷി അനുഭവിക്കുന്ന സ്ത്രീകളുടെ എണ്ണം പരിമിതമാണ്. ജനിറ്റിക്ക് ഡിസോർഡർ കണ്ടു വരുന്നത് പുരുഷന്മാരിലാണ് എന്നതാണ് പുരുഷന്മാരുടെ എണ്ണത്തി ലുള്ള വർദ്ധനവിന് ഒരു കാരണം. ഭിന്നശേഷിയുള്ള സ്ത്രീകൾ അദൃശ്യരാണ് എന്നതും കണക്കിൽ വ്യത്യാസം വരാൻ കാരണമായി ട്ടുണ്ടാകാം. ഒട്ടേറെ പ്രശ്നങ്ങൾ അവർക്ക് അഭിമുഖീകരിക്കാൻ കഴിയുന്നില്ല. വിവാഹം, ലൈംഗികത പോലുള്ള പ്രശ്നങ്ങൾ ചർച്ച ചെയ്യാൻപോലും സമൂഹം സന്നദ്ധമായിട്ടില്ല. ഇത്തരത്തിലുള്ള കുടുംബം, വിവാഹം, വൈകാരികമായ സംതൃപ്തി എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കപ്പെടാതെ പോകുന്നത് നമ്മുടെ സമൂഹം പ്രാകൃതമായതുകൊണ്ടാണ്. അത്തരമൊരു സമൂഹത്തിൽ, ഇങ്ങനെയുള്ള ചർച്ചകൾ ഉണ്ടാകുന്നത് സാംസ്കാരിക അവബോധം മൂലമാണ്.

നാം ഉപയോഗിക്കുന്ന പഴഞ്ചൊല്ലുകളിൽ പ്രധാനപ്രതികൾ ഭിന്നശേഷിക്കാരോ കീഴാളവർഗ്ഗത്തിൽപ്പെട്ടവരോ സ്ത്രീകളോ ആണ്. മലയാളത്തിലെ ഒരു പ്രശസ്ത സാഹിത്യകാരൻ ചാനൽ ചർച്ചയിൽ പറഞ്ഞത് അസ്വതന്ത്രമായ ലൈംഗികബന്ധമാണ് ഓട്ടിസം ബാധിച്ച കുട്ടികൾ ജനിക്കുന്നതിനു കാരണം എന്നാണ്. ഇത്തരം വാദങ്ങൾ ഒരിക്കലും ഉൾക്കൊള്ളാനാകില്ല. നിയമസഭയിലെ പ്രസംഗ ങ്ങളിൽപ്പോലും ഇത്തരത്തിലുള്ള ഭാഷപ്രയോഗങ്ങൾ ഉണ്ടാകാറുണ്ട്. പൊതുബോധത്തിനെതിരെയുള്ള പിന്മടക്കമില്ലാത്ത സമരംതന്നെ യാണ് ഏറ്റവും നല്ല ഭിന്നശേഷി പ്രവർത്തനം. അതൊരു സേവനമല്ല മറിച്ച് മനുഷ്യാവകാശമാണ്; ആ അവകാശം സംരക്ഷിക്കപ്പെടേണ്ട

ഭരണഘടനാപരമായ ദൗത്യം നിർവഹിക്കേണ്ടത് പൗരന്റെ ഉത്തര വാദിത്തവും.

ഭിന്നശേഷിയുള്ള ആറ് കുട്ടികളുള്ള ഒരു കുടുംബത്തെ പരിച യപ്പെടുകയുണ്ടായി. വ്യത്യസ്ത സ്വഭാവം പ്രകടിപ്പിക്കുന്ന കുട്ടികൾ. ഈ കുട്ടികളെയും മാനസികസംഘർഷം അനുഭവിക്കുന്ന അവരുടെ അമ്മയെയും അച്ഛനാണ് മുന്നോട്ട് നയിക്കുന്നത്. തീർത്തും നിസ്സഹായ അവസ്ഥയിലുള്ള ആ കുടുംബത്തിലേക്ക് സമൂഹമനസാക്ഷിയുടെ കണ്ണ് എത്തിയിട്ടില്ല. ആ കുട്ടികളുടെ ഭാവിജീവിതത്തെക്കുറിച്ച് ചിന്തി ക്കുന്നത് ഏതൊരു മനുഷ്യനെയും ഭ്രാന്ത് പിടിപ്പിക്കും. വലിയ അവ കാശവാദങ്ങൾ ഉന്നയിക്കുമ്പോഴും ഇത്തരത്തിലുള്ള കാഴ്ചകൾ നമ്മൾ കാണുന്നില്ല എന്നത് വസ്തുതയാണ്. അത് ഭാഷയിലൂടെയും സാഹിത്യത്തിലൂടെയും പുറംലോകത്തിലേക്ക് എത്തിക്കേണ്ടതുണ്ട്.
(പ്രഭാഷണം പകർത്തിയത് - നജ മെഹ്ജമിൻ)

# ഭിന്നശേഷി:
# മനസ്സും ശരീരവും ഭാഷയും

**ഡോ. യു. നന്ദകുമാർ**

**(മുൻ പ്രൊഫസർ, മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ സെന്റർ, അണ്ണാമലൈ സർവകലാശാല)**

മനുഷ്യരുടെ ശരീരഘടന, പ്രവർത്തനം, ചിന്ത, എന്നിവയുമായി ചേർന്ന് കാണുന്ന ചില ശരി മാനദണ്ഡങ്ങൾ നമ്മുടെ സമൂഹമനസ്സിൽ ഉണ്ടായിരുന്നു എന്നുവേണം കരുതാൻ. മാനദണ്ഡങ്ങളിൽ നിന്നുള്ള വ്യതിയാനങ്ങളെ കണ്ടെത്തി അവയ്ക്കു പേരുനൽകി വിളിക്കുന്നതായിരുന്നു ഇത്രകാലവും നമ്മുടെ ശീലം. മലയാളത്തിലെ ആദ്യകാല നോവലിൽ തന്നെ ഭ്രാന്തൻ ചാന്നാനും ഇടം പിടിച്ചിരുന്നല്ലോ. സമൂഹത്തിൽ കാണുന്ന വൈജാത്യങ്ങൾ വ്യക്തികളെ മാത്രം ബാധിക്കുന്നതായി കണ്ടിരുന്നതിനാൽ അവയുടെ പൊതുസ്വഭാവം ശ്രദ്ധിക്കാനോ ഭാഷയുടെയും സംസ്കാരത്തിന്റെയും തലത്തിൽ ആശയരൂപീകരണത്തിന് മുതിരാനോ നമുക്കായില്ല. ശരീരത്തിൻറെ ഘടന, പ്രവർത്തനം എന്നിവയും ചിന്ത, ബുദ്ധി എന്നിവയും ശരിബോധ്യങ്ങളിൽ നിന്ന് മാറുമ്പോൾ അവയെ ഏതെങ്കിലും പോരായ്മപ്പട്ടികയിൽപ്പെടുത്താനാണ് സമൂഹം എക്കാലവും ഉദ്യമിച്ചിരുന്നത്. നമ്മുടെ നട്ടുവഴക്കങ്ങളായ ഇരട്ടപ്പേരുകൾ ശ്രദ്ധിച്ചാൽ അത് വ്യക്തമാകും. മിക്കപ്പോഴും ഇരട്ടപ്പേരുകൾ നിന്ദാസൂചകങ്ങൾ കൂടിയാണല്ലോ!

'ഡിസബിലിറ്റി' എന്ന പദം വഹിക്കുന്ന ആശയലോകം കേരളത്തിലെ ഭാഷയ്ക്കും സംസ്കാരത്തിനും ഇനിയും പൂർണ്ണമായി ഉൾക്കൊള്ളാനായിട്ടില്ലെന്ന് കാണാൻ പ്രയാസമില്ല. സംസ്കാരം, ഭാഷ, മാനവികത എന്നിവയ്ക്കുള്ളിൽ നിന്നുകൊണ്ട് ഡിസബിലിറ്റിയെ മനസ്സിലാക്കുകയും ചർച്ചചെയ്യുകയും വേണമെന്നത് കേരളം ഗൗരമായെടുത്തിട്ട് ഏതാനും വർഷങ്ങളെ ആയിട്ടുള്ളൂ.

ഇംഗ്ലീഷിൽ ഉപയോഗിച്ചുവരുന്ന മൂന്നു പദങ്ങൾക്ക്- ability, inability, disability- കൃത്യമായ മലയാളപരിഭാഷ സാധ്യമല്ല. ഏതാണ്ട് പതിനേഴാം നൂറ്റാണ്ടുവരെ inability, disability എന്നീ രണ്ട് പദങ്ങളും ഒരേ അർത്ഥത്തിൽ പ്രയോഗിച്ചുവന്നു. ക്രമേണ disability ശാരീരികമായ എന്തെങ്കിലും പോരായ്മയെ സൂചിപ്പിക്കുന്ന വാക്കായി മാറുകയാണ് ഉണ്ടായത്. മലയാളത്തിലാണെങ്കിൽ 1990-കൾ വരെ ഡിസബിലിറ്റി എന്നാൽ വികലാംഗതയായിരുന്നു. വികലംഗ പെൻഷൻ, വികലാംഗ സർട്ടിഫിക്കറ്റ്, വികലാംഗക്ഷേമ കോർപ്പറേഷൻ തുടങ്ങി നിരവധി സങ്കല്പങ്ങൾ അക്കാലത്തുണ്ടായതാണ്. മലയാളത്തിലെ ആദ്യത്തെ സമഗ്രമായ പുസ്തകമാണ് 'വികലാംഗർ'. ഇരുപതാം നൂറ്റാണ്ടിന്റെ അന്തിമദശകം വരെ 'വികലാംഗത' എന്ന സങ്കല്പത്തിനു ചുറ്റുമാണ് കേരളത്തിൽ ആശയങ്ങൾ രൂപീകരിച്ചിരുന്നത്. അപ്പോഴേക്കും അന്താരാഷ്ട്ര നിലപാട് മാറിക്കഴിഞ്ഞിരുന്നു. ഐക്യരാഷ്ട്രസംഘടനയുടെ ഡിസബിലിറ്റി നയരേഖകൾ സൂക്ഷ്മപരിശോധനാഘട്ടം കഴിഞ്ഞു. എബിലിറ്റിയിൽ നിന്നും ഡിസബിലിറ്റിയെ വേർതിരിച്ചു നിഷ്പക്ഷമായ മാനത്തിൽ കാണാനാകുക എന്നത് മനുഷ്യാവകാശത്തിന്റെയും സ്വയം നിർണയാവകാശത്തിന്റെയും അടിസ്ഥാനത്തിൽ ലോകമനസ്സിന്റെ സാമൂഹികനിർമ്മിതിയുടെ ഭാഗമാക്കുക എന്നതിലേക്ക് നീങ്ങി.

വിദേശത്ത് ഡിസബിലിറ്റിയുള്ള വ്യക്തികളെ persons with disability (PWD) എന്ന് മാത്രം പറയുമ്പോൾ കേരളത്തിൽ അംഗപരിമിതി, ഭിന്നശേഷി എന്ന പദങ്ങൾ ഉപയോഗിക്കുന്നു. കഴിഞ്ഞ ഏതാനും വർഷങ്ങളായി 'ഭിന്നശേഷി' എന്ന പദമാണ് കൂടുതൽ അഭികാമ്യമെന്ന

വിദഗ്ധാഭിപ്രായം ശക്തമായി. ഈ പദവും എത്രകണ്ട് അർത്ഥ പൂർണ്ണവും നിഷ്പക്ഷവുമാണെന്ന് പറയാനാവില്ലെന്നു മാത്രമല്ല, ഡിസബിലിറ്റി സമൂഹവും അവരുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന വരും പൂർണ്ണമായി അംഗീകരിക്കുന്നുമില്ല. ഭിന്നശേഷി എന്ന പദത്തിന്, 'differently abled' എന്ന പ്രയോഗവുമായി സാമ്യമുണ്ട്. പണ്ട്, അമേരി ക്കയിൽ സ്പോർട്സ് രംഗത്ത് ഭിന്നശേഷിയുള്ളവർ വന്നു തുടങ്ങിയ പ്പോൾ കണ്ടെത്തിയ പ്രയോഗമാണത്. എന്നാൽ വ്യക്തികൾ പര സ്പരം വ്യത്യസ്തരായിരിക്കും എന്നതിനാൽ ഇങ്ങനൊരു പ്രയോഗം തന്നെ പര്യായോക്തപരമല്ലേ? (euphemism) എന്നചോദ്യം ശക്തമായി. വ്യക്തികളെ അവരുടെ കഴിവിന്റെയോ സ്വഭാവത്തിന്റെയോ അടി സ്ഥാനത്തിൽ വർഗീകരിക്കേണ്ടതുണ്ടോ എന്നത് കാലികപ്രസക്തമായ ചോദ്യമാണ്.

ഭ്രാന്തൻ ചാന്നാൻ എന്ന പ്രയോഗം വീണ്ടും പരിശോധനാ വിധേയമാക്കാം. വ്യക്തികളിൽ കാണുന്ന വ്യതിയാനങ്ങൾ പേരിന് ആസ്പദമാകുന്ന കാലമുണ്ടായിരുന്നു. അങ്ങനെ, ചിത്തഭ്രമരോഗം ഉള്ളയാൾ ഭ്രാന്തൻ എന്നപേരിൽ അറിയപ്പെട്ടു. ജാതി, സാമൂഹിക ക്രയവിക്രയങ്ങളുടെ ആധാരമായിരുന്ന കാലത്ത് ചാന്നാൻ എന്ന പദവും അംഗീകരിക്കപ്പെടുമായിരുന്നു. ഇപ്പോൾ എഴുതുന്നവർ അയാ ളുടെ പേര് മാത്രമാണ് ഉപയോഗിക്കേണ്ടത്. അത്യാവശ്യമുള്ള മറ്റു കാര്യങ്ങൾ പ്രസംഗവശാൽ ചേർത്തെന്നുവരാം, അത്രമാത്രം. ഇതേ എഴുത്തുനിയമങ്ങൾ നമ്മുടെ ഏത് ഇടപെടലുകളിലും കാണാം.

സർക്കാർ, അനുബന്ധ സംഘടനകൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങി പലർക്കും കൂടുതൽ സ്വീകാര്യമായത് ഭിന്നശേഷിയെന്ന പദമായതിനാൽ പലേടത്തും അതായിരിക്കും ഉപയോഗിക്കുക. ഭിന്ന ശേഷിയും ആരോഗ്യവും തമ്മിൽ നൂറ്റാണ്ടുകൾനീളുന്ന ബന്ധമുണ്ട്. യൂറോപ്പിലും അമേരിക്കയിലും പത്തൊമ്പതാം നൂറ്റാണ്ടു മുതൽ തുടങ്ങിയ ശാസ്ത്രമുന്നേറ്റങ്ങൾ രോഗപ്രതിരോധം, ചികിത്സ എന്നി വയിൽ സമൂലമായ പരിവർത്തനങ്ങളുണ്ടാക്കി. രോഗാണുക്കളെ കണ്ടെ ത്തുകയും പല രോഗങ്ങളും തടയാനോ ചികിത്സിക്കാനോ സാധ്യമാ

യതും ഭിന്നശേഷി നിയന്ത്രണത്തിനെ ഒട്ടൊക്കെ സഹായിച്ചുവെന്ന് കരുതാം.

ഒന്നാംലോകയുദ്ധം ഭിന്നശേഷിയോടുള്ള കാഴ്ചപ്പാടുകളിൽ മാറ്റമുണ്ടാക്കി. ആരോഗ്യമുള്ള ചെറുപ്പക്കാർ യുദ്ധസേവനത്തിനു പോകുകയും രാജ്യത്തിനുവേണ്ടി ധീരമായി പോരാടുകയും ചെയ്ത ശേഷം തിരികെ വീരനായകരായാണ് എത്തിയത്. എന്നാൽ ധാരാളം യുദ്ധസേനാനികൾ ഭിന്നശേഷിക്കാർ ആയിക്കഴിഞ്ഞിരുന്നു. അവരുടെ പുനരധിവാസം അടിയന്തിരമായി വേണ്ടിവന്നു. വീണ്ടും വൈദ്യശാസ്ത്രവും ടെക്നോളജിയും ഒന്നിച്ചുകൊണ്ട് പൊയ്ക്കാലുകൾ തുടങ്ങിയ കൃത്രിമ അവയവങ്ങൾ, ശാരീരിക പ്രവർത്തനക്ഷമത വർധിപ്പിക്കാനുള്ള ഉപകരണങ്ങൾ എന്നിവയുടെ നിർമാണം വ്യാപകമാക്കി. ഭിന്നശേഷിയുള്ളവരെക്കൂടി ജോലിയിൽ പ്രവേശിപ്പിക്കാൻ തൊഴിൽദാതാക്കളെ പ്രേരിപ്പിക്കുകയും അവർക്ക് വേണ്ടുന്ന സുരക്ഷ തൊഴിലിടങ്ങളിൽ ഏർപ്പെടുത്തുകയും ചെയ്തു. ഭിന്നശേഷിക്കാർക്കുതകുന്ന പാർപ്പിടങ്ങളും മെച്ചപ്പെട്ട ജീവിതാവസരങ്ങളും ഉണ്ടായത് ഡിസബിലിറ്റി എന്ന ആശയംതന്നെ പുനർവിചിന്തനം ചെയ്യാൻ അവസരമൊരുക്കി എന്ന് പറയാം.

ഡിസബിലിറ്റി ചർച്ച അത്ര സുഗമമായിരുന്നു എന്ന് പറഞ്ഞുകൂടാ. ഭിന്നശേഷിയുള്ളവരുടെ എണ്ണം കൂടുന്നത് ശരിയല്ലെന്ന് കണ്ടിരുന്ന ശാസ്ത്രജ്ഞരും ഉണ്ടായിരുന്നു. ഉത്കൃഷ്ടസന്തതികൾ ഉണ്ടാവുകയും ന്യൂനതയും കുറവുകളുമുള്ള ശിശുക്കൾ ജനിക്കാതിരിക്കുകയും ചെയ്താൽ ഭിന്നശേഷി ഭാവിയിൽ നിയന്ത്രിതമാകുമെന്ന് സ്വപ്നം കണ്ടിരുന്നവർ യൂജെനിക്സ് എന്ന വിജ്ഞാനീയത്തിനു രൂപം കൊടുത്തു. പ്രശസ്തരായ പലരും ഇത്തരം ആശയങ്ങളോട് അനുഭാവം പുലർത്തിയിരുന്നു; യൂജിനിക്സ് സൊസൈറ്റിയുടെ തലവനായിരുന്ന ജൂലിയൻ ഹക്സ്ലി (1930) ഇങ്ങനെ പറഞ്ഞു, 'ന്യൂനതയും കുറവുമുള്ള ഓരോ പുരുഷനും സ്ത്രീയും കുട്ടിയും ഭാരമാണ്. അവരെ പോറ്റുന്നതും വസ്ത്രം ധരിപ്പിക്കുന്നതും രാജ്യത്തിന് അധികഭാരമാണ്, അവരുടെ സംഭാവന നിസ്സാരമാവാം, അല്ലെങ്കിൽ ഒന്നുമുണ്ടാവില്ല.'

ഭിന്നശേഷിയുള്ളവർ രാജ്യത്തിന്റെ ശ്രേയസ്സിനു വിഘാതമാണെന്ന അഭിപ്രായം അന്നത്തെ പൊതുവിശ്വാസം കൂടിയായിരുന്നു. വൈദ്യ ശാസ്ത്രത്തിന് ഭിന്നശേഷി ചികിത്സിക്കാനും പരിമിതപ്പെടുത്താനും പറ്റുന്നുണ്ട്; പുനരധിവാസപ്രവർത്തനങ്ങൾ കൊണ്ട് അവരെ സമൂഹ ത്തിലേക്ക് തിരികെ കൊണ്ടുവരാനും സാധിക്കുന്നുണ്ട്; അപ്പോഴും യൂജെനിക്സ് ഭിന്നശേഷിയെ ഒറ്റപ്പെടുത്താനാണ് ശ്രമിക്കുന്നത്. ഭിന്ന ശേഷിയുടെ നറേറ്റീവിൽ വൈദ്യശാസ്ത്രം കടന്നുവരാൻ ഇത് കാരണമായിട്ടുണ്ടാകാം.

രണ്ടാംലോകയുദ്ധവും ഭിന്നശേഷി നറേറ്റീവിൽ കാതലായ മാറ്റമുണ്ടാക്കി. ഇംഗ്ലണ്ടിൽ മാത്രം മൂന്നുലക്ഷം ചെറുപ്പക്കാർ യുദ്ധ ക്കളത്തിൽനിന്നും ഭിന്നശേഷിയുമായി തിരിച്ചെത്തി. ജർമനിയിൽ യൂജെനിക്സ് പരീക്ഷണങ്ങളുടെ ഭാഗമായി അംഗവൈകല്യമുള്ളവരെ കൂട്ടക്കൊല ചെയ്തതിന്റെ തെളിവുകൾ പുറത്തുവന്നു. അനേകം പേർ വന്ധ്യംകരണത്തിന് വിധേയമായിരുന്നു. അവകാശങ്ങളെക്കുറിച്ചും മൂല്യസങ്കല്പത്തെക്കുറിച്ചും പുതിയ ചിന്തകൾക്ക് ഇതെല്ലാം വഴിയൊ രുക്കി. അമ്പതുകളിൽത്തന്നെ ഭിന്നശേഷി ഗ്രൂപ്പുകൾ ഉണ്ടാവുകയും മനുഷ്യാവകാശത്തിന്റെ അടിസ്ഥാനത്തിൽ പുതിയ നിലപാടുകൾ ആവശ്യപ്പെട്ട് സംഘടിതശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തു. അറു പതുകളിൽ മനുഷ്യാവകാശ പ്രസ്ഥാനങ്ങൾ, അടിമത്തത്തിനെതിരായ മുന്നേറ്റങ്ങൾ, ഫെമിനിസ്റ്റ് പ്രസ്ഥാനം എന്നിവ ഭിന്നശേഷി പ്രവർ ത്തനങ്ങളെ മുഖ്യധാരയിലെത്താൻ സഹായിച്ചു. പുനരധിവാസം, മനുഷ്യാവകാശം, പ്രാപ്യത (access), നൈപുണ്യവികസനം, ഉൾക്കൊ ള്ളിക്കൽ (inclusion) എന്നിവ ശ്രദ്ധിക്കപ്പെടുകയും, അവയെല്ലാം ഡിസ ബിലിറ്റി അവകാശങ്ങളുടെ ഭാഗമായി പൊതുജീവിതത്തിന്റെ മൂല്യ ങ്ങളായി പരിണമിക്കുകയുമുണ്ടായി.

ഈ ഘട്ടത്തിൽ ഒരുകാര്യം വ്യക്തമായി. യുദ്ധാനന്തര ഭിന്ന ശേഷി പ്രസ്ഥാനങ്ങൾ മുന്നോട്ടുവെച്ച ആവശ്യങ്ങൾ മെച്ചപ്പെട്ട രോഗ നിർണയമോ ചികിത്സയോ ആയിരുന്നില്ല, സ്വത്വബോധം ഉറപ്പിക്കു ന്നതിനും സമൂഹത്തിൽ പൂർണാധികാരത്തോടെ നിലനിൽക്കുന്ന

തിനും അവശ്യം വേണ്ടുന്ന സാമൂഹികമാറ്റങ്ങളായിരുന്നു. സമൂഹത്തിൽ അംഗങ്ങളായ വ്യക്തികളെ കാണുന്നതും നിർവചിക്കുന്നതും ശരീരത്തിന്റെ വ്യതിയാനങ്ങളെ അധികരിച്ചാവരുത് എന്ന തത്ത്വം അംഗീകരിപ്പിക്കലായിരുന്നു ലക്ഷ്യം. മനുഷ്യർ, വ്യക്തികൾ, പൗരർ എന്നീ അവസ്ഥകൾ പരിഗണിക്കുമ്പോൾ അവരിൽ കാണുന്ന വ്യത്യസ്തതകൾ, അതെന്തിലായാലും പരിഗണിക്കേണ്ടതില്ല. മനുഷ്യർ പല ശരീരഘടനയിലും നിറങ്ങളിലും കാണപ്പെടുന്ന എന്നതുപോലെ കണ്ടാൽ മതി. ഇതാണ് യുദ്ധാനന്തരഭിന്നശേഷിദർശനം. ഭിന്നശേഷിയുടെ സാമൂഹികമോഡൽ ഇങ്ങനെ ആരംഭിച്ചതായി കാണാം. അമേരിക്കയിലിത് ന്യൂനപക്ഷമോഡലായി അറിയപ്പെട്ടുതുടങ്ങി.

ആദ്യകാല ഫെമിനിസ്റ്റ് ആശയങ്ങളുമായി ഇതിനുള്ള സാമ്യം ശ്രദ്ധേയമാണ്. ആണെന്നോ പെണ്ണെന്നോ ഉള്ള അവസ്ഥ സ്ഥിരമായിരിക്കട്ടെ, നിയമം, നൈതികത, സാമൂഹിക ചട്ടക്കൂടുകൾ, ബോധ്യങ്ങൾ എന്നിവയിൽ സമൂലമായ മാറ്റങ്ങളുണ്ടായാൽ ജെൻഡർ വിവേചനം പരിഹരിക്കാനുള്ള മാർഗ്ഗം തെളിഞ്ഞുവരും. ശരീരത്തിൽ കാണുന്നതോ അനുഭവവേദ്യമോ ആയ വ്യതിയാനങ്ങൾ ശ്രദ്ധിക്കേണ്ടതില്ല; അതവരുടെ സ്ഥായിയായ ഭാവമാണെന്നു സങ്കല്പിക്കാം. സമൂഹം, അതിന്റെ ബോധ്യങ്ങൾ, ഘടന, ആർക്കിടെക്ചർ, വിവേചനം എന്നിവയിൽ മാറ്റം വരുത്തിയാൽ ഭിന്നശേഷിയുള്ളവർ സ്വതന്ത്രജീവിതം നയിച്ചുകൊള്ളും. അറുപതുകളിലെ മറ്റു ന്യൂനപക്ഷാധിഷ്ഠിത സാമൂഹിക മുന്നേറ്റങ്ങളോടൊത്തുപോകാൻ ഈ നയപരമായ ഇടം സഹായിച്ചു എന്നു കരുതണം. ഭിന്നശേഷിയുള്ളവർ ഭിന്നശേഷിയെ കാണുന്നതും അതില്ലാത്തവർ കാണുന്നതും വ്യത്യസ്തമായ കാഴ്ചകളിലൂടെയാണ്. ഭിന്നശേഷിസമൂഹത്തിന് ഉണ്ടായിവരേണ്ട മാറ്റങ്ങളെക്കുറിച്ചുപോലും സംവാദത്തിലേർപ്പെടാൻ അവർക്കാകുന്നില്ലെന്നതും കാര്യങ്ങൾ സങ്കീർണമാക്കുന്നു. ഇതൊക്കെ സാമൂഹിക/ന്യൂനപക്ഷ മാതൃക സ്ഥാപിച്ചെടുക്കാൻ സഹായകരമായി.

അറുപതുകൾ മുതൽ രണ്ടു ദശകക്കാലം ശക്തമായ ആശയശേഖരത്താൽ സാമൂഹികമോഡൽ സമൃദ്ധമായിരുന്നു. ജെഫ്രി

വിൽസൺ രണ്ടുമാതൃകകളെയും താരതമ്യപ്പെടുത്തുന്നതിങ്ങനെ: “In the “medical model,” it is an attribute of an individual such as deformity, disease, or illness which causes “disability,” understood in the medical sense as an inability to perform certain tasks that a human being can usually perform due to a physical feature or condition of the body. In contrast, in the “social model,” things like deformity, disease, and illness do not directly cause “disability”; instead, these “impairments” encounter negative social reactions such as prejudice, hostility, and discrimination, and it is these features of society which cause “disability,” understood in the conceptual sense as an inability to perform certain tasks that a human being can usually perform due to a social limitation imposed upon an individual.” ഡിസബിലിറ്റി എന്ന ആശയസമ്പുഷ്ടമായ പദം ഭിന്നശേഷി എന്ന ശേഷീമൂല്യത്തെ കേന്ദ്രീകരിച്ചു മനസ്സിലാക്കപ്പെടുന്ന പദമായി പരിഭാഷപ്പെടുത്തുമ്പോൾ എന്തെല്ലാം ചോർന്നു പോകുന്നെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

സോഷ്യൽമോഡൽ വ്യാപകമായി ചർച്ചചെയ്യപ്പെടുന്നു; കേരളത്തിൽ ഇപ്പോഴും പ്രധാന ചർച്ചകൾ സോഷ്യൽ-മെഡിക്കൽ എന്ന ബൈനറിയുടെ അച്ചുതണ്ടിൽ തന്നെയാണ് ഭ്രമണം. എന്നാൽ 1990-കൾ മുതൽ സോഷ്യൽമോഡലിന്റെ പോരായ്മകൾ പലരും ചർച്ചചെയ്തുതുടങ്ങി. എന്തുകൊണ്ട് സോഷ്യൽമോഡൽ, ഭിന്നശേഷിയനുഭവങ്ങളെ പൂർണമായി ഉൾക്കൊള്ളുന്നില്ലെന്നും എന്തുകൊണ്ട് പുനരവലോകനം ആവശ്യമാകുന്നുവെന്നും ചിന്തിക്കേണ്ടിവരുന്നു. നവഭിന്നശേഷിപഠനം (New Disability Studies) എന്ന രീതിയിൽ ഇത് ആവിഷ്കരിക്കപ്പെട്ടു; ഏറെക്കുറെ നവഫെമിനിസം എന്നപോലെ. ടോം ഷേക്സ്പിയർ ഇത് വിശദമായി ചർച്ചചെയ്യുന്നു.

പ്രധാനമായും നാലു ദൗർബല്യങ്ങളാണ് സോഷ്യൽമോഡലിൽ അദ്ദേഹം ചൂണ്ടിക്കാട്ടുന്നത്:

1. ശരീരത്തിലോ മനസ്സിലോ ഉള്ള പരിമിതികളെ (impairment) സോഷ്യൽമോഡൽ തള്ളിക്കളയുന്നു. എല്ലാ പ്രതിബന്ധങ്ങളും

സമൂഹസൃഷ്ടിയാണെന്ന നിലപാട് യാഥാർത്ഥ്യത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്നില്ല. കാഴ്ചയില്ലാത്തയാളിന് കാഴ്ചയിലെ പരിമിതി തന്നെയല്ലേ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുക? ഇത് അംഗീകരിച്ചുകൊണ്ട് ചില നീക്കുപോക്കുകൾ നടത്താമെന്നല്ലാതെ കാഴ്ചയുടെ അനുഭവം നൽകാൻ ഇന്നു സാധിക്കില്ല. എന്നാൽ പുതിയ ശാസ്ത്രീയ ഗവേഷണങ്ങൾ ഇത് സാധ്യമാക്കിയെന്നും വരാം. അതിനു പരിമിതികളിൽ നേരിട്ട് ഇടപെട്ടാൽ മാത്രമല്ലെ സാധിക്കൂ?

2. ഭിന്നശേഷിയുള്ള എല്ലാരും പീഡിതർ/പീഡിപ്പിക്കപ്പെട്ടവർ ആണെന്ന നിലപാട്. അതായത് പീഡനം അനുഭവിക്കാത്ത ആരും ഇല്ലെന്ന നിലപാടെടുത്തുകഴിഞ്ഞാൽ അതില്ലാത്ത അവസ്ഥ വിഭാവനം ചെയ്യുന്നതെങ്ങിനെ? ഫെമിനിസ്റ്റുകൾ പറയുന്നത് ജെൻഡർ ബന്ധങ്ങളിൽ പീഡനം ഉണ്ടെങ്കിലും ജെൻഡർ എന്നാൽ പീഡനം എന്നല്ല നിർവചിക്കപ്പെടേണ്ടത്. പീഡനം അതിലെ ഒരു ഘടകം മാത്രം, പീഡനം നീക്കാനായാലും ജെൻഡർ നിലനിൽക്കും.

3. മെഡിക്കൽമോഡലിൽ അടയാളപ്പെടുത്തുന്ന ശാരീരികപ്രശ്നം (impairment) പലപ്പോഴും സോഷ്യൽമോഡലിലെ ഡിസബിലിറ്റിയിൽ നിന്ന് തിരിച്ചറിയാൻ പ്രയാസമാകുന്നു. ശരീരവും സമൂഹവും തമ്മിൽ ഇടപെടലുകൾ നടക്കുമ്പോഴാണ് ഡിസബിലിറ്റി വ്യക്തമാകുന്നത്. പടികൾ ഡിസബിലിറ്റിയുണ്ടാക്കുന്നുവെങ്കിൽ പടികയറേണ്ടിവരുമ്പോൾ മാത്രമല്ലേ വ്യക്തി ഡിസബിലിറ്റി അനുഭവിക്കുന്നുള്ളൂ. വ്യക്തിഗത അനുഭവങ്ങൾ അവയോട് എങ്ങനെ പൊരുത്തപ്പെടും/ പൊരുത്തപ്പെടില്ല എന്നതു കൂടി ആശ്രയിച്ചായിരിക്കുമല്ലോ ഡിസബിലിറ്റി അനുഭവം.

4. തടസ്സരഹിത/ പ്രതിബന്ധരഹിത സമൂഹം സത്യത്തിൽ ഉട്ടോപ്യൻ ആശയമാണ്. എല്ലാവരെയും ഉൾകൊള്ളുന്ന ഡിസൈൻ, സാർവത്രിക ഡിസൈൻ, എന്നൊക്കെ പറയുന്നത് നിലവിലുള്ള അവസ്ഥയെ കഴിയുന്നത്ര മെച്ചപ്പെടുത്തുക എന്ന ലക്ഷ്യവുമായി

ബന്ധപ്പെട്ടിരിക്കുന്നു. എത്ര നല്ല വീൽചെയർ ലഭിച്ചാലും യാത്ര യുടെയും ചലനത്തിന്റെയും പ്രതിബന്ധങ്ങളെല്ലാം മാറ്റാൻ ആവണമെന്നില്ല. എന്നാൽ തുടർച്ചയായ ഇമ്പയർമെന്റ് ഗവേ ഷണത്തിലൂടെ ലക്ഷ്യത്തോട് കൂടുതൽ അടുത്തെന്നുവരാം. കാഴ്ച, കേൾവി എന്നിവയുമായി ബന്ധപ്പെട്ട ഡിസബിലിറ്റി കളിൽ ഇത് കൂടുതൽ സ്പഷ്ടമാകും.

ചുരുക്കിപ്പറഞ്ഞാൽ, മെഡിക്കൽ, സോഷ്യൽ മോഡലുകളിൽ ഒന്ന് മറ്റേതിനെക്കാളും നന്ന് എന്ന ധാരണയിൽ മാറ്റം വരുന്നത് നാം കാണുന്നു. ഭിന്നശേഷി അനുഭവങ്ങൾ വ്യത്യസ്ത അറകളിൽ തളച്ചിടാ തെ ഇതരവിജ്ഞാനശാഖകളിൽ നിന്നുകൂടി ആശയവും അറിവും കൈക്കൊണ്ടു വേണം മുന്നോട്ടുപോകാൻ. ഐക്യരാഷ്ട്രസഭ 2001-ൽ അംഗീകരിച്ച ഐ.സി.എഫ്. (ICF) രേഖകൾ ഈ ശ്രമത്തിനു പറ്റിയ ഉദാഹരണമാണ്. അവിടെ ഡിസബിലിറ്റി എന്നാൽ പലതരം ശാരീരിക, മാനസിക, ബൗദ്ധിക, പ്രവർത്തനങ്ങളിൽ ഉണ്ടാകുന്ന പ്രതികൂലാ നുഭവങ്ങളുടെ ആകെത്തുകയായി മാറ്റിവെച്ചിരിക്കുന്നു. ഡിസബിലിറ്റി ശരീരത്തിന്റെ ഘടനയിൽ നിന്നോ പ്രവർത്തനത്തിൽ ഉണ്ടാകുന്ന പോരായ്മയിൽ നിന്നോ തന്നെ ഉണ്ടായിക്കൊള്ളണമെന്നില്ല. നമ്മുടെ പ്രവർത്തനങ്ങളിലോ പ്രവർത്തനക്ഷമതയിലോ പരിമിതിയുണ്ടായാൽ അതെല്ലാം സമൂഹത്തിൽ നമ്മുടെ പങ്കാളിത്തത്തെ ബാധിക്കുന്നു. വ്യക്തിഗതവും, പരിസ്ഥിതി നൽകുന്നതുമായ മറ്റുഘടകങ്ങൾ ഒപ്പം ചേരുന്നുണ്ടാകാം. ഇതെല്ലം സമ്മേളിക്കുന്ന ഇടമാകുന്നു, ഡിസ ബിലിറ്റി. അത് ശരീരത്തിൽ ഏൽക്കുന്ന ക്ഷതത്തിനുശേഷം തുടർ ച്ചയായി ഉണ്ടാകുന്ന നിരവധി ഇടപെടലുകൾ, സങ്കീർണതകൾ, അനുഭ വങ്ങൾ എന്നിവ ചേർന്നുണ്ടാകുന്ന പ്രതിഭാസമായിവേണം കാണാൻ.

ഡിസബിലിറ്റി അനുഭവങ്ങൾ കേരളത്തിൽ കണ്ടുവരുന്നതെ ങ്ങനെ എന്ന് നോക്കാം. പൊതുവെ പറഞ്ഞാൽ, ഒരു സമൂഹത്തിൽ ഉദ്ദേശം പത്തു ശതമാനം പേർ ഭിന്നശേഷിയുള്ളവരായിരിക്കും എന്നാണ് അനുമാനം. കേരളത്തിൽ ലഭ്യമായ കണക്കുകൾ 2015-ലേ

താണ്. അതനുസരിച്ചു എട്ടു ലക്ഷത്തോളം പേരെ ഭിന്നശേഷിയുള്ള വരായി കണക്കാക്കിയിരുന്നു. ഇത് ജനസംഖ്യയുടെ 2.3% വരും. നാം പ്രതീക്ഷിക്കുന്നതിനെക്കാൾ വളരെക്കുറവ്. ഇതിനുകാരണം ഭിന്നശേ ഷിയനുഭവമുള്ള എല്ലാവരെയും ഭിന്നശേഷിക്കാരായി കണക്കുകൂ ട്ടാറില്ല എന്നതാണ്. നിയമപരമായി ഭിന്നശേഷി എന്ന് പറയണമെങ്കിൽ മെഡിക്കൽ ബോർഡ് സാക്ഷ്യപ്പെടുത്തിയ 40% അംഗപരിമിതി ഉണ്ടാ വണം. അതിൽ താഴെയാണെങ്കിൽ അപ്രകാരം പരിഗണിക്കാറില്ല. അതിനും കാരണമുണ്ട്; ഇന്ത്യയിൽ ഭിന്നശേഷിയുമായി ബന്ധപ്പെട്ട നടപടികൾ പ്രാബല്യത്തിൽ വരുത്തിയത് 1996-ലെയും 2016-ലെയും ഭിന്നശേഷി നിയമങ്ങൾ മൂലമാണ്. 2016-ലെ നിയമം ഐക്യരാഷ്ട്ര സഭയുടെ ഡിസബിലിറ്റിയുള്ള വ്യക്തികളുടെ അവകാശ സംരക്ഷണം മുൻനിർത്തി പുറപ്പെടുവിച്ച രേഖകളുടെ അടിസ്ഥാനത്തിൽ ഇന്ത്യൻ പാർലമെൻറ്റ് നടപ്പാക്കിയതാണ്. ഇത് ചട്ടങ്ങളായി പ്രായോഗികതല ത്തിൽ എത്തിയപ്പോൾ, വ്യക്തിയുടെ ശാരീരികം, മാനസികം, ബൗദ്ധി കം എന്നീ തലങ്ങളിലെ പരിമിതികളെയാണ് ഡിസബിലിറ്റിയായി കണ്ടിരിക്കുന്നത്. അതായത്, ഇമ്പയർമെൻറ്റ് എന്നാൽ ഡിസബിലിറ്റി (impairment equals disability) എന്ന് തോന്നും.

ഇന്ത്യൻ നിയമം 'ഡിസബിലിറ്റിയുള്ള വ്യക്തികളുടെ അവകാശം 2016 ആക്ട്' (Rights of Persons With Disabilities Act, 2016) എന്നറി യപ്പെടുന്നു. പ്രധാനമായും ഡിസബിലിറ്റിയുടെ എട്ടു വ്യത്യസ്തമായ അവസ്ഥകളിലാണ് ഊന്നൽ നൽകിയിരിക്കുന്നത്. 1. വ്യക്തിയുടെ അന്തസ്സ്, സ്വയം നിർണയാവകാശം, സ്വന്തം ഇഷ്ടാനിഷ്ടങ്ങൾ പ്രകാ ശിപ്പിക്കാനാകുക, സ്വാതന്ത്ര്യം 2. വിവേചനരാഹിത്യം 3. പൂർണവും ഫലവത്തായതുമായ പങ്കാളിത്തം, സാമൂഹിക ഉൾക്കൊള്ളിക്കൽ 4. വ്യത്യസ്തതകളോട് ബഹുമാനം; ഭിന്നശേഷിയുള്ളവരെ മനുഷ്യ വൈജാത്യമായി അംഗീകരിക്കുകയും മനുഷ്യത്വപരമായ സമീപനം പ്രകടിപ്പിക്കുകയും 5. അവസരങ്ങളിൽ തുല്യത 6. പ്രാപ്യത 7. സ്ത്രീ പുരുഷ സമത്വം 8. ഭിന്നശേഷിയുള്ള കുട്ടികളുടെ മാറിവരുന്ന കഴി വുകളെ ബഹുമാനിക്കുകയും, അവരുടെ സ്വത്വം നിലനിർത്താനുള്ള അവകാശത്തെ അംഗീകരിക്കുകയും ചെയ്യുക.

വളരെ വിപുലമായ ലക്ഷ്യങ്ങളുള്ള നിയമമാണെങ്കിലും ഭിന്ന ശേഷി മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ ഏറെയും ക്ഷേമപ്രവർത്തനങ്ങളാണെന്നു കാണാം. അധികാരവത്കരണം, ശേഷീസംരക്ഷണം, നൈപുണ്യവികസനം എന്നീ മേഖലയിൽ പ്രവർത്തനം ചുരുങ്ങും. ഇന്ത്യയിൽ ഇതരമേഖലയിൽ നിന്നുള്ള റിപ്പോർട്ട് അനുസരിച്ചു ഭിന്നശേഷിയുള്ളവർ മറ്റുള്ളവരെക്കാൾ ദാരിദ്ര്യത്തിൽ കഴിയുന്നു. വിവിധതരം പീഡനങ്ങൾക്ക് വിധേയരാകുന്നവർ ഏതാണ്ട് 80% സ്ത്രീകളാണ്. പരിമിതി മാനസികവും ബൗദ്ധികവുമായ തലത്തിലാണെങ്കിൽ അവർ ലൈംഗികമായി ചൂഷണം ചെയ്യപ്പെടും. ലൈംഗിക ചൂഷണത്തിന് അവർക്ക് മറ്റു സ്ത്രീകളെ അപേക്ഷിച്ചു നാലിരട്ടി സാധ്യതയേറും. അതുകൊണ്ടുതന്നെ, നിർബന്ധിത വന്ധ്യംകരണവും ഗർഭപാത്രം നീക്കം ചെയ്യലും അസാധാരണ സംഭവമല്ല.

ആരോഗ്യപരമായ കാരണങ്ങൾ മാത്രമേ ഭിന്നശേഷിയിൽ കലാശിക്കൂ എന്നില്ല. വ്യക്തിഗതമോ, പാരിസ്ഥിതിക കാരണങ്ങളോ പ്രവർത്തനപരിമിതികൾ ഏൽപ്പിക്കാം. അത് ശരീര പരിമിതിയിലേക്കു നയിക്കുകയും ചെയ്യാം. സ്ത്രീകളിൽ ഇത് വളരെ പ്രകടമാണ്. മഹാരാഷ്ട്രയിലെ കരിമ്പുപാടത്ത് ജോലിചെയ്യുന്ന അസംഖ്യം സ്ത്രീകൾ ഗർഭപാത്രം നീക്കം ചെയ്തവരാണ്. ജോലി ഉറപ്പാക്കാൻ അവർ ചെയ്യുന്ന സാഹസമായി മാത്രം അതിനെ കാണാനാവില്ല. കരിമ്പുപാടങ്ങളിൽ സ്ത്രീകൾക്ക് ശുചിമുറികളോ, ആർത്തവമുണ്ടായാൽ സുരക്ഷാമാർഗ്ഗങ്ങളോ ഇല്ലാത്തിടത്ത് ഹിസ്റ്ററെക്ടമി തന്നെയാണ് മാർഗ്ഗം; അത് ചെയ്തുകൊടുക്കാൻ ആരോഗ്യസംവിധാനവും തയ്യാർ. പാരിസ്ഥിതിക കാരണങ്ങൾ പ്രശ്നമാകുന്ന മറ്റൊരു അവസ്ഥ എച്ച്. ഐ.വി. (HIV)യുമായി ബന്ധപ്പെട്ടതാണ്. അണുബാധ പട്ടണങ്ങളിൽ നിന്ന് ഗ്രാമത്തിലേക്ക് നീങ്ങിയപ്പോൾ അനേകം സ്ത്രീകൾ അണുബാധിതരായി. ഭർത്താവല്ലാതെ മറ്റൊരു ലൈംഗികപങ്കാളി ഇല്ലാത്ത അവർക്കെങ്ങനെ രോഗം കിട്ടി? ഒന്നിലധികം രഹസ്യപങ്കാളികളുള്ള ഭർത്താക്കന്മാർ രോഗാണുവിനെ ഭാര്യമാർക്ക് നൽകി. കോണ്ടം മാത്രം മതി അണുബാധ തടയാൻ. എന്നിട്ടും ദീർഘകാല ഭിന്നശേഷിത്വ

ത്തിലേക്ക് സ്ത്രീകൾ, അവർ പോലുമറിയാതെ ആനയിക്കപ്പെടുക യാണുണ്ടായത്.

ഇതൊന്നും അംഗപരിമിതിയോ ഭിന്നശേഷിയോ ആയി നില വിലുള്ള നിയമം കാണുന്നില്ല. നിലവിലുള്ള നിയമത്തിൽ ഭിന്നശേഷി ത്വത്തിന് ബോർഡ് സാക്ഷ്യപ്പെടുത്തിയ 40% പരിമിതിയുണ്ടായി രിക്കണം എന്നതാണ് കാര്യം. ഡിസബിലിറ്റി എന്ന ആശയം ശാരീരിക ന്യൂനതകളിൽ ഊന്നിയല്ല സങ്കൽപിക്കപ്പെടേണ്ടത് എന്ന് നാം പറയു മ്പോഴും ശാരീരിക, മാനസിക, ബൗദ്ധിക പരിമിതി മാത്രമാണ് നിയമ പരമായ ഡിസബിലിറ്റിയെന്നു വരുന്നു; ഐക്യരാഷ്ട്ര സംഘടനയോ, ഇന്ത്യൻ നിയമത്തിന്റെ പ്രഖ്യാപിത ലക്ഷ്യങ്ങളോ എന്തുതന്നെ യായാലും.

നിയമപരമായ ഡിസബിലിറ്റിയും യാഥാർത്ഥത്തിൽ സമൂഹ ത്തിലുള്ള ഡിസബിലിറ്റിയും തമ്മിൽ വലിയ അന്തരമുണ്ട്. അത് പല പ്പോഴും പഠനവിഷയമാകുന്നില്ല. സെൻസസ്, സാംപിൾ സർവേ തുട ങ്ങിയ കണക്കുകൾ അനുസരിച്ച് ഡിസബിലിറ്റി 3%-ൽ താഴെമാത്ര മാണ്. എന്നാൽ ലോകാരോഗ്യസംഘടനയുടെ ഐ.സി.എഫ്. മോഡ ലിൽ പറയുന്ന തോതുകൾ ഉപയോഗിച്ചാൽ ഇതിന്റെ വ്യാപ്തി 10% ആകും. ഡിസബിലിറ്റിയുടെ അംഗീകാരം കിട്ടിയവരെക്കാൾ കൂടുതൽ പേർ നിയമത്തിന്റെ കണക്കിന് പുറത്താണ്.

ഡൊണാൾഡ് പോൾ (2016) നടത്തിയ പഠനം ഡിസബിലിറ്റി യുടെ വ്യാപ്തി കണ്ടെത്താൻ ശ്രമിക്കുന്ന ചെറിയ പഠനമാണ്. ഐ. സി.എഫ്. സ്കെയിൽ ഉപയോഗിച്ചുള്ള പഠനമായതിനാൽ പരിഗ ണിക്കപ്പെട്ട സാമ്പിളിൽ ഏതുതരം ഭിന്നശേഷിയെയും കണ്ടെത്താ നുള്ള സാധ്യതയേറും. പഠനം നടന്ന സമൂഹത്തിൽ 21.1% പേർ ഭിന്നശേഷിയുള്ളവരാണെന്ന് കണ്ടെത്തി. ഭിന്നശേഷി കൂടുതലും സ്ത്രീകളിലും അറുപതിലധികം പ്രായമുള്ളവരിലും ആണെന്നും കണ്ടെത്തുകയുണ്ടായി. ജീവിതശൈലീരോഗങ്ങൾ, വിദ്യാഭ്യാസനില വാരം, സേവനങ്ങൾ ലഭ്യമാക്കുന്നതിൽ നേരിടുന്ന തടസം എന്നിവ ഭിന്നശേഷിയുള്ളവരുടെ അനുഭവത്തിൽപെടും. ജീവിതഗുണമേന്മ

സൂചികയിലും (Quality of Life) ഭിന്നശേഷിയുള്ളവർ പിന്നിലായിരിക്കുമെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ജ്ഞാനസെൽവം, കുമാർ എന്നിവർ തമിഴ്നാട്ടിൽ നടത്തിയ പഠനത്തിൽ ശാരീരികഭിന്നശേഷിയുള്ളവരിൽ 37.5% പേരിലും ജീവിതഗുണമേന്മയിൽ കുറവ് രേഖപ്പെടുത്തി. സാമൂഹിക,സാമ്പത്തിക പിന്നാക്കാവസ്ഥയുള്ളവരും അവിവാഹിതരും താഴ്ന്ന ജീവിതഗുണമേന്മയാണ് രേഖപ്പെടുത്തിയത്.

ഡിസബിലിറ്റിയുമായി ജീവിക്കുന്നവർക്ക് ജീവിതാനുഭവങ്ങളും സമൂഹത്തിലെ പങ്കാളിത്തം, ഇടപെടലുകൾ, ആശയവിനിമയം, യാത്ര, കലാസാംസ്കാരികരംഗത്തിൽ പങ്കുചേരൽ എന്നിവയിലും പ്രാപ്യതയോ ഉൾച്ചേരലോ പൂർണ്ണമായും ഉണ്ടാകണമെന്നില്ല. അങ്ങനെ വരുമ്പോൾ തങ്ങൾ ആഗ്രഹിക്കുന്ന ജീവിതശൈലിയിൽ എത്താനാവാതെ മാറിനിൽക്കുകയോ, സാധ്യമായവ അനുരഞ്ജനങ്ങളിലൂടെ കണ്ടെത്തുകയോ വേണ്ടിവരും. കൂടാതെ, ഡിസബിലിറ്റി അവരുടെ ജീവിതത്തിൽ നിന്ന് കുറേ സമയം അപഹരിച്ചെടുക്കുന്നു. ഡിസബിലിറ്റിയുമായി ജീവിക്കുന്ന ഒരാളെ അതില്ലാതെ ജീവിക്കുന്ന മറ്റൊരാളിന്റെ ജീവിതത്തോട് തുലനം ചെയ്യാനും നഷ്ടപ്പെട്ട വർഷമെത്രയെന്നു കണക്കാക്കാനും ശ്രമിക്കുക. ഇങ്ങനെ നഷ്ടപ്പെടുന്ന കാലമെത്രയെന്ന് കണ്ടെത്തിയാൽ ഒരാളുടെ ജീവിതത്തിൽ നിന്ന് ഡിസബിലിറ്റി എത്ര വർഷം കവർന്നെടുക്കും എന്ന് കണ്ടെത്താം. ഇതിനെ 'ഡാലി' (DALY: Disability Adjusted Life Years) എന്ന് വിളിക്കുന്നു. ഗ്രോസ്സ്, ലോലർ തുടങ്ങിയവരുടെ പ്രബന്ധത്തിൽ ഡാലി ഏൽപ്പിക്കുന്ന ജീവിതനഷ്ടം, രോഗാതുരത എന്നിവ വിശദീകരിക്കുന്നു. മറവിരോഗവുമായി ഒരാൾ പത്തുവർഷം ജീവിക്കുന്നു എന്ന് സങ്കല്പിക്കുക; മറവി അയാളുടെ ജീവിതത്തിനു നൽകുന്ന ആഘാതം 0.730 എന്ന ഘടകമാണ്. അതായത്, പത്തുവർഷത്തെ അയാളുടെ ജീവിതം വെറും 3.7 വർഷത്തിന് തുല്യം. നാം നിസ്സാരമെന്നു കരുതുന്ന-കാൽമുട്ടുകളിലെ സന്ധിരോഗം, റോഡപകടത്തിൽ കൈകാലുകൾക്കുണ്ടായ ക്ഷതം എന്നിങ്ങനെ താരതമ്യേന ലഘുവായ പരിമിതികളുടെ ആഘാതം പോലും ഡാലി തലത്തിൽ ഗണിച്ചെടുക്കാം. അതവരുടെ ജീവിതാനുഭവമായി നമുക്കു

കാട്ടിത്തരുമ്പോളാണ് ഭിന്നശേഷി കവർന്നെടുക്കുന്നതെന്ത്? എന്ന് നാമറിയുന്നത്.

വൈവിധ്യമാർന്ന ഒട്ടനേകം ആശയങ്ങൾ സമ്മേളിക്കുന്ന ഇടമാണ് ഡിസബിലിറ്റി വൈജ്ഞാനീയം. അതെല്ലാം 'ഭിന്നശേഷി' എന്ന മലയാളപദത്തിന് ഉൾക്കൊള്ളാനാകുമോ എന്നു സംശയമാണ്. ഭാഷയാണ് ആശയങ്ങളെ വഹിക്കുന്നതെന്നിരിക്കെ ഭാഷ തീർത്തും ഭിന്നശേഷിസമൂഹത്തിനു വഴങ്ങുന്നതാവണം; ഭിന്നശേഷിസൗഹാർദ്ദവുമായിരിക്കണം. പൊതുവെ സാമൂഹികമായും സാമ്പത്തികമായും പിന്നിലാണവർ. വിദ്യാഭ്യാസത്തിലും അങ്ങനെതന്നെ. അപ്പോൾ ശാരീരികവും സാമൂഹികവുമായ പരിമിതികൾ തരണം ചെയ്യാൻ അവർക്ക് ആവശ്യമായ സഹായോപകരണങ്ങൾ, ടെക്നോളജി, ആശയ രൂപീകരണവും വിനിമയവും എന്നിങ്ങനെ ജീവിതാനുഭവങ്ങളുമായി ബന്ധപ്പെട്ടകാര്യങ്ങൾ ഭാഷയിലൂടെ ക്രയവിക്രയം സാധ്യമാകണം. അതിനു കഴിയുന്നില്ലെങ്കിൽ ഡിസബിലിറ്റി പഠനങ്ങളിലൂടെ ഭിന്നശേഷി സമൂഹത്തിന് എങ്ങനെ സാംസ്കാരിക മുന്നേറ്റം സൃഷ്ടിക്കാനാകും? മലയാളത്തിൽ ഇനിയും ഭിന്നശേഷി പദസഞ്ചയം നിർമ്മിച്ചിട്ടില്ലാത്തതിനാൽ, ഭിന്നശേഷി സമൂഹം ഉപയോഗിച്ചുവരുന്നത് ഇംഗ്ലീഷ് പദങ്ങളാണ്.

ഭിന്നശേഷി അനുഭവങ്ങൾ, പഠനങ്ങൾ എന്നിവയിൽ ചർച്ച ചെയ്യുന്ന ആശയങ്ങൾ ഭിന്നശേഷി സമൂഹത്തിനന്യമാണ്. മെഡിക്കൽബോർഡ് സാക്ഷ്യപ്പെടുത്തുന്ന ശതമാനക്കണക്കുപോലും അവർക്ക് മനസ്സിലായിട്ടുണ്ടാകാനിടയില്ല. ആർക്കിടെക്ചർ പ്രതിബന്ധങ്ങൾ തരണം ചെയ്യാൻ ആവശ്യമായ ഡിസൈൻ, പ്രാപ്യതാസങ്കല്പം, ഡാലി, തുടങ്ങി നിരവധി കാലിക പ്രസക്തിയുള്ള വിഷയങ്ങൾ അവയുടെ സങ്കീർണത കൊണ്ടുതന്നെ ഭിന്നശേഷി സമൂഹത്തിനോ, അവർക്കുവേണ്ടി തീരുമാനങ്ങളെടുക്കുന്ന മറ്റുള്ളവർക്കോ ഗ്രഹിക്കാൻ പ്രയാസമാണ്. അങ്ങനെയെങ്കിൽ സമൂഹത്തിന്റെ പൊതുബോധ്യങ്ങൾ അനവധി ദശകങ്ങൾക്ക് പിന്നിലായിരിക്കും എന്നർത്ഥം.

ഡിസബിലിറ്റി നമ്മുടെ ചിന്തയുടെ പൊതുമണ്ഡലത്തിൽ നിൽക്കണമെങ്കിൽ വ്യക്തികളും ആശയങ്ങളും തമ്മിൽ നിരന്തരമായ സമ്പർ

ക്കമുണ്ടാകണം. ദർശനം, മാനവികത, ഭിന്നശേഷിജീവിതത്തിന്റെ കഥകൾ, പുനരധിവാസം, എന്നിവയെല്ലാം ചർച്ചയാകുമ്പോഴല്ലേ ആവിഷ്കാരരീതികൾ നവീകരിക്കണമെന്ന് തോന്നുകയുള്ളൂ. സാഹിത്യ കലാസാംസ്കാരികരംഗത്തും ഭിന്നശേഷി അനുകൂലമായോ നിഷ്പക്ഷമയോ അല്ല ചിത്രീകരിക്കപ്പെടുന്നത്. അനുതാപത്തോടെ (empathy) ഭിന്നശേഷിയെ കാണുന്ന സാഹിത്യം നാമിനിയും കാത്തിരിക്കുന്നു. പ്രത്യേക പഠനമോ ഗവേഷണമോ ഇല്ലാതെ കപടശാസ്ത്രത്തിന്റെ (pseudoscience) ആവരണവുമണിഞ്ഞാണ് സാഹിത്യത്തിൽ ഭിന്നശേഷി കടന്നുവരുന്നത്.

ഇംഗ്ലീഷിൽ ഷേക്സ്പിയറിന്റെ കാലംമുതൽ ഡിസബിലിറ്റി സാഹിത്യത്തിൽ കടന്നു വന്നിരുന്നു. അന്ന് ഡിസബിലിറ്റിയുടെ അർത്ഥം വ്യത്യസ്തമായിരുന്നു; അക്കാലത്തെ അറിവും. ഇന്ന് ഇരുപത്തൊന്നാം നൂറ്റാണ്ടിൽ ഭിന്നശേഷിയുടെ എല്ലാ വശങ്ങളും ആംഗല സാഹിത്യത്തിൽ കാണാം. പോളിയോ, സെറിബ്രൽ പാൾസി, ഓട്ടിസം, അൽഷെയ്മേർസ്, കാൻസർ തുടങ്ങി നാമറിയുന്ന ഏത് ഭിന്നശേഷിയും അവയുടെ ശാസ്ത്രീയത കൈമോശം വരാതെ സർഗ്ഗസൃഷ്ടികളിൽ കൊണ്ടുവന്നിരിക്കുന്നത് കാണാം.

മലയാളത്തിൽ ഈ വികാസം ഇനിയും വരാനിരിക്കുന്നതേയുള്ളൂ. ഭിന്നശേഷിക്കുമേൽ പതിക്കുന്ന സമൂഹത്തിന്റെ നോട്ടം (gaze) പരിണാമത്തിന്റെ പ്രാരംഭദശയിൽ തന്നെയാണെന്നു തോന്നുന്നു. ഭിന്നശേഷിപഠനങ്ങളും അറിവുകളും ഭാഷയിലേക്കും അതുവഴി സമൂഹമനസ്സിലേക്കും വന്നുചേർന്നാൽ മാത്രമേ ഇതെല്ലാം സാധ്യമാകൂ എന്ന് കരുതാം. അതിനും ഭാഷ ഭിന്നശേഷിയിലേക്കിറങ്ങി വരേണ്ടതുണ്ട്.

*ഓൺലൈൻ റഫറൻസ്*

1. https://historicengland.org.uk/research/inclusiveþheritage/disability-history/1914-1945/
2. https://historicengland.org.uk/research/inclusiveþheritage/disability-history/1945-to-the-present-day/

3. Wilson, Jeffrey R., The Trouble with Disability in Shakespeare Studies; *Disabilities Studies* Quarterly – Vol.37, No.2, (2017)

4. Shakeapeare, Tom: The Social Model of Disabilty; (in *Disabilities Studies Reader,* Ed. Davis, L J: Routledge, NY, 2010)

5. ICF: https://www.who.int/classifications/icf/en/

6. http://spb.kerala.gov.in/ER2017/web_e/ch433.php?id=41&ch=433

7. The Rights of Persons with Disabilities Act 2016; No.59, dt. 28 Dec 2016

8. Changoiwala, Puja: (2017)

   https://www.globalcitizen.org/en/content/forced-sterilization-girls-disabilities-hysterecto/

9. Nandakumar, U: സ്ത്രീശരീരത്തിന്റെ ഉടമസ്ഥാവകാശം- *വിജ്ഞാന കൈരളി;* Vol.51 (5), 2019.

10. Paul, Donald (2016): http://dspace.sctimst.ac.in/jspui/bitstream/123456789/10784/1/6760.pdf

11. Gnanaselvam, Nancy Angeline; Kumar, Samuel PK, et al, Quality of Life of People with Physical Disabilities in a Rural Block of Tamil Nadu, India; J. *Psychosoc. Rehabil.Ment. Health.* 4, 171 – 77, (2017).

12. Grosse, SD; Lollar, DJ; et al., Disability and Disability Adjusted Life Years: note the Same – *Public Health* Rep. , 2009 Mar-Apr, 124(2),; 197 – 202.

# ഭിന്നശേഷി :
# വിചാരമാതൃക വികാസം വിനിമയം

**ഡോ. ജയകുമാർ ആർ.**

**(അസിസ്റ്റൻറ് പ്രൊഫസർ, ഗവ. കെ.എൻ.എം. ആർട്സ് & സയൻസ് കോളേജ്, കാഞ്ഞിരംകുളം)**

അപരവത്കരണവും അന്യവത്കരണവും ഇല്ലാത്തതും വിവേചനരഹിതവുമായ സമൂഹമാണ് രാഷ്ട്രവികസനത്തിന്റെ ആണിക്കല്ല്. ഇതിനായി നമ്മുടെ സമൂഹം പുനർനിർമ്മിക്കപ്പെടേണ്ടതുണ്ട്. നവസമൂഹ നിർമ്മിതിയിൽ ഭിന്നശേഷിക്കാരുടെ സ്ഥാനം ഒട്ടും ചെറുതല്ല. അതായത് കെട്ടുറപ്പുള്ള ഒരു സമൂഹത്തെ നിർമ്മിച്ചെടുക്കാനുള്ള പ്രവർത്തനങ്ങളിൽ സവിശേഷമായ ഇടപെടൽ നടത്താൻ ഭിന്നശേഷിക്കാർക്ക് കഴിയും. എന്നാൽ പൊതുമണ്ഡലത്തിൽ ഭിന്നശേഷിക്കാർക്ക് അർഹമായൊരിടം നൽകാൻ സാംസ്കാരികോന്നതി അവകാശപ്പെടുന്ന നമ്മുടെ സമൂഹത്തിനായിട്ടുണ്ടോ? മനുഷ്യശരീരത്തിന് നിർവ്വചനങ്ങൾ കണ്ടെത്തിക്കൊണ്ട് ഒരു വ്യക്തിയുടെ ശാരീരിക/ മാനസിക പൂർണ്ണതയെ അളന്നു തിട്ടപ്പെടുത്തുകയും അതനുസരിച്ച് മനുഷ്യരെ പൂർണ്ണരെന്നും അപൂർണ്ണരെന്നും വർഗ്ഗീകരിക്കുകയും ചെയ്യുന്ന അശാസ്ത്രീയ പ്രവണത ഇന്നലെകളിലും ഒരു പരിധിവരെ ഇന്നുകളിലും സമൂഹത്തെ ബാധിച്ചിരിക്കുന്നു. ഈ ബാധയുടെ സാന്നിദ്ധ്യംകൊണ്ട് സമൂഹത്തിൽ അധികാര അടയാളങ്ങൾ നിശ്ചയി

ക്കപ്പെടുന്നു. പ്രസ്തുത അടയാളങ്ങളുടെ ബാഹുല്യമാണ് ഭിന്നശേഷിക്കാർക്ക് സമൂഹത്തിലും സമൂഹനിർമ്മിതിയിലും സ്ഥാനമില്ലാതാക്കുന്നത്.

സാമൂഹികജീവിയായ മനുഷ്യന്റെ മനോഭാവവും ചിന്തയും പെരുമാറ്റരീതിയും സമൂഹത്തിൽ തന്നെയാണ് നിർമ്മിക്കപ്പെടേണ്ടത്. അങ്ങനെ നിർമ്മിക്കപ്പെടുന്ന മനോഭാവത്തിൽ ശരീര നിർവ്വചനങ്ങൾ, പൂർണ്ണമായും തിരസ്കരിക്കപ്പെടണം. ഭിന്നശേഷിക്കാരുടെ ശേഷിപ്രകടനങ്ങൾക്കുള്ള പൊതുസംരംഭങ്ങൾ ബോധപൂർവ്വം സൃഷ്ടിക്കുന്നതോടൊപ്പം സാമൂഹിക നിർമ്മിതിയിൽ അവരുടെ ആശയങ്ങൾ കൂടി കോർത്തിണക്കേണ്ടതുണ്ട്. വിവേചനപരവും സഹതാപപരവുമായ മനോഭാവങ്ങൾക്കപ്പുറം അംഗീകാരത്തിന്റെയും അവസരലഭ്യതയുടെയും സാഹചര്യങ്ങൾ സൃഷ്ടിക്കപ്പെടണം.

ഭിന്നശേഷി എന്ന പദത്തിന്റെ യുക്തിഭദ്രതയും നീതിബോധവും നമ്മുടെ ചിന്താപരിസരത്തിൽ ആഴത്തിൽ ലയിച്ചുചേരണം. അത് അതിശക്തിയായി വ്യാപനം ചെയ്യപ്പെടേണ്ടതുമാണ്. എല്ലാവർക്കും എല്ലാ കഴിവുകളും ഉണ്ടാകണമെന്നില്ല. ഒരു വ്യക്തിയുടെ കഴിവില്ലായ്മയെ/ശേഷിക്കുറവിനെ (Disabiltiy) മാത്രം കാണുകയും അതനുസരിച്ച് അയാളെ വിശേഷിപ്പിക്കുകയും ചെയ്യുന്നതിനപ്പുറം ആ വ്യക്തിയുടെ കഴിവുകളെ/ശേഷികളെ കണ്ടറിഞ്ഞ് അയാളെ സമീപിക്കുകയെന്ന വളരെ ശാസ്ത്രീയമായ സാംസ്കാരികബോധം ഭിന്നശേഷി എന്ന പദം വിനിമയം ചെയ്യുന്നു. എന്നാൽ ഈ പദത്തിന്റെ ശരിയായ വിനിമയവും വിപുലമായ പ്രസരണവും സമൂഹ മനസ്സിലുൾച്ചേർന്നിട്ടുണ്ടോ? നമ്മുടെ വിവിധങ്ങളായ സാഹിത്യരൂപങ്ങളും മാധ്യമങ്ങളും പരിശോധിച്ചാൽ ഇതിനുള്ള ഉത്തരം വളരെ എളുപ്പത്തിൽ ലഭിക്കും; നാമിനിയും എത്രയോ ദൂരം മുന്നോട്ടു പോകേണ്ടിയിരിക്കുന്നു. ഉൾച്ചേർന്നുള്ള / സങ്കുലിതമായ (Inclusive) ജീവിതവും സംസ്കാരവും സാമൂഹിക അധികാരഘടനകളും ഉറപ്പുവരുത്തുന്നതിന് ഭിന്നശേഷിയുള്ളവർ എന്ന പദത്തിന്റെ സംവേദനശക്തി വളരെ വേഗത്തിൽ വ്യാപിക്കേണ്ടതുണ്ട്. മനുഷ്യത്വമെന്ന ശ്രേഷ്ഠമായ ഒരു

വികാരമാണ് നമ്മെ മനുഷ്യനാക്കിയതെങ്കിൽ ഭിന്നശേഷിക്കാരുടെ ഭിന്നങ്ങളായ/വ്യത്യസ്തമായ ശേഷികളെ കാണാനും അംഗീകരിക്കാനും അത് മറ്റുള്ളവരിലേക്കെത്തിക്കാനുമുള്ള മനുഷ്യത്വപരമായ കടമ ഓരോരുത്തരും ഏറ്റെടുക്കണം; അതാണ് കാലം ആവശ്യപ്പെടുന്നത്.

ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും വർഗ്ഗത്തിന്റെയും ദേശത്തിന്റെയും ലിംഗത്തിന്റെയും പേരിലുള്ള പാർശ്വവത്കരണത്തിനപ്പുറമുള്ള ഒരു വലിയ വിവേചനമാണ് ഭിന്നശേഷിക്കാർ പണ്ടുകാലം മുതൽ അനുഭവിച്ചത്. സ്വന്തം കുറ്റം കൊണ്ടല്ലാതെയാണിവർക്ക് ശാരീരികമായോ മാനസികമായോ പ്രശ്നങ്ങളുണ്ടായത്. മുമ്പ് പ്രചാരത്തിലിരുന്ന ഭാഷയിൽ പറഞ്ഞാൽ വികലാംഗർ അഥവാ വൈകല്യം ബാധിച്ചവർ. ശരിയായി വിദ്യാഭ്യാസം ചെയ്യാനോ സമൂഹജീവിയായി കഴിയാനോ സാധിക്കാത്ത ഇരുണ്ട കാലഘട്ടത്തെ തുടർന്ന് വെളിച്ചം വീശിത്തുടങ്ങിയെങ്കിലും അത് പൂർണമായില്ല. ഇരുളിന്റെ അംശങ്ങൾ പൂർണമായി മാറുന്നതിന് സമൂഹം പുനർനിർമ്മിക്കപ്പെടണം. കുറവുകൾ പൂർവ്വ ജൻമഫലമാണെന്ന് പറഞ്ഞ് ഒഴിവാക്കുകയല്ല വേണ്ടത്. ഒഴിവാക്കലിന്റെ വേദന ശേഷിക്കുറവിനെക്കാളുമുള്ള വലിയ വേദനയാണ്. സമൂഹത്തിലെ അശാസ്ത്രീയമായ ശ്രേണീവത്ക്കരണങ്ങളും അധികാരഘടനകളും ഒഴിവാക്കി വ്യക്തികളെയും ആശയങ്ങളെയും അംഗീകരിച്ചുകൊണ്ടുള്ള തുല്യതയുടെ നീതിശാസ്ത്രമാണ് ആവശ്യം.

സമൂഹത്തിലെ ഓരോ വ്യക്തികളുടെയും സമഗ്രമായ വികസനമാണ് രാഷ്ട്രവികാസമെന്ന് പറയുന്നത്. വ്യക്തിവികാസം പൂർണതയിലെത്തി അത് രാഷ്ട്രവികാസമായി മാറുമ്പോഴാണ് ഭരണകർത്താക്കളുടെ ദൗത്യം പൂർത്തീകരിക്കപ്പെടുന്നത്. ബാഹ്യതലസ്പർശിയായ ശ്രേണീകരണത്തിനപ്പുറം സൂക്ഷ്മതല നിരീക്ഷണത്തിനും അതിലൂടെ വ്യക്തിവികസനത്തിനും പ്രാധാന്യമുണ്ടാകുന്ന കാലത്തിന് ഇനിയും കാത്തിരിക്കണം. അശാസ്ത്രീയമായ വ്യക്തിവിഭജനങ്ങളും പാർശ്വവത്കരണവും കൊണ്ട് വിദ്യാഭ്യാസത്തിനുപോലും അസമത്വമുണ്ടാ

യിരുന്നു. വിവേചനങ്ങളെ കാറ്റിൽപ്പറത്തി പൊതുതാല്യപര്യത്തിന് വേണ്ടി കൈകോർക്കുമ്പോൾ പാർശ്വവത്കരണം അഥവാ അരികുവ ത്കരണം ഇല്ലാതാകുകയും അത് ഭിന്നശേഷിക്കാർക്ക് ഗുണകരമായി മാറുകയും ചെയ്യുന്നു.

ഭരണതലത്തിൽ നമ്മുടെ രാജ്യവും സംസ്ഥാനവും ഭിന്നശേഷി ക്കാരുടെ സമഗ്രവികസനത്തിന് യോജിച്ച കുറെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. വൈകല്യം കഴിയുന്നത്ര ഒഴിവാക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ, സാമ്പത്തികമായ ആനുകൂല്യങ്ങൾ, പഠനത്തിനും ജോലിക്കും ആവശ്യമായ സംവരണം തുടങ്ങിയ കാര്യങ്ങൾക്കപ്പുറം തുല്യനീതി, ഉൾച്ചേർക്കൽ, സാംസ്കാരിക സമത്വമുറപ്പാക്കൽ തുട ങ്ങിയ ഘടകങ്ങളിലും ദേശീയ-പ്രാദേശിക സർക്കാരുകൾ ശ്രദ്ധാലു ക്കളായി. ഇക്കാര്യങ്ങളിൽ കേരളം ഉത്തമ മാതൃകയാകുന്നതിൽ നമുക്ക് അഭിമാനിക്കാം. ഇതിന്റെ പ്രാരംഭമെന്നോണം ഭിന്നശേഷിക്കാരെ സമീപിക്കുന്നതിലും അവരെ സംബോധന ചെയ്യുന്നതിലുമൊക്കെ സമഗ്രമായ മാറ്റത്തിനു വേണ്ടിയുള്ള നിയമങ്ങളും കൊണ്ടുവന്നിട്ടുണ്ട്. നെഗറ്റീവായ പദപ്രയോഗങ്ങൾ (പൊട്ടൻ, മുടന്തൻ, മന്ദബുദ്ധി തുട ങ്ങിയവ) പൂർണമായും ഒഴിവാക്കുകയും ശേഷികളെ കേന്ദ്രീകരിച്ചുള്ള (ഭിന്നശേഷി വ്യാപനം ചെയ്യുന്നതരത്തിലുള്ള) പദങ്ങൾ ഔദ്യോഗിക തലത്തിൽ വ്യാപിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നു. അതിന്റെ ചെറിയ പ്രതിഫലനം കുറെ മേഖലകളിൽ ഉണ്ടായെങ്കിലും സമൂഹ ത്തിൽ പൂർണ്ണതോതിൽ നടപ്പിലായിട്ടില്ല.

നമ്മുടെ നാട്ടിൽ ഭിന്നശേഷി (differently abled) എന്ന പദത്തിന് സമഗ്രമായ പ്രചാരണം ഇനിയുമുണ്ടാകേണ്ടിയിരിക്കുന്നു. പദത്തിന്റെ അർത്ഥവ്യാപ്തി ഉൾക്കൊള്ളാൻ കഴിയാത്ത ഒരു ചെറിയ വിഭാഗമെ ങ്കിലും നമ്മുടെ സമൂഹത്തിലുണ്ടെന്നുള്ള വസ്തുത വിസ്മരിച്ചുകൂടാ; ആനുകൂല്യങ്ങൾക്കപ്പുറം സമൂഹത്തിലെ എല്ലാതലങ്ങളിലും ഭിന്നശേ ഷിക്കാർക്ക് അവസരങ്ങൾ ലഭിക്കുകയെന്ന മഹത്തായ ലക്ഷ്യം സാക്ഷാത്ക്കരിക്കുന്നതിന് വേണ്ടിയാകണം ഭരണവർഗ്ഗം ശ്രമിക്കേ ണ്ടത്. ആക്ഷേപഹാസ്യങ്ങൾ പൂർണമായി ഒഴിവാക്കി പ്രവർത്തിക്കാ

നുള്ള മനോഘടന സാമൂഹികമായി രൂപപ്പെടുത്തുക എന്നതുതന്നെയാണ് നിയമത്തെക്കാളേറെ അഭികാമ്യം. അത്തരത്തിലുള്ള ഒരു മാനസിക വ്യാപാരം/ചിന്താപരിസരം രൂപപ്പെടുമ്പോൾ മാത്രമാണ് അരികുവത്കരണത്തിൽ നിന്നും മാറി ഉൾച്ചേർക്കലിന്റെ മഹത്തായ തത്ത്വശാസ്ത്രത്തിലേക്കെത്തിപ്പെടാൻ സാധിക്കുന്നത്.

ഭിന്നശേഷിക്കാരുടെ സമഗ്രവികസനം സാധ്യമാകുന്നതിന് സമൂഹത്തിലുൾച്ചേർന്നുള്ള ജീവിതം അനിവാര്യമാണ്. ജീവിതം ഉൾച്ചേർന്നതാകുമ്പോൾ വിദ്യാഭ്യാസവും അങ്ങനെ തന്നെയായിരിക്കണം. ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസം ലഭിക്കാതിരുന്ന അവസ്ഥ മാറിയപ്പോൾ പ്രത്യേകവിദ്യാഭ്യാസം (Special Education) നടപ്പിലാക്കി. എന്നാൽ പ്രസ്തുത വിദ്യാഭ്യാസരീതിയിൽ ഭിന്നശേഷിക്കാർക്ക് അവരോട്മാത്രം ഇടപഴകാനുള്ള അവസരമേ ലഭിക്കുന്നുള്ളു. സമഗ്രവികസനവും ഉൾച്ചേർന്ന ജീവിതക്രമവും സാധ്യമാകുന്നതിന് ഭിന്നശേഷിക്കാർക്ക് സാധാരണ വിദ്യാർത്ഥികളോടുള്ള സഹവാസം വളരെ അനിവാര്യമാണ്. കൊണ്ടും കൊടുത്തുമുള്ള ശേഷീവിനിമയം നടക്കണം. ഭിന്നശേഷിക്കാർ അവരുടെ ശേഷികൾ പൊതുവായാണ് പ്രകടിപ്പിക്കേണ്ടത്. അങ്ങനെ പ്രകടിപ്പിക്കുമ്പോഴാണ് സാധാരണകുട്ടികൾ ഭിന്നശേഷിക്കാരുടെ ശേഷികളെ അംഗീകരിക്കുകയും കുറവുകളെ മറക്കുകയും ചെയ്യുന്നത്. ഇങ്ങനെ ലഭിക്കുന്ന അംഗീകാരം ഭിന്നശേഷിക്കാരിലുണ്ടാക്കുന്ന ആത്മവിശ്വാസം വളരെ വലുതാണ്. സങ്കുലിത അഥവാ ഉൾച്ചേരൽ വിദ്യാഭ്യാസ (Inclusive Education)ത്തിലൂടെ മാത്രമേ മേൽപ്പറഞ്ഞ സാധ്യതകൾക്ക് അവസരമുണ്ടാകുന്നുള്ളു.

ഭിന്നശേഷിവിദ്യാർത്ഥികളും അല്ലാത്തവരും ഒരു വിദ്യാലയത്തിൽ ഒരു ക്ലാസ്മുറിയിൽ ഒരേ അധ്യാപകരുടെ മേൽനോട്ടത്തിൽ പഠിക്കുന്ന അതിമഹത്തായ ഒരു ആശയമാണ് സങ്കുലിതവിദ്യാഭ്യാസം ലക്ഷ്യമിടുന്നത്. ശാരീരിക-മാനസിക-ബൗദ്ധിക അവസ്ഥകളെ പരിഗണിച്ചുകൊണ്ടുള്ള ഒരു ക്രോഡീകരണവും അതനുസരിച്ചുള്ള വിവേചനവും ഒഴിവാക്കലും ഇവിടെ സംഭവിക്കുന്നില്ല. എല്ലാത്തരം വിദ്യാർത്ഥികളും ഒരുമിച്ചുകഴിയുന്നു; ഒരുമിച്ച് പഠിക്കുന്നു; പരസ്പരം സഹാ

യിക്കുന്നു; കഴിവുകേടുകളെ മറക്കുകയും കഴിവുകളെ അംഗീകരിക്കുകയും ചെയ്യുന്നു. അധ്യാപകർ ഇതിനൊക്കെ മാതൃകയായി മാറുന്നു. എനിക്കും നിങ്ങളെപ്പോലെ നിങ്ങളോടൊപ്പം സാധാരണ സ്കൂളിൽ പഠിക്കണം; ഇത് എന്റെ അവകാശമാണ്. അതിനുള്ള സാഹചര്യമാണ് ഒരുക്കിത്തരേണ്ടത് - എന്ന ഭിന്നശേഷിക്കാരുടെ പ്രഖ്യാപനത്തിനുള്ള മറുപടിയാണ് യഥാർത്ഥത്തിൽ സങ്കുലിത വിദ്യാഭ്യാസ പ്രക്രിയ. കൊണ്ടും കൊടുത്തുമുള്ള സഹവാസപഠനം ഭിന്നശേഷി വിദ്യാർത്ഥികളിലും സാധാരണകുട്ടികളിലും ഉണ്ടാക്കുന്ന അനുഭൂതി വളരെ വലുതാണ്. ഭിന്നശേഷിക്കാരെ ഒപ്പം കൂട്ടുന്നതിനും വേണ്ടതരത്തിലുള്ള സഹായങ്ങൾ നൽകുന്നതിനും ആവശ്യമില്ലാത്ത സഹായങ്ങൾ നൽകാതിരിക്കുന്നതിനുമുള്ള മനസ്സ് സാധാരണ കുട്ടികളിൽ രൂപപ്പെടുന്നതോടൊപ്പം മറ്റുള്ളവരുടെ സഹായം സ്വീകരിച്ച് മുന്നേറാനുള്ള ഒരു മനസ്സ് ഭിന്നശേഷിക്കാരിലും രൂപപ്പെടുന്നുവെന്നതാണ് സങ്കുലിത വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ പ്രത്യേകത. Co-learning group, Group learning, Sharing of experience, Self evaluation തുടങ്ങി വിദ്യാർത്ഥികേന്ദ്രിതമായ പഠനഘട്ടങ്ങളിലൂടെ കടന്നുപോകുന്നതിന് ഈ വിദ്യാഭ്യാസക്രമത്തിലൂടെ ഭിന്നശേഷി കുട്ടികൾക്കും സാധിക്കുന്നു.

പ്രത്യേകവിദ്യാഭ്യാസത്തിൽ നിന്ന് സങ്കുലിതവിദ്യാഭ്യാസത്തിലേക്ക് എത്തുന്ന ഈ കാലഘട്ടത്തിൽ സമൂഹമനസ്സിന് വലിയ മാറ്റം സംഭവിക്കേണ്ടതുണ്ട്. വ്യത്യസ്തതലങ്ങളിലുള്ള ഭിന്നശേഷിക്കാർ (Midle, Moderate Severe) സാധാരണക്ലാസ്മുറിയിൽ എത്തിച്ചേരുമ്പോൾ അധ്യാപകസമൂഹവും രക്ഷിതാക്കളും നല്ല മനസ്സോടെ അത് അംഗീകരിക്കണം. തീവ്രവൈകല്യമുള്ള കുട്ടി ക്ലാസിലി രുന്നാൽ ക്ലാസ് പ്രവർത്തനങ്ങൾ സുഗമമായി നടത്താൻ കഴിയില്ലയെന്ന് ചില അധ്യാപകരും ഈ കുട്ടി ക്ലാസിലിരിക്കുന്നതുകൊണ്ട് തങ്ങളുടെ കുട്ടികൾക്ക് നന്നായി പഠിക്കാൻ കഴിയില്ല എന്ന് ചില രക്ഷിതാക്കളും വാദിക്കുന്ന സാഹചര്യമുണ്ട്. ഇവിടെയാണ് സമൂഹം പുനർനിർമ്മിക്കപ്പെടേണ്ടത്. ഭിന്നശേഷികുട്ടികൾ പഠനശേഷം ജീവിക്കേണ്ടത് പൊതു സമൂഹത്തിലാണെന്നതുകൊണ്ട് പഠനവും അങ്ങനെതന്നെയാക

ണമെന്ന ശാസ്ത്രീയ കാഴ്ചപ്പാട് സമൂഹത്തിൽ വ്യാപിക്കണം. അതിനനുസരിച്ച് കരിക്കുലത്തിന്റെ പുനർനിർമ്മാണവും വിനിമയവും ഉറപ്പുവരുത്തുക എന്നത് അധികാരവർഗ്ഗത്തിന്റെ കടമതന്നെയാണ്.

എന്തുനഷ്ടപ്പെട്ടു എന്നതിനെക്കാൾ, എന്ത് അവശേഷിക്കുന്നു എന്നതിനാണ് പ്രാധാന്യം. അവശേഷിക്കുന്നതിനെ കാണാനും വികസിപ്പിക്കാനുമുള്ള പ്രവർത്തനങ്ങൾ ചിട്ടയായി നടത്തുക എന്നതാണ് ലക്ഷ്യമാകേണ്ടത്. ഭിന്നശേഷിക്കാരെ സംബന്ധിച്ച് നഷ്ടപ്പെട്ടുവെന്ന് തോന്നുന്ന ശേഷികളെക്കുറിച്ച് വിലപിക്കാതെ, ഉള്ള ശേഷികൾ പരമാവധി വികസിപ്പിച്ച് സമീകരണ പ്രക്രിയ നടത്തുകയെന്നത് വളരെ പ്രാധാനമാണ്. അതിനു യോജിച്ച തരത്തിലുള്ള സഹായങ്ങളും പ്രോത്സാഹനവുമാണ് സമൂഹം അവർക്ക് നൽകേണ്ടത്. അവഗണനയും സഹതാപവും അമിത പരിഗണനകളും ഭിന്നശേഷിക്കാരെ അപരസ്ഥാനത്ത് നിർത്തുവാനേ ഉപകരിക്കുകയുള്ളു. അതുകൊണ്ട് ഭിന്നശേഷിക്കാരോട് സഹതപിക്കാതെ, പ്രവർത്തനങ്ങളിൽ അരുത്... അരുത്... എന്നുപറയാതെ നിയന്ത്രിത പരിഗണനയോടുകൂടി അവനെ ഒപ്പം കൂട്ടുകയാണ് വേണ്ടത്. ചെയ്യാൻ കഴിയുന്നതു മുഴുവൻ അവർ ചെയ്യട്ടെ. അതിന്റെ പൂർണതയോർത്ത് വിഷമിക്കേണ്ടതില്ല. ക്രമമായ പരിശീലനത്തിലൂടെ പലകാര്യങ്ങളിലും വിസ്മയങ്ങൾ സൃഷ്ടിക്കാൻ കഴിയും. വികസിപ്പിക്കാവുന്ന ശേഷികളെ മാനദണ്ഡമാക്കിയായിരിക്കണം സമൂഹം പെരുമാറേണ്ടത്. വാക്കുകളുടെ പ്രയോഗവും അങ്ങനെതന്നെയാകണം. വൈകല്യത്തെ ഉപയോഗിച്ചുള്ള സഹതാപസംബോധനകൾ (ഉദാ: കാല് സുഖമില്ലാത്തകുട്ടി, സംസാരിക്കാൻ കഴിയാത്ത കുട്ടി, കേൾവിയില്ലാത്ത കുട്ടി തുടങ്ങിയ) ഉപേക്ഷിച്ച് കഴിവുകളിലൂന്നിയുള്ള സംബോധനകൾ ഉണ്ടാകണം.

ചുരുക്കത്തിൽ ശരീരമല്ല വ്യക്തിയെ നിർണയിക്കുന്നതെന്ന സന്ദേശമുൾക്കൊണ്ട്, ജീവിതത്തിൽ തുല്യ അവസരം ഉറപ്പാക്കിയും സമൂഹനിർമ്മാണപ്രക്രിയയിൽ പങ്കാളിയാക്കിയും ഭിന്നശേഷിക്കാരുടെ വ്യക്തിത്വത്തിന് നിറം ചാർത്താൻ സമൂഹം മുന്നോട്ടുവരണം. അതിലൂടെ സമൂഹ-രാഷ്ട്രവികസന പ്രക്രിയയിൽ ഭിന്നശേഷിക്കാരും പങ്കുവഹിക്കട്ടെ!

*ഓൺലൈൻ റഫറൻസ്*


1. www.inclusive-education.org/publications/salamana-statement-and-framework-action-special-needs-education
2. kolharicommission(1965-66)
3. krishikosa.egranth.ac.in/bistream
4. www.disablity affirs.gov.in
5. www.azimpremjifoundation.org
6. www.teindia.nic.in
7. www.necrt.nic.in
8. https://www.jstort.org
9. mospi.nic.in/mospi_new/...india.../chapter % 203 % Definition_% 20 Disablility
10. ssa.nic.in/page_portlinks?foldername=inclusive-education

# ഡിസെബിലിറ്റിയും ലൈംഗികതയും

**നദീർ പയ്യോളി**

**(സ്പെഷ്യൽ എഡ്യുക്കേറ്റർ, ഭിന്നശേഷി സാമൂഹിക പ്രവർത്തകൻ)**

ലൈംഗികത എന്നത് നിരന്തരം പരിവർത്തനവിധേയമാകുന്ന ഒരു സങ്കല്പമാണ്. ലൈംഗികസ്വഭാവം, തദനുബന്ധമായ മറ്റ് ഘടകങ്ങളായ ലൈംഗിക വ്യക്തിത്വം, ചിന്ത, ആഭിമുഖ്യങ്ങൾ, ബന്ധങ്ങൾ മുതലായ ഘടകങ്ങളെ ഉൾക്കൊള്ളുന്ന ഒരു സംജ്ഞയാണത്. ലോകാരോഗ്യസംഘടനയുടെ (WHO) നിർവ്വചന പ്രകാരം: ലൈംഗിക ആഭിമുഖ്യം, കാമകല, സുഖാസ്വാദനം, തീവ്രബന്ധങ്ങൾ, പ്രത്യുത്പാദനം എന്നിങ്ങനെ മാനുഷികഭാവത്തിന്റെ കേന്ദ്രാംശമായി നിലനിൽക്കുകയും വ്യാപ്തി നേടുകയും ചെയ്യുന്ന ഒന്നാണ് ലൈംഗികത. ചിന്ത, ഭാവനാവിലാസം, അഭിലാഷങ്ങൾ, വിശ്വാസം, മനോഭാവങ്ങൾ, മൂല്യങ്ങൾ, സ്വഭാവ പ്രകൃതങ്ങൾ, അനുശീലനങ്ങൾ, ലൈംഗികധർമ്മങ്ങളും പരസ്പരബന്ധങ്ങളും എന്നിങ്ങനെ ബഹുതലത്തിലാണ് ലൈംഗികത പ്രകടമാവുകയും അനുഭവവേദ്യമാവുകയും ചെയ്യുന്നത്. ഇവയുമായി ബന്ധപ്പെട്ട ദൃശ്യഘടകങ്ങളൊക്കെയും ലൈംഗികത ഉൾക്കൊള്ളുന്നുവെങ്കിലും അവ പലപ്പോഴും അനുഭവവേദ്യമാവുകയോ പ്രകടമാവുകയോ ചെയ്യുന്നില്ല. ജീവശാസ്ത്രപരവും മനശ്ശാസ്ത്രപരവും രാഷ്ട്രീയപരവും നിയമപരവും ചരിത്രപരവും മതപരവും ആത്മീയവും സാമൂ

ഹികവും സാമ്പത്തികവും സാംസ്കാരികവും ധാർമ്മികവുമായ ഘടക ങ്ങളുടെ സമ്പർക്കം വഴി സ്വാധീനിക്കപ്പെടുന്ന ഒന്നാണ് ലൈംഗികത. (WHO, 2016)

ഇന്ത്യയിലാകട്ടെ ലൈംഗികത എന്നാൽ പ്രധാനമായും വീക്ഷി ക്കപ്പെടുക ഒരു നിഷിദ്ധവൃത്തി എന്ന നിലയിലാണ്; വിവക്ഷിക്കപ്പെ ടുന്നത് ലൈംഗികകർമ്മം, ലൈംഗികാതിക്രമം, ലൈംഗിക സുരക്ഷ, സ്വേച്ഛയാലല്ലാത്ത ഗർഭധാരണം എന്നിങ്ങനെയുള്ള ഉദ്ദേശ്യങ്ങളിലും. സ്ത്രീകളുടെ അഭിമാനം എന്ന സങ്കല്പത്തെ സംരക്ഷിക്കാനുതകുന്ന സാമൂഹിക സാംസ്കാരിക നിയമാവലികളാൽ ഈ പദപ്രയോഗം അങ്ങേയറ്റം സങ്കുചിതരൂപം പ്രാപിച്ചിട്ടുമുണ്ട്. ഇന്ത്യൻ വീക്ഷണം അനുസരിച്ച് മനുഷ്യശരീരമെന്നത് പൂർണ്ണതയുള്ളതും കുറ്റമറ്റതുമാണ്. അതോടൊപ്പം അംഗവൈകല്യം എന്നത് ഒരു അപഭ്രംശമായും മുജ്ജന്മ ദുഷ്കൃതങ്ങളുടെ (വിശിഷ്യാ മാതാവിന്റെ) ഫലമായുണ്ടാകുന്നതാ ണെന്നും കരുതപ്പെടുന്നു. ഈ സമീപനം മൂലം ഡിസെബിലിറ്റിക്കാര നായ ഒരാൾ കുടുംബത്തിന് ഭാരമായും അപമാനഹേതുവായും കരുതി പ്പോരുന്നു. ഇതുമൂലം ഡിസെബിലിറ്റിക്കാരോ അവരുടെ കുടുംബം മുഴുവനായോ സാമൂഹികമായ അവഗണന അനുഭവിക്കേണ്ടിവരികയും ഒരു അപകശകുനമെന്ന നിലയിൽ അപലപിക്കപ്പെടുകയും ചെയ്യുന്നു. ഡിസെബിലിറ്റിക്കാരെ മറ്റുള്ളവരുടെ സഹതാപവും സഹായവും അർ ഹിക്കുന്നവർ എന്നനിലയിൽ മാത്രം പരിഗണിക്കാനുള്ള പ്രവണതയും സമാന്തരമായി നിലനിൽക്കുന്നു. ഡിസെബിലിറ്റിയെ സംബന്ധിച്ച ഇത്തരത്തിലുള്ള അധികപങ്ക് വീക്ഷണങ്ങളും വെല്ലുവിളിക്കപ്പെടു കയും ഒരു സാമൂഹികനിർമ്മിതി എന്ന നിലയിൽ അഭിവീക്ഷിക്കപ്പെ ടുകയും ചെയ്യുമ്പോഴും ലൈംഗികതയെ കുറിച്ചുള്ള ധാരണകൾ മാറ്റമില്ലാതെ തുടരുകയാണ്.

ഈയിടെ രൂപീകൃതമായ ഡിസെബിൾഡ് വ്യക്തിയുടെ അവകാ ശത്തിനായുള്ള നിയമം (2016) പ്രകാരം ഐക്യരാഷ്ട്രസഭയുടെ ഡിസെ ബിലിറ്റിക്കാരുടെ അവകാശങ്ങൾക്കായുള്ള അന്താരാഷ്ട്രസമ്മേളനം മുന്നോട്ടുവെച്ച നിർദ്ദേശങ്ങൾക്കനുസരിച്ച് നിയമനിർമ്മാണങ്ങൾക്ക്

രൂപരേഖ യിടുകയുണ്ടായി. അതനുസരിച്ച് ഒരു ഡിസെബിൾഡ് വ്യക്തി എന്നാൽ, “ദീർഘകാലമായി ശാരീരികമോ മാനസികമോ ബോധ-ബുദ്ധിപരമോ ആയ വൈകല്യങ്ങൾ ഉള്ളവരും തദ്വാരാ മറ്റുള്ളവരുമായുള്ള ആശയ വിനിമയത്തിന് തടസ്സം നേരിടുന്നവരും അതുമൂലം സമൂഹവുമായുള്ള പൂർണ്ണവും ഫലപ്രദവുമായ സംവേദനം സാദ്ധ്യമല്ലാത്തവരുമാണ്.” (ഡിസെബിലിറ്റിക്കാരായ വ്യക്തികളുടെ അവകാശങ്ങൾക്കായുള്ള നിയമം, 2016.)

ഇന്ത്യയിൽ ഡിസെബിലിറ്റിയും ലൈംഗികതയും വിവാദവിഷയം കൂടിയാണ്. ഇത് സംബന്ധിച്ച് തുടരുന്ന മാധ്യമസംവാദങ്ങൾ അതിന് സാക്ഷ്യങ്ങളാണ്; ഒപ്പം മനുഷ്യാവകാശലംഘനങ്ങളും തുടർന്നുകൊണ്ടേയിരിക്കുന്നു. ഡിസെബിലിറ്റിക്കും ലൈംഗികതയ്ക്കും വ്യത്യസ്ത തരത്തിലുള്ള കളങ്കങ്ങളാണ് സമൂഹം ചാർത്തികൊടുത്തിരിക്കുന്നത്. ഡിസെബിലിറ്റിയുള്ള പുരുഷൻ ലൈംഗികശേഷി കുറഞ്ഞവനോ അമിതാസക്തിയുള്ളവനോ ആയിരിക്കുമെന്നും, ഡിസെബിലിറ്റിയായ സ്ത്രീ ദാമ്പത്യജീവിതത്തിനോ സന്താനോത്പാദനത്തിനോ ശേഷിയില്ലാത്തവരായിരിക്കും എന്നും മുൻവിധി സൂക്ഷിക്കുന്നു. അപ്രകാരം സജീവമായ പുരുഷത്വവും സ്ത്രീത്വവും അവഗണിക്കപ്പെടുകയും വൈവാഹിക-കുടുംബജീവിതം നയിക്കുന്നതിൽനിന്നും ക്രിയാത്മകമായ ലൈംഗികതയിൽനിന്നും അവർ വകഞ്ഞു മാറ്റപ്പെടുകയും ചെയ്യുന്നു.

ലിംഗസ്വത്വത്തെക്കുറിച്ചുള്ള ഇന്ത്യാക്കാരുടെ ധാരണകളിൽ ഏറ്റവും പ്രബലമായത് അത് യാഥാസ്ഥിതിക ലൈംഗികദ്വന്ദ്വത്തിൽ അധിഷ്ഠിതമാണെന്നതും ഇടയ്ക്കുള്ള ദ്വിലിംഗവ്യക്തിത്വത്തെ അവഗണിക്കുന്നു എന്നതുമാണ്. പിതൃദായക്രമത്തിൽ അധിഷ്ഠിതമായ ഇന്ത്യൻസാമൂഹികക്രമത്തിൽ പൊതുവെയുള്ള സ്ത്രീസ്വാതന്ത്ര്യ നിയന്ത്രണത്തോടൊപ്പം ലൈംഗികതയുടെ കാര്യത്തിൽ വിശിഷ്യായുള്ള വിധിവിലക്കുകളും നിലനിൽക്കുന്നുണ്ട്. ഇപ്രകാരം ഡിസെബിലിറ്റിക്കാരായ സ്ത്രീജനങ്ങളുടെ അവസ്ഥ അതേപ്രകാരമുള്ള പുരുഷന്മാരോട് താരതമ്യംചെയ്യുമ്പോൾ ഏറെ പരിതാപകരമായി

ത്തീരുന്നു. ഈ തരത്തിലുള്ള വിവേചനം സമൂഹത്തെ ലിംഗസ്വത്വത്തി ന്റെയും പ്രത്യുത്പാദനത്തിന്റെയും പേരിൽ പല തട്ടുകളിൽ നിർത്തു കയും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നു. ഇത്തരുണ ത്തിൽ ഇത് സംബന്ധിച്ച ഐക്യരാഷ്ട്രസഭയുടെ ജനസംഖ്യാഫണ്ടിന്റെ നിർവ്വചനം പ്രസക്തമാണ്: മനുഷ്യന്റെ പ്രതുത്പാദനാവസ്ഥ സംബ ന്ധിച്ച ശാരീരിക-മാനസിക-സാമൂഹിക ക്ഷേമാവസ്ഥയാണിത്. ജന ങ്ങൾക്ക് തൃപ്തികരവും സുരക്ഷിതവുമായ ലൈംഗികജീവിതത്തെ ഇത് അർത്ഥമാക്കുന്നു. ഒപ്പം പ്രത്യുത്പാദനശേഷിയെയും അതിന്മേ ലുള്ള നിയാമകശക്തിയെയും ഉറപ്പുവരുത്തുന്നു.

ലൈംഗിക-പ്രത്യുത്പാദന ആരോഗ്യത്തെക്കുറിച്ചുള്ള മേൽപ്പ റഞ്ഞ ഈ ആശയഗതി ലൈംഗികതയെക്കുറിച്ചും അതിന്റെ നാനാവ ശങ്ങളെക്കുറിച്ചുമുള്ള അറിവുകളുടെ അടിസ്ഥാനത്തിൽ നിഷ്കൃഷ്ട മായ അപഗ്രഥനമർഹിക്കുന്നതാണ്. പൂർണ്ണാർത്ഥത്തിലുള്ള ലൈംഗി കാരോഗ്യംകൊണ്ട് വിവക്ഷിക്കുന്നത് ലൈംഗികവും ലിംഗപരവുമായ അസ്തിത്വം, ലൈംഗിക സ്വഭാവപ്രകടനങ്ങൾ, ബന്ധങ്ങൾ, സുഖാനു ഭൂതി എന്നിവയും അതോടൊപ്പം ലൈംഗികത മൂലമുണ്ടാകുന്ന വിപര്യ യങ്ങളും(ലൈംഗികരോഗങ്ങൾ, അനൈച്ഛിക ഗർഭധാരണം, ഗർഭ ഛിദ്രം, ലൈംഗികാതിക്രമങ്ങൾ) ഉൾപ്പെടുന്നുണ്ട്.

ലൈംഗികവിദ്യാഭ്യാസം അതിന്റെ വിശാലാർത്ഥത്തിൽ ഒരു പാഠ്യവിഷയമായി അംഗീകരിക്കപ്പെട്ടിട്ടില്ല. (ലൈംഗികതയും ഡിസെ ബിലിറ്റിയും ഇന്ത്യൻ സാഹചര്യങ്ങളിൽ, 2018) വിദ്യാഭ്യാസ സ്ഥാപന ങ്ങളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഡിസെബിലിറ്റി ക്കാർക്ക് ഔപചാരിക വിദ്യാഭ്യാസം നിഷേധിക്കപ്പെടാൻ കാരണമായി ഭവിക്കുന്നുണ്ട്. ഇന്ത്യയിലെ മൊത്തം ഡിസെബിലിറ്റി ജനസംഖ്യയുടെ 69% താമസിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ സ്ഥിതിഗതികൾ കൂടുതൽ രൂക്ഷമായി തുടരുന്നു *(Disabled Persons in India- A statitical profile, 2016-2017).* അതോടൊപ്പം ലൈംഗികവിദ്യാഭ്യാസത്തെക്കുറിച്ചുള്ള സാമൂഹികനിയമങ്ങൾ ഇപ്പോഴും വിവേകരഹിതമാണ്. ഒരു ഡിസെ ബിലിറ്റിക്കാരനായ വ്യക്തി ലൈംഗികമായോ ശാരീരികമായോ പീഡി

പ്പിക്കപ്പെട്ടാൽ അതേക്കുറിച്ച് വ്യക്തമായ ധാരണയോ അറിവോ ഇല്ലാത്ത അയാൾ/അവൾ എങ്ങനെ അതേക്കുറിച്ച് പരാതിപ്പെടും? സ്ത്രീകളെ സംബന്ധിച്ച സംഭവങ്ങളിലാണ് ഇത്തരം ഒരവസ്ഥ സംജാതമാകുന്നത്. ഒന്നുകിൽ അവർ അതിനെക്കുറിച്ച് അജ്ഞരായിരിക്കും, ഇല്ലെങ്കിൽ സമ്മതിക്കേണ്ടിവന്നതായിരിക്കുകയും ചെയ്യും. സാധാരണഗതിയിൽ ഇത്തരം സംഭവങ്ങൾ മറച്ചു വെയ്ക്കപ്പെടും; ഇത്തരം നീചകൃത്യങ്ങളിൽ ഉൾപ്പെട്ടവർ അടുത്ത ബന്ധുക്കൾ തന്നെയാകുമ്പോൾ പ്രത്യേകിച്ചും. വിവരങ്ങൾ യഥാസമയം കൃത്യതയോടെ ആശയവിനിമയം നടക്കുന്നില്ല എന്നതിന്റെ പേരിൽ പരാതി ദുർബലമാക്കപ്പെട്ടുപോകും. ഇരകൾ അഭ്യസ്തവിദ്യരല്ലാതാകുമ്പോഴാണ് അത് സംഭവിക്കുക.

പ്രായപൂർത്തിയാകുമ്പോൾ പുരുഷശരീരത്തെ അപേക്ഷിച്ച് സ്ത്രീശരീരത്തിലാണ് ഗണ്യമായ പരിവർത്തനങ്ങൾ നടക്കുന്നത്. പ്രകൃതിദത്തമായ മാറ്റങ്ങളും അതിനെത്തുടർന്നുണ്ടാകുന്ന സ്വഭാവവ്യതിയാനങ്ങളും ഡിസെബിലിറ്റിയുണ്ട് എന്ന കാരണത്താൽ മാത്രം അടക്കിവെയ്ക്കാനും നിയന്ത്രിക്കാനും അവർ നിർബന്ധിതരാകുന്നു. ഇത്തരം നിയന്ത്രണങ്ങൾ അവരുടെ ഒറ്റപ്പെടൽ വർദ്ധിപ്പിക്കുകയും സാമൂഹികസമ്പർക്കം അസാദ്ധ്യമാക്കുകയും ചെയ്യും. ഇത് വിദ്യാഭ്യാസം, തൊഴിൽസമ്പാദനം, സുഹൃദ്‌വലയങ്ങൾ എന്നിവയിലേക്കുള്ള പ്രവേശനത്തെ തടസപ്പെടുത്തുന്നുണ്ട്. ഇതെല്ലാം ചേർന്ന് വ്യക്തിയുടെ സാമൂഹികവത്കരണം പൂർണ്ണതോതിൽ ദുഷ്കരമാക്കിത്തീർക്കുന്നു. ലൈംഗികാതിക്രമങ്ങളിലൂടെയുള്ള അനൈച്ഛിക ഗർഭധാരണം ഒഴിവാക്കുന്നതിനും ആർത്തവചക്രത്തിൽനിന്നും മോചനം ലഭിക്കുന്നതിനുംവേണ്ടി അവരെ നിർബന്ധിതമായി ഗർഭാശയം നീക്കം ചെയ്യുന്നതിന് വിധേയരാക്കുന്നുണ്ട്. 1994-ൽ പൂനെയിൽ ഇത്തരത്തിൽ രക്ഷിതാക്കളുടെ സമ്മതത്തോടെ ബുദ്ധിപരിമിതിയുള്ള സ്ത്രീകളെ കൂട്ടത്തോടെ ഗർഭാശയനിർമ്മൂലനത്തിന് വിധേയരാക്കുകയുണ്ടായി (മസൂദി, 2014). ഇതേ തുടർന്ന് വൈവാഹിക - ലൈംഗിക ജീവിതത്തോടുള്ള അവരുടെ അഭിനിവേശവും ശ്രമങ്ങളും ക്രൂരമായി അപഹരിക്കപ്പെടുകയാണ്; അതുവഴി ലൈംഗികചോദന ഇല്ലാത്തവരായും വൈവാഹികജീവിതത്തിന് അയോഗ്യരായും മാറ്റപ്പെടുന്നു.

ഡിസെബിലിറ്റിയുള്ള സ്ത്രീകൾ ലൈംഗികമായി വശംവദരാകാൻ എളുപ്പമാണ് എന്ന ധാരണയും സമൂഹം വെച്ചുപുലർത്തുന്നുണ്ട്. ഭിന്നശേഷിക്കാരായ യുവതികൾക്കെതിരെ ഇത്തരം സംഭവങ്ങൾ നിരന്തരം ആവർത്തിക്കുമ്പോഴും ആരാണ് ഉപദ്രവിച്ചത് എന്ന് അറിയാതെപോകുന്നു എന്നതാണ് മറ്റൊരു പ്രശ്നം. ശാരീരികമായ അപര്യാപ്തത അവരുടെ ചലനാത്മകതയെ പരിമിതപ്പെടുത്തുന്നതിനാൽ ഇത്തരം സംഭവങ്ങളിൽ അവർ കൂടുതൽ അക്രമങ്ങൾക്ക് വിധേയരാവുകയും ചെയ്യുന്നുണ്ട്. അന്വേഷണത്തിൽ പലപ്പോഴും അടുത്ത ബന്ധുക്കൾ തന്നെ ഉൾപ്പെടുന്നതായും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. ഇത്തരം ദുരനുഭവങ്ങൾക്ക് വിധേയരായവരെ തലമുണ്ഡനം ചെയ്യുകയും ആകർഷണീയത കുറയ്ക്കാൻ അനാകർഷകമായ വസ്ത്രങ്ങൾ ധരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അത്, ഡിസെബിലിറ്റിക്കാരായ സ്ത്രീകളുടെ മനസ്സിൽ ഈ അവസ്ഥയെ കുറിച്ച് വികലമായ ഒരു ചിത്രം സൃഷ്ടിക്കപ്പെടാനും സ്വയം നിന്ദ്യയാണെന്ന് ധരിക്കാനും തങ്ങൾ കുടുംബത്തിനും സമൂഹത്തിനും ഭാരമാണെന്ന ബോധത്തിലേക്ക് പോകാനും ഇടയാക്കുന്നുണ്ട്. അതീവ ദാരുണമായ മാനസികനിലയിലേക്കാണ് തദ്ഫലമായി അവർ എത്തിച്ചേരുക.

ഡിസെബിലിറ്റിക്കാരുടെ വിവാഹം ഇന്ത്യയിൽ അത്യന്തം വിവാദവിഷയം കൂടിയാണ്. ഭിന്നശേഷിക്കാരിയായ സ്ത്രീയ്ക്കാണെങ്കിൽ അത് സദാചാരവിരുദ്ധമായ പ്രവൃത്തിയെന്ന് മുദ്രയടിക്കുകയും അത്തരത്തിൽ ബന്ധത്തിലേർപ്പെടുന്നതിനെ വിലക്കുകയും ചെയ്യും. അതോടൊപ്പം തങ്ങൾ ചൂഷണം ചെയ്യപ്പെടുമെന്ന ഭയവും സാമൂഹികസമ്മർദ്ദവും അത്തരം ബന്ധങ്ങളിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനുള്ള സഹജമായ പ്രേരണയായും വർത്തിക്കാറുണ്ട്.

ഡിസെബിലിറ്റിക്കാർ ശിശുതുല്യരായി ഗണിക്കപ്പെടുന്നതിനാൽ സന്താനങ്ങളെ നോക്കാൻ കെല്പില്ലാത്തവരായി വീക്ഷിക്കപ്പെടുന്നുണ്ട്. ഇന്ത്യയിൽ ലൈംഗിക ബന്ധങ്ങൾ വൈവാഹികജീവിതത്തിലൂടെ മാത്രം അനുവദനീയമായ ഒന്നാണുതാനും. 2011-ലെ സെൻസസ് അനുസരിച്ച് ഡിസെബിലിറ്റിയുള്ള സ്ത്രീകളിൽ 46.87% പേർ മാത്രം

വിവാഹിതരായിട്ടുള്ളൂ. വലിയൊരു ശതമാനം (41.72%) അവിവാഹിതരും 10.29% പേർ വിധവകളുമാണെന്ന് കാണാം. ഇതേ സ്ഥിതിവിവരക്കണക്കുകൾ പ്രകാരം വിവാഹിതരാകുന്ന പുരുഷൻമാരുടെ എണ്ണം (62%) താരതമ്യേന കൂടുതലാണ്. വിഭാര്യരാകുന്ന ഡിസെബിലിറ്റി പുരുഷൻമാരുടെ എണ്ണം (6%) അതേസമയം കുറഞ്ഞിരിക്കുകയും ചെയ്യുന്നു *(Disabled Person in India: A statitical profile 2016-17).* ഡിസെബിലിറ്റിക്കാരായ പുരുഷൻമാർക്ക് സ്വത്തും ആസ്തിയും ഉണ്ടെന്ന കാരണത്താൽ വിവാഹജീവിതം സാദ്ധ്യമാകുമ്പോഴും സ്ത്രീധനസമ്പ്രദായം നിലനിൽക്കുന്നത് സ്ത്രീകൾക്ക് വിഘ്നമായി ഭവിക്കുന്നു.

ഇന്ത്യയിൽ സ്ത്രീകളുടെ പ്രത്യുത്പാദന ആരോഗ്യം അങ്ങേയറ്റം അവഗണിക്കപ്പെട്ട നിലയിലാണെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട് (Menon, 2018). ഇന്ത്യയിലെ പ്രസവാനുബന്ധ മാതൃമരണം (MMR) സംബന്ധിച്ച നിരക്കനുസരിച്ച് (2014–16) 130 ആണ്. അത് വലിയ സംഖ്യ തന്നെയാണ്. ഡിസെബിലിറ്റിക്കാരുടെ പ്രത്യേകമായ അവസ്ഥ പരിഗണിക്കുമ്പോൾ ഇതിനെക്കാൾ ശോചനീയമായ ഒരു ചിത്രമാണ് കാണാൻകഴിയുന്നത്. പൊതു ആരോഗ്യ കേന്ദ്രങ്ങളിലേക്കുള്ള ഡിസെബിലിറ്റിക്കാരുടെ പ്രാപ്യത ദുഷ്കരമായിരിക്കുന്നു എന്നതാണ് ഇതിന്റെ കാരണം (Gudlavallati, John, Allagh, Sagar, Kamala Kannan and Group, 2014). ആരോഗ്യകേന്ദ്രങ്ങളിലേക്ക് എത്തിപ്പെടാനുള്ള പ്രയാസം അമ്മയെയും കുഞ്ഞിനെയും ഒരുപോലെ ബാധിക്കുന്ന ഗുരുതരമായ പ്രശ്നമാണ്. എല്ലായ്പ്പോഴും ബന്ധുമിത്രാദികളാൽ അനുഗമിക്കപ്പെടുന്നതിനാൽ തങ്ങളുടെ ലൈംഗികാനുബന്ധ പ്രശ്നങ്ങൾ ഡോക്ടർമാരുമായി പങ്കുവെയ്ക്കുന്നതിലും ഡിസെബിലിറ്റിക്കാർ പ്രശ്നം നേരിടുന്നുണ്ട്.

ഇന്ത്യൻസാഹചര്യങ്ങളിൽ ഒരു സ്ത്രീയെന്നാൽ കീഴിലൊതുങ്ങേണ്ടവൾ എന്ന ധാരണ നിലനിൽക്കുന്നതിനാൽ ഡിസെബിലിറ്റിക്കാരായ സ്ത്രീകളുടെ കാര്യത്തിൽ അത് അങ്ങേയറ്റം ഹീനമാകുന്നു. പ്രത്യുത്പാദനവിഷയത്തിൽ എപ്പോൾ? എത്ര കുട്ടികൾ? എന്നീ വിഷയങ്ങളിൽ അവർക്ക് അഭിപ്രായസ്വാതന്ത്ര്യം അനുവദിക്കുന്നില്ല.

ഡിസെബിലിറ്റിക്കാരായ പുരുഷന്മാർ അത്തരക്കാരായ സ്ത്രീകളെ അപേക്ഷിച്ച് തങ്ങളുടെ അഭിലാഷങ്ങൾ പ്രകടിപ്പിക്കാനും വിവാഹിതരാകാനും ആരോഗ്യക്ഷേമസൗകര്യങ്ങൾ ഉറപ്പിക്കാനും സൗകര്യം ലഭിക്കുന്നവരായിരിക്കുന്നുണ്ട്.

2016-ലെ ഡിസെബിൾഡ് വ്യക്തികളുടെ അവകാശങ്ങൾ ക്കായുള്ള നിയമം അവരെ സംബന്ധിക്കുന്ന സവിശേഷപ്രശ്നങ്ങളെ പരാമർശിച്ചിട്ടുണ്ട്. ഈ നിയമപ്രകാരം (Section 25(2)K) ബന്ധപ്പെട്ട ഭരണകൂടവും പ്രാദേശിക അധികാരികളും ഡിസെബിലിറ്റിക്കാരുടെ ക്ഷേമത്തിനായി വേണ്ട നടപടികൾ കൈക്കൊള്ളുകയും പദ്ധതികൾ ആവിഷ്കരിക്കുകയുംവേണം. ഇതിൽ ഭിന്നശേഷിക്കാരായ സ്ത്രീകളുടെ ലൈംഗിക-പ്രത്യുത്പാദന ആരോഗ്യസുരക്ഷ പ്രധാനമായി നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ, ഡിസെബിലിറ്റിക്കാരിൽ അധികംപേരും ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ളവരായതിനാൽ ഗ്രാമങ്ങളിലെ പ്രാദേശിക അധികാരകേന്ദ്രങ്ങളുടെ പ്രവർത്തന നടപടികൾ, പദ്ധതികൾ എന്നിവയുടെ കാര്യക്ഷമത ഇപ്പോഴും ഉറപ്പുവരുത്താനായിട്ടില്ല എന്നത് വസ്തുതയായി അവശേഷിക്കുന്നു.

ഡിസെബിലിറ്റിക്കാരുടെ അവകാശങ്ങൾ (2016) സംബന്ധിച്ച ഭാഗത്ത് ഇത് സംബന്ധിച്ച നിബന്ധനകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വ്യക്തി സ്വാതന്ത്ര്യം, അതിക്രമങ്ങളിൽനിന്നുള്ള സംരക്ഷണം, ചൂഷണങ്ങളിൽനിന്നുള്ള സംരക്ഷണം ഇത്യാദി വിഷയങ്ങൾ അതിലുൾപ്പെടുന്നു. എന്നാൽ, ഡിസെബിലിറ്റിക്കാരുടെ പ്രത്യുത്പാദനപരമായ അവകാശങ്ങളെക്കുറിച്ച് പ്രത്യക്ഷമായ പരാമർശങ്ങൾ പത്താം അനുച്ഛേദം (സെക്ഷൻ 10) അനുസൃതമായി ഇതിലില്ല. ഡിസെബിലിറ്റിക്കാരനായ ഒരു വ്യക്തിയുടെ പ്രത്യുത്പാദനപരവും കുടുംബാസൂത്രണ സംബന്ധിയുമായ അവകാശങ്ങൾ ഉറപ്പുവരുത്തേണ്ടതാണ്. എന്നാൽ, ഇത് സംബന്ധിച്ച മതിയായ വിവരങ്ങൾ നൽകപ്പെടുന്ന കാര്യം അവ്യക്തമാണ്.

ലൈംഗിക-പ്രത്യുത്പാദന സംബന്ധിയായ അവകാശങ്ങൾ ആർജ്ജിക്കുന്നത് ഇന്ത്യൻ സാഹചര്യങ്ങളിൽ വലിയൊരു പ്രശ്നം

തന്നെയാണ്. ഇത് സംബന്ധിച്ച നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയും അവ്യക്തതയും ചുറ്റുപാടുമുള്ള ജനതയുടെ നിലപാടും ഇതിൽ സാരമായ പങ്ക് വഹിക്കുന്നുണ്ട്. അതേസമയം മതിയായ അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം ഒരു പ്രതിബന്ധം തന്നെയാണ്. ഡിസെബിലിറ്റിക്കാരിയായ ഒരു വനിതയെ സംബന്ധിച്ചിടത്തോളം തങ്ങളുടെ വിദ്യാലയങ്ങളിൽ അവരുടെ ആർത്തവ സംബന്ധിയായ ആവശ്യം നിറവേറ്റാനുള്ള പ്രാഥമികസൗകര്യം പോലും ലഭ്യമല്ല. പരിശീലനം സിദ്ധിച്ച പ്രവർത്തകരുടെ അഭാവവും ആവശ്യമായ സാധന സാമഗ്രികളുടെ ലഭ്യതക്കുറവും സ്ഥിതിഗതികൾ രൂക്ഷമാക്കുന്നു. പ്രത്യേകമായി രൂപകല്പന ചെയ്ത ശൗചാലയങ്ങൾ അടക്കമുള്ള സൗകര്യങ്ങളുടെ അഭാവം സ്ത്രീകളായ ഡിസെബിലിറ്റിക്കാരെ വിദ്യാഭ്യാസ ജീവിതത്തിൽനിന്നും പൊതുമണ്ഡലത്തിൽനിന്നും അകറ്റിനിർത്തുന്നതിൽ കാര്യമായ പങ്ക് വഹിക്കുന്നുണ്ട്.

16 സംസ്ഥാനങ്ങളിലെ 500 സ്കൂളുകളിൽ നടത്തിയ സ്ഥിതിവിവര പരിശോധന പ്രകാരം 60-ൽ താഴെ സ്കൂളുകളിൽ മാത്രമാണ് പെൺകുട്ടികൾക്കായി പ്രത്യേകം ശൗചാലയം സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. അതായത് ഏകദേശം 440 സ്കൂളുകളിൽ ഇവർക്കായി ശൗചാലയം ലഭ്യമല്ല (Sharma,2014). പ്രത്യുത്പാദന സംബന്ധിയായ അവകാശങ്ങളിൽ പ്രധാനമായ സന്താനോത്പാദനം സംബന്ധിച്ച (എണ്ണം, ഗർഭധാരണം തമ്മിലുള്ള അകലം, കാലനിർണ്ണയം) കാര്യങ്ങൾക്കൊപ്പം ലൈംഗിക - പ്രത്യുത്പാദന ജീവിതത്തിൽ മെച്ചപ്പെട്ട നിലവാരം ആർജ്ജിക്കുന്നതിനുള്ള ഉദ്യമങ്ങൾക്ക് തടസ്സമായി വേറെയും കാരണങ്ങളുണ്ട്. സമൂഹത്തിൽ ഇവരെ സംബന്ധിച്ച് നിലനിൽക്കുന്ന സാമൂഹിക - സാംസ്കാരിക തെറ്റിദ്ധാരണകൾ, ആരോഗ്യരംഗത്തെ വർദ്ധിച്ച ചെലവ്, ആരോഗ്യരംഗത്തെ ജീവനക്കാരുടെ മനോഭാവം, ആശയവിനിമയത്തിനുള്ള അപര്യാപ്തത, ആരോഗ്യകേന്ദ്രത്തിലേക്കുള്ള യാത്രാസൗകര്യങ്ങളുടെ അഭാവം എന്നിവ ഡിസെബിലിറ്റിക്കാരുടെ അംഗവൈകല്യത്തെ കൂടുതൽ ഗുരുതരാവസ്ഥയിലേക്ക് നയിക്കുന്നു.

പൂർണ്ണമായും സാമൂഹിക അവഗണന പേറുന്ന ഡിസെബിലിറ്റി സമൂഹം പുരോഗതി പ്രാപിക്കുകയും അവകാശങ്ങൾ കരഗതമാവു കയും ചെയ്യേണ്ടതുണ്ട്. അവർക്ക് ജീവിതത്തെ സാകല്യാവസ്ഥയിൽ അനുഭവിക്കുന്നതിന് പൗരസമൂഹത്തിന്റെയും ഭരണകൂടത്തിന്റെയും പൂർണ്ണ പിന്തുണ അനിവാര്യമാണ്. ഒപ്പം ഡിസെബിലിറ്റി ജീവിതങ്ങളെ ക്കുറിച്ചും അവരുടെ ലൈംഗികചോദനകളെ കുറിച്ചുമുള്ള അയഥാർത്ഥ ധാരണകൾ സമൂഹത്തിൽനിന്നും തുടച്ചുമാറ്റപ്പെടേണ്ടതുണ്ട്.

Work cited

1. *Disabled persons in India: A statitical profile* 2016, New Delhi: Ministry of statitics and programme implementation, Government of India, 2017.

2. Gudlavalleti, M.V; John,N; Allagh,K; Sagar,J; Kamala Kannan, S and Group, *Access to health care and employment status of people with Disabilities in South India,* the SIDE (South India Disbility Evidence) study, BMC Public health, 2014.

3. Masoodi,A, (2014, December 3) Sexual rights of disabled women, retrived July 5,2018 from Livemint: https://www.livemint.com/Politics/FDP pol4IJ0pX037spUU1kL/Sexual-rights-of-disabled-women.html

4. Menon,S, (2018, March 14), Women's reproductive health is the most neglected in our society, Retrived July 6,2018, from Huffpost: https://www.huffingtonpost.in/india-development-review/women-s-reproductive-health-is-the-most-neglected-thing-in-our-society-a-23385135/

5. WHO (2006) Defining sexual health: Report of a technical consultation on sexual health, 28-31 january 2002, Geneva, World Health Organization.

6. Tarshi, *Sexuality and Disability in Indian Context,* 2018.

7. *The rights of Person with disability Act,* Newdelhi: Ministry of Law and Justice, Government of India, 2016.

# ഭിന്നശേഷിക്കാരും സാമൂഹിക മനോഭാവവും: ഒരു സമകാലീന വിലയിരുത്തൽ

**അമത്തുനൂറ ടി.**

**(ഇസ്ലാമിക ചരിത്ര ഗവേഷക, കേരള പഠന വകുപ്പ്, കേരളസർവകലാശാല)**

വിവിധ തരത്തിൽ ഭിന്നശേഷിക്കാരായ വ്യക്തികളുണ്ട്. അവരും സമൂഹത്തിന്റെ ഭാഗം തന്നെയാണെങ്കിലും ചരിത്രം പരിശോധിക്കുമ്പോൾ അവർ മനുഷ്യരായിപ്പോലും പരിഗണിക്കപ്പെട്ടിരുന്നില്ല എന്നുകാണാം. സാധാരണ വ്യക്തികളെപ്പോലെ സമൂഹത്തിൽ ഇടപെടാനും പ്രവർത്തിക്കാനും ഇവർക്കും ആഗ്രഹവും പ്രതീക്ഷയുമുണ്ട്. എന്നാൽ, നിഷേധാത്മകമായ സാമൂഹിക മനോഭാവം കാരണം അവർ പൊതുസ്ഥലങ്ങളിൽനിന്ന് ഇന്നും മാറ്റി നിർത്തപ്പെടുന്നു. അവർ സമൂഹത്തിൽ നിന്നും പ്രതീക്ഷിക്കുന്നത് സഹതാപത്തിന് പകരം സഹഭാവമാണ്. ആധുനികസമൂഹത്തിൽ ഇനിയും ഇവരോടുള്ള മനോഭാവത്തിൽ മാറ്റങ്ങൾ വന്നുചേരാനുണ്ട്. ഭിന്നശേഷിക്കാരോടുള്ള സാമൂഹിക മനോഭാവത്തിൽ എന്തെങ്കിലും മാറ്റം സംഭവിച്ചിട്ടുണ്ടോ എന്ന പരിശോധനയാണ് ഈ പഠനം നിർവ്വഹിക്കുന്നത്.

## ഭിന്നശേഷി സങ്കല്പം

ശാരീരികമോ മാനസികമോ ആയ ഒരു അവസ്ഥയാണ് ഭിന്നശേഷി. എന്നാൽ, സാധാരണ കരുതുന്ന രീതിയിൽ പ്രവർത്തിക്കാൻ

പ്രാപ്തിയില്ലാത്ത ഒരു വ്യക്തിയെ ആണ് ഭിന്നശേഷിക്കാരൻ/ ഭിന്നശേഷിക്കാരിയായി മിക്ക ആളുകളും കരുതുന്നത്. ലാറ്റിൻ പദമായ ''ഡിസ്'' എന്ന പദത്തിൽനിന്ന് ഉരുത്തിഞ്ഞു വന്ന വാക്കാണ് ഡിസ ബിലിറ്റി. ഇത് അർത്ഥമാക്കുന്നത് ബുദ്ധിമുട്ടുള്ളത് എന്നതാണ്. വൈകല്യം നിർവചിക്കുന്നത് സംസ്കാരമാണ്. വ്യത്യസ്ത ഭിന്നശേ ഷിയുള്ള എല്ലാ ആളുകളെയും തരംതിരിക്കാനുള്ള പ്രവണത പാശ്ചാത്യ സമൂഹങ്ങളിൽ സമീപകാലത്ത് ഉടലെടുത്ത ഒരു പ്രതിഭാ സമാണ്.

'വികലാംഗർ' (ഡിസേബിൾഡ്) എന്ന വാക്കിന് സമൂഹങ്ങൾക്ക് അവരുടെ സ്വന്തം ഭാഷാർത്ഥത്തിൽ കൃത്യമായ തുല്യതയില്ല. അവയും ഇംഗ്ലീഷിലെ ഡിസബിലിറ്റി, ഹാൻഡിക്യാപ്പ്, ഇമ്പയർമെൻറ് എന്നീ ത്രിതല ആശയങ്ങളുമായി പൊരുത്തപ്പെടുന്നില്ല. ലോകാരോഗ്യ സംഘ ടനയും വൈകല്യസൈദ്ധാന്തികരും ഇതിനെ പിന്തുണയ്ക്കുന്നു; എന്നിരുന്നാലും അവയിൽ ചിലതിന് മലയാളത്തിൽ പ്രത്യേകമായി പദങ്ങളുണ്ട്-'ബധിരൻ', 'അന്ധൻ', 'മുടന്തൻ' തുടങ്ങിയവ. കൂടാതെ, ഏതെങ്കിലും ഒരു അവസ്ഥയെ വൈകല്യം ആയി കണക്കാക്കണ മെങ്കിൽ, സാധാരണ പ്രതീക്ഷിക്കുന്ന ധർമ്മങ്ങൾ നിറവേറ്റുന്നതിൽ നിന്ന് തടയുന്നു എന്ന് ബോധ്യമാകണം.

ഭിന്നശേഷിയുള്ളവർ കാലങ്ങളായി വിവിധതരത്തിലുള്ള പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്നു. ബുദ്ധിപരമോ മറ്റുത രത്തിലോ ഭിന്നശേഷിയുള്ള കുട്ടികളുടെ ജനനം പുറത്തുപറയാൻ മടിക്കുന്ന എത്രയോ മാതാപിതാക്കൾ ഇന്നും നമ്മുടെ സാക്ഷര കേരള സമൂഹത്തിലുണ്ട്. ഇതിനെല്ലാം കാരണം സമൂഹത്തിൽ നിലനിൽ ക്കുന്ന ഭിന്നശേഷിക്കാരോടുള്ള നിഷേധാത്മകമായ മനോഭാവമാണ്. ചരിത്രം പരിശോധിക്കുകയാണെങ്കിൽ ഭിന്നശേഷിക്കാരോടുള്ള സമീപനം വളരെ മോശമായിരുന്നെന്ന് കാണുവാൻ സാധിക്കും. അതിനൊരുദാഹരണം: പതിനാറാം നൂറ്റാണ്ടിൽ, ലൂഥർ, ജോൺ കാൽവിൻ തുടങ്ങിയ ക്രിസ്ത്യൻ പണ്ഡിതന്മാർ സൂചിപ്പിക്കുന്നത് മാനസിക വൈകല്യമുള്ളവരും മറ്റു വൈകല്യമുള്ളവരും ദുരാത്മാക്ക

ളാണ് എന്നാണ്. അതിനാൽ, പുരുഷാരവും അക്കാലത്തെ മറ്റ് മത നേതാക്കളും പലപ്പോഴും വൈകല്യമുള്ളവരെ മാനസികവും ശാരീരിക വുമായ വേദനയ്ക്ക് വിധേയരാക്കിയിരുന്നു. (Wayle.T.O.2005).

പത്തൊൻപതാംനൂറ്റാണ്ടിൽ സോഷ്യൽ ഡാർവിനിസത്തെ അനുകൂലിക്കുന്നവർ ദരിദ്രരായ ഭിന്നശേഷിക്കാർക്കുള്ള സർക്കാർ സഹായത്തെ നിരസിച്ചു. നമ്മുടെ പരിചയക്കാരുടെ അഭിപ്രായങ്ങൾ ശ്രദ്ധിച്ചാൽ അവർ ഭിന്നശേഷിയുള്ളവരെ എന്തോ ഒരു വസ്തുവായി ചിത്രീകരിക്കുന്നു എന്നുകാണാം. 'അയ്യോ, പാവം' എന്ന നിലയിൽ അവരെ അഭ്യസ്തവിദ്യരും അല്ലാത്തവരുമായ ആളുകൾ നിരീക്ഷണ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നു. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്ന വ്യക്തികൾ ഏറ്റവും പാർശ്വവൽക്കരിക്കപ്പെട്ടവർ ആകുന്നു. അവർ സാമൂഹിക വ്യതിചലനവും സാമൂഹിക ഒഴിവാക്കലും അടിച്ചമർത്തലുകളും സാംസ്കാരിക സമൂഹത്തിൽ അനുഭവിക്കുന്നു. (Awadhesh.K.S., 2008)

**സാമൂഹികമനോഭാവം**

മനോഭാവം എന്നത് ഒരു വ്യക്തിയെ/ഗ്രൂപ്പിനെ/വസ്തുവിനെ കുറിച്ചോ അല്ലെങ്കിൽ അവർ കാര്യങ്ങൾ എങ്ങനെ വിലയിരുത്തുന്നു എന്നതിനെക്കുറിച്ചോ ഉള്ള ഒരു വിധിയാണ്. വൈകല്യത്തിന്റെ സാമൂഹിക നിർവചനത്തിൽനിന്ന് ഒരാൾക്ക് മനോഭാവം ഒഴിവാക്കാനാവില്ല. മനോഭാവത്തിന് വൈകല്യമുള്ളവരുടെ ജീവിതത്തിൽ തടസ്സങ്ങൾ സൃഷ്ടിക്കാനോ അത് നീക്കംചെയ്യാനോ കഴിയും. ഒരു മനോഭാവം, മാറുന്ന വൈകാരികാവസ്ഥയെ സൂചിപ്പിക്കുന്നു. ഭിന്നശേഷിക്കാരോടുള്ള മനോഭാവം വാക്കിലൂടെയോ പ്രവൃത്തിയിലൂടേയോ മാത്രമല്ല, കൂടുതൽ വ്യക്തമായി മുഖഭാവം, പെരുമാറ്റം എന്നിവയിലൂടെയാണ് പ്രകടിപ്പിക്കുന്നതെന്നും നാം മനസ്സിലാക്കേണ്ടതാണ്. ശാരീരിക വൈകല്യങ്ങൾ മനസ്സിലാക്കുമ്പോൾ-വൈകല്യമുള്ള വ്യക്തിയോടുള്ള ഉടനടി പ്രതികരണം, അയാൾ മറ്റൊരു സാധാരണ മനുഷ്യന്റെ കൈവശമില്ലാത്ത എന്തെങ്കിലും വ്യത്യസ്തനായ കഴിവുകളുള്ള മനുഷ്യനാണ് എന്ന തരത്തിൽ മാറണം.

സഹതാപത്തോടെയാണ് സമൂഹം എന്നും ഭിന്നശേഷിയുള്ള വരെ കാണുകയും അവരോട് ഇടപെടുകയും ചെയ്തിട്ടുള്ളത്. സ്വന്തം കുടുംബാംഗങ്ങളിൽ നിന്നും അടുത്ത് ഇടപഴകുന്നവരിൽനിന്നും അവ ർക്ക് ലഭിക്കുക കൂടുതലായ സംരക്ഷണം, അല്ലെങ്കിൽ പൂർണ്ണമോ ഭാഗികമോ ആയ അവഗണന ആയിരിക്കും. പരിമിതിയുള്ള കുട്ടിക ളുടെ കാര്യത്തിൽ അവരുടെ രക്ഷിതാക്കൾ ഓരോ കാര്യത്തിലും ശ്രദ്ധ പുലർത്തേണ്ടതുണ്ട്. അവനെ അല്ലെങ്കിൽ അവളെ തന്റെ മറ്റു കുട്ടികളെ പ്പോലെ വളർത്തി എടുക്കേണ്ടത് അവരുടെ കടമയാണ്. എന്നാൽ, സമൂഹവും ബഹുഭൂരിപക്ഷം വരുന്ന രക്ഷിതാക്കളും ഇവരെ എല്ലാ കാര്യങ്ങളിൽനിന്നും മാറ്റി നിർത്തുന്നു. ഈ തിരസ്ക്കരണം ഏറ്റവും കൂടുതൽ കാണപ്പെടുന്നത് വിദ്യാസമ്പന്നരായ രക്ഷിതാക്കളിലാ ണെന്നത് വളരെ വിഷമകരമായ അവസ്ഥയാണ്.

മറ്റൊരു വിഭാഗം മാതാപിതാക്കൾ അവരുടെ കുട്ടിയെ ഒരിക്കലും വളരാൻ അനുവദിക്കുകയില്ല. അതായത് അവരിലുള്ള കഴിവുകളെ ഉപയോഗിക്കുവാനോ പരിശ്രമിക്കുന്നതിനോ ഉള്ള അവസരം നൽ കുന്നില്ല. മാത്രമല്ല കുട്ടിയുടെ ആവശ്യങ്ങളും അവർ തന്നെ ചെയ്തു കൊടുക്കുന്നു, ഉഷ ഭട്ടിന്റെ അഭിപ്രായത്തിൽ ഭിന്നശേഷിക്കാരോടുള്ള സാമൂഹിക മനോഭാവത്തിൽ പ്രധാനമായും നാല് ഘട്ടങ്ങൾ ഉണ്ട്. 1) വെളിപ്പെടുത്തലും ഒഴിവാക്കലും. 2) പരിചരണവും സംരക്ഷണവും 3) വിദ്യാഭ്യാസവും തൊഴിലധിഷ്ഠിത പരിശീലവും 4) സാമൂഹിക സ്വാംശീകരണം എന്നിവയാണവ.

**വെളിപ്പെടുത്തലും ഒഴിവാക്കലും**

പുരാതനകാലം മുതൽ മധ്യകാലഘട്ടംവരെ സാമൂഹിക മനോ ഭാവത്തിന്റെ ആദ്യഘട്ടം ആരംഭിക്കുന്നതായി കാണാം. ഭിന്നശേഷി യുള്ളവരെ ഗോത്രമുഖ്യന്മാർ ഒരു കാരണവും കൂടാതെ കൊലപ്പെടു ത്തിയിരുന്നു. പുരാതന ഗ്രീക്ക് സമൂഹങ്ങളിൽ പൊതുവെ ഭിന്നശേഷി യുള്ള കുട്ടികളെ പൊതുസ്ഥലങ്ങളിൽ ഉപേക്ഷിക്കുകയും ശിശുഹ ത്യക്ക് വിധേയമാക്കുകയും ചെയ്തിരുന്നു.

നേരെ മറിച്ച്, വികലാംഗശിശുക്കളെ നന്നായി വളർത്തിക്കൊണ്ടുവന്ന നിരവധി സമൂഹങ്ങളുമുണ്ട്. ദുർബലമായ കാലുകളുള്ള ശിശുക്കളെ അവരുടെ അമ്മമാർ കൗമാരപ്രായംവരെ മുതുകിൽ ചുമന്ന് നടന്നിരുന്നതായി കാണാൻ സാധിക്കും. എന്നാൽ, അങ്ങേയറ്റത്തെ പാരിസ്ഥിതികസമ്മർദ്ദത്തിന്റെ അല്ലെങ്കിൽ മർക്കടമുഷ്ടിയുള്ള സാമൂഹിക മനോഭാവത്തിന്റെ സാഹചര്യങ്ങളിൽ, പ്രായപൂർത്തിയായ ഭിന്നശേഷിയുള്ളവരെ ഉപേക്ഷിച്ചുപോകുന്ന പ്രവണതയും പുരാതനകാലഘട്ടത്തിൽ സംഭവിച്ചു. അവർ ഒരു ദുഷ്ടമനുഷ്യനെ പ്രതിനിധീകരിക്കുന്നുവെന്ന അന്തർലീനമായ വിശ്വാസമാണ് ശിശുഹത്യയെ പിന്തുണക്കുന്നവരുടെ ഏറ്റവും സാധാരണമായ ന്യായീകരണം. സ്ത്രീകൾ താത്പര്യമില്ലാതെ ഇണചേർന്നാൽ ഭിന്നശേഷിയുള്ള കുഞ്ഞുങ്ങൾക്ക് ജന്മം നൽകുമെന്ന ധാരണയും അക്കാലത്തുണ്ടായിരുന്നു. പിൽക്കാല സമൂഹം അതിനെ മുൻകാലപാപത്തിന്റെയും പ്രവൃത്തികളുടെയും പ്രതിഫലമായി കണക്കാക്കി. അതിൽനിന്നും വ്യത്യസ്തമായി സമകാലീനസമൂഹം, ഗർഭത്തിൽ ഇരിക്കെത്തന്നെ കുഞ്ഞിന് എന്തെങ്കിലും കുഴപ്പങ്ങളോ പ്രശ്നങ്ങളോ ഉണ്ടോ എന്ന് ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും സഹായത്തോടെ കണ്ടെത്തി ഗർഭഛിദ്രത്തിന് ഇരയാക്കുന്നു. ഇവിടെ മനുഷ്യന്റെ ഏറ്റവും മഹത്തായ, ജീവിക്കാനുള്ള അവകാശത്തിന് തടയിടപ്പെടുന്നു.

ഗർഭസ്ഥശിശുക്കളുടെ വൈകല്യം പരിശോധനയിലൂടെ നിർണ്ണയിക്കുകയും അതിനെ അലസിപ്പിക്കയും ചെയ്യുന്ന രീതി ഇന്ന് നമ്മുടെ ആധുനികസമൂഹത്തിൽ കണ്ടുവരുന്ന പ്രവണതയാണ്. ഈ സങ്കല്പത്തെ കുറിച്ച് ഭിന്നശേഷി പ്രവർത്തകനും അഭിഭാഷകനുമായ ലിസ ബ്ലം ബർഗിന്റെ അഭിപ്രായത്തിൽ: 'ഈ പരിശോധനകളുടെ സാമൂഹിക ലക്ഷ്യം ഭിന്നശേഷിക്കാരുടെ തത്സമയ ജനനസാധ്യത കുറക്കുക' എന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന വൈകല്യമുള്ള വ്യക്തികളെ ഇത് എങ്ങനെ ബാധിക്കും? തിരഞ്ഞെടുത്ത ഗർഭച്ഛിദ്രത്തിന്റെ നിയമസാധ്യതയെ കുറിച്ചുള്ള ചോദ്യവും ഇത് ഉയർത്തുന്നു. ഈ മേഖലയിൽ മനുഷ്യജീവിതത്തിന്റെ മൂല്യം, ജനനത്തിനു മുമ്പുള്ള പരിശോധനകൾ, ഭിന്നശേഷിക്കാരുടെ അവകാശങ്ങൾ, സാമൂഹ്യനീതി എന്നീ

വ്യത്യസ്തമായ വാദമുഖങ്ങൾ ഉയർന്നുവന്നു (Smitha. N.2016). സാമൂഹിക ഐക്യം, സംയോജനം, സാമൂഹികപങ്കാളിത്തം എന്നിവ സാമൂഹിക ഒഴിവാക്കലിന്റെ വിപരീതമായി പ്രവർത്തിക്കുന്നു.

**പരിചരണവും സംരക്ഷണവും**

വ്യക്തീകരണം, തള്ളിക്കളയൽ എന്നീ രണ്ടുസാമൂഹിക മനോഭാവത്തെ തുടർന്ന് ഭിന്നശേഷിക്കാർക്ക് പരിചരണവും സംരക്ഷണവും ലഭിച്ചു. വടക്ക് ക്രിസ്ത്യൻ പുരോഹിതന്മാരുടെയും കിഴക്ക് ബുദ്ധ പുരോഹിതന്മാരുടെയും മതപ്രബോധനത്തിന്റെ ഫലമായി ഈ സമീപനത്തിന് കൂടുതൽ ഉത്തേജനം ഉണ്ടായി. ഇരുമതങ്ങളും ഭിന്നശേഷിക്കാരെ പ്രത്യേക ആനുകൂല്യങ്ങൾ ലഭിക്കുന്ന വിഭാഗത്തിലേക്ക് ഉൾപ്പെടുത്തിക്കൊണ്ട് എല്ലാവരുടെയും സംരക്ഷണത്തെ ബലപ്പെടുത്തി.

പരിരക്ഷണം എന്നത് നിർവചിക്കുമ്പോൾ ഔപചാരികമോ അനൗപചാരികമോ ആയ സംരംഭങ്ങളുടെ കൂട്ടം എന്ന് സാമാന്യമായ അർത്ഥം ലഭിക്കും. അങ്ങേയറ്റം പാവപ്പെട്ട വ്യക്തികൾക്കും ജീവനക്കാർക്കും സാമൂഹികസഹായം, സാമൂഹികമായ പ്രത്യേക പരിചരണം ആവശ്യമുള്ള അല്ലെങ്കിൽ നിരസിക്കപ്പെടുന്ന വിഭാഗങ്ങളിലേക്കുള്ള അടിസ്ഥാനസേവനങ്ങൾ എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. ഇത്തരത്തിലുള്ള ഇടപെടലുകളിൽ മാനുഷിക-സാമ്പത്തിക സഹായം മുതൽ തൊഴിൽ-വരുമാന നയങ്ങളിൽ വരെ സാമൂഹിക ഉൾപ്പെടുത്തൽ നയങ്ങളോടുകൂടിയ സഹകരണം സൃഷ്ടിക്കപ്പെടേണ്ടതാണ്. സമീപകാല സാമൂഹികനിലയിൽപോലും ഭിന്നശേഷിക്കാരെ സംരക്ഷിക്കുന്ന രീതി പരിതാപകരമായി തുടരുന്നു. പലരും സംരക്ഷണം ഏറ്റെടുക്കുന്നത് ഭാരമെന്ന നിലയിലുള്ള കാഴ്ചപ്പാടോടുകൂടിയാണ്. വിവാഹപ്രായമെത്തിയ ഭിന്നശേഷിയുള്ള പെൺകുട്ടിയെ ഏറ്റെടുക്കാനും സംരക്ഷിക്കാനും മടിക്കുന്നത് ഉദാഹരണമാണ്.

ഭിന്നശേഷിയുള്ള കുട്ടികളുടെ മാനദണ്ഡവുമായി പൊരുത്തപ്പെടാൻ അവർ നിർബന്ധിതരാകുന്നു; പൊരുത്തപ്പെടാൻ കഴിയാതെ വരുമ്പോൾ സമൂഹം അവരെ ഉപേക്ഷിക്കുന്നു. അത്തരം കുട്ടികളെ

ഭാരമായി കാണുന്നതിനുള്ള കാരണം അവരുടെ ആവശ്യങ്ങൾ സാധാരണ പൗരമാരിൽ നിന്നും വ്യത്യസ്തമാണ് എന്നതുകൂടിയാണ്. ഈ കുട്ടികൾക്കു കൂടുതൽ ശ്രദ്ധയും പരിചരണവും ആവശ്യമുള്ള പ്പോൾത്തന്നെ ധാർമ്മികവും സാമ്പത്തികവുമായ പിന്തുണയും അധികമായി നൽകേണ്ടി വരും.

## വിദ്യാഭ്യാസവും തൊഴിലധിഷ്ഠിതപരിശീലവും

നവോത്ഥാനകാലഘട്ടത്തിന്റെ ആവിർഭാവത്തോടെ വൈക ല്യത്തെ കുറിച്ചുള്ള സാമൂഹികധാരണയുടെ മൂന്നാമത്തെ ഘട്ടം ആരം ഭിക്കുന്നു. എല്ലാവർക്കും ഔപചാരിക വിദ്യാഭ്യാസം ലഭിച്ചു എന്നതാ യിരുന്നു കാരണം. ഭാവിയിലെ സംഭവവികാസങ്ങളിൽ പ്രധാന മാറ്റങ്ങൾക്ക് അത് കാരണമായിത്തീർന്നു. അന്താരാഷ്ട്രതലത്തിൽ ഈ പ്രശ്നം കഴിഞ്ഞ ഒരു നൂറ്റാണ്ടിൽ കൂടുതൽ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. മനുഷ്യാവകാശങ്ങളെ കുറിച്ചുള്ള പ്രസ്താവനകളുടെയും പ്രഖ്യാപന ങ്ങളുടെയും ഒരു പരമ്പര വികസിപ്പിച്ചുകൊണ്ട് എല്ലാവർക്കും വിദ്യാഭ്യാസത്തിനുള്ള അവകാശത്തിനൊപ്പം വൈകല്യമുള്ളവർക്ക് തുല്യവും സ്വീകാര്യയോഗ്യവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ഉറപ്പുവരുത്താൻ കഴിഞ്ഞത് പ്രത്യേക വിദ്യാഭ്യാസ ആവശ്യങ്ങൾക്കാ യുള്ള പ്രവർത്തനത്തിനുള്ള സലാമാൻക പ്രസ്താവനയും ചട്ടക്കൂടും കാണുക. യുനെസ്കോ, 1994; വികലാംഗരുടെ അവകാശങ്ങൾ സംബ ന്ധിച്ച യു.എൻ. കൺവെൻഷൻ കൂടാതെ ഓപ്ഷണൽ പ്രോട്ടോക്കോൾ യുഎൻ ജനറൽ അസംബ്ലി, 2007; വിദ്യാഭ്യാസത്തെക്കുറിച്ചുള്ള ലോക പ്രഖ്യാപനം (യുനെസ്കോ, 1990); (Cathy.L.2017)].

ഭിന്നശേഷിക്കാരുടെ വിദ്യാഭ്യാസത്തിന്റെ ആവശ്യകത സ്വാത ന്ത്ര്യത്തിന് മുമ്പുള്ള ഇന്ത്യയിലെ ആശയമാണ്. ഭിന്നശേഷിയുള്ള വർക്ക് അവസരങ്ങളുണ്ടായിരുന്നതിന് നിരവധി അടയാളങ്ങൾ ഇന്ത്യാചരിത്രത്തിലുണ്ട്. 1880-കളിൽ ക്രിസ്ത്യൻ മതപ്രചാരകർ ദാന ധർമ്മത്തിന്റെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കായി പ്രത്യേക സ്കൂളുകൾ ആരംഭിച്ചു. മാത്രമല്ല പ്രത്യേക ശില്പശാലകൾ, മോഡൽ സ്കൂളുകൾ, സെൻട്രൽ ബ്രെയിൽപ്രസ്സുകൾ, തൊഴിൽ എക്സ്ചേ

ഞ്ചുകൾ എന്നിവ നിർമ്മിച്ചു. ഇത്തരത്തിലുള്ള സ്കൂളുകൾ കൂടുതലും നഗരപ്രദേശങ്ങളിലാണ് സ്ഥാപിക്കപ്പെട്ടിരുന്നത്. ഒരു നൂറ്റാണ്ടിലേറെ കാലമായിട്ടും ഭിന്നശേഷിക്കാർക്കുള്ള വിദ്യാഭ്യാസസ്ഥാപങ്ങളിൽ നിന്നും വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം മുഖ്യധാരാസമൂഹ ത്തിലേക്ക് പ്രവേശിക്കാൻ ഈ കുട്ടികൾക്ക് കഴിഞ്ഞില്ല. കാരണം അവരെ മറ്റുള്ളവരോടൊപ്പം പഠിപ്പിക്കാനാവില്ലെന്ന വിശ്വാസം സമൂ ഹത്തിൽ നിലനിന്നു. ഭിന്നശേഷിയുള്ളവരുടെ ജീവിതസാധ്യത വിപുലീകരിക്കുന്നതിന് വിദ്യാഭ്യാസം നിർണ്ണായകമാണ്.

സമീപകാലങ്ങളിൽ ഇതിൽ നിന്നും വ്യസ്തമായി ചിന്തിച്ചതു കൊണ്ട് ഇന്ത്യൻസമൂഹത്തിലെ ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരെ സാധാരണസമൂഹത്തിലെ അംഗങ്ങളാക്കി സമന്വയിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, ഭിന്നശേഷി കുട്ടികൾക്കാ യുള്ള ഇന്റർഗ്രേറ്റഡ് ഫോർ ഡിസേബിൾഡ് ചിൽഡ്രൻ എന്ന പദ്ധതി 1974-യിൽ ഇന്ത്യാസർക്കാർ കൊണ്ടുവന്നു. അറിവ്, വിദ്യാഭ്യാസ പ്രവേ ശനം, സാങ്കേതികവിദ്യ എന്നിവയുടെ അഭാവംമൂലം ഭിന്നശേഷിയുള്ള കുട്ടികളെ തുടക്കത്തിൽ ഇതിൽനിന്നും വേർതിരിക്കുന്ന മനോഭാ വമാണ് ആദ്യകാലഘട്ടങ്ങളിൽ നിലനിന്നിരുന്നത്. പിന്നീട് ഇവരുടെ പ്രത്യേക സ്കൂളുകൾ നടത്തി. സമീപകാലത്ത്, ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സാധാരണ കുട്ടികളെപ്പോലെത്തന്നെ പൊതു വിദ്യാലയ ങ്ങളിൽ പ്രവേശനം നൽകാൻ തുടങ്ങിയിട്ടുണ്ട്. ഓരോ കുട്ടിയെയും അവരുടേതായ രീതിയിൽ പഠിക്കാൻ അനുവദിക്കണമെന്ന് വിദ്യാ ഭ്യാസ വിദഗ്ദ്ധർ ഇപ്പോൾ കരുതുന്നു. കുട്ടികളുടെ വൈകല്യങ്ങളോ പരിമിതികളോ പരിഗണിക്കാതെ സ്കൂളുകൾ അവരുടെ വിദ്യാഭ്യാസ ആവശ്യങ്ങൾ നിറവേറ്റണം എന്നതാണ് അടിസ്ഥാന ആശയം. ഇൻക്ലൂസിവ് എഡ്യൂക്കേഷൻ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എല്ലാ പ്രോഗ്രാമുകളിലും എല്ലാ കുട്ടികളെയും പങ്കെടുക്കാൻ അനുവദിക്കുന്ന നയവും പ്രക്രിയയുമാണ്. അതായത് മറ്റു കുട്ടികൾക്കായി ഉദ്ദേശിച്ചി ട്ടുള്ള എല്ലാ വിദ്യാഭ്യാസ പരിപാടികളിലും ഭിന്നശേഷിയുള്ള കുട്ടികളെ യാതൊരു നിയന്ത്രണവുമില്ലാതെ സ്വീകരിക്കണം. ഇത് സമത്വത്തെ സൂചിപ്പിക്കുന്നു. ഒപ്പം എല്ലാ കുട്ടികളെയും സ്വീകരിക്കുക എന്ന ഈ

തത്ത്വം എല്ലാ അന്തർദേശീയ-ദേശീയ-പ്രാദേശിക പരിപാടികളിലും അംഗീകരിക്കേണ്ടതാണ്. ഭിന്നശേഷിക്കാരായ കുട്ടികളെ ഉൾപ്പെടുത്തുന്നതിന്റെ ലക്ഷ്യം, അവരുടെ പരിചരണം മുതൽ വിദ്യഭ്യാസ വ്യക്തിത്വവികാസം വരെയുള്ള സേവനങ്ങൾ ഉറപ്പുവരുത്തുക എന്നതാണ് (Maya .T.1999).

## സാമൂഹിക സ്വാംശീകരണം

ഭിന്നശേഷിയുള്ള വ്യക്തിയെ എപ്പോഴും അനുകമ്പയും സഹതാപവും ചൊരിയാനുള്ള വസ്തുവായി കണക്കാക്കുന്നു. എന്നിരുന്നാലും, അടിസ്ഥാന പുനരധിവാസതത്ത്വം ഭിന്നശേഷിക്കാരെ കൂടുതൽ കൃത്യമായ ദിശയിലേക്ക് സഞ്ചരിക്കാൻ പ്രാപ്തരാക്കുന്നു. പത്തൊമ്പതാം നൂറ്റാണ്ടിൽത്തന്നെ പുനരധിവാസമേഖലയിൽ ശ്രദ്ധേയമായ മുന്നേറ്റങ്ങൾ രേഖപ്പെടുത്തിവെയ്ക്കപ്പെട്ടിരുന്നു. ഇരുപതാം നൂറ്റാണ്ടിൽ വ്യവസായവൽക്കരണത്തിന്റെ വരവോടുകൂടി പിന്നോക്കാവസ്ഥയിലുള്ളവരുടെ ക്ഷേമത്തിനായുള്ള നിയമനിർമ്മാണത്തെ കുറിച്ച് അവബോധം വളർത്തുകയും ചെയ്തു. ഇരുപതാം നൂറ്റാണ്ടിലെ പുനരധിവാസപ്രസ്ഥാനങ്ങളെ പ്രധാനമായും അഞ്ചു ഘട്ടങ്ങളായി വിഭജിക്കാം (Karna.G.N1999). (1) വൈദ്യസംബന്ധിയായഘട്ടം (1935-45). (2) തൊഴിലധിഷ്ഠിതഘട്ടം (1935-55) (3) മനഃശാസ്ത്രപരമായ വിലയിരുത്തൽ ഘട്ടം (1955-70)(4) മനഃശാസ്ത്രപരമായ വികസനഘട്ടം (1955-79)(5)മനഃശാസ്ത്ര-സാമൂഹിക-രാഷ്ട്രീയഘട്ടം (1970 മുതൽ ഇന്ന് വരെ).

## വൈദ്യസംബന്ധിയായ ഘട്ടം

ഈ ഘട്ടത്തിലാണ് ശാരീരികപുനരധിവാസത്തിനായി വലിയ ശ്രമം നടന്നത്. കൃത്യമായ വ്യവസ്ഥകൾ, തൊഴിൽ പുനരധിവാസത്തിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവയായിരുന്നു വൈദ്യ പുനരധിവാസതന്ത്രങ്ങൾ. മാത്രമല്ല, രോഗനിർണ്ണയവും ചികിത്സയും കൃത്യമാണെന്നും രോഗിയുടെ പ്രശ്നങ്ങൾ രോഗിയെക്കാൾ കൂടുതൽ വൈദ്യന് അറിയാമെന്നുമുള്ള ധാരണയുണ്ടായി. ശാരീരികപരിമിതികളുടെ

പരിഹാരവും സ്വീകാര്യമായ ശാരീരിക ക്രമീകരണത്തിന് അനുയോജ്യമായ സ്ഥാനവും ഈ ഘട്ടത്തിൽ കേന്ദ്രബിന്ദുവായിരുന്നു. രോഗികളുടെ ആത്മാവബോധത്തിന്ന് യാതൊരു പരിഗണനയും നൽകിയിരുന്നില്ല. ചുരുക്കത്തിൽ, നിർദ്ദേശാത്മകമായ ഒരു മാതൃകയാണ് ഈ ഘട്ടത്തിൽ ആധിപത്യം പുലർത്തിയത്.

**തൊഴിലധിഷ്ഠിതഘട്ടം**

സമകാലിക മനോഭാവത്തിൽ തൊഴിലധിഷ്ഠിത ഘട്ടം വളരെ പ്രധാന പങ്കുവഹിക്കുന്നു. കാരണം, ഒരു കാലത്ത് സമൂഹത്തിന്റെ കാഴ്ചപ്പാട് ഭിന്നശേഷിക്കാർ ഒന്നും ചെയ്യാൻ കഴിയാത്തവരും അതിനുള്ള ബുദ്ധിയും വിവേകവുമില്ലാത്തവരും ആണെന്നായിരുന്നു. അതിനാൽ അവരെ സാമൂഹികഇടപെടലുകളിൽ നിന്നും മാറ്റിനിർത്തി. അതുകൊണ്ടുതന്നെ പല മേഖലയിലേക്കും അവർക്ക് എത്തിപ്പെടാൻ സാധിച്ചിരുന്നില്ല. എന്നാൽ ഇന്ന് ഈ മനോഭാവത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു. വിദ്യാഭ്യാസചിന്തകരും തത്ത്വചിന്തകരും വിശാലമായി ചിന്തിച്ചതിന്റെ ഫലമായി ഭിന്നശേഷിക്കാരെ സമൂഹത്തിൽ നിന്നും മാറ്റി നിർത്തുന്നതിന് പകരം അവരെ ഉൾക്കൊള്ളിച്ചുള്ള തൊഴിൽ മേഖലയ്ക്ക് രൂപം നൽകി. തൊഴിൽ അല്ലെങ്കിൽ തൊഴിൽ നേടുന്നതിനുള്ള അറിവിന്റെ നേട്ടം, ഉദ്യോഗാർഥിയുടെ ശരിയായ തിരഞ്ഞെടുപ്പ്, ജോലികളുടെ ശരിയായ അന്വേഷണം എന്നിവയിലേക്ക് തൊഴിലധിഷ്ഠിത പുനരധിവാസ പ്രവർത്തനങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നു.

ആദ്യകാലങ്ങളിൽ തൊഴിലുടമയുടെ ആവശ്യത്തിനനുസരിച്ചും സഹപ്രവർത്തകരോടൊപ്പവും മത്സരിക്കേണ്ടിവന്നപ്പോൾ വൈവിദ്ധ്യമുള്ള ഉപകരണങ്ങൾ മാത്രമാണ് ഭിന്നശേഷിക്കാർക്ക് സഹായമായത്. ഭിന്നശേഷിക്കാരുടെ ഉല്പാദനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന ഘട്ടമായിരുന്നു പിന്നീടുണ്ടായത്. ഈ ഘട്ടത്തിൽ തൊഴിൽ മാർഗ്ഗനിർദ്ദേശ പ്രസ്ഥാനത്തിന് തുടക്കം കുറിച്ചു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഉചിതമായ തൊഴിൽ കണ്ടെത്തുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും അതുവഴി അവരെ ജോലിചയ്യാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നു.

**മനഃശാസ്ത്രപരമായ വിലയിരുത്തൽ**

ഉദ്യോഗാർത്ഥിയുടെ സാഹചര്യപരമായ പ്രേരണകളുടെ സ്വാധീനത്തിൽ ശ്രദ്ധ കേന്ദ്രീകരിച്ചു തത്ത്വശാസ്ത്രത്തിന്റെ പ്രേരണ, ജനാധിപത്യവ്യവസ്ഥയോടുള്ള പ്രതിബദ്ധത, സ്വയംതൊഴിൽ തിരഞ്ഞെടുക്കൽ എന്നിവയാണ് ഈ ഘട്ടത്തിലെ പ്രധാന പ്രേരക ഘടകങ്ങൾ.

**മനഃശാസ്ത്രപരമായ വികസനഘട്ടം**

ഭിന്നശേഷിക്കാരുടെ വികസനസാധ്യതകളും അവരുടെ സ്വയം തെരഞ്ഞെടുപ്പിൽ പങ്കാളിത്തത്തിന്റെ ആവശ്യകതയും ശക്തിപ്പെടുത്തുന്നതിനുള്ള പ്രവണത ഈ ഘട്ടത്തിലൂടെ ലഭിക്കും. മറ്റൊരു തരത്തിൽ പറഞ്ഞാൽ ഈ ഘട്ടത്തിൽ ഉദ്യോഗസ്ഥനും സാമാജികനും തമ്മിലുള്ള ബന്ധത്തെ വളരെയധികം ഊന്നിപ്പറയുന്നു.

**മനഃശാസ്ത്ര-സാമൂഹിക-രാഷ്ട്രീയഘട്ടം**

തൊഴിൽപരമായ സവിശേഷതയുള്ള അതിതീവ്രമായ പോരാട്ടമാണ് ഈ ഘട്ടത്തിലൂടെ അടയാളപ്പെടുത്തുന്നത്. വിദ്യാഭ്യാസപരിപാടികളിലും മറ്റ് അനുബന്ധ പ്രവർത്തനങ്ങളിലും പുനരധിവാസ നിയമനിർമ്മാണത്തിന് സ്വാധീനിക്കുന്ന ശക്തവും പ്രായോഗികവുമായ രാഷ്ട്രീയ സാമൂഹിക നടപടികളാണ് ഈ ഘട്ടത്തിലെ പ്രധാനകാര്യങ്ങൾ.

**ഉപസംഹാരം**

ഇന്നും സമൂഹത്തിൽ നിലനിൽക്കുന്ന വെല്ലുവിളിയാണ് ഭിന്നശേഷിക്കാരോടുള്ള നിഷേധാത്മകമായ സാമൂഹികമനോഭാവം. നമ്മുടെ ചുറ്റുപാടിലൂടെ ഒന്ന് നോക്കിയാൽ സമൂഹം എന്തോ പരീക്ഷണവസ്തുപോലെ ഭിന്നശേഷിക്കാരനെ നോക്കികാണുന്നതായി നമുക്ക് വീക്ഷിക്കാം. കുടുംബം, വിദ്യാഭ്യാസം, തൊഴിൽ എന്നീ സാമൂഹിക മേഖലകളിലെല്ലാം ഭിന്നശേഷിക്കാരെ തിരസ്കരണത്തിന്റെയും അതിസംരക്ഷണത്തിന്റെയും നിഷേധത്തിന്റെയും മനോഭാവത്തിൽ തളച്ചിടുന്നു. സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ ഇനിയും മാറണം. ഇവ

ർക്ക് സാധാരണ മനുഷ്യരിൽനിന്നും വ്യത്യസ്തമായ കഴിവുകൾ ഉണ്ടെന്ന് സമൂഹം അംഗീകരിക്കണം. സമൂഹത്തിന്റെ വിഭിന്നമായ മേഖലകളിൽ അവരെയും പങ്കാളികളാക്കണം.

*ഗ്രന്ഥസൂചി*


1. Arie.R. (2013).*Social Inclusion of People with Disabilities National and International Perspectives.* (USA):Cambridge University press.
2. Awadhesh.K.S.(2008). *Rights of Disabled: Perspective Legal Protection and Issues.* (ND): Serialpublication.
3. Cathy. L.(2017). *Supporting Social Inclusion Student With Autism Spectrum Disorders.* (N.Y): Routledge publication.
4. Garry. H.(2014). *Inclusive Special Education Evidence Based Practices for Children with Special Needs and Disabilities.* (London): Springer.
5. Jennifer .H.& Alan .R.(2011). *Disability, Policy and professional Practice.* (London):Sage Publication.
6. Karna. G.N.(1999). *United Nations and Rights of Disabled Persons, a Study in Indian Perspective.* (ND): S.B Nangia A.P.H Publishing cooperation.
7. Maya.T. (1999). InclusiveEducationfor Disabled. Associate Publication of *Asia Pacific Disability Rehabilitation Journal,* Vol. 2, No1
8. Smitha..N.(2016). *The Contradiction in Disability Law Selective Abortions and Rights,* (U.K): Oxford university press.
9. Wayle.T.O.(2005). *Perspectives on Disability, Accommodation and Laws.* (NY):LFB Publishing.

# നിർമ്മിത ഇടവും ഭിന്നശേഷിയും: സ്വാനുഭവ നിരീക്ഷണങ്ങൾ.

**അശ്വതി കെ. വി.**

**(ഗവേഷക, സ്കൂൾ ഓഫ് സോഷ്യൽ സയൻസ്, മഹാത്മാഗാന്ധി സർവകലാശാല)**

മനുഷ്യപരിസ്ഥിതിവിജ്ഞാനം എന്ന വിജ്ഞാനശാഖ മനുഷ്യനും പരിസ്ഥിതിയും തമ്മിലുള്ള പരസ്പര പ്രവർത്തനത്തെ അഭിസംബോധന ചെയ്യുന്ന - വളർന്നുവരുന്ന ഒരു പഠനശാഖയാണ്. പരമ്പരാഗതമായി അത് വിഭവ ഉപഭോഗത്തിന്റെ മാതൃകകൾ, ആവാസവ്യവസ്ഥയുടെ സുസ്ഥിരത, തദ്ദേശീയജ്ഞാനം, അരികുവൽക്കരിക്കപ്പെട്ട സമുദായങ്ങളുടെ ജീവനും ജീവിതായോധനവും, പരിസ്ഥിതിനാശം, സാമുദായിക ഏകോപനത്തിലൂടെ പരിസ്ഥിതിസംരക്ഷണത്തിനുള്ള വഴികൾ എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്നു. ഈ പഠനത്തിൽ സാമ്പ്രദായിക മാതൃകകളിൽ നിന്ന്  കുറഞ്ഞത് വ്യതിയാനത്തിന്റെ രണ്ട് സന്ദർഭങ്ങളെങ്കിലുമുണ്ട്. ആദ്യം, നിർമിത ഇടങ്ങളുടെ പഠനത്തെ മനുഷ്യപരിസ്ഥിതിവിജ്ഞാന വിശകലനപരിധിയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുന്നു. ഈ പഠനം പ്രത്യേകിച്ചും ശാരീരിക വൈകല്യമുള്ള ആളുകളും നിർമിത ഇടങ്ങളും തമ്മിലുള്ള ബന്ധത്തെ പര്യാലോചിക്കുന്നു. നിർമ്മിത ഇടങ്ങൾ എന്ന് ഇതിൽ പരിഗണിച്ചിട്ടുള്ളത് വിദ്യാഭ്യാസ സ്ഥാപനങ്ങളെയാണ്. രണ്ടാമത്, വൈകല്യവും

വൈദഗ്ധ്യവും തമ്മിലുള്ള ബന്ധത്തെ ആരായുമ്പോൾ ഈ പഠനം സ്വാനുഭവാധിഷ്ഠിത വംശീയശാസ്ത്ര(autoethnography)ത്തിന്റെ രീതിയെ പിന്തുടരുന്നു. ജന്മനാ കാഴ്ചവൈകല്യമുള്ള വ്യക്തിയായ ഞാൻ വിദ്യാർഥിയായും/ഗവേഷകയായും വിവിധ വിദ്യാഭാസസ്ഥാപനങ്ങളിൽ നിന്നുമുള്ള അനുഭവങ്ങളെ വരച്ചുകാട്ടുകയാണ് ചെയ്യുന്നത്.

## എന്താണ് സ്വാനുഭവാധിഷ്ഠിതവംശീയശാസ്ത്രം അഥവാ Autoethnography?

'Auto' എന്നാൽ സ്വയം; 'ethno' എന്നാൽ സംസ്കാരം, 'graphy' എന്നാൽ എഴുത്ത് എന്നുമാണ് അർത്ഥം. Autoethnography അഥവാ സ്വാനുഭവാധിഷ്ഠിതവംശീയശാസ്ത്രം സ്വയം ഉരുത്തിരിയുന്ന സാംസ്കാരിക എഴുത്തുകളെ സൂചിപ്പിക്കുന്നു.സ്വാനുഭവാധിഷ്ഠിത വംശീയശാസ്ത്രത്തിലെ ചില പ്രധാന പഠനമേഖലകളെ ഒരു സുഹൃത്ത് എനിക്ക് വായിച്ചു തന്നു. പാറ്റ് സൈക്ക്സ് എഡിറ്റ് ചെയ്ത് നാല് വാല്യങ്ങളായി പുറത്തിറങ്ങിയ *Auto-Ethnography* (2013) എന്ന പുസ്തകം. വ്യക്തിഗതവും വ്യക്തിയെ സംസ്കാരവുമായി ബന്ധിപ്പിക്കുന്ന, ബോധത്തിന്റെ ഒന്നിലധികം പാളികൾ പ്രദർശിപ്പിക്കുന്ന എഴുത്തിന്റെയും ഗവേഷണത്തിന്റെയും ഒരു ആത്മകഥാ കഥന രീതിയുമാണ് സ്വാനുഭവാധിഷ്ഠിതവംശീയശാസ്ത്രം. റീഡ്-ദനഹായ് (2013:10) സ്വാനുഭവാധിഷ്ഠിതവംശീയശാസ്ത്രത്തെ നിർവചിക്കുന്നത് "സ്വയം ഒരു സാമൂഹിക സന്ദർഭത്തിനകത്ത് സ്ഥാപിക്കുന്ന സ്വയം വിവരണത്തിന്റെ ഒരു രൂപമാണത്; വംശീയശാസ്ത്രത്തിന്റെ കാര്യത്തിലെന്നപോലെ." സ്വയം ഒരു സാമൂഹിക പശ്ചാത്തലത്തിൽ സ്ഥാപിക്കുന്നതിലൂടെ മറ്റുള്ളവരുമായി ബന്ധപ്പെട്ട് സ്വയം പഠിക്കപ്പെടുന്നു എന്നാണത് സൂചിപ്പിക്കുന്നത്. സ്വയം എന്നത് ഒരു വ്യക്തിയെ, ഒരു സാമൂഹികഗ്രൂപ്പിനെ അല്ലെങ്കിൽ ഒരു പ്രദേശത്തെ സൂചിപ്പിക്കാം. എന്നിരുന്നാലും, ഗവേഷണം ചെയ്യുന്നയാളിനെ അവൻ / അവൾ ഉൾപ്പെടുന്ന ഗ്രൂപ്പിലേക്ക് തിരിച്ചറിയുന്നതിന്റെ സ്വഭാവവും വ്യാപ്തിയും കൃത്യമായി നിർവചിക്കുകയോ സ്വാനുഭവാധിഷ്ഠിത വംശീയശാസ്ത്രത്തിന്റെ മാനദണ്ഡങ്ങൾ നിർണ്ണയിക്കുകയോ ചെയ്യുന്നത്

പലപ്പോഴും ബുദ്ധിമുട്ടാണ്. സ്വാനുഭവാധിഷ്ഠിതവംശീയശാസ്ത്രത്തിന്റെ മാനദണ്ഡങ്ങളിൽ, ആളുകളെക്കുറിച്ചുള്ള അവരുടെ മുന്നറിവ്, സംസ്കാരം, ഭാഷ എല്ലാം അതുപോലെ തന്നെ ഒരു പരിധിവരെയെങ്കിലും അംഗീകരിക്കാനുള്ള കഴിവ് അല്ലെങ്കിൽ ഒരു തദ്ദേശീയ അംഗമായി കടന്നുപോകുക എന്നിവ ഉൾപ്പെടുത്തണം. സ്വന്തം സാംസ്കാരിക, സാമൂഹിക, വംശീയ, മത, ആവാസവ്യവസ്ഥ അല്ലെങ്കിൽ ലൈംഗിക ഗ്രൂപ്പിനെ അല്ലെങ്കിൽ ഒന്നിച്ചോ കൂട്ടമായോ എത്നോഗ്രാഫർമാർ പഠിക്കുന്നു.

**എന്തുകൊണ്ട് സ്വാനുഭവാധിഷ്ഠിതവംശീയശാസ്ത്രം തിരഞ്ഞെടുത്തു?**

അന്തർധ്യായിയായ വംശീയശാസ്ത്രത്തിന്റെ (reflexive ethnography) മറ്റൊരു രൂപം എന്ന നിലയിൽ സ്വാനുഭവാധിഷ്ഠിത വംശീയശാസ്ത്രത്തിന്റെ തിരിച്ചറിയപ്പെടുന്ന ഗുണങ്ങൾക്കപ്പുറം അത് തെരഞ്ഞെടുത്തതിനുപിന്നിൽ മറ്റൊരു ശ്രദ്ധേയമായ പ്രായോഗികകാരണം കൂടിയുണ്ട്. സംസ്ഥാനത്തെ കാടുകളെ പുറംലോകവുമായി ബന്ധിപ്പിച്ചിരുന്ന ട്രാംവേകളുടെ ചരിത്രത്തെപറ്റി ഒരു പ്രബന്ധം എഴുതുക എന്നതായിരുന്നു എന്റെ ആദ്യ പദ്ധതി. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശാബ്ദങ്ങളിൽ വനത്തിന്റെ ഉൾപ്രദേശങ്ങളിൽനിന്നും നാടുകളിലേക്ക് തടി കൊണ്ടുവരാൻവേണ്ടി നിർമിച്ചതായിരുന്നു ഈ ട്രാംവേകൾ. പിന്നീട് നദികളിലൂടെയുംമറ്റും തുറമുഖ നഗരങ്ങളിലേക്ക് തടി എത്തിക്കുന്നതിനുള്ള സംവിധാനങ്ങളും ഉണ്ടായി വന്നിരുന്നു. ഈ വിഷയം മനുഷ്യ പാരിസ്ഥിതികവിജ്ഞാനത്തിന്റെ ചുറ്റുപാടിൽ അതുവരെയും ഗവേഷണം നടത്തപ്പെടുകയോ ഉൾക്കൊള്ളിക്കുകയോ ചെയ്തിട്ടുണ്ടായിരുന്നില്ല. കൂടാതെ കൊച്ചിയിലെ പ്രാദേശിക പുരാരേഖാശേഖരങ്ങളിൽ (regional archives) ട്രാംവേയുടെ നിർമാണത്തെയും പ്രവർത്തനത്തെയും സംബന്ധിച്ചുള്ള ഏതാണ്ട് എല്ലാ രേഖകളും അടങ്ങുന്ന ഫയലുകളും ലഭ്യമായിരുന്നു. ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർ പൂർണ്ണമനസ്സാലെ സഹകരിക്കാതിരുന്നാൽ ഏതൊരു ഗവേഷകനും വിവരശേഖരണം ബുദ്ധിമുട്ടേറിയതായിരിക്കും. മുൻ കലാലയത്തിലെ

ലൈബ്രേറിയൻ മുഖേന അദ്ദേഹത്തിന്റെ സുഹൃത്തായ പുരാരേഖാ സൂക്ഷിപ്പുവിഭാഗത്തിന്റെ സൂപ്രണ്ടിന്റെ മുന്നിൽ നേരിട്ട് ആവശ്യങ്ങൾ അവതരിപ്പിക്കാൻ ഭാഗ്യവശാൽ സാധിച്ചു.

ഫയലുകളുടെ ലഭ്യതയും തികച്ചും സഹകരണമുള്ള സ്റ്റാഫും ഉണ്ടായിരുന്നിട്ടും ആർക്കൈവുകളിൽ പ്രവർത്തിക്കുന്നത് എന്നെപ്പോലെ കാഴ്ചയില്ലാത്ത ഒരു ഗവേഷകയ്ക്ക് ഒട്ടും എളുപ്പമല്ലെന്ന് താമസിയാതെ കണ്ടെത്തി. ഒന്നാമതായി, ആർക്കൈവുകളിൽ ദിവസവും എന്നോടൊപ്പം ആരെയെങ്കിലും സഹായത്തിന് ആവശ്യമുണ്ട്. എന്റെ ഗ്രാമത്തിൽ നിന്ന് ഒരു ബസ്സിൽ കയറി ആർക്കൈവുകളിൽ എത്താൻ 30 കിലോമീറ്റർ സഞ്ചരിക്കണം. എന്നോടൊപ്പം വരാൻ ആരെയും കണ്ടെത്താൻ കഴിയാതിരുന്ന ദിവസങ്ങളിൽ ആർക്കൈവുകളിലേക്കുള്ള സന്ദർശനം ഒഴിവാക്കേണ്ടിവന്നു. ഒരു പ്രൊഫഷണൽ അസിസ്റ്റന്റുമായി ഇടപഴകാൻ കഴിഞ്ഞില്ല. മിക്കവാറും എന്നോടൊപ്പം വന്നിരുന്ന സഹപാഠിക്ക് ആ ദിവസങ്ങളിൽ ഒഴിവുണ്ടായിരുന്നില്ല, അങ്ങനെ ഞാൻ അമ്മായിയുടെ കൂടെ പോകുമായിരുന്നു. കൂടെ വരുന്നയാൾ ദിവസം മുഴുവൻ എന്നോടൊപ്പം ഇരിക്കേണ്ടിവരും. ഫയലുകളുടെയും സബ്ജക്റ്റ് ഹെഡുകളുടെയും സൂചിക പകർത്തണം, എന്റെ മുൻഗണനകൾ അനുസരിച്ച് അല്ലെങ്കിൽ സൂപ്പർവൈസിംഗ് ടീച്ചർ ശുപാർശ ചെയ്തതുപോലെയുള്ള വിവരങ്ങൾ ലഭ്യമാക്കാനും അതിന്റെ പകർപ്പുകൾ എടുത്തു സൂക്ഷിക്കാനും അഭ്യർത്ഥന സ്ലിപ്പുകൾ എഴുതണം. കൂടാതെ, ഇടയ്ക്കിടെ എനിക്കായി ഫയലുകൾ ഉറക്കെ വായിക്കുകയും കുറിപ്പുകൾ എടുക്കുകയും ചെയ്യണം. എനിക്ക് കൂട്ടുവരുന്ന വ്യക്തിയുടെ യാത്രാച്ചെലവും ഭക്ഷണച്ചെലവും കൂടി വഹിക്കേണ്ടി വന്നതിനാൽ ചെലവേറിയിരുന്നു. ആറുമാസത്തോളം ആർക്കൈവുകളിൽ ഇത്തരത്തിൽ ജോലി ചെയ്ത് ധാരാളം ഫയലുകൾ ശേഖരിച്ചുവെങ്കിലും പഠനം പ്രായോഗികമായി എങ്ങുമെത്തിയില്ല.

ഫീൽഡ് വർക്ക് ചെയ്യുന്നതോ ആർക്കൈവുകളെ ആശ്രയിക്കുന്നതോ കാഴ്ചയുള്ള ഗവേഷകർക്കും അല്ലാത്തവർക്കും ഒരുപോലെയല്ല- പ്രത്യേകിച്ചും, കേരളത്തിന്റെ സാമൂഹികസന്ദർഭങ്ങളിൽ. തുല്യത എന്ന ആശയം വ്യക്തിഗത അവകാശങ്ങളുടെ തുല്യതയെ അവഗണിച്ച്

സാമ്പത്തികവും സാമൂഹികവുമായ സമത്വത്തിൽ ഒതുങ്ങുന്ന സാഹചര്യമാണ് പലപ്പോഴും ഏതു ഒരു ഭിന്നശേഷിക്കാരൻ/ക്കാരി ആയ വ്യക്തിക്കും നേരിടേണ്ടിവരാറുള്ളത്. കൃത്യമായ ഇടവേളകളിൽ ഞാൻ പകർത്തിയ സൂചികയും മറ്റു അനുബന്ധവിവരങ്ങളും ഗവേഷണത്തിനു മേൽനോട്ടം വഹിക്കുന്ന അധ്യാപകനെ കാണിക്കും; വിഷയവുമായി ബന്ധപ്പെട്ട ആധികാരികതകളുമായി ഞാൻ സമർപ്പിക്കുന്നതിനെ ഒത്തുനോക്കിയ ശേഷം അവയുടെ പ്രസക്തി വിലയിരുത്തി അദ്ദേഹം അടയാളപ്പെടുത്തലുകൾ നടത്തിത്തരും. ഞാൻ വീണ്ടും പുരാശേഖരങ്ങളിലേക്ക് മടങ്ങി അടയാളപ്പെടുത്തിയ ഫയലുകളുടെ പകർപ്പുകൾ ഉണ്ടാക്കി അദേഹത്തിന് സമർപ്പിക്കും. പകർത്തുന്നതിനുമുമ്പ് ഓരോ ഫയലും വായിക്കാൻ എന്റെ സുഹൃത്തിനോട് ആവശ്യപ്പെടേണ്ടിയിരുന്നത് ധാരാളം സമയം അപഹരിച്ചിരുന്നു. വിഷയപരാമർശസഞ്ചയം പലപ്പോഴും വളരെ വിശാലവും നിർദ്ദിഷ്ട ഉള്ളടക്കങ്ങൾ സൂചിപ്പിക്കുന്നതിൽ പരാജയ വുമായിത്തീർന്നു. ചിലപ്പോൾ, അത് വളരെ സൂക്ഷ്മമായ കാര്യങ്ങൾ സൂചിപ്പിക്കുന്നതിലും പരാജയപ്പെട്ടു. അധ്യാപകനോടൊപ്പം ഇരിക്കുമ്പോൾ, ഞാൻ പകർത്തിയ പല ഫയലുകളും പഠനത്തിന്റെ കേന്ദ്ര ആശങ്കകൾക്ക് പ്രസക്തമല്ലെന്ന് മനസ്സിലായി. ചലനശക്തിയുടെ ബുദ്ധിമുട്ടുകളും ആർക്കൈവുകളിലോ ഫീൽഡ് വർക്ക് അടിസ്ഥാനമാക്കിയുള്ള ഗവേഷണങ്ങളിലോ ആവശ്യമുള്ളതുപോലെ മറ്റുള്ളവരെ കഠിനമായി ആശ്രയിക്കുന്നതിൽ ഉൾപ്പെടാത്ത ഒരു ഗവേഷണ പ്രശ്നം അന്വേഷിക്കാൻ അത് ഞങ്ങളെ പ്രേരിപ്പിച്ചു. Autoethnography അഥവാ സ്വാനുഭവാധിഷ്ഠിതവംശീയശാസ്ത്രം മികച്ച ഒരു തെരഞ്ഞെടുപ്പ് ആയിരിക്കും എന്ന് തോന്നി. കാഴ്ചയില്ലാത്ത ഒരു വ്യക്തിയെന്ന നിലയിൽ, അത് എന്റെ ദൈനംദിന ജീവിതത്തിൽനിന്ന് ഒരു ഗവേഷണ പ്രശ്നം രൂപപ്പെടുത്താനുള്ള സാധ്യത വാഗ്ദാനം ചെയ്തു.

## വൈകല്യത്തിന്റെ വംശീയശാസ്ത്രം

മിക്കപ്പോഴും disability അഥവാ വൈകല്യം എന്ന പദം 'impairment' അഥവാ ബലഹീനത/ജൈവികമായ ഒരു നഷ്ടം എന്നു ള്ളതിന്റെ പര്യായമായി തെറ്റായി ഉപയോഗിക്കുന്നു. അത്തരം ഉപയോഗം

വൈകല്യത്തെ ഒരു ജൈവിക പ്രശ്നമായി വീക്ഷിക്കുകയും വികലാംഗ ശരീരത്തെ നിർമ്മിക്കുന്ന സാമൂഹിക സ്ഥാപനങ്ങളെയും പ്രവർത്തനങ്ങളെയും അവഗണിക്കുകയും ചെയ്യുന്നു. വൈകല്യത്തിന്റെ മെഡിക്കൽമാതൃക ഒരു മാനദണ്ഡമല്ലാത്ത ശരീരത്തെ ഒരു പാത്തോളജിക്കൽ വീക്ഷണകോണിലൂടെ കാണുന്നു, കൂടാതെ വൈകല്യത്തെ ഒരു വൈകല്യമോ രോഗമോ ആയി കാണുന്നു, അത് മെഡിക്കൽ ഇടപെടലിലൂടെ ഭേദമാക്കേണ്ടതുണ്ട് എന്ന നിഗമനം മുന്നോട്ട് വെയ്ക്കുന്നു. പുനരധിവാസമാതൃക, വൈദ്യശാസ്ത്ര മാതൃകയിൽ വളരെയധികം സ്വാധീനം ചെലുത്തി, വൈകല്യത്തെ ഒരു കുറവായി സങ്കൽപ്പിക്കുന്നു, അത് പുനരധിവാസസംവിധാനത്തിലൂടെ പരിഹരിക്കേണ്ടതുണ്ടത്രേ!

വൈകല്യമുള്ളവർക്കായി രൂപകൽപ്പന ചെയ്ത മിക്ക പദ്ധതികളും ഈ പ്രത്യേക മാതൃകയിൽ നിന്നാണ് ഉത്ഭവിക്കുന്നത്. വൈകല്യത്തെക്കുറിച്ചുള്ള സാമൂഹികമാതൃക വൈകല്യത്തിൽ നിന്ന് 'വൈകല്യത്തെ' വേർതിരിക്കുകയും സാമൂഹികഘടനകളുടെ ഫലമായി വൈകല്യത്തെ സങ്കൽപ്പിക്കുകയും ചെയ്യുന്നു. നിലവിലെ പഠനം പിൻപറ്റുന്ന ഈ മാതൃക, വൈകല്യത്തെ ഒരു വൈകല്യമോ കുറവോ ആയിട്ടല്ല, മറിച്ച് ഒരു 'അനുയോജ്യമായ ശരീരം' എന്ന സാമൂഹികമായി നിർമ്മിച്ച ധാരണകൾക്കനുസരിച്ചല്ല, ആ ധാരണ മുന്നോട്ട് വയ്ക്കുന്ന ഒരു ശാരീരികവും സാംസ്കാരികവുമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ പരാജയപ്പെട്ടതിനാലാണ് 'അനുയോജ്യമായ ശരീരം', 'ബലഹീനമായ ശരീരം' എന്നിവ തമ്മിലുള്ള വ്യത്യാസം കണ്ടെടുക്കാൻ ശ്രമം നടത്തുന്നത്.

റിച്ചാർഡ്സിനെ സംബന്ധിച്ചിടത്തോളം (2013), ഒരു വികലാംഗന്റെ സ്വാനുഭവാധിഷ്ഠിത വംശീയശാസ്ത്രം ഒരുതരത്തിലുള്ള പ്രതിരോധമാണ്. മറ്റ് ആളുകൾ വൈകല്യമുള്ള ആളുകളെക്കുറിച്ച് എഴുതുമ്പോൾ അവരെ 'വൈദ്യശാസ്ത്രപരമായ' വിവരണത്തിലേക്ക് മാറ്റുന്നു. അവർ വൈകല്യങ്ങളോ രോഗങ്ങളോ ഉള്ള ആളുകളെ പഠനവസ്തുക്കളായിട്ടാണ് കാണുന്നത്, പഠനത്തിന്റെ ഏജന്റുമാരായിട്ടല്ല,

അത്തരം ആളുകളെക്കുറിച്ച് സംസാരിക്കേണ്ടതുണ്ട്എന്ന ധാരണ ഉള്ളപ്പോൾത്തന്നെ സംഭാവന ചെയ്യാൻ ഉപയോഗപ്രദമായ ഒന്നും തന്നെ അവർക്കില്ല എന്ന മട്ടിൽ നിശബ്ദരായിരിക്കണം എന്നും ധരിച്ചു. അവർ പതിവായി മറ്റ് ആളുകളുടെ വൈദഗ്ദ്ധ്യം സ്വീകരിക്കുന്നവരാണ്, സംഭാവന ചെയ്യുന്നവരല്ല. ഇത് മനുഷ്യത്വരഹിതമായി മാറുന്നതിനും അവരുടെ സവിശേഷമായ സാഹചര്യം സാമാന്യവൽക്കരിക്കുന്ന തിനും കാരണമാകുന്നു. (റിച്ചാർഡ്സ് 2013: 86).

തിരിച്ചറിഞ്ഞ എല്ലാ വൈകല്യങ്ങളും അവ അനുഭവിക്കുന്ന ആളുകൾക്ക് വൈകല്യമല്ലെന്ന് റിച്ചാർഡ്സ് അഭിപ്രായപ്പെടുന്നു. 21-ാം വയസ്സിൽ ഡയാലിസിസിൽ ആയിരിക്കുമ്പോൾ, എന്റെ ഹൃദയ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഞാൻ ഒരു ഫിസിയോതെറാപ്പിസ്റ്റുമായി പ്രവർത്തിച്ചു. വർഷങ്ങളായി എനിക്ക് ഉണ്ടായിരുന്നതിനേക്കാൾ മികച്ച അനുഭവം അത് സമ്മാനിച്ചു.. നാല് വർഷത്തിനുശേഷം പടികൾ കയറാൻ കഴിഞ്ഞു. വ്യായാമ പരിപാടി ശരിക്കും ആസ്വദിച്ചു. അവൾ എന്നോട് എന്റെ ഹാൻഡിക്യാപ്സ് ചർച്ച ചെയ്യാൻ ശ്രമിച്ച ദിവസം വരെ. ഞാൻ എന്നെ ഒരിക്കലും വികലാംഗനായി കണ്ടിട്ടില്ല എന്നു പറഞ്ഞ് ശക്തമായി എതിർത്തു. വൈകല്യങ്ങൾ എന്താണെന്ന് മനസ്സിലാക്കിയിട്ടില്ല എന്ന് സമർത്ഥിക്കാൻ മാരത്തണുകൾ ഓടാൻ കഴിയാത്തതൊക്കെ അവർ സൂചിപ്പിച്ചു. പക്ഷെ അങ്ങനെ ഒരു ആഗ്രഹം എനിക്കില്ലായിരുന്നു. എന്റെ സ്വന്തം താത്പര്യങ്ങൾ എഴുത്തും ഗവേഷണവുമായിരുന്നു. അത് എനിക്ക് കഴിയാതിരുന്നിട്ടില്ല, പക്ഷേ എന്നെ അവർ വിദഗ്ദ്ധമായി അപ്രാപ്തനാക്കി; അതിനാൽ എന്റെ കാഴ്ചപ്പാട് അവഗണിക്കപ്പെട്ടു (റിച്ചാർഡ്സ് 2013: 87).

സ്വാനുഭവാധിഷ്ഠിത വംശീയശാസ്ത്രം പിന്തുടരുന്ന ഒരു പോളിഷ് ഗവേഷക-എഴുത്തുകാരിയും വികലാംഗയുമായ പട്രീഷ്യ- വൈകല്യത്തിന്റെ അനുഭവം സാമാന്യവൽക്കരിക്കാനുള്ള പ്രവണതയ്ക്കെതിരെ മുന്നറിയിപ്പ് നൽകുന്നു. വൈകല്യത്തിന്റെ തരം (ശാരീരിക, മാനസിക, ഇന്ദ്രിയാധിഷ്ഠിതം മുതലായവ) ഒന്നിലധികം ഘടകങ്ങളെ ആശ്രയിച്ച് യഥാർത്ഥത്തിൽ വ്യത്യാസപ്പെടുന്നു, ലിംഗ

ഭേദം, പ്രായം, വംശീയത അല്ലെങ്കിൽ ക്ലാസ്. അവർ കൂടുതൽ കുറിക്കുന്നു: "എന്റെ വൈകല്യം, ഞാൻ ജീവിക്കുന്നതും ജോലി ചെയ്യുന്നതുമായ സാംസ്കാരിക ക്രമീകരണം എന്നിവയെ അടിസ്ഥാനമാക്കിയുള്ള വ്യവസ്ഥകളിലാണ്." (2012: 176–77) അവർ തുടർന്ന് വിശദീകരിക്കുന്നു: പോളണ്ട് കൂടുതൽ അഭിഗമ്യവും വൈകല്യമുള്ളവർക്കായി തുറന്നതുമാണെങ്കിൽ, അല്ലെങ്കിൽ വ്യക്തിഗതസഹായത്തെക്കുറിച്ച് പോളണ്ടിന് ഒരു നിയമമുണ്ടെങ്കിൽ, അല്ലെങ്കിൽ എനിക്ക് അഭിഗമ്യമായ ഗതാഗത സംവിധാനത്തിൽ പ്രവേശനമുണ്ടെങ്കിൽ, എനിക്ക് ചുറ്റിക്കറങ്ങാൻ ഒരു പ്രശ്നവുമില്ല. ... വൈകല്യമുള്ള നിരവധി ആളുകൾ പോളണ്ടിൽ അവരുടെ കുടുംബങ്ങളെയോ സ്ഥാപനങ്ങളെയോ ആശ്രയിച്ചിരിക്കുന്നു, അവരിൽ പലരും സ്വതന്ത്ര ജീവിതം നയിക്കുന്നില്ല. വികലാംഗരായ മുതിർന്ന കുട്ടികളെ നിരന്തരം പരിപാലിക്കുന്നതിൽ നിന്ന് പലപ്പോഴും വൈകാരികമായും ശാരീരികമായും തളർന്നുപോകുന്ന മാതാപിതാക്കളോടൊപ്പം ജീവിതം മുഴുവൻ ചെലവഴിക്കാൻ പലരും നിർബന്ധിതരാകുന്നു(പട്രീഷ്യ 2012: 180).

എന്നെ സംബന്ധിച്ചിടത്തോളം പട്രീഷ്യയുടെ വാക്കുകൾ വളരെയധികം അർത്ഥവത്താണ്. എന്റെ മാതാപിതാക്കൾ കർഷകത്തൊഴിലാളികളാണ്, സ്വന്തം കൃഷി ഭൂമിയില്ല. നേരത്തെ താമസിച്ചിരുന്നത് ഒരു കോളനിയിലാണ് - ഭൂരഹിതരായ കുടുംബങ്ങളുടെ വാസസ്ഥലം. തുടർന്ന് അച്ഛൻ കുറച്ചു സ്ഥലം സ്വന്തമാക്കി; അവിടെ ഞങ്ങൾ ഇപ്പോൾ താമസിക്കുന്ന ചെറിയ വീട് പണിതു. അവിടെ എന്റെ മാതാപിതാക്കളും സഹോദരിയും ഞാനും അടങ്ങുന്ന നാല് അംഗങ്ങളുണ്ട്. തണ്ണീർത്തടനെൽകൃഷിയിൽ പ്രധാന തൊഴിൽശക്തി സൃഷ്ടിച്ച ദലിത് സമുദായത്തിൽ പെട്ടവരാണ് ഞങ്ങൾ. നെൽകൃഷിയുടെ ഒരു പ്രധാന പ്രദേശമായിരുന്ന ഒരു ഗ്രാമത്തിലാണ് ഞങ്ങൾ താമസിച്ചിരുന്നത്, മറ്റു പല കേരള ഗ്രാമങ്ങളെയുംപോലെ ഇവിടുത്തെ കാർഷിക പ്രവർത്തനങ്ങളും കുറഞ്ഞുവന്നു. കോളനിയിലെ മറ്റെല്ലാവരെയും പോലെ, അച്ഛനും പുറത്ത് ഒരു വീട് പണിയാൻ ആഗ്രഹിക്കുകയും പുറത്തേക്ക് മാറുകയും ചെയ്തു. സമൂഹത്തിലെ മറ്റു പലരെക്കാളും മികച്ച വിദ്യാഭ്യാസം അദ്ദേഹത്തിനുണ്ടായിരുന്നു. സമുദായത്തിലെ

മറ്റുള്ളവരെപ്പോലെ പരമ്പരാഗതതൊഴിലുമായി തുടരാൻ അദ്ദേഹം ആഗ്രഹിച്ചില്ല. ഇക്കാരണങ്ങളാൽ അദ്ദേഹത്തിന് വളരെക്കാലം തൊഴി ലില്ലായിരുന്നു. പിന്നീട് മെച്ചപ്പെട്ട ഉപജീവനമാർഗം കണ്ടെത്താൻ കഴിയാതെ കർഷകനായി തുടരേണ്ടിവന്നതാണ്.

ജാതി, ലിംഗഭേദം എന്നിവയെക്കുറിച്ചുള്ള അനുഭവത്തെ ഇത് സ്വാധീനിച്ചു. സ്വത്വശ്രേണീകരണത്തിന്റെ പ്രത്യാഘാതങ്ങളെ കുറിച്ച് ഗായ് (2002) ചർച്ചചെയ്ത കണക്കുകളിൽ നിന്ന് ഞാൻ അഭിമുഖീക രിച്ചേക്കാവുന്ന വിവേചനങ്ങൾ പൂർണ്ണമായി മനസ്സിലായില്ല. ഒരുപക്ഷേ സമൂഹം അംഗീകരിക്കാൻ കഠിനാദ്ധ്വാനികളായിരിക്കാൻ എന്റെ പിതാവ് ഞങ്ങളെ പഠിപ്പിച്ച രീതി എന്റെ ചിന്താഗതിയെ സ്വാധീനി ച്ചിരിക്കണം. സുഹൃത്തുമായി ഇക്കാര്യങ്ങൾ ചർച്ചചെയ്യുമ്പോൾ, കുട്ടിക്കാലത്തുണ്ടായ ഒരു പ്രത്യേക സംഭവം ഓർമ്മിച്ചു. അയൽപ ക്കത്തുള്ള നായർസ്ത്രീയായ ലക്ഷ്മിയമ്മ, ഞാൻ കുട്ടിയായിരിക്കു മ്പോൾ എന്നെ നോക്കാറുണ്ടായിരുന്നു. ഒരിക്കൽ ഒരു കല്യാണ ത്തിനായി അവർ എന്നെയും കൊണ്ടുപോയി. അന്നുണ്ടായ സംഭാഷ ണങ്ങളിൽ നിന്ന് ഞാൻ മനസ്സിലാക്കിയ കാര്യം ഞാൻ സന്നിഹിത യായതിൽ ആതിഥേയ കുടുംബം വളരെയധികം അസ്വസ്ഥരായിരുന്നു എന്നാണ്. ഞാൻ അന്ധയായതുകൊണ്ടാണോ അതോ 'പട്ടികജാതി' ആയതുകൊണ്ടാണോ അതോ അതുരണ്ടും പ്രശ്നമായിരുന്നോ എന്ന റിയില്ല.

രൂപകല്പനയുടെയും വൈകല്യത്തിന്റെയും പുതിയ ഗവേഷണ പ്രശ്നത്തെക്കുറിച്ച് മനസ്സിലാക്കി, സ്വയമേവയുള്ള അന്വേഷണരീതി പിന്തുടരാൻ തീരുമാനിച്ചുകഴിഞ്ഞാൽ, എന്റെ ദുരിതങ്ങൾ അവസാനി ക്കുമെന്ന് കരുതി. എന്തായാലും ഞാൻ തെറ്റിദ്ധരിക്കപ്പെട്ടതാണ് എന്ന് വൈകാതെ തിരിച്ചറിഞ്ഞു. യഥാർത്ഥ എഴുത്തുപ്രക്രിയയുമായി ബന്ധപ്പെട്ട് നിരവധി പുതിയ ചോദ്യങ്ങൾ ഉയർന്നു. എന്റെ സ്കൂൾ, കോളേജ് ദിവസങ്ങളിലുടനീളം പ്രഭാഷണകുറിപ്പുകൾ എടുക്കാൻ ബ്രെയ്‌ലി ഉപയോഗിച്ചിരുന്നു. ഒരു എഴുത്തുസഹായിയുടെ സഹായ ത്തോടെ ഞാൻ പരീക്ഷകൾ എഴുതാറുണ്ടായിരുന്നു. എം.ഫിൽ.

പ്രോഗ്രാമിൽ ചേർന്നപ്പോൾ, പ്രഭാഷണങ്ങൾ റെക്കോർഡ് ചെയ്യാൻ സെൽഫോൺ ഉപയോഗിക്കാൻ തുടങ്ങി. സ്ക്രീൻ റീഡിംഗ് സോഫ്റ്റ് വെയറും ഉപയോഗപ്പെടുത്തി. യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റ് എനിക്ക് ഒരു ലാപ്ടോപ്പ് നൽകി, പക്ഷേ ടൈപ്പിംഗിൽ വേണ്ടത്ര വേഗത ഉണ്ടായിരുന്നില്ല. അതിനാൽ പ്രബന്ധരചനയ്ക്ക് ബ്രെയ്‌ലിയുമായി തുടരാൻ ഞാൻ ആഗ്രഹിച്ചു. എന്നിരുന്നാലും, ഗൈഡിനുവേണ്ടി അത് പകർത്തിയേ തീരൂ അതിനാൽ, ജീവിതാനുഭവം വിവരിക്കാനും സുഹൃത്ത് അത് കേട്ട് ടൈപ്പുചെയ്യാനും തീരുമാനിച്ചു.

**എന്റെ സ്കൂളുകളും കോളേജുകളും**

റോമൻ കത്തോലിക്ക കന്യാസ്ത്രീകൾ നടത്തിയിരുന്ന കാഴ്ച വൈകല്യം ഉള്ളവർക്ക് വേണ്ടിയുള്ള പ്രത്യേകസ്കൂളിലായിരുന്നു ആറ് വയസ്സുള്ളപ്പോൾ (1993-ൽ) എന്റെ വിദ്യാഭ്യാസം ആരംഭിച്ചത്. ആ സ്കൂൾ ഏഴാം ക്ലാസ് വരെയുള്ള പഠനം വാഗ്ദാനം ചെയ്തിരുന്നു. സ്കൂളും താമസസൗകര്യവും ഒരേ കെട്ടിടത്തിലായിരുന്നു. ക്ലാസ്റൂമുകൾ താഴത്തെ നിലയിലും കുട്ടികൾക്കായുള്ള ഡോർമെട്രികൾ മുകളിലത്തെ നിലയിലുമായിരുന്നു. ഡൈനിംഗ് ഹാളിലേക്കും ചാപ്പലിലേക്കും ആ കെട്ടിടം നീണ്ടിരുന്നു. ചാപ്പലിനോട് ചേർന്ന് കന്യാസ്ത്രീമഠം ഉണ്ടായിരുന്നു. നാലോ അഞ്ചോ വിദ്യാർഥികൾക്ക് മാത്രം നടക്കാൻ വീതിയുള്ള ഒരു വരാന്ത, തറയിൽനിന്നും ആ വരാന്തയിലേക്ക് കുറച്ചു പടികൾമാത്രം. ചുറ്റുവട്ടത്തെങ്ങും കൈപ്പിടികൾ ഉണ്ടായില്ല. ഡൈനിംഗ്ഹാളിലേക്കും ചാപ്പലിലേക്കും ഞങ്ങൾ പരസ്പരം കൈകൾ കോർത്തുപിടിച്ച് നടന്നാണ് പോയത്. വരാന്തയുടെ ഒപ്പം നീളത്തിൽ മഴവെള്ളം ഒഴുകി പോകാനുള്ള സൗകര്യം ഉണ്ടായിരുന്നു. അതിന്റെ കോൺക്രീറ്റ് ഒറ്റവരമ്പുകൾ കുട്ടി കൾക്കുവേണ്ടിയുള്ള ഒരു വലിയ ഇരിപ്പിടമായി കരുതി പോന്നിരുന്നു. എങ്കിലും അങ്കണത്തിൽ കളിച്ചുകൊണ്ടിരിക്കുമ്പോൾ ഓടിച്ചെന്ന് അതിൽ ഇടിച്ചു വീഴുന്നത് വലിയൊരു പ്രശ്നമായിരുന്നു.

സ്കൂളിൽ നിന്നും താഴ്ന്നിരിക്കുന്ന രീതിയിൽ ആയിരുന്നു ഡൈനിങ്ഹാൾ. ഡൈനിംഗ്ഹാളിലേക്ക് എത്താൻ പത്തോ പന്ത്രണ്ടോപടികൾ ഇറങ്ങേണ്ടിയിരുന്നു. ഭക്ഷണം തയ്യാറാവുമ്പോൾ

ആയമാർ ബെൽ മുഴക്കി. ഞങ്ങൾ ഓരോരുത്തർക്കും കൃത്യമായ ഒരിടം തടി ബെഞ്ചുകളിൽ ഉണ്ടായിരുന്നു. അതുകൊണ്ട് ഇഷ്ടമുള്ള ഇരിപ്പിടം തിരഞ്ഞെടുക്കാൻ സാധിച്ചിരുന്നില്ല. കന്യാസ്ത്രീകൾ ആയിരുന്നു ഇരിപ്പിടങ്ങൾ തിരഞ്ഞെടുത്തു തന്നിരുന്നത്. ഒത്തിരി അധികം പണികൾ ഉള്ള ആയമാരുടെ ജോലി കഠിനമാവുന്നത് മൂലം ഭക്ഷണസമയത്ത് മിണ്ടാതിരിക്കാൻ ഞങ്ങൾക്ക് ആജ്ഞ ഉണ്ടായിരുന്നു. ആൺകുട്ടികളും പെൺകുട്ടികളും രണ്ടിടങ്ങളിലായാണ് ഇരുന്നത്. കന്യാസ്ത്രീകൾ ഒരിക്കലും മുതിർന്നപെൺകുട്ടികളെ ആൺകുട്ടികളുമായി ഇടപെടാൻ അനുവദിച്ചിരുന്നില്ല. അവർ പലപ്പോഴും ശക്തമായ നിരീക്ഷണങ്ങൾ നടത്തുകയും 'തെറ്റായ' പ്രവൃത്തികൾക്ക് ശകാരിക്കുകയും നുള്ളുകയും ചെയ്യുമായിരുന്നു. അത്തരം ശിക്ഷകൾ ആ സമയത്തെ മറ്റ് സ്കൂളുകളിലും സാധാരണമായിരുന്നു എന്ന് തോന്നുന്നു. ഒരിക്കൽ സ്പെഷ്യൽ സ്കൂളുകൾക്ക് വേണ്ടിയുള്ള യുവജനോത്സവത്തിൽ പങ്കെടുക്കാൻ മറ്റൊരു ടൗണിലേക്ക് ഞങ്ങൾ പോയിരുന്നു. അപ്പോൾ ആൺകുട്ടികളുമായി സംസാരിക്കാതിരിക്കാൻ കന്യാസ്ത്രീകൾ ഞങ്ങളെ ഒരു മുറിക്കുള്ളിൽ അടച്ചു.

നാലാം ക്ലാസ് മുതൽ ഞങ്ങൾ ദിവസേനയുള്ള ജോലികൾ ചെയ്തു. എങ്ങനെ കഴിക്കണം? എങ്ങനെ തുണി അലക്കണം? എങ്ങനെ സഹപാഠിയുടെ  കൈപിടിക്കണം? എങ്ങനെ കളിക്കണം? എന്നിങ്ങനെയൊക്കെ പഠിപ്പിച്ച് സ്വതന്ത്രമായി ജീവിക്കുന്നതിനും ചലനശേഷി വർദ്ധിക്കാനുമുള്ള പരിശീലനം ആഴ്ചയിലൊരിക്കൽ തന്നിരുന്നു. എങ്കിലും ഞങ്ങൾക്ക് 'വൈറ്റ് കെയിൻ' പരിശീലനം നൽകിയിരുന്നില്ല. ഞാൻ ആ വിദ്യാലയത്തിൽനിന്നും പഠിച്ചിറങ്ങിയ ശേഷമായിരുന്നു അത് അവിടെ അവതരിപ്പിച്ചത്. ബ്രെയിലി പഠനവും ഒന്നാം ക്ലാസ് മുതൽ അവിടെ നൽകിയിരുന്നു. നാലാംക്ലാസിൽ ഉപയോഗിച്ചിരുന്ന ബ്രെയിലി സ്ലേറ്റ് തന്നെയാണ് ഞാൻ ഇപ്പോഴും ഉപയോഗിക്കുന്നത്.

ഏഴാംക്ലാസ് വരെ മാത്രമാണ് ആ സ്കൂളിൽ പഠനസൗകര്യം ഉണ്ടായിരുന്നത്. അതിനുശേഷം അതേ  സ്കൂൾ ഡോർമിറ്ററിയിൽ താമസിച്ചു കൊണ്ടുതന്നെ  മറ്റെവിടെയെങ്കിലും ഹൈസ്കൂൾ പഠനം

നടത്താമായിരുന്നു. പത്തോ പതിനഞ്ചോ മിനിറ്റ് കൊണ്ട് നടന്നെത്താവുന്ന ദൂരത്തിലായിരുന്നു ആ ഹൈസ്കൂൾ. റോഡിന്റെ ഏറ്റവും ഇടതുവശം ചേർന്ന് ഭാഗികമായി കാഴ്ചശക്തിയുള്ള കുട്ടികളുടെ മേൽനോട്ടത്തിൽ ഞങ്ങൾ യാത്ര ചെയ്തു. പ്രധാന റോഡിൽ നിന്നും കുറച്ച് അകലെ ആയിരുന്നു സ്കൂൾ, ആ നടവഴി വളരെ മോശം അവസ്ഥയിലായിരുന്നു. അത് കടക്കാൻ ബുദ്ധിമുട്ടായിരുന്നു. സ്കൂൾ അങ്കണത്തിലേക്ക് നാലു പടികളും അങ്കണത്തിൽനിന്നും വരാന്തയിലേക്ക് എത്താൻ രണ്ട് പടികളും കയറണം. രണ്ട് ഒറ്റനില കെട്ടിടങ്ങളിലായിരുന്നു ഹൈസ്കൂൾക്ലാസ്; കൂടാതെ ഹയർസെക്കൻഡറി ക്ലാസ്സു കൾക്ക് വേണ്ടിയുള്ള മറ്റൊരു രണ്ടുനില കെട്ടിടവും അവിടെയുണ്ടായിരുന്നു.

കാഴ്ചയുള്ള കുട്ടികൾ ക്ലാസ്റൂമിൽ ഇരുന്ന് ഭക്ഷണം കഴിച്ചു. കാഴ്ചയില്ലാത്തവർ ക്ലാസിനു പുറകിൽ ഉള്ള ഒരു ഇടുങ്ങിയ വരാന്തയിൽ നിന്നുകൊണ്ട് ഭക്ഷണം കഴിച്ചു. എന്തുകൊണ്ടാണ് ഇത്തരത്തിലൊരു വേർതിരിവ് ഉണ്ടായിരുന്നത് എന്ന് മനസ്സിലായിരുന്നില്ല. മുതിർന്ന ക്ലാസ്സിലുള്ള അന്ധരായ കുട്ടികളും അവിടെത്തന്നെ വന്നു ഭക്ഷണം കഴിച്ചു. ചിലപ്പോൾ അതിനാലാവാം ഞങ്ങളും അത്തരത്തിൽ ചെയ്തിരുന്നത്. ഹോസ്റ്റലിൽ നിന്നും പാത്രം കഴുകാനുള്ള വെള്ളം ഞങ്ങൾ കൊണ്ടുവന്നിരുന്നു; കാരണം സ്കൂളിലെ വെള്ളത്തിന്റെ സ്രോതസ്സ് ദൂരെ ആയിരുന്നു, അങ്ങോട്ടേക്ക് എത്താനും പാടായിരുന്നു. ശൗചാലയവും ക്ലാസിൽ നിന്ന് ഒരുപാടകലെ ആയിരുന്നു. അത് എവിടെയായിരുന്നു എന്നുതന്നെ അറിയില്ല. പഴകിയ പൈപ്പുകളും അവശിഷ്ടങ്ങളുംമൂലം ചെളി പിടിച്ചതായിരുന്നു ശൗചാലയം എന്ന് പറഞ്ഞുകേട്ടിരുന്നു.

അന്ധരായ വിദ്യാർത്ഥികളുടെ പ്രത്യേക ആവശ്യങ്ങൾക്കായി അധ്യാപകർ ശ്രദ്ധാലുക്കളായിരുന്നു. അവർ അധ്യാപനക്കുറിപ്പുകൾ കാഴ്ചയുള്ള വിദ്യാർത്ഥികളെ ഏൽപ്പിക്കുകയും അത് ബ്ലാക്ക് ബോർഡിൽ എഴുതുകയും ഞങ്ങൾക്ക് വേണ്ടി വായിച്ചുതരുകയും ചെയ്തു. ടീച്ചർ സംസാരിക്കുമ്പോൾ ചിലപ്പോൾ ഞങ്ങൾ ബ്രെയ്‌ലി സ്ലേറ്റിൽ

കുറിപ്പുകൾ എടുക്കും. സ്കൂൾ പ്രിൻസിപ്പൽ ഇതിനെ അനുകൂലിച്ചില്ല. ബ്രെയ്‌ലിയിൽ എഴുതുന്നതിന്റെ ശബ്ദം മറ്റ് വിദ്യാർത്ഥികളെ അസ്വ സ്ഥമാക്കുമെന്ന് അവർ പറഞ്ഞു. ശാരീരിക പരിശീലന സെഷ നുകളിലും സ്പോർട്സിലും ഗെയിമുകളിലും പങ്കെടുക്കാൻ ഞങ്ങളെ അനുവദിച്ചില്ല. എന്നിരുന്നാലും ഞങ്ങളിൽ ചിലർ ലളിതഗാനത്തിലും കവിതാപാരായണത്തിലും പങ്കെടുത്തിരുന്നു. അതിൽ ഒരാൾ ഏറെ മികവു പുലർത്തുകയും ഇന്റർ-സ്കൂൾ മത്സരങ്ങളിൽ സമ്മാനങ്ങൾ നേടുകയും ചെയ്തു. ഞങ്ങളുടെ അധ്യാപകർ അവളെ പ്രോത്സാ ഹിപ്പിച്ചിരുന്നു.

ഹൈസ്കൂൾ അധ്യാപകർ ബ്രെയ്‌ലിയിൽ പരിശീലനം ലഭി ച്ചവരായിരുന്നില്ല. അതിനാൽ പരീക്ഷ ബ്രെയ്‌ലിയിൽ എഴുതാൻ ഞങ്ങളെ അനുവദിച്ചില്ല. സ്കൂൾ അധികൃതർ നൽകിയ സ്ക്രൈബു കളുടെ സഹായത്തോടെ പരീക്ഷ എഴുതേണ്ടതായി വന്നു. മറ്റൊരു എളുപ്പവഴി അവർ ഞങ്ങൾക്ക് ചോദ്യപേപ്പർ നൽകി ഹോസ്റ്റലിലേക്ക് കൊണ്ടുപോകാൻ ആവശ്യപ്പെടുന്നത് ആയിരുന്നു. അവിടെ കന്യാ സ്ത്രീകൾ ഞങ്ങളുടെ എഴുത്തുകാരായിരുന്നു. പരീക്ഷ പൂർത്തിയായ ശേഷം ഞങ്ങൾ ഉത്തരക്കടലാസുകൾ സ്കൂളിലേക്ക് കൊണ്ടുപോയി കൊടുത്തു. എസ്.എസ്.എൽ.സി പരീക്ഷ മാത്രം ഞങ്ങൾ സ്കൂളിൽ തന്നെ സ്ക്രൈബുകളുടെ സഹായത്തോടെ എഴുതി.

ഹയർ സെക്കൻഡറി കോഴ്സിനായി ശാസ്ത്രമോ ഹ്യുമാനി റ്റിസോ എന്ന തെരഞ്ഞെടുപ്പ് അനിവാര്യമായി വന്നു. ഫിസിക്കൽ, മാത്തമാറ്റിക്കൽ സയൻസുകളിൽ ഞാൻ മോശമായിരുന്നു. സയൻസ് സ്ട്രീമിൽ ലബോറട്ടറി പരീക്ഷണങ്ങൾ ഉൾപ്പെടുന്നതിനാൽ അന്ധ രായ വിദ്യാർത്ഥികൾക്ക് പിന്തുടരാൻ പ്രയാസമാണെന്ന് നിർദ്ദേശം ലഭിച്ചു. ഹ്യൂമാനിറ്റീസ് സ്ട്രീം ഞാൻ പഠിച്ച സ്കൂളിൽ ഉണ്ടായിരു ന്നില്ല. അതിനാൽ എനിക്ക് പുതിയ സ്കൂൾ കണ്ടെത്തേണ്ടിവന്നു. വീട്ടിൽ നിന്ന് നാലു കിലോമീറ്റർ അകലെയായിരുന്നു അത്. എളുപ്പ ത്തിൽ എത്തുന്നതിനായി ആ സ്കൂളിൽനിന്ന് അഞ്ച് മിനിറ്റ് നടന്നാൽ എത്തുന്ന ദൂരത്തിലുള്ള ഒരു മഹിളാമന്ദിരത്തിൽ (അക്ഷരാർത്ഥത്തിൽ,

'സ്ത്രീകളുടെ വീട്') താമസിച്ചു. കേരള സർക്കാരിന്റെ സാമൂഹ്യക്ഷേമ വകുപ്പാണ് മന്ദിരം നടത്തിയിരുന്നത്. ഒരു ചെറിയ വീടായ മന്ദിരത്തിൽ പതിനഞ്ചോളം സ്ത്രീകൾ താമസിച്ചിരുന്നു. അവരിൽ ചിലർ വീട് ഉപേക്ഷിച്ചവരായിരുന്നു; വീട്ടിൽ നിന്ന് പുറത്താക്കിയവരുണ്ടായിരുന്നു; പലർക്കും വീടില്ലായിരുന്നു. കോളനികളിൽനിന്നുള്ള കുട്ടികളെപ്പോലെ മോശം സാമൂഹിക-സാമ്പത്തിക പശ്ചാത്തലത്തിലുള്ള ചെറുപ്പക്കാരികളും ഉണ്ടായിരുന്നു. ചിലർ പിന്നീട് നാട്ടിലേക്ക് മടങ്ങി അല്ലെങ്കിൽ അധികാരികൾ അവരെ അവരുടെ സ്വന്തം സ്ഥലത്തിനു അടുത്തുള്ള നിരാലംബർക്കുള്ള വീട്ടിലേക്ക് മാറ്റി. മുതിർന്ന സ്ത്രീകളെ കൂടാതെ, ഞാനടക്കം ഏഴ് വിദ്യാർത്ഥികളും ഉണ്ടായിരുന്നു. അതിൽത്തന്നെ ഞങ്ങൾ രണ്ടുപേർ അന്ധരായിരുന്നു.

സ്ത്രീകൾ കരകൗശലജോലികളിൽ ഏർപ്പെട്ടിരുന്നു. ദിവസം മുഴുവൻ നീണ്ട ജോലിക്ക് ശേഷം ടി.വി. സീരിയലുകൾ കാണുന്നത് അവരുടെ ഒരേയൊരു വിനോദമായിരുന്നു. വാർത്തകൾ കാണാൻ ഞങ്ങൾ ആഗ്രഹിച്ചു, പക്ഷേ അവർക്ക് താത്പര്യമില്ലാത്തതുകൊണ്ട് അനുവദിച്ചില്ല. സ്കൂളിൽ പോകാനുള്ള എളുപ്പം മാത്രമായിരുന്നു അവിടെ തുടരാൻ കാരണം. തുടക്കത്തിൽ ഞങ്ങൾ മറ്റ് വിദ്യാർത്ഥികളുടെ സഹായംകൊണ്ട് സ്കൂളിൽ എത്തുമായിരുന്നു. പിന്നീട് സ്വതന്ത്രരായി സ്കൂളിൽ എത്താൻ കഴിയുന്നവരായി മാറി.

ഹയർ സെക്കൻഡറി സ്കൂളിനെ രണ്ട് ബ്ലോക്കുകളായി തിരിച്ചിരുന്നു. ഒരു ബ്ലോക്ക് ഒറ്റനിലയും മറ്റൊന്ന് രണ്ടു നിലയുമായിരുന്നു. ഭാഷാക്ലാസുകൾക്കായി മാത്രം വിദ്യാർത്ഥികൾക്ക് ക്ലാസ് മുറികൾ മാറേണ്ടിവന്നു. എന്റെ ക്ലാസ് രണ്ടാംഭാഷയായ മലയാളത്തിന്റെ പൊതുവേദി കൂടി ആയിരുന്നതിനാൽ, ക്ലാസ് മുറി മാറേണ്ടിവന്നില്ല. ഈ സ്കൂളിൽ ചേർന്ന ആദ്യത്തെ ശാരീരിക വൈകല്യമുള്ള വിദ്യാർത്ഥികളായിരുന്നു ഞാനും എന്റെ സഹപാഠിയും. അന്ധരായ വിദ്യാർത്ഥികളെ എങ്ങനെ പഠിപ്പിക്കണമെന്ന് അറിയാത്തതിനാൽ ഞങ്ങളെ പ്രവേശിപ്പിക്കുന്നതിൽ സ്കൂൾ അധികൃതർക്ക് സംശയമുണ്ടായിരുന്നു. അവർക്ക് ബ്രെയ്‌ലി അറിയില്ല. എന്റെ ചരിത്ര അധ്യാപകന്റെ ശുപാർശ

പ്രകാരമാണ് സ്കൂളിൽ പ്രവേശനം ലഭിച്ചത്. ഒരുപക്ഷേ, അവർ കോളേജ് വിദ്യാർത്ഥിയായിരുന്നപ്പോൾ രണ്ട് അന്ധരായ സഹപാഠികൾ ഉണ്ടായിരുന്നതുകൊണ്ട് ഇത്തരത്തിൽ ഉള്ള ഒരു സാഹചര്യത്തെപ്പറ്റി മനസിലാക്കിയിരുന്നിരിക്കാം.

അസമമായതും കല്ലുള്ളതുമായ സ്കൂൾ കളിസ്ഥലത്ത് ഞാൻ ഇടറിവീഴുമായിരുന്നു. അതിനാൽ പുറത്തുപോകുന്നത് ഒഴിവാക്കി. എന്റെ ഒന്നാംവർഷക്ലാസുകൾ ഏറ്റവും താഴെയുള്ള നിലയിലും രണ്ടാം വർഷക്ലാസുകൾ അതിനു മുകളിലുള്ള ഒന്നനിലയിലും നടന്നു. അതിനെ ബന്ധിപ്പിക്കുന്ന ഗോവണിക്ക് ഹാൻഡ് റെയിലിംഗ് ഉണ്ടായിരുന്നു. അതിനാൽ ഒന്നാംനിലയിലെത്താൻ പ്രയാസപ്പെട്ടില്ല. വാഷ്റൂമുകൾ അപ്രാപ്യമായ ഇടങ്ങളിൽ ആയിരുന്നു. അതുകൊണ്ട് മന്ദിരത്തിൽ നിന്ന് കുടിക്കാനും ലഞ്ച് ബോക്സ് കഴുകാനുമുള്ള വെള്ളം കൊണ്ടുവന്നിരുന്നു.

പഠിപ്പിക്കുമ്പോൾ, പ്രധാനപ്പെട്ട കാര്യങ്ങൾ അടിവരയിടാൻ ചില അധ്യാപകർ സഹായിച്ചു. എനിക്കായി പാഠപുസ്തകത്തിലെ പ്രധാന ഭാഗങ്ങൾ അടയാളപ്പെടുത്തുന്ന ഒരു കാഴ്ചയുള്ള സുഹൃത്ത്, ഉണ്ടായിരുന്നു. പുതിയ സ്കൂളിലെ അധ്യാപകർ എല്ലാവരും ഒരുപോലെ ആയിരുന്നില്ല. പഠിപ്പിക്കുന്ന സമയത്ത് ക്ലാസ്സിൽ സംസാരിച്ചതിന് എന്നെയും മറ്റൊരു കാഴ്ചയുള്ള സുഹൃത്തിനെയും തല്ലിയ ഒരു അധ്യാപകനെ ഞാൻ ഓർക്കുന്നു. സ്കൂളിൽ ഭൂമിശാസ്ത്രം ഒരു വിഷയമായിരുന്നു. ഞങ്ങളുടെ ഭൂമിശാസ്ത്ര റെക്കോർഡ് പുസ്തകത്തിൽ മാപ്പുകൾ വരയ്ക്കേണ്ടതായിരുന്നു. പ്രവേശനം അനുവദിക്കുമ്പോൾ സ്കൂൾ അധികൃതർ ഇക്കാര്യം അറിയിച്ചിരുന്നില്ല. ഇതൊരു പ്രശ്നമാകുമെന്ന് അവർ മനസ്സിലാക്കിയിരുന്നില്ലായിരിക്കാം. വാർഷിക പ്രായോഗിക പരീക്ഷയുടെ സമയമായപ്പോൾ മാത്രമാണ് അധികൃതർ ഇത് പരിശോധനാ സംഘത്തെ അറിയിച്ചത്. ഭാഗ്യവശാൽ, അവർ ഞങ്ങൾക്ക് വൈവ-വോസി പരീക്ഷയെ പ്രായോഗികപരീക്ഷകൾക്ക് പകരമായി നൽകി.

2005-ൽ കൊച്ചിയിലെ മഹാരാജാസ് കോളേജിൽ ബി.എ. ചരിത്രത്തിന് ചേർന്നു. അതിനു ശേഷം ഇതേ കോളേജിൽ നിന്ന് ഇസ്ലാമികചരിത്രത്തിൽ എം.എ എടുത്തു. വീട്ടിൽ നിന്ന് 65 കിലോമീറ്റർ

അകലമുള്ളതിനാൽ കോളേജ് ഹോസ്റ്റലിൽ താമസിച്ചു. ഹോസ്റ്റലും കോളേജും തമ്മിൽ ഒരു മതിലിന്റെ വേർതിരിവ് മാത്രമേ ഉണ്ടായിരുന്നുള്ളൂ; വെറും മൂന്ന് മിനിറ്റ് ദൂരം. ഹോസ്റ്റലിന്റെ പ്രധാന കവാടത്തിലേക്ക് പോകുന്ന പാതയിലെ ഡ്രെയിനേജ് മൂടപ്പെട്ട നിലയിലല്ലായിരുന്നു. ഹോസ്റ്റലിൽനിന്ന് കോളേജിലേക്കുള്ള നടപ്പാത അനുചിതമായ ക്രോസ് ഫാൾസ് നിറഞ്ഞതും അവശേഷിക്കുന്ന കോൺക്രീറ്റ്, കോണുകളിൽ കുന്നുകൂടിയ അവസ്ഥയിലുമായിരുന്നു. ഞാൻ പലപ്പോഴും അതിൽ കാലെടുത്തുവച്ച് താഴെ വീഴുമായിരുന്നു. 'പാർക്കിംഗ് പാടില്ല' എന്ന് അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇരു ചക്രവാഹനങ്ങൾ പലപ്പോഴും ഫുട്പാത്തിൽ പാർക്ക് ചെയ്തിരുന്നു. ഈ നിർമ്മാണ പിഴവുകളും നിയമലംഘനങ്ങളും ഒരു കാഴ്ചയുള്ള സുഹൃത്തിന്റെ സഹായത്തോടെപോലും കാമ്പസിലേക്കും പുറത്തേക്കും നടക്കാൻ ബുദ്ധിമുട്ടുണ്ടാക്കി.

കോളേജിന് രണ്ട് പ്രധാന പ്രവേശനകവാടങ്ങൾ ഉണ്ടായിരുന്നു-കിഴക്കും പടിഞ്ഞാറും. എനിക്ക് ഡിപ്പാർട്ട്മെന്റിൽ എത്താൻ കഴിഞ്ഞിരുന്നത് ചതുഷ്കോണത്തിനു നടുവിലൂടെയോ കോളേജ് കെട്ടിടത്തിനുള്ളിലെ ഇടനാഴിയിലൂടെയോ ആണ്. ഇത് രണ്ടും ബുദ്ധിമുട്ടായിരുന്നു. ചതുഷ്കോണത്തിലൂടെ നടക്കുന്നത് താരതമ്യേന എളുപ്പമായിരുന്നു, പക്ഷേ ഞങ്ങളുടെ സാന്നിധ്യം ശ്രദ്ധിക്കാതെ വിദ്യാർത്ഥികൾ അബദ്ധത്തിൽ വന്നു തട്ടാനുള്ള സാധ്യത ഉണ്ടായിരുന്നു. അത്തരം സന്ദർഭങ്ങളിൽ, ചിലർ ക്ഷമ ചോദിച്ചെങ്കിലും ചിലർ അവഗണിച്ചു. ഡിപ്പാർട്ട്മെന്റ് രണ്ടാം നിലയിലായിരുന്നു, അവിടേക്ക് ഒരു മരഗോവണിയിൽ കയറിയതിനുശേഷം മാത്രമേ എത്തിച്ചേരാനാകൂ. എനിക്ക് മറ്റു വകുപ്പുകൾ നൽകുന്ന ഭാഷാക്ലാസുകളിൽ പങ്കെടുക്കേണ്ടിവന്നു. വാഷ്റൂമുകൾ പൂർണ്ണമായും അപ്രാപ്യമായിരുന്നു. ഞങ്ങളുടെ ഡിപ്പാർട്ട്മെന്റിന് വാഷ്റൂമുകളൊന്നുമില്ല, അവിടെ ഉണ്ടായിരുന്ന ഒരെണ്ണത്തിൽ എത്താൻ കുറച്ച് ദൂരം നടക്കണം. പ്രവചനാതീതമായ വിദ്യാർത്ഥി പണിമുടക്കിന്റെയും പ്രതിഷേധത്തിന്റെയും ദിവസങ്ങളായിരുന്നു മറ്റൊരു പേടിസ്വപ്നം. എന്റെ സഹപാഠികളിൽ ചിലർ അത്തരം അവസരങ്ങളിൽ ഓടിപ്പോകാറുണ്ടായിരുന്നു, എന്റെ

അന്ധനായ സുഹൃത്തും ഞാനും പലപ്പോഴും പരിഭ്രാന്തരായി ഒറ്റപ്പെട്ടു പോകാറുണ്ടായിരുന്നു.

എന്റെ ക്ലാസ്സിൽ അമ്പത് വിദ്യാർത്ഥികളുണ്ടായിരുന്നതിൽ ഞങ്ങൾ രണ്ടുപേർ മാത്രമേ കാഴ്ച വെല്ലുവിളി നേരിടുന്നവരായിരുന്നുള്ളൂ. ഓഡിയോ റെക്കോർഡ് ചെയ്യാതെ ക്ലാസുകൾ പിന്തുടരുക ബുദ്ധിമുട്ടായി. പല പ്രഭാഷകരും സംസാരിച്ച വേഗത കണക്കിലെടുക്കുമ്പോൾ ബ്രെയ്‌ലിയിലും അവ എഴുതുക എളുപ്പമല്ല. അതിനാൽ ഞാൻ ഓഡിയോ ടേപ്പുകൾ ഉപയോഗിച്ച് പ്രഭാഷണങ്ങൾ റെക്കോർഡുചെയ്യാൻ തുടങ്ങി. പിന്നീട്, അതുകേട്ട് ബ്രെയ്‌ലിയിൽ പകർത്തി എഴുതും. അസൈൻമെന്റുകൾ എഴുതുക എന്നതായിരുന്നു മറ്റൊരു പ്രശ്നം. കമ്പ്യൂട്ടർ ലാബുകളിൽ ധാരാളം ഡെസ്‌ക്ടോപ്പുകൾ ഉണ്ടായിരുന്നു, പക്ഷേ അവയിൽ സ്ക്രീൻ-റീഡിംഗ് സോഫ്റ്റ് വെയർ ഇല്ലാത്തതിനാൽ സുഹൃത്തുക്കളെ ആശ്രയിക്കുകയല്ലാതെ മറ്റ് വഴികൾ ഉണ്ടായിരുന്നില്ല. കാഴ്ചയുള്ള സുഹൃത്തുക്കൾ പാഠങ്ങൾ വായിക്കുകയും ശ്രദ്ധിക്കേണ്ട പ്രധാനകാര്യങ്ങൾ ഞാൻ ചൂണ്ടിക്കാണിക്കുകയും ചെയ്യും. പിന്നീട് അവർ അത് വിശദമായി എഴുതി തരുമായിരുന്നു.

ഡിപ്പാർട്ട്മെന്റ് ലൈബ്രറി പ്രവർത്തനക്ഷമമായിരുന്നില്ല. ചില മുൻവിദ്യാർത്ഥികൾ കടമെടുത്ത പുസ്തകങ്ങൾ മടക്കിനൽകുന്നതിൽ പരാജയപ്പെട്ടു. ലൈബ്രറിയുടെ ചുമതലയുള്ള അധ്യാപകൻ കാണാതായ പുസ്തകങ്ങൾക്ക് പണം നൽകേണ്ടിവന്നു. പിന്നീടുവന്ന അധ്യാപകർ ലൈബ്രറിയുടെ ഉത്തരവാദിത്തം ഏറ്റെടുക്കാൻ വിസമ്മതിച്ചു. അതുകൊണ്ട് താഴത്തെ നിലയിൽ സ്ഥിതിചെയ്യുന്ന പ്രധാന ലൈബ്രറിയിലേക്ക് പോകേണ്ടിവന്നു. അതിന് മറ്റ് വിദ്യാർത്ഥികളുടെ സഹായം തേടേണ്ടതായും വന്നു. ബ്രെയ്‌ലിയിൽ രേഖകളൊന്നും അച്ചടിച്ചിട്ടില്ലാത്തതിനാൽ ലൈബ്രറിയിലേക്കുള്ള സന്ദർശനങ്ങൾ ഫലപ്രദമായില്ല. ഹോസ്റ്റലിലെ സുഹൃത്തുക്കൾ എനിക്കായി വായിച്ചുതന്നു. ജൂനിയർ ബാച്ചുകളിൽ നിന്നുള്ള വിദ്യാർത്ഥികളെ മാത്രമേ എഴുത്തുകാരായി അനുവദിക്കൂ എന്നതുകൊണ്ട് പരീക്ഷകൾക്ക് സ്ക്രൈബിനെ കണ്ടെത്തുന്നത് മറ്റൊരു വെല്ലുവിളിയായിരുന്നു.

ഹോസ്റ്റൽ ഇരട്ടനിലകളുള്ള കെട്ടിടമായിരുന്നു, കുറഞ്ഞ സൗകര്യങ്ങൾ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളൂ. ഞാൻ ബിരുദം പൂർത്തിയാക്കിക്കൊണ്ടിരുന്ന സമയത്ത്, ഹോസ്റ്റൽ നിയമപ്രകാരം, താഴത്തെ നിലയിലായിരുന്നു. നാലുകുട്ടികൾ ഒരു മുറി പങ്കിട്ടു. ഒന്നി ലധികം വികലാംഗവിദ്യാർത്ഥികളെ ഒരു മുറിയിൽ താമസിക്കാൻ അനുവദിച്ചില്ല. മുറിയിൽ ഒരു പ്ലഗ് പോയിന്റ് മാത്രമേ ഉള്ളൂ എന്നതി നാൽ, കാഴ്ച വെല്ലുവിളി നേരിടുന്ന ഒന്നിലധികം വിദ്യാർത്ഥികളെ ഒരേ മുറിയിൽ പാർപ്പിച്ചാൽ റെക്കോർഡർ ചാർജ് ചെയ്യുന്നത് പ്രശ്ന മുണ്ടാക്കുമെന്ന നിലപാടാണ് ഹോസ്റ്റൽ അധികൃതർ സ്വീകരിച്ചത്. അത്തരം കാരണങ്ങൾ യുക്തിസഹമായിരുന്നില്ല. റെക്കോർഡറുകൾ 24 മണിക്കൂറും ഞങ്ങൾ ചാർജ് ചെയ്തിരുന്നില്ല, മാത്രമല്ല ഞങ്ങൾക്ക് എളുപ്പത്തിൽ ചാർജ് ചെയ്യുവാനുള്ള ഊഴം തെരഞ്ഞെടുക്കാമായി രുന്നു.

വാസ്തവത്തിൽ, ഞാൻ എത്തിയ ദിവസം ഹോസ്റ്റൽ അധി കൃതർ മുറി നൽകാൻ പോലും തയ്യാറായില്ല. ലക്ഷദ്വീപിൽ നിന്നുള്ള മൂന്നു വിദ്യാർത്ഥികൾ താമസിക്കുന്ന മുറിയിൽ എന്റെ ലഗേജ് സൂക്ഷി ക്കാൻ ആവശ്യപ്പെട്ടു. എനിക്ക് അവരുടെ ഭാഷ പിന്തുടരാൻ കഴിഞ്ഞില്ല. എന്നോടൊപ്പം വന്ന അമ്മ വിഷമിക്കുകയും ഒരു മുതിർന്ന വിദ്യാർ ത്ഥിയോട് സംസാരിക്കുകയും എന്നെ അവളുടെ മുറിയിൽ തുടരാൻ അനുവദിക്കുകയും ചെയ്തു. ബിരുദസമയത്ത്, ഞാൻ കാഴ്ചയുള്ള മൂന്ന് വിദ്യാർത്ഥികളുമായി മുറി പങ്കിട്ടു. ഒരു ബിരുദാനന്തര വിദ്യാർത്ഥി യെന്ന നിലയിൽ ആദ്യം ഞാൻ കാഴ്ചയുള്ള രണ്ടുപേരുമായി മുറി പങ്കിട്ടു. അവരിൽ ഒരാൾ സുഹൃത്തിന്റെ മുറിയിൽ കൂടുതൽ സമയം ചെലവഴിച്ചു; താമസിയാതെ ആ മുറിയിലേക്ക് മാറുകയും ചെയ്തു. അങ്ങനെ ഒഴിവ് വന്നപ്പോൾ, അന്ധയായ സുഹൃത്ത് ഞങ്ങളുടെ മുറിയിലേക്ക് മാറി. ഞങ്ങൾ ഒരുമിച്ചുള്ളപ്പോൾ കൂടുതൽ ആശ്വാസക രമായിരുന്നു.

ബാത്ത്റൂമുകൾ ഞങ്ങളുടെ മുറികളുമായി ബന്ധിപ്പിച്ചിരുന്നില്ല. മൂന്ന് മുറി അകലെയുള്ള ബാത്ത്റൂമിൽ എത്താൻ എനിക്ക് ഇടുങ്ങിയ

വരാന്തയിലൂടെ നടക്കേണ്ടിയിരുന്നു. വരാന്തയുടെ ഇരുവശത്തും മുറികൾ ഉണ്ടായിരുന്നു. അതിലൂടെ മൂന്ന് പേർക്ക് ഒരുമിച്ച് നിരന്നു നടക്കാൻ കഴിഞ്ഞിരുന്നില്ല. അതിന്റെ അവസാനം അഞ്ച് മുതൽ ആറ് വരെ സാധാരണ കുളിമുറിയും ടോയ്‌ലറ്റുകളും ഉണ്ടായിരുന്നു; അത് കാഴ്ചയുള്ളവരുമായി ഞങ്ങൾ പങ്കിടേണ്ടിയിരുന്നു. ജലക്ഷാമം ഉണ്ടായപ്പോൾ, ഞങ്ങൾ സ്വയം വാഷ്റൂമുകളിലേക്ക് വെള്ളം കൊണ്ടുപോകേണ്ടിവന്നു. ഇടനാഴിയിൽ വെച്ച വസ്ത്രങ്ങളോ വെള്ളമോ നിറച്ച ബക്കറ്റുകൾ, ഇരിക്കാനും ചാറ്റ് ചെയ്യാനും വായിക്കാനും മറ്റും ഇടനാഴിയിലേക്ക് വലിച്ചിട്ട കനത്ത തടിക്കസേരകൾ, തുറന്നിട്ട ജനാലകൾ എന്നിവ വാഷ്റൂമിലേക്കുള്ള ചെറിയ യാത്രകൾ സാഹസികമാക്കിത്തീർത്തു; അതിൽ തട്ടുന്നത് എന്നെ ദേഷ്യം പിടിപ്പിച്ചിരുന്നു.

താഴത്തെ നിലയിലായിരുന്നു ഡൈനിംഗ് ഹാൾ. ഭാഗ്യവശാൽ അങ്ങോട്ടുള്ള ഇടനാഴി തടസങ്ങളില്ലാത്ത നേരായ പാതയായിരുന്നു. രണ്ടു സ്റ്റാഫുകളാണ് ഭക്ഷണം വിളമ്പിയത്, ഞങ്ങൾ അവരെ ‘അമ്മാവൻ’, ‘അമ്മായി’ എന്ന് വിളിച്ചിരുന്നു. വൈകി എത്തിയാൽ സ്വയം ഭക്ഷണം എടുക്കേണ്ടിവരുമായിരുന്നു-അന്ധരായ ഞങ്ങളെ അതിൽ നിന്നും ഒഴിവാക്കിയിരുന്നില്ല. അവിചാരിതമായി നടത്തുന്ന ക്ലാസോ മീറ്റിംഗോ കാരണം വൈകിയാൽ ഭക്ഷണം സ്വയം എടുക്കേണ്ടിവന്നത് ബുദ്ധിമുട്ടുണ്ടാക്കി. അപ്പോൾ ചില സുഹൃത്തുക്കൾ സഹായിച്ചിരുന്നു. ചിലദിവസങ്ങളിൽ എനിക്ക് ഉച്ചഭക്ഷണം കഴിക്കാൻ കോളേജിൽ നിന്ന് ഹോസ്റ്റലിലേക്ക് മടങ്ങേണ്ടിവന്നു. കോളേജിലേക്ക് കൊണ്ടുപോകുന്നതിനായി രാവിലെ ഒരു ലഞ്ച് ബോക്സ് നൽകി ഈ പ്രശ്നം പരിഹരിക്കാമായിരുന്നു. എന്നാൽ, അത്തരം ഒഴിവാക്കലുകൾ അനുവദിക്കുകയാണെങ്കിൽ, ബാക്കി 130 വിദ്യാർത്ഥികളും അത് ആവശ്യപ്പെടുമെന്ന് ഹോസ്റ്റൽ അധികൃതർക്ക് തോന്നി. ഡൈനിംഗ് ഹാളിന് പുറത്ത് സൂക്ഷിച്ചിരുന്ന ചവറ്റുകുട്ടയിലേക്ക് എത്താൻ ബുദ്ധിമുട്ടി. വസ്ത്രങ്ങൾ കഴുകാൻ എളുപ്പമായിരുന്നു. തുണിവിരിക്കാനുള്ള അയകൾ ഒന്നാം നിലയിലായിരുന്നു. ഭാരം നിറഞ്ഞ ബക്കറ്റുമായി പടികൾ കയറുന്നതു മാത്രം ബുദ്ധിമുട്ടുണ്ടാക്കി. ജലക്ഷാമം ഉണ്ടാകുമ്പോൾ സിറ്റി കോർപ്പറേഷൻ വലിയ ടാങ്കുകളിൽ ഹോസ്റ്റലിലേക്ക്

വെള്ളം കൊണ്ടുവന്നിരുന്നു. റൂമിന് പുറത്ത് ബക്കറ്റുകൾ സൂക്ഷിച്ച് വെള്ളം നിറക്കേണ്ടിവന്നു. അതിന് മറ്റു വിദ്യാർത്ഥികളെ ആശ്രയിക്കേണ്ടിവന്നു.

ബിരുദാനന്തരബിരുദം പൂർത്തിയായ ശേഷം യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ ബി.എഡ്. പ്രോഗ്രാമിൽ ചേർന്നു. ഇത് 2010-ലായിരുന്നു. ആ കോളേജിൽ പഠിക്കുന്ന ഒരേയൊരു കാഴ്ച വൈകല്യമുള്ള വ്യക്തിയായിരുന്നു ഞാൻ. യാത്ര ഒഴിവാക്കാൻ പേയിംഗ് ഗസ്റ്റ് ആയി അടുത്തുള്ള വീട്ടിൽ താമസിച്ചു. ഞങ്ങളിൽ ഏഴുപേർ താമസിക്കുന്ന ഇരുനിലക്കെട്ടിടമായിരുന്നു അത്. കോളേജിലെത്താൻ അഞ്ചു മിനിറ്റ് നടത്തം മാത്രം. വഴി വളരെ മോശം അവസ്ഥയിലായിരുന്നതുകൊണ്ട് ഒറ്റയ്ക്ക് നടക്കാൻ ധൈര്യപ്പെട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ പോലും ഇല്ലാത്ത ഒറ്റനില കെട്ടിടമായിരുന്നു കോളേജ്. സ്ഥാപനം മുഴുവൻ മൂന്ന് വ്യത്യസ്ത ബ്ലോക്കുകളിലായി വ്യാപിച്ച രീതിൽ ആയിരുന്നു. ഓരോ ബ്ലോക്കുകളിലും എത്താൻ ഈരണ്ട് പടികൾ കയറേണ്ടിയിരുന്നു. പ്രധാന കെട്ടിടം പണ്ട് ഒരു പഴയ സർ ക്കാർ സ്കൂളായിരുന്നു, അത് കോളേജാക്കി മാറ്റിയതാണ്. വാഷ്റൂമു കൾ പ്രധാന കെട്ടിടത്തിൽ ഉണ്ടായിരുന്നില്ല. ഉണ്ടായിരുന്ന വാഷ്റൂം പ്രവർത്തനക്ഷമമല്ലാത്തതിനാൽ അവിടെ പോകരുതെന്ന് എന്നോട് പറഞ്ഞിരുന്നു.

അധ്യാപകർ പ്രഭാഷണക്കുറിപ്പുകൾ വിദ്യാർത്ഥികൾക്ക് കൈമാറിയിരുന്നു. ഒരാൾ അത് വായിക്കുകയും ബാക്കിയുള്ളവർ അത് കേട്ടെഴുതുകയും ചെയ്യും. സ്പെല്ലിംഗിലെ ആശയക്കുഴപ്പം ബ്ലാക്ക്ബോർഡിൽ എഴുതി ഒഴിവാക്കിയത് ഞങ്ങൾക്ക് പ്രയോജനപ്പെട്ടില്ല. കോഴ്സിന്റെ ഭാഗമായി പ്രവർത്തനങ്ങളുടെ രേഖകൾ ഞങ്ങൾ സൂക്ഷിക്കണം. അത് സുഹൃത്തുക്കൾക്കും മൂത്ത സഹോദരിയ്ക്കും പറഞ്ഞു കൊടുത്ത് എഴുതിപ്പിച്ചിരുന്നു. അദ്ധ്യാപന പരിശീലനത്തിനായി അനുവദിച്ച സ്കൂൾ സമീപത്തായിരുന്നു. അതിനാൽ ഗതാഗതം വലിയ പ്രശ്നമായിരുന്നില്ല. കോളേജ് ലൈബ്രറി ഒരു ചെറിയ മുറിയിലെ കുറച്ച് പുസ്തകങ്ങളല്ലാതെ മറ്റൊന്നുമായിരുന്നില്ല. അന്ധരായ വിദ്യാർ

ത്ഥികൾക്കുള്ള പുസ്തകങ്ങൾ പോയിട്ട് കോഴ്സിന് ആവശ്യമായ സാധാരണ പുസ്തകങ്ങൾ പോലും അവിടെനിന്ന് ലഭിച്ചില്ല. 'ടാലന്റ്സ് ഡേ' പോലുള്ള കോളേജ് ആഘോഷങ്ങളിൽനിന്ന് എന്നെ ഒഴിവാക്കിയതായി തോന്നി. പാചകം, ഫാബ്രിക് പെയിന്റിംഗ്, സ്റ്റിൽ മോഡലിംഗ് എന്നീ കഴിവുകൾ അവിടെ വളരെ അധികം അംഗീകരിക്കപ്പെട്ടിരുന്നു. അതുപോലുള്ളവയിൽ നിന്നു അന്ധരെ ഒഴിവാക്കി. സ്റ്റേജ് പ്രകടനങ്ങളിൽ മാത്രമേ പങ്കെടുക്കാൻ കഴിഞ്ഞിരുന്നുള്ളൂ. സ്റ്റേജും പോഡിയവും നിലത്തെക്കാൾ ഉയർന്ന തലത്തിലായിരുന്നു, അവിടേക്ക് എത്താൻ മൂന്നുപടികൾ കയറേണ്ടിയിരുന്നു. എനിക്ക് പാടുന്നതിൽ നല്ല കഴിവുണ്ടായിരുന്നു എങ്കിലും ആരുടെയെങ്കിലും സഹായത്തോടെ മാത്രമേ വേദിയിലെത്താൻ  കഴിയുമായിരുന്നുള്ളൂ.

**ഗവേഷണസ്ഥാപനം**

ഞാൻ എം.എ.യും ബി.എഡും നേടിയതിനാൽ കുടുംബത്തിലും സമീപപ്രദേശങ്ങളിലും എന്നെ ഒരു ഉന്നത വിദ്യാഭ്യാസമുള്ള വ്യക്തിയായി കണക്കാക്കി. ജോലി കണ്ടെത്തുന്നത് സാമ്പത്തിക സ്വാതന്ത്ര്യത്തിനും കുടുംബത്തിന്റെ സാമ്പത്തികസ്ഥിതിക്കും നിർണ്ണായകമായിരുന്നു. എനിക്ക് സ്കൂളുകളിൽ അദ്ധ്യാപികയാകാൻ യോഗ്യതയുണ്ടായിരുന്നു, പക്ഷേ ഒരു നിയമനത്തിലേക്ക് എത്തുക എളുപ്പമായിരുന്നില്ല. സർക്കാർ നടത്തുന്ന സ്കൂളുകളിൽ ധാരാളം ഒഴിവുകൾ ഇല്ല, കൂടാതെ എയ്ഡഡ് മേഖലയിൽ ഉദ്യോഗാർത്ഥികൾ വലിയ 'സംഭാവന' നൽകിയാൽ മാത്രമേ നിയമനങ്ങൾ നടത്തുകയുള്ളൂ. ഇത് അടയ്ക്കാൻ എനിക്ക് കഴിയുന്നില്ലെന്ന് മാത്രമല്ല, ഞാൻ ഒരു അന്ധയാണെന്ന പരിമിതിയും ഉണ്ടായിരുന്നു. നിയമപരമായി സംവരണമുണ്ടായിരുന്നുവെങ്കിലും ഒരിക്കലും പാലിച്ചു പോന്നില്ല. ഈ സാഹചര്യത്തിലാണ് ഉപരിപഠനത്തെക്കുറിച്ച് ചിന്തിച്ചത്. ചങ്ങാതിമാർ എനിക്കായി പത്രങ്ങൾ വായിക്കാറുണ്ടായിരുന്നു, അവരിലൊരാൾ, പ്രാദേശിക സർവകലാശാല അതിന്റെ എം.ഫിൽ. പ്രോഗ്രാമുകൾക്ക് പ്രവേശനം ക്ഷണിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെടുത്തി. ഒരു സഹായിയുടെ സഹായത്തോടെ പ്രവേശനപ്പരീക്ഷയെഴുതി പാസ്സായി. അഭിമുഖത്തിലും

വിജയിച്ചു. അന്ധനായ ഒരാൾക്ക് ഗവേഷണം നടത്താൻ കഴിയുമോ? എന്ന് സെലക്ഷൻ കമ്മിറ്റിയുടെ ഭാഗത്തുനിന്ന് ആശങ്കയുണ്ടെന്ന് അഭിപ്രായം ഉയർന്നെങ്കിലും അന്നത്തെ സ്ഥാപനമേധാവി അനുകൂല മായ നിലപാട് സ്വീകരിച്ചു. അദ്ദേഹം തന്നെ എന്റെ ഗവേഷണത്തിന് മേൽനോട്ടം വഹിക്കുമെന്നും പിന്നീട് മനസ്സിലാക്കി. ശാരീരിക വെല്ലു വിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള ക്വാട്ടയിൽ എന്നെ തെരഞ്ഞെ ടുത്തു. രണ്ട് പതിറ്റാണ്ടിലേറെയായുള്ള ചരിത്രത്തിൽ ആദ്യമായാണ് ഈ ക്വാട്ട പ്രകാരം ആ സ്ഥാപനം ഒരാളെ തെരഞ്ഞെടുത്തത്.

സർവകലാശാലയുടെ നിയമാനുസൃത അധ്യാപനവിഭാഗമായ ഇൻസ്റ്റിറ്റ്യൂട്ട് ഒരു കുന്നിൻമുകളിലാണ്. കുന്നിന്റെ ഗ്രേഡിയന്റുമായി രൂപകൽപ്പന യോജിക്കുമെന്ന ആശയം ഒരു പ്രശസ്ത വാസ്തുശില്പി യുടേതാണ്. പ്രധാനറോഡിൽ നിന്ന്, കെട്ടിടത്തിലേക്ക് അഞ്ചുമിനിറ്റ് നടക്കണം. കെട്ടിടത്തിന്റെ ഘടനയുടെയും രൂപകല്പനയുടെയും സവി ശേഷത, എല്ലാ നിലകളിലും ഒന്നിലധികം ലെവലുകൾ, പടികളുടെ എണ്ണമറ്റ കയറ്റിറക്കങ്ങൾ, സർപ്പിള ഗോവണിപ്പടികൾ, ക്ലാസ് മുറികൾ ക്കും സെമിനാർ ഹാളുകൾക്കുമിടയിലുള്ള തൂണുകൾ, സംരക്ഷണ മതിലുകളില്ലാത്ത റിംഗ്-ഇടനാഴി, നിരവധി മുക്കുകളും ക്രാനികളും- എല്ലാം ശാരീരിക വെല്ലുവിളി നേരിടുന്നവർക്കും പ്രായമായവർക്കും കർശന നിയന്ത്രണം ഏർപ്പെടുത്തിയത് പോലെയായിരുന്നു.

പ്രവേശനലോബിയിലേക്ക് പതിനാല് പടികളുള്ള കയറ്റം. ആദ്യത്തെ നാലെണ്ണം ഇടത് വശത്തേക്ക്, പിന്നെ ഒരു വലിയ തിരിവ്, ബാക്കി ഒൻപത് പടികൾ. കെട്ടിടത്തിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള പ്രവേശനം-ലൈബ്രറി, കമ്പ്യൂട്ടർ സെന്റർ, ആർക്കിയോളജിക്കൽ മ്യൂസിയം, അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഫാക്കൽറ്റി ക്യാബിനുകൾ- പ്രവേശനലോബിയിൽ നിന്നായിരുന്നു. പ്രവേശനലോബിയിൽ നിന്ന് എട്ട് പടികളുള്ള ഒരു കയറ്റം ലൈബ്രറിയിലേക്കും നാലെണ്ണം മ്യൂസിയ ത്തിലേക്കും നയിക്കുന്നു. അഡ്മിനിസ്ട്രേറ്റീവ് ഓഫീസും ഗസ്റ്റ്- ഫാക്കൽറ്റി ഡെസ്കും പരസ്പരം അഭിമുഖീകരിച്ച രീതിയിൽ ആയി രുന്നു. ഇവയിലേക്കുള്ള ആക്സസ്സ് രണ്ടു ഘട്ടങ്ങളുള്ള ഒരു കയറ്റം

വഴിയാണ്. കമ്പ്യൂട്ടർ സെന്റർ നിലവറയിൽ സ്ഥിതിചെയ്യുന്നു; വഴുക്കലുള്ള ടൈലുകൾ കൊണ്ട് നിർമ്മിച്ച ഒമ്പത് പടികളുള്ള ഒരു സർപ്പിള ഗോവണിയിലൂടെയും പ്രവേശിക്കാം. 13 പടികളുള്ള ഇടുങ്ങിയതും നീളമുള്ളതുമായ സർപ്പിള ഗോവണി താഴത്തെ നിലയെയും ഒന്നാം നിലയെയും ബന്ധിപ്പിക്കുന്നു.

സ്ഥിരം ഫാക്കൽറ്റിയുടെ ക്യാബിനുകൾ എല്ലാം ഒന്നാംനിലയിൽ, അപകടകരമായ ഒരു വളയത്തിന് ചുറ്റും സ്ഥിതിചെയ്യുന്നു. രണ്ട് നിലകളിലും ലൈബ്രറി വ്യാപിച്ചിരുന്നു. ലൈബ്രറിയുടെ രണ്ടാം നിലയിലാണ് റീഡിംഗ് ഹാളും ആർക്കൈവുകളും. രണ്ട് നിലകളും 11 പടികളുള്ള സർപ്പിള ഗോവണി ഉപയോഗിച്ച് ബന്ധിപ്പിച്ചിരുന്നു. പടികൾ തമ്മിലുള്ള ദൂരം അസമമായിരുന്നു. പടികൾ ഏറ്റവും വഴുക്കലുള്ള ടൈലുകൾകൊണ്ട് നിർമ്മിച്ചിരുന്നു. ജെന്റ്സ് വാഷ്റൂമുകളിൽ രണ്ട് വെസ്റ്റേൺ ക്ലോസറ്റുകളും മൂന്ന് മൂത്രപ്പുരകളും ഉള്ളപ്പോൾ, സ്ത്രീകൾക്കുള്ള വാഷ്റൂമിൽ ഒരു ഇന്ത്യൻ ക്ലോസറ്റ് മാത്രമേ ഉണ്ടായിരുന്നു. ഇന്ത്യൻ ക്ലോസറ്റ് കാഴ്ചയില്ലാത്തവർക്ക് അപകടസാധ്യതയുള്ളതും വീൽചെയറിൽ ഇരിക്കുന്നവർക്ക് ഒട്ടും അഭികാമ്യവും ആയിരുന്നില്ല. വാഷ്റൂമുകളുടെ ആൺ-പെൺ അടിസ്ഥാനത്തിലുള്ള അസമമായ വിന്യാസം വിദ്യാർഥികളിൽ ഭൂരിഭാഗം വരുന്ന പെൺകുട്ടികൾക്ക് കാര്യമായ പ്രശ്നം ഉണ്ടാക്കിയിരുന്നു.

പാശ്ചാത്യരാജ്യങ്ങളിൽ പൊതു ഇടങ്ങൾ തടസ്സരഹിതമാകണമെന്ന് നിർബന്ധമാണെന്നും അത് ഉറപ്പാക്കാൻ സിറ്റി കൗൺസിലുകൾ വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുവെന്നും ഞാൻ മനസ്സിലാക്കുന്നു. ആ സ്ഥാപനം സന്ദർശിച്ച ഏതൊരാളും തീർച്ചയായും ശാരീരിക വെല്ലുവിളികൾ നേരിടുന്ന ഒരാൾ അത്തരം തടസ്സങ്ങൾ എങ്ങനെ മറികടക്കും എന്ന് ചിന്തിക്കും. സ്വന്തം അനുഭവം പറയുമ്പോൾ, നമ്മുടേതുപോലുള്ള സാമൂഹിക-സാംസ്കാരിക സന്ദർഭങ്ങളിൽ എന്നെപ്പോലുള്ള വ്യക്തികളെ തടസ്സങ്ങൾ മറികടക്കാൻ സഹായിക്കേണ്ടത് സമൂഹമാണ്. എന്നാൽ, അനുയോജ്യമായ ഒരു അവസ്ഥയല്ല ഇത്തരത്തിൽ ഉണ്ടാവുന്നത്, എന്നെ സഹായിക്കുന്നവരുടെ സ്വാതന്ത്ര്യത്തെയും

എന്റെ സ്വാതന്ത്ര്യത്തെയും പരിമിതപ്പെടുത്തുന്ന പ്രവണതകളാണ് കൂടുതലും.

## മറ്റു സ്ഥാപനങ്ങൾ പര്യവേക്ഷണം ചെയ്യുമ്പോൾ

എന്റെ ഗവേഷണ സ്ഥാപനത്തിന്റെ രൂപകൽപ്പന വൈകല്യമുള്ള വർക്ക് യോജിച്ചിരുന്നില്ല. അത് കണക്കിലെടുക്കുമ്പോൾ മറ്റ് ഉന്നത വിദ്യാഭ്യാസസ്ഥാപനങ്ങളുടെ അവസ്ഥ അറിയാൻ കൗതുകമുണ്ടായിരുന്നു. അതിനാൽ വിദ്യാഭ്യാസസ്ഥാപനങ്ങളുടെ സാമ്പിളുകളിലൂടെ ഘടനാപരമായ വിശദാംശങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനും വികലാംഗ-സൗഹൃദത്തിന്റെ അടിസ്ഥാനത്തിൽ ഇവ വിലയിരുത്തുന്നതിനും ഞാൻ ഒരു പ്രാഥമിക ചെക്ക്-ലിസ്റ്റ് തയ്യാറാക്കി. ചെക്ക്-ലിസ്റ്റിൽ 56 ചോദ്യങ്ങളുണ്ടായിരുന്നുവെങ്കിലും 'അതെ അല്ലെങ്കിൽ ഇല്ല' ഫോർമാറ്റിൽ ഫ്രെയിം ചെയ്തതിനാൽ പതിനഞ്ച് മിനിറ്റിനുള്ളിൽ ഉത്തരം നൽകാൻ കഴിയുമായിരുന്നു. ഈ സ്ഥാപനങ്ങളുടെ വികലാംഗ-സൗഹൃദത്തിന്റെ ഒരു സൂചിക നമ്പർ നിർമ്മിക്കുക എന്നതായിരുന്നു ലക്ഷ്യം. ചെക്ക്-ലിസ്റ്റ് തയ്യാറാക്കുന്നതിലും ഇൻഡെക്സ് നമ്പറിന്റെ ആശയം മനസിലാക്കുന്നതിലും സ്റ്റാറ്റിസ്റ്റിക്കൽ ടെക്നിക്കുകളിൽ പരിശീലനം നേടിയ സാമ്പത്തിക വിദഗ്ധനായ സുഹൃത്തിൽ നിന്ന് വളരെയധികം സഹായം ലഭിച്ചു.

രാജ്യത്തൊട്ടാകെയുള്ള 16 സ്ഥാപനങ്ങളിലേക്ക് ചെക്ക്-ലിസ്റ്റ് ഇ-മെയിൽ ചെയ്യുകയും സ്ഥാപനമേധാവിക്ക് കത്ത് നൽകുകയും ചെയ്തു. കവറിംഗ് ലെറ്ററിൽ പ്രത്യേകം പറഞ്ഞിട്ടുണ്ട്: എ) ചെക്ക്-ലിസ്റ്റിന് ഉത്തരം നൽകാൻ പരമാവധി പതിനഞ്ച് മിനിറ്റ് എടുക്കും; ബി) ഫാക്കൽറ്റി, അഡ്മിനിസ്ട്രേറ്റീവ് സ്റ്റാഫ് അല്ലെങ്കിൽ വിദ്യാർത്ഥികളെ ചോദ്യാവലിക്ക് ഉത്തരം നൽകാനുള്ള ചുമതല ഏൽപ്പിക്കാം; സി) ശേഖരിക്കുന്ന എല്ലാ വിവരങ്ങളും രഹസ്യാത്മകവും സ്ഥാപനത്തിന്റെ പേര് വെളിപ്പെടുത്തുന്നതുമല്ല; ഡി) പൂരിപ്പിച്ച ചോദ്യാവലി ഇ-മെയിൽ വഴി മടക്കിനൽകാം-ഒരു സ്ഥാപനം പോലും പ്രതികരിച്ചില്ല.

മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടുകൾക്ക് വികലാംഗ-സൗഹൃദ പ്രശ്നങ്ങളോട് സമകാലിക സംവേദനക്ഷമത ഉണ്ടായിരിക്കുമെന്ന്

കരുതി, ഈ സ്ഥാപനങ്ങളിലൊന്നിൽ ചെക്ക്-ലിസ്റ്റ് പൈലറ്റ് പരീക്ഷിക്കാമെന്ന് തീരുമാനിച്ചു. എന്റെ വൈകല്യം കണക്കിലെടുത്ത് ഒരു സുഹൃത്ത് എനിക്കായി പൈലറ്റ് പരിശോധന നടത്താൻ സമ്മതിച്ചു. സ്ഥാപനത്തിന്റെ ഐഡന്റിറ്റി രഹസ്യമായി സംരക്ഷിക്കുമെന്നതിനെക്കുറിച്ച് ഒരു ഉറപ്പ് ഉൾക്കൊള്ളുന്ന ആമുഖം യൂണിവേഴ്സിറ്റി ഡീൻ അദ്ദേഹത്തിന് നൽകി. മാനേജ്മെന്റ് സ്ഥാപനത്തിലെ പബ്ലിക് റിലേഷൻസ് ഓഫീസറെ അയാൾ സന്ദർശിച്ചെങ്കിലും സ്ഥാപനമേധാവിയെ കാണാനുള്ള അനുമതി നിഷേധിച്ചു; കാരണം പറഞ്ഞില്ല. നിരീക്ഷണത്തിനായി ക്യാമ്പസിന് ചുറ്റും നടക്കാനെങ്കിലും അനുവദിക്കണമെന്ന അഭ്യർത്ഥനയും  നിരസിക്കപ്പെട്ടു.

ഇതിനെത്തുടർന്ന്, എന്റെ മേൽനോട്ടമുള്ള അധ്യപകന് കോൺടാക്റ്റുകളുള്ള ഒരു സോഷ്യൽ സയൻസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ സമീപിക്കാൻ ആലോചിച്ചു. തത്കാലം സമ്മതം കിട്ടിയെങ്കിലും കെട്ടിടത്തിന്റെ ഒരു ഭാഗവും ഫോട്ടോ എടുക്കരുതെന്നതുൾപ്പെടെ നിരവധി വ്യവസ്ഥകൾ ഏർപ്പെടുത്തിയിരുന്നു. അധികം താമസിയാതെ നൽകിയ അനുമതി അദ്ദേഹം തന്നെ പിൻവലിക്കുകയും ചെയ്തു. രഹസ്യസ്വഭാവം  ഉറപ്പ് നൽകിയിട്ടുണ്ടെങ്കിലും അവർക്ക് ഭയം ഉണ്ടായിരുന്നു. അതിനാൽ വിവരങ്ങൾ വിവേകപൂർവ്വം ശേഖരിക്കണമെന്ന് തീരുമാനിച്ചു. ഇരുപത് സ്ഥാപനങ്ങളുടെ ഒരു സാമ്പിൾ തിരഞ്ഞെടുത്തു. ആർട്സ് ആൻഡ് സയൻസ് കോളേജുകളും സർക്കാർ ഉടമസ്ഥതയിലുള്ളതും സ്വകാര്യ ഉടമസ്ഥതയിലുള്ളതുമായ പ്രൊഫഷണൽ കോളേജുകളും അതിൽ ഉൾപ്പട്ടിരുന്നു. കൂടാതെ, ഘടനാപരമായ ചെക്ക്-ലിസ്റ്റ് ഉപയോഗിക്കാതെ സംസ്ഥാനത്തിന് പുറത്തുള്ള രണ്ടു സ്ഥാപനങ്ങളിൽ നിന്ന് വിവരങ്ങൾ ശേഖരിക്കുന്നതിനും  ക്രമീകരണമുണ്ടാക്കി.

ചെക്ക്-ലിസ്റ്റ്, പ്രശ്നങ്ങളിൽ നിന്ന് മുക്തമായിരുന്നില്ല. ഉദാഹരണത്തിന്, ചെക്ക്-ലിസ്റ്റിന്റെ മൂന്നാമത്തെ ചോദ്യം വാതിൽ പായകൾ തറയിൽ ഉൾച്ചേർക്കുകയും തറയിൽ ഒരു സമനില ഉണ്ടാക്കുകയും ചെയ്തിരുന്നോ? എന്നതാണ്. ചെന്നൈയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട്

ഓഫ് ടെക്നോളജിയിലെ ബിരുദ വിദ്യാർത്ഥിയായ സുഹൃത്തിന് വാതിൽ പായകൾഅത്ര പ്രശ്നമായിരുന്നില്ല. അദ്ദേഹം പറയുന്നു: "പ്രവേശന കവാടങ്ങളും പുറത്തുകടപ്പുകളും കണ്ടെത്താൻ എന്നെ സഹായിക്കുന്നതിലൂടെ അത് എനിക്ക് ഒരു ദിശാബോധം നൽകുന്നുണ്ട്." വികലാംഗർക്ക് ഒരു അടിസ്ഥാന ഇൻഫ്രാസ്ട്രക്ചർ നൽകേണ്ടത് പ്രധാനമാണെങ്കിലും, ആ സുഹൃത്തുമായുള്ള സംഭാഷണം നിരവധി പുതിയ ആശയങ്ങൾ സംഭാവനചെയ്തു.

വികലാംഗ-സൗഹൃദ ഫർണിച്ചറുകളുടെ ലഭ്യത സംബന്ധിച്ച ചോദ്യം ഒരു ഉദാഹരണമാണ്. ഒരാൾക്ക് ഒരു പ്രത്യേക സ്ഥലത്ത് ഉറപ്പിച്ചിരിക്കുന്ന ഏത് ഫർണിച്ചറുകളും അവന്റെ ചലനാത്മകതയ്ക്ക് സൗകര്യപ്രദമാണ്. എന്നാൽ, വികലാംഗസൗഹൃദത്തെ പ്രാപ്തമാക്കുന്നതിന് ഒരു പ്രത്യേക ഇടം പൂർണ്ണമായും പുനർനിർമ്മിക്കുന്നതിനെ അദ്ദേഹം വിമർശനാത്മകമായി സമീപിച്ചു. അദ്ദേഹം പറയുന്നു: "ഇത് പരിചിതമായ കാര്യമാണ്. ഞാൻ ഒരു വികലാംഗസൗഹൃദവീട് നിർമ്മിക്കുകയാണെങ്കിൽ, പിന്നീട് ഒരു ഹോസ്റ്റലിലേക്ക് മാറേണ്ടി വരുമ്പോൾ അത് കൈകാര്യം ചെയ്യുക വളരെ ബുദ്ധിമുട്ടായിരിക്കും. മറ്റ് സ്ഥലങ്ങൾ ബുദ്ധിമുട്ടാകാതിരിക്കാൻ നിലവിലുള്ള ഘടനകളുമായി പൊരുത്തപ്പെടാൻ സ്വയം പരിശീലിക്കുന്നതാണ് നല്ലത്."

ഓഡിയോ സഹായത്തിന്റെ ഉദാഹരണം അദ്ദേഹം ഉദ്ധരിക്കുന്നു. വികസിതരാജ്യങ്ങളിൽ ട്രാഫിക് സിഗ്നലിനായി ഓഡിയോ സഹായമുണ്ട്. ബ്യൂറോക്രാറ്റിക് ഘടനകൾ കണക്കിലെടുക്കുമ്പോൾ, അവർ അത്തരത്തിലുള്ള ഒന്ന് ഇൻസ്റ്റാൾ ചെയ്തേക്കാം, അത് ഒരു ദിവസം പെട്ടെന്ന് പ്രവർത്തിക്കുന്നത് നിർത്തുകയാണെങ്കിൽ, ദിശകളെക്കുറിച്ച് ഞങ്ങൾക്ക് വ്യക്തതയില്ലാതെയാവും. നഗരകേന്ദ്രങ്ങളെ അടിസ്ഥാനമാക്കി ഒരു മാനദണ്ഡം സ്ഥാപിക്കുക എന്നതാണ് ഞങ്ങൾ ഇപ്പോൾ ചെയ്യുന്നത്. ഉദാഹരണത്തിന്, ദില്ലി മെട്രോ പരിഗണിക്കുക. ഗ്രാമങ്ങളിലെ വികലാംഗരുടെ ആവശ്യങ്ങൾ ഒരു മെട്രോയിൽ നിന്ന് തികച്ചും വ്യത്യസ്തമായിരിക്കും, പ്രത്യേക ഭൂമിശാസ്ത്രത്തിൽ ജനങ്ങളുടെ ജീവിത യാഥാർത്ഥ്യം പരിഗണിക്കാതെ ഡിസൈനുകളും

ആശയങ്ങളും പകർത്തുമ്പോൾ അത് പരാജയപ്പെടുന്നു. അത്തരം അടിസ്ഥാന സൗകര്യങ്ങൾ ഒരു പ്രത്യേക വിഭാഗത്തിന്റെ ആവശ്യത്തെ മാത്രം നിറവേറ്റുന്നു.

ഐ.ഐ.ടി. മുംബൈയിൽ പി.എച്ച്.ഡി. ചെയ്യുന്ന ഓർത്തോ പീഡിക് വെല്ലുവിളി നേരിടുന്ന വാസ്തുശില്പിയുണ്ട്. അദ്ദേഹം പരി ഹാസത്തോടെ ഇങ്ങനെ കുറിച്ചു: ഐ.ഐ.ടി സ്ഥാപിച്ച് നാൽപത് വർഷത്തിന് ശേഷം റാമ്പുകൾ പ്രത്യക്ഷപ്പെട്ടു, ഈ സ്ഥാപനം എത്ര ത്തോളം വികലാംഗ സൗഹൃദമാണെന്ന് ഇത് കാണിക്കുന്നു. അദ്ദേഹ ത്തെ സംബന്ധിച്ചിടത്തോളം റാമ്പുകൾ നിർമ്മിക്കുകയോ ഹാൻഡ് റെയിലുകൾ സ്ഥാപിക്കുകയോ ചെയ്യുന്നത് പ്രശ്നം പരിഹരിക്കു ന്നില്ല. ഇന്റർഫേസുകൾ ഏറ്റവും കുറഞ്ഞ രൂപകൽപ്പന അവഗണി ക്കപ്പെട്ടുകിടക്കുന്നു. നിങ്ങൾക്ക് മുകളിലത്തെ നിലയിലെത്താൻ ഒരു ലിഫ്റ്റ് ഉണ്ടായിരിക്കാം. മഴയെത്തുടർന്ന് ശരിക്കും വഴുതിപ്പോയ ഗ്രാനൈറ്റുകൾ ഉപയോഗിച്ചാണ് ഫ്ളോറിംഗ് എങ്കിൽ കേവലം ഒരു ലിഫ്റ്റ് ലഭിക്കുന്നത് എന്ത് പ്രയോജനമാണ് ഉണ്ടാക്കുക?

ഇന്ത്യയിൽ നാം പിന്തുടരുന്ന പാശ്ചാത്യ നിലവാരത്തെയും പാശ്ചാത്യ വാസ്തുവിദ്യയെയും അദ്ദേഹം വിമർശനാത്മകമായി സമീപിക്കുന്നു. വെസ്റ്റേൺഡിസൈൻ പിന്തുടർന്ന പുതിയ ബസ്സു കളിലെ സീറ്റുകളുടെ ഉദാഹരണം അദ്ദേഹം ഉദ്ധരിച്ചു. യൂറോപ്യ ന്മാരുടെ ശരാശരി ഉയരം കണക്കിലെടുത്താണ് അവ രൂപകൽപ്പന ചെയ്തത്, ഇത് ഇന്ത്യക്കാർക്ക് അനുയോജ്യമല്ല. വൈകല്യ സൗഹൃദ രൂപകൽപ്പനകൾപോലും ഒരേ തരത്തിലുള്ള തെറ്റുകൾക്ക് ഇരയാകു മെന്ന് അദ്ദേഹം കരുതുന്നു. ഡിസൈൻ, അദ്ദേഹം ഓർമ്മിപ്പിച്ചതു പോലെ, ചരിത്രപരവും സാംസ്കാരികവുമായ സന്ദർഭത്തിൽ നിന്ന് വ്യത്യസ്തമല്ല. നെഹ്റുവിയൻ കാലഘട്ടത്തിലെ ഐ.ഐ.ടി.കളുടെ ഉത്ഭവത്തെക്കുറിച്ചും വ്യാവസായിക വളർച്ചയെക്കുറിച്ചുള്ള നെഹ്റു വിയൻ സ്വപ്നത്തെ അത് എങ്ങനെ പ്രതിഫലിപ്പിക്കുന്നുവെന്നും അദ്ദേഹം സംസാരിച്ചു. അദ്ദേഹം പറയുന്ന വാസ്തുവിദ്യ ഈ വളർച്ച യുടെയും മാറ്റത്തിന്റെയും ഏജന്റായി "കഴിവുള്ള ശരീരം" എന്ന

അനുമാനത്തോടെ രൂപകൽപ്പന ചെയ്തിരിക്കുന്നു, അതിനാൽ ഭിന്ന ശേഷിക്കാർ ഒഴിവാക്കപ്പെടുന്നു. വികസിത വികലാംഗ സൗഹൃദ വാസ്തുവിദ്യ തന്നെ അക്കാദമിക് വിദഗ്ധരിൽ നിന്ന് വ്യവസ്ഥാപി തമായി പാർശ്വവൽക്കരിക്കപ്പെടുമ്പോൾ, നൂതന സാങ്കേതികവിദ്യകൾ പല അദ്ധ്യാപന-പഠന പ്രക്രിയകളിലും എങ്ങനെ ഉപയോഗിക്കുന്നു വെന്ന് കാണിക്കുന്നതിന് അദ്ദേഹം നിരവധി ഉദാഹരണങ്ങൾ നിരത്തി. വാസ്തുവിദ്യാ വിദ്യാലയങ്ങളെക്കുറിച്ചും വികലാംഗ സൗഹൃദവാസ്തു വിദ്യയിൽ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന ആളുകൾക്ക് എന്തെങ്കിലും പ്രോത്സാഹനം നൽകാത്തതിനെക്കുറിച്ചും അദ്ദേഹം പ്രത്യേകിച്ചും വിമർശിച്ചിരുന്നു.

എന്റെ ചെക്ക്-ലിസ്റ്റിന്റെ മറ്റൊരു വിമർശനം, അതിലെ ചില ചോദ്യങ്ങൾ യാഥാർത്ഥ്യബോധമില്ലാത്ത സ്ഥലത്തെ അടിസ്ഥാന മാക്കിയുള്ളതാണ് എന്നതായിരുന്നു. അത് അനുയോജ്യമായ ഒരു സാഹചര്യമാണ് വിഭാവനം ചെയ്തതെന്ന് ഞാൻ സമ്മതിക്കുന്നു, പക്ഷേ ഇവ പരിശ്രമിക്കേണ്ട മൂല്യങ്ങളാണ്. ഈ വിമർശനം മുന്നോ ട്ടുവച്ചതുപോലും ഒരു സാധാരണ വ്യക്തിയാണ്, ശാരീരിക വെല്ലുവിളി നേരിടുന്നവ്യക്തിയല്ല. വിവിധ സ്ഥാപനങ്ങളുടെ വികലാംഗ-സൗഹൃദ ത്തിന്റെ ഒരു സൂചിക നിർമ്മിക്കാനുള്ള എന്റെ ശ്രമം ഇരുപത് സ്ഥാപന ങ്ങളുടെ സാമ്പിളിൽ നിന്ന് ശേഖരിച്ച വിവരങ്ങളുടെ സ്വഭാവത്താൽ നിഷ്ഫലമായി. സർവേ നടത്തിയ മിക്കവാറും എല്ലാ സ്ഥാപന ങ്ങൾക്കും സമാനമായ റാങ്ക് കൂടുതലോ കുറവോ ആയിരിക്കും. റാമ്പു കൾ പോലുള്ള കുറഞ്ഞ സൗകര്യങ്ങൾ നൽകാൻ പോലും രണ്ട് സ്ഥാപനങ്ങൾ മാത്രമേ ശ്രദ്ധിച്ചിരുന്നുള്ളൂ. സൂചിക നിർമ്മിക്കുന്നത് അർത്ഥവത്താകില്ല എന്നതിനാൽ ആ ശ്രമം ഉപേക്ഷിച്ചു.

**ഏജന്റ് ഓഫ് ചേഞ്ച് ആയി ഗവേഷകൻ**

പകുതി തമാശയായി സഹപാഠികൾ എന്നോട് പറയുമായിരുന്നു, ഞങ്ങളുടെ സ്ഥാപനത്തിന്റെ പ്രവേശന കവാടത്തിൽ അവർ എന്റെ പരസ്യബോർഡ് സ്ഥാപിക്കുമെന്ന്, കാരണം സ്ഥാപനത്തിന് ഒരിക്കലും ലഭിക്കാത്ത ഫണ്ടുകൾ കൊണ്ടുവരുന്നതിൽ ഞാൻ പ്രധാന പങ്കു

വഹിച്ചു. വാനിറ്റി ആത്മകഥയായി തെറ്റായി വായിക്കുന്നത് ഒഴിവാക്കാൻ, ഞാൻ വ്യക്തമാക്കുകയും വിശദീകരിക്കുകയും ചെയ്യട്ടെ: തങ്ങളുടെ കെട്ടിടത്തിന്റെ ഘടനാപരമായ രൂപകൽപ്പനയിൽ ചില പ്രശ്നങ്ങൾ ഉണ്ടെന്ന് സ്ഥാപന അധികാരികൾ പണ്ടേ തിരിച്ചറിഞ്ഞിരുന്നുവെങ്കിലും, അത് അദ്വിതീയവും അഭൗമവുമായ ഒരു രൂപകൽപ്പനയാണെന്ന് അവർ എല്ലായ്പ്പോഴും അഭിമാനിക്കുന്നു, ഇത് സർവകലാശാലയിലെ മിക്ക സ്കൂളുകളെയും വകുപ്പുകളെയും വിശേഷിപ്പിക്കുന്ന കോൺക്രീറ്റ് തീപ്പെട്ടി രൂപകൽപ്പനയിൽ നിന്ന് വ്യത്യസ്തമാണ്. ഞാൻ സ്ഥാപനത്തിൽ ചേർന്നതിനുശേഷം, ചില ഫാക്കൽറ്റി അംഗങ്ങൾ എന്റെ ചലനശക്തിയിൽ നേരിട്ട ബുദ്ധിമുട്ടുകൾ നിരീക്ഷിക്കുകയും ഡിസൈനിലെ ചില പ്രശ്നങ്ങൾ എന്ന് അവർ കരുതിയിരുന്നത് വാസ്തവത്തിൽ കൂടുതൽ ആഴത്തിലുള്ളതാണെന്ന് മനസ്സിലാക്കുകയും ചെയ്തു. കെട്ടിടത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തുന്നതിനും കാഴ്ചയില്ലാത്തവർക്ക് സഹായകരമായ സാങ്കേതിക വിദ്യകളിൽ പരിശീലനം ഏർപ്പെടുത്തുന്നതിനുമായി ഒരു പ്രോജക്റ്റ് നിർദ്ദേശം രൂപീകരിക്കാൻ ഇത് സ്ഥാപനത്തെ പ്രേരിപ്പിച്ചു. ഇവ ഏറ്റെടുക്കാൻ സാമ്പത്തിക സഹായം തേടുന്ന 'എബിലിറ്റി' എന്ന നിർദ്ദേശം കേരള സർക്കാരിന് സമർപ്പിച്ചു. ശാരീരിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികളുടെ ആവശ്യങ്ങൾ പരിഹരിക്കുന്നതിന് യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷന്റെ പന്ത്രണ്ടാം പദ്ധതിയിൽ മുൻഗണന നൽകി എന്നത് കണക്കിലെടുക്കുമ്പോൾ അത് കൃത്യമായ സമയത്ത് ആയിരുന്നു. പദ്ധതിക്ക് അനുമതി നൽകപ്പെട്ടു.

ഇടയ്ക്കിടെ എന്റെ കാഴ്ചപ്പാടുകൾ തേടിയെങ്കിലും, ഞാൻ പ്രോജക്റ്റിന്റെ ഒരു ഭാഗമായിരുന്നില്ല. എന്നിരുന്നാലും, എന്റെ സഹപാഠികളിലൂടെയും പ്രോജക്റ്റിൽ പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥരിലൂടെയും ഞാൻ പദ്ധതിയെക്കുറിച്ച് ബോധവതിയായിരുന്നു. മിക്കവാറും പ്രോജക്റ്റ് ഉദ്യോഗസ്ഥരുടെ ക്ഷണം ലഭിക്കും. സാർവത്രിക രൂപകൽപ്പന വിദഗ്ധർ, കലാകാരന്മാർ, ചലച്ചിത്ര നിർമ്മാതാക്കൾ, സംരക്ഷകർ, എഴുത്തുകാർ, സിസ്റ്റം എഞ്ചിനീയർമാർ, മറ്റുള്ളവർ എന്നിവരും ഇതിൽ ഉൾപ്പെടുന്നു. എന്നെ സ്ഥിരമായി സന്ദർശകരുമായി പരിചയ

പ്പെടുത്തി, എന്നാൽ വളരെ കുറച്ചുപേർ മാത്രമുള്ള ഈ സംഭാഷണങ്ങൾ ഔപചാരിക കൈമാറ്റത്തിനപ്പുറത്തേക്ക് പോയി.

ഞാൻ മനസ്സിലാക്കുന്നതുപോലെ, പ്രോജക്റ്റിനായി രണ്ട് ഡിസൈൻ വിദഗ്ധരിൽ നിന്നും സഹായ സാങ്കേതികവിദ്യ വിദഗ്ദ്ധരിൽ നിന്നും ഇൻപുട്ടുകൾ നേടി. ആദ്യത്തെ വ്യക്തി, സാർവത്രിക രൂപകൽപ്പനയിൽ വിദഗ്ധനായിരുന്ന-സംസ്ഥാനത്തിന് പുറത്തുനിന്നുള്ള ഒരു മുതിർന്ന ആർക്കിടെക്റ്റായിരുന്നു. തിരക്കേറിയ അക്കാദമിക് ആയതിനാലും ഇടയ്ക്കിടെ യാത്ര ചെയ്യാൻ പ്രായം അനുവദിക്കാത്തതിനാലും അദ്ദേഹം തന്റെ മുൻ വിദ്യാർത്ഥികളിലൊരാളെ ചുമതലപ്പെടുത്തി. നിരവധി വർഷങ്ങളായി പരിശീലകരെ പരിശീലിപ്പിച്ചുകൊണ്ടിരുന്ന വിദഗ്ദ്ധനായ അദ്ദേഹത്തിൽനിന്ന് കാഴ്ചവൈകല്യമുള്ളവർക്കുള്ള സഹായ സാങ്കേതികവിദ്യകളെക്കുറിച്ചുള്ള വിവരങ്ങൾ ലഭ്യമായി. വിലകൂടിയ കുത്തക സോഫ്റ്റ് വെയറുകളിലേക്ക് കടക്കുന്നതിനുപകരം സ്വതന്ത്ര ഓപ്പൺസോഴ്സ് സോഫ്റ്റ്വെയറും വിന്യസിക്കാൻ അദ്ദേഹം പ്രോജക്ട് ഉദ്യോഗസ്ഥരെ ഉപദേശിച്ചു.

പടികൾ കയറാതെ പ്രവേശിക്കാൻ കഴിയുന്ന ഒരു കെട്ടിടം അവിടെ ഉണ്ടായിരുന്നു. ഇത് കെട്ടിടത്തിന്റെ പിൻഭാഗത്തായിരുന്നു. നാലു വാതിലുകളുള്ള ഒരു വലിയ, ഏകദേശം ഷഡ്ഭുജ ആകൃതിയിലുള്ള ഹാളായിരുന്നു അത്. വളരെയധികം പ്രവേശന/നിർഗമന പോയിന്റുകൾ ഭാഗികമായി കാഴ്ചയില്ലാത്തവരെ ആശയക്കുഴപ്പത്തിലാക്കുമെന്ന് ഡിസൈൻ വിദഗ്ദ്ധൻ അഭിപ്രായപ്പെട്ടു. അതിനാൽ പരസ്പരം അഭിമുഖീകരിച്ച രണ്ട് വാതിലുകൾക്ക് പകരം ജാലകങ്ങൾ സ്ഥാപിച്ചു. രണ്ട് ചക്രക്കസേരകൾ എളുപ്പത്തിൽ കടന്നുപോകാൻ അനുവദിക്കുന്ന വടക്ക്-പടിഞ്ഞാറ് ഭാഗത്തെ വിശാലമായ വാതിൽ പ്രധാന പ്രവേശനമായി കണക്കാക്കി. അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ലൈബ്രറി, ഫാക്കൽറ്റി ക്യാബിനുകൾ, കമ്മിറ്റി റൂം എന്നിവ ഉൾക്കൊള്ളുന്ന പ്രധാനവാതിലുകൾ കെട്ടിടത്തിന്റെ ബാക്കി ഭാഗത്തേക്ക് തുറന്നു. അത് അനുയോജ്യമായ സ്ഥലമായിരുന്നു. ഹാളിന്റെ മധ്യഭാഗത്തായി നാലു തൂണുകൾ ഉണ്ടായിരുന്നത് തടസ്സം സൃഷ്ടിച്ചു. ഭാഗ്യ

വശാൽ ഇവ വൃത്താകൃതിയിലുള്ള തൂണുകളായിരുന്നു, മൂർച്ചയുള്ള അരികുകൾ ഉണ്ടായിരുന്നില്ല. ചുവരുകളുടെ നിറവുമായി വിരുദ്ധമായ വർണ്ണത്തിൽ തൂണുകൾ പെയിന്റ് ചെയ്യുന്നത് ഭാഗികമായെങ്കിലും കാഴ്ച വൈകല്യമുള്ളവരെ സഹായിക്കുമെന്ന് അയാൾ നിർദ്ദേശിച്ചു. പ്രധാന ഹാളിലേക്ക് രണ്ട് ചെറിയ സൈഡ് ഹാളുകൾ ഉണ്ടായിരുന്നു. ഇവയിലൊന്ന് ഇലക്ട്രിക്കൽകൺട്രോൾ, ബാറ്ററി റൂം എന്നിവയായി ഉപയോഗിക്കാൻ തീരുമാനിച്ചു. മറ്റ് ചെറിയ ഹാൾ വികലാംഗ- സൗഹൃദ വാഷ്റൂമുകൾക്കാണ് വിഭാവനം ചെയ്തത്. ഒരു ചക്രക്കസേരയിൽ നിന്ന് എളുപ്പത്തിൽ പ്രവർത്തിപ്പിക്കാൻ കഴിയുന്ന സ്ലൈഡിംഗ് വാതി ലിലൂടെയാണ് വാഷ്റൂമുകളിലേക്കുള്ള പ്രവേശനം ഉറപ്പാക്കിയത്.

വലിയ ഹാൾ വിദ്യാർത്ഥികൾ ഒരു ഡൈനിംഗ് സ്ഥലമായി ഉപയോഗിച്ചിരുന്നു. ഈ സ്ഥലം പ്രോജക്റ്റ് വർക്ക് സ്റ്റേഷനായി മാറ്റുന്നതിന് മുമ്പ് ഇതര ഡൈനിംഗ് സ്പേസ് നൽകേണ്ടതുണ്ട്. പദ്ധതി ഏറ്റെടുത്ത ആദ്യത്തെ സിവിൽജോലി ഇതരഭക്ഷണ സ്ഥലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ടതായിരുന്നു. പ്രായോഗികമായി ഉപ യോഗിക്കാത്ത കെട്ടിടത്തിന്റെ മുൻവശത്ത് ഉയർത്തിയ പ്ലാറ്റ്ഫോമിന് ഉദ്ദേശ്യം നിറവേറ്റാൻ കഴിയുമെന്ന് കണ്ടെത്തി. ഒപ്പം വികലാംഗ സൗഹൃദഫർണിച്ചറുകൾ രൂപകൽപന ചെയ്തു. ഇത് കോൺക്രീറ്റിലാ യിരുന്നു, അതിനാൽ അവ അനക്കാൻ അത്ര പെട്ടെന്നു സാധിച്ചിരു ന്നില്ല. കാഴ്ചയില്ലാത്ത കുട്ടികൾക്കും ചക്രക്കസേരകൾക്കും തടസ്സ ങ്ങൾ സൃഷ്ടിക്കുന്ന വിദ്യാർത്ഥികളുടെ ബാഗുകൾ ഉൾക്കൊള്ളാൻ കഴിയുന്ന പൊള്ളയായ കോൺക്രീറ്റ് ക്യൂബുകളായിരുന്നു ഇരിപ്പിട ങ്ങൾ. കൂടാതെ, ഭാഗികമായി കാഴ്ചവൈകല്യമുള്ള വിദ്യാർത്ഥികളുടെ പ്രയോജന ത്തിനായി വ്യത്യസ്ത നിറങ്ങളിൽ ഇവ വരച്ചിട്ടു.

ഞാൻ സൂചിപ്പിച്ചതുപോലെ, ഈ പ്രോജക്റ്റിലേക്ക് നിരവധി സന്ദർശകരുണ്ടായിരുന്നു, അവരെ എനിക്ക് പരിചയപ്പെടുത്തിയെ ങ്കിലും വളരെ കുറച്ചുപേരോട് മാത്രം ദീർഘനേര സംഭാഷണത്തിന് മുതിർന്നുള്ളൂ. ചലച്ചിത്ര നിർമ്മാതാവ് ടി. വി. ചന്ദ്രൻ ഔപചാരിക സുഖാന്വേഷണങ്ങൾക്ക് അപ്പുറത്തേക്ക് പോയി ഒരു നീണ്ട സംഭാ

ഷണത്തിൽ ഏർപ്പെട്ടു. ഒരുപക്ഷേ, അദ്ദേഹത്തോടൊപ്പം ഭാര്യയും മകനും ഉണ്ടായിരുന്നത് കൊണ്ടാവാം. ചന്ദ്രന്റെ ആദ്യകാല ചിത്രങ്ങളി ലൊന്നായ 'പൊന്തൻമാട' അന്ന് പ്രദർശിപ്പിച്ചു. നേരത്തേതന്നെ സൂപ്പർവൈസിംഗ് ടീച്ചറോട് ചോദിച്ച് അത് ഒരു കലാചിത്രമാണോ എന്ന് ഉറപ്പാക്കിയിരുന്നു. ആർട്ട് ഫിലിം എന്നാൽ ഞാൻ എന്താണ് ഉദ്ദേശിക്കുന്നതെന്ന് അദ്ദേഹം തന്റെ പതിവ് ബോധനവിദ്യാരീതിയിൽ ചോദിച്ചു. മിക്കവരും മനസ്സിലാക്കുന്നതുപോലെ, മന്ദഗതിയിലുള്ളതും വളരെ കുറച്ച് സംഭാഷണങ്ങളുള്ളതുമായ ഒരു ചിത്രമാണ് ആർട്ട് ഫിലിം എന്ന് മറുപടി നൽകി. ഒരു ദളിത് കർഷകനും മുതലാളിയായ ഉയർന്ന ജാതിക്കാരനും തമ്മിലുള്ള അതുല്യമായ ബന്ധത്തെ ഈ ചലച്ചിത്രം ചിത്രീകരിക്കുന്നതായും ഇരുവരും തമ്മിലുള്ള സംഭാഷ ണങ്ങൾ ചിത്രത്തിന്റെ പ്രത്യേകതയാണെന്നും അദ്ദേഹം എന്നോട് പറഞ്ഞു.

പല അവിദഗ്ധരും വിദഗ്ധരെപ്പോലെ മികച്ചവരായിരുന്നു. പൊതുമേഖലാ ബാങ്കറായി മാറിയ പണ്ഡിത പ്രസാധകനായ ഒരാൾ ഞങ്ങളെ സന്ദർശിച്ചപ്പോൾ വർക്ക്സ്റ്റേഷനിൽ നടന്ന ഒരു രസക രമായ സംഭാഷണം ഓർക്കുന്നു. എന്റെ ടീച്ചറും അയാളും ഉൾപ്പെട്ട ചർച്ച നിർദ്ദിഷ്ട റാമ്പിന്റെ ഹാൻഡ് റെയിലുകളുടെ ഉയരത്തെക്കുറിച്ചാ യിരുന്നു. പടിഞ്ഞാറൻ നഗര കൗൺസിലുകൾ പുറപ്പെടുവിച്ച വൈകല്യ സൗഹൃദഘടനാപരമായ ഡിസൈൻ നിർദ്ദേശങ്ങൾ ഡൗൺലോഡ് ചെയ്ത് അച്ചടിച്ചതും സാർവത്രിക രൂപകൽപ്പനയുടെ മറ്റ് മാനുവലു കളും രേഖകളും (മുമ്പ് ബാരിയർ ഫ്രീ ഡിസൈൻ എന്ന് വിളിച്ചിരുന്നു) പട്ടികയിൽ ഉൾപ്പെടുത്തിയിരുന്നു. ലോകമെമ്പാടുമുള്ള ആളുകളുടെ ഭൗതിക അളവുകൾ കണക്കിലെടുക്കുമ്പോൾ സാർവത്രിക രൂപ കൽപ്പന എന്ന ആശയം സംശയാസ്പദമാണെന്ന് അയാൾ പറഞ്ഞു. മാനുവലുകളിൽ നിർദ്ദേശിച്ചിരിക്കുന്ന ഹാൻഡ് റെയിൽ ഉയരം പല പ്പോഴും യൂറോപ്യൻ ഭൗതിക അളവുകൾക്ക് അനുയോജ്യമായി രുന്നു-പ്രത്യേകിച്ച് ഉയരമുള്ള യൂറോപ്യൻ, പുരുഷന്റെ അളവുകൾ.

എബിലിറ്റി പ്രോജക്റ്റ് ഇപ്പോഴും പുരോഗതിയിലാണ്. വർക്ക് സ്റ്റേഷനിലേക്കുള്ള വേഗത കുറഞ്ഞ ഗ്രേഡിയന്റുള്ള ഒരു പാത

നിർമ്മിക്കുന്നു. വർക്ക് സ്റ്റേഷനിൽ വികലാംഗ സൗഹൃദ വർക്ക് ഡെസ്കുകൾ ഘടിപ്പിച്ചിരിക്കുന്നു കൂടാതെ സഹായകരമായ സോഫ്റ്റ് വെയർ ഉൾപ്പെടെയുള്ള സൗജന്യവും ഓപ്പൺസോഴ്സുമായ സോഫ്റ്റ് വെയറും ലോഡുചെയ്യുന്ന കമ്പ്യൂട്ടറുകൾക്കായി കാത്തിരിക്കുന്നു. സാധ്യമാകുന്നിടത്തെല്ലാം പടികൾ റാമ്പുകൾ ഉപയോഗിച്ച് മാറ്റിസ്ഥാപിക്കും. നിലവിലുള്ള ഒരു നിർമ്മാണം വികലാംഗ-സൗഹൃദമാക്കുന്നത് എളുപ്പമല്ലെന്ന് അധികാരികൾ ഇപ്പോൾ മനസ്സിലാക്കുന്നു. പ്രധാനമായും, വികലാംഗരായ വിദ്യാർത്ഥികളോടുള്ള സ്ഥാപനത്തിന്റെ സജീവമായ നയം അത്തരം കൂടുതൽ വിദ്യാർത്ഥികൾ സ്ഥാപനത്തിൽ ചേരുന്നതിനെ പ്രോത്സാഹിപ്പിച്ചു. സ്ഥാപനത്തിൽ ചേരുന്ന ആദ്യത്തെ കാഴ്ചയില്ലാത്ത വിദ്യാർത്ഥി ഞാനാണെങ്കിലും, കഴിഞ്ഞ മൂന്ന് വർഷത്തിനിടെ രണ്ട് വിദ്യാർത്ഥികൾ കൂടി ചേർന്നു.

ഈ പഠനം സമാപിക്കുമ്പോൾ, നിലവിലെ പാണ്ഡിത്യപരമായ ആശങ്കകൾക്കും സ്ഥാപനത്തിന്റെ ബൗദ്ധികപദ്ധതിക്കും ഇത് എങ്ങനെ സംഭാവന നൽകുമെന്ന് ഞാൻ സ്വയം ചോദിക്കുന്നു. ഇത് രണ്ടുതരത്തിൽ സംഭവിക്കുന്നുവെന്ന് കരുതുക. ഹ്യൂമൻ ഇക്കോളജിയിലെ ഒരു പഠനം എന്ന നിലയിൽ, ചില പുതിയ സവിശേഷതകൾ കൊണ്ടുവരാൻശ്രമിച്ചു: നിർമ്മിത ഇടങ്ങളെക്കുറിച്ചുള്ള ആശങ്കയും അന്വേഷണരീതിയുമായി ഓട്ടോഎത്നോഗ്രഫിയും ഉപയോഗപ്പെട്ടു. ഇന്റർ ഡിസിപ്ലിനറി സോഷ്യൽ സയൻസിലെ ഒരു അഭ്യാസമെന്ന നിലയിൽ, മനുഷ്യന്റെ പരിസ്ഥിതിശാസ്ത്രം, നരവംശശാസ്ത്രം, രൂപകൽപ്പന, സാമൂഹ്യശാസ്ത്രം, വൈകല്യ പഠനങ്ങൾ, ലിംഗപഠനം, പെഡഗോഗി എന്നിങ്ങനെ വിവിധ വിഭാഗങ്ങളുടെ അന്തർഭാഗങ്ങളിൽ അന്വേഷണം നടത്തി. ഔപചാരികമായി പരാജയപ്പെട്ടെങ്കിലും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികലാംഗ - സൗഹൃദത്തെക്കുറിച്ച് സൂക്ഷ്മമായ ധാരണയുണ്ടാക്കുന്ന സ്ഥിതിവിവരക്കണക്ക് പഠനത്തിൽ ഉൾപ്പെടുത്താൻ കഴിഞ്ഞു.

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികലാംഗ-സൗഹൃദ സൂചിക നിർമ്മിക്കാനായിരുന്നുശ്രമം. സ്റ്റാറ്റിസ്റ്റിക്കൽ ടെക്നിക്കുകളിൽ

പരിശീലനം നേടിയ സാമ്പത്തിക ശാസ്ത്രജ്ഞൻ വളരെയധികം സഹായിച്ചു. ഒരു ചെക്ക്ലിസ്റ്റ് വഴി ഇരുപതോളം സ്ഥാപനങ്ങളുടെ സാമ്പിളിൽ നിന്ന് ശേഖരിച്ച വിവരങ്ങൾ വിശകലനം ചെയ്യുമ്പോൾ, ഈ സ്ഥാപനങ്ങൾ ഒരേപോലെ വളരെ കുറഞ്ഞ സ്കോർ റെൻഡറിംഗ് താരതമ്യം അർത്ഥശൂന്യമായി പങ്കിട്ടതായി കണ്ടു. അതിനാൽ, ഒരു സൂചികയും നിർമ്മിച്ചിട്ടില്ല. അറിയുന്നതിനും ആവിഷ്കരിക്കുന്നതിനുമുള്ള ഒരു രീതിയായി വിഷ്വൽ വിവരണത്തെയും പഠനം വിന്യസിക്കുന്നു. പ്രബന്ധത്തിനുവേണ്ടി എടുത്ത ഫോട്ടോഗ്രാഫുകൾ അപാരമായ തടസ്സങ്ങളും ചിലതെങ്കിലും മറികടക്കാനുള്ള ശ്രമങ്ങളും വെളിപ്പെടുത്തുന്നു. പഠനം അതിനെ വിശദീകരിക്കുന്നില്ലെങ്കിലും, വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക്, ഘടനാപരമായ രൂപകൽപ്പനയിലേക്കും പഠന സാങ്കേതികവിദ്യകളിലേക്കും ശാരീരിക വൈകല്യവുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റി-സെൻസിറ്റൈസേഷന്റെ വശങ്ങളിലേക്കും ശ്രദ്ധ ചെലുത്തേണ്ടതിന്റെ പ്രാധാന്യം ഓർമ്മിപ്പിക്കുന്നു.

രൂപകൽപ്പനയുടെയും വൈകല്യത്തിന്റെയും സ്വയമേവയുള്ള വിവരണം അവസാനിപ്പിക്കാൻ ഇവ രണ്ടും ആവശ്യമായി വരില്ല. കാരണം, ഒന്നാമതായി സ്ഥാപനങ്ങൾ ഏറ്റവും സൗഹാർദ്ദപരമായ ഘടനാപരമായ രൂപകൽപ്പന പാലിക്കാതിരുന്നിട്ടും, എന്നെപ്പോലുള്ള വ്യക്തികൾക്ക് ന്യായമായ ആത്മവിശ്വാസത്തോടെ ജീവിതത്തെക്കുറിച്ച് ചർച്ച ചെയ്യാൻ കഴിയുന്നു. ഒപ്പം വ്യവസ്ഥിതിക്ക് വീഴ്ച പറ്റുമ്പോൾ, കുടുംബവും സമൂഹവും പിന്തുണയ്ക്കാൻ ചുവടുവെക്കുന്നു. നിലനിൽക്കുന്ന സാമൂഹിക-സാംസ്കാരിക സന്ദർഭങ്ങളിൽ ശാരീരികവും അല്ലാത്തതും ആയ നിരവധി തടസ്സങ്ങൾ ചർച്ച ചെയ്യാൻ സഹായിക്കുന്ന സമൂഹമാണുള്ളത്. അപ്പോഴും അത് എല്ലാ തടസ്സങ്ങളെയും നീക്കുന്നില്ല. എന്റെ സ്വാതന്ത്ര്യത്തെയും എന്നെ സഹായിക്കുന്നവരുടെ സ്വാതന്ത്ര്യത്തെയും പരിമിതപ്പെടുത്തുന്ന ഘടകങ്ങളുണ്ട്. രണ്ടാമതായി, അന്ധത എന്നത് എന്റെ അസ്തിത്വത്തിന്റെ ഒരു വശം മാത്രമാണ്. സാമൂഹികവും സാമ്പത്തികവുമായ സ്ഥാനവുമായി സംയോജിപ്പിക്കുമ്പോൾ അന്ധത ബുദ്ധിമുട്ടുതന്നെയാണ്. എന്നിട്ടും, എന്റെ നിലനിൽപ്പിനും എനിക്ക് ചുറ്റുമുള്ള അന്ധർക്കും കാഴ്ചയുള്ളവർക്കും

ആബുദ്ധിമുട്ടുകൾ മറികടക്കുന്നതിനും നിലനിൽക്കുന്നതിനും തഴച്ചു വളരുന്നതിനും സഹായിക്കുന്ന മറ്റ് നിരവധി വശങ്ങളുണ്ട്.

**Books and Articles**


1. Campbell, Jane and Mike Oliver.1996. *Disability Politics: Understanding Our Past, Changing our Future.* Routledge.

2. Ellis, Carolyn and Arthur P Bochner. 2000. 'Autoethnography, Personal Narrative, Reflexivity: Researcher as subject'. Norman K. Denzin and Yvonna S. Lincoln ed. *Handbook of Qualitative Research.* SAGE Publications. 733-768.

3. Ghai, Anita. 2002. 'Disabled women: An Excluded Agenda of Indian Feminism'. *Hypatia* 17:3. 49-66.

4. Komath, Rajesh. 2013. *Naattu Daivangal Samsarichu Thudangumbol:* Padanam (When the gods speak: A study)'.Kozhikode. Mathrubhumi Books.

5. Patrycja, Polczyk. 2012. 'Autoethnography as an Accessible Method of Research'. Forum Oswintowe 2: 47. 175-182.

6. Reed-Danahay, Deborah E. 1997. 'Introduction to Auto/ Ethnography: Rewriting the Self and the Social'. Reed-Danahay and Deborah E ed. *Auto/Ethnography: Rewriting the Self and the Social.* Oxford. 1-9.

7. Richards, Rose. 2008. 'Writing the Othered Self: Autoethnography and the Problem of Objectification in Writing about Illness and Disability'. *Qualitative Health Research* 18: 12. 1717-1728.

8. Sikes, Pat ed. 2013. *Auto-Ethnography.* Los Angeles: Sage Publishers.

9. Sikes, Pat. 2013. 'Editor's Introduction: An Autoethnographic Preamble'. Sikes ed. *Auto-Ethnography.* xxi-lii.

10. Susanne, Gannan. 2006. 'The (Im) Possibilities of Writing the Self-Writing: French Poststructural Theory and Autoethnography'. *Cultural Studies, Critical Methodologies*. Sage Publications. 474-495.

**Interviews**

1. Dev Anuj . 23.10.2014. Mumbai.

2. Mani K V. 20.10.2014. Chennai.

# ഭിന്നശേഷിയുമായി ബന്ധപ്പെട്ട മലയാളഭാഷാപദങ്ങളും പ്രയോഗങ്ങളും

**താരാബായി അജിത്ത് കുമാർ**

**(ഗവേഷക, കേരളപഠനവിഭാഗം, കേരളസർവകലാശാല)**

മനുഷ്യഭാഷ അവിശ്വസനീയമാംവിധം ശക്തമായ ഒരു ഉപകരണമാണ്. മനുഷ്യൻ അവന്റെ ഐഡൻറിറ്റി, ഉദ്ദേശ്യം, ശാക്തീകരണം എന്നിവ സൃഷ്ടിച്ചെടുക്കാൻ ഭാഷ ഉപയോഗിക്കുന്നു. ഈ ഭാഷാപദങ്ങളും അവയുടെ അർത്ഥങ്ങളും കാലഘട്ടത്തിനനുസരിച്ച് മാറ്റത്തിന് വിധേയമാവുന്നു. ഒരുകാലത്ത് ഉപയോഗിച്ചിരുന്ന പദങ്ങൾ കാലാന്തരത്തിൽ അർത്ഥവ്യത്യാസത്തിന് കാരണമാകുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ മലയാളഭാഷയിൽ ഭിന്നശേഷിയുമായി ബന്ധപ്പെട്ട് സ്വീകാര്യമായ പദങ്ങൾ ഏതൊക്കെയാണെന്ന് മനസ്സിലാക്കുന്നത് വളരെയധികം ബുദ്ധിമുട്ടുള്ള കാര്യമാണ്. ഭിന്നശേഷി അവകാശപ്രസ്ഥാനം സമൂഹത്തിനു ഗുണപരമായ മാറ്റങ്ങൾക്ക് വേണ്ടി പ്രവർത്തിക്കുന്നു. ഈ മാറ്റങ്ങൾ നിയമപ്രകാരം തുല്യ അവകാശങ്ങളും പങ്കാളിത്തവും നേടിയെടുക്കുന്നതോടൊപ്പം ദൈനംദിന സംഭാഷണങ്ങളിൽ ഭിന്നശേഷിയെപറ്റി/ഭിന്നശേഷിക്കാരോട് സംസാരിക്കുന്ന ഭാഷ എങ്ങനെ മെച്ചപ്പെടുത്താം എന്നതുകൂടി ലക്ഷ്യമായി കാണുന്നു.

പ്രവർത്തന പരിമിതികൾ, ഹാനികരമായ വസ്തുതകൾ, പങ്കാളിത്ത നിയന്ത്രണങ്ങൾ എന്നിവയെ സൂചിപ്പിക്കുന്ന ഒരു സമൂഹനാമ

മായാണ് ലോകാരോഗ്യസംഘടന ‘വൈകല്യം’ അഥവാ ‘ഭിന്ന ശേഷി’യെ നിർവചിക്കുന്നത്. മുൻകാലങ്ങളിൽ ഭിന്നശേഷി ഒരു വൈദ്യശാസ്ത്ര വിഷയമായാണ് കരുതപ്പെട്ടിരുന്നത്. എന്നാൽ യുണൈറ്റഡ് നേഷൻസ് കൺവെൻഷൻ ഓൺദ റൈറ്റ്സ് ഓഫ് പേഴ്സണൽ വിത്ത് ഡിസെബിലിറ്റീസ് (UNCRPD),ലോകാരോഗ്യ സംഘടന എന്നിവരുടെ പുതിയ കാഴ്ചപ്പാടുകളനുസരിച്ച് വൈകല്യ മുള്ളവർ എന്ന ആശയത്തെ ശാരീരികമോ, മാനസികമോ, ബുദ്ധി പരമോ, സംവേദനപരമോ ആയ ചിലയിനം ബലഹീനതകളിലേക്ക് ചുരുക്കുന്നില്ല. പകരം ഭിന്നശേഷിയെ വൈദ്യശാസ്ത്രപരമായ നിർവ ചനങ്ങളിൽനിന്ന് സാമൂഹികമായ നിർവ്വചനത്തിലേക്ക് കൊണ്ടു വരുന്നു. ഭിന്നശേഷി വിഭാഗക്കാരോട് സംസാരിക്കുന്ന ഭാഷയും അവരെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കുകളും മാറ്റേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. ഭിന്നശേഷി സമൂഹവുമായി സംസാരിക്കു മ്പോഴോ പരാമർശ വിധേയമാക്കുമ്പോഴോ പ്രവർത്തിക്കുമ്പോഴോ ആളുകൾ ഉപയോഗിക്കുന്ന പദങ്ങളുടെ യഥാർത്ഥ അർത്ഥം അറിഞ്ഞി രിക്കേണ്ടത് വളരെ അത്യാവശ്യമാണ്. അനാദരവുള്ള ഭാഷ അവരെ ഒഴിവാക്കുകയോ ഒറ്റപ്പെടുത്തുകയോ ചെയ്യുന്നതായി തോന്നിക്കു കയും പൂർണ്ണ പങ്കാളിത്തത്തിന് തടസ്സം സൃഷ്ടിക്കുകയും ചെയ്യുന്നു.

ഭിന്നശേഷിസമൂഹത്തെപ്പറ്റി സംസാരിക്കുമ്പോൾ അല്ലെങ്കിൽ എഴുതുമ്പോൾ ഉപയോഗിക്കുന്ന ഭാഷയിൽ ഉചിതമായത് തേടുന്നവർ ഒട്ടേറെ പദങ്ങൾ ഒഴിവാക്കേണ്ടതായി നാഷണൽ സെൻറർ ഓൺ ഡിസബിലിറ്റി ആൻഡ് ജേർണലിസം പറയുന്നു. ഇവിടെ വിവരിക്കുന്ന പദങ്ങൾ വ്യാപകമായി നാം ഉപയോഗിക്കുന്നതും എല്ലായ്പ്പോഴും കുറ്റകരമെന്ന് കരുതാത്തതും ആണ്. എന്നാൽ ഇത്തരം പദങ്ങൾക്ക് തെറ്റായ അർത്ഥസൂചനയാണ് ഉള്ളത്. പല പദങ്ങളും മെഡിക്കൽ സംഭാഷണപദങ്ങളാണ്. ഇവയിൽ തന്നെ ചില ഇംഗ്ലീഷ് പദങ്ങൾ ലിപ്യന്തരണം വഴി അതുപോലെ മലയാളത്തിലും പ്രയോഗിച്ച് കാണുന്നു. ഭിന്നശേഷിയെക്കുറിച്ച് സംസാരിക്കുമ്പോഴും എഴുതു മ്പോഴും ഒഴിവാക്കേണ്ട പദങ്ങൾ ഏതൊക്കെയാണെന്ന് താഴെപ്പറ യുന്നു.

### അസാധാരണത്വം (abnormality)

മലയാളത്തിലും ഇംഗ്ലീഷിലും ഒരുപോലെ ഉപയോഗിക്കുന്ന ഒരു പദമാണ് ഇത്. സാധാരണ അവസ്ഥയിൽ നിന്ന് വ്യതിചലിക്കുന്ന ഒരവസ്ഥയെ വിവരിക്കാൻ ഉപയോഗിക്കുന്ന പദമാണ് അസാധാരണത്വം അഥവാ abnormality. ഒരു വ്യക്തിയെക്കുറിച്ച് പറയുമ്പോൾ 'abnormal' എന്ന് മലയാളഭാഷയിലും ഉപയോഗിച്ചു കാണുന്നു. എന്നാൽ ഇത് അവഹേളനമായിട്ടാണ് കണക്കാക്കപ്പെടുന്നത്. 'abnormal behaviour' അഥവാ അസാധാരണ പെരുമാറ്റം എന്ന വാചകം മാറ്റി പറയുമ്പോൾ അതൊരു സാമൂഹിക-സാംസ്കാരിക മാനദണ്ഡത്തെ പ്രതിഫലിപ്പിക്കുകയും വ്യത്യസ്ത വ്യാഖ്യാനങ്ങൾ ക്കായി തുറക്കപ്പെടുകയും ചെയ്യുന്നു.

### പീഡിതർ/ഇര/രോഗബാധിതർ (Afflicted person/Victim of/ Suffer from)

പീഡിതർ, ഇര, രോഗബാധിതർ എന്നീ വാക്കുകൾ നാം സാധാരണയായി കേൾക്കാറുള്ളവയാണ്. ഇത്തരം വാക്കുകൾകൊണ്ട് ഒരു വ്യക്തിയെ പരാമർശിക്കുമ്പോൾ അയാൾ കഷ്ടപ്പെടുകയാണെന്നും അയാളുടെ ജീവിതാവസ്ഥ സാധാരണ ജീവിതാവസ്ഥയെക്കാൾ ഒരുപാട് താണുപോയി എന്നുമുള്ള ധാരണ ആ വ്യക്തിക്കുതന്നെ ഉണ്ടാകാം.

ലോകപ്രശസ്ത ശാസ്ത്രജ്ഞനായ സ്റ്റീഫൻ ഹോക്കിങ്സ് 2018-ൽ അന്തരിച്ചപ്പോൾ മാധ്യമങ്ങൾ അദ്ദേഹത്തെ ഇങ്ങനെ പരാമർശിച്ചു 'അവസാനം വീൽചെയറിൽനിന്ന് സ്വതന്ത്രനായി'. എന്നാൽ വീൽചെയറും കംപ്യൂട്ടർവത്കൃത ശബ്ദസംവിധാനവും ഉപയോഗിക്കുമ്പോഴും ഹോക്കിൻസ് സാധാരണ ഒരു വ്യക്തിക്ക് നേടാൻ കഴിയാത്ത ജീവിതവിജയമായിരുന്നു കൈവരിച്ചിരുന്നത്. അതുകൊണ്ടുതന്നെ വൈകല്യമുള്ള/ഭിന്നശേഷി വിഭാഗത്തിൽ ഉള്ള ഒരു വ്യക്തിയെക്കുറിച്ച് പറയുമ്പോൾ നിഷ്പക്ഷഭാഷ ഉപയോഗിക്കുന്നതാണ് ഉചിതം. ഇത്തരം വിഭാഗക്കാരെ സൂചിപ്പിക്കാൻ അദ്ദേഹത്തിന് 'പേശി ചുരുങ്ങൽ' അഥവാ 'muscular destroy' ആണ് എന്ന് പ്രസ്താവിച്ചാൽ മതിയാകും.

### അന്ധ/ൻ (Blind)

ലോകാരോഗ്യസംഘടന (WHO) അന്ധതയെ നിർവചിക്കുന്നത് കാഴ്ചശേഷിയുടെ തീവ്രത നിർണയിക്കുന്നതിനുള്ള പൊതുമാനകം കണ്ടുപിടിച്ച ഹോളണ്ടുകാരനായ നേത്ര വിദഗ്ധൻ ഡോക്ടർ ഹെർമൻ സ്നെല്ലന്റെ-സ്നെല്ലൻ ചാർട്ട് അടിസ്ഥാനമാക്കിയാണ്. കാഴ്ച തീവ്രത 3/60 സ്നെല്ലനിൽ താഴെയോ തുല്യമോ ആയിരുന്നാൽ അയാൾ അന്ധ നാണ് എന്നാണ് ലോകാരോഗ്യസംഘടനയുടെ അന്ധതാമാനദണ്ഡം. അതുകൊണ്ട് പൂർണ്ണമായും കാഴ്ചശക്തി നഷ്ടപ്പെട്ട ആൾക്കാരെയോ ജന്മനാകാഴ്ചശക്തി ഇല്ലാത്തവരെയോ സൂചിപ്പിക്കാൻ 'അന്ധ/ൻ' എന്ന പദം ഉപയോഗിക്കാം. എന്നാൽ കാഴ്ചശക്തി കുറേശ്ശെ നഷ്ട പ്പെടുന്നവരെ അന്ധരായി കണക്കാക്കുന്നില്ല. കാഴ്ചശക്തി അല്പം കുറഞ്ഞവരെപ്പോലും അന്ധനെന്നും പൊട്ടക്കണ്ണനെന്നും കുരുട നെന്നും ഒക്കെ വിശേഷിപ്പിക്കാറുണ്ട്. എന്നാൽ ഇത്തരം വിശേഷണ ങ്ങൾ അവർക്ക് മാനസിക വിഷമതകളുണ്ടാക്കുക മാത്രമേ ചെയ്യു ന്നുള്ളൂ. ഇത്തരക്കാരെ കാഴ്ചക്കുറവുള്ളവർ എന്നോ 'കാഴ്ചഹാനി സംഭവിച്ചവർ' എന്നോ ഒക്കെ പരാമർശിച്ചാൽ മതിയാകും.

### ഭ്രാന്തൻ/കിറുക്കൻ/വട്ടൻ/ മനോരോഗി (crazy/loopy/nuts/mad/psycho)

മാനസികാസ്വാസ്ഥ്യമുള്ള വ്യക്തികളെ വിവരിക്കാൻ സാധാര ണയായി ഭ്രാന്തൻ, കിറുക്കൻ, വട്ടൻ, മനോരോഗി തുടങ്ങിയ വാക്കുകൾ ഭാഷയിൽ ഉപയോഗിച്ച് കാണുന്നു. എന്നാൽ ഇത്തരം പ്രയോഗങ്ങൾ നിയമപ്രകാരം കുറ്റമാണ്. വഴിയോരത്തും മറ്റും കാണുന്ന മാനസിക അസ്വാസ്ഥ്യമുള്ള വ്യക്തികളെ സൂചിപ്പിക്കാൻ ചിലരെങ്കിലും ഇത്തരം വികലമായ ഭാഷാപദങ്ങൾ ഉപയോഗിക്കാറുണ്ട്. ഇത്തരം വികല പ്രയോഗങ്ങൾക്ക് പകരം 'മാനസികാസ്വാസ്ഥ്യമുള്ള വ്യക്തി' എന്ന് സൂചിപ്പിക്കുന്നതാകും ഉചിതം.

### ബധിരൻ/ ഊമ (deaf/dumb)

സംസാരിക്കാൻ കഴിയാത്ത ഒരു വ്യക്തിയെ സൂചിപ്പിക്കാൻ 'ഊമ' എന്ന വാക്ക് വ്യാപകമായി ഉപയോഗിച്ചിരുന്നു. കേൾക്കാൻ

കഴിയാത്ത അവസ്ഥയെ ബധിരത എന്നും അത്തരക്കാരെ 'ബധിര/ൻ' എന്നും വിളിക്കുന്നു. എന്നാൽ ഇത്തരം വിഷമതകൾ അനുഭവിക്കുന്ന വ്യക്തികളെ നമ്മിൽ ചിലരെങ്കിലും പൊട്ടൻ/പൊട്ടി, മൂകൻ തുടങ്ങിയ പദങ്ങൾ കൊണ്ട് പരാമർശിക്കുന്നു. ഇത്തരം പ്രയോഗങ്ങൾ പൂർണ്ണമായും ഒഴിവാക്കണം. കേൾവിശക്തി ഇല്ലാത്തവ്യക്തി, സംസാര ശേഷി ഇല്ലാത്ത വ്യക്തി എന്നൊക്കെ പ്രയോഗിക്കാം.

**വിക്ക്/വിക്കൻ (stammering)**

ഭാഷണ വൈകല്യത്തിൽ പെടുത്താവുന്ന ഒന്നാണ് ഇത്. ഒരു വാക്കോ അക്ഷരങ്ങളോ ഒട്ടേറെ തവണ ആവർത്തിച്ച് പറയേണ്ടി വരുന്നു. ഇത് പലപ്പോഴും ശ്രോതാവിന്റെ ക്ഷമയെ ഇല്ലാതാക്കുന്നതായി കാണാറുണ്ട്. എന്നാൽ ഇത്തരം അവസ്ഥയെ മറ്റുള്ളവർ മനസ്സിലാക്കാനും അതനുസരിച്ച് അവരോട് പെരുമാറാനും ശ്രദ്ധിക്കേണ്ടതാണ്. അതല്ലാതെ വ്യക്തിയെ ചൂണ്ടി വിക്കൻ ആണെന്നും മറ്റും ഉള്ള പരാമർശം പാടില്ല.

**ജനന വൈകല്യം /വൈകല്യം (birth defect/ defect)**

വൈകല്യം എന്നാൽ അപൂർണത എന്നാണ് അർത്ഥമാക്കുന്നത്. ജനന സമയത്ത് ഉണ്ടാകുന്ന ശാരീരികമോ, ജീവസന്ധാരണ പരമോ ആയ അപൂർണ്ണതയാണ് ജനന വൈകല്യം. വൈകല്യം, വികലത തുടങ്ങിയ പദങ്ങൾക്ക് പകരം 'ഭിന്നശേഷി' എന്ന പദം ഉപയോഗിക്കുന്നതാകും കൂടുതൽ അനുയോജ്യം.

**മനോരോഗം/ഉന്മാദം/ഭ്രാന്ത്/മറവിരോഗം (dementia/senility)**

ദൈനംദിന ജീവിതത്തിൽ ഇടപഴകാൻ കഴിയാത്ത കഠിനമായ മാനസിക ശേഷിക്കുറവിനെയാണ് ഈ പദങ്ങൾ കൊണ്ട് അർത്ഥമാക്കുന്നത്. എന്നാൽ ഇതൊരു പ്രത്യേക രോഗമല്ല. ഇത്തരം വ്യക്തികളെ 'ബുദ്ധിമാന്ദ്യമുള്ള ആൾ', മന്ദബുദ്ധി എന്നീ പദങ്ങളിലൂടെ വിശേഷിപ്പിക്കാതിരിക്കുക. ഇത്തരം അർത്ഥസൂചന കൊടുക്കേണ്ട സന്ദർഭങ്ങളിൽ പാർക്കിൻസൺസ് രോഗബാധിതനെന്നോ ഹണ്ടിംഗ്ടൺ രോഗബാധിതനെന്നോ പറയുക.

**ഭിന്നശേഷി വിഭാഗം (differently abled)**

ശാരീരികമോ മാനസികമോ ബുദ്ധിപരമോ ഇന്ദ്രിയപരമോ വൈകാരികമോ പോഷണ സംബന്ധിയോ വികസനപരമോ ആയ ഹാനി

കൾ, അവയുടെ കൂടിച്ചേരലുകൾ എന്നിവ കാരണം വ്യക്തികൾക്കോ സമൂഹങ്ങൾക്കോ സൃഷ്ടിക്കപ്പെടുന്ന പ്രശ്നങ്ങളുടെ പരിണിതഫല മാണ് ഭിന്നശേഷി. ശേഷിക്കുറവ് (disability) എന്ന് പൊതുവേ കണക്കാക്കപ്പെടുന്ന അവസ്ഥകളെ ധനാത്മകമായ കാഴ്ചപ്പാടിൽ കാണാൻ ശ്രമിക്കുമ്പോഴാണ് ഭിന്നശേഷി (differently abled) എന്ന ആശയം ഉണ്ടാകുന്നത്. ഇംഗ്ലീഷ്ഭാഷയിൽ വൈജ്ഞാനിക രംഗത്ത് differently abled എന്ന പദത്തെക്കാൾ disability എന്ന പദം തന്നെയാണ് ഉപയോഗിക്കുന്നത്. എന്നാൽ മലയാളത്തിൽ disability എന്ന ആശ യത്തെ പൂർണ്ണമായും ഉൾക്കൊള്ളുന്ന പദങ്ങൾ ഇല്ല. ശേഷിക്കുറവ്, വൈകല്യം, പരിമിതശേഷി എന്നൊക്കെ പറയാറുണ്ടെങ്കിലും പല പ്പോഴും ഇത്തരം പ്രയോഗങ്ങൾ ഇകഴ്ത്തലുകളായാണ് കരുതപ്പെ ടുന്നത്. ഭിന്നശേഷി എന്ന പദമാണ് 'disability' എന്ന വാക്കിന് പകരം മലയാളത്തിൽ ലഭ്യമായതിൽവച്ച് ഏറ്റവും അനുയോജ്യമായ പദം.

**കുള്ളൻ/ മുണ്ടൻ /വാമനൻ (Dwarf)**

വാമനത്വം ഒരു ജനിതക വൈകല്യമാണ്. ഒരു ജനിതക അവസ്ഥ പരാമർശിക്കുമ്പോൾ മെഡിക്കൽ സയൻസിൽ dwarf/കുള്ളൻ എന്ന് പ്രയോഗിക്കാറുണ്ട്. എന്നാൽനോൺമെഡിക്കൽ സയൻസിൽ ഈ പദപ്രയോഗം കുറ്റമാണ്. അസാധാരണമാംവിധം പൊക്കം കുറഞ്ഞ വ്യക്തികളെ സൂചിപ്പിക്കാൻ കുള്ളൻ, മുണ്ടൻ തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാറുണ്ട്. എന്നാൽ 'ഉയരം കുറഞ്ഞ വ്യക്തി', 'പൊക്കം കുറഞ്ഞ വ്യക്തി' എന്നിങ്ങനെ പകരം പദങ്ങൾ ഉപയോഗിക്കുന്നതാണ് നല്ലത്.

**അപസ്മാരം / ചുഴലി (epileptic fit/seizure)**

വിട്ടുമാറാത്ത ന്യൂറോളജിക്കൽ ആൻഡ് ഡെവലപ്മെൻറ് ഡിസോഡറാണ് അപസ്മാരം എന്നറിയപ്പെടുന്നത്. ഇത് വ്യക്തി കളിൽ വ്യത്യസ്തമായി കാണപ്പെടുന്നു. ഒരു മെഡിക്കൽ പ്രൊഫഷ ണലിസ്റ്റ് ഔദ്യോഗികമായ രോഗനിർണയം നടത്തിയിട്ടുണ്ടെങ്കിൽ മാത്രമേ ഒരാൾക്ക് അപസ്മാരം ഉണ്ട് എന്ന് പറയാൻ കഴിയൂ. 'അപസ്മാരം' എന്നതിന് മലയാളത്തിൽ ഉപയോഗിക്കുന്ന മറ്റൊരു

പദമാണ് 'ചുഴലി.' അപസ്മാര രോഗി, ചുഴലി പിടിച്ചവൻ എന്നൊക്കെ വളരെ വികലമായ പദങ്ങൾ മലയാളഭാഷയിൽ പ്രയോഗിക്കുന്നത് ഉപേക്ഷിക്കണം.

**തളർവാതം (paralegia)**

ശരീരത്തിൽ അരക്കെട്ടിനു കീഴോട്ടുള്ള ഭാഗങ്ങളുടെ ചലന ശേഷി നഷ്ടമാകുന്നതാണ് തളർവാതം. സാധാരണയായി നട്ടെല്ലിന് അല്ലെങ്കിൽ മസ്തിഷ്കത്തിനു ക്ഷതം ഏൽക്കുന്നത് മൂലമാണ് ഇതുണ്ടാകുന്നത്. ഇത്തരക്കാരെ 'തളർവാത രോഗി' എന്നു വിശേഷി പ്പക്കാതെ 'തളർവാത ബാധിതൻ'എന്ന് പ്രയോഗിക്കാം.

**പക്ഷാഘാതം (cerebral plazy)**

പക്ഷാഘാതം എന്നത് ശൈശവത്തിലോ കുട്ടിക്കാലത്തോ പ്രത്യക്ഷപ്പെടുന്നതും സ്ഥിരമായി നിലനിൽക്കുന്നതുമാണ്. ഇത് ശരീര ചലനത്തെയും പേശികളുടെ ഏകോപനത്തെയും ബാധിക്കുന്ന ഒന്നാണ്. ഇത്തരം അവസ്ഥയിൽ ഉള്ളവരെ 'പക്ഷാഘാതം ബാധിച്ച യാൾ' എന്ന് വിശേഷിപ്പിക്കാം.

**മുറിച്ചുണ്ട്/ മുച്ചിറി (cleft palate)**

ചുണ്ട് ഇരുവശത്തേക്കും പിളർന്നിരിക്കുന്ന അവസ്ഥയാണ് 'മുറിച്ചുണ്ട്' അഥവാ 'മുച്ചിറി'. അണ്ണാക്കിൽ ഉണ്ടാകുന്ന വിള്ളലാണ് ഈ അവസ്ഥയ്ക്ക് കാരണം. എന്നാൽ ഇത്തരം അവസ്ഥയ്ക്ക് ഇന്ന് പരിഹാരമാർഗങ്ങൾ ലഭ്യമാണ്.

**ജീവച്ഛവം/കോമാ സ്റ്റേജിലുള്ള (vegetative/comatos)**

ഒരു വ്യക്തി തന്റെ പരിസ്ഥിതിയെക്കുറിച്ച് അവബോധം കാണി ക്കാത്ത അല്ലെങ്കിൽ പ്രതികരണശേഷിയില്ലാത്ത അവസ്ഥയാണ് മാർക്ക് മാനുവൽ 'ജീവച്ഛവം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ഇത്തരം ആൾക്കാരെ ജീവച്ഛവം എന്ന് പറയാതെ 'പ്രതികരണ ശേഷിയില്ലാത്ത' (Non responsive) അല്ലെങ്കിൽ 'കോമാസ്റ്റേജിൽ ഉള്ള' എന്നിങ്ങനെ പ്രയോഗിക്കുന്നതാകും ഉചിതം.

**വിഡ്ഢി/ മൂഢൻ/ മണ്ടൻ (idiot/idiocy)**

കുറഞ്ഞ intelligence quatient (IQ) ഉള്ള വ്യക്തികളെ പരാമർശിക്കാൻ മെഡിക്കൽ സയൻസിലും മനഃശാസ്ത്രമേഖലയിലും ഉപയോഗിക്കുന്ന പദമാണ് വിഡ്ഢിത്തം, മൂഢത്തം (idiocy) തുടങ്ങിയ വാക്കുകൾ. എന്നാൽ ഈ പദം സർവ്വസാധാരണയായി ഉപയോഗിച്ചു കാണുന്നു. പഠനമികവിൽ അല്പം പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികളെ പോലും പരാമർശിക്കാൻ മുതിർന്നവർ വിഡ്ഢി, മണ്ടൻ/ മണ്ടി തുടങ്ങിയ പദങ്ങൾ ഉപയോഗിക്കാറുണ്ട്. ഇത്തരം പദങ്ങൾ കാലഹരണപ്പെട്ടതും ഉപയോഗം കുറ്റവുമാണ്.

**കൂനൻ (hunchback)**

മുതുകിൽ ഒരു മുഴ പോലുള്ള അവസ്ഥയാണ് മലയാളത്തിൽ 'കൂന്' എന്ന് പറയുന്നത്. hunchback or protuberant back എന്നൊക്കെ ആംഗലേയഭാഷയിൽ ഉപയോഗിക്കുന്ന ഈ പദങ്ങൾ മലയാളത്തിൽ വിരൂപതയുടെ പര്യായമായി പ്രയോഗിക്കുന്നു. കൂനൻ, കൂനി എന്നിങ്ങനെ മലയാളത്തിൽ പ്രയോഗങ്ങൾ കാണാം. ഇവയ്ക്ക് പകരം ഫിസിക്കൽ ഡിസിബിലിറ്റി അതായത് ശാരീരികമായി ഭിന്നശേഷി വിഭാഗത്തിലുള്ള വ്യക്തി എന്ന് പറയുന്നതാകും ശരി.

**മുടന്തൻ /ഞൊണ്ടി (cripple)**

കാലുകൾക്ക് സ്വാധീനക്കുറവുള്ള വ്യക്തികളെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങളാണ് മുടന്തൻ, ഞൊണ്ടി എന്നിവ. എന്നാൽ ഈ പദങ്ങൾ ഉപയോഗിച്ച് വ്യക്തികളെ പരാമർശിക്കുന്നത് ഒട്ടും അനുയോജ്യമല്ല, കുറ്റവുമാണ്. കാലുകൾക്ക് സ്വാധീനമില്ലാത്ത ഒരു വ്യക്തിയെ പരാമർശിക്കാൻ 'ആ വ്യക്തിക്ക് കഠിനമായ സന്ധിവാതമാണ്, അതിനാൽ അദ്ദേഹത്തിന് നടക്കാൻ പ്രയാസമാണ്' എന്നിങ്ങനെ പറയാം.

**വികലാംഗൻ (handicapped)**

ശാരീരിക വൈകല്യങ്ങൾ നേരിടുന്നവരെ സൂചിപ്പിക്കാൻ പൊതുവെ ഉപയോഗിച്ചിരുന്ന വാക്കാണ് വികലാംഗൻ. എന്നാൽ ഇന്ന്

ഈ പദം ഉപയോഗരഹിതമാണ്. ഇന്ത്യൻ റെയിൽവേ തന്നെയാണ് അതിന് തുടക്കം കുറിച്ചിരിക്കുന്നത്. ഇനിമുതൽ 'വികലാംഗൻ' എന്ന വാക്കിന് പകരം 'ദിവ്യാംഗ്' എന്നാകും ഉപയോഗിക്കേണ്ടത്. 'ദൈവ ത്തിന്റെ ശരീരം' എന്നാണ് ഈ വാക്കിനർത്ഥം. ശാരീരികവെല്ലു വിളികൾ നേരിടുന്നവരെ അഭിസംബോധന ചെയ്ത് സംസാരിക്കവെ പ്രധാനമന്ത്രി നരേന്ദ്രമോദി ആണ് ദിവ്യാംഗ് എന്ന പദം ഉപയോഗിച്ചത്.

**ഭിന്നലിംഗക്കാർ (transgenders)**

ട്രാൻസ്ജെൻഡേഴ്സിനെ മലയാളവൽക്കരിച്ച് ഭിന്നലിംഗക്കാർ എന്നാണ് വിളിക്കുന്നത്. 'ഭിന്നലിംഗം' എന്ന വാക്ക് മാധ്യമങ്ങളിലൂ ടെയാണ് പ്രചരിച്ചത്. എന്നാൽ തങ്ങൾക്ക് ഭിന്നമായതൊന്നുമില്ലെന്നും എല്ലാം തുല്യമായതേയുള്ളൂ എന്നും ഇവർ പറയുന്നു. ഇത്തരം സമൂഹത്തെ അപമാനിക്കുന്ന വാക്കായാണ് 'ഭിന്നലിംഗ'ത്തെ ഇവർ കാണുന്നത്. ട്രാൻസ്ജെൻഡേഴ്സിന് പകരം മലയാളത്തിൽ ഉപയോഗി ക്കാവുന്ന വാക്കുകളാണ് മനസിജർ, സഹജർ എന്നിവ. എന്നാൽ ഇത്തരം വാക്കുകൾ നാം ഉപയോഗിക്കുന്നില്ല. മനസ്സിലൂടെ ജീവിക്കു ന്നവർ എന്നാണ് മനസിജർ എന്ന വാക്കിന്റെ അർത്ഥം. ട്രാൻസ്ജെൻ ഡർ എന്ന വാക്ക് തന്നെ മലയാളത്തിലും ഉപയോഗിക്കുന്നതാണ് ഇത്തരം വിഭാഗക്കാർ ഇഷ്ടപ്പെടുന്നത്. ഭിന്നലിംഗക്കാർ എന്ന വാക്ക് നിയമംമൂലം എടുത്ത് മാറ്റണമെന്നാണ് ഇവരുടെ ആവശ്യം. ജന്മനാ യുള്ള ശാരീരിക ലിംഗ അവസ്ഥയോട് പൊരുത്തപ്പെടാത്ത മാനസികാ വസ്ഥയുള്ളവരാണ് ട്രാൻസ്ജെൻഡേഴ്സ്. മലയാളത്തിൽ നപുംസകം, ശിഖണ്ഡി, ഹിജഡ, മൂന്നാം ലിംഗക്കാർ, അപരലിംഗക്കാർ, ലിംഗാ തീതർ എന്നീ വാക്കുകൾ ഈ വിഭാഗത്തെ ഉദ്ദേശിച്ച് ഉപയോഗിച്ചിരു ന്നെങ്കിലും ഇവയൊക്കെ കൂടുതലും അവരെ അപമാനിക്കാനോ അവഹേളിക്കാനോ വേണ്ടിയാണ് ഉപയോഗിച്ച് വന്നിരുന്നത്.

നമ്മുടെ വാക്കുകൾ മാത്രമല്ല ഭിന്നശേഷി വിഭാഗക്കാരുടെ ജീവിതത്തെ സ്വാധീനിക്കുന്നത്. സ്വീകാര്യമായ സാമൂഹിക മര്യാദക ളെക്കുറിച്ചും ഭിന്നശേഷിക്കാരുടെ കഴിവുകളെക്കുറിച്ചും അവരോടുള്ള

ആശയവിനിമയം എത്തരത്തിലായിരിക്കണം എന്നതിനെക്കുറിച്ചുമുള്ള ഒരു അവബോധം ഇന്നത്തെ സമൂഹത്തിന് ഉണ്ടായിരിക്കേണ്ടത് വളരെ അത്യാവശ്യമാണ്. നിന്ദയും പരിഹാസങ്ങളും സഹിച്ച് അവഗണന യുടെ നരകങ്ങളിൽ കഴിയേണ്ടിവന്നിരുന്ന ഇത്തരക്കാരുടെ നേരെ സമൂഹത്തിനുള്ള മനോഭാവം മാറ്റിയെടുക്കുകയും അവരെ പൊതുധാ രയിലേക്ക് കൊണ്ടു വരേണ്ടതും വളരെ അത്യാവശ്യമാണ്. അതിനുള്ള ശ്രമങ്ങൾ നമ്മളിൽ നിന്നു തന്നെ ഉണ്ടാകണം. അതിന് ആദ്യം ഭാഷാ തലത്തിലേക്ക് കടക്കണം. ഇത്തരക്കാരെ അഭിസംബോധന ചെയ്യു മ്പോഴും അവരോട് സംസാരിക്കുമ്പോഴും നാമുപയോഗിക്കുന്ന വാക്കു കളെക്കുറിച്ചും പ്രയോഗങ്ങളെക്കുറിച്ചും പൂർണമായ അവബോധം ഉണ്ടാക്കിയെടുക്കുന്നതോടെ  അവരോടുള്ള മനോഭാവം ഒരു പരിധി വരെ മാറ്റാൻ നമുക്ക് കഴിയും.

**സഹായകഗ്രന്ഥങ്ങൾ**

1. Esther Boylan, *Woman and Disability,* Zed Books, LTD Londan & New Jerseyþ1991
2. World Health Organization, 11,August 2012
3. Allied Health Professions Support Service - Facts sheet 4: *Disability-Language and Terminology,* 2006
4. Laurence Clerk and Stephen Marchþpatriarchy in the UK: *The language of disability*, Center for disability studies, 2002
5. National Youth Leadership Network(NYLN) and *Kids As Self Advocates* (KASA) portland state University 2006
6. കിഷോർകുമാർ - *പ്രണയംഒരു മനുഷ്യാവകാശ പ്രശ്നമാണ്* - മാതൃഭൂമി വാരിക 19, ജൂലൈ 2009

# ശരീരവും അധികാരവും: ഭിന്നശേഷീപദങ്ങളെ മുൻനിർത്തിയുള്ള ആലോചന

**വിജയകുമാർ എ.**

**(ഗവേഷകൻ**

**മലയാളവിഭാഗം, കേരളസവകലാശാല)**

ഭിന്നശേഷിയെന്നത് വർഗം, ലിംഗം, ജാതി, ദേശം തുടങ്ങിയ സങ്കല്പനങ്ങൾ പോലെ തന്നെ പ്രധാനപ്പെട്ടതാണ്. ഭിന്നശേഷി കേവലമായ ശാരീരികാവസ്ഥ മാത്രമല്ലെന്നും അത് സാമൂഹികമായും സാംസ്കാരികമായും നിർമ്മിക്കപ്പെടുന്ന ഒന്നാണെന്നുമുള്ള വെളിച്ചത്തിലാണ് മാനവികശാസ്ത്രമേഖലയിൽ ഭിന്നശേഷിയെ അധികരിച്ചുള്ള പഠനങ്ങൾ നടക്കുന്നത്. ഏതൊരു വ്യവഹാരത്തിലും (discourse) അധികാരം ബോധ-അബോധതലങ്ങളിൽ പ്രവർത്തിക്കുന്നുണ്ട്. അധികാരത്തെ മുൻനിർത്തിയുള്ള ആലോചനകൾ സമകാല സംസ്കാരപഠനത്തിൽ പ്രസക്തമാണ്. പലതരത്തിലുള്ള അധികാരത്തിന്റെ രൂപങ്ങളിലൊന്നാണ് ശരീരത്തിനുമേലുള്ള അധികാരം. ലിംഗ-വംശീയ പഠനങ്ങളിൽ ശരീരത്തിന് മേലുള്ള അധികാരം കാണുന്നുണ്ട്. ഭിന്നശേഷിയുടെ മേഖലയിലും ഈ അധീശത്വം കാണാം. ശരീരത്തിനുമേലുള്ള അധികാരം ഭിന്നശേഷിയുമായി ബന്ധപ്പെട്ട മലയാളഭാഷയിലെ പദങ്ങളിൽ എങ്ങനെ പ്രവർത്തിക്കുന്നുവെന്ന് പ്രകരണത്തെ ആധാരമാക്കി അന്വേഷിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

പ്രബന്ധശരീരത്തെ രണ്ട് ഭാഗമായി തിരിക്കുന്നു. ഒന്നാം ഭാഗത്ത് ഭിന്നശേഷി എന്ന പദം നിർമ്മിക്കുന്ന പൊതുബോധം ചർച്ച ചെയ്യുകയും അധികാരമെങ്ങനെ ശരീരത്തെ നിർണയിക്കുകയും ചെയ്യുന്നുവെന്ന് വിശദീകരിക്കുന്നു. രണ്ടാം ഭാഗത്തിൽ പ്രകരണം എന്ന സങ്കല്പനം നിർവചിച്ച് ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഭാഷാപദങ്ങളെങ്ങനെ അധികാരരൂപമാകുന്നു എന്ന് പ്രകരണത്തെ ആധാരമാക്കി വിശകലനം ചെയ്യുന്നു.

**ഭിന്നശേഷി-പദം**

Disability എന്ന പദമാണ് ഇംഗ്ലീഷിൽ ഭിന്നശേഷിയെ കുറിക്കാൻ വ്യാപകമായി ഉപയോഗിക്കുന്നത്. ഈ പദത്തെ മലയാളീകരിക്കുമ്പോൾ വൈകല്യം, ശേഷിക്കുറവ് തുടങ്ങിയ അർത്ഥങ്ങളാണ് ലഭിക്കുക. എന്നാൽ ഇങ്ങനെ മലയാളീകരിക്കുന്ന വാക്കുകളിൽ അരികുവത്ക്കരണം പ്രകടമാണ്; മാത്രമല്ല ഡിസബിലിറ്റി എന്നത് വൈകല്യമോ പരിമിതശേഷിയോ ഒന്നുമല്ല. മറ്റുള്ളതിൽ നിന്നും വ്യത്യസ്തതയുള്ള ശേഷിയാണത്. അതുകൊണ്ടുതന്നെ മേൽപ്പറഞ്ഞ വൈകല്യം, ശേഷിക്കുറവ് തുടങ്ങിയ പദങ്ങൾ മാറ്റിനിർത്തി ഭിന്നശേഷി എന്ന പദം പൊതുബോധമായി മാറണം. അത് Disabled എന്ന അർത്ഥത്തിലല്ല, Differently Abled എന്ന അർത്ഥത്തിലാണ് മനസ്സിലാക്കപ്പെടേണ്ടത്. കാരണം അത് വ്യത്യസ്തശേഷിയാണ്. ധനാത്മകമായി ഭിന്നശേഷിയെ നല്ലശേഷിയെന്ന് വ്യവഹരിക്കാം. നല്ലശേഷിയെന്ന പദം വിനിമയം ചെയ്യുന്ന അർത്ഥം ഭിന്നശേഷിയെന്ന പദം വിനിമയം ചെയ്യുന്ന അർത്ഥത്തെക്കാൾ പതിന്മടങ്ങ് കൂടുതലാണ്. നല്ലശേഷിയെന്നു പറയുമ്പോൾ ഭിന്നശേഷിക്കാർക്ക് മാനസികമായ ഊർജ്ജവും ലഭിക്കുന്നു.

ശേഷിയെ (Ability) രൂപപ്പെടുത്തുന്ന ഘടകമെന്താണ് എന്ന് ശാരീരിക ഭിന്നശേഷിയെ മുൻനിർത്തി ആലോചിക്കാം. ശരീരം/മനസ്സ് എന്നീ ദ്വന്ദ്വങ്ങളാണ് ഈ ആലോചനയുടെ അടിസ്ഥാനം. ശേഷിയെന്നത് ശാരീരികമാണോ മാനസികമാണോ എന്ന ചിന്ത പ്രസക്തമാണ്. ശാരീരികമായ ബലഹീനതയെക്കാൾ ശേഷിയെ നിർണയിക്കുന്നത് മാനസികമായ ഒരുക്കമാണ്. മനസ്സ് സജ്ജമാണെങ്കിൽ ഭിന്നശേഷി

അനുഭവിക്കുന്ന വ്യക്തിക്ക് ശാരീരികമായ ബലഹീനതയില്ല. രണ്ട് സംഭവങ്ങൾ പറയാം.1) രണ്ട് കൈയുമില്ലാത്ത ഒരു യുവാവ് കേരള മുഖ്യമന്ത്രി (2019) പിണറായി വിജയനൊപ്പം കാലുകൊണ്ട് സെൽഫി യെടുക്കുന്ന ചിത്രം പത്രമാധ്യമങ്ങളിലും സോഷ്യൽമീഡിയയിലും വളരെ ശ്രദ്ധയാകർഷിച്ചിരുന്നു. 2) കാഴ്ചപരിമിതിയുള്ള വനിത തിരുവനന്തപുരം അസിസ്റ്റന്റ് ജില്ലാ കളക്ടറായി നിയമിതയായി. ശേഷിയുടെ അടിസ്ഥാനം ശരീരമായിരുന്നെങ്കിൽ മേൽപ്പറഞ്ഞ രണ്ട് സംഭവങ്ങളും നടക്കില്ലായിരുന്നു. ഇങ്ങനെ എത്രയോ സംഭവങ്ങൾ നടക്കുന്നു. മാനസികമായ ഒരുക്കമാണ് ശാരീരിക പരിമിതികളെ പരിമിതികളല്ലാതാക്കുന്നത് അഥവാ നല്ലശേഷിയാക്കുന്നത്. അതായത് ശേഷിയെ നിർണയിക്കുന്നത് ശരീരമല്ല; മനസ്സാണ്.

**ശരീരവും അധികാരവും**

എല്ലാ അറിവുകളും വ്യവഹാരങ്ങളും അധികാരപരമാണ്. അറിവും അധികാരവും തമ്മിലുള്ള വിനിമയങ്ങൾ മിഷേൽ ഫൂക്കോ വിശദീകരിച്ചിട്ടുണ്ട്. അറിവ് കേവലമായി രൂപപ്പെടുന്നതല്ല, അത് അധികാരബന്ധങ്ങളാൽ നിർമ്മിക്കപ്പെടുന്നതാണ് എന്നാണ് അറിവിനെ സംബന്ധിച്ച ഫൂക്കോൾഡിയൻ ആശയങ്ങളുടെ പൊരുൾ. അതുകൊണ്ടുതന്നെ അധികാരവും ശരീരവും ബന്ധപ്പെട്ടിരിക്കുന്നു. ലിംഗപരവും വംശീയവും ഭിന്നശേഷിപരവുമായ ശരീരാക്ഷേപങ്ങൾ ശരീരത്തിനുമേലുള്ള സാമൂഹിക അധികാരത്തെ കാണിക്കുന്നു. സമൂഹത്തിൽ അധികാരം അബോധരൂപത്തിലും (Unconscious) ബോധ രൂപത്തിലും (Conscious) പ്രവർത്തിക്കുന്നു. അബോധത്തിലെ അധി കാരം ചരിത്രപരമായി വികസിച്ചുവന്നതാണ്. ബോധതലത്തിലേ താകട്ടെ, വിവിധ സാഹചര്യങ്ങളിൽ സംഭാഷണങ്ങളിലൂടെയും മറ്റും ബോധപൂർവ്വം തന്നെ പ്രവർത്തിക്കുന്നതാണ്.

സമൂഹത്തിന്റെ ലിംഗപരമായ ശാരീരികാധികാരം ഏറ്റവുമധികം അനുഭവിക്കേണ്ടി വരുന്നത് ട്രാൻസ് ജെൻഡറുകൾക്കാണ്. ട്രാൻസ് ജെൻഡർ ഇടങ്ങളിലെ മോറൽ പോലീസിങ്ങും നോട്ടങ്ങളും ശരീരത്തെ കേന്ദ്രീകരിച്ചുള്ളതാണ്. ലൈംഗികതയ്ക്കായി ട്രാൻസ് ജെൻഡറുകളെ

ഉന്നംവെച്ചു റെയിൽവേ സ്റ്റേഷനുകളിലും ബസ്സ് സ്റ്റാന്റുകളിലും മറ്റു പൊതുവിടങ്ങളിലും നടക്കുന്ന ആളുകൾ ശാരീരികമായ അധികാരബോധം പേറുന്നവരാണ്. സ്ത്രീകളും ഇതേ പ്രശ്നം നേരിടുന്നു. ശാരീരികമായി പുരുഷൻ സ്ത്രീയെ അടിച്ചമർത്തുന്നതും ബലാത്സംഗം ചെയ്യുന്നതും കാലാകാലങ്ങളായി സമൂഹത്തിൽ തുടർന്നു വരുന്നു. ഇത് പാട്രിയാർക്കിയൽ അധികാരത്തിന്റെ സൂചനകളാണ്.

അടുത്തത് വംശീയമായ ശാരീരികാധികാരമാണ്. നിറത്തിന്റെ പേരിലുള്ള വിഭജനങ്ങൾ ഈ അധികാരത്തെയാണ് കാണിക്കുന്നത്. കറുപ്പ്/വെളുപ്പ് എന്നീ ദ്വന്ദ്വമാണ് വംശീയ അധികാരത്തിന്റെ അടിസ്ഥാനം. വെളുത്തതാണെങ്കിൽ നല്ല ശരീരവും കറുത്തതാണെങ്കിൽ ചീത്ത ശരീരവുമാണ് എന്ന പൊതുബോധം സമൂഹത്തിലുണ്ട്. അത് മാറിക്കൊണ്ടിരിക്കുന്നു. സവർണ്ണം/അവർണ്ണം എന്ന വിഭജനവും ഈ അധികാരത്തിൽ നിന്നുണ്ടാകുന്നതാണ്. വർണ്ണമെന്നാൽ നിറമെന്നാണല്ലോ അർത്ഥം. സവർണ്ണശരീരം കണ്ടാൽ അവർണ്ണശരീരം വഴിമാറണം എന്നത് കേരള ചരിത്രത്തിലെ മറ്റൊരു സത്യം. ജാതിവ്യവസ്ഥയുടെ തൊട്ടുകൂടായ്മ, അയിത്തം എന്നിവയൊക്കെ ഇവിടെ പരിഗണിക്കേണ്ടതാണ്. ജാതിശരീരങ്ങൾ എന്ന് ഒറ്റ വാക്കിൽ പറയാം. അങ്ങനെ എത്രയോ വിവേചനങ്ങൾ വംശീയമായി നിലനിൽക്കുന്നു. ഭിന്നശേഷിപരമായ അധികാരം ശാരീരികാധികാരത്തിന്റെ മറ്റൊരു രൂപമാണ്. ശാരീരികമായ പരിമിതികളില്ലാത്തവർ പരിമിതികളുള്ളവരോടു പുലർത്തുന്ന മനോഭാവങ്ങളിലാണ് അധികാരം കാണുന്നത്. അത് സംഭാഷണങ്ങൾ, പ്രയോഗങ്ങൾ, പദങ്ങൾ എന്നിങ്ങനെ പലതരത്തിലുണ്ട്. ഭിന്നശേഷിയുള്ളവരെകാണുമ്പോളുള്ള നോട്ടം (Gaze), കുറെക്കൂടി വ്യക്തമായിപ്പറഞ്ഞാൽ തുറിച്ചുനോട്ടം ഭിന്നശേഷിക്കാരുടെ ശരീരത്തിനുമേലുള്ള സാമൂഹിക അധികാരത്തെ പ്രതിഫലിപ്പിക്കുന്നു.

ശരീരത്തിനു മേലുള്ള മേൽപ്പറഞ്ഞ മൂന്നുതരം അധികാരങ്ങളും ശരീരരാഷ്ട്രീയം (Body Politics) എന്ന താക്കോൽ വാക്കിനുള്ളിലാണ് നിലകൊള്ളുന്നത്. ശരീരത്തെ രാഷ്ട്രീയരൂപകമായി (Metaphor) കണ്ടുകൊണ്ടുള്ള വിചിന്തനങ്ങളാണ് ശരീരരാഷ്ട്രീയത്തിന്റെ ഭൂമിക. ഭിന്നശേ

ഷിയുമായി ബന്ധപ്പെട്ട ഭാഷാപദങ്ങളിൽ ശരീരത്തിനുമേലുള്ള അധികാരം എങ്ങനെ പ്രവർത്തിക്കുന്നുവെന്നു നോക്കാം.

**ഭാഷയും ഭിന്നശേഷിയും**

ഭാഷ ആശയവിനിമയത്തിനുള്ള ടൂൾ മാത്രമല്ല; സാമൂഹികവും സാംസ്കാരികവുമായ നിർമ്മിതിയാണ്. ഒരു വ്യക്തിയുടെ ആത്മബോധത്തിന്റെ പ്രകാശനമാണ് ഭാഷ എന്നത് ഭാഷയുടെ നിർവചനങ്ങളിൽ പ്രധാനമാണ്. അതായത് മാനസികാനുഭവങ്ങളുടെ പ്രതിഫലനമാണ് ഭാഷ. വ്യക്തിയുടെ/ജനതയുടെ മാനസികഭാവങ്ങളാണ് ഭാഷയിലൂടെ വെളിപ്പെടുന്നത്. അത് പദങ്ങൾ, പ്രയോഗങ്ങൾ, സംഭാഷണങ്ങൾ എന്നിങ്ങനെ പല നിലകളിലുണ്ട്.

ഭാഷയും അധികാരവും (Language and Power) തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു. ഭാഷയിൽ അധികാരം ശക്തമായി തന്നെ പ്രവർത്തിക്കുന്നുണ്ട്. ഭാഷയിലെ അധികാരത്തെ കേരളത്തിലെ സാമൂഹിക ശ്രേണീകരണത്തെ മുൻനിർത്തി പി.എം. ഗിരീഷ് ഗവേഷണം നടത്തിയിട്ടുണ്ട്. (*ഭാഷയും അധികാരവും*) ഭാഷയിലൂടെ രൂപപ്പെടുന്ന ബോധ്യങ്ങൾ അധികാരഘടനകളെ സൂചിപ്പിക്കുന്നതാണ്. സമൂഹത്തിൽ അദൃശ്യമായ അധികാരം നിലനില്ക്കുന്നത് കൊണ്ടുതന്നെ ഭാഷയിലും അതുണ്ടെന്നു പറയാം. കാരണം, ഭാഷ സാമൂഹികനിർമിതിയാണ്. മാത്രമല്ല; ഭിന്നശേഷിയെ സാമൂഹികവും സാംസ്കാരികവുമായ അനുഭവമെന്ന നിലയിലാണ് മനസ്സിലാക്കുന്നത്.

ഭിന്നശേഷിമേഖലയിൽ ശരീരത്തിനു മേലുള്ള ഭാഷാധികാരം (Power on Language) പലമട്ടിൽ പ്രവർത്തിക്കുന്നതു കാണാം. ശരീരത്തിനുമേൽ ഭാഷകൊണ്ട് സൃഷ്ടിക്കുന്ന അധികാരമാണത്. ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഭാഷാപദങ്ങൾ ഇതോടൊപ്പം ചേർക്കുന്നു. മടയൻ, പൊട്ടൻ, ചെകിടൻ, മന്ദബുദ്ധി, ചട്ടൻ, ചട്ടുകാലൻ, ഞൊണ്ടി, കിറികോടൻ, മൂങ്ങാക്കിറിയൻ, കോങ്കണ്ണൻ, ഉണ്ടക്കണ്ണൻ, ഓച്ചറക്കണ്ണൻ, തടിയൻ, കോലൻ, എലുമ്പൻ, ആനത്തടിയൻ, മത്തങ്ങാക്കണ്ണൻ, ഭ്രാന്തൻ, വട്ടൻ, അരപ്പിരി, മത്തങ്ങാത്തലയൻ, കോലാപ്പി,

കൊടക്കമ്പി, കുള്ളൻ, മുറിച്ചുണ്ടൻ ഇങ്ങനെ നീളുന്നു. ഈ വാക്കുകളൊക്കെ ഭിന്നശേഷിയുള്ളവരെ വിശേഷിപ്പിക്കുന്നതിനോ കളിയാക്കുന്നതിനോ ഉപയോഗിക്കുന്ന വാക്കുകളാണ്. ഇവ ബോധത്തിലും അബോധത്തിലും നിലനിൽക്കുന്നു. മേല്പറഞ്ഞ പദങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചാൽ പദനിർമ്മിതി എങ്ങനെയെന്നു വ്യക്തമാകും. ഭിന്നശേഷിയുള്ള ശരീരത്തിന്റെ / അവയവത്തിന്റെ രൂപവുമായോ അവസ്ഥയുമായോ സാദൃശ്യം തോന്നുന്ന മറ്റൊരു വസ്തു / ജന്തു അങ്ങനെ എന്തെങ്കിലുമായി താരതമ്യം ചെയ്തുകൊണ്ടാണ് പദങ്ങൾ നിർമ്മിക്കപ്പെട്ടിരിക്കുന്നത്. ഇവിടെയും നോട്ടത്തിന്റെ രാഷ്ട്രീയമാണുള്ളത്. ഉദാ: കൊടക്കമ്പി - കുടയുടെ കമ്പിപോലെ മെലിഞ്ഞ ശരീരമുള്ളയാൾ, ആനത്തടിയൻ-ആനയുടേതുപോലെ വലിയ വണ്ണമുള്ളയാൾ, മത്തങ്ങാത്തലയൻ-മത്തങ്ങപോലെ വലിയ തലയുള്ളയാൾ, മൂങ്ങാക്കിറിയൻ- മൂങ്ങയുടെ കിറിപോലിരിക്കുന്ന അവസ്ഥയുള്ളയാൾ

**പ്രകരണം**

ഭാഷാശാസ്ത്രത്തിൽ പ്രകരണമെന്ന സങ്കല്പനത്തിന് സന്ദർഭം (Context) എന്നാണ് അർത്ഥം. സന്ദർഭത്തെ കേന്ദ്രമാക്കി ഭാഷയിൽ നടക്കുന്ന അന്വേഷണങ്ങളാണ് പ്രകരണവിജ്ഞാനമെന്ന ഭാഷാശാസ്ത്രശാഖയുടെ ഉള്ളടക്കം. ഭാഷയെ മനസ്സിലാക്കേണ്ടത് രൂപത്തെയോ അർത്ഥത്തെയോ അടിസ്ഥാനമാക്കിയല്ല; പ്രകരണത്തെ അഥവാ സന്ദർഭത്തെ അടിസ്ഥാനമാക്കിയാണ്. ഒരു വാക്കിന് ആ അർത്ഥം ലഭിക്കുന്നത് ആ സന്ദർഭം കൂടി ചേരുമ്പോഴാണ്. സന്ദർഭത്തിൽ നിന്നും പദത്തെ അടർത്തിമാറ്റുമ്പോൾ അർത്ഥ ശോഷണം സംഭവിക്കുന്നു. വാക്കിനെക്കാൾ സന്ദർഭമാണ് പ്രധാനം. ഈയൊരു തത്ത്വത്തിലാണ് പുതുഭാഷാപഠനങ്ങൾ നടക്കുന്നത്. ഭിന്നശേഷിയുടെ ഭാഷാപദങ്ങളിൽ പ്രകരണമെങ്ങനെ പ്രധാനമാകുന്നുവെന്നു നോക്കാം. വൈക്കം മുഹമ്മദ് ബഷീറിന്റെ *പാത്തുമ്മയുടെ ആടിൽ* ഒരു സന്ദർഭത്തിൽ ബഷീർ, അനിയൻ അബ്ദുൾ ഖാദറിനെ 'ചട്ടൻ' എന്നു വിളിക്കുന്നു. 'ചട്ടൻ' എന്ന പദത്തിന് ആ സന്ദർഭത്തിൽ അധിക്ഷേപ സ്വഭാവമാണുള്ളത്. വിളിച്ചയാളിന്റെ മാനസികഭാവത്തെയാണ്

അത് വെളിവാക്കുന്നത്. സന്ദർഭമാണ് ആ വാക്കിന് അധിക്ഷേപാർത്ഥം നൽകിയത്. പ്രകരണത്തെ മുൻനിർത്തിയുള്ള ഈ ചിന്ത ഭിന്നശേഷിയുമായി ബന്ധപ്പെട്ട മിക്ക ഭാഷാപദങ്ങളിലും പ്രയോഗിക്കാവുന്നതാണ്. വക്താവിന്റെ മനോഭാവം അപ്പോൾ വ്യക്തമാകും. സാമാന്യജനങ്ങൾ ഭിന്നശേഷി പദങ്ങൾ ഉപയോഗിക്കുന്നത് ഏതൊക്കെ സന്ദർഭങ്ങളിലാണ് എന്ന് ആലോചിച്ചാൽ വ്യക്തമാകും.

ശ്രദ്ധിക്കേണ്ട മറ്റൊരു കാര്യം, ഭിന്നശേഷിയുമായി ബന്ധപ്പെട്ട മിക്കപദങ്ങളും ആൺനാമങ്ങളാണ് എന്നതാണ്. ഭാഷയിലെ ലിംഗപരമായ വിവേചനം ഭിന്നശേഷിയുമായി ബന്ധപ്പെട്ട പദങ്ങളിലും ഏറക്കുറെ കാണാം. ഉദാ: ചട്ടൻ, കോലൻ, മൂങ്ങാക്കിറിയൻ, മുറിച്ചുണ്ടൻ. ഭാഷയിലെ ഈ ലിംഗപരമായ വിവേചനം മാറേണ്ടതുണ്ട്. അതായത് ഭിന്നശേഷിയുമായി ബന്ധപ്പെട്ട പദങ്ങൾ എങ്ങനെ ശരീരത്തിനു മേലുള്ള അധികാരത്തെ കാണിക്കുന്നു എന്ന് ബോധ്യം വരണം. മറ്റൊരു ചരാചരത്തോടു ഭിന്നശേഷിയവസ്ഥയെ താരതമ്യപ്പെടുന്നതു തന്നെ ഭിന്നശേഷിയില്ലാത്ത ശരീരങ്ങൾ ഭിന്നശേഷിക്കാരുടെ മേൽ സ്ഥാപിക്കുന്ന അധികാരത്തിന്റെ പ്രകാശനമാണ്. നോട്ടത്തെ (Gaze) മുൻനിർത്തിയുള്ള ഭിന്നശേഷീപദനിർമ്മിതി ശരീരത്തിനുമേൽ ഭാഷ സൃഷ്ടിക്കുന്ന അധികാരം തന്നെയാണ്.

*ഗ്രന്ഥസൂചി*


1. എബി കോശി, ശരീരം (ലേഖനം), *താക്കോൽ വാക്കുകൾ വിചാരമാതൃകകൾ കേരളീയനോട്ടങ്ങൾ* (എഡിറ്റർ: അജു കെ നാരായണൻ), വിദ്വാൻ പി ജി നായർ സ്മാരകഗവേഷണകേന്ദ്രം ആലുവ, 2017

2. ഗിരീഷ് പി എം, *അധികാരവും ഭാഷയും,* പാപ്പിയോൺ ബുക്സ്, കോഴിക്കോട്, 2001

3. സുമി ജോയി, പ്രയോഗവിജ്ഞാനം സാമാന്യവീക്ഷണത്തിൽ (ലേഖനം), *ഭാഷ നവീനപഠനവഴികൾ* (എഡിറ്റർ: ഡോ. സിബു മോടയിൽ), വിദ്വാൻ പി.ജി.നായർ സ്മാരക ഗവേഷണകേന്ദ്രം ആലുവ, 2010

4. സെബാസ്റ്റ്യൻ വട്ടമറ്റം, *ഭാഷയും ആധിപത്യവും*, സാഹിത്യ പ്രവർത്തക സഹകരണസംഘം കോട്ടയം, 2014

5. സ്റ്റാലിൻ ദാസ്, ഭിന്നശേഷീപഠനം: നവസമീപനങ്ങളും പ്രയോഗങ്ങളും (ലേഖനം), *സംസ്കാരപഠനത്തിന്റെ പുതുവഴികൾ* (എഡിറ്റർ: ഷീബ എം. കുര്യൻ), കേരള സർവ്വകലാശാല തിരുവനന്തപുരം, 2018

6. Foucault Michael, *Power* (Ed) James D Fabrian (Trans.Robert Hurley),Penguin Books England,2001.

# ഭിന്നശേഷിയുടെ അടയാളപ്പെടുത്തലുകൾ പഴഞ്ചൊല്ലുകളിൽ

**വാണി പ്രസാദ്**

**(ഗവേഷക, മലയാളവിഭാഗം, കേരളസർവ്വകലാശാല)**

ഭാഷയിലൂടെ വിനിമയം സാധ്യമാകാത്ത വിഷയങ്ങൾ കുറവാണ്; പ്രത്യേകിച്ച്, വാമൊഴിയിലൂടെ. മലയാളഭാഷ വിവിധ വിഷയസംബന്ധിയായ വാങ്മയങ്ങളാൽ സമ്പന്നമാണ്. മനുഷ്യൻ എന്ന സമൂഹജീവിയെ മനസിലാക്കാൻ തക്ക ചൊല്ലുകളാണ് എല്ലാം. മനുഷ്യൻ- ശരീരം, മനസ്സ്, തൊഴിൽ സാഹചര്യങ്ങൾ, വിനോദങ്ങൾ, സമൂഹവുമായുള്ള ബന്ധം തുടങ്ങി പലവിധ വിഷയങ്ങൾ ഇക്കൂട്ടത്തിൽ പെടുന്നു. ഇത്തരം വാമൊഴിരൂപങ്ങൾ പഠന വിധേയമാക്കിയാൽ ഓരോ കാലത്തെയും ചിന്താഗതികൾ മനസിലാക്കാൻ കഴിയുന്നതിനോടൊപ്പം ഈ ചൊല്ലുകളും അവയിലൂടെ വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങളും പിൽക്കാലത്തു വായിക്കപ്പെടുന്നതും മനസിലാക്കപ്പെടുന്നതും എങ്ങനെയാണെന്ന് കൂടി അറിയാൻ കഴിയും. അത്തരം ഒരു അന്വേഷണത്തിന്റെ സാധ്യതയാണ് ചൊല്ലുകളെ ഭിന്നശേഷി എന്ന പദവുമായി ബന്ധപ്പെടുത്തി ആലോചിക്കുമ്പോൾ തെളിയുന്നത്.

ഭിന്നശേഷി ആശയങ്ങൾക്ക് പ്രചാരം ലഭിക്കുന്ന കാലത്തിൽ നിന്നുകൊണ്ട് വിവിധതരം വൈകല്യങ്ങളുള്ള വ്യക്തികളെയും സമൂഹത്തെയും പഴഞ്ചൊല്ലുകൾ എങ്ങനെയൊക്കെയാണ് അടയാള

പ്പെടുത്തിയതെന്നും പറഞ്ഞു പഴകിയ ഈ ചൊല്ലുകളിലൂടെ സമൂഹ ത്തിൽ ഭിന്നശേഷിക്കാർ എങ്ങനെ അടയാളപ്പെട്ടുവെന്നും ഇത്തരം ചൊല്ലുകളുടെ പ്രയോഗസന്ദർഭങ്ങൾ ഏതൊക്കെയാണെന്നും അതി നുപിന്നിൽ പ്രവർത്തിക്കുന്ന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും കണ്ടെത്തുകയാണ് ഈ പ്രബന്ധത്തിലൂടെ. പഴഞ്ചൊല്ലുകളിൽ നിന്ന് പ്രാതിനിധ്യ സ്വഭാവമുള്ളവ കണ്ടെത്തി അപഗ്രഥിച്ച് നിഗമനത്തിൽ എത്തിച്ചേരുന്ന രീതിയാണ് പ്രബന്ധത്തിനായി സ്വീകരിച്ചിരിക്കുന്നത്.

### ചൊല്ലുകളും ഭിന്നശേഷിയും

മനുഷ്യന്റെയുള്ളിൽ കാലാകാലങ്ങളിലായി സ്വാംശീകരിക്കപ്പെട്ട അറിവുകളുടെയും ചുറ്റുപാടുകളുടെയും സ്വാധീനങ്ങളുടെയും ആകെ ത്തുകയായിരിക്കും ഓരോ വാക്കും. അതുകൊണ്ട് 'വെറും വാക്ക്' എന്നൊന്നില്ല എന്നുതന്നെ പറയാം. മലയാളത്തിലെ ചൊല്ലുകൾ പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാകും. ചൊല്ലുകൾ അറിവ് പകർന്നു തരുന്ന സൂത്രവാക്യങ്ങളാണ്. എന്നാൽ ഈ അറിവുകൾ ആരെയാണ് അഭിസംബോധന ചെയ്യുന്നതെന്നും ആരെക്കുറിച്ചുള്ളതാണെന്നും ചിന്തിക്കേണ്ടിയിരിക്കുന്നു. അപ്പോൾ മാത്രമേ പരോക്ഷമായി അവ യിൽ ഉൾച്ചേർന്നിരിക്കുന്ന സാംസ്കാരികവും സാമൂഹികവും രാഷ്ട്രീ യവും ലിംഗപരവും ഒക്കെയായുള്ള അധികാരബോധങ്ങളെയും അവ സമൂഹത്തിൽ പ്രവർത്തിക്കുന്ന രീതിയെയും കുറിച്ച് മനസ്സിലാക്കാൻ കഴിയുകയുള്ളൂ. ഭാഷാഘടനയിലും വിനിമയത്തിലും അധികാര ത്തിന്റെ ചിഹ്നങ്ങൾ കടന്നു കൂടുന്നതു കൊണ്ടാണ് വാക്കിന്റെ പ്രയോ ഗവും പ്രയോഗസന്ദർഭവുമൊക്കെ പ്രസക്തമാകുന്നത്.

മലയാളത്തിലെ പഴഞ്ചൊല്ലുകളിൽ ഭിന്നശേഷിയുമായി ബന്ധ പ്പെട്ട് അന്വേഷണം നടത്തുമ്പോൾ പലതരം ചൊല്ലുകൾ കണ്ടെത്താൻ കഴിയും. ശാരീരികവൈകല്യങ്ങളെ അടയാളപ്പെടുത്തുന്നവ, മാനസിക വൈകല്യങ്ങളെ അടയാളപ്പെടുത്തുന്നവ പൊതു സമൂഹത്തെ ആക മാനം സൂചിപ്പിക്കുന്നവ എന്നിങ്ങനെ സാമാന്യമായി ഇവയെ വിഭ ജിക്കാം. ഇതു കൂടാതെ വിവിധ തരം വ്യാഖ്യാനങ്ങൾക്കും വായന കൾക്കും കഴിയുന്ന വേറെയും ചൊല്ലുകൾ ഉണ്ട്. . ഈ ചൊല്ലുകളിലൂടെ

കടന്നുപോകുമ്പോൾ കൗതുകം ഉണർത്തുന്ന ചില വസ്തുതകൾ കണ്ടെത്താൻ കഴിഞ്ഞു. 1) കണ്ടെത്തിയ ചൊല്ലുകളിൽ പരിഹസിക്കണം എന്ന ലക്ഷ്യത്തോടെ രൂപം കൊണ്ടവ കുറവാണ്. 2) ഇന്ന് ഭിന്നശേഷിയെന്ന ഗണത്തിലുൾപ്പെടുത്തുന്ന വൈകല്യങ്ങളെ മനുഷ്യസമൂഹത്തെ ആകമാനം ഉപദേശിക്കാനുള്ള ഉപകരണമാക്കി മാറ്റിയിരിക്കുകയാണ് ചില ചൊല്ലുകളിൽ. ഉദാ: *ഊമരിൽ കൊഞ്ഞൻ സർവജ്ഞൻ, നാക്ക് നീണ്ടവന് കുറിയ കൈ, കണ്ണില്ലാ രാജ്യത്തു കോങ്കണ്ണൻ രാജാവ്.* 3) ഭിന്നശേഷിക്കാരെ കുറിച്ച് നിലനിന്നിരുന്ന ചില അന്ധവിശ്വാസങ്ങളും മിത്തുകളുമൊക്കെ ചൊല്ലുകളുടെ രൂപീകരണത്തിന് കാരണമായിട്ടുണ്ട്. ഉദാ: *തക്കിടിമുണ്ടൻ*- പൊക്കം കുറഞ്ഞ് വണ്ണമുള്ളവരെ സൂചിപ്പിക്കാനാണ് ഇത് ഉപയോഗിക്കുന്നത്. പണ്ട് രാജാക്കന്മാർ നടക്കുമ്പോൾ കണ്ണേറ് തീർക്കാനായി പൊക്കം കുറഞ്ഞ രണ്ടുപേരെ ഒപ്പം നടത്തുമായിരുന്നു. അവരെയാണ് തക്കിടി മുണ്ടന്മാർ എന്ന് വിളിച്ചിരുന്നത്. എന്നാലിന്ന് വണ്ണമുള്ള കുഞ്ഞുങ്ങളെ സ്നേഹപൂർവ്വം വിളിക്കുന്ന വാക്കായി മാറിയിട്ടുണ്ട്. 4) *ആളിൽ കുറിയവനെ വിശ്വസിച്ചു കൂടാ* അല്ലെങ്കിൽ *കള്ളനെ നമ്പിയാലും കുള്ളനെ നമ്പരുത്* - എന്ന ചൊല്ല് ഇപ്പോഴും പ്രയോഗത്തിലുണ്ട്. പഴയ അന്ധവിശ്വാസത്തിന്റെ കാഠിന്യം ഇപ്പോഴില്ല എങ്കിലും കൂട്ടത്തിൽ പൊക്കം കുറഞ്ഞവരോട് കളിയായിട്ട് പറയുമ്പോഴും ആ അന്ധവിശ്വാസത്തിന്റെ ധ്വനിയുണ്ട്. 5) മനുഷ്യന്റെ ബാഹ്യസൗന്ദര്യസങ്കല്പം ചില ചൊല്ലുകളുടെ അടിത്തറയായിട്ടുണ്ട്. *പല്ലു കൊള്ളാമെങ്കിൽ പാതിയും കൊള്ളാം മൂക്കു കൊള്ളാമെങ്കിൽ മുഴുവനും കൊള്ളാം.* 6) ഭിന്നശേഷിക്കാർ പാർശ്വവത്ക്കരിക്കപ്പെടേണ്ടവരാണെന്ന ബോധപൂർവ്വമോ അബോധപൂർവമോ ആയ ചിന്ത ചൊല്ലുകളിൽ പ്രവർത്തിച്ചിട്ടുണ്ട്. വൈവിധ്യം നിറഞ്ഞ ചുറ്റുപാടുകൾ ഭിന്നശേഷിക്കാർക്കുകൂടി അവകാശപ്പെട്ടതാണെന്ന അല്ലെങ്കിൽ അവരെക്കൂടി അത് പരിചയപ്പെടുത്തണമെന്ന ചിന്ത കുറവായിരുന്നു. ഉദാ: *മുടവന്റെ കോപം വിട്ടയത്തിൽ, കാലൊടിഞ്ഞ കോഴിക്ക് ഉരൽക്കുഴി തന്നെ കൈലാസം, കണ്ണില്ലാത്തവനെന്തിനു കണ്ണാടി.* 7) സ്ത്രീകളെയും ദലിതനെയും പാർശ്വവത്ക്കരിക്കാനും അടിച്ചമർത്താനും ഉപയോഗിക്കുന്ന ചൊല്ലുകൾ

ഭിന്നശേഷിക്കാരെ അടയാളപ്പെടുത്താനും കളിയാക്കാനുമായി സിനിമകളിലും മറ്റും ഉപയോഗിച്ചു. ഉദാ: *ചെമ്മീൻ ചാടിയാൽ മുട്ടോളം പിന്നേം ചാടിയാൽ ചട്ടിയിൽ, കൂനൻ മഥിച്ചാൽ ഗോപുരം കുത്തുമോ!* 8) ഭിന്നശേഷികളെ സാധാരണ മനുഷ്യന്റെ സ്വഭാവവൈകല്യങ്ങളെ അടയാളപ്പെടുത്താൻ വേണ്ടിയാണ് കൂടുതലായി ഉപയോഗിക്കുക. പ്രതികരണശേഷി ഇല്ലായ്മ, അല്പജ്ഞാനം, സൂക്ഷ്മതയില്ലായ്മ, അഹങ്കാരം എന്നിവ അതിൽ ചിലതാണ്. ഉദാ: *കുരുടൻ ആനയെ കണ്ട പോലെ, കണ്ണുണ്ടായാൽ പോരാ കാണണം.* 9) പൊതുസമൂഹത്തിന്റെ കണ്ണിൽ ശേഷിക്കുറവുകൾ എന്ന് തോന്നുന്നവ ശേഷിക്കുറവുകളല്ല, ഭിന്നമായ ശേഷികളാണെന്ന ചിന്ത മുമ്പേ ഉണ്ടായിരുന്നു എന്നതിനു ഉദാഹരണങ്ങളാണ് ചില ചൊല്ലുകൾ. ഒപ്പം ഭിന്നശേഷിക്കാരെക്കൊണ്ട് എന്തെങ്കിലും കഴിയുമോ എന്ന് ആകുലപ്പെടുന്ന തരം ചൊല്ലുകളുമുണ്ട്. ഇതിൽ നിന്നും സമൂഹത്തിൽ നിലനിൽക്കുന്ന വ്യത്യസ്തതരം സമീപനങ്ങൾ മനസിലാക്കാൻ കഴിയും.ഉദാ: *അഞ്ചു വിരലും ഒരുപോലെയോ?, കണ്ണെത്താത്തിടത്തും കരളെത്തും, സ്വർണത്തിനുണ്ടോ നിറക്കുറവ്?, കുയിലിനു സൗന്ദര്യം സ്വരം 10)* ഉച്ചനീചത്വങ്ങൾ (ജാതി-വർണ്ണ) പ്രകടിപ്പിക്കാനും ഭിന്നശേഷികൾ ഉപയോഗപ്പെടുത്തി. ഉദാ: *പട്ടരിൽ പൊട്ടനില്ല* 11) ആരും പൂർണരല്ല എന്നും അവരെന്തിനാണ് മറ്റുള്ളവരെ കുറ്റം പറയുന്നതെന്നുമുള്ള ആലോചനകളും ചൊല്ലുകളിലുണ്ട്. ഉദാ: *മൂക്കില്ലാത്തവൻ മുറിമൂക്കനെ കുറ്റപ്പെടുത്തുകയോ, മൂക്കറ്റവൾ കാതറ്റവളെ പഴിക്കുക. 12)* ഭിന്നശേഷിക്കാരാണെന്നറിഞ്ഞിട്ടും സാധ്യമല്ലാത്ത കാര്യത്തിന് നിർബന്ധിക്കുന്ന തരം ചൊല്ലുകളുമുണ്ട്. ഉദാ: *പഴയ കുരുടി കതകു തൊറ*

**ഭാഷാപരമായ പ്രത്യേകതകൾ**

കുരുടി, കോങ്കണ്ണി, ഊമ, കൊഞ്ഞൻ, കൂനൻ, കുക്കുടൻ, പൊട്ടൻ, മുടന്തൻ, ഞൊണ്ടി, കുറിയവൻ, മുറിമൂക്കൻ തുടങ്ങിയ നാമപദങ്ങളാണ് ഭിന്നശേഷിക്കാരെ സൂചിപ്പിക്കുന്നതിനായി ഈ ചൊല്ലുകളിലുള്ളത്. അതായത് കണ്ണ്, കാത്, മൂക്ക്, കാല്, വായ് തുടങ്ങിയ അവയവങ്ങളെയും അവയുടെ കുറവുകളെയുമാണ് കൂടുതലായും ചൊല്ലു

കൾക്ക് ആധാരമാക്കിയിരിക്കുന്നത്. മാനസികമായ വെല്ലുവിളികളെക്കാൾ ശാരീരികവെല്ലുവിളികൾക്കാണ് കണ്ടെത്തിയ ചൊല്ലുകളിൽ പ്രാധാന്യം. മറ്റൊന്നുള്ളത് അവയവങ്ങളുടെ ക്ഷമതയിൽ ഊന്നി ചൊല്ലുണ്ടാക്കുമ്പോൾ പോലും അർത്ഥം ശരീരത്തെ പറ്റിയുള്ള വാച്യാർത്ഥത്തിൽ നിന്നുമാറി പല വിധങ്ങളായ ലാക്ഷണിക- വ്യംഗ്യാർത്ഥങ്ങൾ തേടുന്നു. പുരാണേതിഹാസങ്ങൾ മുതൽ പരിശോധിച്ചാൽ ശാരീരികമായ പ്രത്യേകതകൾ ഉള്ള കഥാപാത്രങ്ങളെ കണ്ടെത്താം. മന്ഥര, ശകുനി, ധൃതരാഷ്ട്രർ തുടങ്ങിയവർ ഉദാഹരണങ്ങളാകുന്നു. ഈ കഥാപാത്രങ്ങളെ ഓർക്കുമ്പോൾ അവരുടെ ശാരീരിക പ്രത്യേകതകളാണ് മനസ്സിലെത്തുക. സാഹിത്യശകലങ്ങളായി കണക്കാക്കാവുന്ന ചൊല്ലുകളുടെ നിർമ്മിതിയെ ഇത്തരത്തിലുള്ള ഘടകങ്ങളും സ്വാധീനിച്ചിരിക്കാം. ഭിന്നശേഷിക്കാർ എന്ന് പറഞ്ഞ് പരിഗണിക്കുകയും പരിഹസിക്കുകയും ഒക്കെ ചെയ്യുന്നത് പ്രത്യക്ഷത്തിൽ പ്രത്യേകതകൾ ഉള്ളവരെയാണ്; അതായത് ദൃശ്യരായ ഭിന്നശേഷിക്കാരെ. മസ്തിഷ്ക സംബന്ധിയായ പ്രശ്നങ്ങൾ ഉള്ളവർ സമൂഹത്തിൽ അദൃശ്യരായ ഭിന്നശേഷിക്കാരായി കഴിയുകയാണ് ചെയ്തത്. അവരിലേക്ക് വെളിച്ചം എത്താൻ തുടങ്ങിയത് വളരെ വൈകിയാണ്. സമൂഹത്തിന്റെ കാഴ്ചപ്പാട് തന്നെയാണ് ചൊല്ലുകളിലും പ്രകടമാകുന്നത്.

ഭാഷാപരമായ പ്രത്യേകതകൾ വിലയിരുത്തുമ്പോൾ ചൊല്ലുകളിൽ ഒളിഞ്ഞിരിക്കുന്ന ജൻഡർ ഇഷ്യൂ കണ്ടെത്താൻ കഴിയും. സമൂഹത്തിൽ സ്ത്രീകളായ ഭിന്നശേഷിക്കാർ ഏറെക്കുറെ അദൃശ്യരാണ്. ചൊല്ലുകളിലെ നാമരൂപങ്ങളിൽ സ്ത്രീലിംഗപദങ്ങൾ കുറയാൻ കാരണവും ഇത് തന്നെയാകും. ശരീരത്തിന്റെ പ്രത്യേകതകൾ അടയാളപ്പെടുത്തുന്നവയാണ് കൂടുതൽ ചൊല്ലുകളും.

ചൊല്ലുകൾ തലമുറകളായി കൈമാറി വരുന്നവയാണ്. എന്നാൽ അവയെല്ലാം എല്ലാക്കാലത്തും ഒരേ അർത്ഥത്തിൽ ഉൾക്കൊള്ളണമെന്നില്ല. എന്തെന്നാൽ കാലാനുഗമത്തിൽ സാമൂഹികവും രാഷ്ട്രീയവുമായ കാഴ്ചപ്പാടുകൾക്കു വ്യത്യാസം വരാം. കാലാനുവർത്തികൾ ആയവയെ മാത്രം സ്വീകരിച്ചാൽ മതി. പുതുതലമുറ ഭിന്നശേഷിയു

മായി ബന്ധപ്പെട്ട പദങ്ങൾ ഉൾപ്പെട്ട ചൊല്ലുകളെന്നോ മനുഷ്യന്റെ പൊതുവെയുള്ള അല്പത്തരങ്ങൾക്കു നേരെയുള്ള പ്രതിഷേധമായിട്ടോ വേണം ഈ ചൊല്ലുകളെ വായിക്കാൻ. പ്രയോഗങ്ങളെക്കാൾ പ്രയോഗസന്ദർഭങ്ങൾക്കു പ്രാധാന്യം കൊടുത്തുകൊണ്ട് വേണം ഭിന്നശേഷിയനുബന്ധ ചൊല്ലുകൾ ഇനി പഠിക്കാൻ. *പൊട്ടക്കണ്ണന്റെ മാവിലേറെ*ന്നാൽ കാഴ്ച്ചയില്ലാത്തയാൾമാത്രമല്ല കണ്ണുണ്ടായിട്ടും കാണാത്ത ഒരു വല്യ സമൂഹവും കൂടി അതിലുൾപ്പെടുന്നു എന്നോർക്കണം.

അറുപത്തിരണ്ട് ചൊല്ലുകൾ ശേഖരിച്ചതിൽ പത്തിൽ താഴെ എണ്ണമേ ഇന്ന് പ്രയോഗിക്കുന്നുള്ളു; അതും ചുരുക്കം സന്ദർഭങ്ങളിൽ ഒരു വാക്കായിട്ടോ ധ്വനിയായിട്ടോ ചിലപ്പോൾ പ്രധാന ആശയമായിട്ടോ ആണ് ചൊല്ലുകളിൽ ഭിന്നശേഷി കടന്നുവരുന്നത്. അതായത് ഭിന്നശേഷിയെയും ഭിന്നശേഷിക്കാരെയും പലവിധത്തിൽ മലയാളത്തിലെ പഴഞ്ചൊല്ലുകൾ ഉപയോഗിച്ചു. ആ പ്രയോഗങ്ങൾ വിലയിരുത്തുമ്പോൾ കണ്ടെത്താൻ കഴിയുന്നത് അവ പരിഹാസത്തിലുപരി ലക്ഷ്യം വെച്ചിരിക്കുന്നത് മനുഷ്യനെ അടയാളപ്പെടുത്താനാണ്. അന്ധത, കേൾവിക്കുറവ് തുടങ്ങിയവയുടെ സവിശേഷതകൾ ഉപയോഗിച്ചുകൊണ്ട് മനുഷ്യസമൂഹത്തെയും അവയുടെ പ്രത്യേകതകളും രേഖപ്പെടുത്തി. പ്രത്യക്ഷത്തിൽ പരിഹസിക്കുന്നില്ലെങ്കിൽക്കൂടി ഈ ചൊല്ലുകൾ ഭിന്നശേഷിയുള്ളവരെ എങ്ങനെ ബാധിക്കുമെന്ന് ചൊല്ലിന്റെ കർത്താക്കൾ ചിന്തിച്ചിരിക്കില്ല. എന്നാലിന്ന് അത്തരത്തിലുള്ള ചിന്തകൾ സമൂഹത്തിൽ ശക്തി പ്രാപിക്കുന്നത് കൊണ്ടാവാം ഇത്തരം ചൊല്ലുകളുടെ പ്രയോഗസന്ദർഭങ്ങൾ കുറഞ്ഞത്.

*ഗ്രന്ഥസൂചി*

കുഞ്ഞുണ്ണി, *പഴമൊഴിപ്പത്തായം,* ഡി. സി. ബുക്ക്സ് ,2003

വേലായുധൻ പണിക്കശ്ശേരി, *പതിനായിരം പഴഞ്ചൊല്ലുകൾ,* നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം, 1975 ഫെബ്രുവരി.

*ശേഖരിച്ച പഴഞ്ചൊല്ലുകൾ*

1. തൻകണ്ണ് കൊണ്ട് നോക്കിയാൽ കോങ്കണ്ണിയും മീങ്കണ്ണി. 2. പല്ലു നന്നായാൽ പകുതി നന്നായി, മുഖം നന്നായാൽ മുഴുവൻ നന്നായി.3. അറുക്കാൻ ത്രാണിയില്ലാത്തവന് അരയിൽ അൻപത് അരിവാൾ. 4. അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടറിയൂ. 5. ഊമ ഊരിനെ കെടുക്കും ആമ കിണറ്റിനെ കെടുക്കും. 6. ഊമൻ കണ്ട സ്വപ്നം 7. എരുമതലയൻ 8. കുരുടനും ചെവിടനും കൂടി കൂത്ത് കണ്ടപോലെ 9. കുരുടൻ ആനയെ കണ്ട പോലെ 10. കൂനന്റെ നിഴലും കൂനിയിരിക്കും 11. കൂനിൽ കുരു 12. പൊട്ടനെ ചെട്ടി ചതിച്ചാൽ ചെട്ടിയെ ദൈവം ചതിക്കും 13. പൊട്ടൻ കടിച്ച പശുവിനെപ്പോലെ 14. പൊട്ടന്റെ ചെവിയിൽ കുഴലൂതുക 15. മുടന്തൻ ന്യായം 16. പല്ല് പോയാലേ മോണയുടെ ഗുണമറിയൂ 17. പശുവിന്റെ വാലിൽ തൂങ്ങിയ പൊട്ടനെ പോലെ 18. തട്ടില്ലാത്തവൻ മുട്ടില്ലാത്തവനെ കുറ്റം പറയുക19. തീവെട്ടിക്കാരന് കണ്ണുകണ്ടുകൂടാ. 20. വെളുക്കാൻ തേച്ചത് പാണ്ടായി 21. പശു ഞൊണ്ടിയാണെങ്കിൽ പാലും ഞൊണ്ടിയോ? 22. പട്ടർക്കുണ്ടോ പതയും വിതയും പൊട്ടർക്കുണ്ടോ വാക്കും നോക്കും 23. അഞ്ചുവിരലും ഒരുപോലെയോ? 24. കണ്ണുണ്ടായാൽ പോരാ കാണണം. 25. കണ്ണു കുരുടനെങ്കിലും ഉറക്കത്തിനു കുറവില്ല. 26. കണ്ണു കാണാത്തവനു തങ്കവും താമ്രവും ഒരുപോലെ. 27. കണ്ണു കുരുടനും കിനാവ് കാണും. 28. കണ്ണെത്താത്തിടത്തും കരളെത്തും. 29. പല്ലുപോയ പോക്കുവായനും കൃതാവ്. 30. പൊന്നും കുടത്തിനു പൊട്ടു വേണോ? 31. മന്തു കാലെങ്കിലും കൊലുസ്സു ചേരും. 32. സ്വർണ്ണത്തിനുണ്ടോ നിറക്കുറവ്? 33. ആനച്ചന്തി കാണാത്തവൻ ആനച്ചന്തമെന്തു കണ്ടു? 34. കുയിലിനു സൗന്ദര്യം സ്വരം. 35. കല്ലിലെ കേട് കെട്ടിൽ തീരും കെട്ടിലെ കേട് പൂച്ചിൽ തീരും പൂച്ചിലെ കേട് വെള്ളയിൽ തീരും. 36. മനസ്സുണ്ടെങ്കിൽ വഴിയുമുണ്ട്. 37. മനസ്സൊത്താൽ ഭയം തോല്ക്കും. 38. വിവേകമുള്ളവനെ വിശ്വമറിയും. 39. വണ്ടിക്കാളയ്ക്കു പുല്ലില്ല പിന്നെയാണ് ഞൊണ്ടിക്കാളയ്ക്ക്. 40. വല്ലഭനു പുല്ലുമായുധം. 41. രണ്ടു പെട്ടോൻ പൊട്ടൻ. 42. വെറുങ്കയ്യനേക്കാൾ മെച്ചമല്ലേ അരക്കുന്തം. 43. വന്നോൻ വന്നോൻ കേറിക്കോട്ടെ നമ്മ നിറഞ്ഞോൻ കാത്തോട്ടെ. 44. മുടന്തൻ

വേലി കെട്ടാൻ മൂന്നാൾ താങ്ങാൻ. 45. മുടവനു ഞൊണ്ടി ചണ്ഡ പ്രചണ്ഡൻ 46. മാണിക്കക്കുതിര മണ്ണുതിന്നുന്നു പിന്നെയാണ് ഞൊണ്ടിക്കുതിര പുല്ലു തിന്നാഞ്ഞിട്ട് 47. ഉയരമുണ്ടെന്നു കരുതി വിവരമുണ്ടാകുമോ? 48. മൂക്കണാഞ്ചന്റെ തുമ്മൽ പോലെ 49. ഉണ്ടനും ഉണ്ടിയും.

# ഭിന്നശേഷിപദങ്ങളുടെ സാമൂഹികനിർമ്മിതി

**രേഷ്മ എ.**

**(എംഫിൽ ഭാഷാശാസ്ത്രം, തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ.)**

ഭാഷയും സമൂഹവും തമ്മിൽ അഭേദ്യമായ ബന്ധമാണുള്ളത്. സാമൂഹികമായ എല്ലാ മാറ്റങ്ങളും ഭാഷയിലൂടെ പ്രതിഫലിക്കും. ജാതി, മതം, പ്രായം, ലിംഗം, തൊഴിൽ, അധികാരം, തുടങ്ങി ഭാഷയുമായി ബന്ധപ്പെട്ടുകിടക്കുന്ന സാമൂഹികമായ എല്ലാ ചരങ്ങളും ഭാഷണ വ്യത്യാസത്തിന് ഇടയാക്കും. ഭാഷാപ്രയോഗത്തിൽ വ്യത്യാസം ഉണ്ടാക്കുന്ന സാമൂഹിക അവസ്ഥകളെ സാമൂഹിക ചരങ്ങൾ എന്ന് പറയും. സാമൂഹികാചരങ്ങളുടെ സ്വഭാവമനുസരിച്ച് ഭാഷാപ്രയോഗത്തിൽ ഉണ്ടാവുന്ന വ്യത്യാസങ്ങളെയെല്ലാം പരിശോധിക്കുന്ന മേഖലയാണ് സാമൂഹികഭാഷാശാസ്ത്രം. ഭാഷാഘടനയും സാമൂഹിക മൂല്യങ്ങളുമായി അഭേദ്യമായ ബന്ധം ഉള്ളതുകൊണ്ട് സമൂഹത്തിന്റെ മൂല്യസങ്കൽപ്പമാണ് ഭാഷയുടെ മൂല്യത്തെ രൂപവൽക്കരിക്കുന്നത്. സപീർ വോർഫ് സിദ്ധാന്തം സമൂഹവും ഭാഷയും തമ്മിലുള്ള ബന്ധത്തിന് ഊന്നൽ നൽകുന്നു. ഭാഷാശുദ്ധിയെ സംബന്ധിക്കുന്ന സങ്കൽപ്പങ്ങളും സാമൂഹികമാണ്. ഭാഷയിൽ സമൂഹം കൽപ്പിക്കുന്ന മാന്യതയുടെ ഏറ്റക്കുറച്ചിലുകൾക്ക് കാരണം സമൂഹത്തിന്റെ മൂല്യസങ്കൽപ്പങ്ങളാണ്. ഇത്തരത്തിൽ ഭാഷകന്റെ സാമൂഹികമനോഭാവത്തിന്റെ വെളിപ്പെടുത്തലുകൾ ഭാഷയിലൂടെ പ്രകടമാവാറുണ്ട്.

വർഗ്ഗങ്ങളുടെയോ കൂട്ടായ്മകളുടെയോ ക്രമീകരണത്തോടു കൂടിയ അടരുകൾ ഏതൊരു സമൂഹത്തിലും നിലവിലുണ്ടായിരിക്കും. ഒരു സമൂഹത്തിന്റെ മേൽ-കീഴ് അടിസ്ഥാനത്തിലുള്ള ഈ അടരുകളെ യാണ് സാമൂഹികശ്രേണീകരണം എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. സമ്പത്ത്, അധികാരം, അഭിമാനം എന്നിവ ശ്രേണീകരണത്തിന്റെ അടി സ്ഥാനമാനദണ്ഡങ്ങളാണ്. (ഗിരീഷ് പി.എം. 2001) ഈ ശ്രേണീകരണ സമ്പ്രദായത്തിൽ തങ്ങളെക്കാൾ കരുത്തുകുറഞ്ഞവർ എന്ന് സ്വയം വിശേഷിപ്പിക്കുന്നവരുടെ മേൽ പലതരത്തിലും അധികാരം പ്രകടമാ വാറുണ്ട്. അതിന് മുഖ്യ ഉപാധിയായി സ്വീകരിക്കുന്നത് ഭാഷയാണ്. സമൂഹത്തിലെ മേൽ-കീഴ് വ്യത്യാസങ്ങൾ സംബോധനാരൂപങ്ങളിൽ സ്വാധീനം ചെലുത്താറുണ്ട്. ഇത് ഭിന്നശേഷിയെ കുറിക്കുന്ന പദങ്ങ ളിൽകാണാം. പരിഹാസപദങ്ങളുടെ രൂപീകരണചരിത്രം പരിശോധി ച്ചാൽ ഭിന്നശേഷിയും ഒരു ചരമായി പ്രവർത്തിക്കുന്നത് കാണാം. അതായത് പല പരിഹാസപദങ്ങളും രൂപീകരിച്ചത് ഭിന്നശേഷിയെയും ഭിന്നശേഷിയുള്ളവരെയും അഭിസംബോധന ചെയ്യാൻ ആണ്. ഭിന്ന ശേഷി വിഭാഗത്തിൽപ്പെട്ടവരെ സംബോധന ചെയ്യുന്ന വിവിധ പദ ങ്ങളും അവയുടെ രൂപീകരണത്തിലുള്ള സാമൂഹികമായ ഇടപെടലു കളും ആണ് ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യുന്നത്.

**ഭിന്നശേഷി: ചരിത്രവും പദങ്ങളിലെ സാമൂഹികനിർമ്മിതിയും**

ശാരീരികവും ബുദ്ധിപരവും വൈകാരികവുമായ ഏതെങ്കിലും ന്യൂനതയോ തകരാറോ കാരണം മറ്റ് സമപ്രായക്കാരെപ്പോലെ ദൈനം ദിന പ്രവർത്തനങ്ങൾ നടത്താൻ കഴിയാത്തവരുണ്ട്. ഇവരെ ഭിന്നശേ ഷിക്കാർ എന്നു പറയാം. അതായത് അസ്ഥി/പേശി/നാഡി സംബ ന്ധമായ പ്രശ്നങ്ങളോ തകരാറുകളോ കാരണം ചലനപരമായ പ്രവർ ത്തനങ്ങൾ നിർവഹിക്കാൻ കഴിയാത്തവരെ ശാരീരികഭിന്നശേഷി ഉള്ളവർ (Physically challenged) എന്നുപറയും. ബുദ്ധിവികാസം കുറഞ്ഞവരും (Delayed intellectual development), ബുദ്ധിമാനം (IQ) ശരാശരിയിൽ താഴെയുള്ളവരും ബുദ്ധിപരിമിതിയുള്ളവർ (Intellectually challenged) എന്നറിയപ്പെടുന്നു. വികാരവിചാരങ്ങളെ

നിയന്ത്രിക്കാൻ കഴിയാത്തവരും പെട്ടന്ന് അടിമപ്പെടുന്നവരും വൈകാരികപ്രശ്നവുള്ളവരുടെ (Emotionally disturbed) വിഭാഗത്തിൽപ്പെടുന്നു ഭിന്നശേഷി ഉള്ള ആളുകളെ തങ്ങളെക്കാൾ ശാരീരികവും ബുദ്ധി പരവും മാനസികവുമായി ശക്തി കുറഞ്ഞവരായിട്ടാണ് പൊതുസമൂഹം കാണുന്നത്. ഭിന്നശേഷിക്കാരായ ആളുകളോടുള്ള അവഗണന ആദ്യ കാലത്ത് സർവ്വസാധാരണമായിരുന്നു. അത് അക്കാലത്ത് ഭിന്നശേഷി ക്കാരെ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുന്ന പദങ്ങളിൽ വ്യക്തമായി കാണാൻ കഴിയും. അതുകൊണ്ടുതന്നെ അവരുടെ മേൽ ഭാഷയിലൂടെ അധികാരപ്രയോഗം നടത്താനുള്ള പ്രവണത ആദ്യകാല ഘട്ടങ്ങളിൽ തന്നെ ഉടലെടുത്തിരുന്നു. ഭിന്നശേഷി എന്ന ആശയ ത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഇത് മനസ്സിലാക്കാൻ കഴിയും.

നൂറ്റാണ്ടുകൾക്ക് മുമ്പ് തന്നെ പുരാതനസമൂഹത്തിൽ ഭിന്നശേഷി ക്കാരെ മോശം അവസ്ഥ ഉള്ളവരായും അപശകുനമായുമാണ് കണ്ടിരുന്നത്. അവരെ പരിഹസിക്കാനുള്ള വിനോദ ഉപാധിയായാണ് പരിഗണിച്ചിരുന്നത്. മാനസികമോ ശാരീരികമോ ആയ ഭിന്നശേഷിയു ള്ളവരുടെ ആ അവസ്ഥയ്ക്ക് കാരണം ദൈവകോപം ആണെന്നുള്ള അതിപ്രാചീനമായ സങ്കൽപ്പം ബി.സി. 2500 കാലഘട്ടങ്ങളിൽ ആ സമൂഹത്തിൽ നിലനിന്നിരുന്നു. ഇത് ഹമ്മുറാബി കോഡ് എന്നാണ് അറിയപ്പെട്ടിരുന്നത്. അത്തരക്കാർക്ക് പുരാതനസമുഹത്തിൽ വിലക്കും അശുദ്ധിയും കൽപ്പിച്ചിരുന്നു. എല്ലാ രോഗങ്ങളെയും അവയുടെ രോഗലക്ഷണങ്ങളെ കണക്കിലെടുക്കാതെ തന്നെ ശരീരത്തിലെ ചില അസ്വസ്ഥതകൾ മൂലം ഉണ്ടാവുന്നതാണെന്ന മനോഭാവം പതിനേഴാം നൂറ്റാണ്ടുവരെയും ഈജിപ്ഷ്യൻ സമൂഹത്തിൽ നിലനിന്നിരുന്നു. ഭാരതീയസങ്കൽപ്പത്തിലും സ്ഥിതി വിഭിന്നമല്ല; ഭിന്നശേഷി ഉള്ളവരുടെ അവസ്ഥയ്ക്ക് കാരണം മുജ്ജന്മപാപമാണെന്ന സങ്കൽപ്പമാണ് നിലനിന്നിരുന്നത്.

ഈ മനോഭാവം വൈദ്യശാസ്ത്രത്തിന്റെ മുന്നേറ്റത്തെ മാത്രമല്ല മാനസികവും ശാരീരികവുമായ ഭിന്നശേഷിയെയും അതുമായി ബന്ധപ്പെട്ട കാരണങ്ങളെ മനസ്സിലാക്കുന്നതിനെയും പ്രതികൂലമായി

ബാധിച്ചിരുന്നു. പിന്നീട് പതിനെട്ടാം നൂറ്റാണ്ട് ആയപ്പോഴേക്കും ഭിന്ന ശേഷിയെ അസുഖമായി പരിഗണിച്ചുകൊണ്ട് അവർക്കുവേണ്ട ചികി ത്സാസൗകര്യങ്ങളും മറ്റും നിലവിൽ വന്നു. ഭിന്നശേഷി ഒരു അസു ഖമല്ല അവസ്ഥയാണ് എന്ന ആശയത്തിൽ നിന്നാണ് ഭിന്നശേഷി ഒരു വൈദ്യശാസ്ത്രവിഷയമായി മാത്രമല്ലാതെ സാമൂഹികമായ അവസ്ഥ യായികൂടി പരിഗണിച്ചത്.

UNCRPD (UN Convention on the Rights of Persons with Disabilities), ലോകാരോഗ്യസംഘടന (World Health Organization) എന്നിവയുടെ പുതിയ കാഴ്ചപ്പാടുകൾ അനുസരിച്ച് ഭിന്നശേഷി എന്ന ആശയം ശാരീരികമോ മാനസികമോ ബുദ്ധിപരമോ ആയ ബലഹീന തകൾ മാത്രമല്ല അത്തരം ബലഹീനതകളെ സാമൂഹികമായ ഇടപെട ലുകൾ നടത്താൻ കഴിയാത്ത അവസ്ഥയായിക്കൂടി വിലയിരുത്തുന്നു. വൈദ്യശാസ്ത്രപരമായ ഇടപെടലുകൾ മാത്രമല്ല സാമൂഹികമായി നേരിടുന്ന പ്രതിബന്ധങ്ങൾ കൂടി ഒഴിവാക്കപ്പെടുമ്പോൾ മാത്രമേ വൈകല്യം എന്ന രീതിയിൽ നിന്ന് സാമൂഹികമായി അടുത്തുനിൽ ക്കുന്ന ഭിന്നശേഷി എന്ന ആശയത്തിന് പ്രസക്തിയുള്ളു. വൈദ്യശാ സ്ത്ര കാഴ്ചപ്പാടിൽ ജന്മനാലോ ആർജ്ജിതമോ ആയ കാരണങ്ങ ളെല്ലാം ഭിന്നശേഷിക്ക് കാരണമാവാറുണ്ട്. എന്നാൽ സാമൂഹ്യമാതൃക അനുസരിച്ച് ഒരു വ്യക്തിയുടെ പ്രത്യേകതകളെയും പരിമിതികളെയും സമൂഹത്തിന് ഉൾക്കൊള്ളാൻ കഴിയാതിരിക്കുന്ന ഏത് അവസ്ഥയും ഭിന്നശേഷിക്ക് കാരണമാവുന്നു.

പാശ്ചാത്യസമൂഹത്തിൽ 18-ാം നൂറ്റാണ്ടിൽ ആണ് ഭിന്നശേഷിയെ ഒരു അവസ്ഥയായി കണ്ടത്. ഭിന്നശേഷിയെ മോശം അവസ്ഥയായാണ് അന്നത്തെ സമൂഹം പരിഗണിച്ചത്. Idiot, Stupid, Obtuse, Insane, Imbecile, Foolish, Moron തുടങ്ങിയ പദങ്ങളായിരുന്നു ആ കാലഘട്ട ത്തിൽ ബുദ്ധിപരമായ ഭിന്നശേഷി ഉള്ളവരെ അഭിസംബോധന ചെയ്യാൻ ഉപയോഗിച്ചത്. Idiot എന്ന പദം ബുദ്ധിശൂന്യത എന്ന അർത്ഥ ത്തിലാണ് പ്രയോഗിച്ചിരുന്നത്. ഇതേ അർത്ഥത്തിലാണ് മറ്റു പദങ്ങളും പ്രയോഗിച്ചിരുന്നത്. ബുദ്ധിപരമായ ഭിന്നശേഷിയുള്ള വ്യക്തികളെ

അപമാനിക്കുന്ന തരം പദങ്ങളായിരുന്നു ഇവ. ബുദ്ധിമാനത്തിന്റെ (IQ) അടിസ്ഥാനത്തിലാണ് ഈ പേരുകൾ നിശ്ചയിച്ചിരുന്നത്.

മാനസികവൈകല്യങ്ങൾ എന്ന അർത്ഥത്തിൽ Mental Retardation എന്ന പദമായിരുന്നു തുടർന്ന് ഏറെ കാലം ഉപയോഗിച്ചിരുന്നത്. പിന്നീട് ഈ പദത്തിന്റെ സാമൂഹികമായ ന്യൂനതകൾ പരിഹരിക്കുന്നതിനു വേണ്ടി Special, Challenged എന്നീ പദങ്ങൾ ഉപയോഗിക്കാൻ തുടങ്ങി. Intellectual and Developmental Disability ആയിട്ടാണ് പിന്നീട് ഭിന്നശേഷിയെ കണ്ടത്. Disability എന്ന പദത്തെ Differently Abled എന്നും ഉപയോഗിക്കുന്നു. പഠനഭിന്നശേഷി ഉള്ള കുട്ടികളെ Gifted എന്നാണ് പാശ്ചാത്യസമൂഹം ഇന്ന് വിളിക്കുന്നത്. മാറിവരുന്ന സാമൂഹികമനോഭാവത്തിന്റെ മാറ്റമാണ് പുതുതായി വരുന്ന പദങ്ങളിലൂടെ വെളിപ്പെടുന്നത്.

പാശ്ചാത്യസമൂഹത്തിൽ ഇത്തരം അധികാരമനോഭാവത്തോടെയുള്ള ഭിന്നശേഷിപദങ്ങൾ ആദ്യകാലത്ത് ഔദ്യോഗികമായ ഇടങ്ങളിലും ഉപയോഗിച്ചിരുന്നു എന്നതിന് വ്യക്തമായ തെളിവുകളുണ്ട്. അതിന് ഉദാഹരണം: ബുദ്ധിപരവും മാനസികവും ശാരീരികവുമായ ഭിന്നശേഷിക്കുവേണ്ടി രൂപംകൊണ്ട American Association on Intellectual and Developmental Disabilities (AAIDD) എന്ന സംഘടനയുടെ പേരിൽ കാലാകാലങ്ങളിൽ വന്ന മാറ്റമാണ്. 1876- ലാണ് ഈ സംഘടന രൂപംകൊണ്ടത്. 1876 മുതൽ 2019 വരെയുള്ള കാലഘട്ടങ്ങളിലായി ഈ സംഘടനയുടെ പേര് അഞ്ച് തവണ മാറ്റേണ്ടി വന്നിട്ടുണ്ട്. 1876-ൽ സംഘടന രൂപംകൊണ്ട സമയത്ത് Association of Medical officers of American Institution for Idiotic Feeble minded Persons എന്നായിരുന്നു പേര്. പിന്നീട് 1906 ആയപ്പോഴേക്കും American Association for The Study of The Feeble minded എന്നായി മാറി.1933-ൽ American Association on Mental Deficiency എന്നും 1987-ൽ American Association on Mentaly Retarded എന്നും ആയി മാറി. പിന്നീട് 2007-ൽ ആണ് ഇന്നത്തെ American Association on Intellectual and Developmental Disabilities (AAIDD) എന്ന പേരിലേക്ക് മാറിയത്. ഈ പേരുമാറ്റത്തിന്റെ ചരിത്രം പരിശോധിച്ചാൽ ഓരോ കാലഘട്ടങ്ങളിലും

ഭിന്നശേഷിയെ കുറിക്കുന്ന പദങ്ങളിൽ വന്ന മാറ്റം മനസ്സിലാക്കാം. ഔദ്യോഗികമായ സന്ദർഭങ്ങളിൽ ആണ് ഈ പദങ്ങൾ നിലനിന്നിരുന്നത്. പിന്നീട് സാമൂഹികമായി മനോഭാവങ്ങളിൽ വന്ന മാറ്റമാണ് പദങ്ങളിൽ പ്രതിഫലിക്കുന്നത്. അനൗദ്യോഗികമായ സന്ദർഭങ്ങളിൽ ഇന്നും ഇവ പ്രയോഗിക്കുന്നു.

പാശ്ചാത്യസമൂഹങ്ങളിലെന്ന പോലെ കേരളീയസമൂഹത്തിലും ഭിന്നശേഷിക്കാരെ കുറിക്കുന്ന പദങ്ങളിൽ ഓരോ കാലഘട്ടങ്ങളിലും മാറ്റം വന്നുകൊണ്ടിരിക്കുന്നു. ചില പദങ്ങൾ പരിഹാസപദങ്ങളായും ന്യൂനമായ അർത്ഥത്തിലും ഇന്നും ഉപയോഗിക്കുന്നു. തന്നെക്കാൾ മാനസികവും ശാരീരികവുമായി ശക്തി കുറഞ്ഞവരായാണ് ഭിന്നശേഷിക്കാരെ പൊതുസമൂഹം കാണുന്നത് അത് അവരുടെ മേൽ ഭാഷയിലൂടെയുള്ള അധികാരം സ്ഥാപിക്കുന്നതിന് കാരണമാവുന്നു. മാത്രമല്ല ഇത്തരം പദങ്ങൾ ഭിന്നശേഷി ഇല്ലാത്ത ആളുകളെ കൂടി അഭിസംബോധന ചെയ്യാൻ ഉപയോഗിക്കുമ്പോൾ പലപ്പോഴും പരിഹാസപദങ്ങളുടെ രൂപീകരണത്തിന് കാരണമാവാറുണ്ട്.

ഭിന്നശേഷിയെ കുറിക്കുന്ന പദങ്ങൾ രണ്ട് രീതിയിൽ പ്രയോഗിക്കുന്നു. ഒന്നാമത്തെ രീതി ഔദ്യോഗികമായ സന്ദർഭങ്ങളിൽ മാത്രം പ്രയോഗിക്കുന്നവയാണ്. രണ്ടാമത്തെ രീതിയിൽ അനൗദ്യോഗിക സന്ദർഭങ്ങളിൽ തന്നിൽ താഴ്ന്ന ആളുകൾ എന്ന രീതിയിൽ വിശേഷിപ്പിക്കുവാൻ ഉപയോഗിക്കുന്ന പദങ്ങളാണ്. ഇത്തരത്തിൽ പലതരത്തിലുള്ള ഭിന്നശേഷിയുള്ളവരെ അഭിസംബോധന ചെയ്യാൻ വ്യത്യസ്തപദങ്ങൾ ഉപയോഗിക്കുന്നു. ഭിന്നശേഷിയെയും ഭിന്നശേഷിയുള്ളവരെയും കുറിക്കാൻ ഉപയോഗിക്കുന്ന പദങ്ങൾ പരിശോധിക്കുമ്പോൾ നിഷേധാർത്ഥകമായ പദങ്ങളാണ് കണ്ടെടുക്കാൻ കഴിയുക. മാനസിക വൈകല്യം, മാനസിക വളർച്ചാമുരടിപ്പ്, മാനസിക വളർച്ചാമാന്ദ്യം, വ്യക്തിത്വവൈകല്യം, ബുദ്ധിവൈകല്യം, പഠനപരിമിതി, പഠനവൈകല്യം, അംഗവൈകല്യം, ശാരീരികവൈകല്യം, ശേഷിക്കുറവ് എന്നിങ്ങനെ അവസ്ഥയെ സൂചിപ്പിക്കുന്ന പദങ്ങളും, ബുദ്ധിശൂന്യർ, ബുദ്ധിഹീനർ, അംഗപരിമിതർ, വികലാംഗർ, ബധിരർ, മൂകർ, അന്ധർ, ഊമ, കുള്ളൻ, മന്ദൻ, പൊട്ടൻ, കുരുടൻ, ചെകിടൻ, മന്ദബുദ്ധി, ചട്ടുകാലൻ,

മുടന്തൻ, ഭ്രാന്തൻ, ഞൊണ്ടി തുടങ്ങി ഭിന്നശേഷിയുള്ളവരെ സൂചിപ്പിക്കുന്ന പദങ്ങളും തികച്ചും നിഷേധാർത്ഥകമായ രീതിയിലാണ് ഉപയോഗിക്കുന്നത്.

ഭിന്നശേഷിയില്ലാത്ത ആളുകളെയും ഈ പദങ്ങൾ അഭിസംബോധന ചെയ്യാൻ ഉപയോഗിക്കാറുണ്ട്. ബുദ്ധികുറവുള്ളവർ എന്ന അർത്ഥത്തിലാണ് മന്ദൻ, മന്ദബുദ്ധി, മണ്ടൻ, മടയൻ, അൽപ്പബുദ്ധി, പൊട്ടൻ തുടങ്ങിയ പ്രയോഗങ്ങൾ ഉപയോഗിക്കുന്നത്. കാലിന് പ്രശ്നമുള്ളയാളെ ഞൊണ്ടി, ചട്ടുകാലൻ, മുടന്തൻ, തുടങ്ങിയ പദങ്ങളും വിളിപ്പേരായി ഉപയോഗിക്കുന്നു. കാഴ്ചശക്തിയില്ലാത്ത ഒരു വ്യക്തിയെ കുരുടൻ, കണ്ണ്പൊട്ടൻ, അന്ധൻ എന്നിങ്ങനെ വിളിപ്പേരായി ഉപയോഗിക്കുന്നു. കേൾവിശക്തിയ്ക്ക് പ്രശ്നമുള്ള വ്യക്തിയെ ചെകിടൻ, ചെവിപ്പൊട്ടൻ എന്നിങ്ങനെയും വിളിപ്പേരായി ഉപയോഗിക്കാറുണ്ട്. മാനസികഭിന്നശേഷി ഉള്ള വ്യക്തിയെ ഭ്രാന്തൻ, വട്ടൻ എന്നിങ്ങനെ വിളിക്കുന്നതും പരിഹാസപദമായിട്ടാണ്. പൊട്ടൻ എന്ന പദത്തിന്റെ അർത്ഥം നിരുപയോഗമായത് എന്നാണ്. കണ്ണ്പൊട്ടൻ, ചെവിപ്പൊട്ടൻ എന്നിങ്ങനെ വ്യത്യസ്തഭിന്നശേഷിയുള്ളവരെ വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന പദങ്ങളുടെ കൂടെയും ഉപയോഗിച്ചു കാണാറുണ്ട്.

ഒരു വ്യക്തിയുടെ അവസ്ഥയെ ന്യൂനതയായിക്കണ്ട് അതിനെ ഭാഷയിലൂടെ അധികാരപ്രയോഗം നടത്തുകയാണ് യഥാർത്ഥത്തിൽ ചെയ്യുന്നത്. ഈ ആധിപത്യമനോഭാവം മൂലം ധാരാളം പരിഹാസപദങ്ങൾ സമൂഹത്തിൽ ഭിന്നശേഷിയെ കുറിക്കുന്ന പദങ്ങളായി രൂപം കൊണ്ടിട്ടുണ്ട്. ഇവയെല്ലാം ഔദ്യോഗികമായ സന്ദർഭങ്ങളിൽ പ്രയോഗിക്കാറില്ല. ഔദ്യോഗികമായ സന്ദർഭങ്ങളിൽ പ്രയോഗിച്ചിരുന്ന പദങ്ങളിലും നിഷേധാർത്ഥകമായ രീതിയിലുള്ള പദങ്ങൾ കാണാം. Disabled persons എന്ന പദത്തിനു സമാനമായാണ് വികലാംഗൻ എന്ന പദം ഉപയോഗിച്ചിരുന്നത്. പിന്നീട് അംഗവൈകല്യം എന്നാക്കി മാറ്റി. അവയവങ്ങൾ വികലമായത് എന്നാണ് ഈ പദങ്ങളുടെ അർത്ഥം. വൈകല്യം എന്ന പദത്തിന് വികലമായത് എന്നാണ് അർത്ഥം. ഈ പദത്തിന്റെ സാമൂഹികമായ ന്യൂനത പരിഹരിക്കുന്നതിനുവേണ്ടി പദത്തെ ഒന്നു കൂടി പരിഷ്കരിച്ച് അംഗപരിമിതർ എന്നാക്കി മാറ്റി.

ഇവിടെയും അവയവങ്ങൾക്ക് പരിമിതിയുള്ളവർ എന്ന അർത്ഥം മാറ്റമില്ലാതെ തുടർന്നു. ഈ പദങ്ങളുടെ ന്യൂനതകൾ പരിഹരിക്കുന്നതിന് വേണ്ടി വ്യത്യസ്തമായ ശേഷി ഉള്ളവർ എന്ന അർത്ഥത്തിൽ ഭിന്നശേഷി എന്ന പദമാണ് ഇന്ന് ഉപയോഗിക്കുന്നത്. വിഭിന്നശേഷി എന്ന ഒരു പദവും ഉപയോഗിച്ചു കാണുന്നു.

കേരളീയസന്ദർഭത്തിൽ ഈ മാറ്റങ്ങൾക്ക് ഉദാഹരണമായി പറയാൻ കഴിയുന്നത്. ബസ്സിലും ട്രെയിനിലും ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള സംവരണസീറ്റുകളിൽ എഴുതിയിരിക്കുന്നതാണ്. മുൻപ് വികലാംഗർ, അംഗപരിമിതർ എന്നീ പദങ്ങളായിരുന്നു എഴുതിയിരുന്നത്. ഭിന്നശേഷി എന്ന പദം വരുന്നതിന് മുമ്പ് ഔദ്യോഗികമായ സന്ദർഭങ്ങളിൽ ശാരീരികമായ ഭിന്നശേഷി ഉള്ളവരെ മാത്രമേ പരിഗണിച്ചിരുന്നുള്ളു എന്നും ഈ പദമാറ്റത്തിൽ നിന്ന് മനസ്സിലാക്കാം. അംഗപരിമിതർ, വികലാംഗർ എന്നീ പദങ്ങൾക്ക് ശാരീരികമായ ഭിന്നശേഷിയെ മാത്രമായിരുന്നു ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നത്. മാനസികവും ബുദ്ധിപരവുമായ ഭിന്നശേഷി ഉള്ളവരെ അവിടെ പരിഗണിച്ചിരുന്നില്ല. എന്നാൽ ഭിന്നശേഷി എന്ന പദത്തിന് ശാരീരികവും മാനസികവും ബുദ്ധിപരവുമായ പ്രശ്നങ്ങളെ ഉൾക്കൊള്ളാൻ കഴിയുന്നതുകൊണ്ടാണ് ആ പദം കുറച്ചുകൂടി സ്വീകാര്യമായത്. ഈ മാറ്റം വളരെ ചെറിയ കാലയളവിനുള്ളിൽ വന്നതാണ്.

ഭിന്നശേഷി എന്ന പദത്തിനകത്ത് ഒളിഞ്ഞുകിടക്കുന്ന അർത്ഥതലങ്ങൾ വ്യത്യസ്തമാണ്. യഥാർത്ഥത്തിൽ ഭിന്നശേഷി എന്ന പദം കൊണ്ട് ഉദ്ദേശിക്കുന്നത് വ്യത്യസ്തമായ ശേഷി ഉള്ളവർ എന്നാണ്. എന്നാൽ നിഷേധാർത്ഥകമായാണ് ഈ പദം പ്രയോഗസന്ദർഭത്തിൽ വരുമ്പോൾ ഉപയോഗിക്കുന്നത്. ഇത് സാമൂഹികമായ മനോഭാവത്തിന് മാറ്റം വരാത്തതുകൊണ്ടാണ്. വ്യത്യസ്തമായ ശേഷി ഉള്ളവർ എന്ന അർത്ഥത്തിൽ വരുമ്പോൾ ചിത്രകാരൻ/കാരി, ശില്പി, നർത്തകർ, പാട്ടുകാർ തുടങ്ങി സവിശേഷമായ കഴിവുള്ളവരെയെല്ലാം ഭിന്നശേഷിക്കാർ എന്ന് അഭിസംബോധന ചെയ്യാം. എന്നാൽ പദം പ്രയോഗിക്കുന്നവർ ശാരീരികവും മാനസികവും ബുദ്ധിപരവുമായി ശേഷി കുറഞ്ഞവർ എന്ന മനോഭാവത്തോടു കൂടിയാണ് ഭിന്നശേഷി എന്ന പദം

ഉപയോഗിക്കുന്നത്. ഭിന്നശേഷി എന്ന പദത്തിനു പകരം വ്യതിരിക്ത ശേഷി എന്ന പദം വേണമെങ്കിൽ ഉപയോഗിക്കാമെങ്കിലും മനോഭാവം മാറാതെ പദങ്ങൾ എത്ര തന്നെ മാറിയാലും വിരുദ്ധമായ അർത്ഥത്തിൽ തന്നെയാണ് പ്രയോഗിക്കപ്പെടുക.

ഒരേ തീവ്രതയോടെ അധികാരവും ആശയ ഐക്യവും പ്രതി ഫലിക്കുന്ന ഭാഷാരൂപങ്ങളിൽ വക്താവിന്റെ മനോഭാവത്തിനും സാമൂ ഹികസാഹചര്യത്തിനും അനുസരിച്ചാണ് പദങ്ങളുടെ രൂപീകരണം നടക്കുന്നത്. ഭിന്നശേഷിപദങ്ങളുടെ പരിണാമ ഘട്ടങ്ങളിൽ തുടക്കം മുതൽക്കു തന്നെ അധികാരത്തിന്റെ ഇടപെടൽ കാണാൻ കഴിയും. ഇന്ന് ശാരീരികവും ബുദ്ധിപരവും മാനസികവും ആയ വെല്ലുവിളികൾ നേരിടുന്നവർക്കുവേണ്ടി ഭിന്നശേഷി സംരക്ഷണനിയമങ്ങളും നയ ങ്ങളും ഉണ്ട്. ഇവ ഭിന്നശേഷിക്കാർക്ക് അനുകൂലമായ ഒന്നാണ്. തുല്യത എന്ന ആശയമാണ് ഇവർ മുന്നോട്ട് വെക്കുന്നത്.

ഭിന്നശേഷി സമൂഹത്തെ അഭിസംബോധന ചെയ്യാൻ ഉപയോ ഗിക്കുന്ന ഭാഷയെ പറ്റി ജനങ്ങൾക്ക് സാമാന്യമായ ധാരണ ഉണ്ടായി രിക്കണം. തന്നെക്കാൾ കരുത്തുകുറഞ്ഞവർ എന്ന മനോഭാവം സമൂഹ ത്തിൽ ഉള്ളിടത്തോളം കാലം ഭിന്നശേഷിയെ കുറിക്കുന്ന പദങ്ങൾ എത്ര തന്നെ മാറിയാലും അർത്ഥമാറ്റം സംഭവിക്കുന്നില്ല. മറ്റുള്ളവരെ വേദനിപ്പിക്കുന്ന ഭാഷ നമ്മൾ പ്രയോഗിക്കേണ്ടി വരുന്നത് എന്തുകൊ ണ്ടാണെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. പുതിയ പദങ്ങളെ ഉൾക്കൊ ള്ളുന്നതിന് മുമ്പ് വ്യക്തികളെ ഉൾക്കൊള്ളേണ്ടതുണ്ട്. അവഗണനയോ അനർഹമായ പരിഗണനയോ അല്ല ഭിന്നശേഷി സമൂഹത്തിനു വേണ്ട ത്. അവരുടെ കഴിവും പരിമിതികളും മനസ്സിലാക്കി, കഴിവുകൾ പ്രയോ ജനപ്പെടുത്തി പരിമിതികളെ അതിജീവിക്കുന്നതിനുള്ള ഇടപെടലുക ളാണ് നടത്തേണ്ടത്.

## റഫറൻസ്


1. ഉഷാനമ്പൂതിരിപ്പാട്, 1994, *സാമൂഹിക ഭാഷാവിജ്ഞാനം,* തിരു വനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

2. ഗിരീഷ്. പി.എം. 2001. *അധികാരവും ഭാഷയും,* കോഴിക്കോട്, ഐ ബുക്ക്സ് കേരള.

3. വട്ടപ്പറമ്പിൽ ഗോപിനാഥപ്പിള്ള, സേതുമാധവൻ.പി, (എഡി), 2013, *പ്രയോഗശബ്ദതാരാവലി,* കോട്ടയം, ഡി.സി ബുക്സ്.

4. ശ്രീകണ്ഠേശ്വരം ജി. പത്മനാഭപ്പിള്ള, 35th ed, 2016, *ശബ്ദ താരാവലി,* നാഷണൽ ബുക്ക്സ്റ്റാൾ.

5. *Respectful Disability Language: Here's What's Up!,* 2006, NYLN and KASA

6. https://blog.easterseals.com/12-different-ways-to-say-disabled/

7. http://nda.ie/publications/Attitudes/Appropriates - Terms - to - Use - about - Disablity/

8. https://www.gov.uk/government/publications/inclusive-communication/inclusive - language - words - to - use - and - avoid - when - writing - about - disability

9. https://www.indicatory.in/education - to day - grammar - vocabulary/story/vocabulary - to - refer - to - disabled - people - 354477-2016-11-28

10. https://crippledscholar.com/2017/11/12/euphemisms - for - disability - are - infantalizing/

11. https://www.federalregister.gov/documents/2013/08/01/2013-18552/change - in - terminology - mental - reatardation - to - intellectual - disability

# *മഹാഭാരത*ത്തിലെ ഭിന്നശേഷി കഥാപാത്രങ്ങൾ – ധൃതരാഷ്ട്രർ, ഏകലവ്യൻ, ശകുനി, അഷ്ടാവക്രൻ എന്നിവരെ മുൻനിർത്തി ഒരു പഠനം

**അഖിൽ തങ്കപ്പൻ**

**(ഗവേഷകൻ, സാഹിത്യരചന, മലയാളം സർവകലാശാല)**

മനുഷ്യജീവിതത്തിന്റെ ആദിമാതൃകകൾ എന്ന നിലയ്ക്കാണ് ഇതിഹാസങ്ങളെ വിശേഷിപ്പിക്കുന്നത്. ഭാരതേതിഹാസങ്ങൾ മനുഷ്യമാതൃകകളുടെ പ്രാഗ്‌രൂപങ്ങൾ കൊണ്ട് സമ്പന്നമായവയാണ്. ഉദാത്തനായ രാജാവ് എങ്ങനെയായിരിക്കണം എന്നതിന് മാതൃകയായി വർത്തിക്കാൻ *രാമായണം* ശ്രദ്ധിക്കുമ്പോൾ സമൂഹത്തിലെ ഓരോ മനുഷ്യന്റെയും സൂക്ഷ്മമായ സ്വഭാവ വൈചിത്ര്യത്തിന്റെ ആദിമാതൃകകൾ *മഹാഭാരത*ത്തിൽ ദർശിക്കാം. സത്യസന്ധനായ മനുഷ്യന് ആദിമാതൃകയായി യുധിഷ്ഠിരൻ, ദുർഗ്ഗുണശാലിക്ക് ദുര്യോധനൻ, ആഹാരപ്രിയന് ഭീമസേനൻ, ദാനശീലന് കർണൻ, ഗുരുഭക്തിക്ക് ഏകലവ്യൻ എന്നിങ്ങനെ നിരവധി ഉദാഹരണങ്ങളുണ്ട്. ഇത്തരത്തിൽ പരിശോധിക്കപ്പെടുമ്പോഴാണ് ഭിന്നശേഷിക്കാരായിട്ടുള്ള കഥാപാത്രങ്ങളുടെ ഒരു നിരകൂടി *മഹാഭാരത*ത്തിലുണ്ട് എന്ന വസ്തുത വെളിവാകുന്നത്.

*മഹാഭാരത*ത്തിലുടനീളം പ്രത്യക്ഷപ്പെടുന്ന കഥാപാത്രങ്ങൾ മുതൽ മഹാഭാരതത്തിനു ഊട്ടുറപ്പു നൽകുന്ന അനവധികളായ ഉപകഥ (substories)കളിൽ വരെ ഇക്കൂട്ടത്തിൽ പെടുന്നവരുണ്ട്. മഹാഭാരത കഥയുടെ നിർണ്ണായകമായ മാറ്റങ്ങൾക്കും വഴിത്തിരിവുകൾക്കും (twist) കാരണക്കാരായിത്തീർന്ന കഥാപാത്രങ്ങളിൽ രണ്ടുപേരും (ധൃത രാഷ്ട്രർ, ശകുനി) ഭിന്നശേഷി ഉള്ളവരായിരുന്നു. മനഃപൂർവം കുറവു കൾ അടിച്ചേൽപ്പിക്കപ്പെട്ടവരല്ല മറിച്ച് കുറവുകളെ മുതലെടുത്തും മുതലെടുക്കാനറിയാതെയും ജീവിതത്തെ ഉയർച്ചകളിലേക്കും സ്വയം നാശത്തിലേക്കും നയിച്ചവരാണ് അവർ. കുറവുകളെ കുറവായി അംഗീ കരിച്ചവരും ഭിന്നശേഷി ഓർത്ത് സഹതപിച്ച് കാലം കഴിച്ചവരും കുറവുകളെ ഗൗനിക്കാത്തവരും കുറവുകൾ പോരായ്മ അല്ലെന്ന തിരി ച്ചറിവോടെ പുരോഗതിയിലേക്ക് കുതിച്ചവരും *മഹാഭാരത*ത്തിലുണ്ട്. തങ്ങളുടെ ഭിന്നശേഷികൾ മൂലം നേട്ടങ്ങളിലേക്കും കോട്ടങ്ങളിലേക്കും സഞ്ചരിക്കുന്ന മനുഷ്യരുടെ ആദിമാതൃകകൾ എന്ന നിലയിൽ ധൃത രാഷ്ട്രരെയും ശകുനിയെയും ഏകലവ്യനെയും അഷ്ടാവക്രനെയും അന്വേഷണാത്മകമായി വിലയിരുത്താനുള്ള ശ്രമമാണിത്.

**ധൃതരാഷ്ട്രർ**

വൈകല്യങ്ങളുള്ള/ഭിന്നശേഷിക്കാരനായ മഹാഭാരത കഥാ പാത്രങ്ങളിൽ പ്രഥമമായി ഓർമ വരുന്ന നാമങ്ങളിൽ ഒന്നാണ് ധൃത രാഷ്ട്രർ, ജന്മനാബാധിച്ച അന്ധതയാണ് ധൃതരാഷ്ട്രരുടെ ശാരീരി കമായ ശേഷിക്കുറവ്. ഭർത്താവ് (വിചിത്രവീര്യൻ) മരിച്ച അംബികത്ത മ്പുരാട്ടിക്ക് ഭർത്താവിന്റെ അമ്മ (സത്യവതി)യുടെ ജാരസന്തതിയായ വേദവ്യാസനുമായുണ്ടായ ബന്ധത്തിൽ ജനിച്ച പുത്രനാണ് ധൃത രാഷ്ട്രർ. വിരൂപനും അഴുക്കുപുരണ്ടവനുമായ വേദവ്യാസനുമായി ഉണ്ടായ സമാഗമത്തിൽ അറപ്പും ഭീതിയും സഹിക്കവയ്യാതെ അംബിക കണ്ണടച്ചതിനാലാണ് ധൃതരാഷ്ട്രർ ജാത്യാ അന്ധനായിത്തീർന്നതെന്ന് മഹാഭാരതം പറയുന്നു.

കൗരവ-പാണ്ഡവ വൈരം മുഖ്യപ്രമേയമാക്കുന്ന *മഹാഭാരത* ത്തിലെ ദുര്യോധനൻ ഉൾപ്പെടെയുള്ള കൗരവരുടെ പിതാവാണ്

ധൃതരാഷ്ട്രർ. ജന്മംകൊണ്ട് അന്ധനാണെങ്കിലും മെയ്ക്കരുത്തിൽ അസാമാന്യമായ ശേഷിയുള്ള വ്യക്തിയായിരുന്നു അദ്ദേഹം. പതിനായിരം മത്തഗജങ്ങളുടെ കരുത്തുള്ളവനായിട്ടാണ് ധൃതരാഷ്ട്രരെ മഹാഭാരതം അവതരിപ്പിക്കുന്നത്. എന്നാൽ കണ്ണുകാണുന്നില്ല എന്ന ശാരീരികവൈകല്യത്തിന്റെ വിഷമതകൾ ധൃതരാഷ്ട്രരുടെ മറ്റേതു കഴിവിലും മേലെയായിട്ടാണ് മഹാഭാരതത്തിൽ അവതരിപ്പിക്കപ്പെടുന്നത്. നാഥനില്ലാത്ത രാജ്യത്തിന്റെ ആദ്യ അവകാശം അയാൾക്കു നിഷേധിക്കപ്പെടുന്നതിന് കാരണം അന്ധതയാണ്. കുറവുകളുള്ളവനായിരുന്നിട്ടും തന്നെക്കാൾ ഭേദപ്പെട്ടവനാണെന്ന് ലോകം അംഗീകരിച്ച പാണ്ഡു രാജ്യാധികാരം കൈയേൽക്കുന്നത് ധൃതരാഷ്ട്രർക്ക് നോക്കിനിൽക്കേണ്ടണ്ടിവരുന്നു. അവിടെ നിന്നാരംഭിക്കുന്ന നിസ്സഹായാവസ്ഥയാണിങ്ങോട്ട് ജീവിതാന്ത്യം വരെയും ധൃതരാഷ്ട്രരിൽ കാണാനാവുക.

മഹാഭാരതയുദ്ധത്തിന് വഴിവെച്ചതുപോലും ധൃതരാഷ്ട്രരുടെ അന്ധതയാണ്. അന്ധഭൂപതി, അന്ധൻ, കുരുടൻ തുടങ്ങിയ പര്യായങ്ങൾ ധൃതരാഷ്ട്രരുടെ ഭിന്നശേഷിയിൽ നിന്നുണ്ടായവയാണ്. അന്ധനാകയാൽ തനിക്ക് ഉത്തരവാദിത്തങ്ങൾ ഏൽക്കവയ്യ; എല്ലാത്തിനും മൗനാനുവാദത്തോടെ സഹായി ആയിക്കൊള്ളാം എന്ന നിലപാടാണ് ധൃതരാഷ്ട്രന്റേത്. ജീവിതത്തിലുടനീളം ഉറച്ച തീരുമാനങ്ങളെടുക്കാൻ പര്യാപ്തനായ ഒരാളായിരുന്നിട്ടില്ല; മറ്റുള്ളവർ എടുക്കുന്ന തീരുമാനങ്ങൾക്ക് അനുസരിച്ച് തലയാട്ടുകമാത്രം ചെയ്യുന്ന പാവ. ഏതെങ്കിലും ഒരു ഘട്ടത്തിൽ ഉറപ്പോടെ അദ്ദേഹമൊരു തീരുമാനമെടുത്തിരുന്നെങ്കിൽ മഹാഭാരത്തിന്റെ പര്യാവസാനം ഇങ്ങനെയാകുമായിരുന്നില്ല.

അമിതമായ പുത്രസ്നേഹത്തിലുപരി തന്റെ കുറവിനെ മറയാക്കി നിഷ്പക്ഷനാണെന്നു തോന്നിപ്പിക്കാൻ ധൃതരാഷ്ട്രർ നടത്തിയ ശ്രമങ്ങളാണ് യുദ്ധത്തിലേക്കു വഴിവെച്ചത്. ഒരേസമയം പാണ്ഡവരോട് സ്നേഹമുള്ളവനായും ദുര്യോധനന്റെ ആജ്ഞാനുവർത്തിയായും പ്രവർത്തിക്കാൻ ധൃതരാഷ്ട്രർ ശ്രമിച്ചു. പുത്രസ്നേഹം കലശലായ

പ്പോൾ പാണ്ഡവസ്നേഹത്തെ തിരസ്കരിക്കുകയും പുത്രപക്ഷത്തിന്റെ അന്യായ പ്രവൃത്തികൾക്ക് മൗനാനുവാദം നൽകുകയും സമൂഹത്തിനു മുന്നിൽ പ്രശ്നങ്ങളെല്ലാം പുത്രന്റെ ചുമലിൽ അടിച്ചേൽപ്പിച്ച് അന്ധ തയെ മുതലെടുത്ത് ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്ന നിലപാടെടുക്കുകയും ചെയ്തു.

സ്വന്തമായി ഒരു നിലപാടില്ലാത്തവൻ സ്വന്തം മനസ്സിന്റെ ഇച്ഛ ക്കനുകൂലമായി ആരെന്തു പറഞ്ഞാലും വേദവാക്യമായി അംഗീക രിക്കുകയും തന്റെ പരിമിതികൾ മൂലം ഇത്തരമൊരു നിലപാടേ എടു ക്കാനാവുന്നുള്ളൂ എന്ന് സമൂഹത്തെ തെറ്റിദ്ധരിപ്പിക്കുകയും ചെയ്യും; അതുതന്നെയാണ് ആ കഥാപാത്രം ചെയ്തത്. അന്ധതയെ തന്റെ ഏറ്റവും വലിയ പോരായ്മയായി അയാൾ അംഗീകരിച്ചിരുന്നു. അതിൽ നിന്നും തനിക്ക് മോചനമില്ല എന്ന വസ്തുതയെ പ്രമാണമായെടുത്തു. അതിനെ മറികടക്കാൻ തക്ക ഉപായമായി തനിക്കു കിട്ടിയ കൈക്ക രുത്തിനെ അവഗണിച്ചു. ഉറച്ച നിലപാടുകളെടുക്കാനുള്ള ശേഷിക്കു റവിനെ മറച്ചുവെച്ചു. ഇപ്രകാരം സ്വജീവിതം ദുരന്തത്തിൽ കൊണ്ടു ചെന്നെത്തിച്ചയാളാണ് ധൃതരാഷ്ട്രർ. പരിമിതിയെ നേട്ടത്തിലേക്കുപ യോഗിക്കാതെ സഹതാപതരംഗത്തിലേക്കു വലിച്ചിട്ട് സ്വന്തം ജീവി തത്തെ ബലികൊടുത്ത-എന്നും തന്റെ പരിമിതികളെ സഹാനുഭൂ തിയോടെ മാത്രം ലോകം വീക്ഷിക്കാനായി എന്തും ചെയ്യുന്ന-ആളു കളുടെ ഗണത്തിൽപ്പെടുന്ന ആദിമാതൃകയായി ധൃതരാഷ്ട്രർ വർത്തി ക്കുന്നു.

**ശകുനി**

മഹാഭാരതയുദ്ധം നിരന്തരമായ പ്രേരണകളുടെ (motivation) ഭാഗമായി ഉണ്ടായതാണെങ്കിൽ അതിന് കാരണക്കാരനായ ഒരേയൊരു കഥാപാത്രമാണ് ശകുനി. ധൃതരാഷ്ട്ര പത്നിയായ ഗാന്ധാരിയുടെ സഹോദരനും സുബലന്റെ പുത്രനുമാണയാൾ; കലിയുടെ സഹായി യായ ദ്വാപരന്റെ പുനർജന്മമാണെന്ന് മഹാഭാരതം ആദിപർവത്തിൽ പ്രസ്താവിച്ചു കാണുന്നു. അന്ധനായ ധൃതരാഷ്ട്രർക്ക് കന്യാശുൽക്കം നൽകി ഭീഷ്മർ കണ്ടെത്തിയ ഗാന്ധാരിക്കൊപ്പം ഹസ്തിനപുരത്തെ

ത്തിയ ശകുനി പിന്നീടങ്ങോട്ട് തന്റെ ജീവിതം ജീവിച്ചു തീർത്തത് അവിടെത്തന്നെയാണ്.

കാലുകൾക്കുണ്ടായിരുന്ന മുടന്താണ് ശകുനിയുടെ ശാരീരികമായ പരിമിതി; എങ്കിലും അഷ്ടഹൃദയം പഠിച്ചവനാണ്. ചൂതുകളിയിൽ അക്ഷങ്ങളെ വരച്ചവരയിൽ നിർത്താനും ശിഷ്ടം വരാതെ പെരുപ്പം കളിക്കാനും സമർത്ഥൻ. ഒരു മഹർഷിയുടെ തുടയെല്ലു കൊണ്ടു തീർത്തകരുക്കളാണ് ശകുനി ചൂതുകളിക്കായി കൈവശം സൂക്ഷിച്ചിരുന്നത്. ചൂത്കളിയിലെ സകല അടവുകളും ചതിപ്രയോഗങ്ങളും കള്ളച്ചൂതിന്റെ സൂക്ഷ്മവശങ്ങളും അയാൾ ഹൃദിസ്ഥമാക്കിയിരുന്നു. ഗാന്ധാരിയോട് വൈകാരികമായ അടുപ്പം വെച്ചുപുലർത്താറില്ലായിരുന്നെങ്കിലും ദുര്യോധനനോട് മാതുല ബന്ധത്തിൽക്കവിഞ്ഞ സൗഹൃദം സൂക്ഷിക്കുന്നു. അന്ധനായ ധൃതരാഷ്ടർക്കുവേണ്ടി ബലിയാടായ സ്വന്തം സഹോദരിയുടെ കണ്ണീരിനു കാരണക്കാരനായ ഭീഷ്മരോട് പകവീട്ടുകയും ആ വംശം മുടിപ്പിക്കുകയും ചെയ്യണമെന്ന പ്രതികാര മനോഭാവം ശകുനിക്കുണ്ടായിരുന്നതായി വ്യാഖ്യാനങ്ങളുണ്ട്.

തന്റെ ശാരീരികമായ പരിമിതിയെക്കുറിച്ച് ഒട്ടും ബോധവാനല്ലാത്ത ആളാണ് ശകുനി; അല്ലെങ്കിൽ ആ പരിമിതിയെ കപടമായ തന്റെ കൗശലം കൊണ്ട് മറികടന്ന ഒരാൾ. പാണ്ഡവരുമായുള്ള കൗരവബന്ധം എക്കാലവും വഷളായരീതിയിൽത്തന്നെ നിലനിർത്തിക്കൊണ്ടു പോകുന്നതിനു കാരണക്കാരനായിത്തീർന്നത് ശകുനിയാണ്. തന്റെ പരിമിതിയെപ്പറ്റി ചിന്തിക്കാതെ ബൗദ്ധികമായ നിലവാരത്തിൽ നിന്ന് എന്തു ചെയ്യാനാകുമെന്ന് ചിന്തിച്ചതോടൊപ്പം ശരീരം കൊണ്ടു കൂടി ദുര്യോധനന് ഉതകുന്ന വിധത്തിൽ പ്രവർത്തിക്കാൻ ശകുനിക്കു സാധിച്ചു. യുദ്ധമെന്ന മഹാവിപത്തിലും തന്റെ ശാരീരികമായ കുറവുകളെ മറന്ന് പൊരുതുകയും വീരമൃത്യു വരിക്കുകയും ചെയ്തു.

നേരായ മാർഗ്ഗത്തിലൂടെ സഞ്ചരിക്കാതിരുന്നതാണ് ശകുനിയുടെ പിഴവ്. അതയാളുടെ ജന്മസ്വഭാവമായിത്തന്നെയാണ് വ്യാസൻ ചൂണ്ടിക്കാണിക്കുന്നത്. ശത്രുക്കളിൽ അറപ്പും വെറുപ്പും ഉളവാക്കുന്ന

പ്രകൃതക്കാരൻ. മുടന്തി നടന്ന് എല്ലാ കാര്യങ്ങളും ആലോചനകളും നടത്തുകയും മരുമകനുമായി കള്ളച്ചൂതു കളിച്ച് രാജ്യം നേടിക്കൊടുക്കുകയും നിർബാധം രാജ്യമനുഭവിക്കാൻവേണ്ടിയുള്ള മാർഗ്ഗങ്ങൾ ചർച്ചക്ക് വിധേയമാക്കുകയും ചെയ്ത ശകുനി, തന്റെ ഭിന്നശേഷിയെ ഗുണപരമായോ ദോഷപരമായോ ഉപയോഗപ്പെടുത്താതെ ചിന്തകളിൽമാത്രം വിഷംനിറച്ച തിന്മ നിറഞ്ഞവനായി സ്വയം കുഴികുഴിച്ച് ജീവിതം അവസാനിപ്പിച്ചു. പിടിച്ച പക്ഷത്തോട് ചേർന്നുനിന്ന് അവശതകൾ മറന്നുകൊണ്ട് അന്ത്യം വരെ പൊരുതാൻ കാണിച്ച മനസ്സാണ് ശകുനിയിലും നന്മയുടെ അംശമുണ്ടെന്നുള്ളതിന്റെ ഏകതെളിവായി *മഹാഭാരതം* ചൂണ്ടിക്കാണിക്കുന്നത്.

**ഏകലവ്യൻ**

*മഹാഭാരത*ത്തിൽ മിക്ക വായനക്കാരുടെയും മനസ്സുതൊട്ടുനിൽക്കാൻ ത്രാണിയുള്ള കഥാപാത്രങ്ങളിലൊരാളാണ് ഏകലവ്യൻ. ഇന്നിന്റെ ലോകത്തുനിന്നു നിർമാർജ്ജനം ചെയ്തു പോകാത്ത കൊടിയ ജാതി-മത ചിന്തകളുടെ ആദ്യ രക്തസാക്ഷി. ജന്മനാ ആരോഗ്യവാനായിരുന്ന ഏകലവ്യനെ സംബന്ധിച്ചുണ്ടായ ഏക പ്രശ്നം അവനൊരു കാട്ടാളൻ/ഹീനജാതൻ ആയിരുന്നു എന്നതാണ്. കാട്ടാളരാജനായ ഹിരണ്യധനുസ്സിന്റെ മകനായി ജനിച്ച ഏകലവ്യനിൽ ശാരീരികമായ പരിമിതികൾ സാമൂഹിക ചുറ്റുപാടുകളിൽ നിന്ന് സൃഷ്ടിക്കപ്പെട്ടതാണ്. അത് സൃഷ്ടിച്ചത് സവർണ മേലാളന്മാരാണെന്നതാണ് ഏകലവ്യനെ വേറിട്ടു നിർത്തുന്ന ഘടകം.

കുലത്തിന്റെയും നിറത്തിന്റെയും പേരിൽ അധമനെന്ന് പരിഹസിച്ച ലോകത്തെ തന്റെ മനോബലവും ഇച്ഛാശക്തിയും കൊണ്ട് വെല്ലുവിളിച്ച ഏകലവ്യന് പക്ഷേ തന്റെ കഴിവുകളെ അംഗീകരിക്കാത്ത ലോകത്തിനോട് പൊരുതി വിജയം നേടാൻ സാധിച്ചില്ല; ഉന്നതകുലജാതന്റെ അസൂയക്ക് പാത്രമായി. ശിഷ്യനായി തന്നെ അംഗീകരിക്കാതിരുന്ന ദ്രോണരെ ഗുരുവായംഗീകരിച്ച്, അർജ്ജുനന്റെ പ്രേരണപ്രകാരം ഗുരു ദക്ഷിണയാവശ്യപ്പെട്ട ദ്രോണർക്ക് പെരുവിരൽ മുറിച്ചു നൽകിയാണ് ഏകലവ്യൻ ഭിന്നശേഷിക്കാരനായിത്തീർന്നത്. അചഞ്ച

ലമായ ഗുരുഭക്തിയുടെയും ഇളകാത്ത നിശ്ചയദാർഢ്യത്തിന്റെയും ധീരതയുടെയും പ്രതീകമായിത്തീർന്നെങ്കിലും തന്റെ ഏറ്റവും വലിയ കഴിവിനെത്തന്നെ അപഹരിച്ചുകൊണ്ടാണ് പെരുവിരൽ നഷ്ടമായ തെന്ന് ഏകലവ്യൻ തിരിച്ചറിഞ്ഞു. അസ്ത്രം തൊടുക്കുവാൻ തനിക്കുണ്ടായിരുന്ന ശേഷിയെ മികവുറ്റതാക്കിയിരുന്ന ശരീരത്തിന്റെ പൂർണ്ണതയെയാണ് സ്വയമൊരു ഭിന്നശേഷിക്കാരൻ ആയതിലൂടെ ഏകലവ്യൻ ഇല്ലാതെയാക്കിയത്.

തന്റെ ജീവിതലക്ഷ്യം വലിയൊരു വില്ലാളിയാകണമെന്നതാണെന്ന് ഉറപ്പിച്ചിരുന്ന ഏകലവ്യന് പക്ഷേ താൻതന്നെ സൃഷ്ടിച്ച ശാരീരികപരിമിതിക്കപ്പുറം ആ മോഹത്തെ സാക്ഷാത്കരിക്കാൻ സാധിച്ചില്ല. ഒരർത്ഥത്തിൽ ശാരീരികമായ തന്റെ ശേഷിക്കുറവിൽ മനംമടുത്ത് ജീവിതത്തിൽ നിന്നും നിഷ്ക്രമിച്ചുപോയ വ്യക്തിത്വമാണ് ഏകലവ്യൻ. പെരുവിരൽ നഷ്ടപ്പെട്ടതിൽ നിന്നുണ്ടായ നിരാശയിൽ തന്റെ അസ്ത്രവൈദഗ്ദ്ധ്യത്തിലുണ്ടായിരുന്ന പിഴവുകളും പരിമിതികളും പരിഹരിക്കാനോ മറികടക്കാനോ ഏകലവ്യന് കഴിയാതെ പോയി-ദക്ഷിണ നൽകി സ്വയം അംഗപരിമിതനായതിൽപ്പിന്നെ ഏകലവ്യനെന്തു സംഭവിച്ചുവെന്നതിനെപ്പറ്റി മഹാഭാരതത്തിൽ കാര്യമായ പ്രസ്താവങ്ങളില്ല. ചാതുർവർണ്യം അവസാനിപ്പിക്കുന്നതിനായി ഏകലവ്യൻ പോരാട്ടം തുടർന്നുവെന്നും നിരവധി ശിഷ്യഗണങ്ങളെ സൃഷ്ടിച്ചെന്നും കൃഷ്ണനുമായി നടന്ന ഏറ്റുമുട്ടലിൽ മരണം വരിച്ചുവെന്നും പ്രാദേശികമായ മഹാഭാരതവ്യാഖ്യാനങ്ങളിൽ കാണുന്നുണ്ട്. അപ്രകാരമെങ്കിൽ ശാരീരികമായ പരിമിതികൾ മറികടന്നുകൊണ്ട് പോരാട്ടം തുടർന്ന അനേകരിലെ ആദിമാതൃകയായും മറുപക്ഷം പറഞ്ഞാൽ തനിക്കു സംഭവിച്ച വൈകല്യത്തിൽ മനസ്സുമടുത്ത് ജീവിതത്തിൽ നിന്നും തിരസ്കൃതരാവുന്ന അനേകങ്ങളുടെ ആദിമാതൃകയായും ഏകലവ്യനെ കണക്കാക്കാവുന്നതാണ്.

**അഷ്ടാവക്രൻ**

*മഹാഭാരത*ത്തിൽപ്പെടുന്ന അനേകം ഉപകഥകളിലൊന്നിലെ നായകനായിട്ടാണ് അഷ്ടാവക്രൻ എന്ന കഥാപാത്രം പ്രത്യക്ഷപ്പെടു

ന്നത്. പേരു സൂചിപ്പിക്കുന്നതിൽ നിന്നുതന്നെ അദ്ദേഹത്തിന്റെ ശാരീരികവൈകല്യം പ്രകടമാണ്. അഷ്ടം(എട്ട്) വക്രങ്ങ(വളവുക)ളോട് കൂടിയവൻ എന്നാണ് അഷ്ടാവക്രനെന്ന പേരിനർത്ഥം. *മഹാഭാരതം* വനപർവ്വത്തിലാണ് അഷ്ടാവക്രന്റെ കഥയുള്ളത്.

പേരിനുപിന്നിലെ ഐതിഹ്യം: ഉദ്ദാലകനെന്ന മഹർഷിയുടെ പ്രധാന ശിഷ്യനായ കഹോഡകനും ഉദ്ദാലകപുത്രിയായ സുജാതയ്ക്കും ജനിച്ച പുത്രനാണ് അഷ്ടാവക്രൻ. സുജാത ഗർഭിണിയായിരിക്കേ കഹോഡകൻ ചൊല്ലിയ വേദങ്ങൾ കേട്ടു ഹൃദിസ്ഥമാക്കിയ അഷ്ടാവക്രൻ ഒരിക്കൽ പിതാവിനു വേദംചൊല്ലുന്നത് തെറ്റിയപ്പോൾ തിരുത്തുകയുണ്ടായി. അതിൽ കുപിതനായ പിതാവിന്റെ ശാപം മൂലമാണ് ശരീരത്തിൽ എട്ടുവളവുകളോടുകൂടിയവനായി അഷ്ടാവക്രൻ ജനിച്ചത് എന്നാണ് ഐതിഹ്യം. വളവുകൾ നിമിത്തം നിവർന്നു നിൽക്കുവാനോ നടക്കുവാനോ സാധിക്കാതിരുന്ന അഷ്ടാവക്രൻ അസാമാന്യമായ ജ്ഞാനോൽപ്പാദനം കൊണ്ട് അതിനെയെല്ലാം തരണം ചെയ്യുകയും പ്രയത്നത്തിലൂടെയും പിതൃ അനുഗ്രഹത്തോടെയും ശാരീരികമായ പരിമിതികളെ വരെ ഇല്ലായ്മ ചെയ്യുകയും ചെയ്തു. അഷ്ടാവക്രന്റെ ജനനത്തിനു മുമ്പ് ദാരിദ്ര്യത്തിലമർന്ന കഹോഡകൻ ജനകരാജധാനിയിൽ എത്തുകയും ധനം മോഹിച്ച് വാന്ദീനനെന്ന പണ്ഡിതനുമായി വാഗ്വാദത്തിലേർപ്പെട്ട് പരാജിതനാവുകയും പരാജിതൻ കടലിൽ എറിയപ്പെടുമെന്ന വ്യവസ്ഥ പ്രകാരം ജീവിതം കടലിൽ അവസാനിപ്പിക്കേണ്ടി വരികയും ചെയ്തു. പിതാവിനുണ്ടായ ദുരന്തത്തിനു കാരണക്കാരനായവനെ പരാജയപ്പെടുത്തുമെന്ന് മാതാവിൽ നിന്നും ആ കഥ അറിഞ്ഞകാലത്തുതന്നെ അഷ്ടാവക്രൻ പ്രതിജ്ഞ ചെയ്തു. വേദ-തർക്ക ശാസ്ത്രങ്ങളി ലെല്ലാം അഗാധമായ പാണ്ഡിത്യം നേടിയെടുക്കുകയും നിവർന്ന് നിൽക്കാനോ നടക്കാനോ പോലും കഴിയാത്ത ശാരീരിക പരിമിതികളെ തന്റെ ലക്ഷ്യത്തിലേക്ക് എത്തുന്നതിനു തടസമാകാതെ ശ്രദ്ധിക്കുകയും ജ്ഞാനോൽപ്പാദനം കൊണ്ട് ജീവിതൗന്നത്യങ്ങളിലെത്തിച്ചേരുകയും ചെയ്തു.

മുതിർന്നപ്പോൾ തർക്കശ്ശാസ്ത്രത്തിൽ വാന്ദീനനെ പരാജയപ്പെടുത്തുകയും വ്യവസ്ഥ പ്രകാരം അദ്ദേഹത്തെ കടലിലെറിയിക്കുകയും ചെയ്തു. വാന്ദീനൻ കടലിൽ പതിച്ച മാത്രയിൽ കടലിൽ നിന്നുയർന്നുവന്ന കഹോഡകൻ പുത്രനെ അനുഗ്രഹിച്ച് അവന്റെ എട്ടു വളവുകളും ഇല്ലായ്മ ചെയ്തു. പ്രയത്നത്തിലൂടെയും പിതൃ അനുഗ്രഹത്തിലൂടെയും സ്വന്തം ശാരീരികപരിമിതികളെപ്പോലും മറികടക്കാനാവുമെന്ന് സ്വജീവിതത്തിലൂടെ അഷ്ടാവക്രൻ കാട്ടിത്തന്നു. പരിമിതികളെ മറികടന്ന് ലക്ഷ്യത്തിലേക്കു മുന്നേറണമെന്നും ഭിന്നശേഷി അതിനൊരു തടസ്സമേയല്ലെന്നും തെളിയിച്ച ഹെലൻ കെല്ലറുടെയും ഓസ്കാർ പ്രിട്ടോറിയസിന്റെയുമൊക്കെ ആദിമാതൃകയെന്ന നിലയിൽ അഷ്ടാവക്രനെ കണക്കാക്കാവുന്നതാണ്. ഭിന്നശേഷിയെ കുറവായി കണക്കാക്കാതെ ജീവിതവിജയം വെട്ടിപ്പിടിക്കാമെന്ന് അഷ്ടാവക്രൻ നമ്മളെ ഓർമപ്പെടുത്തുന്നു.

**നിഗമനം**

ഇന്നു കാണുന്ന പല മനുഷ്യാവസ്ഥകളുടെയും ആദിരൂപമെന്ന നിലയ്ക്കുള്ളവയാണ് *മഹാഭാരത*ത്തിലെ ഒട്ടുമിക്ക കഥാപാത്രങ്ങളും. ഓരോ മനുഷ്യനെയും നിർവ്വചിക്കാൻ മഹാഭാരതത്തിലെ ഏതെങ്കിലും ഒരു കഥാപാത്രം പര്യാപ്തമാണ്. ജന്മനാലഭിച്ചതോ അപകടങ്ങളിൽ സംഭവിച്ചതോ ആയ ഭിന്നശേഷി വൈകല്യങ്ങൾ പേറി അനവധി മനുഷ്യർ ഭൂമുഖത്തു ജീവിക്കുന്നുണ്ട്. അവരെ സംബന്ധിച്ച് സ്വീകരിക്കാവുന്നതും ഒഴിവാക്കാവുന്നതുമായ ഉദാത്തമാതൃകകൾ മഹാഭാരതത്തിലുണ്ട്. ജന്മനാ ലഭിച്ച വൈകല്യത്തെ തന്റെ ദൗർബല്യമായി കണക്കാക്കി ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒളിച്ചോടുകയും കാരണമായി വൈകല്യത്തെ പഴിപറയുകയും ചെയ്യുന്ന മനുഷ്യരെയാണ് ധൃതരാഷ്ട്രർ പ്രതിനിധാനം ചെയ്യുന്നത്. ജീവിതപ്രതിസന്ധികളിൽ ഇതികർത്തവ്യതാമൂഢരായി നിലകൊള്ളുവാനേ ഇക്കൂട്ടർക്കു സാധിക്കൂ.

സ്വന്തം വൈകല്യത്തെ മുതലെടുത്ത് നനഞ്ഞിടം കുഴിക്കുക എന്ന ചൊല്ലിനെ അന്വർത്ഥമാക്കുന്നതാണ് ശകുനി എന്ന കഥാപാത്രം.

വൈകല്യങ്ങളെ മാറ്റിവച്ച് ജീവിതലക്ഷ്യം നേടാൻ വളഞ്ഞവഴിയും കുതന്ത്രങ്ങളും മാത്രം പ്രയോഗിക്കുകയും ഹീനമാർഗങ്ങൾ അവലംബിക്കുകയും ചെയ്യുന്ന ഗോവിന്ദച്ചാമിമാരെപ്പോലുള്ളവരുടെ സാദൃശ്യം ശകുനിയിൽ ദർശിക്കാവുന്നതാണ്. ശാരീരികമായി പൊടുന്നനെയുണ്ടാകുന്ന വൈകല്യങ്ങളിൽ തകർന്നുപോവുകയും ജീവിതവിരക്തിയിലേക്ക് നയിക്കപ്പെടുകയും തന്റെ ലോകം ഇവിടെ അവസാനിച്ചു എന്നു കരുതുകയും ചെയ്യുന്ന കൂട്ടരെയാണ് ഏകലവ്യൻ പ്രതിനിധീകരിക്കുന്നത്. പ്രാദേശിക പാഠഭേദങ്ങളിലേതുപോലെ ഏകലവ്യൻ തുടർന്നും സ്വപ്രയത്നം ചെയ്യുന്നുണ്ട് എന്നത് പരിഗണിച്ചാൽ വൈകല്യം തളർത്താത്ത മനസ്സ് മാത്രം മതി ജീവിക്കാൻ എന്നതിന് ഒരു ഉത്തമ ഉദാഹരണമായി മാറുന്നതിനും അദ്ദേഹം പര്യാപ്തനാണ്. ശാരീരികവൈകല്യങ്ങളെ കഠിനപ്രയത്നത്തിലൂടെ മറികടക്കുകയും ജീവിതവിജയത്തിന് ഭിന്നശേഷി ഒരു തടസമല്ലെന്ന് തെളിയിക്കുകയും ചെയ്ത ഒട്ടേറെ മനുഷ്യരുടെ പ്രതീകമാണ് അഷ്ടാവക്രൻ. പരിമിതികളെ ജീവിതംകൊണ്ടു നേരിട്ടാൽ അവയെ നിഷ്പ്രയാസം മറികടക്കാവുന്നതേയുള്ളൂ എന്ന് അഷ്ടാവക്രൻ നമ്മെ ഓർമിപ്പിക്കുന്നു.

ഇതിൽനിന്ന് വ്യക്തമാകുന്നത് ശാരീരികപരിമിതികൾ ഒരു പരിധിവരെ മനുഷ്യ ജീവിതത്തെ ബാധിക്കുന്ന ഘടകമേ അല്ല എന്നുള്ളതാണ്. ആ ഭിന്നശേഷിയെ നമ്മൾ എങ്ങനെ സമീപിക്കുന്നു എന്നതിലാണ് കാര്യം. ഭിന്നശേഷിയെ നിസ്സഹായതയക്ക് വേണ്ടി ഉപയോഗിച്ചാലും കുതന്ത്രങ്ങളിലൂടെയും വളഞ്ഞവഴികളിലൂടെയും സമീപിച്ചാലും പൊടുന്നനെ വരുന്ന പരിമിതികളെ നിനച്ച് നിരാശയിലാണ്ടുപോയാലും ജീവിതത്തിൽ കാത്തിരിക്കുന്നത് ദുരന്തങ്ങൾ മാത്രമാണെന്ന് ധൃതരാഷ്ട്രരും ശകുനിയും ഏകലവ്യനും നമ്മെ ഉദ്ബോധിപ്പിക്കുന്നു. ശാരീരിക വൈകല്യങ്ങളോട് തളരാതെപൊരുതി ജ്ഞാനസമ്പാദനം, ആത്മവിശ്വാസം എന്നിവ കൊണ്ട് പരിമിതികളെ നേട്ടങ്ങളാക്കി മാറ്റാൻ സാധ്യമാണെന്ന് അഷ്ടാവക്രൻ തെളിയിക്കുന്നു.

### ഗ്രന്ഥസൂചി

1. ഇരാവതി കാർവെ, *മഹാഭാരത പഠനങ്ങൾ,* മൈത്രിബുക്സ്, തിരുവനന്തപുരം, 2018

2. ദേവ്ദത്ത് പട്നായിക്, *ജയമഹാഭാരതം,* ഡി.സി ബുക്സ്, കോട്ടയം, 2016

3. മാണി വെട്ടം, *പുരാണിക് എൻസൈക്ളോപീഡിയ,* ഡി.സി ബുക്സ്, കോട്ടയം,

4. വിദ്വാൻ പ്രകാശം.കെ, *വ്യാസഭാരതം മഹാഭാരതകഥ,* ഡി.സി ബുക്സ്, കോട്ടയം, 2016

5. ഹരി.ആർ, *മഹാഭാരതം പറയപ്പെടാത്ത നേരുകൾ,* ബുദ്ധ ബുക്സ്, അങ്കമാലി, 2016

**പ്രബന്ധങ്ങൾ**

6. ഇന്ദിരതങ്കച്ചി, *ഇതിഹാസത്തിന്റെ പുനരാഖ്യാനം നോവലുകളിൽ,* കേരള സർവകലാശാല, 2005

7. സുജയ ജി, *മഹാഭാരത കഥാപാത്രങ്ങൾ മലയാള നോവലുകളിൽ,* കാലിക്കറ്റ് സർവകലാശാല

## English

8. Narayan R.K,*The Epic Retold,* Penguin Books, New Delhi, 1995

# ദൈവശാസ്ത്രത്തിലെ ഭിന്നശേഷിവിനിമയങ്ങൾ

**ലിജു ടി. വർഗീസ്**

**(മലയാളവിഭാഗം അസിസ്റ്റന്റ് പ്രഫസർ, സെന്റ് സ്ററീഫൻസ് കോളേജ് പത്തനാപുരം)**

ദൈവപദവി ചരിത്രപരമായ സംഭവങ്ങളിലൂടെ വെളിപ്പെടുത്തുകയും അവയെ ഭാഷയിലൂടെയോ ഉത്കൃഷ്ടാശയങ്ങൾ അടങ്ങിയ നിവേശിത ഗ്രന്ഥങ്ങളിലൂടെയോ രേഖപ്പെടുത്തുകയും ചെയ്യുന്ന ശാസ്ത്രമാണ് ദൈവശാസ്ത്രം. ക്രിസ്തുമതം വിശ്വസിക്കുന്ന ദൈവശാസ്ത്രഗ്രന്ഥമായ ബൈബിളിലെ ഭിന്നശേഷിയെക്കുറിച്ചുള്ള ആദർശ ചിന്താഗതികളാണ് ഇവിടെ വിനിമയം ചെയ്യപ്പെടുന്നത്. പിതാക്കന്മാരുടെ വാദഗതികൾ പരമ്പരാഗത വിശ്വാസത്തിലും ദൈവശാസ്ത്രത്തിലും അടിയുറച്ചതായിരുന്നു. പഴയതും പുതിയതുമായ നിയമത്തിന്റെ പശ്ചാത്തലത്തിൽ ദൈവശാസ്ത്രത്തിലെ ഭിന്നശേഷി വിനിമയങ്ങളാണ് ഈ പ്രബന്ധം പരിശോധിക്കുന്നത്. പ്രബുദ്ധരെന്നു സ്വയം വിശേഷിപ്പിക്കുന്ന സമൂഹത്തിൽ നിലവിലുള്ള ഭിന്നശേഷി പരിസരങ്ങൾ അവശേഷിപ്പിക്കുന്ന ചോദ്യങ്ങൾ ഇനിയും ബാക്കിനിൽക്കുന്നു.

ഭിന്നശേഷി ഒരു വൈദ്യശാസ്ത്രവിഷയമാണ്. എന്നാൽ ലോകാരോഗ്യസംഘടനയുടെ പുതുക്കിയ കാഴ്ചപ്പാടുകൾ അനുസരിച്ച്,

വൈകല്യമുള്ളവർ എന്ന ആശയത്തെ ശാരീരികമോ, മാനസികമോ, ബുദ്ധിപരമോ, സംവേദനപരമോ ആയ ചിലതരം ബലഹീനതകളി ലേക്ക് ചുരുക്കുന്നില്ല. പകരം ഭിന്നശേഷിയെ, വൈദ്യശാസ്ത്രപരമായ നിർവ്വചനങ്ങളിൽ നിന്ന് സാമൂഹികമായ നിർവ്വചനത്തിലേക്ക് കൊണ്ടു വരുന്നു. അതായത് വൈകല്യത്തിന്റെ പ്രധാന സ്രോതസ്സ് ഒരാളുടെ ബലഹീനതകളല്ല, പകരം, അത്തരം ബലഹീനതകൾ സമൂഹത്തിലെ മറ്റു തലങ്ങളെ ബാധിക്കുന്നത് കാരണം പൂർണ്ണവും ഗുണപരവുമായ സാമൂഹ്യ ഇടപെടലുകൾ നടത്താൻ കഴിയാത്ത അവസ്ഥയാണ്. ഒരു മനുഷ്യസമൂഹം അനുഷ്ഠിക്കുന്ന വിശ്വാസങ്ങളുടെയും ആചാരങ്ങ ളുടെയും അടിസ്ഥാനത്തിലാണ് ഇവിടെ ഭിന്നശേഷിവിനിമയം പരി ശോധിക്കുന്നത്. മുഖ്യധാരാമതങ്ങളിലെ പ്രബല വിഭാഗമായ ക്രിസ്തു മത ദൈവശാസ്ത്രത്തിൽ ഭിന്നശേഷിയെ സംബന്ധിച്ചുള്ള ദൈവിക വിധിന്യായ വിശ്വാസപാരമ്പര്യങ്ങൾ അനവധിയുണ്ട്.

എല്ലാ മതങ്ങളുടെയും അടിസ്ഥാന സാരാംശം ദൈവമാണെ ങ്കിലും ക്രിസ്തുമതം വിശ്വസിക്കുന്ന ദൈവത്തെക്കുറിച്ചാണ് മുഖ്യ മായും ദൈവശാസ്ത്രം പ്രതിപാദിക്കുന്നത്. 'തിയോസ്' (god) എന്ന ഗ്രീക്ക് പദം ലാറ്റിനിലേക്കു പരിഭാഷപ്പെടുത്തിയപ്പോൾ അത് 'തിയോ ളജിയ' (Theologia) എന്നായിമാറി. മലയാളത്തിലേക്കു പരിഭാഷപ്പെടു ത്തിയപ്പോഴാണ് അതിന് ദൈവശാസ്ത്രം എന്ന പേര് ലഭിച്ചത്. ദൈവ ത്തെയും ദൈവഗണത്തെയും സംബന്ധിച്ചുള്ള ആഖ്യാനസംബന്ധി യായ പഠനമായും ദൈവശാസ്ത്രത്തെ വ്യാഖ്യാനിച്ചിട്ടുണ്ട്.

ക്രൈസ്തവരിൽ ദൈവശാസ്ത്രം എന്ന പദം ആദ്യമായി ഉപ യോഗിച്ചുകാണുന്നത് നാലാംനൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഓറിഗെൻ (Origen) എന്ന ചിന്തകന്റെ ലേഖനങ്ങളിലാണ്. കേസറിയായിലെ യൂസേബിയൂസ് (Eusebius of Caesaria) എന്ന ചിന്തകന്റെ ലേഖനങ്ങ ളിൽ ക്രൈസ്തവ ദൈവത്തെക്കുറിച്ചുള്ള പ്രതിപാദനമാണ് ദൈവശാ സ്ത്രം എന്ന് രേഖപ്പെടുത്തി വെച്ചിരിക്കുന്നു. പതിമൂന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന തോമസ് അക്വിനാസ് ദൈവശാസ്ത്രത്തെ 'പരിശുദ്ധ സിദ്ധാന്തം' (Sacred Doctrine) എന്നു വിശേഷിപ്പിച്ചിരിക്കുന്നു. അതി

നുംമുമ്പ് പന്ത്രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പീറ്റർ അബെലാർഡ് എന്ന ചിന്തകൻ ക്രിസ്തുമത വിവരണത്തെ ലാറ്റിൻ ഭാഷയിൽ തിയൊളോജിയ' (Theologia) എന്നു വിശേഷിപ്പിച്ചു. പീറ്റർ അബെലാർഡിന്റെ കാലത്തിനുശേഷമാണ് ദൈവശാസ്ത്രം എന്ന പദം സാഹിത്യത്തിൽ പ്രയോഗിച്ചു തുടങ്ങിയത്. ദൈവശാസ്ത്രം എന്നു പറയുന്നത് വിശുദ്ധവും വിവേചനത്തിന് അതീതവും മനുഷ്യജീവിതസംബന്ധിയും ആയിരിക്കണം. മനുഷ്യജീവിതം ദൈവവുമായി ഏതു വിധത്തിൽ ബന്ധപ്പെടണമെന്ന് ദൈവശാസ്ത്രത്തിലൂടെ നിശ്ചയിക്കപ്പെടുന്നു.

ദൈവശാസ്ത്രവിശ്വാസികൾ അവരുടെ ആചാരവിശ്വാസങ്ങളെ, തങ്ങളുടെ ദേവാലയങ്ങൾ പഠിപ്പിക്കുന്നതനുസരിച്ച്, പ്രകടിപ്പിക്കുക എന്നതാണ് ദൈവശാസ്ത്രപഠനം കൊണ്ട് അർത്ഥമാക്കുന്നത്. ദൈവശാസ്ത്രത്തിന് ഗണിതശാസ്ത്രം, ഊർജതന്ത്രം, രസതന്ത്രം, രാഷ്ട്രമീമാംസ, ചരിത്രം, മനശ്ശാസ്ത്രം, തത്ത്വശാസ്ത്രം തുടങ്ങിയ വിഷയങ്ങൾക്ക് ഉള്ളതുപോലുള്ള മൂല്യമുണ്ടെന്ന് ദൈവശാസ്ത്രജ്ഞർ അഭിപ്രായപ്പെടുന്നു. ദൈവശാസ്ത്രം സർവ്വകലാശാലകളിൽ പാഠ്യവിഷയമാണെന്ന കാര്യവും അത് സംബന്ധിച്ച പ്രസിദ്ധീകരണങ്ങളും ഇതിന് ഉപോദ്ബലകമായി അവർ സമർത്ഥിക്കുന്നു. ക്രിസ്തുമതത്തെ സംബന്ധിച്ചുള്ള വകുപ്പ് തിരിച്ചുള്ള വസ്തുത (Specific object) ഈ വിഷയത്തിലുണ്ട്. തങ്ങൾ വിശ്വസിക്കുന്ന മതപരമായ വസ്തുതകൾ കണ്ടുപിടിക്കാൻ യുക്തിയുക്തമായ അനുമാനങ്ങൾ അവർ ഉപയോഗിക്കുന്നു. ദൈവശാസ്ത്രം രചിക്കുന്നവർ വാസ്തവമായ കാര്യങ്ങൾ മാത്രമേ പ്രതിപാദിക്കാവൂ. ഈ നിലയിൽ നോക്കുമ്പോൾ മറ്റു ശാസ്ത്രവിഷയങ്ങളുമായി ദൈവശാസ്ത്രത്തെ താരതമ്യം ചെയ്യാവുന്നതാണ്. തത്ത്വശാസ്ത്രത്തിന്റെ ഒരു ഭാഗമായി മാത്രം ദൈവശാസ്ത്രത്തെ കാണുന്നത് ശരിയല്ല എന്നാണ് വിദഗ്ദ്ധരുടെ അഭിപ്രായം.

പുരാതനകാലത്തെ ജനഗണങ്ങളുടെ ചരിത്രം പരിശോധിച്ചാൽ അവരുടെ ചിന്തയ്ക്ക് ഏറ്റവും കൂടുതൽ വിഷയീഭവിച്ചിരുന്നത് ഈശ്വരവിശ്വാസമായിരുന്നു. ദൈവത്തെക്കുറിച്ചുള്ള പ്രഭാഷണങ്ങൾക്ക് നിദാനം അനുഭൂതികളാണ്. പുരാതനകാലത്തെ എല്ലാ സാംസ്കാരിക

കേന്ദ്രങ്ങളിലും ഈജിപ്ത്, മെസപ്പൊട്ടേമിയ, ഇന്ത്യ, ചൈന ഉൾപ്പെടെ ദൈവത്തെക്കുറിച്ചുള്ള അനുഭൂതികൾ വളർന്നുവന്നിട്ടുണ്ട്. ദൈവാ രാധനാ മാർഗ്ഗങ്ങളിൽ കൂടുതൽ ആകർഷണീയത വരുത്താൻ ഈ പ്രദേശങ്ങളിലെ ചിന്തകന്മാർ വളരെ മുമ്പുതന്നെ ശ്രമിച്ചിട്ടുണ്ട്. ഈ ചിന്തകളിൽ ദൈവശാസ്ത്രത്തിന്റെ അംശങ്ങൾ കടന്നുകൂടിയിരുന്നു. ഗ്രീക്ക് ചിന്തകരായ പ്ളേറ്റോയുടെയും അരിസ്റ്റോട്ടിലിന്റെയും കാല ത്തിനു മുമ്പുതന്നെ യഹൂദ ചിന്തകരും ദൈവശാസ്ത്രത്തിൽ വലിയ താത്പര്യം കാണിച്ചു. പ്ളേറ്റോ ദൈവശാസ്ത്രത്തെ കവികളെ സംബ ന്ധിച്ചുള്ള പഠനമാണെന്നു സൂചിപ്പിച്ചിരുന്നു.

ദൈവശാസ്ത്രത്തിന് പൂർണ്ണമായ ശാസ്ത്രീയരൂപം നല്കിയത് അരിസ്റ്റോട്ടിൽ ആയിരുന്നു. തനിക്കറിവുള്ള വസ്തുതകളെ ഗണിത ശാസ്ത്രം, പ്രകൃതിശാസ്ത്രം, ദൈവശാസ്ത്രം എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളായി അദ്ദേഹം വേർതിരിച്ചു. ദൈവശാസ്ത്രത്തെ 'ശാസ്ത്ര ങ്ങളുടെ ശാസ്ത്രം' എന്ന് അദ്ദേഹം വിളിച്ചു. ഇതാണ് പില്ക്കാലത്ത് മെറ്റാഫിസിക്സ് (Metaphysics) എന്ന പേരിൽ അറിയപ്പെട്ടത്. യഹൂദ രുടെ ദൈവശാസ്ത്രത്തെയാണ് ക്രൈസ്തവർ പിന്തുടർന്നത്. ക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷമാണ് ക്രൈസ്തവസഭ രൂപംകൊണ്ടത്. ക്രൈസ്തവ ദൈവശാസ്ത്രം വളർന്നത് തർക്കങ്ങളി ലൂടെയും വൈവിധ്യങ്ങളിലൂടെയും ആയിരുന്നു. ഇക്കാലത്തുതന്നെ ദൈവശാസ്ത്രത്തിൽ, കിഴക്ക് ഗ്രീക്ക് ദൈവശാസ്ത്രമെന്നും പടിഞ്ഞാറ് ലാറ്റിൻ ദൈവശാസ്ത്രമെന്നും ഒരു വേർതിരിവുണ്ടായി. എ.ഡി. നാലും അഞ്ചും ശതകങ്ങളിൽ അനേകം വിശുദ്ധ പണ്ഡിതന്മാർ ക്രൈസ്തവ സഭയിൽ ഉണ്ടായിരുന്നു. 'പിതാക്കന്മാർ' (Fathers) എന്നാണ് ഇവർ അറിയപ്പെട്ടിരുന്നത്.

അത്തനേഷ്യസ്, കേസറിയായിലെ ബേസിൽ, നാസിയാൻസി യിലെ ഗ്രിഗറി, ന്യാസയിലെ ഗ്രിഗറി, ക്രിസോസ്തോം, അലക്സാൻ ഡ്രിയയിലെ സിറിൽ തുടങ്ങിയ പിതാക്കന്മാർ പൗരസ്ത്യദേശത്തെ പണ്ഡിതരായിരുന്നു. ഹിലാരി, അംബ്രോസ്, ജെറോം, അഗസ്റ്റീൻ, ലെയോ ഒന്നാമൻ മാർപാപ്പ തുടങ്ങിയ പിതാക്കന്മാർ പശ്ചിമയൂറോ

പ്പിലെ പണ്ഡിതരായിരുന്നു. ക്രിസ്ത്യൻ ഗൂഢാർഥങ്ങളെ കേന്ദ്രീകരിച്ചു കൊണ്ടുള്ള ദൈവവചനങ്ങൾക്ക് യുക്തിയുക്തമായ വിശദീകരണം അവർ നല്കി. ദൈവ വചനങ്ങൾ ക്രോഡീകരിച്ച വേദശാസ്ത്ര ഗ്രന്ഥ മായി *സത്യവേദപുസ്തകം* എന്ന *ബൈബിളിനെ* ക്രിസ്ത്യാനികൾ വിശ്വസിച്ചുവരുന്നു.

ക്രിസ്ത്യാനികളുടെയും യഹൂദരുടെയും വിശുദ്ധഗ്രന്ഥമാണ് *ബൈബിൾ.* ഹീബ്രുവിലുള്ള പഴയനിയമം മാത്രമാണ് യഹൂദർക്ക് *ബൈബിൾ.* പഴയനിയമവും പുതിയനിയമവും ചേർന്നതാണ് ക്രിസ്ത്യാനികളുടെ *ബൈബിൾ.* ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തിന്റെ രേഖയായും ദൈവവചനമായുമൊക്കെയാണ് വിശ്വാസി കൾ ബൈബിളിനെ കരുതിപ്പോരുന്നത്. ക്രിസ്തീയ ബൈബിളിന്റെ പഴയനിയമത്തിൽ ആകെ 39 പുസ്തകങ്ങളുണ്ട്. യേശുവിന്റെ ജനനവും ജീവിതവും മരണവും പുനരുത്ഥാനവും കേന്ദ്രമാക്കിയ 27 പുസ്തക ങ്ങൾ ചേരുന്നതാണ് ക്രിസ്തീയബൈബിളിലെ പുതിയ നിയമം. മിക്കവാറും എല്ലാ ക്രൈസ്തവവിഭാഗങ്ങളും ഈ 66 പുസ്തകങ്ങളും അംഗീകരിക്കുന്നു. ദൈവശാസ്ത്രമർമ്മങ്ങൾ അടങ്ങിയ ബൈബിൾ മനുഷ്യന്റെ ഏത് വീക്ഷണകോണുകളെയും സംതൃപ്തിപ്പെടുത്തുന്നു. ബൈബിളിനെ സാഹിത്യസൃഷ്ടിയായോ ചരിത്രരേഖയായോ സമീപി ക്കുന്നവരുമുണ്ട്.

ഭിന്നശേഷിക്ക് കാരണം ദൈവമാണ് എന്നാണ് പഴയനിയമ ത്തിലെ എഴുത്തുകാരുടെ പൊതുവായ കാഴ്ചപ്പാട്. ക്രിസ്തുമതവു മായി ബന്ധപ്പെട്ട് വൈകല്യത്തെക്കുറിച്ചുള്ള ജീവശാസ്ത്രപരമായ വ്യാഖ്യാനങ്ങൾ ഭിന്നശേഷി സമൂഹങ്ങളെ അടിച്ചമർത്തുന്ന രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ച് പഴയനിയമ പുസ്തകങ്ങളിലെ പാഠങ്ങൾ. ഇവയെല്ലാം സമൂഹത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മത ജീവിതത്തിൽ നിന്നും ഭിന്നശേഷിവർഗ്ഗത്തിന്റെ പാർശ്വ വൽക്കരണത്തെയും ഒഴിവാക്കലിനെയും ശക്തിപ്പെടുത്തുന്നു. വൈ കല്യം പാപത്തിനുള്ള ശിക്ഷയാണെന്നും ആളുകളുടെ അനുസരണ ക്കേടിനുള്ള ദൈവക്രോധത്തിന്റെ പ്രകടനമാണെന്നും പറഞ്ഞു. ഇത്

ഒരു ശാപമായും അവിശ്വാസത്തിന്റെയും അജ്ഞതയുടെയും ഫലമായിട്ടാണ് കാണപ്പെടുന്നതെന്നും പഠിപ്പിക്കാൻ അവർ ശ്രമിച്ചു.

മനുഷ്യരിൽ ദൈവികപ്രതിച്ഛായ അടയാളപ്പെടുത്താൻ തടസ്സമായ വൈകല്യമുള്ളവരെ നേതൃസ്ഥാനങ്ങളിൽ നിന്ന് വിലക്കുകയോ വിശ്വാസത്തിന്റെ അഭാവം മൂലം അവരെ പൊതുസമൂഹത്തിൽ നിന്ന് ഒഴിവാക്കുകയോ ചെയ്തു. ശാരീരിക പൂർണ്ണതയുടെ പഠിപ്പിക്കലാണ് ലേവ്യപുസ്തകത്തിൽ കാണുന്നത്. ഇത് ദൈവശാസ്ത്രത്തിലൂന്നിയ ശുശ്രൂഷയുടെ ആവശ്യകത വ്യക്തമാക്കുന്നു. ഭിന്നശേഷിക്കാരെ സമൂഹത്തിലും അയോഗ്യരായിട്ടാണ് കാണുന്നത്. 2 ശമൂവേൽ (19:24-28)ൽ, ദാവീദ് രാജാവിന്റെ ദാസനായ സിബ, ശാരീരികവൈകല്യമുള്ള മെഫിബോഷെത്തിനെ ദാവീദിനോടൊപ്പം ഒരു യാത്രയിൽ നിന്ന് വിലക്കുന്നു. വൈകല്യം കാരണം രാജാവിനോടൊപ്പം ജീവിക്കാൻ അദ്ദേഹം യോഗ്യനല്ല. മെഫിബോഷെത്തിന് സ്വയം താൻ അയോഗ്യനാണെന്ന് തോന്നുന്നു. മെഫിബോഷെത്ത് പറയുന്നു: എന്റെ കർത്താവായ രാജാവേ, ഞാൻ നിന്റെ ദാസനായ മുടന്തൻ ആകുന്നു. കൂടാതെ, ദാനിയേൽ (1:3-4)ൽ ഭിന്നശേഷിക്കാരെ വിലകെട്ടവരായി കാണുന്നു. രാജകുടുംബത്തിലെ ചില ഇസ്രായേല്യരെയും പ്രഭുക്കന്മാരെയും രാജസേവനത്തിൽ പരിശീലിപ്പിക്കാൻ രാജാവ് തന്റെ കോടതി ഉദ്യോഗസ്ഥരുടെ തലവനായ അഫെനാസിയോട് ആവശ്യപ്പെട്ടു. പുരുഷന്മാർ സുന്ദരൻമാരും ശാരീരിക വൈകല്യമില്ലാത്തവരും ആയിരിക്കണമെന്ന് പ്രത്യേകിച്ച് പറയുന്നു. ഈ കാഴ്ചപ്പാട് മുമ്പത്തെ മുൻവിധിയെ കൂടുതൽ ഉറപ്പിക്കുന്നു.

ഇസ്രായേലിന്റെ അനുസരണക്കേടിന്റെ ശിക്ഷകളിലൊന്ന് ഇനിപ്പറയുന്ന രീതിയിൽ പ്രകടിപ്പിക്കപ്പെടുന്നു. പെട്ടെന്നുള്ള ഭയം, രോഗങ്ങളും പനിയും പാഴാക്കുന്നത് നിങ്ങളുടെ കാഴ്ചയെ നശിപ്പിക്കുകയും നിങ്ങളുടെ ജീവൻ കളയുകയും ചെയ്യും. (ലേവ്യപുസ്തകം 26: 14) ശിംശോൻ തന്റെ കണ്ണിലൂടെ കർത്താവിനോടു പാപം ചെയ്തു: ഞാൻ ഒരു ഫെലിസ്ത്യസ്ത്രീയെ തിംനയിൽ കണ്ടു; ഇപ്പോൾ അവളെ എന്റെ ഭാര്യയായി എനിക്കു കൊണ്ടുവരിക. (ന്യായാധിപന്മാർ 14:2)

അതുകൊണ്ട് അവന്റെ കണ്ണുകളാൽ ശിക്ഷിക്കപ്പെട്ടു: അപ്പോൾ ഫെലിസ്ത്യർ അവനെ പിടിച്ചു കണ്ണ് കുത്തിപൊട്ടിച്ചു (ന്യായാധിപന്മാർ 16:21). മാതാപിതാക്കളോട് അനാദരവ് കാണിക്കുന്ന കണ്ണുകൾ പക്ഷികളാൽ പറിച്ചെടുക്കുമെന്ന് മുന്നറിയിപ്പ് നൽകുന്നു. സദൃശ്യവാക്യങ്ങൾ(30:17). അപ്പനെ പരിഹസിക്കയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകൻകുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും. സൊദോമിലെ ദുഷ്ടന്മാരുടെയും ഇസ്രായേലിന്റെ അനുസരണക്കേടിനെ വൈകല്യവുമായി താരതമ്യപ്പെടുത്തുന്നു. യെശയ്യാവു (43:8)-ൽ ഇസ്രായേൽ മക്കളോട് കണ്ണുള്ളവരെങ്കിലും അന്ധരായവരെയും ചെവിയുള്ളവരെങ്കിലും ബധിരരായവരെയും പുറത്താക്കാൻ ആവശ്യപ്പെടുന്നു. യെശയ്യാവു (42:18–20)-ൽ ഇസ്രായേലിനെ അന്ധരോടും ബധിരരോടും താരതമ്യപ്പെടുത്തുന്നു ആവർത്തനം(28:28). ഭ്രാന്തും അന്ധതയും ചിത്തഭ്രമവും കൊണ്ട് യഹോവ നിന്നെ ബാധിക്കും. (28:29) കുരുടൻ അന്ധതമസ്സിൽ തപ്പിനടക്കുന്നതുപോലെ നീ ഉച്ചസമയത്ത് തപ്പിനടക്കും. നീ പോകുന്നേടത്തെങ്ങും നിനക്കു ഗുണംവരികയില്ല; നീ എപ്പോഴും പീഡിതനും അപഹാരഗതനും ആയിരിക്കും; നിന്നെ രക്ഷിപ്പാൻ ആരുമുണ്ടാകയില്ല.

ഭിന്നശേഷിയെ രൂപകമായിട്ടാണ് ബൈബിളിൽ ഉപയോഗിക്കുന്നത്. വൈകല്യത്തെ ദൈവത്തോടുള്ള അനുസരണക്കേടുമായി ബന്ധിപ്പിക്കുന്ന കാഴ്ചപ്പാടിനെ കൂടുതൽ ശക്തിപ്പെടുത്തുന്നു. കാഴ്ചവൈകല്യത്തെ മനുഷ്യർക്ക് വരുത്തിവയ്ക്കാവുന്ന ഏറ്റവും താഴ്ന്ന അപചയമായി കണക്കാക്കി. ദൈവകല്പന അനുസരിക്കാതിരിക്കുന്നതിനുള്ള ശാപമാണ് അന്ധത എന്ന് ജോഷ്വ, ന്യായാധിപന്മാർ, ശമൂവേൽ, രാജാക്കന്മാർ, യിരെമ്യാവ് എന്നിവരുടെ പുസ്തകങ്ങളിൽ പരാമർശിച്ചിട്ടുണ്ട്. ദൈവമാണ് വൈകല്യത്തിന് കാരണമെന്ന് സ്ഥിരീകരിക്കുകയും ചെയ്യുന്നു. യൊരോബെയാം രാജാവിനെ ബാധിച്ച പെട്ടെന്നുള്ള പക്ഷാഘാതം (1 രാജാക്കന്മാർ 13: 4) ഇത് സാക്ഷ്യപ്പെടുത്തുന്നു. ഇടയനെ ശപിക്കുന്നു. ദൈവത്തിന്റെ ന്യായവിധി കഠിനമാണ്. യൊരോബെയാമിന്റെ ഭുജം പൂർണ്ണമായും ചുരുങ്ങുന്നു.

സെഖര്യാവ് പറയുന്നു: ആട്ടിൻകൂട്ടത്തെ ഉപേക്ഷിക്കുന്ന വിലകെട്ട ഇടയന് അയ്യോ കഷ്ടം! വാൾ അവന്റെ ഭുജത്തെയും വലതുകണ്ണെയും അടിക്കട്ടെ! അവന്റെ ഭുജം പൂർണ്ണമായും വാടിപ്പോകട്ടെ! വലതുകണ്ണ് പൂർണ്ണമായും അന്ധമാകട്ടെ! (സെഖര്യാവു 11: 17) ഉസ്സിയ്യ ഒരു പ്രത്യേക വീട്ടിൽ താമസിക്കുകയും കർത്താവിന്റെ ആലയത്തിൽ നിന്ന് ഭിന്നശേഷിക്കാരനെ ക്ഷേത്രത്തിലേക്ക് അനുവദിക്കാത്തതിനാൽ ഒഴിവാക്കുകയും ചെയ്തു. അവരെ അശുദ്ധമായി കണക്കാക്കി.

വൈകല്യത്തെ ശാപമായി ചിത്രീകരിക്കുന്ന കൂടുതൽ ഉദാഹരണങ്ങൾ സെഫന്യാവു (1:17), സെഖര്യാവു (11:17) എന്നിവയിൽ കാണാം. അവർ അന്ധന്മാരെപ്പോലെ നടക്കും എന്ന് തനിക്കെ തിരെ പാപം ചെയ്തതിനാൽ ജനങ്ങളെ വിഷമിപ്പിക്കുമെന്ന് സെഫന്യാവിൽ ദൈവം വാഗ്ദാനം ചെയ്യുന്നു. ദൈവം തന്റെ ദാസന്റെ ആക്രമണകാരികളെ അന്ധതയില്ലാത്ത മിന്നലുകൾകൊണ്ട് അടിക്കുന്നു (ഉൽപ. 19:11; 2 രാജാക്കന്മാർ 6: 18–20) അല്ലെങ്കിൽ സ്ഥിരമായ അന്ധതയോടെ (സെഖര്യാവ്. 12: 4; സങ്കീ. 69:23 സങ്കീ: 6:7, 69:3) അവർ സമൂഹത്തിനു ബാധ്യതയാകുന്നു. കേൾവിക്കുറവ് ആത്മീയധാർഷ്ട്യത്തെ അല്ലെങ്കിൽ ദൈവവചനം കേൾക്കാനും അനുസരിക്കാനും മനഃപൂർവ്വം വിസമ്മതിക്കുന്നതിനെ പ്രതീകപ്പെടുത്തുന്നു. (യിരെമ്യാവു. 5:21); (എസെക്കിയേൽ 12:2.) ഇസ്രായേലിനെ ചെവിയുള്ള ഒരു ദാസനായി ചിത്രീകരിക്കുന്നു. ഇസ്രായേല്യരുടെ പാപങ്ങൾ അവരുടെ കാതുകളെ ബധിരമാക്കിയതിനാൽ ദൈവവചനം കേൾക്കാൻ വിളിക്കുന്നതായി പ്രവാചകനെ ചിത്രീകരിക്കുന്നു. (യെശയ്യാ 43:8) കണ്ണുണ്ടായിട്ടും കുരുടന്മാരായും ചെവിയുണ്ടായിട്ടും ചെകിടന്മാരായും ഇരിക്കുന്ന ജനത്തെ പുറപ്പെടുവിച്ചു കൊണ്ടുവരുവിൻ. അവർ സേവിക്കുന്ന വിഗ്രഹങ്ങളെപ്പോലെ ബധിരരാണ്. ആവർത്തനം (4:28) കാണ്മാനും കേൾപ്പാനും ഭക്ഷിപ്പാനും മണക്കുവാനും പ്രാപ്തിയില്ലാത്തവരായി മരവും കല്ലും കൊണ്ട് മനുഷ്യരുടെ കൈപ്പണിയായ ദേവന്മാരെ നിങ്ങൾ അവിടെ സേവിക്കും. (സങ്കീ.115: 4–8)

ഭിന്നശേഷിയെക്കുറിച്ചുള്ള, ദൈവശാസ്ത്രപരമായ പഴയനിയമവീക്ഷണങ്ങൾ വിവേചനപരമായ പാരമ്പര്യ സമീപനത്തിലേക്ക്

നയിച്ചിട്ടുണ്ടെങ്കിലും, വൈകല്യ പ്രശ്നങ്ങളിൽ നിന്ന് വിമോചനപരവും സമഗ്രവുമായ സമീപനം സ്വീകരിക്കുന്ന കാഴ്ചപ്പാടുകളും കാണപ്പെടുന്നു. ഇസ്രായേല്യരുടെ മടങ്ങിവരവിനായുള്ളദൈവത്തിന്റെ പദ്ധതിയിൽ ഭിന്നശേഷിസമൂഹത്തെക്കൂടി ഉൾപ്പെടുത്തുന്നത് കാണാം. തന്റെ അടിമകളുടെ ഭൂമി പുനഃസ്ഥാപിക്കപ്പെടുമെന്നും അവർ യെരൂശലേമിലേക്കു മടങ്ങിവരുമെന്നും ദൈവം തന്റെ ജനത്തിന്റെ ശേഷിപ്പായ ബാബിലോണിലെ ഇസ്രായേലിന് ഉറപ്പുനൽകുന്നു. ഇതാ, ഞാൻ അവരെ വടക്കൻ ദേശത്തുനിന്നു കൊണ്ടുവന്ന് ശേഖരിക്കും. ഭൂമിയുടെ അറ്റത്തുനിന്നും അന്ധരും മുടന്തരും (യിരെമ്യാവു 31: 8, 9),(മീഖാ 4: 6–7) ഇസ്രായേൽ ജനതയെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി വ്യക്തമാക്കുന്നു: ആ ദിവസം ഞാൻ മുടന്തന്മാരെ ശേഖരിക്കും, പ്രവാസികളെയും ദുഃഖിതരെയും കൂട്ടിച്ചേർക്കും. ദൈവം സ്ഥാപിക്കുന്ന നിത്യരാജ്യം മറ്റെല്ലാവരെക്കാളും ദുർബലരെയും മുടന്തന്മാരെയും പുറത്താക്കപ്പെട്ടവരെയും പ്രീതിപ്പെടുത്തും. അവർ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ടവരാണ് എന്ന സന്ദേശം ഈ ഭാഗങ്ങൾ നൽകുന്നു. വിമോചിതരായ ഇസ്രായേല്യരുടെ സന്തോഷകരമായ തിരിച്ചുവരവിനെ (യെശയ്യാ 35:5) അന്നു കുരുടന്മാരുടെ കണ്ണു തുറന്നുവരും; ചെകിടന്മാരുടെ ചെവി അടഞ്ഞിരിക്കയുമില്ല. (35:6) അന്നു മുടന്തൻ മാനിനെപ്പോലെ ചാടും; ഊമയുടെ നാവും ഉല്ലസിച്ചു ഘോഷിക്കും; മരുഭൂമിയിൽ വെള്ളവും നിർജ്ജനപ്രദേശത്തു തോടുകളും പൊട്ടി പുറപ്പെടും.

അന്ധരെയും മുടന്തരെയും ഉപേക്ഷിക്കാൻ ദൈവം ആഗ്രഹിച്ചില്ല. അവയെല്ലാം പുനഃസ്ഥാപിക്കണമെന്നാണ് ദൈവം ആഗ്രഹിച്ചത്. അവരെ സഭയിൽ സമന്വയിപ്പിക്കാത്തതിന് അവരുടെ ബലഹീനത ഒരു ഒഴികഴിവായിരിക്കരുത് എന്നും ഇത് സൂചിപ്പിക്കുന്നു. ഇസ്രായേലിന്റെ ശേഷിപ്പിനെ യെരൂശലേമിലേക്ക് പുനഃസ്ഥാപിക്കുന്ന സമയത്ത് ദൈവം അവരെ ബാധ്യതകളായി വിട്ടില്ല. (പുറപ്പാട് 4:11) അതിന്നു യഹോവ അവനോട്: മനുഷ്യനു വായ് കൊടുത്തത് ആർ? അല്ല, ഊമയെയും ചെകിടനെയും കാഴ്ചയുള്ളവനെയും കുരുടനെയും ഉണ്ടാക്കിയതു ആർ? യഹോവയായ ഞാൻ അല്ലയോ? ആകയാൽ നീ

ചെല്ലുക; 4:12) ഞാൻ നിന്റെ വായോടുകൂടെ ഇരുന്നു നീ സംസാരിക്കേണ്ടത് നിനക്കു ഉപദേശിച്ചുതരും എന്നു അരുളിച്ചെയ്തു. (ലേവ്യപുസ്തകം 19:14), (യെശയ്യാവു 35:3–4) ദൈവം പുതിയ മനുഷ്യ സാധ്യതകൾ സൃഷ്ടിക്കുമെന്ന പ്രതീക്ഷ പഴയനിയമത്തിലുണ്ട്. യിരെമ്യാവിൽ 31:31 ഒരു പുതിയ ഉടമ്പടി ഉണ്ടാക്കുകയും ന്യായപ്രമാണം ഹൃദയത്തിൽ ഉൾപ്പെടുത്തുകയും ചെയ്യുമെന്ന് ദൈവം പറയുന്നു അതിശയകരമായ ഈ ഭാഗത്തിൽ, മനുഷ്യന്റെ എല്ലാ കഴിവുകളും വൈകല്യവും ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണെന്നും ദൈവം തന്റെ അനുസരണയുള്ള ദാസന്മാരെ സഹായിക്കുമെന്നും നാം കാണുന്നു. വൈകല്യത്തെക്കുറിച്ചുള്ള ദൈവഹിതം-വിശ്വാസം, സമൂഹം, ഇവയോട് ചേർന്നു പോകുന്നുണ്ട്.

വൈകല്യത്തെ പുണ്യ കഷ്ടപ്പാടായി കാണുന്ന രീതികൾ പാരമ്പര്യ വിശ്വാസങ്ങളാൽ രൂപപ്പെട്ടതാണ്. അത് സഹിക്കുന്നവർക്കു പോലും, ദൈവം അവരെ തിരഞ്ഞെടുത്തതുപോലെയും അവരുടെ വിധി പൂർണമായും അംഗീകരിക്കുന്നതായും തോന്നുന്നു. എന്നിരുന്നാലും, ആരെയെങ്കിലും ക്രമരഹിതമായി അപ്രാപ്തമാക്കാൻ ദൈവം തിരഞ്ഞെടുക്കുന്നില്ലന്ന് ഈ ഭാഗങ്ങൾ വ്യക്തമാക്കുന്നു. പാപം ചെയ്തതിലൂടെ ദൈവം നേരിട്ട് ഒരു വൈകല്യത്താൽ ശിക്ഷിച്ചിട്ടുണ്ടെന്ന് അംഗീകരിക്കുക എന്നതിനർത്ഥം ഒരു പാപിയാകാനുള്ള സ്വീകാര്യതയാണെന്ന് പഴയനിയമ ദൈവശാസ്ത്രം പഠിപ്പിക്കുന്നു. നീതിമാന്മാരെ ശുദ്ധീകരിക്കാൻ സഹിക്കേണ്ടിവരുന്ന കഷ്ടപ്പാടുകളാണ് ഭിന്നശേഷിക്ക് അടിസ്ഥാനമെന്നാണ് അക്കാലത്തെ സമൂഹം മനസ്സിലാക്കി വെച്ചിരിക്കുന്നത്. ദൈവത്തോടുള്ള അനുസരണത്തിനായി ഇത്തരം ഭിന്നശേഷി വിനിമയങ്ങൾ നിഷ്ക്രിയമായി അംഗീകരിക്കാൻ പ്രോത്സാഹിപ്പിക്കുന്ന ഒരു ഉപദേശമാണിത്.

ദൈവശാസ്ത്രത്തിന്റെ പശ്ചാത്തലത്തിൽ ഭിന്നശേഷിക്കാരെ സമുദായങ്ങൾക്കുള്ളിൽ പരിഗണിക്കുന്ന രീതി, അവരുടെ വിശ്വാസങ്ങൾ, വൈകല്യവുമായി ബന്ധപ്പെട്ട സാമൂഹ്യകാര്യങ്ങളിൽ അവരുടെ ഇടപെടലുകൾ എല്ലാം തന്നെ പഴയനിയമപുസ്തകത്തിൽ വ്യക്ത

മായി പറഞ്ഞിട്ടുണ്ട്. ഈ കാരണങ്ങൾ പാപത്തിനുള്ള ശിക്ഷ, അനുസരണക്കേടിനുള്ള ദൈവകോപം, ശാപം, അവിശ്വാസത്തിന്റെയും അജ്ഞതയുടെയും ഫലം എന്നൊക്കെ ദൈവശാസ്ത്രത്തിലൂടെ അടിച്ചമർത്തപ്പെട്ട രീതിയിൽ വ്യാഖ്യാനിക്കപ്പെട്ടു. പഴയനിയമ ദൈവശാസ്ത്രത്തിൽ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, മതജീവിതത്തിൽ ഭിന്നശേഷിക്കാർ പാർശ്വവൽക്കരിക്കപ്പെടുന്നതും ഇത്തരം പ്രശ്നങ്ങളിൽ നിന്ന് വിമോചനപരവും സമഗ്രവുമായ സമീപനം സ്വീകരിക്കുന്നതുമായ കാഴ്ചപ്പാടുകൾ ഇടകലർന്നു കാണപ്പെടുന്നു. പഴയനിയമ ദൈവമായ യെഹോവയിൽ നിന്ന് യേശുവിലേക്കുള്ള ദൂരത്തിൽ ഭിന്നശേഷി യുക്തിപൂർവവും വ്യവസ്ഥാപിതവുമായി വിനിമയം ചെയ്യപ്പെടുന്നു.

പുതിയനിയമ സുവിശേഷ പുസ്തകങ്ങളിൽ യേശു ഭിന്നശേഷിക്കാരെ പൂർണ്ണമായും ഉൾക്കൊള്ളുകയും ഒരു വിപ്ലവകാരിയെ പോലെ അദ്ദേഹം ലോകതാല്പര്യമൂല്യങ്ങളെ തലകീഴായി മാറ്റുകയും സമൂഹം ശപിക്കപ്പെട്ടവരായി കരുതിയവരെ സ്നേഹത്തിലൂടെ ചേർത്ത് നിർത്തുകയും അനുഗ്രഹിക്കുകയും ചെയ്യുന്നു. പുതിയനിയമകാലത്ത് ദൈവശാസ്ത്ര മാർഗ്ഗങ്ങൾ പുതിയ വ്യാഖ്യാനങ്ങൾ തേടുകയുണ്ടായി. പഴയ വിശ്വാസങ്ങളുമായി സഹകരിച്ച് പോകുന്ന പുതിയ നിയമ ദൈവശാസ്ത്രത്തിന്റെ വ്യാഖ്യാനം ശ്രദ്ധേയമാണ്. പാപവും ഭിന്നശേഷിയും തമ്മിലുള്ള ബന്ധത്തെ പുതിയ നിയമം പിന്തുണയ്ക്കുന്നു. (യോഹന്നാൻ 9:1) ഇത് നന്നായി ചിത്രീകരിച്ചിരിക്കുന്നു. അവൻ കടന്നുപോകുമ്പോൾ പിറവിയിലേ കുരുടനായൊരു മനുഷ്യനെ കണ്ടു.(9:2) അവന്റെ ശിഷ്യന്മാർ അവനോട്: റബ്ബീ, ഇവൻ കുരുടനായി പിറക്കത്തക്കവണ്ണം ആർ പാപം ചെയ്തു? ഇവനോ ഇവന്റെ അമ്മയപ്പന്മാരോ എന്നു ചോദിച്ചു. 9:3 അതിന്നു യേശു: അവൻ എങ്കിലും അവന്റെ അമ്മയപ്പന്മാരെങ്കിലും പാപം ചെയ്തിട്ടല്ല, ദൈവപ്രവൃത്തി അവങ്കൽ വെളിവാകേണ്ടതിന്നത്രേ! വൈകല്യവും പാപവും തമ്മിലുള്ള ഒരു ബന്ധം ശിഷ്യന്മാർ പ്രതീക്ഷിച്ചിരുന്നു. എന്നാൽ പാപത്തിന് ശിക്ഷിക്കുന്നതിനുപകരം, ദൈവത്തിന്റെ ഉദ്ദേശ്യങ്ങളുടെ പുതിയ വ്യാഖ്യാനത്തിൽ യേശു വൈകല്യം മനസ്സിലാക്കുന്നു. അതിനാൽ

അവർ രണ്ടാം പ്രാവശ്യം അന്ധനായ മനുഷ്യനെ വിളിച്ചു അവനോട്: ദൈവത്തെ മഹത്വപ്പെടുത്തേണമേ. ഈ മനുഷ്യൻ പാപിയാണെന്ന് നമുക്കറിയാം. (യോഹന്നാൻ 9:24) ഒരു പാപിയെ വൈകല്യത്തിലൂടെ ശിക്ഷിക്കുന്ന പഴയനിയമ വിശ്വാസങ്ങൾ ഇപ്പോഴും ഉപയോഗിക്കുന്നതായി കാണാം. മാത്രമല്ല, വൈകല്യം എങ്ങനെയാണ് ചെയ്ത പാപവുമായി പൊരുത്തപ്പെടുന്നതെന്നും ഈ ഭാഗത്തിലൂടെ വ്യക്തമാണ്.

ബെഥെസ്തയിലെ കുളത്തിനരികിൽ കിടന്ന ശാരീരിക വൈകല്യമുള്ള മനുഷ്യനെ യേശു സുഖപ്പെടുത്തിയപ്പോൾ അവൻ അവനോടു പറഞ്ഞു: (യോഹന്നാൻ 5:14) "നോക്കൂ, നിനക്കു സൗഖ്യമായല്ലോ; അധികം തിന്മയായതു ഭവിക്കാതിരിപ്പാൻ ഇനി പാപം ചെയ്യരുത്." മനുഷ്യന്റെ വൈകല്യവും പാപവും തമ്മിൽ ബന്ധമുണ്ടെന്ന് യേശു കരുതി എന്ന് ഇത് വ്യക്തമായി സൂചിപ്പിക്കുന്നു. (യോഹ.5:3.) അതുപോലെ, തളർവാതരോഗിയെ സുഖപ്പെടുത്തിയപ്പോൾ (മർക്കോ. 2: 1-12) യേശു അവനോടു പറഞ്ഞു: മകനേ, നിന്റെ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു ഈ അഭിപ്രായത്തിന്റെ അർത്ഥം, വൈകല്യം ഭേദമാകുന്നതിന് മുമ്പ് ആദ്യം പാപത്തിൽ നിന്ന് രക്ഷപ്പെടേണ്ടത് ആവശ്യമാണ് എന്നാണ്.

പഴയ വിശ്വാസങ്ങൾ ഇപ്പോഴും സമൂഹത്തിൽ സാധാരണമാണെങ്കിലും, വൈകല്യത്തിനുള്ള മറ്റ് കാരണങ്ങൾ യേശു സ്വീകരിക്കുന്നു. പൊതുവായ ഒരു വിശദീകരണം, ഒരു പിശാച് അല്ലെങ്കിൽ ആത്മാവ് വൈകല്യത്തിന് കാരണമാകുന്നു എന്നതാണ്. ഉദാഹരണത്തിന്, വൈകല്യത്തിന്റെ ഉറവിടവുമായി ബന്ധപ്പെട്ട കാരണങ്ങൾ വ്യക്തമായി ബന്ധപ്പെട്ടിരിക്കുന്ന ചില ഭാഗങ്ങൾ ഇവയാണ്: (മർക്കോസ് 9:17), (മത്തായി 9: 32-33), (മത്തായി 12:22), (ലൂക്കോസ് 11:14) ഭിന്നശേഷിക്ക് പുതിയ വിശദീകരണങ്ങൾ വന്നത് പഴയ മാതൃകയെ തെറ്റായി മനസ്സിലാക്കിയതിനു ശേഷമാണ്. തിന്മയെക്കാൾ നല്ല കുറ്റപ്പെടുത്തൽ, അശുദ്ധാത്മാക്കൾ, ഭൂതങ്ങൾ എന്നിവയാണെന്ന് പുതിയനിയമ ദൈവശാസ്ത്രം മനസ്സിലാക്കി. (ലൂക്കോസ് 7:21) ആ നാഴികയിൽ അവൻ

വ്യാധികളും ദണ്ഡങ്ങളും ദുരാത്മാക്കളും പിടിച്ച പലരെയും സൗഖ്യ മാക്കുകയും പല കുരുടന്മാർക്ക് കാഴ്ച നല്കുകയും ചെയ്തിട്ട് അവ രോട്: (7:22) കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർത്തെഴു ന്നേൽക്കുന്നു; ദരിദ്രന്മാരോടു സുവിശേഷം അറിയിക്കുന്നു എന്നി ങ്ങനെ നിങ്ങൾ കാണുകയും കേൾക്കുകയും ചെയ്യുന്നതു യോഹ ന്നാനെ ചെന്ന് അറിയിപ്പിൻ.

മുകളിലുള്ള ഉദ്ധരണി പല കാരണങ്ങളാൽ തീർച്ചയായും ശ്രദ്ധേയമാണ്: ഒന്നാമതായി, രോഗങ്ങളും ബാധകളും മൂലമുണ്ടാകുന്ന വൈകല്യങ്ങളെ ഇത് ബന്ധപ്പെടുത്തുന്നു, അവ വൈകല്യങ്ങളെ തിന്മയുമായോ നിഗൂഢതകളുമായോ നേരിട്ട് ബന്ധപ്പെടുത്തുന്നില്ല. രണ്ടാമത്തെ കാരണം, വൈകല്യത്തെ പുതിയ വീക്ഷണകോണിൽ സമീപിക്കുന്നു എന്നതാണ്. പഴയ മാതൃകകൾ ഒരു പ്രശ്നത്തിന് ഉത്തരം നൽകുന്നതിൽ പരാജയപ്പെടുന്നതിനാൽ സംസ്കാരം പുതിയ ആചാരങ്ങളിലേക്ക് നിരന്തരം പരിണമിക്കുന്നുവെന്ന് പറയപ്പെടുന്നു. മാതൃകകളും വിശ്വാസങ്ങളും ഇങ്ങനെയാണ് രൂപാന്തരപ്പെടുന്നത്.

പാപവും ഭിന്നശേഷിയും തമ്മിലുള്ള ആശയക്കുഴപ്പം വൈകല്യ ത്തിന്റെ മതപരമായ തലത്തെ സ്ഥിരീകരിക്കുന്നു, ഇത് വൈകല്യത്തെ പാപത്തിന്റെ ഫലമായി ഒരു വ്യക്തിക്കോ കുടുംബത്തിനോ ദൈവം നൽകിയ ശിക്ഷയായി കാണുന്നു. തന്മൂലം, വൈകല്യം വ്യക്തിയെ മാത്രമല്ല മുഴുവൻ കുടുംബത്തെയും കളങ്കപ്പെടുത്തുന്നു. സമൂഹത്തിന്റെ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ആത്മീയ മേഖലകളിൽ നിന്ന് ഭിന്നശേഷിക്കാരെ ഒഴിവാക്കുന്നതാണ് ഇതിന്റെ സൂചന. വിശുദ്ധി പൂർണ്ണതയിലും സ്വാഭാവികതയിലും ശാരീരിക ആവിഷ്കാരം കണ്ടെ ത്തുന്നു എന്ന ആശയം വ്യക്തമായി പുറത്തുവരുന്നു. ശാരീരിക വൈകല്യം ഒരു വ്യക്തിയുടെ പാപത്തിന്റെ വ്യക്തമായ തെളിവാണ്, ദൈവത്തിൽ നിന്നുള്ള ശിക്ഷയുടെ അടയാളവുമാണ്. മറ്റൊരു വിധ ത്തിൽ പറഞ്ഞാൽ, ശരീരത്തിന്റെ പൂർണ്ണത ആത്മാവിന്റെ പൂർണ്ണത യുടെ പ്രതീകമാണ്. എല്ലാ വൈകല്യവും വ്യക്തിപരമായ പാപത്തിന്റെ

നേരിട്ടുള്ള ഫലമാണെന്ന് ഇത് അർത്ഥമാക്കുന്നില്ല (യോഹന്നാൻ 9: 1 3)ൽ യേശു ആ ആശയത്തെ എതിർത്തു. പക്ഷേ, പൊതുവായി പറഞ്ഞാൽ, വൈകല്യങ്ങളുടെ അസ്തിത്വം പാപത്തിന്റെ തലത്തിൽ കണ്ടെത്താൻ കഴിയുമെന്ന് പുതിയനിയമ ദൈവശാസ്ത്രം പഠിപ്പിക്കുന്നു.

വൈകല്യവും പാപവും തമ്മിൽ ബന്ധമില്ലെന്ന ആശയത്തിനും ഉദാഹരണമുണ്ട്. (മത്തായി 18:8) നിന്റെ കൈയോ കാലോ നിനക്കു ഇടർച്ച ആയാൽ അതിനെ വെട്ടി എറിഞ്ഞു കളക; രണ്ടു കയ്യും രണ്ടു കാലും ഉള്ളവനായി നിത്യാഗ്നിയിൽ വീഴുന്നതിനെക്കാൾ അംഗഹീനനായിട്ടോ മുടന്തനായിട്ടോ ജീവനിൽ കടക്കുന്നതു നിനക്കു നന്ന് (18:9). നിന്റെ കണ്ണ് നിനക്കു ഇടർച്ച ആയാൽ അതിനെ ചൂഴ്ന്നെടുത്തു എറിഞ്ഞുകളക; രണ്ടു കണ്ണുള്ളവനായി അഗ്നിനരകത്തിൽ വീഴുന്നതിനെക്കാൾ ഒറ്റക്കണ്ണനായി ജീവനിൽ കടക്കുന്നതു നിനക്കു നന്ന് (18:10). ഈ ചെറിയവരിൽ ഒരുത്തനെ തുച്ഛീകരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ (മർക്കോസ് 9:45-47). മുകളിലുള്ള ഉദ്ധരണികൾ സൂചിപ്പിക്കുന്നത് പാപികളെ ഒരു വൈകല്യത്തോടെ ശിക്ഷിക്കേണ്ടതില്ല എന്നാണ് (മത്തായി 11:4). യേശു അവരോട്: ‘‘കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായിത്തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു. (ലൂക്കോസ് 7:22) ഉദാഹരണങ്ങളിൽ കാണിച്ചിരിക്കുന്നതു പോലെ, സൗഖ്യം പ്രാപിക്കുകയെന്നാൽ വൈകല്യത്താൽ നഷ്ടമായ കഴിവുകൾ വീണ്ടെടുക്കുക എന്നതാണ്. പഴയനിയമ ദൈവശാസ്ത്രത്തിൽ സർവ്വശക്തനായ ദൈവം വൈകല്യം ഉപയോഗിച്ച് പാപികളെ ശിക്ഷിക്കുകയായിരുന്നു. വൈകല്യത്താലുള്ള വൈഷമ്യം ഇല്ലാതാക്കാനുള്ള ഏകമാർഗ്ഗം അത് ദൈവഹിതമെന്നു വിശ്വസിക്കുകയാണ്. വൈകല്യങ്ങൾ ദൈവം അനുവദിക്കുന്നതിനുള്ള മറ്റൊരു കാരണം, നമ്മിൽത്തന്നെ ആശ്രയിക്കുന്നതിലുപരി സൗഖ്യമാക്കുവാനുള്ള ശക്തി ദൈവത്തിന്റേതാണ് എന്നും അവനിൽ ആശ്രയിക്കാൻ നാം പഠിക്കണം എന്നുമാണ്.

ഒരർത്ഥത്തിൽ, യേശു ഈ ലോകത്തിലേക്ക് വന്നപ്പോൾ, ഭൂമിയിലെ പാപികളുടെ ഇടയിൽ ജീവിക്കാനായി സ്വർഗ്ഗത്തിന്റെ പൂർണ്ണത ഉപേക്ഷിച്ചതിനാൽ അവൻ സ്വയം വൈകല്യം ഉള്ളവനായിരുന്നു. മഹത്വമുള്ള മനുഷ്യത്വത്തിൽ സ്വയം പൊതിയാൻ അവൻ തന്റെ മഹത്വം മാറ്റിവച്ചു. അവതാരത്തിൽ, യേശു മനുഷ്യമാംസത്തെ അതിന്റെ എല്ലാ ദുർബലതയിലും ഏറ്റെടുത്തു (ഫിലിപ്പിയർ 2:7) വിചാരിക്കാതെ ദാസരൂപം എടുത്തു മനുഷ്യസാദൃശ്യത്തിലായി (2:8) തന്നെത്താൻ ഒഴിച്ചു വേഷത്തിൽ മനുഷ്യനായി വിളങ്ങി. തന്നെത്താൻ താഴ്ത്തി മരണത്തോളം കുരിശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു. (എബ്രായർ 4:15) നമുക്കുള്ള മഹാപുരോഹിതൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിപ്പാൻ കഴിയാത്തവനല്ല; പാപം ഒഴികെ സർവ്വത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രേ നമുക്കുള്ളത്. മനുഷ്യന്റെ  ബലഹീനത മനസ്സിലാക്കുകയും അവരുടെ ഭിന്നശേഷിയുമായി  ബന്ധപ്പെടുകയും ആ വേദനയെ തിരിച്ചറിയുകയും ചെയ്യുന്ന ഒരു ദൈവത്തെയാണ് പുതിയനിയമ ദൈവശാസ്ത്രത്തിൽ  അവതരിപ്പിച്ചിരിക്കുന്നത്.

വൈകല്യങ്ങൾ താൽക്കാലികമാണെന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു. ഈ അവസ്ഥകൾ ഈ ലോകത്തിന്റെ ഭാഗമാണ്, വരാനിരിക്കുന്ന ലോകത്തിന്റേതല്ല. വരാനിരിക്കുന്ന ലോകമാണ് ശാശ്വതം; ഇത് താൽക്കാലികം. ക്രിസ്തുവിലുള്ള വിശ്വാസത്താൽ എല്ലാവരും ദൈവമക്കൾ ആകുന്നുവെന്നും, എല്ലാവർക്കും വേണ്ടിയാണ് ഈ ഭൂമിയിൽ അവതരിച്ചതെന്നും പുതിയനിയമം പഠിപ്പിക്കുന്നു. യേശു ഭിന്നശേഷിക്കാരെ പൂർണ്ണമായും ഉൾക്കൊള്ളുന്നു. വിപ്ലവകരമായ ആശയങ്ങളിലൂടെ-സമൂഹം ഒഴിവാക്കിയവരിലൂടെ അവരിലൊരാളാവുകയായിരുന്നു ക്രിസ്തു. പകർച്ചവ്യാധികൾ ഉള്ളവർ (മർക്കോസ് 1: 40-42), വികലാംഗർ, വ്യഭിചാരിണികൾ (യോഹന്നാൻ 8: 1-11),  സാമൂഹികമായി പുറത്താക്കപ്പെട്ടവർ (മർക്കോസ് 2:14), പരദേശികൾ (മത്തായി 8: 5-13),  മുഖ്യധാരയിനിന്ന് അകറ്റി നിർത്തപ്പെട്ട സ്ത്രീകൾ (ലൂക്കോസ് 10:39) എന്നിവരിലൂടെ ലോകമൂല്യങ്ങളെ തലകീഴായി മാറ്റുകയും സമൂഹം ശപിക്കപ്പെട്ടവരായി കരുതിയവരെ ചേർത്ത് നിർ

ത്തുകയും ചെയ്തു. ക്രിസ്തുവിന്റെ അഗാധമായ ഭിന്നശേഷി വിനിമയങ്ങൾക്ക് ഈ പുതിയനിയമ ഭാഗങ്ങൾ തെളിവാണ്. യോഹന്നാൻ (9: 2-7, 2), കൊരിന്ത്യർ (12: 9), യോഹന്നാൻ (9: 1-3), റോമർ (5: 3-5), ലൂക്കോസ് (14:12-14), മർക്കോസ് (1: 40-45), ലൂക്കോസ് (14:12-13), ഗലാത്യർ (6:2), റോമർ(8:28), മത്തായി (8:5-13), ലൂക്കോസ്(14:13-14), മത്തായി (15:31), ഫിലിപ്പിയർ (2: 3-4), മാർക്ക്(2:1-12), മത്തായി (25:40), മത്തായി (18:4-5,1), കൊരിന്ത്യർ (12:18-26), മത്തായി (26:47-54), ഫിലിപ്പിയർ (2:3-8), റോമർ (12:3-8), മത്തായി (10: 40-42), എഫെസ്യർ (4:15-16), റോമർ(13:7).

നാൻസി എൽ. ഐസ്‌ലാന്റിന്റെ *ദി ഡിസേബിൾഡ് ഗോഡ്* എന്ന പുസ്തകത്തിൽ സഭയിലും സമൂഹത്തിലും വൈകല്യമുള്ളവരുടെ മറഞ്ഞിരിക്കുന്ന ചരിത്രം എടുത്തുകാണിക്കുന്നു. വികലാംഗനായ ദൈവത്തിന്റെ വിമോചനസാന്നിധ്യം പ്രഖ്യാപിച്ചുകൊണ്ട്, ക്രൈസ്റ്റോളജിയും സാമൂഹികമാറ്റവും തമ്മിലുള്ള ബന്ധത്തിന്റെ സുപ്രധാന പ്രാധാന്യം രചയിതാവ് ചൂണ്ടിക്കാണിക്കുന്നു. സമ്പൂർണ്ണതയുടെ പുതിയ ഭാവനകളിലൂടെയും നീതിയുടെ പുതിയ രൂപങ്ങളിലൂടെയും ക്രിസ്ത്യാനികൾ വികലാംഗനായ ദൈവത്തെ കണ്ടുമുട്ടാം എന്ന് ഐസ്‌ലാന്റ് വിവരിക്കുന്നു. മനുഷ്യാവകാശ പ്രത്യയശാസ്ത്രങ്ങളുമായി സഹകരിക്കുന്ന ഒരു ഭിന്നശേഷി വിമോചനദൈവശാസ്ത്രത്തെക്കുറിച്ച് ദൈവശാസ്ത്രവൃത്തങ്ങളിൽ ചർച്ചകൾ നടക്കുന്നുണ്ട്. ഒരാളുടെ വംശം, മതം, ബലഹീനത എന്നിവ കണക്കിലെടുക്കാതെ ഓരോ വ്യക്തിയുടെയും അന്തർലീനമായ അന്തസ്സ് തിരിച്ചറിയാൻ പ്രോത്സാഹിപ്പിക്കുന്ന ഈ ദൈവശാസ്ത്രം ഭിന്നശേഷിക്കെതിരായ വിവേചനത്തെ വിമർശിക്കുകയും സാമൂഹിക ഉൾക്കൊള്ളലിന്റെ നവരൂപങ്ങൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുന്നു. വികലാംഗനായ ദൈവം ക്രിസ്തുമതത്തിന്റെ മറഞ്ഞിരിക്കുന്ന ചരിത്രത്തിന്റെ ഭാഗമാണ്, കാരണം ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിനെ കൈകളും കാലുകളും വശങ്ങളും അഗാധമായി മുറിവേറ്റ ശാരീരികവൈകല്യത്തിന്റെ അടയാളങ്ങൾ വഹിക്കുന്ന ഒരു ദൈവമായി അംഗീകരിക്കുന്നു. യേശു വികലാംഗനായ ദൈവത്തെ വെളിപ്പെടുത്തുകയും വൈകല്യത്തിന്റെ

അനുഭവങ്ങളുമായി ദൈവികത (അതുപോലെ മാനവികത) പൂർണ്ണ മായും പൊരുത്തപ്പെടുന്നുവെന്ന് കാണിക്കുകയും ചെയ്യുന്നു. തകർ ന്നതും വൈകല്യം ഉള്ളതുമായ ശരീരത്തിലൂടെ ദൈവത്തെ കാണു ന്നത് ക്രിസ്തുദൗത്യത്തിന്റെ ഭാഗമായി കാണണം.

ഭിന്നശേഷിയെക്കുറിച്ചുള്ള വിമോചന ദൈവശാസ്ത്രം നീതി യുടെയും സമഭാവനയുടെയും ശാസ്ത്രമാണ്. വൈകല്യ ദൈവ ശാസ്ത്രം എന്നൊരു പഠനമേഖല നവഭിന്നശേഷി വിനിമയങ്ങൾക്ക് പ്രതീക്ഷയാണ്. പ്രായോഗികദൈവശാസ്ത്ര അന്വേഷണത്തിന്റെ പൊതുവായ ധാർമ്മികതയുമായി യോജിക്കുന്ന ഭിന്നശേഷിക്കാരായ മനുഷ്യരെക്കുറിച്ചുള്ള പഠനമാണ് വൈകല്യദൈവശാസ്ത്രം. ദൈവ ത്തെയും മനുഷ്യരാശിയെയും സവിശേഷം മനസ്സിലാക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുക എന്നതാണതിന്റെ ധർമ്മം. ഭിന്നശേഷി ക്കാരായ ആളുകളുടെ ചരിത്രപരവും സമകാലികവുമായ അനുഭവ ങ്ങളുടെ പശ്ചാത്തലത്തിൽ വൈവിധ്യമാർന്ന കാഴ്ചപ്പാടുകളെയും രീതികളെയും ഈ ദൈവശാസ്ത്രത്തിൽ പരാമർശിക്കുന്നു. വൈകല്യ ദൈവശാസ്ത്രം ദൈവശാസ്ത്രപരമായ പുനർനിർമ്മാണത്തിൽനിന്ന് ഉരുത്തിരിയുന്ന സന്ദർഭോചിത ഭിന്നശേഷിവിനിമയങ്ങളാണ്. മറ്റുള്ള വർക്ക് മനുഷ്യവൈകല്യം രൂപപ്പെടുത്തുന്നതിനുള്ള ഒരു മാർഗ്ഗമാണ് ചരിത്രസിദ്ധാന്തത്തിന്റെ അതിരുകൾക്കുള്ളിലെ ഈ ദൈവശാസ്ത്രം.

വൈകല്യം എന്ന വാക്കു തന്നെ വിപരീതാർത്ഥത്തിലുള്ളതാണ്. എങ്കിലും വൈകല്യമുള്ള ആളുകൾക്കുള്ള അംഗീകാരത്തോടെയാണ് വൈകല്യദൈവശാസ്ത്രം ആരംഭിക്കുന്നത്. അത് മതപാരമ്പര്യങ്ങളി ലൂടെ വൈകല്യത്തിന്റെ (അല്ലെങ്കിൽ ഇടപഴകുന്നതിൽ പരാജയപ്പെട്ട) വഴികൾ പര്യവേക്ഷണം ചെയ്യുന്നു, മാത്രമല്ല ഭാവിയിൽ സമഗ്രമായ ദൈവശാസ്ത്ര പ്രവർത്തനങ്ങൾക്ക് സൃഷ്ടിപരമായ സാധ്യതകൾ വാഗ്ദാനം ചെയ്യുന്നു. ഭിന്നശേഷി മതപരമായ ധാരണകളോടും ആചാ രങ്ങളോടും എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നുവെന്ന് ഈ ദൈവശാസ്ത്രം പഠിപ്പിക്കുന്നു. വൈകല്യാനുഭവത്തിന്റെ (വൈജ്ഞാനിക വൈകല്യ ങ്ങളും ഓട്ടിസവും ഉൾപ്പെടെ) വൈവിധ്യത്തെ കൂടുതൽ വിശാലമായി

മനസ്സിലാക്കുന്നതിന് വികലാംഗനായ ദൈവത്തിന്റെ ചിത്രം മാത്രം മതി.

തത്ത്വചിന്താപരമായ തലത്തിൽ മതപരമായ ആചാരങ്ങളായ പ്രസംഗം, മത വിദ്യാഭ്യാസം, ബൈബിൾ വ്യാഖ്യാനം എന്നിവയുമായി ബന്ധപ്പെട്ട് വൈകല്യ ദൈവശാസ്ത്രത്തിനുള്ള ഭാവി പുതിയ സാധ്യതകളാൽ തുറന്നിടപ്പെട്ടിരിക്കുന്നു. സമകാലിക ദൈവശാസ്ത്രത്തിലെ ഏറ്റവും പ്രധാനപ്പെട്ട മാറ്റങ്ങളിലൊന്ന് സ്വത്വബോധത്തിലധിഷ്ഠിതമായ മതവീക്ഷണങ്ങളുടെ അമിത പ്രാധാന്യമാണ്. ഈ വീക്ഷണങ്ങൾക്കുള്ളിൽ, ഭിന്നശേഷി അനുഭവങ്ങൾക്ക് കാര്യമായ ശ്രദ്ധ ലഭിച്ചിട്ടില്ല. ഭിന്നശേഷി ശരീരവുമായി ഇടപഴകുന്നതിന് നിലവിലുള്ള ദൈവശാസ്ത്ര മാതൃകകളെ ഇനിയും പുനഃപ്രതിഷ്ഠിക്കേണ്ടതുണ്ട്. വൈകല്യ വിമോചന ദൈവശാസ്ത്രത്തിനുള്ള നവ സാധ്യതകൾ ഇന്നിൽ കണ്ടെത്തുക അനിവാര്യമായ അതിജീവന മാർഗ്ഗമാണ്.

ഉപരിപ്ലവമായ വായനകളിലൂടെ പഴയനിയമ ദൈവശാസ്ത്രചിന്തകൾ ഭിന്നശേഷി വിഭാഗങ്ങളെ പാർശ്വവത്കരിക്കുന്നതും സമൂഹത്തിന്റെ മുഖ്യധാരാമേഖലയിൽ നിന്ന് ഒഴിവാക്കുന്നതുമായ കാഴ്ചപ്പാടുകൾ ആ കാലഘട്ടത്തിന്റെ സംഭാവനയാണ്. ഇവരെ പൂർണ സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ പങ്കാളിത്തത്തിനായി ശാക്തീകരിക്കുന്നതിനുപകരം അകറ്റിനിർത്തി സാമൂഹ്യനീതിയെ അട്ടിമറിക്കുന്നു. ഈ കാരണങ്ങൾകൊണ്ട് ഐസ്‌ലാന്റ് (1994) പ്രവർത്തനരഹിതമായ ദൈവശാസ്ത്രം എന്ന് ഇതിനെ വിശേഷിപ്പിച്ചു. വൈകല്യങ്ങളെ പ്രതികൂലമായി ചിത്രീകരിച്ച രീതിയിലാണ് വിനിമയമെങ്കിലും, സമകാല ഭിന്നശേഷി സമൂഹങ്ങൾക്ക് ഈ കാലഘട്ടം തിരുത്തി വായിക്കാനും ക്രിയാത്മക വീക്ഷണത്തിലൂടെ നന്മയുടെ ദൈവശാസ്ത്രം വീണ്ടെടുക്കാനും കഴിയും എന്നതിൽ സംശയമില്ല.

യേശുവിലൂടെ ഒരു പുതിയ മാതൃകയും വൈകല്യത്തെക്കുറിച്ചുള്ള ഒരു പുതിയ വീക്ഷണവുമാണ് പുതിയനിയമ ദൈവശാസ്ത്രം വിനിമയം ചെയ്യുന്നത്. തന്റെ ശുശ്രൂഷയിലുടനീളം, ഭിന്നശേഷിക്കാരോട് ഇടപഴകാനും അവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനുമായി

അവർക്ക് ഒരു വിമോചന സുവിശേഷമായും സ്നേഹ സേവനമായും യേശു മാറുന്നു. വൈകല്യങ്ങളെ സാധാരണ നിലയിലേക്ക് പരിവർത്തനം ചെയ്യാനുള്ള കഴിവ് യേശുവിനുണ്ടെങ്കിലും, വൈകല്യത്തെക്കുറിച്ചുള്ള ആശയപ്രപഞ്ചത്തിൽ, വൈകല്യം എന്നത് മറികടക്കാൻ കഴിയുന്ന ഒരു വെല്ലുവിളിയാണ്; പ്രതിസന്ധിയല്ല എന്ന സന്ദേശമുണ്ട്.

തന്റെ ശുശ്രൂഷയിൽ, ക്രിസ്തു ഭിന്നശേഷിക്കാരോട് പെരുമാറുന്ന രീതിയുമായി ബന്ധപ്പെട്ട് ഒരു മാതൃകാപരമായ മാറ്റം പുതിയ നിയമ ദൈവശാസ്ത്രത്തിലുണ്ട്. യേശു ഒരു മാതൃകയായി ഭിന്നശേഷിക്കാരും അല്ലാത്തവരും തമ്മിലുള്ള തടസ്സങ്ങൾ ഇല്ലാതാക്കുന്നു, എല്ലാവരും തുല്യ പരിഗണനയർഹിക്കുന്ന ദൈവമക്കളാണെന്ന് ജീവിതത്തിലൂടെ കാണിച്ചുതരുന്നു. അത്തരമൊരു മാതൃക സ്വീകരിക്കുന്നത് അർത്ഥമാക്കുന്നത് അവരുടെ വൈകല്യത്തെ അടിസ്ഥാനമാക്കി വിവേചനവും പാർശ്വവൽക്കരണവും നേരിടേണ്ടിവരില്ല എന്നാണ്. ഭിന്നശേഷി സമൂഹത്തിനെ ആഴങ്ങളിൽ നിന്ന് ഉയർത്തുകയും യേശുക്രിസ്തു മുഖാന്തരം രക്ഷാദാനം വാഗ്ദാനം ചെയ്യുകയും രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. ഭിന്നശേഷിക്കാരോട് അന്തസ്സോടെയും ബഹുമാനത്തോടെയും പെരുമാറുന്നതുൾപ്പെടെയുള്ള ദൈവികവും ധാർമ്മികവുമായ ജീവിതത്തിനുള്ള ഒരു മാതൃകയാണ് യേശുവിന്റെ ജീവിതം നൽകുന്നത്. ദൈവശാസ്ത്രത്തിലെ ഭിന്നശേഷി വിനിമയങ്ങൾ പാപ-ശാപവുമായി ബന്ധപ്പെട്ടിരിക്കുന്നു എങ്കിലും പുതിയനിയമ ദൈവശാസ്ത്രത്തിന്റെ കേന്ദ്രമായ യേശുക്രിസ്തു മനുഷ്യരുടെ വൈകല്യത്തിലും പരിമിതികളിലും പങ്കുചേരുന്നു, അവരിൽ ഒരാളാകുന്നു.

ഭിന്നശേഷിക്കാരോടുള്ള സമൂഹത്തിന്റെ മനോഭാവവും സമീപനവും ഇനിയും മാറേണ്ടതുണ്ട്. മാനസികവും സാംസ്കാരികവും മതപരവുമായ സ്വാധീനം ഭിന്നശേഷിക്കാരോടുള്ള വിവേചനത്തിന് കാരണമാണ്. അവർ വ്യത്യസ്തരാണ് എന്ന മുന്നറിവാണ് അവർക്കെതിരായ വിവേചനത്തിലേക്ക് സമൂഹത്തെ നയിക്കുന്നത്. മുൻവിധികളുടെയും പക്ഷപാതിത്വത്തിന്റെയും ശക്തി വളരെ വലുതാണ്

എന്നുള്ളതാണ് ഇതിനുള്ള പ്രധാന  കാരണം. മൂല്യാധിഷ്ഠിത അറിവ്, അന്വേഷണം, സമാനുഭാവം, ബഹുസ്വരത, പക്ഷപാത-മുൻവിധികളിൽ നിന്നും മോചിപ്പിക്കൽ, വിവേചനം തടയുന്നതിനുള്ള സാമൂഹിക പ്രതിബദ്ധത, തുടങ്ങിയ പാഠങ്ങൾ ഭിന്നശേഷിക്കാരുമായി ബന്ധപ്പെട്ട് സമൂഹം  രൂപപ്പെടുത്തി എടുക്കേണ്ടതുണ്ട്. സാമൂഹിക ഏകീകരണം ഉറപ്പു വരുത്തുന്നതിന് നമുക്കും ഉത്തരവാദിത്തമുണ്ട്. ദൈവശാസ്ത്രത്തെ സ്നേഹത്തിൽ അധിഷ്ഠിതമായ പ്രായോഗിക ദൈവശാസ്ത്രത്തിലൂടെ വായിക്കാൻ കഴിഞ്ഞാൽ വിനിമയങ്ങൾ അർത്ഥപൂർണ മാകും. പ്രതിജ്ഞാബദ്ധമായ തലമുറയിലൂടെ ഭിന്നശേഷി വിനിമയ ങ്ങൾ കാലികമാക്കാം.

*സഹായക ഗ്രന്ഥങ്ങൾ*


1. ‘ലോകാരോഗ്യസംഘടനയുടെ നിർവചനം’. https://ml.wikipedia.org › wiki ›ഭിന്നശേഷി
2. https://en.wikipedia.org › wiki › Theology
3. https://www.britannica.com › biography › EusebiusþofþCaesarea
4. https://www.sparknotes.com › biography › aristotle › section7
5. Aristotle’s Metaphysics, First published Sun Oct 8, 2000; substantive revision
6. https://ml.wikipedia.org/wiki/ ss__nÄ / PqX F³¢m]oUnb.
7. Jewish Encyclopedia, 1920; The Talmud of Jerusalem, 1956; Encyclopedia Judaica, 1972
8. Evangelium Vitae (25 March 1995) | John Paul II – Vatican https://w2.vatican.va › content › hf_jpþii_enc_25031995_evangeliumþvitae
9. *The Disabled God: Toward a Liberatory Theology of Disability* Abingdon Press, 1994

10. https://onlinelibrary.wiley.com

11. *Disability Theology* Deborah Beth CreamerFirst published: 16 August 2012

12. Theology and Disability: Reexamining Scripture as It Applies to Stuttering *Journal of the Christian Institute on Disability* (JCID) Vol. 5, No. 1, Spring/Summer 1998

13. https://www.biblesociety.org.uk › files › BiT_Spring_2004_Eiesland by NL EIESLAND

14. *സത്യവേദപുസ്തകം*- ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ

15. *വളർച്ചാ വൈകല്യം കുട്ടികളിൽ* Dr. N C K NAIR കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് -2015

16. *Disability in the Christian Tradition* Editors: Brian Brock, John SwintonEerdmans Publishing Co. 2009

17. *Persons with Disabilities in Society*, Edi: Jose Murickan, George kutty, Kerala Federation of the Blind,TVM,1995

# ഭിന്നശേഷിവ്യവഹാരങ്ങളുടെ രാഷ്ട്രീയവും സാഹിത്യപ്രതിനിധാനങ്ങളും

**ഡോ. ഹരിദാസ്. കെ**

**(അസി. പ്രൊഫസർ, മലയാളവിഭാഗം, കേരള കേന്ദ്രസർവകലാശാല, തേജസ്വിനി ഹിൽസ്, പെരിയ, കാസർഗോഡ്)**

സാഹിത്യവും സംസ്കാരവും ഉൾപ്പെടെയുള്ള എല്ലാ മേഖലയിലെയും ഇന്ദ്രിയപരതയെ മനുഷ്യബന്ധങ്ങളുടെ അടിസ്ഥാനത്തിൽ വ്യാഖ്യാനിക്കുന്ന ശാഖയാണ് പരിമിതിപഠനം (Disability Studies) അഥവാ ഭിന്നശേഷിപഠനം. അംഗപരിമിതിയെ സംബന്ധിച്ചുള്ള സമീപനം സാമൂഹികതയോട് ബന്ധിപ്പിച്ച് സാമൂഹ്യശാസ്ത്രപരമായ ഒരു സമീപനമാക്കി വികസിപ്പിക്കുകയാണ് ഇത് ചെയ്യുന്നത്. അങ്ങനെ അംഗപരിമിതിയെ രാഷ്ട്രീയവത്കരിക്കുകയും ചരിത്രവത്കരിക്കുകയും ചെയ്യുക എന്ന അടിസ്ഥാനപരമായ പ്രക്രിയ പരിമിതിപഠനശാഖ ഏറ്റെടുക്കുന്നു.

പരിമിതിപഠനം അല്ലെങ്കിൽ ഭിന്നശേഷിപഠനം അടഞ്ഞ ഒരു പഠനശാഖയല്ല; അത് സാമൂഹികമായ വിവേചനങ്ങളിലൂന്നിക്കൊണ്ടുള്ള ഏതൊരു വിമർശനപദ്ധതിയെയും ഒരു കുടക്കീഴിൽ അണിനിരത്തുന്ന പരികല്പന (umbrella concept)യാണ്. സ്ത്രീപക്ഷസമീപനങ്ങളും വർഗ്ഗ-ബഹുജനപ്രസ്ഥാന സമീപനങ്ങളും ജാതി, ഗോത്രം

തുടങ്ങിയവയെ അടിസ്ഥാനപ്പെടുത്തിയ സമീപനങ്ങളും വംശീയ തയുമായി ബന്ധപ്പെട്ട സമീപനങ്ങളും ഇതരലിംഗ-സ്വത്വ- രാഷ്ട്രീയ സമീപനങ്ങളും പൊതുവേ പങ്കുവയ്ക്കുന്ന ഭൗതികവും സാമൂഹികവും സാംസ്കാരികവുമായ വിഭവവിന്യാസങ്ങളിലെ അസന്തുലിതത്വം എന്ന പ്രശ്നത്തോട് പരിമിതിപഠനം എങ്ങനെ താദാത്മ്യപ്പെടുന്നു എന്നതാണ് ആ പഠനമേഖലയെ സമകാലികമാക്കുന്ന ഒരു ഘടകം. ആധുനികതയുടെ പല ഘടകങ്ങളും അടിസ്ഥാനപ്പെട്ടിരിക്കുന്നത് ചില ശരീരങ്ങൾ (Bodies) ഇതരശരീരങ്ങൾക്കുമേൽ അസന്തുലിതമായി മൂല്യം നിർണ്ണയിക്കുന്നതിനാലാണ് എന്ന് സങ്കല്പിക്കാനും അത് എങ്ങനെ സംഭവിക്കുന്നു എന്നു കണ്ടെത്താനും പരിമിതിപഠനം നമ്മെ പ്രാപ്തരാക്കുന്നു (Davidson 2008;171). ഈയർത്ഥത്തിൽ ഇന്ന് വ്യാപകമായി പ്രയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്ന പല സാമൂഹ്യ ശാസ്ത്ര വൈജ്ഞാനിക സമീപനങ്ങൾക്കും തുല്യമായോ ബന്ധപ്പെടുത്തിയോ ഉപയോഗിക്കാവുന്ന ഒരു പഠനോപകരണമായി പരിമിതി പഠന മേഖല മാറുന്നു.

പൂർണ്ണത എന്ന സങ്കല്പത്തിൽ അടിസ്ഥാനപ്പെട്ടിട്ടുള്ള ഏതൊരു മനുഷ്യത്വനിർമിതിയും ചില മനുഷ്യരെ പൂർണ്ണതയില്ലാത്തവരായി വേർതിരിക്കുന്നു. ഇത് സാമൂഹ്യമായ പലതരം വിവേചനങ്ങൾക്ക് അടിസ്ഥാനമാകുന്നു. ഇത്തരത്തിലുള്ള ഏതൊരു സാമൂഹ്യസന്ദർഭത്തിന്റെയും വിമർശനങ്ങളെ ഐക്യപ്പെടുത്താൻ ഈ പരികല്പനയ്ക്ക് കഴിയും. അങ്ങനെ ഒരു അർത്ഥത്തിൽ ഇത് ശാരീരികമായ അംഗപരിമിതിയുടെ പ്രശ്നമെന്ന നിലയിലല്ല, മനുഷ്യൻ എന്ന കേവലനിർമിതിയുടെ രാഷ്ട്രീയ വിമർശനമെന്ന നിലയിൽത്തന്നെയാണ് വിഷയങ്ങളെ സമീപിക്കുന്നത്. അങ്ങനെ പുനരധിവാസം പോലെയുള്ള സങ്കല്പനങ്ങളിൽ അടങ്ങിയിട്ടുള്ള വിഷയവും വിഷയിയുമെന്ന സാമ്പ്രദായിക രീതിയിലുള്ള ബന്ധഘടനയ്ക്കു പകരം കോയ്മയുള്ള പഠന സമീപനങ്ങളെ ആത്മപരിശോധനയ്ക്കു പ്രേരിപ്പിക്കുന്ന നിലയിലേക്ക് ഊന്നലുകൾ മാറുന്നു. അങ്ങനെ അത് കേവല മനുഷ്യവാദ (Liberal Humanism)ത്തിന്റെ വിവേചനപരമായ ധാരണകൾക്കെതിരെയുള്ള വിമർശനപദ്ധതികളെയെല്ലാം ഐക്യപ്പെടുത്തിനിർത്താൻ കഴിയുന്ന ഒന്നായിത്തീരുന്നു.

പരിമിതിപഠനം എന്നത് കഴിവില്ലായ്മയുടെ അർത്ഥം, സ്വഭാവം, അനന്തരഫലങ്ങൾ എന്നിവയെ വിശദീകരിക്കുന്ന അക്കാദമിക പഠന ശാഖയാണ്. ഈ പഠനമേഖല 'അംഗപരിമിതി' (imparement), 'കഴിവില്ലായ്മ' (Disability) എന്നിവ തമ്മിലുള്ള ബന്ധവൈജാത്യങ്ങളെ പഠന വിധേയമാക്കുന്നു. അംഗപരിമിതി എന്നത് ഒരു വ്യക്തിയുടെ ശരീരഭാഗങ്ങൾക്കോ മനസ്സിനോ ഉണ്ടാകുന്ന ഭൗതികമായ വ്യത്യസ്ത തയാണെങ്കിൽ 'കഴിവില്ലായ്മ' ഒരു സാമൂഹ്യനിർമ്മിതിയാണ് എന്ന വാദം ഈ പഠനശാഖ ഉന്നയിക്കുന്നു. അങ്ങനെ പരിമിതികളെ വൈദ്യശാസ്ത്രപരമായതും സാമൂഹ്യശാസ്ത്രപരമായതുമെന്ന് വേർ തിരിക്കുന്നു. 1980-കളിൽ യു.എസ്.എ., യു.കെ., കാനഡ എന്നിവിട ങ്ങളിൽ ആരംഭിച്ച പരിമിതി പഠനശാഖ 90-കളുടെ അവസാനത്തോടെ അക്കാദമിക പഠനങ്ങളുൾപ്പെടെ വിവിധ മേഖലകളിൽ വളർന്നു.

1994-ൽ സിറാക്യൂസ് യൂണിവേഴ്സിറ്റിയിലാണ് പരിമിതിപഠനം ഒരു അക്കാദമിക പഠനവിഷയമെന്ന നിലയിൽ പ്രവർത്തനം ആരംഭിക്കുന്നത്. 1997-ൽ *പരിമിതിപഠനറീഡർ* പുറത്തിറങ്ങുകയും 2005 ആകുമ്പോൾ മോഡേൺ ലാംഗ്വേജ് അസോസിയേഷൻ പരിമിതി പഠന മേഖലയെ ഒരു പ്രത്യേകപഠന മേഖലയായി അംഗീകരിക്കു കയും ചെയ്തു. പരിമിതിയുടെ ഭൂപരിധി' (Landscape of impairment) യെയും അത് ബന്ധപ്പെട്ടുനില്ക്കുന്ന സാമൂഹിക സന്ദർഭങ്ങളെയും പുനഃസ ങ്കല്പിക്കുന്നതിനുള്ള സാധ്യത നൽകുന്നതാണ് പരിമിതി പഠനമേഖല മുന്നോട്ടുവയ്ക്കുന്ന സാംസ്കാരികമാതൃക (Sharon Snyder and David Mitchell, 2006:12). പരിമിതിപഠനമേഖല എന്നത് സാംസ്കാരിക പഠന മാകാതെ വയ്യ. പരിമിതിപഠനം ഒരേ സമയം തന്നെ പരിമിതിയുടെ ഭൂപരിധിയെയും അതിന്റെ സാമൂഹ്യബന്ധങ്ങളെയും പഠനവിധേയ മാക്കുന്നു എന്നുള്ളതുകൊണ്ട് അത് സംസ്കാര പഠനമാണ്.

പരിമിതിപഠനം എന്ന പദം 'ഡിസബിലിറ്റി സ്റ്റഡീസ്' എന്ന പാശ്ചാത്യപഠനശാഖയുടെ മലയാള സമാനപദം എന്ന നിലയിലാണ് ഇവിടെ ഉപയോഗിച്ചിട്ടുള്ളത്. 'ഡിസബിലിറ്റി' (Disability) എന്ന വാക്കിനൊപ്പം ചില പണ്ഡിതർ 'ഡെബിലിറ്റി' (Debility) എന്ന വാക്ക്

ഉപയോഗിച്ചിട്ടുണ്ട്. 'ഡെബിലിറ്റി' എന്ന വാക്കിന് നിഘണ്ടു നൽകുന്ന അർത്ഥം ശാരീരികമായോ മാനസികമായോ ദുർബലമായിരിക്കുന്ന അവസ്ഥ എന്നാണെങ്കിലും അതിന് രണ്ടാമതൊരു അർത്ഥം കൂടിയുണ്ട്- രാഷ്ട്രീയവും സാമൂഹികവും സാമ്പത്തികവുമായ ദുർബലത. അതുകൊണ്ട് ജസ്ബിർ പുവാർ ഈ വാക്ക് ആഗോളമായി ചില വ്യക്തിശരീരങ്ങളുടെ ചെലവിൽ മറ്റു ചില വ്യക്തിശരീരങ്ങൾ പുരോഗതിയുടെ ആനുകൂല്യം അനുഭവിക്കുന്ന അവസ്ഥയെ സൂചിപ്പിക്കാൻ ഉപയോഗിച്ചു. 'ഡെബിലിറ്റി' മുതലാളിത്തത്തിന് ഗുണകരമായ അവസ്ഥയെന്ന് അവർ വിലയിരുത്തി (Jasbir Puar 2012;153) പാശ്ചാത്യസമീപനങ്ങളിൽ ഈ രണ്ടു പദങ്ങൾ (Disability, Debility) ആ പഠനമേഖലയുടെ ചക്രവാളങ്ങൾ വികസിപ്പിക്കുന്നു. മറ്റൊരു പദംകൊണ്ട് ഈ വ്യത്യസ്താർത്ഥങ്ങൾ സൂചിപ്പിക്കാവുന്ന തരത്തിൽ മലയാളത്തിലെ ഭാഷാപരമായ സാധ്യതകൾ ഇനിയും വികസിക്കേണ്ടതുണ്ട്.

മനുഷ്യൻ ഇതരജീവികളിൽനിന്നും വ്യത്യസ്തതയുള്ള മറ്റൊരു ജീവിയായി ഉരുത്തിരിയുന്ന ഘട്ടം മുതൽതന്നെ കാഴ്ച നിർണ്ണായകമായിത്തീരുന്നതിനെക്കുറിച്ച് ചരിത്രകാരന്മാർ സൂചനകൾ നൽകുന്നു. ഘ്രാണശക്തിയെ ആശ്രയിക്കുക എന്നത് എല്ലാ നാൽക്കാലി മൃഗങ്ങളുടെയും സവിശേഷതയാണ്. രണ്ടുകാലിൽ എഴുന്നേറ്റുനിൽക്കുന്ന നില ഘ്രാണശക്തിയിലുള്ള ഊന്നലിൽ നിന്ന് കാഴ്ചശക്തിയിലുള്ള ഊന്നലിലേക്കുള്ള പരിവർത്തനത്തെ സൂചിപ്പിക്കുന്നുവെന്നും ഗന്ധാനുഭവത്തെ ആശ്രയിച്ചിരുന്ന പഴയ തലച്ചോറിനു പകരം കാഴ്ചയെ വ്യാഖ്യാനിച്ചു മനസ്സിലാക്കുന്ന തലച്ചോറിലേക്കുള്ള മാറ്റവും ഇതുൾക്കൊള്ളുന്നുവെന്നും എറിക് ഫ്രോം, സിഗ്മണ്ട് ഫ്രോയ്ഡിന്റെ സിദ്ധാന്തങ്ങളെ വ്യാഖ്യാനിക്കുന്ന ഘട്ടത്തിൽ വിശദീകരിക്കുന്നു. (erich fromm, 1973; 462) കാഴ്ചയ്ക്കുപകരം ഗന്ധത്തെ ആശ്രയിക്കുന്ന മനുഷ്യകർത്തൃത്വം മനുഷ്യസങ്കല്പത്തിൽനിന്ന് ഭിന്നമായതും പരിമിതിയുള്ളതുമായി സങ്കല്പിക്കുന്നതിലൂടെ വിവേചനപരമായ കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനുള്ള പശ്ചാത്തലമൊരുങ്ങുന്നു. ഇങ്ങനെ ചരിത്രം കൊണ്ടുതന്നെ ചരിത്രത്തിൽനിന്ന് പുറത്താകുന്ന അനുഭവം ഒരുതരം ഉപമാനവീകരണം' (Subhumanisation) സൃഷ്ടിക്കുന്നു.

പരിമിതിയില്ലാത്ത പൂർണ്ണതയുള്ള മനുഷ്യനെ രാഷ്ട്രീയമായി സങ്കല്പി ച്ചെടുക്കുന്നതിനുവേണ്ടിയാണ് വാസ്തവത്തിൽ പരിമിതികളെ വിവേചനപരമായി വേർതിരിക്കുന്ന സങ്കല്പനങ്ങൾ ഉണ്ടാകുന്നത്.

പതിനാറാം നൂറ്റാണ്ടിനുമുമ്പ് യൂറോപ്പിൽ ഭ്രാന്താലയങ്ങൾ (Mental Asylum) ഉണ്ടായിരുന്നില്ല എന്ന് ഫൂക്കോ പറയുന്നു. (Michel Foucault, 2001;5) ആധുനികമനുഷ്യനെ കുറവുകളില്ലാത്ത, യുക്തി യുള്ള (Reasonable), സാധാരണത്വമുള്ള (Normal) മനുഷ്യനായി സങ്ക ല്പിച്ചെടുക്കുന്നതിനുവേണ്ടിയാണ് ഇതൊന്നുമല്ലാത്ത ഭ്രാന്തൻ എന്ന കർത്തൃത്വം സങ്കല്പിക്കപ്പെട്ടത് എന്നതാണ് ഫൂക്കോ സൂചിപ്പിക്കു ന്നത്. 'ഒരു ഭ്രാന്തനെ അന്ധൻ എന്നു വേണമെങ്കിലും വിളിക്കാം' എന്നും ഫൂക്കോ പറയുന്നു. (William R Paulson 1987;4). അങ്ങനെ കല്പിതമാനവികതയുടെ പൂർണ്ണതാസങ്കല്പത്തിനു പുറത്തുള്ള കർ ത്തൃത്വങ്ങളായി നിർമ്മിക്കപ്പെടുന്നതിലൂടെ അപരവത്കരിക്കപ്പെടുന്ന തിന്റെ രാഷ്ട്രീയമാണ് എല്ലാത്തരം പരിമിതികളുടെയും സാമൂഹികവി വേചനങ്ങൾ ഉല്പാദിപ്പിക്കുന്നത്.

കാഴ്ചയുടെ സംസ്കാരം അന്ധതയെ എങ്ങനെ മനസ്സിലാ ക്കുന്നുവെന്ന പരിശോധന അന്ധതയുടെ സങ്കല്പനത്തെക്കുറിച്ചുള്ള പ്രധാനപ്രശ്നമാണ്. കാഴ്ചയുടെ സംസ്കാരം മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നത് പൂർണ്ണമായ അന്ധത മാത്രമാണ്. ഉണ്മ/അഭാവം എന്ന തരത്തിൽ പൂർണ്ണമായും ദ്വന്ദ്വവല്കരിച്ചു മാത്രമേ അതിനെ മനസ്സിലാക്കാൻ കഴിയൂ (D.A.Caeton, 2015;36). കാഴ്ചരഹിത രെക്കുറിച്ചുള്ള ഒരു ആകാംക്ഷ കാഴ്ചയുള്ള സമൂഹത്തിൽ നിലനിൽ ക്കുന്നു. ദ്വന്ദ്വങ്ങളിലൂടെ മാത്രം മനസ്സിലാക്കാൻ കഴിയുന്ന ആധുനിക തയുടെ പ്രശ്നം തന്നെയാണത് എന്നു മനസ്സിലാക്കാം.

അന്ധജീവിതം എന്നത് സ്വയം പര്യാപ്തിയില്ലായ്മയായും (Devoid of autonomy) കർത്തൃത്വമില്ലായ്മയായും (Lack of agency) ഗുണപരമായ ഒന്നും സംഭവിക്കാനിടയില്ലാത്ത അവസ്ഥയായും മുൻ വിധി ഉണ്ടാക്കാൻ ഇത് കാരണമാകുന്നു. ഇത്തരത്തിൽ സാംസ്കാരി കമായ വികലനം, അധീശത്വമുള്ള പരിമിതിരഹിത സംസ്കാരം

അന്ധതയെ അസ്തിത്വപരമായി അപൂർണ്ണമായ അവസ്ഥയെന്നും അധഃസ്ഥിതാവസ്ഥയെന്ന് മുദ്രയടിക്കപ്പെടേണ്ട അവസ്ഥയെന്നും സങ്കല്പിക്കാനിടയാക്കുന്നു. അന്ധത കാഴ്ചയുള്ളവരുടെ സമൂഹത്തെ നിരന്തരം അലോസരപ്പെടുത്തുന്നു. ഇത് കാഴ്ചയുടെ അഭാവം എന്ന നിലയിൽ മാത്രമല്ല മറിച്ച് സ്വാതന്ത്ര്യം നഷ്ടപ്പെടുത്തുന്നതും, ധൈഷണികമായ കഴിവില്ലാതെയാക്കുന്നതും, സദാചാരം ഇല്ലാതെയാക്കുന്നതും, ഉല്പാദനക്ഷമതയില്ലാതെ ആക്കുന്നതുമായ അവസ്ഥയാണ് എന്ന് സങ്കല്പിക്കപ്പെടുന്നു (Michalko 1999:3). അതുകൊണ്ട് അന്ധർക്കു മുമ്പിൽ രണ്ട് മാർഗ്ഗങ്ങളേയുള്ളു. സാധാരണീകരിക്കപ്പെടുന്നതിന് അച്ചടക്ക പരിശീലനങ്ങൾക്ക് വഴങ്ങുക, അല്ലെങ്കിൽ തിരസ്കാരങ്ങളെ അഭിമുഖീകരിക്കാൻ തയ്യാറാവുക (D.A.Caeton, 2015:36). ഈ മട്ടിലാണ് അന്ധതയെ സംബന്ധിക്കുന്ന മുൻവിധികൾ പ്രവർത്തിക്കുന്നതെന്നു മനസ്സിലാക്കാവുന്നതാണ്. കാഴ്ചയുടെയും അന്ധതയുടെയും ദ്വന്ദ്വങ്ങൾ പ്രവർത്തിക്കുന്ന മുൻവിധികൾക്ക് സമൂഹത്തിലെ ഇതര മുൻവിധി നിർമ്മിതികളോട് ബന്ധമുണ്ട്. അത് വംശീയമായ മുൻവിധികൾക്ക് സമാനമാണ് എന്നും മനസ്സിലാക്കാം. മുൻവിധികളുടെ തുടർച്ചയെന്ന നിലയിലാണ് ചില സവിശേഷമായ മുദ്രകുത്തലുകൾ (Stigma) ഉണ്ടാകുന്നത്.

പരിമിതിപഠനം എന്നത് ആദ്യം മുദ്രകുത്തലിനെ (Stigma) സംബന്ധിച്ച പഠനങ്ങളിൽനിന്നാണ് ആരംഭിച്ചത്. വ്യക്തികൾ തമ്മിലുള്ള ഏതു വ്യത്യാസവും മുദ്രകുത്തലിന് വിധേയപ്പെടാവുന്നതാണ് (Erving Goffman 1986;2). ആധിപത്യം ഉള്ള സമൂഹങ്ങൾ ചെയ്യുന്ന മൂല്യങ്ങളുടെ വിലയിരുത്തലായിരിക്കും ഈ മുദ്രകുത്തലുകളിലേക്ക് നയിക്കുന്നത് എന്ന് ലെറിറ്റ എം. കോൾമാൻ പറയുന്നു (Lennard J. Davis (Edi.) 2006,141) കാഴ്ചാപരസാധാരണത്വം' (Ocularnormativism) എന്ന ഒരു വാക്ക് കോൾമാൻ ഉപയോഗിക്കുന്നു. ഈ വാക്ക് കാഴ്ചാപരമായവയ്ക്കു ലഭിക്കുന്ന സാധാരണത്വപദവിയെ സൂചിപ്പിക്കുന്നു. അമേരിക്കൻ മനുഷ്യനെ നിർവ്വചിച്ചു കൊണ്ടാണ് ഗോഫ്മാൻ മുദ്രകുത്തലിനെ വിശദീകരിക്കുന്നത്. അമേരിക്കൻ മനുഷ്യൻ എന്നാൽ യുവാവായ, വിവാഹിതനായ, വെളുത്ത, നാഗരികനായ, വടക്കേ അമേരിക്ക

ക്കാരനായ, സ്ത്രീതത്പരനായ, ഉന്നതവിദ്യാഭ്യാസം നേടിയ, ജോലി ചെയ്യുന്ന, ഉയരവും ഭാരവുമുള്ള കായികയിനങ്ങളിൽ മികച്ചുനില്കുന്ന മനുഷ്യൻ എന്നർത്ഥം. (Erving Goffman 1986;2). ഈ നിർവ്വചനം അനുസരിച്ചാണ് ആധിപത്യമുള്ള അമേരിക്കൻ വ്യക്തിയെ നിർവ്വചിക്കുന്നത്. ഇത് ചില മുൻവിധികളെ അടിസ്ഥാനപ്പെടുത്തിയാണ് എന്ന് വ്യക്തമാണല്ലോ.

മുൻവിധി എന്നത് സമൂഹത്തിൽ ഉല്പാദിപ്പിക്കുകയും സംരക്ഷിച്ചു നിർത്തുകയും ചെയ്യുന്ന വിവേചനങ്ങളാണ്. അവയോടുള്ള സാമൂഹികവിമർശനങ്ങളുടെ സൈദ്ധാന്തികാടിത്തറ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. മനുഷ്യന്റെ വേദനകളിൽനിന്നാണ് സിദ്ധാന്തങ്ങൾ ഉണ്ടാകുന്നത് എന്ന് ബെൽ ഹുക്സ് പറയുന്നത് ഇങ്ങനെ ഒരു അർത്ഥത്തിലാണ് (bell hooks, 1994). അങ്ങനെ വിവേചനപരമായ സാമൂഹ്യവിഭവവിന്യാസത്തോടുള്ള വിമർശനങ്ങൾ കേന്ദ്രത്തിൽ വരുന്ന സാഹിത്യാഖ്യാനങ്ങൾ പൊതുവായി പങ്കുവയ്ക്കുന്ന ഒരു വിമർശന പദ്ധതിയാണ് പരിമിതിപഠനങ്ങൾക്കും ഉള്ളത്.

മേൽവിവരിച്ച തരത്തിലുള്ള ഏതൊരു സമീപനത്തെയും സാഹിത്യത്തോടു ബന്ധിപ്പിക്കുന്നതിന് സാഹിത്യത്തിന് പ്രതിനിധാനപരമായ സ്വഭാവമുണ്ട് എന്ന് അംഗീകരിക്കാതെ കഴിയില്ല. സാഹിത്യത്തിന്റെ പ്രതിനിധാനപരത ആധുനികാനന്തരഘട്ടത്തിൽ ഏതെല്ലാം തരത്തിൽവിമർശനാത്മക സൈദ്ധാന്തികസമീപനങ്ങളിലൂന്നിയുള്ള വായനകൾ സാധ്യമാക്കിയിട്ടുണ്ട് എന്നതിനോടു ബന്ധപ്പെടുത്തിയുള്ളതാണ്. അതുകൊണ്ട് സൈദ്ധാന്തികസമീപനമെന്ന നിലയിൽ പരിമിതിപഠനത്തിന്റെ പ്രസക്തിയും സാധ്യതയും തിരിച്ചറിയണം. അങ്ങനെ ആധുനികാനന്തരഘട്ടത്തിൽ സാഹിത്യത്തെയും കലയെയും പ്രതിനിധാനപരമായി തിരിച്ചറിയുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്ന സൈദ്ധാന്തികസമീപനങ്ങൾക്ക് സമാനമായി പരിമിതി പഠനം മനസ്സിലാക്കപ്പെടേണ്ടതുണ്ട്. സാഹിത്യം ഒരു സാംസ്കാരിക ഉല്പന്നമോ ഒരു സാംസ്കാരികവിഭവമോ ആണെന്ന ധാരണ അംഗീകരിച്ചുകൊണ്ട് മാത്രമേ ഇത്തരത്തിൽ സാഹിത്യത്തിന്റെ പ്രതി നിധാനപ

രതയെ വിശദീകരിക്കാൻ കഴിയുകയുള്ളൂ. വ്യത്യസ്തമായ ഭാഷയിലും വ്യത്യസ്തമായ സംസ്കാരത്തിലും പരിമിതികളുമായി ബന്ധപ്പെട്ട വിവേചനങ്ങൾ വ്യത്യസ്തമായ രീതിയിലാണ് പ്രയോഗിക്കപ്പെടുന്നതെന്നും അവയോരോന്നിന്റെയും സവിശേഷതകൾ അതാത് സാംസ്കാരിക സന്ദർഭങ്ങളിൽനിന്ന് വിശദീകരിക്കപ്പെടുകയോ വ്യാഖ്യാനിക്കപ്പെടുകയോ ചെയ്യേണ്ടതാണ് എന്നും മനസ്സിലാക്കാം.

അങ്ങനെ സാമൂഹികമായി അധികാരബന്ധങ്ങളുടെ പ്രതിനിധാനം ആഖ്യാനങ്ങളിൽ ഇന്ദ്രിയാനുഭവങ്ങളുടെ രൂപത്തിൽ എങ്ങനെ നിർമ്മിക്കപ്പെടുന്നു എന്ന് പരിശോധിക്കാൻ ശ്രമിക്കുന്നതുകൊണ്ട് പരിമിതിപഠനം സ്ഥലകാലപരമായുള്ള അധികാര ബന്ധങ്ങളുടെ പഠനം കൂടിയാണ് എന്നതാണ് അതിനെ മലയാളത്തിലെ സ്ത്രീവാദത്തിന്റെയും ലിംഗഭേദത്തിന്റെയും ജാതിവംശീയപഠനങ്ങളുടെയും മേഖലയോട് ബന്ധിപ്പിക്കുന്നത്. ഇന്ദ്രിയാനുഭവങ്ങൾ ഓരോന്നും ചരിത്രപരവും സാംസ്കാരികവുമായി നിർണ്ണയിക്കപ്പെടുന്നതും നിരന്തരം പരിണാമത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നതുമാണ് എന്ന നിലപാടിൽ ഇത് ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പഠനം കൂടിയായിത്തീരുന്നു.

ഇങ്ങനെ വിവിധ സമീപനങ്ങളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിലൂടെ ഇത് ബഹുവിജ്ഞാനീയ (multidisciplinary) പഠനവുമാകുന്നു. അതുകൊണ്ട് ഒരു സങ്കല്പനക്കുട (Umbrella concept) എന്ന നിലയിൽ വിവിധങ്ങളായ സൈദ്ധാന്തിക സമീപനങ്ങളെ ഐക്യപ്പെടുത്തി ഒരു കുടക്കീഴിൽ അണിനിരത്തുകയും അതിനൊപ്പം തന്നെ അവ ഓരോന്നിന്റെയും സാധ്യതകളും രീതിശാസ്ത്രങ്ങളും ഉപയോഗപ്പെടുത്തി വിമർശനപദ്ധതിയെന്ന നിലയിൽ രൂപപ്പെടുത്തുകയും ചെയ്തുകൊണ്ട് അകത്തുനിന്നും പുറത്തുനിന്നും ഒരേസമയം പ്രവർത്തിക്കുന്ന ഒരു രീതിശാസ്ത്രപദ്ധതിയായി പരിമിതിപഠനമേഖല ഇതിനകം മാറിക്കഴിഞ്ഞു എന്നു പറയാം.

മലയാളത്തിലെ പ്രബുദ്ധതാ ആധുനികതയുടെ (Enlightenment Modernity) സാഹിത്യരൂപങ്ങളിലെ ലിംഗഭേദപരവും ജാതിപരവും

വർഗ്ഗപരവും ഒക്കെയായ വൈരുദ്ധ്യങ്ങൾ ഇന്നത്തെ ആധുനികതാവിമർശന സമീപനങ്ങൾ വ്യാഖ്യാനിക്കാൻ ശ്രമിച്ചിട്ടുണ്ട്. അത്തരം സമീപനങ്ങളുടെ കേന്ദ്രത്തിൽ ഇന്ദ്രിയപരിമിതികളുമായി ബന്ധപ്പെട്ടവ്യാഖ്യാനസാധ്യതകൂടി ഉൾക്കൊള്ളുന്ന ഒരു സമീപനം എങ്ങനെ സാധ്യമാക്കാം എന്ന പരിശോധനയാണ് ഈ പഠനം ഒരു മാതൃക എന്ന നിലയിൽ അവതരിപ്പിക്കുന്നത്. മലയാളത്തിലെ നവോത്ഥാന-ആധുനികതയുടെ സന്ദർഭത്തിലെ കവിതകളിൽ മേലുന്നയിച്ച തരത്തിൽ ലിംഗഭേദത്തിന്റെയും ജാതിയുടെയും അതോടൊപ്പംതന്നെ ഇന്ദ്രിയപരിമിതിയുടെയും വൈരുദ്ധ്യങ്ങൾ പരസ്പരം പൂരകമായും വൈരുദ്ധ്യാത്മകമായും കാണപ്പെടുന്നതെങ്ങനെ എന്ന് പരിശോധിക്കാൻ ശ്രമിക്കുന്നു.

മലയാളകവിതയിൽ ആധുനികതയ്ക്കു തൊട്ടുമുമ്പുള്ള സാഹിത്യപ്രസ്ഥാനങ്ങളിലൊന്ന് വെണ്മണിപ്രസ്ഥാനമാണ്. വെണ്മണിപ്രസ്ഥാനത്തിന്റെ ഒരു പ്രധാന സവിശേഷത മിത്തുകളിൽനിന്നും ഇതിഹാസപുരാണങ്ങളിൽനിന്നും സാമാന്യജീവിതകാഴ്ചകളിലേക്ക് കവിതയുടെ വിഷയം ഇറങ്ങിവന്നു എന്നതായിരുന്നു. കാഴ്ചാകർത്തൃത്വം ഇവിടെ നിർണ്ണായകമായിത്തീരുന്നു. ഇത് ഒരർഥത്തിൽ മിത്ത്/യാഥാർഥ്യം എന്നീ വൈരുദ്ധ്യങ്ങളോടു ബന്ധിച്ചും മനസ്സിലാക്കാവുന്നതാണ്. ഈ യാഥാർത്ഥ്യബോധം ഭൗതികതയെയും ആധ്യാത്മികതയെയും വേർതിരിക്കുന്ന ഒരു യുക്തിയിലേക്ക് നയിച്ചിട്ടുണ്ട്. വൈരൂപ്യം/സൗന്ദര്യം, വാർധക്യം/യൗവനം, കാഴ്ച/അന്ധത എന്നിങ്ങനെയുള്ള ധാരാളം ദ്വന്ദ്വങ്ങൾ ഇത് സൃഷ്ടിച്ചു.

സാഹിത്യത്തിൽ പൊതുവേ ആക്ഷേപഹാസ്യം മാറുന്ന മൂല്യബോധത്തിന്റെ അടയാളമാണ്. ദേവദാസികളെയും ഗണികകളെയും നായികമാരാക്കിയ കാവ്യസംസ്കാരത്തോടുള്ള പരിഹാസാത്മകമായ പ്രതികരണങ്ങൾ ഉണ്ടായിട്ടുണ്ട്. 'ചന്ദ്രോത്സവം' പോലെയുള്ള കൃതികളെ അങ്ങനെ മനസ്സിലാക്കാം. 'കാകസന്ദേശം' ഒരു പരിഹാസാത്മക സന്ദേശകാവ്യമാണെന്ന് ഇളംകുളം കുഞ്ഞൻപിള്ള ചൂണ്ടിക്കാണിച്ചിട്ടുണ്ട്.; (2000,264). അതിന്റെ കാര്യകാരണങ്ങളും അദ്ദേഹം

വിശദീകരിച്ചു. ഈ കൃതിയാവട്ടെ പൂർണ്ണരൂപത്തിൽ ലഭിച്ചിട്ടുമില്ല. ലീലാതിലകത്തിൽ ഉദ്ധരിച്ചിരിക്കുന്ന ഒന്നരശ്ലോകത്തിൽനിന്നാണ് അതിനെക്കുറിച്ച് നാം അറിയുന്നത്. 'മുണ്ടയ്ക്കൽസന്ദേശം ഒരു മുഴുത്തചിരി' എന്ന് ഉണ്ണുനീലി സന്ദേശത്തെ മാരാർ വിശേഷിപ്പിച്ചു. ഇങ്ങനെ ഉപഹാസാത്മകമായി അക്കാലത്തെ കാവ്യസംസ്കാരത്തെ ത്തന്നെ പരിഹസിക്കുകയാണ് ഇത്തരം കൃതികൾ. ഉണ്ടായകാലത്ത് അവ പരിഹാസമായിരുന്നോ എന്നറിയില്ല.

ഒരു കാവ്യശൈലിയെയോ വിഷയത്തെയോ പരിഹസിക്കുന്നതിൽ മൂല്യബോധത്തിലുണ്ടാകുന്ന ഒരു പരിവർത്തനമുണ്ട്. അതോടൊപ്പം അതിൽ ഒരു അപരനിർമിതിയുമുണ്ട്. 1877-ൽ പ്രസിദ്ധീകരിച്ച ശീവൊള്ളി നാരായണൻ നമ്പൂതിരി (1868-1905) യുടെ 'ദാത്യൂഹസന്ദേശം' എന്ന സന്ദേശകാവ്യം വ്യത്യസ്തമാകുന്നത് പലതരത്തിലുള്ള അപരനിർമിതികളുടെ രാഷ്ട്രീയം അതിന്റെ പാഠത്തിൽ പ്രവർത്തിക്കുന്നതുകൊണ്ടാണ്. അതിലൊന്ന് ശരീരപരമായ പരിമിതിയാണ്. ദാത്യൂഹസന്ദേശത്തിൽ നായകന്റെ ജാതി, പ്രായം, നായികയുടെ വൈരൂപ്യം, ജുഗുപ്സാവഹമായി ആഖ്യാനം ചെയ്യപ്പെടുന്ന ജീവിത പരിസരം സന്ദേശഹരനായ മൂങ്ങ തുടങ്ങിയ ഘടകങ്ങളെല്ലാം ചേരുന്ന സൂചകപരമ്പരയുടെ ഭാഗമായാണ് അതിലെ ഉപഹാസം രൂപപ്പെടുന്നത്. അതെങ്ങനെയാണ് എന്നത് വിശദമായി പരിശോധിക്കണം.

അച്ചടിയുടെയും അതുമായി ബന്ധപ്പെട്ട ആധുനികതയുടെയും രൂപപ്പെടലിന്റെ ഘട്ടത്തിലാണ് ശീവൊള്ളിയുടെ 'ദാത്യൂഹസന്ദേശം' പുറത്തുവരുന്നത്. അച്ചടിയും ആധുനികതയും തമ്മിലുള്ള ബന്ധത്തിൽത്തന്നെ അറിവും കാഴ്ചയും തമ്മിലുള്ള ബന്ധത്തിന്റെ സാമാന്യവൽക്കരണംകൂടി അടങ്ങുന്നു. ഈ പശ്ചാത്തലത്തിലാണ് കാഴ്ചയുടെ കർത്തൃത്വങ്ങളിൽ അടങ്ങുന്ന പ്രത്യയശാസ്ത്രം പരിശോധിക്കേണ്ടത്.

"കാലക്ഷേപത്തിനു വനകരി
ങ്കുട്ടിയെസ്സേവ നന്നി-
ക്കാലത്തെന്നോർത്തതിനു കിഴവ
ച്ചാലിയച്ചാരൊരുത്തൻ"

എന്ന് ജാതിസൂചന നേരിട്ടുകടന്നുവരുന്ന മട്ടിലാണ് കാവ്യം തുടങ്ങുന്നതുതന്നെ. കവിതയിലെ ജാതിസൂചന ആഖ്യാതാവിന്റെ കർത്തൃത്വത്തിലെ ജാതിയെ കവിതയുടെ പാഠത്തിലേയ്ക്കെത്തിക്കുന്നു. ബ്രാഹ്മണികമായ ഒരു വരേണ്യവ്യവസ്ഥയുടെ പ്രതിനിധാനമാണ് കവികർത്തൃത്വം.

ഭാര്യയെപ്പിരിഞ്ഞ് പാലപ്പിള്ളി മലങ്കാട്ടിൽ അകപ്പെട്ട നായകൻ ഒരു താമരക്കുളത്തിൽ കാമകേളികളിലേർപ്പെട്ടിരിക്കുന്ന അരയന്നങ്ങളെ കണ്ടപ്പോൾ കോടിലിംഗപ്രദേശത്തുള്ള തന്റെ ഭാര്യയെ ഓർമിക്കുകയും അതുവഴി വന്ന ഒരു നത്തിനോട് സന്ദേശം കൊണ്ടുപോയി കൊടുക്കുമോ എന്നു ചോദിക്കുന്നതുമാണ് ചുരുക്കത്തിൽ കാവ്യത്തിന്റെ ഇതിവൃത്തം.

''അന്നത്തെത്തൻനിലകളറിയാ-
താ മുതുക്കൻ മുറയ്ക്കാ-
സന്നത്തിൽക്കൂടെഴുമൊരു വെറും
നത്തിനോടിത്ഥമൂചേ''

എന്നാണ് പറഞ്ഞിരിക്കുന്നത്. ഇതിൽ രണ്ടു പ്രയോഗങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒന്ന് അപ്പോഴത്തെ തന്റെ അവസ്ഥയെക്കുറിച്ച് ബോധ്യമില്ലാത്ത ആ മുതുക്കൻ എന്ന പ്രയോഗം. മറ്റൊന്ന് 'വെറും നത്ത്' എന്ന പ്രയോഗം. ആദ്യത്തേതിൽ വൃദ്ധൻ എന്ന അർത്ഥത്തിൽ ഉപയോഗിച്ചിരിക്കുന്ന മുതുക്കൻ എന്ന വാക്ക് യൗവനം അല്ലെങ്കിൽ ആരോഗ്യമുള്ള അവസ്ഥയെ ആധികാരികമായി സങ്കല്പിക്കുന്ന അപരനിർമിതിയാണ്. രണ്ടാമത്തേതിൽ 'വെറും നത്ത്' എന്ന പ്രയോഗത്തിൽ അടങ്ങുന്ന നിസ്സാരത ഉപഹാസത്തിന്റെ മറ്റൊരു രൂപമാണ്. ദാത്യൂഹം നത്താണ്. അരയന്നങ്ങളുടെ സാന്നിധ്യത്തിലാണ് ഈ 'വെറും നത്തി'ന്റെ നിസ്സാരത തെളിഞ്ഞുനില്ക്കുന്നത്.

'ദാത്യൂഹം' എന്ന വാക്കിന് ശബ്ദതാരാവലി നൽകുന്ന അർത്ഥം 'ശുഭത്തെ അറുത്തുകളകയും അശുഭത്തെ ഊഹിക്കുകയും ചെയ്യുന്നത്' എന്നാണ്. നത്ത് അഥവാ മൂങ്ങ പക്ഷികളിൽ ഏറ്റവും കാഴ്ച കുറഞ്ഞ ജീവിയാണ്. പക്ഷികളിൽ അസുന്ദരവും, അശുഭകരവും, ഭയം

ഉളവാക്കുന്നതുമായ ഒരു ജീവിയായി നത്തിനെ കാണുന്ന പൊതു ബോധമാണ് പാഠം ഉത്പാദിപ്പിക്കുന്നത്. പകൽ കൂട്ടിൽത്തന്നെയിരിക്കുകയും രാത്രി ഇരതേടാനിറങ്ങുകയും ചെയ്യുന്നതാണ് മൂങ്ങയുടെ രീതി. രാത്രിയെ പെട്ടെന്നോർമിപ്പിക്കുന്ന കർത്തൃത്വം മൂങ്ങയിലടങ്ങുന്നു. രാത്രിയും പകലും തമ്മിലുള്ള വൈരുദ്ധ്യം അന്ധതയ്ക്കും കാഴ്ചയ്ക്കും ഇടയിലുള്ള വൈരുദ്ധ്യവുമായി ഇങ്ങനെ ചേർത്തുവയ്ക്കുന്നു. കാഴ്ചയില്ലായ്മയെന്നത് പരിഹാസത്തിന്റെയും അവമതിയുടെയും കാരണമാകുന്നു.

സാധാരണ സന്ദേശകാവ്യങ്ങളിലെ നായകന്റെയും നായികയുടെയും കർത്തൃത്വങ്ങൾക്കു നേർവിപരീതമാണ് ഈ കാവ്യത്തിലുള്ളത്. നായകനെ വിശേഷിപ്പിക്കുന്ന പദങ്ങൾ കിഴവൻ ചാലിയച്ചാർ, മുതുക്കൻ, മുതുകിഴവനാച്ചാലിയൻ എന്നിങ്ങനെയാണ്. നായികയെ വിശേഷിപ്പിക്കുന്നതും വൈരൂപ്യത്തെയും അംഗപരിമിതിയെയും ഊന്നിപ്പറഞ്ഞുകൊണ്ടാണ്.

"നേരോതീടാമവളുടെ മുഖം
നിന്മുഖത്തോടു നത്തേ,
നേരാണെന്നാകിലുമതിനെഴും
ശ്രീവിലാസം വിശേഷം
കാതിൻ കാര്യം കശ, കടുകോളം
പോരുമൊറ്റക്കുചം, മ-
റ്റേതിൻ മട്ടുക്കരിയ പനിനീർ-
ക്കുപ്പി കപ്പം കൊടുക്കും.
ഭൂതക്കണ്ണാണൊരു മിഴി, കുറ-
ച്ചുണ്ടു മറ്റേതിനും തെ-
റ്റേതാ, ണ്ടല്ലാതവളിലഴകി-
ന്നില്ലൊരല്പം വികല്പം."

പൊതുവിൽ നോക്കുമ്പോൾ വൈകല്യം, വൈരൂപ്യം, വാർദ്ധക്യം എന്നീ മൂന്നു ഘടകങ്ങളാണ് കർത്തൃത്വങ്ങളെ അപഹാസ്യമാക്കി മാറ്റിത്തീർക്കുന്നത്. ഇതുകൂടാതെ നാലാമത്തെ ഘടകമായി ലിംഗഭേദപരമായ ശരീരാക്ഷേപവും ഭാഷയിൽ പ്രകടമാണ്. ഇവ

നാലും നേരിട്ട് ശരീരത്തോട് ബന്ധപ്പെട്ടവയാണ്. ജാതി ശരീരപരമാണ് എന്നതുപോലെതന്നെ ഇത്തരം ശരീരപരമായ ഘടകങ്ങൾ ശരീരാ ക്ഷേപത്തിനു (Body Shaming) കാരണമായിത്തീരുകയും അങ്ങനെ ശ്രേഷ്ഠവും ആധികാരികവുമായ ആധുനികശരീരത്തിന്റെ അപരമായി ആഖ്യാനത്തിൽ രൂപപ്പെടുകയും ചെയ്യുന്നു. സന്ദേശഹരനായ മൂങ്ങ അതിന്റെ വൈരൂപ്യംകൊണ്ടും അന്ധത കൊണ്ടുമാണ് ഉപഹാസം സൃഷ്ടിക്കുന്നത്. സൗന്ദര്യാത്മകമല്ലാത്തതും ഐശ്വര്യപൂർണ്ണമല്ലാ ത്തതുമായ ഘടകങ്ങളുടെ സാന്നിദ്ധ്യമാണ് മൂങ്ങയുടെ കർത്തൃത്വ ത്തിലുള്ളത് എന്ന് പാഠം സങ്കല്പിക്കുന്നു.

വരേണ്യമായ ഒരു കാവ്യസംസ്കൃതീശൈലിയെ കണക്കറ്റു പരിഹസിക്കാനുള്ള ഉപകരണം എന്ന മട്ടിലാണ് ഈ കാവ്യം ഉണ്ടാ വുന്നത്. അതിനുപയോഗിച്ചിരിക്കുന്നത് പരിഹാസമാണ്. ഏതു വ്യവ ഹാരങ്ങളാണോ പരിഹാസത്തിന് ഉപകരണമാക്കുന്നത് അവ തന്നെ പരിഹാസ്യതയുടെ കർത്തൃത്വമായിത്തീരുന്ന അവസ്ഥ പാഠത്തിലുണ്ട്. അങ്ങനെ വാർദ്ധക്യം, അന്ധത, വൈരൂപ്യം, കീഴാളത്തം, സ്ത്രീത്വം, ലൈംഗികത, കീഴാളന്റെ രതി എന്നിവയെല്ലാം അങ്ങേയറ്റം പരിഹാസ്യ മായിത്തീരുകയാണ്.

പിൽക്കാലത്ത് ആധികാരികവും സ്വീകാര്യവുമായിത്തീരുന്ന കാഴ്ചാനുഭവ കേന്ദ്രിതമായ (Ocularcentric) ഒരു ലോകബോധത്തിലേ യ്ക്കുള്ള പരിണാമത്തിന്റെ സൂചനകൾ *ദാത്യൂഹസന്ദേശ*ത്തിലുണ്ട്. എന്നാൽ ഇത് *ദാത്യൂഹസന്ദേശ*ത്തിൽ മാത്രമുള്ളതല്ല, വെൺമണി കവിതകളിൽ പലയിടങ്ങളിലും ഒളിഞ്ഞും തെളിഞ്ഞും പ്രത്യക്ഷമാകു ന്നതാണ്.കവിതയിലെ ആധുനികപ്രവണതകൾ ആരംഭിക്കുന്നത് കുമാരനാശാനും വള്ളത്തോളും ഉൾപ്പെടുന്ന മലയാളകവിതയിലെ നവോത്ഥാന ഘട്ടത്തിലാണെന്ന് സാമാന്യമായി പറയാമെങ്കിലും തൊട്ടുമുമ്പുള്ള വെൺമണി പാരമ്പര്യംമുതൽതന്നെ ആധുനികത യുടെ ചില അടയാളങ്ങൾ പ്രകടമാകുന്നു. കേവലവ്യക്തിയുടെ കാഴ്ചാനുഭവം എന്ന മട്ടിലുള്ള ആഖ്യാനങ്ങൾ വെൺമണിക്കവികളുടെ ഒറ്റ ശ്ലോകങ്ങളിൽ ചിലവയിൽ പ്രകടമാകുന്നു. ചേലപ്പറമ്പു നമ്പൂതി രിയുടെ

“പാടത്തിൻകരെനീളെ നീലനിറമായ്
വേലിക്കൊരാഘോഷമായാ-
ടിത്തൂങ്ങിയലഞ്ഞുലഞ്ഞു സുകൃതം
കൈക്കൊണ്ടിരിക്കും വിധൌ
പാരാതേ വരികെന്റെ കയ്യിലധുനാ
പീയൂഷഡംഭത്തെയും
ഭേദിച്ചൻപൊടു കൈപ്പവല്ലിതരസാ
പെറ്റുള്ള പൈതങ്ങളെ”

എന്ന ശ്ലോകത്തിലെ ‘എന്റെ’ എന്ന പരാമർശവും

“മൂടില്ലാത്തൊരുമുണ്ടുകൊണ്ടു
മുടിയും മൂടീട്ടുവൻകറ്റയും
ചൂടിക്കൊണ്ടരിവാൾ പുറത്തുതിരുകി
പ്രാഞ്ചിക്കിതച്ചങ്ങനെ
നാടൻകച്ചയുടുത്തു മേനിമുഴുവൻ
ചേറും പുരണ്ടിപ്പൊഴി-
പ്പാടത്തൂന്നു വരുന്ന നിൻവരവുക
ണ്ടേറെക്കൊതിക്കുന്നു ഞാൻ”

എന്നതിലെ ‘ഞാൻ’ എന്ന പരാമർശവും വ്യക്തികാഴ്ചയുടെ കർത്തൃത്വമായാണ് കവിതയിലുള്ളത്. ഈ കർത്തൃത്വം മലയാള ആധുനികതയുടെ സന്ദർഭത്തിൽ പ്രത്യക്ഷപ്പെടുന്ന ആധുനിക മനുഷ്യകർത്തൃത്വമാണ്. ഈ ആധുനികമനുഷ്യകർത്തൃത്വം ഒരു സവർണ്ണകർത്തൃത്വമാണ്, അതോടൊപ്പം തന്നെ പിതൃഘടനയിലേക്ക് പരിവർത്തിച്ച ആൺകോയ്മാപരമായ ഘടനയുടെ പ്രതിനിധാനം കൂടിയാണ്. കാഴ്ച എന്ന സാമാന്യാനുഭവത്തെക്കാളധികം വ്യക്ത്യനുഭവം എന്ന നിലയിൽ കാല്പനിക ആഖ്യാനസങ്കേതത്തിന്റെ ഒരു സവിശേഷതയായി കാഴ്ചയിൽ അധിഷ്ഠിതമായ വ്യക്തിബോധം മാറിത്തീരുന്നു.

“രാധതന്റെ ആട്ടം കണ്ടിട്ടടുത്തിട്ടുടു
പുടവയഴിഞ്ഞോരു.....ത്തിലേക്കാ-

യോട്ടക്കണ്ണിട്ടുനോക്കും കപടവിട
കിശോരന്നു കൈതൊഴുന്നേൻ"

എന്ന് കുഞ്ഞിക്കുട്ടൻ തമ്പുരാൻ എഴുതി (അകവൂർ നാരായണൻ 2008;300). ശൃംഗാരം കാഴ്ചാനുഭവപരമായ പ്രതിനിധാനമായി ആഖ്യാനത്തിൽ കടന്നുവരുന്നു. കൃഷ്ണൻ ശൃംഗാരത്തിന്റെയും അതോടൊപ്പംതന്നെ കാഴ്ചയുടെയും കർത്തൃത്വം സ്വീകരിക്കുന്നു. സ്ത്രീ, കാഴ്ചാനുഭവത്തിന്റെ വസ്തുവായും മാറുന്നു. ഈ ദ്വന്ദ്വം ആധുനികതയുടെ, കാണുന്ന വ്യക്തിയും വസ്തുവും എന്ന ദ്വന്ദ്വത്തെത്തന്നെയാണ് പ്രതിനിധാനം ചെയ്യുന്നത്. ഈ കാഴ്ച ഒരു ഒളിഞ്ഞുനോട്ടം ആണ്. ശൃംഗാരത്തിന്റെ ഒരു പാൻഒപ്റ്റിക്കോൺ കാഴ്ചയാണിത്. സവർണ്ണപുരുഷന്റെ കാഴ്ചയുമാണ്. കാഴ്ചയുടെ അധികാരസ്ഥാനം ദൈവത്തിൽനിന്നു മനുഷ്യനിലേക്കു പകരുന്ന പ്രക്രിയയിലാണ് ദൈവത്തിൽ മനുഷ്യത്വം ആരോപിക്കപ്പെടുന്നത്. ഇങ്ങനെ ദൈവാധികാരത്തിൽനിന്നും സവർണ്ണപുരുഷാധികാരത്തിലേക്കുള്ള പരിണാമത്തിന്റെ സൂചകങ്ങളായി ഇത് മാറിത്തീരുന്നു.

വെണ്മണി പാരമ്പര്യത്തിലെ കാഴ്ചാകേന്ദ്രിതമായ (Ocularcentric) ഈ കേവല വ്യക്തികർത്തൃത്വം തുടർന്ന് കാല്പനികതയുടെ അടിസ്ഥാനം തന്നെയായ വ്യക്തിബോധമായി ഉരുത്തിരിയുന്നത് 1895-ൽ എഴുതപ്പെട്ട ഏ.ആർ. രാജരാജവർമ്മയുടെ 'മലയവിലാസ'ത്തിൽ കണ്ടെത്താം. 'ഞാനും ഞാൻ കാണുന്നലോകവും' എന്ന മട്ടിൽ വേർതിരിയുന്ന ആധുനികവ്യക്തികർത്തൃത്വം ഈ കവിതയിൽ പ്രവർത്തിക്കുന്നു. സഹ്യപർവ്വതത്തിന്റെ കാഴ്ചയാണ് ഇവിടെ കവികർത്തൃത്വത്തെ സാധ്യമാക്കുന്നത്. ക്ലാസിക്‌രീതിയുടെ സാങ്കേതിക ആഖ്യാനമെന്നതിനപ്പുറം കവി എന്ന വ്യക്തി കർത്തൃത്വത്തിന്റെ കാഴ്ചാനുഭവപരമായ സ്വത്വകേന്ദ്രം ഇതിലുണ്ട്. കാഴ്ചാനുഭവപരമായ ഈ സ്വത്വകേന്ദ്രമാണ് കാല്പനികതയിലെ കവികർത്തൃത്വം.

'വീണപൂവ്' ഇറങ്ങുന്ന അതേ വർഷമാണ് (1907) കേരളത്തിന്റെ കാഴ്ചാസംസ്കാരത്തെ അടിമുടി പരിവർത്തിപ്പിച്ച സിനിമ എന്ന മാധ്യമത്തിന്റെ ആദിമരൂപമായ 'ബയോസ്കോപ്പി'ന്റെ പ്രദർശനം തൃശൂർ പൂരനഗരിയിൽ വാറുണ്ണി ജോസ് കൊണ്ടുവരുന്നത് എന്നതിലെ

കൗതുകം പി.കെ രാജശേഖരൻ മുമ്പ് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ബയോസ്കോപ്പിലൂടെ കാണിച്ചത് ഒരു പൂവു വിടരുന്ന ദൃശ്യമാണെന്നത് വളരെ യാദൃശ്ചികമല്ല. കല പ്രകൃതിയെ അതേമട്ടിൽ പ്രതിനിധാനം ചെയ്യുന്നുവെന്ന ആശയത്തോട് ഏറ്റവും അടുത്തുനിന്നത് സിനിമ എന്ന മാധ്യമം മുന്നോട്ടുവച്ച കാഴ്ചാനുഭവമാണ് എന്നത് ഒരു വസ്തുതയാണ്.

ആശാന്റെ 'വീണപൂവി'ലെ പ്രാഥമികമായ ഇന്ദ്രിയം കാഴ്ച തന്നെയായെന്നതും കേവലം യാദൃശ്ചികമല്ല. "ഹാ പുഷ്പമേ.." എന്ന ആദ്യത്തെ വരികളിലെ സംബോധന തന്നെയും കാഴ്ചാനുഭവ നിഷ്ഠമായ ഇന്ദ്രിയബോധം ഉൾപ്പെടുന്ന ചരിത്രസന്ദർഭത്തിന്റെ ഉല്പന്നമാണ്. എന്നാൽ വീണപൂവിലെ കാഴ്ചാകർത്തൃത്വം മുമ്പ് വെൺമണികവികളിൽ കണ്ട സവർണ്ണ കാഴ്ചാകർത്തൃത്വമല്ല എന്നതാണ് പ്രധാനം. കാഴ്ചാകർത്തൃത്വത്തിലെ ജനകീയതയെയും വൈരുദ്ധ്യങ്ങളെയും രാഷ്ട്രീയവത്കരിക്കുകയാണ് ആശാൻ ചെയ്യുന്നത്.

'വീണപൂവ്' എന്ന കവിത കാഴ്ചയും കാഴ്ചക്കാരനും എന്ന ബന്ധത്തെ ചരിത്രപരമായി എങ്ങനെ ഉത്പാദിപ്പിച്ചു എന്നത് ഇ.പി രാജഗോപാലൻ വിശദീകരിച്ചു. (രാജഗോപാലൻ ഇ.പി 2011) നവോത്ഥാനത്തിൽ കാഴ്ച ഒരു പ്രത്യയശാസ്ത്രമായി രൂപം കൊള്ളുന്നതെങ്ങനെയെന്ന് കാണിയും കണിയും തമ്മിലുള്ള ബന്ധത്തെ വീണപൂവ് എന്ന കവിതയിൽനിന്ന് അഴിച്ചെടുത്തുകൊണ്ട് അദ്ദേഹം സൂക്ഷ്മമായി വിശദീകരിക്കുന്നു. കാഴ്ചയുടെ അധികാരം പോലെ തന്നെ കാഴ്ചയ്ക്കു വിധേയമാകുന്നതിനെ നിയന്ത്രിക്കുന്നതിലൂടെ നിയന്ത്രിത കാഴ്ച എങ്ങനെ അധികാരമാകുന്നു എന്നും വിശദീകരിക്കുന്നു. അങ്ങനെ കാഴ്ച എന്നത് കാണിയുടെയും കണിയുടെയും രാഷ്ട്രീയമായി ഇ.പി രാജഗോപാലൻ വ്യാഖ്യാനിക്കുന്നു (2011;27) 'വീണപൂവ്' കാഴ്ചയെക്കുറിച്ചുള്ള കാവ്യപ്രബന്ധമാണ്. കാഴ്ചയ്ക്കു സനാതനമായ തത്ത്വമില്ല, മാറുന്ന സാമൂഹ്യാവസ്ഥകൾക്ക് വിധേയമാണ് കാഴ്ചയും. നവോത്ഥാനം വഴി കാഴ്ചയുടെ സ്വഭാവം മാറുന്നു. (ഇ.പി രാജഗോപാലൻ 2011;21) വീണപൂവിൽ കാഴ്ച ഒരു സവിശേഷ അനുഭവമെന്ന നിലയിൽ കവിതയിലെ കർത്തൃത്വമായി രൂപപ്പെടുന്നു.

"നേരേ വിടർന്നു വിലസീടിന നിന്നെനോക്കി
യാരാകിലെന്തു? -മിഴിയുള്ളവർ നിന്നിരിക്കാം."
(കുമാരനാശാൻ എൻ. 2001;38)

കവിത പ്രത്യേകമായി രൂപപ്പെടുത്തുന്ന കാഴ്ചാബോധം ആധുനിക തയുടെ കാഴ്ചാബോധം തന്നെയാണെങ്കിലും അതിൽ സവർണ്ണത യുടെയും ആൺകോയ്മയുടെയും മൂല്യബോധങ്ങളല്ല പ്രകടമാകുന്ന തെന്നുകാണാം. 'ആരാകിലെന്തു മിഴിയുള്ളവർ നോക്കിനിന്നിരിക്കാം..' എന്ന വരികളിൽ കാഴ്ചയാണ് ലോകത്തെ അനുഭവിക്കുന്നതിനും അറിയുന്ന തിനുമുള്ള ഏറ്റവും പ്രാഥമികവും ആത്യന്തികവുമായ മാധ്യമം എന്ന അർത്ഥം ഉള്ളടങ്ങുന്നു എന്നും കരുതാം. ആ വരികൾ ജാതീയമോ മറ്റേതെങ്കിലും തരത്തിലുള്ളതുമായ എല്ലാത്തരം വർഗ്ഗീകരണ ങ്ങളെയും ശ്രേണീകരണങ്ങളെയും തിരസ്കരിക്കുകയും കാഴ്ചയുടെ അടിസ്ഥാനത്തിൽ കേവലമായ മനുഷ്യത്വത്തെ പകരം വയ്ക്കുകയും ചെയ്യുന്നു. കേവലമായ മനുഷ്യത്വം എന്നത് നവോത്ഥാന ആധുനികത യുടെ സാമാന്യവത്കരിക്കപ്പെട്ട മനുഷ്യകർത്തൃത്വമാണ്.

"ഈവണ്ണമൻപൊടു വളർന്നഥനിന്റെയംഗ
മാവിഷ്കരിച്ചു ചില ഭംഗികൾ മോഹനങ്ങൾ
ഭാവം പകർന്നുവദനം, കവിൾകാന്തിയാർന്നു
പൂവേ, അതിൽ പുതിയ പുഞ്ചിരി സഞ്ചരിച്ചു"
(കുമാരനാശാൻ എൻ. 2001;37)

പതിവ് ആൺനോട്ടങ്ങളിൽനിന്നു വ്യത്യസ്തമായി ശരീരനിഷ്ഠവും മനോനിഷ്ഠവുമായ നോട്ടം ഈ ശ്ലോകങ്ങളിലുണ്ട് എന്ന് നിരീക്ഷിക്ക പ്പെട്ടിട്ടുണ്ട് (എം.എ നുജൂം 2008,62). പ്രാഥമികമായി ഈ നോട്ടം ശരീരനിഷ്ഠമാണ് എന്ന കാര്യത്തിലാണ് നുജൂം ഊന്നൽ കൊടുക്കു ന്നത്. എന്നാൽ ഇത് വെൺമണിക്കവിതയിലെ ശരീരക്കാഴ്ചയല്ല. പ്രണയം എന്ന കാല്പനികാനുഭൂതിയിലൂടെ കടന്നുവന്ന കാഴ്ചാബോ ധമാണ്. അതുകൊണ്ടാണ് പൂവ് ശരീരത്തെ പ്രതിനിധാനം ചെയ്യുന്ന രൂപകമായി കവിതയുടെ കേന്ദ്രത്തിൽ പ്രത്യക്ഷപ്പെടുന്നത്. ഈ പ്രതിനിധാനം വെൺമണിക്കവിതകളിൽ കാണുന്ന ശരീരപ്രതിനി

ധാനത്തിനു സമാനമല്ല എന്നു വരുന്നിടത്താണ് സവർണ്ണ-പുരുഷ കേന്ദ്രിത മൂല്യബോധങ്ങളിൽനിന്നു വേറിട്ട മറ്റൊരു മൂല്യബോധത്തിലേക്കുള്ള പരിവർത്തനമാകുന്നത്. വീണപൂവിൽ കാഴ്ചാകർത്തൃത്വവും കാഴ്ചയ്ക്ക് വിഷയമാകുന്ന കർത്തൃത്വവും തമ്മിലുള്ള ബന്ധം ശ്രേണീകൃതമായ അധികാരബന്ധമല്ല.

> "ആരോമലാമഴകു, ശുദ്ധി, മൃദുത്വ,മാഭ
> സാരള്യമെന്ന സുകുമാരഗുണത്തിനെല്ലാം
> പാരിങ്കലേതുപമ? ആമൃദുമെയ്യിൽ നവ്യ-
> താരുണ്യമേന്തിയൊരു നിൻനില കാണണം താൻ."
>
> (കുമാരനാശാൻ എൻ. 2001;37)

അഴക്, ശുദ്ധി, മൃദുത്വം, ആഭ, സാരള്യം തുടങ്ങിയ സുകുമാര ഗുണങ്ങളെക്കുറിച്ചുള്ള ബോധത്തിലേക്കു നയിക്കുന്ന പ്രാഥമിക ഇന്ദ്രിയാനുഭവം കാഴ്ചയായി വർത്തിക്കുന്നു. ഈ കാഴ്ചയും തൊട്ടു മുമ്പു പറഞ്ഞ ജാതീയതയിൽ നിന്നു വേറിട്ട പൊതുസമൂഹത്തെ അഥവാ സിവിൽസമൂഹത്തെ അഭിസംബോധന ചെയ്യുന്നതാണ്.

> "ചേതോഹരങ്ങൾ സമജാതികളാം സുമങ്ങ-
> ളേതും സമാനമഴകുള്ളവയെങ്കിലും നീ
> ജാതാനുരാഗമൊരുവന്നു മിഴിക്കു വേദ്യ-
> മേതോ വിശേഷസു ഭഗത്വവുമാർന്നിരിക്കാം."
>
> (കുമാരനാശാൻ എൻ. 2001;38)

പ്രണയാനുഭവം എന്ന ആധുനിക കാല്പനികബോധം തന്നെ കാഴ്ചാനുഭവത്തിലൂടെ സാക്ഷാത്കരിക്കപ്പെടുന്നതായി സങ്കല്പിക്കുന്നു. ഈ പ്രണയാനുഭവം കേരളീയസമൂഹത്തിൽ ആധുനികഘട്ടത്തിൽ രൂപപ്പെട്ടതാണ്. വെൺമണി പാരമ്പര്യത്തിലെ സവർണ്ണ കാഴ്ചാകർത്തൃത്വത്തിൽ ഇല്ലാത്തതും പ്രണയത്തിന്റെ ഈ അനുഭൂതിമണ്ഡലമാണ്.

> "കണ്ണേ, മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാശു
> മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ

എണ്ണീടുകാർക്കുമിതുതാൻ ഗതി, സാദ്ധ്യമെന്തു
കണ്ണീരിനാൽ? അവനിവാഴ്‌വ് കിനാവു, കഷ്ടം!''
(കുമാരനാശാൻ എൻ. 2001;41)

കാഴ്ചയുമായി ബന്ധപ്പെട്ട് വീണപൂവിൽ കാണുന്ന സുപ്രധാന പരാമർശമാണ് 'കണ്ണേ മടങ്ങുക..' എന്നത്. കാഴ്ചയിലേക്ക് കടക്കുക എന്നത് സുപ്രധാനമായിരിക്കുമ്പോൾത്തന്നെ കാഴ്ചയിൽനിന്നു മടങ്ങുക എന്നതും വീണപൂവിലെ താത്വികമോ വൈകാരികമോ ആയ പ്രശ്നങ്ങളുടെ ഭാഷാപരമായ പ്രകടനമാണെന്നു കാണാം. ഈ കാഴ്ചയിൽനിന്നുള്ള പിൻവാങ്ങൽ 'അവനിവാഴ്‌വ് കിനാവ് കഷ്ടം!' എന്ന അറിവിലേയ്ക്കാണ്. അങ്ങനെ കാഴ്ചയും കാഴ്ചേതരതയും തമ്മിൽ ഭൗതികതയുടെയും അതിഭൗതികതയുടെയുമായ ഒരു വൈരുദ്ധ്യം കല്പിക്കപ്പെടുന്നു (പി. പവിത്രൻ, 2002;122). കാഴ്ചയിൽനിന്നു മടങ്ങുക എന്നതിൽ കാഴ്ചയുടെ നിഷേധമുണ്ട്. കാഴ്ച ഒരു അധികാരമായി സമഗ്രത കൈവരിക്കുന്നതിൽനിന്ന് തടയുന്ന ഒന്ന് ഈ പിൻമടക്കത്തിലൂടെ സ്വീകരിക്കുന്ന അന്ധതയുടെ കർത്തൃത്വമാണ്. അങ്ങനെ എത്തിച്ചേരുന്ന 'അവനി വാഴ്‌വ് കിനാവ്' എന്ന തത്ത്വചിന്തയുടെ മണ്ഡലം, കാഴ്ചയുടെ കോയ്മയിൽ അസാധ്യമാണ്. അതുകൊണ്ടാണ് വെൺമണിക്കവികളെക്കുറിച്ച് ഉള്ളൂർ ഇങ്ങനെ പറഞ്ഞത്: ''പ്രായേണ തങ്ങളുടെ കൃതികളിൽ ബാഹ്യസൗന്ദര്യം മാത്രം ദീക്ഷിച്ചിരുന്ന അവർക്ക് ബാഹ്യപ്രകൃതിയെ വർണ്ണിക്കുന്നതിനുള്ള പാടവം ആഭ്യന്തര വികാരങ്ങളുടെ പ്രകാശനവിഷയത്തിൽ ഉണ്ടായിരുന്നില്ല' (നാരായ ണൻ അകവൂർ 2008;306). കുമാരനാശാന്റെ കാല്പനികതയിലെ കാഴ്ചാ കർത്തൃത്വവും വെൺമണിക്കവികളിലെ സവർണ്ണകാഴ്ചാകർത്തൃത്വവും തമ്മിലുള്ള വലിയ വിടവ് വ്യക്തമാകുന്നത് ഇവിടെയാണ്.

കാണപ്പെടുന്ന വസ്തുവും കാഴ്ചക്കാരനും തമ്മിലുള്ള വൈരുദ്ധ്യം ഒരു പാഠം നിർമിക്കുന്നുണ്ട്. ഈ പാഠത്തിന്റെ ഭാഗമായിത്തന്നെയാണ് കാഴ്ചക്കാരന്റെ കർത്തൃത്വം കാവ്യരൂപത്തിൽ നിർമ്മിക്കപ്പെടുന്നത്. ഇത് കാഴ്ചയുടെ അധികാരമായി പാഠത്തിൽ ദ്വന്ദ്വങ്ങൾ

സൃഷ്ടിക്കുന്നു. ആധുനികതയിലേക്ക് കടക്കുന്ന ഒരു സമൂഹത്തിൽ ഭാഷയ്ക്കുമേൽ അധികാരമുള്ള സമൂഹത്തിന്റെ കാഴ്ചയിൽ പെടാതിരിക്കുക എന്നതിനർത്ഥം ചരിത്രത്തിൽ ഇല്ലാതിരിക്കുക എന്നുതന്നെയാണ്. കാഴ്ചയുടെ അധികാരത്തിലായിരിക്കുക എന്നതിനൊപ്പം, കാഴ്ചയുടെ വിഷയമാവുക എന്നതും ചരിത്രത്തിലേയ്ക്കുള്ള പ്രവേശനമാകുന്നു. 'ദുരവസ്ഥ'യിൽ 'ദൃഷ്ടിയിൽപ്പെട്ടാലും ദോഷമുള്ളോർ' എന്ന് കുമാരനാശാൻ ഒരു സമൂഹത്തെ പരാമർശിക്കുന്നു. ഇവിടെ ദൃഷ്ടിയിൽ പെടാതിരിക്കൽ ചരിത്രത്തിൽ പെടാതിരിക്കൽ തന്നെയാണ്. സവർണ്ണാധികാരം അവർണ്ണർക്കുമേലും സ്ത്രീകൾക്കുമേലും ഒരേപോലെ പ്രയോഗിച്ച ഒന്നായിരുന്നു ഈ ചരിത്രത്തിൽനിന്നുള്ള മാറ്റിനിർത്തൽ. അവർണ്ണസമൂഹം സവർണ്ണസമൂഹത്തിന്റെ കാഴ്ചാപരിധിയിലേക്കു പ്രവേശിക്കുന്നതുതന്നെ അതുകൊണ്ട് ഒരു രാഷ്ട്രീയ പ്രവർത്തനമാണ്. കാഴ്ചയ്ക്കു വിഷയമാകുന്നതിന്റെ രാഷ്ട്രീയം 'മറക്കുട'യുടെ ചരിത്രത്തിലുമുണ്ട്. മറക്കുട വലിച്ചെറിഞ്ഞ് അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് പ്രവേശിക്കുന്ന സവർണ്ണസ്ത്രീത്വം വാസ്തവത്തിൽ സവർണ്ണ പുരുഷാധികാരത്തോടുള്ള കണക്കുതീർ ക്കുന്നത് പൊതുസമൂഹത്തിന്റെ കാഴ്ചാപരിധിയിലേക്ക് കടന്നുവരുന്നതിലൂടെയാണ്. അങ്ങനെയാണ് ആശാന്റെ 'അധിക തുംഗപദത്തിലെ പൂവും' താഴെ നിൽക്കുന്ന കാഴ്ചക്കാരനും എന്ന കാഴ്ചാപരബന്ധം സാധ്യമാകുന്നത്. അങ്ങനെ കാഴ്ചയ്ക്കു വിഷയമാകുന്ന അവസ്ഥ കാഴ്ചാധികാരത്തിന്റെതന്നെ വിമർശനമോ നിഷേധമോ ആയിമാറുന്നു.

അന്ധത എന്ന പരിമിതി കാഴ്ചയുടെ വിധേയകർത്തൃത്വം മാത്രമായിരിക്കുന്ന ഒരവസ്ഥയായി മനസ്സിലാക്കിയാൽ കാഴ്ചാകർത്തൃത്വം കയ്യാളുന്ന പൊതുസമൂഹത്തോടുള്ള ഒരു വൈരുദ്ധ്യത്തിന്റെ രൂപത്തിലാണ് ഇവിടെ ഭിന്നശേഷിയുടെ രാഷ്ട്രീയം പ്രവർത്തിക്കുന്നത് എന്നു മനസിലാകും. അതുകൊണ്ട് പൊതുസമൂഹത്തിന്റെ കാഴ്ചാപരമായ പൊതുബോധങ്ങളെ ആത്മപരിശോധനയ്ക്ക് വിധേയമാക്കുന്നതിനും വിമർശിക്കുന്നതിനുമുള്ള ഒരു ഉപകരണമായി വിമർശനം മാറുന്നത് പരിമിതിപഠനത്തിന്റെ പരിധിയിൽ പ്രവേശിക്കുമ്പോഴാണ്. വേറിട്ട ഒരു വിമർശനപദ്ധതി എന്ന നിലയിൽ പരിമിതിപഠനത്തെ വിജ്ഞാന(critique)മാക്കിത്തീർക്കുന്നതും ഈ വസ്തുത തന്നെയാണ്.

ഗ്രന്ഥസൂചി

1. Sharon Snyder and David Mitchell, 'Cultural Locations of Disability', University of Chicago Press, London. 2006.
2. Sharon Snyder and David Mitchell, 'The Body and Physical Difference: Discourses ofDisability', University of Michigan Press. Ann Arbor. 2004
3. Sharon Snyder and David Mitchell, 'The Matter of Disability', Journal of Biotethical Inquiry 13(4):487þ492 (2016).
4. Bolt David, 'From Blindness to Visual impairment: Terminological Typology and The Social Model of Disability', Disability and Society, 20.5 2005
5. Erich Fromm, In 'The Anatomy of Human Distructiveness', Holt Rinehart and winston, Newyork, Chicago and San Francisco. 1973
6. Michel Foucault, 'Madness and Civilization: A History of Insanity in the Age of Reason' Routledge, London. 2001.
7. Philip G Meggs, Alston W Purvis 'History of Graphic Design,' Sixth Edition, John Wiley & Sons, Inc., Hoboken, New Jersey, 2016.
8. William R Paulson, 'Enlightenment, Romanticism, and the Blind in France,' Princeton University Press, Newjersey, 1987.
9. Jasbir Puar, 'The Right to Maim: Debility, Capacity, Disability,' Duke University Press, 2017.
10. Davidson Michel, 'Concerto for the Left Hand: Disability and the Defamiliar body', Ann Arbor, University of Michigan Press. 2008.
11. Caeton, D A, 'Blindness', Keywords for Disability Studies, Newyork University Press, London, 2015.
12. Erving Goffman, 'Stigma: Notes on the Management of Spoiled Identity', Simon &SchusterInc, Newyork. 1986.

13. Rod Michalko, 'The Twoþinþone: Walking with Smokie, Walking with Blindness', TempleUniversity Press, Philadelphia, 1999

14. Lennard J. Davis (Edi), 'The Disability Studies Reader', Routledge, London. 2006.

15. Bell Hooks, 'Teaching to Transgressþ Education as the Practice of Freedom', Routledge, London 1994

16. Jeremy Bentham, 'Panopticon' Or, The Inspection house', T Payne, At the NewsGate, London. 1791

17. കുഞ്ഞൻപിള്ള ഇളംകുളം, സംസ്കൃതമിശ്രശാഖ, *സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ,* എഡിറ്റർ കെ.എം ജോർജ്ജ്, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം 2000.

18. നാരായണൻ അകവൂർ, ഡോ. *വെൺമണി പ്രസ്ഥാനം,* സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം. 2008.

19. പവിത്രൻ പി, ഡോ. *ആശാൻ കവിത ആധുനികാനന്തര പാഠങ്ങൾ,* സാംസ്കാരികപ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം 2002

20. രാജഗോപാലൻ ഇ.പി. *മീനും കപ്പലും,* പൂർണ്ണാ പബ്ലിഷേഴ്സ്, കോഴിക്കോട് 2011.

21. നുജും എം.എ 'കവിതയിലെ നാടും നഗരവും', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം. 2008

22. കുമാരനാശാൻ എൻ., *ആശാന്റെ പദ്യകൃതികൾ,* ഡി.സി ബുക്സ്, കോട്ടയം, 2001

23. നാരായണൻ നമ്പൂതിരി ശീവൊള്ളി, *ദാത്യൂഹസന്ദേശം,* 1877

# ഭിന്നശേഷിയും കരുതലിലധിഷ്ഠിതമായ നൈതികതയും: 'സമുദ്രശിലയെ' ആസ്പദമാക്കിയുള്ള ഒരു നൈതിക വിമർശനം

**ഡോ. ഭാരതി പി. കെ.**

**(അസിസ്റ്റന്റ് പ്രൊഫസർ. ഫിലോസഫി വിഭാഗം, ഗവ. ബ്രണ്ണൻ കോളേജ്, തലശ്ശേരി)**

അംബ എന്ന സ്ത്രീയും അവരുടെ മകനായ അനന്തപത്മനാഭൻ എന്ന ഓട്ടിസം ബാധിച്ച യുവാവുമാണ് സുഭാഷ് ചന്ദ്രന്റ 'സമുദ്രശില' യെന്ന നോവലിലെ കേന്ദ്രകഥാപാത്രങ്ങൾ. മഹാഭാരത കഥാപാത്ര മായ അംബ തന്റെ ആസന്നമായ ആത്മാഹൂതി വ്യാസനെ അറിയി ക്കാൻ വരുന്നിടത്താണ് നോവലിന്റെ ആരംഭം. നൂറ്റാണ്ടുകൾക്കുമുമ്പ് എഴുതപ്പെട്ട ഇതിഹാസത്തിൽ ഉപാധിരഹിത സ്നേഹത്തിന്റെ അഭാ വമുണ്ടെന്ന് ഉന്നയിക്കാമെങ്കിൽ പുതിയകാലത്തിന്റെ പ്രതിനിധിയായ നോവലിസ്റ്റിനോട് കരുതലിൽ അധിഷ്ഠിതമായ ഭിന്നശേഷി നൈതി കതയുടെ അഭാവത്തെക്കുറിച്ച് ചോദിക്കാനുള്ള അവകാശം വായന ക്കാരിക്ക്/വായനക്കാരനുണ്ട്. സാഹിത്യരൂപങ്ങളിലും കലാരൂപങ്ങ ളിലും സംഭവിച്ചേക്കാവുന്ന ധാർമ്മികച്യുതി സാഹിത്യത്തിന്റ മൊത്ത ത്തിലുള്ള സൗന്ദര്യത്തെയും മൂല്യത്തെയും ബാധിക്കുമെന്ന കാര്യ ത്തിൽ സംശയമില്ല (Berube, page 63).അതുകൊണ്ടുതന്നെ ഉപാധി കളില്ലാത്ത സ്നേഹത്തിനായുള്ള അന്വേഷണമായി മുന്നോട്ടുവെ ക്കപ്പെട്ട നോവലിലെ ഭിന്നശേഷി നൈതികതയുടെ പ്രതിലോമകര

മായ അവസ്ഥയെകുറിച്ച് വിമർശനാത്മകമായ വിശകലനം നടത്തുക യെന്നത് ഉത്തരവാദിത്തം കൂടിയാണ്.

ഇതിഹാസ കഥാപാത്രമായ അംബ തന്റെ സ്രഷ്ടാവിനോട് ഉത്കണ്ഠയോടെ ചോദിക്കുന്ന ഒരു ചോദ്യം 'ഞാൻ അങ്ങയെ പ്രാപി ച്ചിരുന്നെങ്കിൽ എനിക്ക് ജനിക്കുന്ന കുഞ്ഞിന് സംഭവിച്ചേക്കാമായിരുന്ന ന്യൂനത എന്തായിരിക്കും? എന്നാണ്. (പുറം 23) അതിനുത്തരമായി സ്വേച്ഛയോടെ പുരുഷനെ പ്രാപിക്കാത്ത പാപത്തിന് സ്വേച്ഛയോടെ കൈകാലുകൾ ചലിപ്പിക്കാൻ പറ്റാത്ത മകൻ ജനിക്കുമായിരുന്നുവെന്ന് പറയുന്നു. (പുറം 24) മഹാഭാരത്തിന്റെ തുടർച്ചയായി അവതരിപ്പി ക്കപ്പെട്ട ആധുനികകാലത്തിലെ ഭിന്നശേഷിക്കാരന്റെ അമ്മയായ അംബയും ആശ്വാസം കണ്ടെത്തുന്നത് വിവാഹപൂർവ്വ ലൈംഗിക ബന്ധമെന്ന മിഥ്യയുടെ നിഴലിൽ സൃഷ്ടിച്ചെടുത്ത പാപബോധത്തി ലാണ്. ഇതിലൂടെ പുരുഷനെ അതൃപ്തിയോടെ പ്രാപിച്ചതിന്റ പാപഫ ലമായുണ്ടായ ശാപജന്മങ്ങളാണ് ധൃതരാഷ്ട്രരും പാണ്ഡുവുമെന്ന് പറയുന്ന ഇതിഹാസത്തിലെ ധാർമ്മികസങ്കല്പം തന്നെയാണ് നോവലും പങ്കുവെയ്ക്കുന്നത്. "കുരുടനെയും പാണ്ഡനെയും പെറ്റ പെണ്ണുങ്ങളുടെ പേരുള്ള മക്കളൊന്നും നമുക്ക് വേണ്ട" (പുറം 69) എന്ന് പറയുമ്പോൾ ഭിന്നശേഷിക്കാരൻ അനുഭവിക്കുന്ന വിവേചനവും അടിച്ചമർത്തലും എത്രത്തോളം ഉയർന്ന തോതിലാണെന്ന് മനസ്സി ലാക്കാം.

സ്ത്രീവാദ നൈതികതയെന്ന വ്യാജേന പുരുഷകേന്ദ്രീകൃത മതാത്മക നൈതികതയാണ് സുഭാഷ് ചന്ദ്രൻ ഊട്ടിയുറപ്പിക്കാൻ ശ്രമിക്കുന്നത്. ശിഖണ്ഡി ആണും പെണ്ണും കെട്ടതല്ല ആണും പെണ്ണും ആളുന്നതാണ് (പുറം7), സ്ത്രീയാണ് കൂടുതൽ വലിയ മനുഷ്യൻ (പുറം 48) തുടങ്ങിയ പുതിയ പാഠങ്ങൾ പ്രതീക്ഷ നൽകുന്നതാണെങ്കിലും സഹനത്തിന്റേതായ ലോകത്തിൽ സ്ത്രീയെ തളച്ചിടാനുള്ള മധുരവാ ക്കുകളായി വായിക്കുന്നതിൽ തെറ്റില്ല. നോവലിലെ നൈതിക ചട്ട ക്കൂടിൽ സ്ത്രീക്കും ഭിന്നശേഷിക്കാരനും ഇരയുടെ പരിവേഷം മാത്രമാ ണുള്ളത്. ചുരുക്കിപ്പറഞ്ഞാൽ അതിതീവ്ര മതബോധത്തിലധിഷ്ഠി തമായ പാപബോധമാണ് നോവലിലെ നൈതികതയുടെ അടിസ്ഥാനം.

**ജൈവനൈതികതത്ത്വചിന്തയും ഭിന്നശേഷിയും**

പ്രയുക്തനൈതികത തത്ത്വചിന്തയുടെ (applied ethics) ഒരു ശാഖയായി 1960-കളുടെ ആദ്യപാദത്തിലാണ് ജൈവനൈതിക തത്ത്വചിന്ത (bioethics) വികസിച്ചുവന്നത്. ജൈവനൈതികത ഒരു സ്വതന്ത്ര ശാഖയായി വളരുന്നതിൽ പങ്കുവഹിച്ച പ്രധാനചരിത്ര സംഭവമാണ് ന്യൂറംബർഗ് സംഹിത. രണ്ടാംലോക മഹായുദ്ധാനന്തരം നാസി തടവറകളിൽ കഴിഞ്ഞ ജൂതന്മാരിലും ഭിന്നശേഷിക്കാരിലും നടത്തിയ വൈദ്യശാസ്ത്ര പരീക്ഷണങ്ങളും അതിനെ തുടർന്നുണ്ടായ വിചാരണയുമാണ് ന്യൂറംബർഗ് സംഹിത. മനുഷ്യരിൽ നടത്തുന്ന ഗവേഷണങ്ങളിൽ പാലിക്കേണ്ട ധാർമ്മിക പ്രമാണങ്ങളാണ് ഇത് മുന്നോട്ടുവയ്ക്കുന്നത്.

ജൈവനൈതിക തത്ത്വചിന്ത ഭിന്നശേഷിയുമായി ബന്ധപ്പെട്ട വൈദ്യശാസ്ത്ര മാതൃകയാണ് സ്വീകരിച്ചിട്ടുള്ളത്. വൈകല്യത്തെ ശാരീരികമോ, മാനസികമോ, വൈകാരികമോ ആയ അസാധരണത്വ മായാണ് വൈദ്യശാസ്ത്രമാതൃക കണക്കിലെടുക്കുന്നത്. അതായത് വൈദ്യശാസ്ത്രമാതൃക വ്യക്തിയിലാണ് വൈകല്യത്തിന്റ കാരണത്തെ അടയാളപ്പെടുത്തുന്നത്. ജൈവനൈതിക തത്ത്വചിന്ത മേൽക്കോ യ്മയുടേതായ ഒരു ജ്ഞാനസിദ്ധാന്തമാണ് മുന്നോട്ടുവെയ്ക്കുന്നത്. അറിവിന്റെ തലത്തിലേക്ക് കടക്കുന്നതോടെ അധികാരത്തിന്റെ തല ത്തിലേക്കുകൂടിയാണ് മനുഷ്യശരീരം കടക്കുന്നത്. അതായത് ഇട പെടലുകൾ സാദ്ധ്യമായ ഒരു തലമാണ് മനുഷ്യശരീരമിവിടെ.

വൈകല്യം വ്യക്തിപരമായ സവിശേഷത മാത്രമാണെന്ന വൈദ്യശാസ്ത്ര നിലപാട്, കറുത്തവർഗ്ഗമെന്നത് ജൈവികമായൊരു സവിശേഷതയാണെന്ന് വാദിക്കുന്നതിന് തുല്യമാണെന്ന് സ്ത്രീവാദ ചിന്തകയായ വെൻഡൽ അഭിപ്രായപ്പെടുന്നു (Wendell, page 21) ട്രീമെയിന്റെ അഭിപ്രായത്തിൽ ജനസംഖ്യയുടെ ഒരു വിഭാഗത്തെ ശാക്തീകരിക്കാനും മറ്റൊരു വിഭാഗത്തെ ഉന്മൂലനം ചെയ്യാനുമുള്ള ഭരണകൂടത്തിന്റെ ഒരു ഉപകരണം മാത്രമാണ് ജൈവനൈതിക തത്ത്വ ചിന്ത. (Tremain, 2017) പ്രസ്തുത തത്ത്വചിന്ത ചർച്ചചെയ്യുന്ന

ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഗൗരവമേറിയ ചില പ്രശ്നങ്ങളാണ് ഭ്രൂണഹത്യ, വന്ധ്യംകരണം, ദയാവധം തുടങ്ങിയവ. അതായത് സാധാരണ ജീവിതത്തിലേക്ക് തിരിച്ചുവരാൻ സാദ്ധ്യതയില്ലാത്ത വൈകല്യമുളള വ്യക്തിയെ ദയാവധത്തിന് വിധേയമാക്കുന്നത് എത്രമാത്രം നീതിയുക്തമാണ്?, മാനസിക വെല്ലുവിളികൾ നേരിടുന്ന വ്യക്തികളിൽ നടത്തുന്ന ഗവേഷണങ്ങൾ ധാർമ്മികമായി ശരിയാണോ?, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന വ്യക്തികളെ വന്ധ്യംകരിക്കുന്നത് ധാർമ്മികമാണോ? തുടങ്ങിയവ ജൈവനൈതിക തത്ത്വചിന്ത കൈകാര്യം ചെയ്യുന്ന ചോദ്യങ്ങളിൽ ചിലതാണ്. സമുദ്രശില എന്ന നോവലും ഭിന്നശേഷി നൈതികതയെ അംബയുടെ യാതനകളിലൂടെ പ്രശ്നവത്ക്കരിക്കുകയാണ് ചെയ്യുന്നത്.

**ഭിന്നശേഷി ആഖ്യാനവും നൈതികതയും 'സമുദ്രശില'യിൽ**

അംബ എന്ന കഥാപാത്രത്തെ കേന്ദ്രീകരിച്ച് പെൺമനസ്സിന്റെ ഉള്ളകം അനാവരണം ചെയ്യാനാണ് സുഭാഷ് ചന്ദ്രൻ ശ്രമിക്കുന്നത്. പുരുഷകേന്ദ്രീകൃതമായ വികലമായ ഒരു കാഴ്ചപ്പാടിൽ സൃഷ്ടിക്കപ്പെട്ട കഥാപാത്രങ്ങളാണ് ഭിന്നശേഷിക്കാരനായ അനന്തപത്മനാഭനും നിരാലംബയായ അംബയും. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കഥാപാത്രങ്ങളെ ആഖ്യാനിക്കപ്പെടാൻ മാത്രം വിധിക്കപ്പെട്ട മനുഷ്യരൂപങ്ങളായാണ് നോവൽസാഹിത്യം കരുതിപ്പോരുന്നതെന്ന് മിഖേയൽ ബെറൂബ് അഭിപ്രായപ്പെട്ടത് 'സമുദ്രശില'യുടെ കാര്യത്തിൽ ശരിയാണ് (Bérubé, page63). അപ്പു എന്ന അനന്തപത്മനാഭന്റെ മനോവിചാരങ്ങളിലേക്ക് ഒരിക്കലും കടന്നുചെല്ലാത്ത ആഖ്യാനങ്ങൾ, മാനസിക വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാർ സ്വയം ആഖ്യാനിക്കപ്പെടാൻ അർഹതയില്ലാത്ത മനുഷ്യശരീരങ്ങൾ മാത്രമാണെന്ന പൊതുബോധത്തിന്റ ഉപോത്പന്നമാണെന്ന കാര്യത്തിൽ തർക്കമില്ല.

"ഭാഷ അമ്മയാണെങ്കിൽ നിത്യരോഗിയും നിരാലംബനുമായ ഒരുവന്റെ അമ്മയായി എനിക്കവളെ വരക്കണ"മെന്നും (പുറം129) "ശിഖണ്ഡിയെ സൂചിപ്പിക്കുന്ന ആണും പെണ്ണും കെട്ടത് എന്ന പ്രയോഗം ഭാഷയുടെ മനുഷ്യത്വത്തെ കെടുത്തിക്കളയു"മെന്നും(പുറം100) അതി വൈകാരി

കതയോടെ പറയുന്ന എഴുത്തുകാരന്റെ ഉദ്ദേശശുദ്ധിയെ സംശയിക്കത്തക്ക പ്രയോഗങ്ങൾ നോവലിലുടനീളം കാണാം. ഉദാഹരണത്തിന് അപ്പുവിനെ സംബോധന ചെയ്യുന്ന 'രോഗിയായ മകൻ, അസുഖക്കാരനായ മകൻ, ശാരീരികക്ലേശമുള്ള പേരമകൻ തുടങ്ങിയ വാക്കുകൾ വൈദ്യശാസ്ത്രമാതൃക ആവാഹിച്ച ഒരു ഭാഷയെയാണ് അടയാളപ്പെടുത്തുന്നത്. അപ്പുവെന്ന കഥാപാത്രത്തെ വരച്ചുകാണിക്കുമ്പോൾ എഴുത്തുകാരൻ ഉപയോഗിക്കുന്ന ചില വാചകങ്ങൾ കരുതലിന്റെ കണികപോലും ഇല്ലാത്തതാണ്.'' എന്റെ പ്രാണന്റെ ശതകോടി മടക്കുകളിലെവിടെയോ ഉണ്ടായിരുന്നതും മറ്റെന്തിനോ വേണ്ടിയുള്ള ഖനനത്തിൽ അവിചാരിതമായി മഴു തട്ടി പുറത്തേക്ക് തള്ളിയതും ഒടിഞ്ഞു മടങ്ങിയതുമായ വെങ്കല പ്രതിമ (പുറം157), ...എന്നിലും അയാൾ ഖനനം നടത്തി. പ്രാണന്റെ അയിരിൽ നിന്ന് പൊന്നായി ഇനിയും വേർതിരിക്കാൻ പറ്റാത്ത പാവം അപ്പുവിനെയാണ് അയാൾക്ക് കിട്ടിയത് (പുറം195), മൂന്നാം പാപ്പാനെ അനുസരിക്കുന്ന ആനയെപ്പോലെ അവനൊരു മമത വന്നിരുന്നു (പുറം85)- ഇവിടെ 'ഒടിഞ്ഞു മടങ്ങിയതുമായ വെങ്കല പ്രതിമ, പൊന്നായി ഇനിയും വേർതിരിക്കാൻ പറ്റാത്ത അയിര്, മൂന്നാം പാപ്പാനെ അനുസരിക്കുന്ന ആന', തുടങ്ങിയ ബിംബകല്പനകൾ ഭാഷയുടെ സ്നേഹരാഹിത്യത്തെ പ്രതിഫലിപ്പിക്കുന്നതോടൊപ്പം ഭിന്നശേഷിക്കാരനെ അചേതനമായ വസ്തുവായും അനുസരണയുള്ള മൃഗമായും കരുതുന്നു.

നഗരപ്രാന്തത്തിലെ ഫ്ളാറ്റിൽ പുറംലോകം കാണാതെ കഴിയുന്ന അപ്പുവെന്ന യുവാവിന് നഷ്ടമായത് സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും ലോകമാണ്. അവന്റെ ഏകാന്തതയിൽ ഏക ആശ്വാസം മൊബൈൽ ഫോണും ടിവിയിലെ ഫുട്ബോൾ കളിയുമാണ്. ഭിന്നശേഷിക്കാരനായ അപ്പുവിന് സുഹൃത്തുക്കളില്ല എന്ന ദുഃഖം അംബ എഴുത്തുകാരനോട് പങ്കുവെക്കുന്നു. വീട്ടുജോലിക്കാരിയായ ആഗ്നസിന്റെ കയ്യിൽനിന്ന് വാങ്ങിയ വീഞ്ഞ് ആദ്യമായി രുചിക്കുന്ന മകന് സുഹൃത്തായി കൂട്ടിരിക്കാരൻ അംബ എഴുത്തുകാരനെ ക്ഷണിക്കുന്നു. പക്ഷേ കരുതലില്ലാത്ത സമൂഹത്തിന്റെ പ്രതിനിധിയായ എഴുത്തുകാരൻ പ്രതികരിക്കാതെ നിസ്സംഗനായി മാറിനിൽക്കുകയാണ്

ചെയ്യുന്നത്. നല്ല സൗഹൃദത്തിന്റെ അഭാവമാണ് അപ്പുവിനെ മൊബൈൽഫോണിലൂടെ അതിലൈംഗികതയുടെതായ ലോകത്തിൽ തളച്ചിടുന്നത്. വിവരസാങ്കേതികവിദ്യ ഭിന്നശേഷി ശരീരങ്ങളുടെയും വികാരങ്ങളുടെയും മേൽ നടത്തുന്ന കടന്നുകയറ്റമാണിത്. ‘‘സാധാരണ ക്കാരനല്ലാത്തതിനാൽ അവന്റെ ആത്മരതി അല്പം കടുത്തതുതന്നെ’’ (പുറം15) എന്ന കണ്ടെത്തൽ മാനദണ്ഡങ്ങൾക്ക് വഴങ്ങാത്ത ശരീരങ്ങ ളുടെ ലൈംഗികതാത്പര്യങ്ങളെ മൂല്യം കുറിച്ച് കാണിക്കുന്ന വൈദ്യ ശാസ്ത്രമാതൃക തന്നെയാണ് വിതരണം ചെയ്യുന്നത്.

സാമൂഹികമായി അല്ലെങ്കിൽ സാംസ്കാരികമായി നിർമ്മിക്ക പ്പെട്ട അബദ്ധസങ്കല്പനങ്ങളെ ഉടച്ചുവാർക്കാനുള്ള ഒരു ഉപാധിയാണ് സാഹിത്യം. പക്ഷേ ഭിന്നശേഷിയെ കുറിച്ചുള്ള സാംസ്കാരികമായ സങ്കല്പങ്ങളും അജ്ഞതകളും അപമാനബോധവും അതേപടി പുനർ നിർമ്മിക്കപ്പെടുകയാണ് ഈ നോവലിൽ. ഭാഷയെ വിമലീകരിച്ച തുകൊണ്ട് മാത്രം സാമൂഹത്തിന്റെ മനോഭാവം മാറണമെന്നില്ല. ഏതൊരു ഭാഷയും അതുൾക്കൊള്ളുന്ന സംസ്കാരത്തിന്റെ അല്ലെ ങ്കിൽ സമൂഹത്തിന്റെ സ്നേഹരാഹിത്യമാണ് പ്രതിഫലിപ്പിക്കുന്നത്. അബദ്ധജടിലമായ ഇത്തരം സങ്കല്പനങ്ങളെയും മുൻവിധികളെയും ഉടച്ചുവാർക്കാനുള്ള ആർജ്ജവവും ഉത്തരവാദിത്തവും എഴുത്തുകാരനു ണ്ടാവണം.

യുക്തിപൂർവ്വം തിരഞ്ഞെടുപ്പു നടത്താൻ കഴിവുള്ള വ്യക്തികൾ കേവലം മാർഗ്ഗം മാത്രമല്ല ലക്ഷ്യം കൂടിയാണെന്ന് ജർമ്മൻചിന്ത കനായ ഇമ്മാനുവൽ കാന്റ് അഭിപ്രായപ്പെട്ടിട്ടുണ്ട്. കാന്റിന്റെ ദർശ നത്തിൽ യുക്ത്യാധിഷ്ഠിതമായി തീരുമാനങ്ങൾ എടുക്കാൻ കഴിവുള്ള വ്യക്തികൾ മാത്രമാണ് ധാർമ്മികകർത്തൃത്വമുള്ള വ്യക്തിത്വങ്ങളായി പരിഗണിക്കപ്പെടാൻ അർഹതയുള്ളവർ. അങ്ങിനെ വരുമ്പോൾ ബുദ്ധി പരമായ വെല്ലുവിളികൾ നേരിടുന്ന ഭിന്നശേഷിക്കാരെ ധാർമ്മിക കർത്തൃത്വമില്ലാത്തവരായി കണക്കാക്കേണ്ടി വരും.

പാശ്ചാത്യരാജ്യങ്ങളിൽ ഭിന്നശേഷി നൈതികതയുമായി ബന്ധ പ്പെട്ട് വളരെയധികം ചർച്ചചെയ്യപ്പെട്ട സംഭവമാണ് ബുദ്ധിപരമായ

വെല്ലുവിളികൾ നേരിടുന്ന ആഷ്‌ലിയെന്ന പെൺകുട്ടിയുടെ കാര്യത്തിലുണ്ടായ അസ്വാഭാവികമായ വൈദ്യശാസ്ത്ര ഇടപെടലുകൾ. ആഷ്‌ലിയുടെ മാതാപിതാക്കന്മാരുടെ ആവശ്യപ്രകാരം വൈദ്യശാസ്ത്ര ഉപാധികൾ ഉപയോഗിച്ച് കുട്ടിയുടെ ശാരീരികവളർച്ച നിയന്ത്രിച്ചും ഗർഭപാത്രം നീക്കംചെയ്തും അവളെ ശിശുവായി തന്നെ നിലനിർത്തിയ സംഭവമാണിത്. പീറ്റർ സിങ്ങറിനെ പോലെയുള്ള (Peter Singer 2007) ചിന്തകർ ഈ സംഭവത്തെ ന്യായീകരിച്ച് കുട്ടിയുടെ മനസ്സുമായി ജീവിക്കുന്ന വ്യക്തിയുടെ ശരീരത്തെ കുട്ടിയുടെതായി നിലനിർത്തുന്നതിൽ തെറ്റില്ലെന്ന് വാദിക്കുന്നു. അതായത് ധാർമ്മികകർത്തൃത്വമില്ലാത്ത ഭിന്നശേഷിക്കാരെ നല്ല ലക്ഷ്യത്തിലേക്കുള്ള മാർഗ്ഗമായി കരുതുന്നതിൽ തെറ്റില്ലെന്ന വാദം ഇമ്മാനുവൽ കാന്റിന്റെ ചിന്തയുടെ തുടർച്ചയാണ്.

തന്റെ മരണം അപ്പുവിന്റെ സ്വതവേ ദുരിതപൂർണ്ണമായ ജീവിതത്തെ വീണ്ടും ദുരിതത്തിന്റെ ആഴക്കയങ്ങളിലേക്ക് തള്ളിവിടുമെന്ന് മനസ്സിലാക്കിയ അംബ അവനെ വിഷം കൊടുത്തു കൊല്ലുകയാണ്. ഇവിടെ മാതൃത്വം എന്ന സ്ഥാപനം ഭിന്നശേഷിക്കാരന്റെ ശരീരത്തിൽ നടത്തുന്ന അധികാരപ്രയോഗമാണ് അപ്പുവിന്റെ കൊലപാതകം. അതായത് തന്റെ ശരീരത്തിൽ പൊടിച്ച പൊടിപ്പ് കളയായാലും വിളയായാലും അതിന്റെ ജനിമൃതി നിർണ്ണയിക്കാനുള്ള അവകാശം അമ്മയ്ക്കാണെന്ന വാദം അധികാരപ്രയോഗം തന്നെയാണ്. ആരോഗ്യമുള്ള പെൺകുഞ്ഞിനെ കക്കൂസിലിട്ട് കൊല്ലുന്ന ഒരമ്മയുടെ ചെയ്തിയെ ധാർമ്മികരോഷത്തോടെ ചിത്രീകരിക്കുന്ന എഴുത്തുകാരൻ അതിനെ, ഒരിക്കൽ താനൊരു കുഞ്ഞായിരുന്നു എന്ന് ഓർമ്മിക്കാൻ കഴിയുന്ന ഏതൊരു മനുഷ്യനെയും തനിക്കൊരു ഗർഭപാത്രമുണ്ടെന്ന് തിരിച്ചറിയുന്ന സ്ത്രീയെയും മഥിപ്പിക്കുന്ന കാഴ്ചയെന്നാണ് വിശേഷിപ്പിച്ചത് (പുറം 179). പക്ഷേ അപ്പുവിന്റെ ലൈംഗികതയെന്ന പാപത്തിനുള്ള വധശിക്ഷ നടത്താനുള്ള അമ്മയുടെ അധികാരത്തെ ഉദാത്തവത്കരിക്കുന്നിലൂടെ, ബുദ്ധിപരമായ വൈകല്യം നേരിടുന്ന ഭിന്നശേഷിക്കാരന് തന്റെ ജീവനെയും ജീവിതത്തെയും ബാധിക്കുന്ന

നിർണ്ണായക തീരുമാനങ്ങൾ എടുക്കാൻ അവകാശമില്ലെന്നാണ് എഴുത്തുകാരൻ പറഞ്ഞു വെക്കുന്നത്.

ഭ്രൂണഹത്യയുടെ സാധുതയ്ക്കായി പീറ്റർ സിങ്ങർ (1993 അദ്ധ്യായം 9) നിരത്തിയ വാദം സമൂഹതാത്പര്യങ്ങൾക്കൊത്ത് മുന്നോട്ടു പോകുന്ന ജീവനും ജീവിതവും മാത്രമെ സംരക്ഷിക്കപ്പെടാൻ അർഹതയുള്ളൂവെന്നാണ്. അങ്ങിനെയെങ്കിൽ വൈകല്യമുള്ള ഭ്രൂണത്തെയോ വ്യക്തിയെയോ കൊല്ലുന്നതിനെക്കാൾ പാപം കൂടിയ പ്രവർത്തിയാണ് ആരോഗ്യമുള്ള ഭ്രൂണത്തെയോ വ്യക്തിയെയോ വധിക്കുന്നതെന്നതെന്ന (Peter Singer 2010) വാദങ്ങൾ നോവലിലെ നൈതികതയുമായി ചേർന്നുപോവുന്നതാണ്. Disabled People International Europe (2000) എന്ന സംഘടന ഭ്രൂണഹത്യയുമായി ബന്ധപ്പെട്ട് സമൂഹത്തിൽ നടക്കുന്ന പൊതുചർച്ചകൾ വൈകല്യമുള്ള വ്യക്തിയുടെ ജീവിതത്തിന്റെ മൂല്യം കുറച്ചുകാണിക്കുകയും, അവരുടെ ജീവിതം ജീവിക്കാനുള്ളതല്ലെന്ന തെറ്റായ സന്ദേശമാണ് സമൂഹത്തിന് നൽകുന്നതെന്നും വാദിക്കുന്നു. അപ്പുവിന്റെ കൊലപാതകത്തിലൂടെ ഇതേ സന്ദേശമാണ് സുഭാഷ് ചന്ദ്രനും സമൂഹത്തിനായി നൽകുന്നത്.

### കരുതലിൽ അധിഷ്ഠിതമായ നൈതികതയും ഭിന്നശേഷിയും

ജൈവനൈതികതത്ത്വചിന്തയുടെ മേൽക്കോയ്മയുടേതായ ജ്ഞാനസിദ്ധാന്തത്തിന് പകരം വെയ്ക്കാൻ പറ്റുന്ന ഒരു സമീപനമാണ് കരുതലിലധിഷ്ഠിതമായ നൈതികത (care ethic). Nel Noddings എന്ന ചിന്തകയുടെ *Caring: A Feminine Approach to Ethics and Moral Education* എന്ന പുസ്തകത്തിലാണ് കരുതലിൽ അധിഷ്ഠിതമായ നൈതികത എന്ന ആശയം ആദ്യമായി ചർച്ച ചെയ്യുന്നത്. ഭിന്നശേഷിയുമായി ബന്ധപ്പെട്ട സാമൂഹിക-സാംസ്കാരിക മാതൃകയായി ഈ ചിന്തയെ സ്വീകരിക്കാവുന്നതാണ്. സാമൂഹികസേവനങ്ങളുടെ അപ്രാപ്യത, പൊതുവിദ്യാഭ്യാസത്തിൽ നിന്നുള്ള ബഹിഷ്ക്കരണം തുടങ്ങിയവയാണ് പ്രവർത്തന പോരായ്മയുള്ള വ്യക്തികളെ കൂടുതൽ വൈകല്യമുള്ളവരാക്കുന്നത്. അതായത് സമൂഹത്തിന്റെ കരുതലില്ലായ്മയാണ് ഒരു പരിധിവരെ പ്രവർത്തന പോരായ്മക്ക് കാരണമാവുന്ന

അവസ്ഥകളും ഘടകങ്ങളും സൃഷ്ടിക്കുന്നത്. കരുതലിലധിഷ്ഠിതമായ നൈതികത (care ethic) നൈസർഗികമായ കരുതലിനാണ് (natural caring) പ്രാധാന്യം കൊടുക്കുന്നത്. അതുകൊണ്ടുതന്നെ ഈ മാതൃകയിൽ ആരും ഏകരായി മാറ്റിനിർത്തപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തുന്നു. ജൈവനൈതികതത്ത്വചിന്തയുടെ വൈദ്യശാസ്ത്രനോട്ടം മനുഷ്യന്റെ ശാരീരിക പ്രത്യേകതകളിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. അതിനുപകരം ഭിന്നശേഷിക്കാരുടെ ചിന്തകളെയും വികാരങ്ങളെയും സാമൂഹിക സാഹചര്യങ്ങളെയും കേന്ദ്രീകരിക്കുന്ന ഒരു സമീപനമാണ് നമുക്കാവശ്യം. അത്തരമൊരു സമീപനമാണ് കരുതലിലധിഷ്ഠിതമായ നൈതികത മുന്നോട്ട് വെയ്ക്കുന്നത്.

നോഡിങ്ങ്സിന്റെ അഭിപ്രായത്തിൽ കരുതൽ എന്നത് സ്ത്രൈണമായ സ്വഭാവസവിശേഷതയാണെങ്കിൽക്കൂടി സാമൂഹിക സ്ഥാപനങ്ങളായ കുടുംബം, വിദ്യാഭ്യാസം തുടങ്ങിയവയിൽ നിന്നും ലഭിക്കുന്ന കരുതലിന്റേതായ അനുഭവത്തിൽക്കൂടി കടന്നു പോവുന്ന ഏതൊരാൾക്കും ഈ സവിശേഷഗുണം ആർജ്ജിക്കാനാവും. (Noddings,1984). നൈസർഗ്ഗികമായ കരുതൽ (natural caring) എന്ന ആശയത്തിനാണ് കരുതലിലധിഷ്ഠിതമായ നൈതികതയിൽ മുഖ്യസ്ഥാനം. അനുകമ്പയ്ക്ക് പകരം സഹജഭാവത്തിൽ അധിഷ്ഠിതമായ (empathy) പരസ്പര ബന്ധത്തിനാണ് ഇവിടെ പ്രാമുഖ്യം. നൈസർഗ്ഗികമായ കരുതൽ പരാജയപ്പെടുന്നിടത്തുമാത്രമേ ധാർമ്മികമായ കരുതൽ ആവശ്യമുള്ളൂ എന്നാണ് വാദം. ഭിന്നശേഷിയുമായി ബന്ധപ്പെട്ട നീതി അവകാശം, സ്വയംനിർണ്ണയാവകാശം തുടങ്ങിയ ചർച്ചകളിൽ മാനദണ്ഡങ്ങളിൽ അധിഷ്ഠിതമായ നൈതികയെക്കാളും (principle based ethics) ആവശ്യത്തിലധിഷ്ഠിതമായ കരുതലാണ് പ്രധാനം.

കരുതൽ സംരക്ഷണം മാത്രമല്ല സ്നേഹത്തിലധിഷ്ഠിതമായ പരസ്പരബന്ധമാണ്. ഇത്തരം മാനുഷികബന്ധങ്ങൾക്ക് മാത്രമേ ഭിന്നശേഷിക്കാരുടെ വിചാരങ്ങളും ആഗ്രഹങ്ങളും തുറന്ന മനസോടെ സ്വീകരിക്കാൻ പറ്റുകയുള്ളൂ. സമൂഹത്തിന്റെ മനോഭാവത്തിന് മാറ്റം വരാതെ ഭിന്നശേഷിക്കാർ നേരിടുന്ന വിവേചനങ്ങളും അടിച്ചമർത്താനാവില്ല. കരുതലിലധിഷ്ഠിതമായ സമൂഹം കെട്ടിപ്പടുക്കുവാൻ കരുത

ലിലധിഷ്ഠിതമായ വിദ്യാഭ്യാസമാണ് നമുക്കാവശ്യം (Noddings 2002). ഈ വിദ്യാഭ്യാസപ്രക്രിയയിൽ സാഹിത്യത്തിനും ചെറുതല്ലാത്ത പങ്കുണ്ട്. സമൂഹത്തിൽ, പ്രത്യേകിച്ചും കുടുംബങ്ങളിൽ കരുതലിന്റേതായ അന്തരീക്ഷത്തിൽ വളരുന്ന കുട്ടികൾ സ്നേഹത്തിലധിഷ്ഠിതമായ പരസ്പരബന്ധം വളർത്തിയെടുക്കുകയും തനിക്ക് ചുറ്റുമുള്ളവരെ സ്നേഹിക്കാൻ പഠിക്കുകയും ചെയ്യുന്നു. ഭിന്നശേഷിക്കാരനെ അയൽക്കാരനായി, സുഹൃത്തായി, സഹപ്രവർത്തകനായി മനസ്സിലാക്കി സ്നേഹിക്കുന്നതിലൂടെ മാത്രമേ അവരുടെ ജീവിതനിലവാരം ഉയർത്താൻ പറ്റുകയുള്ളൂ.

*ഗ്രന്ഥസൂചി*


1. സുഭാഷ്, ചന്ദ്രൻ, *സമുദ്രശില,* 2019,മാതൃഭൂമി ബുക്സ്.
2. Berube, Michael .2016, *The Secret Life of Stories: From Don Quixote to Harry Potter, How Understanding Intellectual Disability Transforms the Way We Read,* New York and London: New York University Press.
3. Tremain, Shelley L. 2017, *Foucault and Feminist Philosophy of Disability,* University of Michigan Press.
4. Keith, Heather E. & Keith, Kenneth D. 2013, *Intellectual Disability EthicsþDehumanization and a New Moral Community,* John Wiley & Sons.
5. Kopelman, Loretta & Moskop, John C.(eds) 1984, *Ethics and Mental Retardation,* Springer Science Business Media Dordrecht.
6. Albrecht.T, Gary.L.2006, *Encyclopedia of Disability, Volume 5,* Sage Publications.
7. Slote, Michael. 2007, *The Ethics of Care and Empathy,* Routledge.
8. Noddings, Nel. 1984, *Caring: A Relational Approach ethics and Moral Education,* University of California Press.

9. Noddings, Nel. 2002, *Educating Moral People,* Teachers College, Columbia University.

10. Singer, Peter. 1993. Practical Ethics. Cambridge, UK: Cambridge University Press.

11. Singer, P. 2007, January 26. A Convenient Truth about Disability, *New York Times.*

12. Retrieved from: http://www.nytimes.com/2007/01/26/opinion/26singer.html (accessed october 17, 2019).

13. Cooke, Robert E. 1973, " Ethics and Law on Behalf of the Mentally Retarded" *Pediatric Clinics of North America,* Vol. 20, No.1, February.

14. Foucault, Michel .2003, *The Birth of the Clinic,* London: Routledge. Translated by A. M. Sheridan.

15. Wendell, Susan.1996.*The Rejected body : Feminist Philosophical Reflections on Disability,* Routledge.

# ഭിന്നശേഷി പ്രതിനിധാനം പുതുകഥയിൽ: സ്വത്വാനന്തരപാരായണം

**നയൻതാരാ സിബി**

**ഗവേഷക മലയാളവിഭാഗം, സെൻറ് തോമസ് കോളേജ്, പാല**

ആത്മവത്തയെ വലയം ചെയ്യുന്ന സമസ്യകൾ നിർദ്ധാരണം ചെയ്യുന്നതിനുള്ള സൂത്രവാക്യങ്ങൾ തേടിയുള്ള അന്വേഷണങ്ങളാണ് ജ്ഞാനരൂപങ്ങളുടെ കാതൽ. ധിഷണാലോകത്തെ പ്രകമ്പനം കൊള്ളിച്ച സിദ്ധാന്തങ്ങൾ മിക്കവയുടെയും ആരംഭബിന്ദു സ്വന്തം അസ്തിത്വരഹസ്യമറിയുന്നതിനുള്ള അടിസ്ഥാനതൃഷ്ണയാണ്. ഏതു മനുഷ്യരിലും കുടികൊള്ളുന്ന ആഗ്രഹങ്ങളിൽ പ്രധാനമാണ് ആത്മ ജ്ഞാനം ആർജ്ജിക്കുകയെന്നത്. ഇതേ ഇച്ഛയുടെ അസ്തിവാരത്തി ന്മേലാണ് മഹത്തായ ദർശനസൗധങ്ങൾ പടുത്തുയർത്തപ്പെട്ടിട്ടുള്ളത്. സ്വത്വമെന്ന സങ്കീർണ്ണ സംജ്ഞയെ വിശദീകരിക്കാൻ ധാരാളം പേർ ശ്രമിച്ചിട്ടുണ്ട്. സ്വാഭാവികവും നിഷ്കളങ്കവുമായി രൂപപ്പെടുന്ന സ്വത്വം അചഞ്ചലമായി നിൽനിൽക്കുന്നതാണ് എന്ന പ്രാരംഭധാരണകൾ സംസ്കാരപഠനങ്ങളുടെ നവീനവാതത്തിൽ കടപുഴകിവീണു. സാംസ്കാരികവും സാമൂഹികവുമായ ഘടകങ്ങളാൽ സ്വാധീനിക്കപ്പെ ടുന്നതും ബാഹ്യപ്രേരണകൾക്കനുസൃതം നിരന്തരം പരിണമിക്കുന്നതു മായ ഒന്നായി സ്വത്വം ഇന്നു തിരിച്ചറിയപ്പെടുന്നു. ഈ ബോധ്യങ്ങളിൽ നിന്നാണ് സ്വത്വബോധത്തിന്റെ രാഷ്ട്രീയം  എന്ന പരികല്പന ഉദയം കൊണ്ടത്.

കേവലമായ വിശദീകരണങ്ങൾ സ്വത്വത്തിനു ലഭിക്കാറില്ല. സ്വത്വം നിർവ്വചിക്കപ്പെടുന്നത് അപരവുമായുള്ള താരതമ്യ വിശകലന ത്തിലൂന്നിയാണ്. വംശം, നിറം, ലിംഗഭേദം, ലൈംഗികാഭിമുഖ്യം തുടങ്ങി മാനദണ്ഡങ്ങൾ പലതും വിന്യസിച്ച് സൃഷ്ടിച്ചെടുക്കുന്ന വിരുദ്ധ ദ്വന്ദ്വങ്ങളെ സ്വത്വത്തിന്റെ ആധാരമായി പലപ്പോഴും പരിഗണിക്കാറുണ്ട്. സമ്പൂർണ്ണൻ/ബലഹീനൻ എന്ന ദ്വന്ദ്വകല്പനയ്ക്കും ഇതേ ഗണ ത്തിലാണ് സ്ഥാനം. അടിച്ചമർത്തുന്ന ഒരു അപരീകരണം ശക്തമായി സൃഷ്ടിക്കപ്പെടുന്നുണ്ട്. അപരവത്ക്കരിക്കപ്പെടുന്നവർ എപ്പോഴും സമൂഹത്തിന്റെ ബലരഹിതവശത്ത് ഉൾപ്പെടുന്നവരാവും. സ്ത്രീകളും കറുത്തവരും സ്വവർഗാനുരാഗികളും ഭിന്നശേഷിക്കാരുമെല്ലാം അതിലുൾപ്പെടുന്നു. അടിച്ചമർത്തലിന്റെ നാൾവഴികൾക്കൊടുവിൽ സമാർജ്ജിച്ച സംഘബലത്തോടെ ഈ വ്യവസ്ഥയെ എതിർക്കാൻ നോക്കുമ്പോഴും ഈ ദ്വന്ദ്വകല്പനയിൽ വിരിയിച്ചെടുത്ത സ്വത്വബോധം കൈയൊഴിയാൻ അവർക്കു സാധിച്ചിട്ടുണ്ടാവില്ല. ഇതേ സ്വത്വത്തിന്റെ വേലിക്കെട്ടിൽനിന്ന് നടത്തുന്ന എതിർപ്പിന്റെ ശ്രമങ്ങൾ ഈ വിഭാഗീ യതയെ കൂടുതൽ ഊട്ടിയുറപ്പിക്കുന്നതിന് മാത്രമാവും ഉതകുന്നത്.

സ്വത്വങ്ങളൊക്കെയും സൃഷ്ടികളാണ്. ഭൗതികമായ യാഥാർ ത്ഥ്യങ്ങൾ അവയ്ക്കുപിന്നിൽ ഉണ്ടാവാമെങ്കിലും ഏറെക്കുറെ ബോധ പൂർവ്വമായ ഇടപെടലുകൾ സമൂഹത്തിലെ സ്വത്വനിർമ്മിതികൾക്കു പിന്നിലുണ്ട്. പരസ്പരം കൂടിക്കലരുന്ന, പോരടിക്കുന്ന വ്യത്യസ്ത സ്വത്വവിഭാഗങ്ങൾക്കിടയിലാണ് വ്യക്തികൾ നിലനിൽക്കുന്നത്. ഈ അവസ്ഥയാൽ സംജാതമാകുന്ന ആശയക്കുഴപ്പങ്ങളെയും സംഘർഷ ങ്ങളെയും ചൂഷണം ചെയ്യുന്ന ശക്തികൾ സ്വത്വനിർമ്മിതിയുടെ രാഷ്ട്രീയം എന്ന ചിന്തയുടെ പരിധിയിൽ വരുന്നുണ്ട്. ആരോപിക്ക പ്പെടുന്ന സ്വത്വങ്ങളെല്ലാം സ്വാംശീകരിച്ച്, അതിനെതിരെ പ്രതികരിക്കു ന്നതിനുള്ള ശ്രമങ്ങൾ ആത്യന്തികമായി അടിച്ചമർത്തൽ വ്യവസ്ഥയുടെ ദൃഢീകരണത്തിനിടയാക്കും. ഈ സത്യം ഗ്രഹിച്ചതിന്റെ ധനാത്മകഫ ലമാണ് ഇന്നു വികസിച്ചുവരുന്ന സ്വത്വാനന്തരത എന്ന പ്രതീക്ഷ പകരുന്ന ആശയധാര.

നിൽപ്പുഘടനകളെ സ്വത്വവിഭാഗങ്ങൾ എങ്ങനെ നിലനിർത്തുന്നുവെന്നും സ്വത്വത്തെ സംബന്ധിക്കുന്ന ചില പുതുതെളിച്ചങ്ങൾ സ്വത്വഭൂമികയിലെ അധികാര അസുന്തലിതകളെ അപനിർമ്മിക്കുകയും ഉന്മൂലനം ചെയ്യുകയും ചെയ്യുന്നുവെന്നും ഒരേസമയം സ്വത്വാനന്തരത നിരീക്ഷിക്കുന്നു. വ്യവസ്ഥയുടെ ഘടനാപരമായ ആവർത്തനത്തിനു മാത്രമുതകുന്ന ചിന്തയുടെ വൈരുദ്ധ്യാത്മകശീലങ്ങളെ അതു വെല്ലുവിളിക്കുന്നു. ബലഹീനതാപഠനങ്ങളിൽ പരിമിതിയെക്കുറിച്ചുള്ള വ്യവഹാരങ്ങൾ ഒരു ആദർശവ്യക്തിത്വത്തെ അവതരിപ്പിച്ച് അയാളോടു തുലനം ചെയ്ത് ശാരീരികശേഷിക്കുറവുകളെ അപഗ്രഥിക്കുകയാണു പലപ്പോഴും ചെയ്യുന്നത് എന്ന തിരിച്ചറിവ് സ്വത്വാനന്തര ചിന്താലോകത്തിന്റെ സംഭാവനയാണ്.

തികഞ്ഞ വ്യക്തി എന്ന നിലവാരപ്പലകയ്ക്ക് കീഴിൽ ഓരോ മനുഷ്യനും വിലയിരുത്തപ്പെടുന്നുണ്ട്. സ്വത്വബോധത്തിനു ശ്രമിക്കുന്ന ഭിന്നശേഷിയുള്ള വ്യക്തിക്ക് ഉത്തമവ്യക്തിയെ പ്രതിഫലിപ്പിക്കുന്ന ഒരു ദർപ്പണം നൽകി 'നീ അപൂർണ്ണനാണ്; നിന്റെ വ്യക്തിത്വം ശകലിതവും' എന്നുപറയുന്നതാണ് സമൂഹത്തിന്റെ നയം. ഒരു ജ്ഞാന അസാധൂരണത്തിലൂടെയാണ് അവർക്കു കടന്നു പോകേണ്ടിവരുന്നത്. സ്വന്തം സിദ്ധികളെയും വ്യക്തിത്വങ്ങളെയും തിരിച്ചറിയാൻ അനുവദിക്കാത്ത ജ്ഞാനരൂപങ്ങൾക്കിടയിൽ, സാംസ്കാരികവിനിമയത്തിൽ തങ്ങളെക്കൂടി ഉൾക്കൊള്ളുന്നതിന് ഏതു സ്വത്വം കൈയാളണം എന്ന ചിന്തയിൽ ഉഴറുന്ന ഭിന്നശേഷിവ്യക്തിത്വങ്ങൾ സ്വത്വാനന്തരഭൂമികയിൽ അപ്രത്യക്ഷരാവുന്നു. നമ്മളാരാണെന്ന ഉണ്മയുടെ തലങ്ങൾ തുന്നിച്ചേർക്കാൻ താരതമ്യാത്മക ബോധ്യങ്ങൾക്കപ്പുറം സ്വന്തം ഉള്ളിലെ തന്മകളെ തോറ്റിയുണർത്തുകയാണു വേണ്ടത് എന്ന ചിന്തയാണ് സ്വത്വാനന്തരതയുടെ സാരസത്ത.

അധികാരഘടനകൾ, ചെറുഭൂരിപക്ഷങ്ങൾ പ്രാപഞ്ചികസ്വത്വങ്ങളുടെ പ്രതിനിധാനങ്ങളാണ് എന്ന ധാരണ പ്രചരിപ്പിച്ചിരുന്നു. അധികാരദ്വന്ദ്വത്തിന്റെ അസമതകളെ ബലിഷ്ഠമാക്കിയ ഈ പ്രക്രിയ, സാമൂഹികചട്ടത്തിനുള്ളിൽ മാതൃകയെന്നു ഗണിച്ചിരുന്നവർക്ക് കൂടുതൽ പ്രാമാണികത നേടിക്കൊടുത്തുപോന്നു. അപരസ്വത്വം

വീണ്ടും ഇകഴ്ത്തപ്പെട്ടു. ഈ ചിന്താപദ്ധതിയുടെ വിടവുകളിൽ പ്രവർത്തന നിരതമാക്കുന്ന സ്വത്വാനന്തരത അതിനെ ചൊടിപ്പിക്കുകയും വെല്ലുവിളിക്കുകയും അവ പ്രചരിപ്പിച്ച ഖരീകൃതമായ ബോധ്യങ്ങളെ ഇളക്കുവാൻപോന്ന പ്രതിരോധ മാതൃകകൾ അവതരിപ്പിക്കുകയും ചെയ്യുന്നു.

സ്വത്വാനന്തരതയിൽ ഉടലെടുത്ത ആശയങ്ങളിൽ, മലയാള സാഹിത്യത്തിലെ പുതുകഥയിൽ ദൃശ്യമാവുന്ന ഭിന്നശേഷി ആഖ്യാനങ്ങളെ കണ്ടെടുക്കുകയാണ് ഈ പഠനത്തിന്റെ ഉദ്ദേശ്യം. സാഹിത്യത്തിലും ചലച്ചിത്രത്തിലും മറ്റും ഭിന്നശേഷിയുള്ള കഥാപാത്രങ്ങളെ പരിഹാസരൂപങ്ങളായി ചിത്രീകരിക്കുന്ന പ്രവണത ശക്തമായിരുന്നു. എന്നാൽ ഈ ശതകത്തിൽ ആ അവസ്ഥയ്ക്ക് ഒരുപരിധിവരെയെങ്കിലും മാറ്റം വന്നിട്ടുണ്ട്. പുതുമലയാളകഥയിലെ ഭിന്നശേഷി പ്രതിനിധാനങ്ങൾ വ്യക്തിത്വമുള്ള പാത്രസൃഷ്ടിക്കു ശ്രമിക്കുന്നതായി കാണാം. അവരുടെ ജീവിതത്തിന്റെ അഗാധതലങ്ങളിലേക്ക് ദ്യുതി ചിന്നുന്ന മൗലികമായ ചില നിരീക്ഷണങ്ങളും കഥകളിൽ സന്നിഹിതമാണ്. മലയാളകഥയുടെ പുതുഭാവുകത്വസ്രഷ്ടാക്കളിൽ ശ്രദ്ധേയരായ സുഭാഷ്ചന്ദ്രൻ, സന്തോഷ് ഏച്ചിക്കാനം, ഇ. സന്തോഷ്കുമാർ എന്നീ കഥാകൃത്തുക്കളുടെ വധക്രമം, നടപ്പുദീനം, മൂന്നു കുരുടന്മാർ ആനയെ വിവരിക്കുന്നു എന്നീ കഥകളിലെ ഭിന്നശേഷി ആഖ്യാനങ്ങൾ ഇത്തരത്തിൽ ഗഹനമായ പാരായണം അർഹിക്കുന്ന രചനകളാണ്.

ഭാഷയെ ഉണർത്താനും ഊതിക്കത്തിക്കാനും ശ്രമിക്കുന്ന പുതിയ കഥയെഴുത്തുകാരിൽ അഗ്രഗണ്യനായ സുഭാഷ് ചന്ദ്രന്റെ 'വധക്രമം' വായനക്കാരുടെ ഹൃദയത്തെ കൊളുത്തിവലിക്കുന്ന അനുഭൂതി സൃഷ്ടിക്കുന്ന കഥയാണ്. അന്ധയായ തന്റെ ഇരട്ടസഹോദരിയെക്കുറിച്ചുള്ള ഒരു സഹോദരന്റെ മിശ്രഭാവങ്ങൾ കലർന്ന ആലോചനാലോകമാണ് കഥയെ മെനഞ്ഞിട്ടുള്ളത്. സുഷമയുടെ ലോകം അവളുടെ മുറിയാണ്. ശംഖിനകത്തെ ജീവിയെപ്പോലെ മുറിയിൽ പറ്റിപ്പിടിച്ചു കഴിയുന്ന അവൾ വെള്ളിയെന്ന പൂച്ചയിലും ആഖ്യാതാവായ സഹോദരനിലും തന്റെ ലോകത്തെ ചേർത്തുകെട്ടുന്നു. പക്ഷേ

സഹോദരൻ അവളെ ഒരു ഭാരവും ബാധ്യതയുമായാണ് കരുതുന്നത്. തന്റെ വിവാഹസ്വപ്നങ്ങളിൽ അഭിരമിച്ചു കഴിയുന്ന അയാൾക്ക് സുഷമ ആകുലതകളുടെ പട്ടികയിലെ പ്രധാന വിഷയമാണ്.

ബാഹ്യമായ അന്ധകാരം അവളെ മൂടിയിട്ടുണ്ടെങ്കിലും അവളുടെ ആന്തരദീപ്തി എത്ര ശക്തമാണെന്ന് അയാൾ അറിയാതെപോകുന്നു. അറിവിന്റെ ദൃശ്യതലം തിരസ്കരിക്കപ്പെട്ട അവൾ ജ്ഞാനത്തിന്റെ ശബ്ദ, സ്പർശ, ഗന്ധതലങ്ങളിലൂടെ ലോകത്തെ മനസ്സിലാക്കിയിരുന്നു. മിടിക്കുന്ന പഞ്ഞികെട്ടായും ചെള്ളിന്റെ മണമായും ങ്യാവൂ, ഭൗ ഭൗ എന്നീ അശരീരികളായും അവൾ മൃഗങ്ങളെയറിഞ്ഞു. ഒരു ഊർദ്ധ്വ ധ്വനിക്കപ്പുറം പിതാവ് ഒരു പദാർത്ഥം മാത്രമായി മാറി എന്ന അതീന്ദ്രിയ യാഥാർത്ഥ്യം ആദ്യം ഗ്രഹിക്കുന്നതും അവളാണ്. കാഴ്ച എന്നത് ലോകബോധ്യങ്ങളുടെ ഭിന്നവഴികളിൽ ഒന്നു മാത്രമാണെന്നും അതിനു കഴിയില്ലെങ്കിലും ഇതരപാതകൾ അവൾക്കു സ്വായത്തമാണെന്നുമുള്ള സൂചനകൾ കഥാകൃത്ത് നൽകുന്നുണ്ട്. പക്ഷേ സ്വയം ശേഷിയുള്ള വരെ മാത്രം വ്യക്തികളായി പരിഗണിക്കുന്ന-ആശ്രയിച്ചു ജീവിക്കുന്ന വരെ ഭാരമായി കരുതുന്ന-സാമൂഹിക വീക്ഷണമാണ് സഹോദരൻ ഉൾക്കൊള്ളുന്നത്.

സമൂഹം ഒരു ശാരീരികനിലവാരം (Corporeal standard) സൃഷ്ടിച്ചിട്ടുണ്ട്. അതിനോടു പൂർണ്ണമായും യോജിക്കാത്തവരെല്ലാം മുഖ്യധാരയിൽ നിന്നു നിഷ്കാസിതരാവേണ്ടവരാണ്. ശാരീരികമായ സവിശേഷതകൾക്കപ്പുറം അവരെ വിലയിടിച്ച് അപഹസിക്കാൻ സാംസ്കാരികമായ മാനദണ്ഡങ്ങളും കരുതിയിട്ടുണ്ടാവും. വ്യക്തിയുടെ പെരുമാറ്റരീതിക്കും ശാരീരിക ചലനങ്ങൾക്കും നിയതമായ ഒരു ചട്ടം നിർദ്ദേശിക്കുന്നതിന് ശരീരത്തിന്മേലുള്ള നിയന്ത്രണവും സാസ്കാരികമായ നിയമസംഹിതയുമാണ് മാനദണ്ഡം. ഈ ചട്ടപ്രകാരവും സുഷമ അയോഗ്യയാവുന്നു. അവളുടെ പുറത്തുകാണുന്ന അടിവസ്ത്രങ്ങളും ബാല്യത്തിലെ വഴിയോരത്തെ മൂത്രവിസർജ്ജനവും അവളെ സമൂഹജീവിതത്തിനു നിരക്കാത്തവളാക്കുന്നു. എന്താണ് ശരിയും കൃത്യവുമെന്ന് നിയതമായ നിലവാരങ്ങൾ സൃഷ്ടിച്ച് വ്യക്തികളെ ചട്ടക്കൂടുകൾ

ക്കുള്ളിൽ ഒതുക്കുന്ന പ്രവണതയെ താൻ എതിർക്കുന്നതായി പോൾ ഹണ്ട് പറഞ്ഞിട്ടുണ്ട്. സംസ്കാരം സൃഷ്ടിച്ച നിയമസംഹിതകൾക്കു മുകളിൽ ശരീരത്തിന്റെ നിയന്ത്രണം നഷ്ടപ്പെടുന്ന സുഷമയെപ്പോലു ള്ളവരുടെ അവസ്ഥയാണ് പോൾ ഹണ്ടിനെക്കൊണ്ട് അങ്ങനെ പറ യിപ്പിച്ചത്.

സുഷമ എന്ന പേരിനെപ്പോലും വെറുക്കുന്ന സഹോദരന് അവൾ വൈരൂപ്യത്തിന്റെ മൂർത്തീഭാവമാണ്. കുട്ടിക്കാലത്ത് കാണാത്ത കാഴ്ചകളെച്ചൊല്ലി അവളെ കരയിച്ചിരുന്ന അയാൾ പിന്നീടതു നിർ ത്തുന്നത് കരയുന്ന സുഷമ എന്ന വൈകൃതം പിടിച്ച കാഴ്ച ഒഴിവാ ക്കാനാണ്. തനിക്ക് കാഴ്ചകിട്ടിയാൽ ആദ്യം സഹോദരനെയും പിന്നെ വെള്ളിയെയും കാണണമെന്നവൾ പറയുന്നതിലെ സ്നേഹത്തിന്റെ അഗാധത കാണാതെ അവളുടെ ചുണ്ടുകളെ ബന്ധിപ്പിക്കുന്ന വലിഞ്ഞ് കൊഴുത്ത ഉമീനീരിന്റെ വൈരൂപ്യമാണ് അയാളുടെ ദൃഷ്ടിപഥത്തിൽ പതിയുന്നത്. തന്റെ വിവാഹമടുത്തതിനു ശേഷം പുതുതായി ഉദിച്ച സൗമനസ്യത്താൽ അവൾക്കു ബ്രെയിൽ ലിപിയും പ്ലാസ്റ്റിക്ക്കൂടകളുടെ നിർമ്മാണവും പഠിപ്പിച്ചു കൊടുക്കാൻ അയാൾ നിശ്ചയിച്ചു. അതി നുള്ള അപേക്ഷയിൽ സുഷമയുടെ ഫോട്ടോ എടുക്കുന്നതിന് അവ ളുടെ പ്രപഞ്ചത്തിന്റെ അതിരായ വീടുതാണ്ടി അയാൾ അവളെ പട്ടണ ത്തിലേക്കു കൊണ്ടുപോകുന്നു. ഇതിനിടയിൽ അയാൾ കണ്ട തന്റെ സഹോദരിയെ ചൂഴുന്ന വിഭ്രാമകമായ സ്വപ്നങ്ങളും സുഹൃത്തുക്കളുടെ കറുത്തഹാസ്യം വിതറിയ പരാമർശങ്ങളും തന്റെ തന്നെ വെറുപ്പും ഒത്തുചേർന്ന് ഈ ലോക ജീവിതത്തിന് യോജിക്കാത്ത ആ ജീവിതം ഒരു ട്രെയിനിന്റെ താളത്തിൽ അലിയിച്ചു ചേർത്തില്ലാതാക്കുക എന്ന ഭീകരമായ നിശ്ചയത്തിൽ അയാളെ എത്തിക്കുന്നു.

“ഒരേ പൊക്കിൾക്കൊടിയിൽ നിന്ന് പോഷകങ്ങൾ സ്വീകരി ക്കാൻ ഞാനെന്റെ മറുപിള്ളയെ ഒരിക്കൽകൂടി ചേർത്തുപിടിക്കു കയാണ്”. അലറിയാർത്തുവരുന്ന ഒരു തീവണ്ടിയുടെ ചൂളംവിളി വായ നക്കാരുടെ ചെവിയിൽ അലോസരമാംവിധം നിക്ഷേപിച്ച് കഥ അവസാ നിക്കുന്നു. ഫിയോണ കുമാരി ക്യാംപ്ബെൽ, മേധാവിത്വത്തിന്റെ

മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി സൃഷ്ടിക്കപ്പെടുന്ന ദ്വന്ദ്വവിഭാഗങ്ങൾ ബലഹീനർക്ക് നിലനിൽപ്പുതന്നെ നിഷേധിക്കുന്നതിനെപ്പറ്റി പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരണീയമാണ്. സമൂഹത്തിന്റെ ചട്ടങ്ങളിൽ അയോഗ്യയായ പെങ്ങൾക്ക് ഈ അപൂർണ്ണജീവിതത്തിൽ നിന്നു മുക്തി നൽകുന്നതിന് സഹോദരനെ പ്രേരിപ്പിക്കുന്നത് സമൂഹം തന്നെയാണ്. പൂർണ്ണനായ താൻ, അപൂർണ്ണയായ അവൾ എന്ന ദ്വന്ദ്വത്തിലൂന്നി സൃഷ്ടിക്കപ്പെട്ട സ്വത്വത്തിന്റെ ഗർവ്വാണ് മൃതിയെന്ന തീർപ്പിലെത്താൻ അയാൾക്കു പ്രേരകം. ഇത്തരം സ്വത്വനിർമ്മിതികളുടെ പിഴവുകളിലാണ് സ്വത്വാനന്തരത ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

അതിജീവനത്തിന്റെ പ്രത്യയശാസ്ത്രമാണ് സന്തോഷ് ഏച്ചിക്കാനത്തിന്റെ കഥകളുടെ സൂക്ഷ്മശ്രുതി. ജീവിതത്തിന്റെ പാതിവഴിയിൽ വെച്ച് ഒരു മീൻവണ്ടിയുടെ ചക്രം തന്റെ ഒരു കാൽ അപഹരിച്ചുവെങ്കിലും അതിൽ പതറാതെ ജീവിതം ഉന്തിനീക്കുന്ന മയിലമ്മയുടെ കഥയാണ് ഏച്ചിക്കാനത്തിന്റെ നടപ്പുദീനം പറയുന്നത്. ജീവിതത്തിന്റെ പ്രഹരങ്ങളെ പലകുറി അതിജീവിച്ചിട്ടുണ്ട് മയിലമ്മ. അനാഥത്വവും ഭർത്തൃതിരസ്കാരവും തരണം ചെയ്ത അവൾക്ക് കാലിന്റെ നഷ്ടവും ധൈര്യപൂർവ്വം നേരിടാനായി. രണ്ടു പെൺകുഞ്ഞുങ്ങളുമായി ഉള്ള കാലിന്റെ ശക്തിയിലൂന്നി ആക്രിക്കച്ചവടം നടത്തി അവൾ ജീവിതായോധനം സാധ്യമാക്കി. കീർത്തിനഗർ റെസിഡന്റ്സ് അസോസിയേഷൻ, അവരുടെ വീടിന്റെ അകത്തളങ്ങളെ വൃത്തിയാക്കുന്ന കാക്കയായി വർത്തിക്കുന്ന മയിലമ്മക്ക്, ഒരു വെപ്പുകാൽ കൊടുക്കാൻ നിശ്ചയിച്ചു. മയിലമ്മ അവിടുത്തെ നിവാസികൾക്ക് ഒരു ആക്രിക്കച്ചവടക്കാരി എന്നതിലുപരി തങ്ങളിലൊരാളായിരുന്നു. വികലാംഗയായ മയിലമ്മയ്ക്കല്ലാതെ ആർക്കും കോളനിയിലെ ആക്രിസാധനങ്ങൾ വിൽക്കരുത് എന്നൊരു അലിഖിതനിയമംതന്നെ അവിടെ നിലനിന്നിരുന്നു. തനിക്കു ലഭിച്ച സഹാനുഭൂതികളെ ചൂഷണം ചെയ്യാൻ മയിലമ്മയും ശ്രമിച്ചില്ല.

വിജയത്തിലേക്കു വളഞ്ഞ വഴികളില്ല എന്നു വിശ്വസിച്ച അവളുടെ ജീവിതം നീതിയിലും സത്യത്തിലും മുളപ്പിച്ചെടുത്തതാ

യിരുന്നു. ആക്രിസാമാനങ്ങൾക്ക് ഏറ്റവും നീതിയുക്തമായ വില എന്നും അവൾ കൊടുത്തുപോന്നിരുന്നു. ജീവിക്കാൻ ആവശ്യമായ പണം മാത്രം അവൾ സമ്പാദിച്ചു. “കാസുള്ള എടത്തിൽ കടവുൾ ഇറ്ക്കാതപ്പാ” എന്ന് ഉറച്ചുവിശ്വസിച്ചു. റോബർട്ട് മക്റുവറുടെ ക്രിപ് സിദ്ധാന്തം അവർ ജീവിതത്തിൽ പ്രാവർത്തികമാക്കി. ആഡ്രിയൻ റിച്ചിന്റെ ക്വീർ സിദ്ധാന്തത്തെ ആധാരമാക്കി രൂപീകൃതമായ ഈ ദർശനം പറയുന്നത് നിർബന്ധിത തികഞ്ഞ ശാരീരികാവസ്ഥ (Corupulsary able-bodiedness) ബലഹീനർക്ക് സാധ്യതകൾ നൽകുന്നു എന്ന വ്യാജേന അവരുടെ നിലനില്പിന്റെ സാധ്യതകളെ അപഹരിക്കുന്നു എന്നാണ്. മേധാവിത്വത്തിന്റെ ഈ വ്യവസ്ഥകളെ അനാവരണം ചെയ്ത് ഭിന്നശേഷിയുടെ ശേഷീവൈവിധ്യത്തിന് ഊന്നൽ നൽകുന്ന ക്രിപ് സിദ്ധാന്തത്തിൽ കഴിവിന്റെ സംസ്കാരങ്ങൾ (ableist cultures) നിർദ്ദേശിക്കുന്ന സ്ഥാനങ്ങളുടെ എതിർനില പൂകി തങ്ങളുടെ അവസ്ഥകളുടെ സാധ്യതകളിലേക്കൂളിയിടാൻ ഭിന്നശേഷിക്കാർക്ക് സന്നദ്ധത പകരുന്നുണ്ട്; മയിലമ്മയും ചെയ്യുന്നതിതാണ്. അവരുടെ ശാരീരിക ബലഹീനത യാതൊരു വിധത്തിലും പിന്നോട്ടുവലിക്കാതെ ജീവിതത്തിൽ സത്യസന്ധമായി സന്തോഷത്തോടെ മുന്നോട്ടുപോകുന്നു.

തന്റെ ഇല്ലാത്ത ഇടതുകാലിനെ അവൾ വെറുത്തിരുന്നു. തന്റെ സ്വാഭാവികയാത്രകളിൽ ചിലപ്പോഴെല്ലാം അതിന്റെ അഭാവം വിഘ്നം സൃഷ്ടിച്ചിരുന്നു. പഴയ യാത്രകളുടെ ഓർമ്മകൾ ആ ശൂന്യമായ ഇടങ്കാൽഭാഗം അവൾക്കു നൽകിയിരുന്നു. സാങ്കേതികമായി മെച്ചപ്പെട്ട കൃത്രിമക്കാൽ ജയ്പൂരിൽ നിന്നുവന്നപ്പോൾ തന്റെ ശരീരം പൂരിപ്പിക്കപ്പെട്ടല്ലോ എന്നവൾ ആശ്വസിച്ചു. സാമൂഹിക നയപ്രകാരം അതോടെ മയിലമ്മ പൂർണ്ണയായി. പിന്നീട് അവളുടെ ആക്രിവണ്ടിക്കുമുന്നിൽ വീട്ടുവാതിലുകൾ തുറന്നില്ല. കാലുദാനത്തിലൂടെ അവളോടു കാണിച്ച ഔദാര്യംതന്നെ ആവശ്യത്തിലധികം എന്ന തീരുമാനത്തിൽ വീട്ടുകാരുടെ അബോധ മനസ്സുകളെത്തി. പക്ഷേ നിലനില്പിന്റെ പ്രത്യയശ്ശാസ്ത്രം ശാരീരികമായ തികവിനേക്കാൾ വളരെ പ്രധാനമാണെന്ന സത്യം അവർ ഗ്രഹിച്ചില്ല.

മയിലമ്മയ്ക്ക് ഇരുകാലുകളുമുണ്ടായി. എന്നാൽ ദാരിദ്ര്യം അവരുടെ ജീവിതത്തിൽ കുടിപാർപ്പുറപ്പിച്ചു. ദ്വന്ദ്വാത്മകചിന്തയുടെ പിശകു മൂലമാണത് സംഭവിച്ചത്. അംഗപരിമിതരുടെ ആവശ്യം ആ ബലഹീനതയുടെ പരിഹാരത്തിലൂടെ ഒടുങ്ങുന്നു എന്നാണ് സമൂഹത്തിന്റെ തെറ്റിദ്ധാരണ. ജീവസന്ധാരണത്തിന് ആവശ്യമായ അന്നം അതിലേറെ പ്രധാനമാണെന്ന തിരിച്ചറിവിൽ തന്റെ കൃത്രിമക്കാൽ കുടഞ്ഞെറിഞ്ഞ് അതിനെ ശൂന്യമായ ആക്രിവണ്ടിയിലിട്ട് ആക്രിക്കട ലക്ഷ്യമാക്കി നടക്കുന്ന മയിലമ്മയിലാണ് കഥ അവസാനിക്കുന്നത്. സമൂഹത്തിന്റെ സങ്കുചിതമനഃസ്ഥിതിയിൽ ഭിന്നശേഷിക്കാർ അവരുടെ ശാരീരിക ന്യൂനത കൊണ്ടു മാത്രം ക്ലേശിക്കുന്നവരാണ്. എന്നാൽ സാമൂഹികാംഗീകാരവും സമൂഹവുമായി ചേർന്നുള്ള നിലനില്പ്പും ജീവിതം പുലരാനാവശ്യമായ വരുമാനമാർഗ്ഗങ്ങളും ഏതു സാധാരണ മനുഷ്യരെയും പോലെ അവർക്കും ആവശ്യംതന്നെ എന്ന വെളിവിലേക്കു കുലുക്കിയുണർത്താൻ ഈ കഥയ്ക്കാവുന്നു.

ഒഴുക്കുള്ള കഥാകഥനത്തിലും സമാന്യവിഷയങ്ങളുടെ വ്യത്യസ്തമായ പരിചരണത്തിലും ശ്രദ്ധ ചെലുത്തുന്ന കഥാകാരനാണ് ഇ.സന്തോഷ് കുമാർ. 'ആനയെക്കണ്ട കുരുടന്മാർ' എന്ന സങ്കുചിതത്ത്വങ്ങൾ ഏറെ ഉള്ളടങ്ങിയിട്ടുള്ള പഴമൊഴിയുടെ പ്രതലത്തിൽ അന്ധജീവിതം പ്രതിഫലിപ്പിച്ച രചനയാണ് 'മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു'. ഒരു ജേർണലിസം വിദ്യാർത്ഥിയാണ് കഥയുടെ ആഖ്യാതാവ്. 'കുരുടന്മാർ ആനയെക്കണ്ടപോലെ' എന്ന ചൊല്ലിനെ അടിസ്ഥാനമാക്കി തന്റെ ലോഡ്ജിലെ താമസക്കാരായ മൂന്ന് അന്ധന്മാരുടെ ആനയനുഭവങ്ങൾ കേൾക്കാൻ അയാൾ ഉത്സുകനാകുന്നു. അന്ധന്മാരെക്കുറിച്ചുള്ള സങ്കല്പം ഭിക്ഷാടകരിൽ തുടങ്ങി അവിടെത്തന്നെ ഒടുങ്ങിയിരുന്ന അയാൾക്ക് ഇവർ ഏറെ വ്യത്യസ്തരായിരുന്നു. സ്വന്തമായി തൊഴിൽ ചെയ്തു ജീവിക്കുന്ന, ക്രിക്കറ്റ് കമന്ററി കേട്ട് കളിയിൽ ഹരം കൊള്ളുന്ന, പാദപതനത്തിലൂടെ മുമ്പ് കണ്ടിട്ടില്ലാത്തവരെപ്പോലും തിരിച്ചറിയുന്നവർ. ആനയെ സമഗ്രമായി വിലയിരുത്താൻ അന്ധർക്കാവില്ല എന്നു സൂചിപ്പിക്കുന്ന പരിഹാസമൊഴി അന്ധരുടെ വിവരണങ്ങൾക്കു ശേഷം കീഴ്മേൽ മറിയുന്നു.

ശേഖർ എന്ന ടെലഫോൺ ഓപ്പറേറ്റർക്ക് ആന വലിയൊരു ചലനമാണ്. ചുറ്റുപാടുകളുടെ ഇളക്കം, സംഭവങ്ങളുടെ പരമ്പര, നിലച്ച വാദ്യങ്ങൾ, ഒരു വീഴ്ച, കടന്നുപോയ ഒരു ലോകത്തിന്റെ ആരവം... ആനക്കാലുകളുടെയിടയിൽ നിന്ന് തലനാരിഴയ്ക്ക് രക്ഷപ്പെട്ട ശേഖറിനുള്ള ഈ ആനയനുഭവത്തിന്റെ സമഗ്രത ആനയെ കണ്ണാലെ കണ്ടവർക്ക് നൽകാനാവുമോ? രഘുരാമൻ എന്ന മ്യൂസിക്ക് ടീച്ചർക്ക് ആന ഒരു സ്വപ്നമാണ്. ആനക്കൂട്ടങ്ങൾ പോലും സ്വപ്നത്തിലെത്തുന്നു. ആഖ്യാതാവിനെ ഈ വിവരണം ഏറെ കുഴയ്ക്കുന്നു. എങ്ങനെ അന്ധർ സ്വപ്നം കാണുന്നു എന്നറിയാതെ അയാൾ ഉഴറുന്നു. വിശദീകരിക്കാൻ രഘുരാമനാവുന്നില്ല. തിരികെ തന്റെ ആനക്കാഴ്ചയെ രഘുരാമനു പറഞ്ഞുകൊടുക്കാനാവാതെ ജേർണലിസം വിദ്യാർത്ഥിയും പരുങ്ങുന്നു. "തന്റെ ഭാഷയുടെ തിളക്കം കുറഞ്ഞ് ഇരുളുന്നതായും ഉപയോഗിക്കാനറിയാത്ത കുറെ ഉപകരണങ്ങളുള്ള ഒരു ആശാരിയെപ്പോലെ സ്വയം നിസ്സഹായനാവുന്നതും അയാളറിഞ്ഞു".

കാഴ്ചയുള്ളവന്റെ ശ്രേഷ്ഠതാകുമിളകൾ ഇവിടെ പൊട്ടിത്തകരുന്നു. അവരുടെ ലോകങ്ങൾ രണ്ടാണ്; അനുഭവങ്ങളും രണ്ടു തരം. പരസ്പരം അറിയാൻ കഴിയുന്നില്ലെന്നതിനാൽ ഒന്നൊന്നിനേക്കാൾ മികച്ചതാവുന്നില്ല എന്ന ബോധ്യം ആഖ്യാതാവിനൊപ്പം വായനക്കാരിലും മിന്നുന്നു. ചന്ദ്രൻ എന്ന ടൂറിസ്റ്റുഗൈഡിന് ആന സ്വന്തമായ ഒരുണ്മയാണ്. സ്വന്തം തൊലിപ്പുറത്തെ പച്ചകുത്തലായി അസ്തിത്വത്തിൽ അലിഞ്ഞുചേർന്ന ഒന്നാണ്. അയാളുടെ ത്വക്കിൽ തെളിയുന്ന ആകാരപ്പൊരുത്തം ഒക്കാത്ത വികൃതമായ ആനയെ ഭയത്തോടെ, ചകിതനായി, ആഖ്യാതാവ് നോക്കുമ്പോൾ തന്റെ ആ സ്വന്തം ആന ചന്ദ്രന്റെ സ്വത്വത്തിന്റെ സ്വകാര്യ സംതൃപ്തിയാകുന്നു. കറുത്ത ബൃഹദാകാരമായി ആനയെ കണ്ട കണ്ണുള്ളവർക്ക് എളുപ്പം ഗ്രഹിക്കാവുന്നതല്ല ഈ ഉൾക്കൺതെളിച്ചമുള്ള മൂന്നു പേരുടെ വ്യത്യസ്ത ആന വിവരണങ്ങൾ. കണ്ണുള്ളവരെല്ലാം ഒരുപോലെ ആനയെ കാണുമ്പോൾ അന്ധർക്ക് അത് അനിർവചനീയമായ അനുഭൂതി വൈവിദ്ധ്യമാകുന്നു. ഈ അനുഭവപ്പലമ ഭിന്നശേഷിയുള്ളവർക്കെല്ലാമുണ്ടാവും. അപരത്വത്തിന്റെ 'കനിവിൽ' മുഖ്യധാരാസംസ്കാരം അനുവദിച്ചുതരുന്ന അപ

കർഷതകൾ കൊരുത്ത് സ്വത്വം മെനയാതെ ഉണ്മകളിൽ ഉറച്ചുനിൽക്കുന്നതിനുള്ള നിദർശനങ്ങളാണ് വ്യക്തിത്വമുള്ള ഈ മൂന്ന് അന്ധന്മാർ. അവരുമായുള്ള അഭിമുഖത്തിനുശേഷം അവനവനു ചുറ്റും തിടംവച്ചുവരുന്ന അന്ധകാരത്തെപ്പറ്റി ആഖ്യാതാവറിയുന്നു. അജ്ഞതയുടെ തിരിച്ചറിവിലേക്ക്, ആന്തരാന്ധ്യത്തിന്റെ ബോധ്യത്തിലേക്ക് ഒരു സനേത്രന് വഴികാട്ടിയാവുന്നത് മൂന്ന് അന്ധന്മാരാണെന്നത് ചിന്തനീയം.

കഥകൾ മൂന്നിന്റെയും ആഖ്യാനകേന്ദ്രങ്ങൾ വ്യത്യസ്തമാണ്. 'വധക്രമ'ത്തിൽ അത് സഹോദരനും 'നടപ്പുദീന'ത്തിൽ കഥാകാരനും 'മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു'വിൽ അയൽക്കാരനായ ഒരു വിദ്യാർത്ഥിയുമാണ്. 'വധക്രമ'ത്തിൽ അപരവൽക്കരണം ഏറ്റുവാങ്ങുകയും സമൂഹം സഹോദരനിലൂടെ പറഞ്ഞ കഴിവുകേടുകളെ എതിർ ത്തുനിൽക്കാൻ ശ്രമിക്കാതെ അതിനെ ഉള്ളിൽ ആവഹിക്കുകയും ചെയ്തവളാണു സുഷമ. അവളുടെ ഉള്ളിലെ സുഷമ ബാഹ്യലോകം അറിയാതെ പോകുന്നതിനു കാരണം സമൂഹം ആരോപിച്ച ഹീനാവസ്ഥ സ്വയം അവൾ അംഗീകരിക്കുന്നതാണ്. അപഹസിക്കുന്ന സമൂഹത്തിനു മുന്നിൽ സഹോദരിയെ വിട്ടുകൊടുക്കാതെ മരണത്തിലൂടെ മോചിപ്പിക്കുകയാണു സഹോദരൻ...!!! മുറിക്കുള്ളിൽ ഇരുളടഞ്ഞുകിടന്ന ആ ജീവിതത്തിനു തെളിച്ചം കൊടുക്കാൻ കൈത്താങ്ങുകളുണ്ടായില്ല. സ്വത്വാനന്തരവീക്ഷണത്തിൽ അടിച്ചമർത്തുന്ന ദ്വന്ദ്വാത്മകമായ ശേഷി/ശേഷിരാഹിത്യം എന്ന വിഭജനത്തിനു കീഴ്‌വഴങ്ങി പൊലിഞ്ഞ ജീവിതമാണ് സുഷമയുടേത്.

നടപ്പുദീനം എന്ന ശീർഷകം തന്നെ പ്രതീകാത്മകമാണ്. 'നടവഴിയിൽ നാലുകെട്ടിൽ നാട്ടിലെല്ലാം നടപ്പുദീനം' എന്ന് അടിയന്തരാവസ്ഥക്കാലത്ത് സച്ചിദാനന്ദൻ വർണ്ണിച്ചിട്ടുണ്ട്. മയിലമ്മയുടെ നടക്കാനുള്ള ബുദ്ധിമുട്ടിനെ പ്രാഥമികതലത്തിൽ ഈ ശീർഷകം കുറിക്കുന്നുണ്ടെങ്കിലും നടപ്പുദീനം എന്ന പകർച്ചവ്യാധി ബാധിച്ചിരിക്കുന്നത് സമൂഹത്തിനാണെന്ന് കഥാന്ത്യത്തിൽ തിരിച്ചറിയാനാകും. ഭിന്നശേഷിയുള്ളവരുടെ വ്യക്തിത്വത്തെ ആ ഒരു സവിശേഷതയി

ലേക്കു മാത്രമൊതുക്കി അവരുടെ സ്വത്വത്തിന്റെ നന്മയും നിലനില്പി നായുള്ള ആശയും ഒക്കെ അവഗണിക്കുന്ന സാമൂഹിക മനോഭാവമാണ് സത്യത്തിൽ നടപ്പുദീനം. ശാരീരികനിലവാരം എന്ന മാനദണ്ഡം പൂരിപ്പിക്കുന്നതിനുള്ള സഹായങ്ങൾ സമൂഹം ചെയ്തുതന്നേക്കും. അതോടുകൂടി ബാധ്യതകൾ കഴിഞ്ഞുവെന്ന് ധരിച്ച് മാനുഷിക പരിഗ ണനകൾ പിൻവലിക്കുന്ന സാമൂഹികനീതിയോടുള്ള പ്രതിഷേധമാ യാണ് മയിലമ്മയ്ക്ക് വെപ്പുകാൽ വെറും ആക്രി വസ്തുവായി മാറു ന്നത്. സ്വത്വബോധ്യങ്ങളുടെ അപൂർണ്ണതകൾ ഇവിടെയും വിഷയ മാകുന്നു.

'മൂന്ന് അന്ധന്മാർ ആനയെ വിവരിക്കുന്നു' എന്ന കഥയിലൂടെ സ്വത്വവികാസത്തിന്റെ തലത്തിലേക്ക് ആഖ്യാതാവ് നയിക്കപ്പെടുന്നു. ഭിന്നശേഷിയുള്ളവരുടെ അനുഭവങ്ങളുടെ വ്യതിരിക്തതയും ശ്രേഷ്ഠ തയും വെളിവാക്കുന്ന കഥാഖ്യാനത്തിൽ, കഴിവുള്ളവർ ഇല്ലാത്തവർ എന്ന വിഭജനം അപ്പാടെ പൊളിഞ്ഞു വീഴുന്നുണ്ട്. ഓരോരുത്തരും തങ്ങളുടേതായ നിലയിൽ കഴിവും പിഴവും സമന്വയിച്ചവരാണ് എന്ന ദർശനഗരിമയിൽ നങ്കൂരമിടുന്ന ഈ കഥയിൽ സ്വത്വാനന്തരതയുടെ ദർശനത്തികവും ദൃശ്യമാണ്.

"മറ്റുള്ളവർ നമ്മെ ആക്കിത്തീർക്കാൻ ശ്രമിക്കുന്ന അവസ്ഥ യോടുള്ള മൗലികവും ഗാഢവുമായ എതിർപ്പിലൂടെ നാമെന്താണോ അതായിരിത്തീരുന്നു." (Sartre, Preface to Fanon's Wretched, 15) എന്ന് സാർത്ര് പറയുന്നു. അപരസ്ഥാനങ്ങളിൽനിന്ന് വ്യക്തിത്വത്തെ തിരികെപ്പിടിക്കുക എന്നതാണ് സ്വത്വാനന്തരതയുടെ ദർശനസാരം. അധോസ്വത്വങ്ങളെ മഹത്വവത്കരിക്കുന്നു എന്ന നാട്യത്തിലൂടെ ഉപരിഘടനയെ ഊട്ടിയുറപ്പിക്കുന്ന പ്രവണതകൾക്കെതിരെ സ്വത്വാ നന്തരത പ്രതികരിക്കുന്നുണ്ട്. ഇത്തരം തിരിച്ചറിവുകൾ ഉരുത്തിരി ച്ചെടുക്കാനും തനഹഴലോക ബോധ്യങ്ങൾ രൂപീകരിച്ചും സ്വന്തം അനുഭവപ്പലമകളെ പ്രണയിച്ചും തന്മകളെ ഉയർത്തിപ്പിടിച്ചും ജീവി താഭിരതിയോടെ മുന്നോട്ടുപോകാൻ ഭിന്നശേഷിക്കാർക്കുള്ള സാധ്യത കളെ അപഗ്രഥിക്കാനും സ്വത്വാനന്തരഭൂമിക നൽകിയ ഇടത്തിൽ നിന്നാണ് ഈ വായന നിർവ്വഹിക്കപ്പെട്ടത്.

അൽജീരിയൻ മനഃശാസ്ത്രജ്ഞനായ ഫ്രാൻസ് ഫാനൻ കോളോണിയലിസത്തിനെതിരെ സംഹാരാത്മകമായ പ്രതികരണത്തിന് ഉദ്ബോധിപ്പിക്കുകയും മുഖ്യധാരയിൽ നിന്നു വേറിട്ട അപരമെന്ന സ്ഥിതി മാറി മുഖ്യധാരയിലേക്കു കയറണമെന്ന തത്ത്വം സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. അടിച്ചമർത്തുന്ന ശക്തികൾക്കെതിരെ നിശ്ശബ്ദരാവാതെ പൊതുധാരയിലൂടെ ഓരങ്ങളിലല്ലാതെ, നടുത്തളങ്ങളിൽതന്നെ ഇടം സ്വന്തമാക്കാൻ ഭിന്നശേഷിക്കാർക്കും കഴിയുന്നതിനുള്ള സാധ്യതകൾ രൂപപ്പെടുത്തുവാൻ സ്വത്വാനന്തരകാഴ്ചപ്പാടുകളിൽ സാധ്യമാണ്. ഭിന്നശേഷിക്കാർ വ്യതിരിക്തരാണ്. ആ വ്യതിരിക്തതകളുടെ ആഘോഷമാണ് അവരുടെ സ്വത്വസ്ഥാപനത്തിനുള്ള അനുഷ്ഠാനം. ആ സുന്ദരാനുഷ്ഠാനത്തിന്റെ കളമെഴുത്തുകളായി കൃതിപാരായണങ്ങൾ മാറാൻ സ്വത്വാനന്തരദർശനങ്ങൾ ആഴത്തിൽ ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

*ആധാരഗ്രന്ഥങ്ങൾ*

1. സന്തോഷ്, ഏച്ചിക്കാനം, *ശ്വാസം,* കോട്ടയം, ഡി.സി. ബുക്സ്, 2017.
2. സുഭാഷ്, ചന്ദ്രൻ, *കഥകൾ,* കോട്ടയം, ഡി.സി. ബുക്സ്, 2015.
3. സന്തോഷ് കുമാർ, ഇ, *കഥകൾ,* കോട്ടയം, ഡി.സി. ബുക്സ്, 2013.
4. Campbell, Fiona Kumari. *Countours of Ableism: Territories, Objects, Disability and Desire.* London: Palgrave Macmillan, 2009
5. Fanon, Frantz. *The Wretched of the Earth.* Trans. C. Farrington. London: Penguin, 1976.
6. ,,- *Black Skins, White Masks*. 3rd ed. London: Pluto Press, 1993.
7. Hunt, Paul. “A Critical Condition” *Stigma The Experience of Disability.* Editor Ed. Paul Hunt. London: Geoffrey Chapman, 1966.
8. Marks, Deb. *Disability: Controversial Debates and Psychosocial Perspective.* London: Routledge, 1999.

9. McRuer, Robert. *Crip Theory: Cultural Signs of Queerness and Disability.* New York: New York University Press, 2006

10. Goodley, Dan. "Dis/entangling Critical Disability Studies". *Cultural-Theory*-Disability, 2017

11. „ /https://www.jstor.org/stable/j.ctvaxx5zr.10

# ഭിന്നശേഷി: ആഖ്യാനം, പ്രതിനിധാനം- മാധവിക്കുട്ടിയുടെ കഥകളിൽ

**ഡോ. ജൂലിയാ ഡേവിഡ്**

**(അസിസ്റ്റന്റ് പ്രൊഫസ്സർ, മലയാളവിഭാഗം, മഹാരാജാസ് കോളേജ്, എറണാകുളം)**

ഭിന്നശേഷീപഠനം പാശ്ചാത്യരാജ്യങ്ങളിൽ ഇരുപതാം നൂറ്റാണ്ടിന് ഒടുവിൽ വികസിച്ചു വന്നതും സമീപകാലത്ത് ശക്തമായതുമായ ജ്ഞാനധാരയാണ്. എൺപതുകളിലെയും തൊണ്ണൂറുകളിലെയും ചിന്തകർ ആരോഗ്യമേഖലകളിലെ ഭിന്നശേഷി നിഗമനങ്ങൾ തീവ്രമായ വിമർശനങ്ങൾക്ക് വിധേയമാക്കിയിരുന്നു. ജ്ഞാനോദയകാലമെന്ന് വിശേഷിപ്പിക്കുന്ന ഘട്ടം മുതൽക്കേ ആരാണ് ശ്രേഷ്ഠരായ മനുഷ്യരെന്ന ചിന്ത നിലനിന്നിരുന്നു. ആധുനികതയുടെ കാലത്താകട്ടെ, ശാസ്ത്രചിന്തകളിലും മറ്റും പൂർണ്ണരായ മനുഷ്യരെക്കുറിച്ചുള്ള ചർച്ചകളുണ്ടായിവന്നു. അത്തരം ചർച്ചകളിലൂടെ രൂപപ്പെട്ട മനുഷ്യസത്താധാരണയും അപരവൽക്കരിക്കപ്പെട്ട മറ്റൊരു ജനതയെക്കുറിച്ചുള്ള അവബോധവും സമീപകാലങ്ങളിൽ മാത്രമാണ് സൂക്ഷ്മമായ ചർച്ചകൾക്കു വിധേയമാകുന്നത്. അപരസത്തകൾ വെറും നിർമ്മിതികൾ മാത്രമാണെന്ന തിരിച്ചറിവുകളാണ് ഭിന്നശേഷീപഠനങ്ങൾക്ക് വേഗം കൂട്ടിയത്. ഭിന്നശേഷിയുടെ വ്യത്യസ്തമായ സാധ്യതകൾ വിവിധ സാഹിത്യമാതൃകകളിൽ മലയാള സാഹിത്യത്തിലുണ്ടായിട്ടുണ്ട്.

**ഭിന്നസ്വത്വനിർമ്മിതി**

വൈവിധ്യമാർന്ന ശീർഷകങ്ങളിലായി മാധവിക്കുട്ടി ധാരാളം ഭിന്നശേഷി കഥാപാത്രങ്ങളെ കഥകളിൽ അവതരിപ്പിച്ചിട്ടുണ്ട്. പലതരം രോഗമുള്ളവർ, ബാധിര്യമുള്ളവർ, കാഴ്ചയില്ലാത്തവർ, ഉന്മാദികൾ, മറ്റു ശാരീരികപ്രശ്നങ്ങൾ ഉള്ളവർ തുടങ്ങിയ നിരവധി കഥാപാത്ര ങ്ങൾ അവരുടെ കഥകളിലുണ്ട്. അത്തരം കഥാപാത്രങ്ങളെ മുൻനിർത്തി എഴുതിയ കഥകളുടെ വിശദമായ പഠനമാണ് ഈ പ്രബന്ധത്തിൽ നടത്തുന്നത്.

മുഖ്യധാരാസമൂഹത്തിൽ നിന്നും ഭിന്നമായ ശാരീരിക-മാനസിക ഘടനയുള്ളവരാണ് കൃഷ്ണൻകുട്ടി, അലാവുദ്ദീൻ, ഗോസായിത്തന്ത തുടങ്ങിയ മാധവിക്കുട്ടിയുടെ കഥാപാത്രങ്ങൾ. അക്കാലത്ത് നില വിലുണ്ടായിരുന്ന വ്യക്തി നിർമ്മിതികളെ മറിച്ചിടുന്ന കഥാപാത്രങ്ങളാ ണവർ. അലാവുദ്ദീന്റെ കഥയിലെ നായകകഥാപാത്രത്തിന് കേൾ വിശക്തിയില്ല. എന്നാൽ പ്രസ്തുതകഥയിലെ ആഖ്യാതാവായ ബാലികയുടെ യഥാർത്ഥ കേൾവിക്കാരൻ അലാവുദ്ദീനാണ്. അയാൾ അവളുടെ വീട്ടിലെ സഹായിയാണ്. കേൾവിയുടെ യഥാർത്ഥ സാധ്യ തകൾ കഥയിലൂടെ വെളിപ്പെടുന്നത് ആ കഥാപാത്രനിർമ്മിതിയിലൂ ടെയാണെന്നു കാണാം. പ്രസ്തുത കഥാപാത്രത്തെ, എഴുത്തുകാരി ഇപ്രകാരമാണ് വിവരിക്കുന്നത്: "അലാവുദ്ദീൻ വയസ്സനാണ്. പല്ലുകൾ അധികവും പോയിരിക്കുന്നു. കൈയിന്മേലും കഴുത്തിലും മുഖത്തൊ ക്കെയും, കഷണ്ടി പിടിച്ചു മിനുങ്ങിയ തലയിൽക്കൂടിയും, അനവധി ചുളിവുകളുണ്ടായിരുന്നു. ചെവി കേൾക്കുന്നില്ല. കണ്ണിന് കേടുണ്ട്" (2009:115) ഈയൊരു കാരണം കൊണ്ട് ബാലികയ്ക്ക് അയാളോട് സഹതാപം കലർന്ന സ്നേഹമാണുള്ളത്. അയാൾ അവൾക്കുവേണ്ടി മാത്രം നിലക്കടല വാങ്ങിക്കൊണ്ടു വരും. അതുവാങ്ങാനും അയാളോട് സംസാരിക്കാനുമായിമാത്രം അയാളുടെ കരിമുറിയിൽ എന്നും ആ ബാലിക പോയിരിക്കും. ഒരിക്കൽ അയാളുടെ വീട്ടിൽ പോയ അവൾക്ക്; അയാൾ വളരെ വിലപിടിച്ചതായി കണക്കാക്കുന്ന അത്തർകുപ്പി സമ്മാ നിക്കുന്നു. തന്നെ എക്കാലത്തും ഓർമ്മിക്കാനാണ് ആ സമ്മാനം

അവൾക്കു നൽകുന്നതെന്ന് അയാൾ പറയുന്നു. അവളുടെ കുടുംബ ത്തിനകത്ത് അയാളെ അംഗീകരിക്കാനാവാത്ത ഇതരകഥാപാത്രങ്ങളെ എഴുത്തുകാരി ശക്തമായി വിമർശിക്കുന്നു. ബാക്കിയുള്ളവർക്കാണ് യഥാർത്ഥ ബാധിര്യമെന്നും, കേൾവിയുടെയും അംഗീകാരത്തിന്റെയും യഥാർത്ഥപാഠങ്ങൾ തനിക്കു നൽകിയത് അലാവുദ്ദീനാണെന്നും കഥയിലെ ബാലിക കരുതുന്നു.

'ദയ എന്ന വികാരം' എന്ന കഥയിലെ ഭിന്നശേഷി പ്രതിനിധാനം ചെയ്യുന്ന കഥാപാത്രമാണ് ശിവപ്രസാദ് എന്ന ബാലൻ. അയാളെ നിർമ്മിച്ചെടുക്കുന്നത്, വർഗ്ഗീസ് എന്ന അപരകഥാപാത്രത്തെ മുൻ നിർത്തിയാണ്. സമ്പന്നതയും സൗന്ദര്യവും ആഢ്യത്വവുമുള്ള കുടുംബം ശിവനുണ്ടെങ്കിലും അതിലയാൾ സന്തുഷ്ടനല്ല. വലതു കാലിന് സ്വാധീനമില്ലാത്തതിനാൽ അവനനുഭവിക്കുന്ന അസ്വാത ന്ത്ര്യവും വിഷാദവും എഴുത്തുകാരി അതിസൂക്ഷ്മമായി വിവരിച്ചിട്ടുണ്ട്. ജ്യേഷ്ഠന്മാരെപ്പോലെ ഉന്നതവിദ്യാഭ്യാസം നേടാനും സ്വതന്ത്രമായി യാത്ര ചെയ്യാനുമുള്ള വിലക്കാണ് അവനെ അസ്വസ്ഥനാക്കുന്നത്. കുടുംബത്തിൽനിന്നും അവനാഗ്രഹിക്കുന്ന വിധത്തിലുള്ള അംഗീ കാരം ലഭിക്കുന്നില്ല. ബന്ധുക്കളുടെ പലവിധത്തിലുള്ള പരിഹാസം അവനെ ലജ്ജയിലാഴ്ത്തുന്നു. അതിനുമപ്പുറം അവനെ ദുഃഖത്തിലാ ഴ്ത്തുന്നത്, അമ്മയുടെ പെരുമാറ്റത്തിലുണ്ടാകുന്ന മാറ്റങ്ങളാണ്. തന്റെ സ്വകാര്യദുഖങ്ങളിലും ആശങ്കകളിലും മുഴുകുന്ന അവർക്ക് മകനെ കേൾക്കാനോ അവന്റെ ഹൃദയവുമായി സംവദിക്കാനോ സാധിക്കു ന്നില്ല. എന്നാൽ വർഗ്ഗീസും കുടുംബവും അവനെ അംഗീകരിക്കുന്നു, സ്നേഹിക്കുന്നു.

സവർണ്ണ - സമ്പന്ന ജീവിതമാതൃകയിൽനിന്നും ഭിന്നമായ വ്യക്തിത്വമാണ് വർഗീസിനും കുടുംബത്തിനുമുള്ളത്. ആ ഭിന്ന വ്യക്തിത്വം തന്റേതു കൂടിയാണെന്ന് ശിവൻ തിരിച്ചറിയുന്നു. ഓല മേഞ്ഞ വീടും, ദരിദ്രമായ ചുറ്റുപാടുകളുമാണ് അവിടെയുള്ളത്. വർഗീസിന്റെ അമ്മയാണ് ശിവൻ എന്ന കഥാപാത്രത്തെ കൂടുതൽ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്നത്. വീട്ടിലാകെയുള്ള

ഇരുമ്പുകട്ടിലിൽ പായ വിരിച്ച് ചായയും കുഴലപ്പവും പഴവും നൽകി അവനെ സൽക്കരിച്ചതും; സ്വന്തം മാതാപിതാക്കന്മാർ കടമ തീർക്കുന്നതു പോലെ അല്ലാതെ പിറന്നാൾദിനത്തിൽ അവന് സ്നേഹത്തോടെ സമ്മാനം നൽകിയതും അവരാണ്. ശിവൻ സവിശേഷ വ്യക്തിയായിട്ടാണ് വർഗീസിനും കുടുംബത്തിനും അനുഭവപ്പെടുന്നത്. അതുകൊണ്ടുതന്നെ വർഗീസിന്റെ അമ്മയ്ക്ക് അസുഖം കൂടുമ്പോൾ അവനെ തിരിച്ചറിയാനാവാത്തത് പ്രസ്തുത കഥാപാത്രത്തിന് ആഘാതമായി മാറുന്നു. ഭിന്നസ്വത്വങ്ങളുടെ അംഗീകാരവും സ്വീകരണവും പ്രശ്നവൽക്കരിക്കുന്ന കഥയാണത്.

ഗോസായിത്തന്തയുടെ സവിശേഷമായ വ്യക്തിപ്രഭാവം വെളിപ്പെടുന്നത് ബേബി എന്ന ബാലികയുടെ നിരീക്ഷണത്തിലൂടെയാണ്. അവളുടെ കാഴചപ്പാടിൽ പ്രസ്തുത കഥാപാത്രം :1. അവൾക്കു വേണ്ടി പാട്ടുപാടുന്നു. 2. അവളുടെ സ്നേഹിതനാണ്. 3. അവളുടെ ചുറ്റും നൃത്തം വെച്ച് കഥകൾ പറഞ്ഞുകൊടുക്കുന്നു. 4. അയാൾ വ്യക്തിപരമായി അവളെ അംഗീകരിച്ചയാളാണ്. അയാളുടെ അപ്രതീക്ഷിതവും പറയാതെയുമുള്ള വേർപാട് ഏറ്റവും വേണ്ടപ്പെട്ടയാൾ ചതിച്ചതിനു സമമായാണ് ബേബിക്ക് അനുഭവപ്പെടുന്നത്. തന്റെ സ്വത്വാവബോധവുമായി ചേർന്ന് നിൽക്കുന്ന കഥാപാത്രമായിട്ടാണ് ഗോസായിത്തന്തയുടെ സവിശേഷനിർമ്മിതി മാധവിക്കുട്ടി നിർവ്വഹിച്ചത്. ബേബിയുടെ ഏറ്റവും അടുത്ത സുഹൃത്തായിരുന്ന അയാൾക്കു പകരം വെയ്ക്കാൻ മറ്റാർക്കും, അവളുടെ പിതാവിന് പോലും സാധിക്കില്ലെന്ന സൂചന എഴുത്തുകാരി നൽകുന്നു. ഭിന്നസ്വത്വവുമായി സാത്മീകരിക്കുന്ന അവസ്ഥ ഈ കഥയിലെ ബേബി എന്ന കഥാപാത്രത്തിനുണ്ട്. സൂക്ഷ്മാപഗ്രഥനത്തിൽ ഭിന്നസ്വത്വനിർമ്മിതി എഴുത്തുകാരി ബോധപൂർവ്വമായ നിരീക്ഷണങ്ങളാൽ സാധ്യമാക്കിയതാണെന്ന് കാണാം. ഇതരസ്വത്വങ്ങളെ മുൻനിർത്തി താരതമ്യം ചെയ്യുമ്പോൾ, പൊള്ളയായ പൊതുധാരയിൽ നിന്നും വ്യതിരിക്തവും സവിശേഷവും വ്യക്തിപരമായ അടുപ്പവും നൽകുന്ന കഥാപത്രങ്ങളാണ് മാധവിക്കുട്ടിയുടെ കഥകളിലെ ഭിന്നശേഷി പ്രതിനിധാനങ്ങളെന്നു നിരീക്ഷിക്കാം.

**സമൂഹവും ഭിന്നശേഷിപ്രതിനിധാനവും**

സമൂഹത്തെ കഠിനമായി വിമർശിച്ച എഴുത്തുകാരിയാണ് മാധവിക്കുട്ടി. ലിംഗപരമായ വേർതിരിവുകളെയും മറ്റും മുൻനിർത്തി സമൂഹത്തെ, സമുദായത്തെ സദാചാരമുത്തശ്ശി എന്ന് അവർ 'എന്റെ കഥ'യിൽ വിമർശിച്ചിട്ടുണ്ട്. സമൂഹത്തിന്റെ കാഴ്ചകളല്ല തന്റേതെന്ന് അവർ കഥകളിലൂടെ ഉറച്ച് പറയുന്നു. വസ്തുതകളും വ്യക്തികളും തന്റേതായ സവിശേഷ നിർമ്മിതിയിലൂടെ അവർ പുനരാവിഷ്കരിക്കുന്നു. കുഷ്ഠരോഗി എന്ന കഥയിലെ ചന്ദ്രൻ എന്ന ബാലനെ സമൂഹം അകറ്റി നിർത്തുന്നതിന്റെ ദൃഷ്ടാന്തങ്ങൾ ആ കഥയിലുടനീളമുണ്ട്. നിഷ്കളങ്ക വ്യക്തിത്വങ്ങളായ കുട്ടികളിൽ സമൂഹത്തിലെ കഠിനപാഠങ്ങൾ അടിച്ചേൽപ്പിക്കാനുള്ള  പരിശ്രമങ്ങളും ആയത് ചന്ദ്രനിലുണ്ടാക്കുന്ന ദുഖകരമായ പര്യവസാനങ്ങളും കഥ പ്രശ്നവൽക്കരിക്കുന്നു. അത്തരം സാമൂഹിക ഇടപെടലുകളെ അതിശക്തമായി വിമർശിക്കുന്ന എഴുത്തു കാരിയെ പ്രസ്തുതകഥയിലും കാണാം.

അലാവുദ്ദീൻ, ഗോസായിത്തന്ത, പൊട്ടിപ്പെണ്ണ്, നപുംസകങ്ങൾ തുടങ്ങിയ കഥകളിലെല്ലാം സാമൂഹികമായ ബോധ്യങ്ങൾ കഥാപാത്രങ്ങളെ നിർമ്മിച്ചെടുക്കുന്നു. എന്നാൽ അത്തരം സാമൂഹികനിർമ്മിതികളെ തനിക്ക് അംഗീകരിക്കാനാവില്ലെന്ന് അവർ ഉറച്ചു പറയുന്നു. സാമൂഹിക നിർമ്മിതികൾ മറികടക്കാനാവാത്തതിൽ തനിക്കുള്ള കുറ്റബോധവും അവർ പൊട്ടിപ്പെണ്ണ് പോലുള്ള കഥകളിൽ പങ്കുവെക്കുന്നു. "പൊട്ടിപ്പെണ്ണ് മരിച്ചു പോയി എന്ന് കേട്ടപ്പോഴാണ്, ഞാൻ ലജ്ജകൊണ്ട് തല താഴ്ത്തിയത്. എന്നെ അത്രകണ്ട് സ്നേഹിച്ച ആ പാവത്തിനുവേണ്ടി ഞാൻ ഒന്നും ചെയ്തില്ല എന്ന ചിന്ത എന്നെ അലട്ടി തുടങ്ങി. അവളെ കുതിരപ്പുറത്ത് കയറ്റി അവിടെനിന്ന് രക്ഷപ്പെടു ത്താൻ ഞാനല്ലാതെ മറ്റാരും വരുമായിരുന്നില്ല." (2009:880). എന്നാൽ ഭിന്നശേഷിയുടെ സവിശേഷതലം സ്ഥാപിക്കുവാനും സാമൂഹിക ബോധ്യങ്ങളെ തകർത്തുകളയാനും കഥകളിൽ അവർ ശ്രമിക്കുന്നു. പൊട്ടിപ്പെണ്ണ് എന്ന കഥയിലെ നായികാകഥാപാത്രം രൂപം കൊള്ളുന്നത് സാമൂഹ്യബോധ്യത്തിൽ നിന്നാണ്. അതുകൊണ്ടാണ്

അവൾക്ക് - മറ്റൊരു പേര് ഉണ്ടായിരുന്നില്ല എന്ന് എഴുത്തു കാരിയ്ക്ക് പ്രത്യേകം എടുത്തു പറയേണ്ടി വന്നത്. സമൂഹമാണ് അത്തരത്തിൽ ആ പെൺകുട്ടിയ്ക്ക് പേര് നൽകിയത്. എന്നാൽ സാമൂഹിക നിർമ്മിതിയിൽ തനിക്ക് വിശ്വാസമില്ലെന്ന സൂചനയാണ് അവളിലെ സവിശേഷതകൾ വിവരിക്കുമ്പോൾ എഴുത്തുകാരി നൽകുന്നത്. ആ നിലയ്ക്ക് അലാവുദ്ദീൻ, ഗോസായിത്തന്ത എന്നീ കഥാപാത്രങ്ങളുടെ സാമ്യത പൊട്ടിപ്പെണ്ണ് എന്ന കഥാപാത്രത്തിനും ഉണ്ടെന്ന് നിരീക്ഷിക്കാം. അതേസമയം അത്തരം വ്യക്തിത്വങ്ങളിൽ തന്റെതന്നെ സ്വത്വത്തെ എഴുത്തുകാരി കണ്ടെടുക്കുന്നു. ആദ്യകാലങ്ങളിലെ കഥകളിൽനിന്ന് വ്യത്യസ്തമായി ഭിന്നവ്യക്തിത്വങ്ങളെ ചേർത്ത് പിടിക്കേണ്ട ദൗത്യം ഏറ്റെടുക്കാതിരുന്നതിൽ തനിക്കുള്ള ദുഃഖവും ആത്മവിമർശനവും പൊട്ടിപ്പെണ്ണ് എന്ന കഥയിൽ ചേർത്തിട്ടുണ്ട്.

നപുംസകങ്ങൾ എന്ന കഥയിലും ഭിന്നവ്യക്തിത്വങ്ങളെ കുറിക്കുന്ന പൊതുസാമൂഹിക ബോധ്യങ്ങൾ വിമർശിക്കുന്നു. കഥയുടെ ശീർഷകവും അപ്രകാരം സംഭവിച്ചതാണെന്ന് കാണാം. എന്നാൽ സാമൂഹിക വിലയിരുത്തലുകൾക്കും അപ്പുറത്ത് തന്റേതായ നിരീക്ഷണങ്ങൾ ക്രോഡീകരിക്കാനും എഴുത്തുകാരി ശ്രദ്ധിക്കുന്നു. അവ ഇപ്രകാരം ക്രോഡീകരിക്കാം: 1. വൃദ്ധയായ സോറാണിയുടെ അഭിപ്രായത്തിൽ സമൂഹം പുറന്തള്ളിയവർക്കൊപ്പം തന്റെ മകൾക്ക് ജീവിക്കാമെങ്കിൽ തനിക്കും ജീവിക്കാനാകും. 2. രുഗ്മ എന്ന കഥാപാത്രം വൃദ്ധയ്ക്ക് ഭൂമിയുടെ മകളായി അനുഭവപ്പെടുന്നു. വിശദമായി പരിശോധിയ്ക്കുമ്പോൾ മാധവിക്കുട്ടി എന്ന എഴുത്തുകാരിയുടെ നിലപാടുകൾ പ്രസ്തുതകഥയിൽ ഭിന്നവ്യക്തിസത്തകളുടെ അംഗീകാരമായാണ് അവതരിപ്പിച്ചിട്ടുള്ളതെന്ന് കാണാം.

ചുരുക്കത്തിൽ മാധവിക്കുട്ടിയുടെ കഥകളിലെ ഭിന്നശേഷി - ആഖ്യാനം പ്രതിനിധാനം എന്നിവ സൂക്ഷ്മമായി അപഗ്രഥിക്കുമ്പോൾ, ലഭിക്കുന്ന നിഗമനങ്ങൾ ഇപ്രകാരം ക്രോഡീകരിക്കാം. ഭിന്നശേഷി, സവിശേഷശേഷികളായി മാധവിക്കുട്ടിയുടെ കഥകളിൽ അവതരിപ്പിക്കപ്പെട്ടിട്ടുണ്ട്. നിലവിലിരിക്കുന്ന ഭിന്നവ്യക്തിത്വ- സാമൂഹികനിർ

മ്മിതികളോട് എഴുത്തുകാരി കടുത്ത വിയോജിപ്പ് പ്രകടിപ്പിക്കുന്നു. എങ്കിലും അത്തരം നിർമ്മിതികളെ പിന്തുടരേണ്ടിവരുന്നതിലുള്ള നിസ്സഹായത, പ്രതിഷേധാത്മകമായി, സ്വയം വിമർശനപരമായി അവർ കഥകളിൽ സൂചിപ്പിച്ചിട്ടുണ്ട്. മാധവിക്കുട്ടിതന്നെ, സ്വയം ഭിന്നശേഷി യുള്ള അഥവാ സവിശേഷശേഷിയുള്ള വ്യക്തിസത്തയായി കരു തുന്നു. ആദ്യകാലകഥകളിൽ നിന്നും വ്യത്യസ്തമായി പിൽക്കാല കഥകളിൽ ഭിന്നശേഷിവ്യക്തികളോട് സാമൂഹികനിർമ്മിതികളിൽ നിന്നും ഭിന്നമായ നിലപാടുകൾ സ്വീകരിക്കാതിരുന്നതിൽ ആത്മ വിമർശനം നടത്തുന്ന കഥാകാരിയെ കാണാനാകും.

*സഹായകഗ്രന്ഥങ്ങൾ*


1. Addlakha Renu,2009. *Disability And Society* (Edi.), Orient Black Swan, New Delhi, 2009
2. Altman, B. M,2001, Disability: Definitions, Models, Classification, Schemes and applications, *Hand Book of Disability Studies,* Sage Publications, Delhi.
3. *മാധവിക്കുട്ടിയുടെ കഥകൾ,* സമ്പൂർണ്ണം -ഡി.സി.ബുക്ക്സ്, കോട്ടയം, 2009.
4. മാധവിക്കുട്ടി,1973 *എന്റെ കഥ,* ഡി സി ബുക്സ്, കോട്ടയം
5. മാധവിക്കുട്ടി, 1993 (2014) *നീർമാതളം പൂത്തകാലം,* ഡി.സി. ബുക്സ്, കോട്ടയം.
6. രവീന്ദ്രൻ എൻ.കെ. 2010, *പെണ്ണെഴുതുന്ന ജീവിതം,* മാതൃഭൂമി ബുക്സ്, കോഴിക്കോട്.
7. ഡോ. മിനിപ്രസാദ്, 2011, *മാധവിക്കുട്ടിയുടെ കഥകൾ ഒരു പെൺ വായന,* ഒലീവ് ബുക്സ്.
8. രാമകൃഷ്ണൻ ഇ.വി. 2011, *മാധവിക്കുട്ടി – പഠനങ്ങളും രചനകളും,* ഡി.സി.ബുക്സ്, കോട്ടയം

# ഭിന്നശേഷിയുടെ രാഷ്ട്രീയം: മാർക്സിസ്റ്റ് സമീപനം

**കൃഷ്ണദാസ് പി.**

**(ഗവേഷകൻ, മലയാളവിഭാഗം, കേരളസർവകലാശാല)**

ഇരുപതാംനൂറ്റാണ്ടിനെ സ്വാധീനിച്ച ബൃഹത്തായ ചിന്തപദ്ധതികളിലൊന്നാണ് മാർക്സിസം. മനുഷ്യസമൂഹത്തെ സമഗ്രമായി വീക്ഷിക്കുന്ന മാർക്സിസം ബഹുശാഖിയായ വൃക്ഷം പോലെ വിവിധ ജ്ഞാനരൂപങ്ങളിലേക്ക് വേരുകളാഴ്ത്തി നിലകൊള്ളുന്നു. ഏകശിലാത്മകമായ ചിന്താരീതിയല്ല മാർക്സിസത്തിന്റേത്; മനഃശാസ്ത്രവും സാമൂഹ്യശാസ്ത്രവും സാഹിത്യവും സത്താവിജ്ഞാനീയവും തത്ത്വചിന്തയും മാർക്സിസ്റ്റ് ചിന്തയിലൂടെ വിശദീകരിക്കാവുന്ന നിലയിലേക്ക് മാർക്സിസ്റ്റ് ചിന്ത സൈദ്ധാന്തികമായി വിപുലപ്പെട്ടിരിക്കുന്നു. ഉത്പാദനബന്ധങ്ങളിലൂടെ രൂപപ്പെടുന്ന മനുഷ്യൻ എന്ന പദം ആരൊയൊക്കെ ഉൾക്കൊള്ളുന്നു എന്ന ചോദ്യം വർത്തമാനകാലത്ത് പ്രസക്തമാണ്. ഭിന്നശേഷിയുടെ രാഷ്ട്രീയത്തെ മാർക്സിസ്റ്റ് ചിന്ത എത്രത്തോളം അഭിസംബോധന ചെയ്തിട്ടുണ്ട് എന്ന അന്വേഷണമാണ് പ്രബന്ധലക്ഷ്യം. വർഗ്ഗസംഘർഷങ്ങളിലൂടെ രൂപപ്പെടുത്തുന്ന സമൂഹത്തിൽ ഭിന്നശേഷിക്കാരായ മനുഷ്യർക്ക് എവിടെയാണ് സ്ഥാനം എന്ന ചോദ്യം പ്രാധാന്യമർഹിക്കുന്നു. മാർക്സിസ്റ്റ് ചിന്ത കൃത്യമായി അംഭിസംബോധന ചെയ്യാത്ത ഒന്നായി ഭിന്നശേഷിയുടെ

രാഷ്ട്രീയത്തെ പരിഗണിക്കാം. കറുത്തവനായ തൊഴിലാളിയുടെ വിമോചനത്തിലൂടെ മാത്രമെ വെളുത്തവനായ തൊഴിലാളിയുടെ വിമോചനം സാധ്യമാകൂ എന്ന മാർക്സിന്റെ നിരീക്ഷണം ചൂഷിതരായ മനുഷ്യരുടെ വിമോചനത്തിൽ അവരുടെ സ്വത്വം ഉന്നയിക്കുന്ന ചോദ്യങ്ങളെ ചൂണ്ടികാണിക്കുന്നു. അന്യവൽക്കരണം എന്ന ആശയം ഭിന്നശേഷി പഠനങ്ങളിൽ പ്രസക്തമാണ്. ജീവിതത്തിന്റെ വിവിധ തലങ്ങളിൽ അന്യവത്കരണം അനുഭവിക്കുന്ന സമൂഹത്തെ മാർക്സിസ്റ്റ് ചിന്തയുടെ വെളിച്ചത്തിൽ നോക്കാനുള്ള ആലോചനയാണ് പ്രബന്ധത്തിന്റെ കാതൽ. ഭിന്നശേഷിയുടെ രാഷ്ട്രീയപരിസരത്തെ മാർക്സിസ്റ്റ് ചിന്താപദ്ധതി എപ്രകാരം വിശദീകരിച്ചു എന്ന് പ്രബന്ധത്തിലൂടെ അന്വേഷിക്കുന്നു. സംസ്കാരപഠനത്തിന്റെ രീതിശാസ്ത്രമാണ് പ്രബന്ധരചനയ്ക്കായി ഉപയോഗിക്കുന്നത്.

**ഭിന്നശേഷിയും മാർക്സിസവും**

ഭിന്നശേഷി എന്ന പദം സമൂഹത്തിന്റെ ധനാത്മകമായ നോട്ടത്തെ പ്രതിഫലിപ്പിക്കുന്നു. ശേഷിക്കുറവ് എന്ന പദത്തിന്റെ അടഞ്ഞ ഇടത്തിൽ നിന്ന് ഭിന്നശേഷി എന്ന തുറവിയിലേക്കുള്ള സമൂഹത്തിന്റെ വികാസം കൂടിയാണ് പദങ്ങളുടെ ഉപയോഗത്തിലുള്ള മാറ്റം സൂചിപ്പിക്കുന്നത്. ഭിന്നശേഷി പഠനങ്ങൾ സമീപകാലത്താണ് വിപുലപ്പെടുത്തുന്നത്. കേവല ആദർശമാതൃകകളുടെ നിർമ്മാണത്തിൽ പ്രവർത്തിക്കുന്ന അധികാരഘടനയെ ചോദ്യം ചെയ്തുകൊണ്ടാണ് ഭിന്നശേഷി പഠനങ്ങൾ വികാസമാർജ്ജിക്കുന്നത്. വൈകല്യത്തെയല്ല, മറിച്ച് കൈവല്യത്തിലേക്കുള്ള കാഴ്ച്ചക്കോണിന്റെ മാറ്റമാണിത്. കൂടുതൽ ജനാധിപത്യബോധ്യമുള്ള മനുഷ്യരായി മാറാനുള്ള ചിന്താഘടനയാണ് ഭിന്നശേഷി പഠനങ്ങൾ വിഭാവനം ചെയ്യുന്നത്.

**മാർക്സിന്റെ ശരീരമെഴുത്തുകൾ**

മാർക്സ് ശരീരത്തെക്കുറിച്ചോ ഭിന്നശേഷിയെക്കുറിച്ചോ വർഗ്ഗസമരത്തിൽ ഭിന്നശേഷിപുലർത്തുന്നവരുടെ പങ്കാളിത്തത്തെക്കുറിച്ചോ സവിശേഷമായ പ്രസ്താവനകളൊന്നും നടത്തിയിട്ടില്ല.

എന്നാൽ മാർക്സിന്റെ എഴുത്തുകളിൽ ചില സൂചനകളുണ്ട്. ഉത്പാദനപ്രക്രിയിൽ ഉള്ള വിവിധ വിഭാഗങ്ങളുടെ പ്രാതിനിധ്യത്തെപ്പറ്റി മാർക്സ് സൂചിപ്പിക്കുന്നു. സ്വത്വസംബന്ധിയായ ഇത്തരം സൂചനകളിൽ നിന്നാണ് പിൽക്കാലപഠനങ്ങൾ വികസിച്ചത്. മാർക്സ് പ്രധാന്യം കൊടുത്ത ആശയം മനുഷ്യശരീരത്തെ തൊഴിൽ ചെയ്യാനുള്ള വെറും ഉപകരണം മാത്രമാക്കി അന്യവൽക്കരണം ചുരുക്കുന്നു. അതിന്റെ സർഗാത്മകശേഷിയെ പാടെ നിരസിക്കുന്നു. ഉത്പാദനപ്രക്രിയുടെ ഒരു ഭാഗമാക്കി ചുരുക്കുന്നതോടെ ശരീരം അതിന്റെ സാധ്യതകളെ കൈവെടിയുകയാണ്. ഉത്പാദനം വർദ്ധിപ്പിക്കാനുള്ള അരോഗദൃഢ ഗാത്രമായ പുരുഷശരീരങ്ങളെ മൂലധനശക്തികൾ ആദർശമാതൃക കളായി അവതരിപ്പിച്ചു. പൊതുആകാരമായും വിലക്ഷണതയെ, വൈകല്യത്തെ നിർണ്ണയിക്കാനുള്ള അളവുകോലായി ഈ ആദർശ ശരീരങ്ങൾ മാറി.

കോളിയെറുടെ അഭിപ്രായത്തിൽ മാർക്സ് പറഞ്ഞ പ്രധാന വസ്തുത മുതലാളിത്തം മനുഷ്യശരീരത്തെയും മനുഷ്യസ്വഭാവ ത്തെയും മാറ്റുന്നു. രോഗവും ശേഷിക്കുറവും തൊഴിലാളി വിഭാഗ ത്തിന്റെ ജീവിതചുറ്റുപാടിന്റെ ഉപോത്പന്നമാണ്. അതിന്റെ കാരണം മൂലധനശക്തികൾ തങ്ങളുടെ താത്പര്യങ്ങൾക്കനുസൃതമായി പണിത ലോകമാണ്. മുതലാളിത്തത്തിന്റെ ലാഭക്കൊതി ശേഷിക്കുറവിനെ പുറന്തള്ളുകയും മുഖ്യധാരയിൽ ആരോഗ്യമുള്ള ശരീരങ്ങൾ മാത്രം പ്രാതിനിധ്യം വഹിച്ചാൽ മതി എന്ന നിലയിൽ ലോകക്രമത്തെ കൊണ്ടെത്തിക്കുകയും ചെയ്തു. മൂലധനം ക്രമപ്പെടുത്തിയ ലോകത്ത് ഭിന്നശേഷിയുള്ള മനുഷ്യരുടെ സർഗ്ഗക്രിയകൾ പുറന്തള്ളപ്പെടുന്നതും തിരസ്ക്കരിക്കപ്പെടുന്നതും ഈ വിധമാണ്. സമൂഹത്തിന്റെ പുരോഗ മനോന്മുഖമായ മാറ്റത്തിന് പ്രവർത്തിക്കുന്നവരിലുള്ള ഭിന്നശേഷി ക്കാരുടെ പ്രധാന്യം ചർച്ചചെയ്യേണ്ടതാണ്. കേരളരാഷ്ട്രീയത്തിൽ ഇ.എം.എസ്. വിക്കിനെ ഒരു വൈകല്യമായികാണാതെ അതിനെ തന്റെ ഇച്ഛാശക്തിയുടെ അടയാളമാക്കി മാറ്റി. എന്നിരുന്നാലും ഭിന്നശേഷി ക്കാരുടെ നിയമനിർവ്വഹണസഭയിലെ പ്രാതിനിധ്യം ചർച്ചയാവണം.

**മൂലധന വ്യവസ്ഥയും അന്യവത്കരണവും**

മാർക്സ് മുന്നോട്ട് വച്ച പ്രധാന ആശയങ്ങളിലൊന്ന് മൂലധന വ്യവസ്ഥ മനുഷ്യശരീരങ്ങളെയും മനുഷ്യപ്രകൃതിയെയും എപ്രകാരം എങ്ങനെയാണ് പരിവർത്തനപ്പെടുത്തുന്നത് എന്നതാണ്. രോഗാതുരത എപ്രകാരമാണ് തൊഴിലാളിവർഗ്ഗത്തിന്റെ ജീവിതപരിസരവുമായി ബന്ധപ്പെട്ടിരിക്കുന്നത് എന്നും മാർക്സ് ചൂണ്ടിക്കാട്ടുന്നു. ചരിത്രപരമായി പരിവർത്തനപ്പെട്ട ഉണ്മയായി മാർക്സ് ശരീരത്തെ പരിഗണിക്കുന്നു. വ്യാവസായിക മുതലാളിത്തം തൊഴിലാളി വർഗ്ഗത്തിന്റെ ശാരീരികക്ഷമതയെ എപ്രകാരം ബാധിച്ചുവെന്ന് മാർക്സ് പഠിക്കുന്നു. സമൂഹത്തിന്റെ സാമ്പത്തികഘടനയുമായി ഈ കാര്യം ബന്ധപ്പെട്ടിരിക്കുന്നത് എങ്ങനെയാണ് എന്നത് പ്രധാനമാണ്. മൂലധനം ചില മാതൃകകളെയും വ്യവസ്ഥതകളെയും സൃഷ്ടിക്കുന്നു. ഈ വ്യവസ്ഥകൾക്കും മാതൃകകൾക്കും അനുസൃതമായി പൊതുബോധത്തിന്റെ ചിന്താരീതി മാറുന്നു. ലോകവീക്ഷണത്തെ ഇത് സ്വാധീനിക്കുന്നു. പരസ്യങ്ങൾ, ദൃശ്യസംസ്കാരം ഇവ അവതരിപ്പിക്കുന്ന ശരീരമാതൃക മൂലധനയുക്തികൾക്കനുസൃതമായി പരിവർത്തനപ്പെടുന്ന സമൂഹത്തിന്റെ ശരീരബോധത്തെയാണ് തൃപ്തിപ്പെടുത്തുന്നത്. ഒരു വിഭാഗം മനുഷ്യരെ അത് മുഖ്യധാരയിൽ നിന്ന് മാറ്റിനിർത്തുന്നു. ഈ മാറ്റിനിർത്തൽ സൃഷ്ടിക്കുന്ന സാമൂഹികപ്രശ്നങ്ങളെ നാം വേണ്ട രീതിയിൽ അഭിസംബോധന ചെയ്തിട്ടില്ല. പ്രശ്നത്തിന്റെ ഉപരിപ്ലവമായ പരിഹാരമല്ല ആവശ്യം. മറിച്ച് അടിത്തട്ടിലാണ് മാറ്റങ്ങൾ പ്രാവർത്തികമാകേണ്ടത്. സാമൂഹികവും ചരിത്രപരവും സാമ്പത്തികവുമായ പരിവർത്തനമാണ് ഉണ്ടാകേണ്ടത്.

മനുഷ്യന്റെ സൃഷ്ടിപരതയ്ക്കാണ് മുതലാളിത്തം പ്രാമുഖ്യം കൊടുക്കുന്നത്. നിരന്തരം ഉത്പാദപ്രക്രിയയിലേർപ്പെടുന്ന മനുഷ്യനെ മുതലാളിത്തം ആദർശമാതൃകയായി പരിഗണിക്കുന്നു. ഈ അളവുകോലിലാണ് പൊതുബോധം മനുഷ്യരെ പരിഗണിക്കുന്നത്. ഉത്പാദനപ്രക്രിയയിൽ നിരന്തരം ഏർപ്പെടുന്ന മനുഷ്യർക്ക് സ്വച്ഛന്ദവിഹാരം നടത്താനുതകുന്ന തരത്തിൽ ലോകം നിർമ്മിക്കപ്പെടുന്നു. ഇത്

ചൂഷണത്തിന്റെ മറ്റൊരു മുഖമാണ്. ഒരു വിഭാഗം മനുഷ്യാകാരങ്ങളെ ആദർശമാതൃകകളാക്കുമ്പോൾ ഒരു വിഭാഗം അപരവത്കരിക്കപ്പെടുന്നു. മനുഷ്യനും ജീവിതപ്രകൃതിയും തമ്മിലുള്ള സംഘർഷം മാർക്സിന്റെ രചനകളിൽ മുഖ്യമായും കടന്നുവരുന്നു. 'മൂലധന'ത്തിലാണ് മാർക്സ് പ്രധാനമായും ഈകാര്യങ്ങളെ സൂചിപ്പിക്കുന്നത്. മറ്റു രചനകളിലും ആനുഷംഗികമായ പരാമർശങ്ങളുണ്ടെങ്കിലും ഉത്പാദനിരതമായ ജീവിതം നയിക്കുന്ന മനുഷ്യശരീരത്തെക്കുറിച്ച് മൂലധനത്തിലാണ് കൂടുതലും പറയുന്നത്. (s.bengtsson;2017) സൃഷ്ടിപരതയാണ് മനുഷ്യനെ മൃഗങ്ങളിൽ നിന്ന് വേർതിരിച്ച് നിർത്തുന്നത്. ഉത്പാദനവ്യവസ്ഥയിൽ വ്യക്തിയുടെ പങ്ക് മാർക്സ് അന്വേഷിക്കുന്നു. ഈ വേളയിലാണ് മൂലധനവ്യവസ്ഥ വിഭാവനം ചെയ്യുന്ന മനുഷ്യശരീരത്തെ സംബന്ധിച്ച ആലോചനയ്ക്ക് പ്രസക്തിയേറുന്നത്.

ഭിന്നശേഷി സംബന്ധിച്ച് മാർക്സ് ഒന്നും എഴുതിയിട്ടില്ല. മാർക്സിന്റെ ശരീരമെഴുത്തുകളിൽ നിന്നും സ്വരൂപിച്ച ആശയങ്ങളെ ഭിന്നശേഷിയുമായി ബന്ധപ്പെടുത്തി ആലോചിക്കുന്നതിന് വർത്തമാനസന്ദർഭത്തിൽ പ്രസക്തിയുണ്ട്. മുതലാളിത്തത്തിന്റെ കൈകൾ ലോകത്തെ പിടിമുറുക്കിയ സന്ദർഭത്തിൽ മാർക്സിന്റെ ആലോചനകൾക്ക് ഒരു ഔഷധമായി പ്രവൃത്തിക്കാനുള്ള ശേഷിയുണ്ട്. വ്യക്തിക്ക് സമൂഹത്തിൽ താൻ നിൽക്കുന്നസ്ഥാനത്തെക്കുറിച്ച് ബോധ്യമുണ്ടാവുകയും സാമൂഹികബന്ധങ്ങളുടെ അടിത്തട്ടിനെ നിയന്ത്രിക്കുന്ന മൂലധനാധിപത്യത്തെക്കുറിച്ച് ആലോചനയുണ്ടാവുകയും ചെയ്യുക എന്ന പ്രധാനപ്പെട്ട കാര്യം മാർക്സിന്റെ എഴുത്തുകൾ നിർവഹിക്കുന്നു.

*സഹായക ഗ്രന്ഥങ്ങൾ*

1. Bengtsson, Staffan, *Put of the Frame : Disabililty and the Body in the Writings of Karl Marx*, scandinavian journal of diability research, 2017

# സാമൂഹികമനോഭാവം 'ഖസാക്കി'ലെ ക്ലാസ്സ്മുറിയിൽ

**അനന്തലക്ഷ്മി എസ്.**

**(ഗവേഷക, മലയാളവിഭാഗം, കേരളസർവകലാശാല)**

വിദ്യാഭ്യാസം വ്യക്തിയുടെ സാമൂഹികവൽക്കരണപ്രക്രിയയാണ്. പഠിതാവിനെ അറിവിന്റെ സ്വീകർത്താവായും അദ്ധ്യാപകനെ അറിവധികാരിയായും പ്രതിഷ്ഠിച്ച ചേഷ്ടാവാദ സങ്കല്പത്തിൽനിന്നും വിദ്യാർത്ഥികേന്ദ്രിത വിദ്യാഭ്യാസത്തിലേക്ക് വിദ്യാഭ്യാസരംഗം വിപ്ലവകരമായി ചുവടുവെച്ചിട്ടുണ്ട്. പൊതുവിദ്യാലയങ്ങളിൽ ഉൾപ്പെടെ ക്ലാസ്മുറികളിൽ ശ്രേണീകരിക്കപ്പെട്ട മൂന്നുവിഭാഗം കുട്ടികളാണുള്ളത്– അസാധാരണ പഠിതാക്കൾ, ശരാശരി പഠിതാക്കൾ, മന്ദപഠിതാക്കൾ. പഠിതാവിന്റെ മാനസികവും ശാരീരികവും ബൗദ്ധികവുമായ ശേഷി ഈ ശ്രേണീകരണത്തിനു പിന്നിലുണ്ട്. പഠിതാവിന്റെ പ്രകൃതം നിശ്ചയിക്കപ്പെടുന്നത് പ്രായം, ശാരീരികശേഷി, മാനസികശേഷി മുതലായ മാനദണ്ഡങ്ങൾ അനുസരിച്ചാണെന്നു സാരം. ഭിന്നശേഷിക്കാർക്കായി സ്പെഷ്യൽ സ്കൂളുകളും വിദ്യാഭ്യാസവും ഉണ്ടായത് മുൻകുട്ടി നിശ്ചയിക്കപ്പെട്ട ശേഷി പരിഗണിച്ചാണ്. സാമൂഹികവും സാംസ്കാരികവുമായി ഭിന്നശേഷിക്കാർ മാറ്റി നിർത്തപ്പെടുന്നത് സാമൂഹിക മനോഭാവങ്ങൾ പുനർനിർമ്മിക്കപ്പെടാത്തതു കൊണ്ടുകൂടിയാണ്. വിദ്യാഭ്യാസരംഗത്തു അപരവൽക്കരിക്കപ്പെടുന്നതിന് പരിഹാരം എന്ന

നിലയ്ക്കാണ് സങ്കുലിത ക്ലാസ്മുറി (Inclusive education) എന്ന ആശയം മുന്നോട്ട് വെയ്ക്കുന്നത്. മിശ്രമായ, അനേകതരത്തിലുള്ള, ഒന്നിച്ചു ചേർന്ന എന്നിങ്ങനെയുള്ള അർത്ഥമാണ് സങ്കുലിതം എന്ന പദം കൊണ്ട് അർത്ഥമാക്കുന്നത്. പൊതുവിദ്യാലയങ്ങളിലെ പഠിതാക്കൾക്കൊപ്പം പഠിക്കാൻ ഭിന്നശേഷിക്കാർക്കും അവസരം നൽകുകയാണ് സങ്കുലിത ക്ലാസ്സ്മുറിയുടെ ഉദ്ദേശ്യം.

**ഖസാക്കിലെ സങ്കുലിത ക്ലാസ്സ്മുറി**

മലയാളസാഹിത്യത്തിൽ സങ്കുലിത ക്ലാസ്സ്മുറി സങ്കല്പം 'ഖസാക്കിന്റെ ഇതിഹാസ'ത്തിലെ ഏകാദ്ധ്യാപക വിദ്യാലയത്തിലാണ് ഉള്ളത്. അപ്പുക്കിളിയെപ്പോലൊരാളെ സാധാരണ ക്ലാസ്സ്മുറി എങ്ങനെ ഉൾക്കൊള്ളും എന്നത് രവിക്ക് പ്രശ്നമേ ആയിരുന്നില്ല. ഭിന്നശേഷിക്കാരെ കൈകാര്യം ചെയ്യാൻ പരിശീലനം ലഭിച്ച അദ്ധ്യാപകർ വേണം എന്ന ധാരണ രവി പൊളിച്ചെഴുതുകയാണ്. അപ്പുക്കിളിയുടെ ആവശ്യങ്ങളും അവന്റെ പ്രശ്നങ്ങളും അറിഞ്ഞു പെരുമാറാനും ക്ലാസ്മുറിയുടെ അന്തരീക്ഷം നിലനിർത്താനും രവിക്ക് കഴിയുന്നു. സഹകരണവും സഹവർത്തിത്വവും ആശയവിനിമയവും സങ്കുലിത ക്ലാസ്സ്മുറിയിലും പ്രാവർത്തികമാകും എന്നതിനു മികച്ച മാതൃകയാണ് രവിയുടെ ഏകാദ്ധ്യാപക വിദ്യാലയം. അപ്പുക്കിളിയുടെ വരവോടുകൂടിയാണ് രവിയുടെ വിദ്യാലയം സങ്കുലിത ക്ലാസ്സ്മുറിക്ക് മാതൃകയായിത്തീരുന്നത്. 1960-കളോടെയാണ് ജ്ഞാനനിർമ്മിതിവാദം ഉൾപ്പെടെയുള്ള ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങൾ രൂപംകൊണ്ടത്. പഠിതാക്കളുടെ മൂന്നുതരം ശേഷികളെ അടിസ്ഥാനമാക്കിയ ആധുനിക വിദ്യാഭ്യാസ സിദ്ധാന്തങ്ങളും ആശയങ്ങളും ഭിന്നശേഷിക്കാരെ പരിഗണിച്ചതേയില്ല. 1969-ൽ പുറത്തിറങ്ങിയ *ഖസാക്കിന്റെ ഇതിഹാസ*ത്തിലൂടെ ഒ.വി.വിജയൻ അപ്പുക്കിളി എന്ന ഭിന്നശേഷിക്കാരനെ മലയാളികൾക്കു മുന്നിൽ അവതരിപ്പിക്കുക മാത്രമല്ല, ശേഷിയുടെ നിർവ്വചനങ്ങളെ അപ്രസക്തമാക്കുകയും ഏകാദ്ധ്യാപക വിദ്യാലയത്തിൽ സങ്കുലിത ക്ലാസ്സ്മുറി എന്ന ആശയത്തിന് തുടക്കം കുറിക്കുകയും ചെയ്തു.

സാമൂഹികജീവിതത്തിന്റെ ഒരു രൂപം തന്നെയാണ് വിദ്യാലയ ജീവിതം എന്ന കാഴചപ്പാട് പുലർത്തിയവരാണ് ജോൺ ഡ്യൂയിയെ

പ്പോലുള്ള വിദ്യാഭ്യാസചിന്തകർ. അപ്പുക്കിളിക്ക് ലഭിക്കാവുന്ന മികച്ച സാമൂഹികജീവിതം തന്നെയാണ് രവിയുടെ ക്ലാസ്സ്മുറി മുന്നോട്ട് വയ്ക്കുന്നതും. ക്ലാസ്സ്മുറിയെക്കുറിച്ച് കേട്ടറിവ് പോലുമില്ലാത്ത അപ്പുക്കിളിയെ രവി ക്ലാസ്മുറിയുടെ ഭാഗമാക്കുന്നത് അവന് വേണ്ടത്ര സ്നേഹവും കരുതലും നൽകിയാണ്. ക്ലാസ്മുറി കണ്ട് പരുങ്ങി നിന്ന അവനോട് ''കിളി എന്തിനാ പേടിക്കുന്നത്, ഒക്കെ കിളിയുടെ ചങ്ങാതിമാരല്ലേ'' എന്നാണ് രവി പറഞ്ഞത്. സ്നേഹം, പ്രത്യാശ, സഹകരണം, പങ്കാളിത്തം മുതലായ മൂല്യങ്ങൾ രവി ക്ലാസ്മുറിയിൽ  പിന്തുടരുന്നു. ചോദ്യം ചോദിക്കുന്നതിനും അന്വേഷിക്കുന്നതിനും അറിവ് പ്രകാശിപ്പിക്കുന്നതിനും രവി കുട്ടികളെ വിലക്കുന്നില്ല; അതിനാൽ  ക്ലാസ്മുറി ജനാധിപത്യം  എന്ന ആശയം അക്ഷരാർത്ഥത്തിൽ പ്രാവർത്തികമാകുന്നു. സഹപാഠികൾ എന്ന നിലയിൽ അപ്പുക്കിളിയോട് മറ്റ് കുട്ടികൾപുലർത്തുന്ന മനോഭാവവും ശ്രദ്ധിക്കേണ്ടതാണ്. ക്ലാസ്മുറിയിലെ ജനാധിപത്യബോധം ആണ് അപ്പുക്കിളിയെ തങ്ങളോടോപ്പം ചേർത്തു നിർത്താൻ മറ്റുള്ളവരെ പ്രാപ്തരാക്കുന്നത്. തങ്ങളുടെ അടുത്തു വന്നിരിക്കാൻ അവർ അവനെ മത്സരിച്ചു ക്ഷണിക്കുയാണ്. ക്ലാസ് ആരംഭിച്ചപ്പോൾ ഒരു ഇലന്തിപ്പഴം അപ്പുക്കിളിക്ക് നൽകി ''പേടിക്കണ്ടാട്ടോ'' എന്ന് പറയുന്ന  കൊച്ചുസുഹറ ശരിയായ വിദ്യാഭ്യാസത്തിന്റെ ലക്ഷ്യമാണ് കാണിച്ചുതരുന്നത്. ബോധനരീതികളിൽ പോലും മാറ്റം വരുത്തേണ്ടതായി വരുമെങ്കിലും ക്ലാസ്മുറി നൽകുന്ന ജനാധിപത്യബോധം ഭിന്നശേഷിക്കാരോടുള്ള സാമൂഹികമനോഭാവങ്ങൾ പുനർനിർമ്മിക്കപ്പെടാൻ ഉതകുന്നതാണ്.

നിർബന്ധിതവും തുല്യവുമായ വിദ്യാഭ്യാസത്തിന് ഭിന്നശേഷിക്കാരും അർഹരാണ്; തുല്യത ഉറപ്പാക്കേണ്ടത് സ്പെഷ്യൽ സ്കൂളുകളിൽ ചേർന്നുകൊണ്ടല്ല എന്നുമാത്രം. ശേഷി പരിഗണിച്ചു കൊണ്ടുള്ള വിദ്യാഭ്യാസം ജനാധിപത്യപരമല്ല എന്നതു മാത്രമല്ല, അപകടകരമായ പാർശ്വവൽക്കരണത്തിന് നിദാനം കൂടിയാണ്. 51 കൊല്ലം മുമ്പ് ഖസാക്ക് ചർച്ച ചെയ്ത ക്ലാസ്സ്മുറി മാതൃക സമകാല വിദ്യാഭ്യാ സരംഗം അതീവ ഗൗരവത്തോടെ സമീപിക്കേണ്ടതും ചർച്ച ചെയ്യേണ്ടതും തന്നെയാണ്.

**ഖസാക്കുകാരുടെ സാമൂഹികമനോഭാവം**

അപ്പുക്കിളിയെ ഖസാക്കിന്റെ ഭാഗമായിക്കണ്ട് പരിഗണിച്ച ഖസാക്കുകാരുടെ സാമൂഹികമനോഭാവവും ചർച്ച ചെയ്യപ്പെടേണ്ട തുണ്ട്. ചിന്ത, മനോഭാവം, പെരുമാറ്റരീതി, സ്വഭാവം എന്നിവ സാമൂഹിക സ്വാധീനത്തിലൂടെയാണ് വ്യക്തിക്ക് ലഭിക്കുന്നത്. ഭിന്നശേഷി വ്യക്തി അതായിരിക്കെത്തന്നെ സാമൂഹികമനോഭാവങ്ങൾ ഭിന്നശേഷിക്കാരെ അങ്ങനെയാക്കി തീർക്കുക കൂടി ചെയ്യുന്നുണ്ട്. വിവേചനപരവും സഹ താപപരവുമായ സാമൂഹികമനോഭാവം ഭിന്നശേഷിക്കാർ പൊതുസമൂ ഹത്തിൽനിന്ന് തമസ്കരിക്കപ്പെടുന്നതിനും അർഹമായ സ്ഥാനം ലഭിക്കാതെ പോകുന്നതിനും ഇടവരുത്തുന്നു. സമൂഹം വ്യക്തികളെ വ്യാഖ്യാനിക്കുന്നത് സാജാത്യ വൈജാത്യങ്ങൾ ഉപയോഗിച്ചാണ്. വ്യക്തിയുടെ ശേഷിയെക്കുറിച്ചുള്ള പൊതുധാരണ ഇത്തരം വ്യാഖ്യാന ങ്ങളുടെ പിന്നിലുണ്ട്. മതം, നിറം, ലിംഗം മുതലായവ അധികാര താൽപര്യങ്ങൾ ഊട്ടി ഉറപ്പിക്കാൻ ഉതകുന്നതുപോലെ മനുഷ്യന്റെ ശാരീരികവും മാനസികവും ബൗദ്ധികവുമായുള്ള ശേഷി ആ ഗണ ത്തിൽ ഉൾപ്പെട്ടുകഴിഞ്ഞു എന്നുവേണം പറയാൻ.

അപ്പുക്കിളിയോടുള്ള ഖസാക്കുകാരുടെ സാമൂഹികമനോഭാവം മാതൃകാപരമാണ്. വ്യക്തിയുടെ ശേഷിയെ നിർവ്വചിച്ച് കൊണ്ടുള്ള വേർതിരിവ് ഖസാക്കുകാർക്ക് ഉണ്ടായിരുന്നില്ല. ശേഷി എന്നത് അധി കാര സാധൂകരണത്തിന്റെ മാനകമായി മാറാത്തതുകൊണ്ടുതന്നെ അപ്പുക്കിളി നോവലിന്റെ അവസാനം വരെയും ഖസാക്കിനോട് ചേർന്നുനിൽക്കുന്നു. അപ്പുക്കിളിയെ അറിയുകയും അവന് അത്താണി യാവുകയും ചെയ്യുന്ന നിരവധി പേർ ഖസാക്കിലുണ്ട്. അപ്പുക്കിളിയുടെ സാമൂഹികജീവിതം മറ്റുള്ളവരെപോലെ തന്നെ ആകുന്നത് അധി കാരമോ ആധിപത്യസ്വഭാവമോ പുലർത്തുന്നവർ ഖസാക്കിൽ ഇല്ലാ ത്തതുകൊണ്ടുകൂടിയാണ്. ഇതിനൊരു എതിരഭിപ്രായം ഉണ്ടെങ്കിൽ, അത് മൈമുനയാണ്.

നീലി മരിക്കും മുൻപ് കുട്ടാടൻ പൂശാരി അവളോട് പറഞ്ഞത് ഈ പൊട്ടൻ ഞങ്ങളുടെ കുട്ടിയാണ് ഞങ്ങൾ, അവന്റെ കൊറ്റ്

മുടക്കില്ല എന്നാണ്. അനാഥനും ഭിന്നശേഷിക്കാരനും ആയ കിളിയെ ഖസാക്കിലെ സമൂഹം എങ്ങനെ ഉൾക്കൊണ്ടുവെന്നും എന്തായിരുന്നു അവരുടെ സാമൂഹികബോധം എന്നും നോവൽ വ്യക്തമായി അടയാളപ്പെടുത്തുന്നു. അനാഥനായതോടെ മാധവൻനായരുടെ തുന്നൽ പീടികയായി അവനു ശരണം. അവനവിടെ ഉറങ്ങി. അലിയാരുടെ പീടികയിൽ നിന്ന് ചായയും മുറുക്കും കിട്ടി. എല്ലാവരും അവന് ചോറു കൊടുത്തു. അപ്പുക്കിളിയുടെ ശേഷിയോ പ്രകൃതമോ അനുസരിച്ച് ഖസാക്കുകാർ അവനെ മാറ്റി നിർത്തിയില്ല. മറ്റു കുട്ടികൾക്കൊപ്പം കളിക്കാനോ ക്ലാസ്സ്മുറി പരിചരിക്കാനോ അവനു വിലക്കുണ്ടായിരുന്നില്ല. ഖസാക്കിൽ അവൻ യഥേഷ്ടം പാറിനടന്നു. കിളിക്ക് കുടുമ വെച്ചു കൊടുക്കാനും സുന്ദരൻ എന്നു പറഞ്ഞ് അവനെ സന്തോഷിപ്പിക്കാനും ഖസാക്കുകാർക്ക് സാധിച്ചു.

രവിക്കൊപ്പം ഞാറ്റുപുരയിൽ താമസമാക്കിയതോടെ കിളിക്ക് അയാൾ ചേട്ടനായി മാറി. രവി അപ്പുക്കിളിയോട് പുലർത്തുന്ന സവിശേഷസ്നേഹം തിരിച്ചറിയാനും രവിയോട് വൈകാരികബന്ധം പുലർത്താനും അവനുകഴിയുന്നു. ആരോടും പറയാതെ വീട്ടിൽ പോയി വന്ന രവിയോട്, ''നീ ഇത്രയും ദിവസം എവിടെ പോയിരുന്നു'' എന്ന് കിളി ചോദിക്കുന്നു. അപ്പുക്കിളിക്ക് ഖസാക്ക് നൽകുന്ന സ്നേഹത്തിന്റെയും പരിഗണനയുടെയും ഫലമാണ് മാന്ദ്യം ബാധിച്ച അപ്പുക്കിളിയിൽ ഉണ്ടാകുന്ന വൈകാരികസ്ഫുരണങ്ങൾ. ആബിദക്ക് പൂ പറിച്ചു നൽകാനും ഇഷ്ടമുള്ളവർക്ക് തുമ്പിയെ പിടിച്ചു നൽകാനും അവൻ തയ്യാറാകുന്നത് വൈകാരികബന്ധങ്ങൾ ഉള്ളതുകൊണ്ടു തന്നെയാണ്. ഭിന്നശേഷിക്കാരെ പരിഗണിച്ചുകൊണ്ടുള്ള സാമൂഹിക മനോഭാവം അവരിലുണ്ടാക്കുന്ന ഗുണപരമായ മാറ്റങ്ങൾ നിസ്സാരമല്ല. അംഗീകാരത്തിൽ കൂടിയും ചേർത്തുനിർത്തലിൽ കൂടിയും അപ്പുക്കിളിയുടെ സ്വഭാവരൂപീകരണത്തിലും വ്യക്തിത്വത്തിലും വരുന്ന മാറ്റങ്ങൾ ശ്രദ്ധിക്കപ്പെടേണ്ടതുതന്നെ. ഭിന്നശേഷിക്കാരോട് പൊതുസമൂഹം പുലർത്തുന്ന മനോഭാവങ്ങളിൽനിന്നും പുറത്തുവന്നവരാണ് ഖസാക്കുകാർ. സഹതാപമോ അരികുവൽക്കരണമോ അല്ല ഭിന്നശേഷിക്കാരോട് വേണ്ടത് എന്ന ബോധം തന്നെയാണ് ഖസാക്ക് പറഞ്ഞു തരുന്നത്.

**ഖസാക്കിലെ സുന്ദരി**

നോവലിൽ അപ്പുക്കിളിയോട് അമർഷവും വെറുപ്പും പ്രകടിപ്പിക്കുന്ന ഏക കഥാപാത്രം ഖസാക്കിലെ സുന്ദരി മൈമുന യാണ്. ശരീരം, മനസ്സ് എന്നിവയെ സംബന്ധിച്ച മൈമുനയുടെ കാഴ്ചപ്പാടും മനോഭാവവും വ്യത്യസ്തമായിരുന്നു. ഒ.വി. വിജയന്റെ ഭാഷയിൽ പറഞ്ഞാൽ ഖസാക്കിൽ എല്ലാവരും മനസ്സാൽ ബന്ധിച്ച യാഗാശ്വമാണ് അവൾ. തലയിൽ തട്ടം ഇല്ലാതെ നീല ഞരമ്പ് ഓടിയ കൈകളിൽ കരിവളയിട്ടു നടുപറമ്പിലൂടെ ഓടിനടക്കുന്ന മൈമുന. ചിറ്റമ്മ എന്ന് ആബിദ വിളിച്ചാൽ മുഖം കറുപ്പിക്കുന്ന മൈമുനയ്ക്ക് തന്റെ ശരീരത്തെയും സൗന്ദര്യത്തെയും കുറിച്ച് മതിപ്പാണ്. ആ സൗന്ദര്യബോധം ആണ് ആബിദയോടും അപ്പുക്കിളിയോടും അധി കാരസ്വരത്തിൽ സംസാരിക്കാൻ മൈമുനക്ക് ബലം ആകുന്നതും. ശരീരവും മനസ്സും ഭിന്നശേഷിക്കാരോട് പ്രത്യക്ഷമായോ പരോക്ഷ മായോ ആധിപത്യം പുലർത്താൻ പൊതുസമൂഹം ഉപയോഗിക്കുന്ന അധികാരരൂപങ്ങളായി തീർന്നിട്ടുണ്ട്.

ശരീരഘടന, അവയവങ്ങളുടെ പ്രത്യേകത, ശേഷി എന്നിവ യെല്ലാം പരിഗണിച്ചുകൊണ്ടുള്ള ഒഴിവാക്കലുകൾ ശ്രദ്ധിക്കേണ്ടതുണ്ട്. ചെവിയിൽ പൂവ് ചൂടിയതിന് "ആര് കാണാനാടീ എലുമ്പിക്കൂടേ" എന്നാണ് ആബിദയോട് മൈമുന കയർക്കുന്നത്. ശരീരത്തിന്റെ പ്രത്യേകതകൾ പറഞ്ഞുള്ള ആക്ഷേപവും അതിനുപയോഗിക്കുന്ന ഭാഷയും അധികാരകേന്ദ്രങ്ങൾ ആയി പ്രവർത്തിക്കുന്നു. മൈമുനയോട് ബീഡി ചോദിച്ച അപ്പുക്കിളിയോട് "പോയി കുറ്റി പിറക്കെടാ പന്നി" എന്നാണ് മൈമുന ആക്രോശിച്ചത്. അവജ്ഞ നിറഞ്ഞ ഭാഷാപ്രയോ ഗത്തിലൂടെയും പെരുമാറ്റത്തിലൂടെയും വ്യവസ്ഥപ്പെടുത്തിയ ശരീരവും മനസ്സും അങ്ങനെയല്ലാത്തതിനോട് ആധിപത്യം പുലർത്തേണ്ടതാണ് എന്ന ബോധത്തെ സൃഷ്ടിക്കുന്നു. പൊതുഇടങ്ങളിൽ ഭിന്നശേഷിക്കാർ മാറ്റി നിർത്തപ്പെടുന്നത് ശരീരം-മനസ്സ് എന്നീ ദ്വന്ദങ്ങളുടെ തെറ്റായ വ്യാഖ്യാനങ്ങൾകൊണ്ടുകൂടിയാണ്.

ഉന്തി നിന്ന ചുണ്ടുകൾ, പിഞ്ഞാണം പോലെ മങ്ങിയ കണ്ണുകൾ, ഒരു മുക്കാൽ മനുഷ്യന്റെ ഉടൽ ഇങ്ങനെയാണ് അപ്പുക്കിളിയുടെ

ശരീരഭാഷ. ഉടലഴകിന്റെ മാനദണ്ഡങ്ങൾ എന്ന് സമൂഹം നിർവ്വചിച്ച ശരീരഭാഷ അപ്പുക്കിളിക്ക് ഉണ്ടായില്ല. മൈമുന ഇഷ്ടപ്പെടുന്നതും പരിചരിക്കാൻ ആഗ്രഹിക്കുന്നതും വ്യവസ്ഥപ്പെടുത്തിയ ശരീരത്തെയാണ്. തന്റെ ശരീരസങ്കല്പത്തിന് വിപരീതമായി കാണുന്ന അപ്പുക്കിളി അവളിൽ അമർഷം ഉണ്ടാക്കുന്നത് അതുകൊണ്ടാണ്. അപ്പുക്കിളിയുടെ ശരീരവും മനസ്സും മൈമുനയുടെ പ്രശ്നവിഷയങ്ങളാണ്. മാനസികശേഷി കുറഞ്ഞ അപ്പുക്കിളി മൈമുനക്ക് ഭ്രാന്തൻ ആകുന്നത് മനസ്സിന്റെ ശേഷി സംബന്ധമായ ധാരണയ്ക്ക് എതിരായതുകൊണ്ടാണ്. ശരീരം, മനസ്സ് മുതലായവയെ കുറിച്ചുള്ള കാഴ്ചപ്പാടുകൾ പുനഃപരിശോധിക്കേണ്ടതുണ്ട്. സൂക്ഷ്മതയോടെയും വ്യക്തമായ ധാരണയിലൂടെയും സാംസ്കാരികമായ ചർച്ചകളിലൂടെയും ശരീരം, മനസ്സ് എന്നീ ദ്വന്ദങ്ങൾ സാമൂഹികമായ പുനർനിർമിതിക്കും പരിവർത്തനങ്ങൾക്കും വിധേയമാക്കണം.

അപ്പുക്കിളിയെ പോലുള്ളവരോട് സാമൂഹിക പ്രതിബദ്ധത നിലനിർത്തുന്നതിനും അവർ അരികുവൽക്കരിക്കപ്പെടാതെ ഇരിക്കുന്നതിനും ഖസാക്ക് ഒരു മാതൃകയാണ്. 'സ്പെഷ്യൽ' ആയി നൽകുന്ന വിദ്യാഭ്യാസം ഭിന്നശേഷിക്കാരെ പരിഗണിക്കലാണെന്ന ധാരണ പൊളിച്ചെഴുതേണ്ടതാണ്. ക്ലാസ്സ് മുറികൾ സങ്കുലിതമാകുക തന്നെ വേണം. സ്പെഷ്യൽ സ്കൂളുകൾ ഉണ്ടായിരിക്കുന്നകാലത്തോളം പൊതുവിദ്യാലയങ്ങൾ ഉൾപ്പെടെയുള്ളക്ലാസ്മുറികൾ സങ്കുലിതം ആകുന്നതിനു പകരം സങ്കുചിതം ആവുകയേ ഉള്ളൂ. ഭിന്നശേഷിക്കാർ സ്പെഷ്യൽ ആയി പരിഗണിക്കപ്പെടേണ്ടവർ തന്നെയാണ്, സമൂഹത്തിലെ എല്ലാ മേഖലകളിലും, തുറസ്സുകളിലും!.

*സഹായകഗ്രന്ഥം*

1. ഒ.വി.വിജയൻ, *ഖസാക്കിന്റെ ഇതിഹാസം,* ഡി.സി.ബുക്സ്, കോട്ടയം.

# ഭിന്നശേഷിയുടെ ആഖ്യാനം - മലയാളം ചെറുകഥയിൽ

**എൽദോസ് പി. ഐ**

**(പിജി വിദ്യാർത്ഥി, സ്കൂൾ ഓഫ് ലെറ്റേഴ്സ്, മഹാത്മാഗാന്ധി സർവകലാശാല)**

ചെറുകഥയിൽ മനുഷ്യജീവിതത്തിന്റെ ജനനം മുതൽ മരണം വരെയുള്ള ജീവിതചര്യകളെ അടയാളപ്പെടുത്തിയിട്ടുണ്ട്. ബാല്യം, യൗവ്വനം, വാർദ്ധക്യം എന്നീ ജീവിതാവസ്ഥകളെയും പച്ചയായും ഭാവനസുന്ദരമായും ആഖ്യാനം ചെയ്തിട്ടുണ്ട്. ആഖ്യാതാവ് ആ അവസ്ഥകളെ കാണുകയും ഒരുപക്ഷേ അനുഭവിച്ചിരിക്കുക കൂടി ചെയ്യുന്നത് കൊണ്ടാകാം അത് കഥയുടെയും ഭാഗമായിത്തീർന്നത്. ഈ അവസ്ഥകളുടെ ഒരേടുമാത്രമാണ് ഭിന്നശേഷിയും.

## ഭിന്നശേഷിയും മലയാളസാഹിത്യവും

സാഹിത്യവും സിനിമയും ഭിന്നശേഷിയെ ആഖ്യാനം ചെയ്യാനും അവതരിപ്പിക്കാനും ശ്രമിച്ചിട്ടുണ്ട്. സാഹിത്യത്തിൽ ശാരീരികചലനങ്ങളെക്കാൾ മാനസികവും വൈയക്തികവുമായ തലങ്ങളെ സൂക്ഷ്മാംശങ്ങളായി അടയാളപ്പെടുത്താൻ ശ്രദ്ധിച്ചിരുന്നു. ഭിന്നശേഷി എന്ന സംജ്ഞയ്ക്ക് ഇന്നത്തെ അർത്ഥതലങ്ങൾ കൈവരുന്നതിനു മുമ്പാണ് 'ഖസാക്കിന്റെ ഇതിഹാസ'ത്തിൽ ഒ.വി.വിജയൻ അപ്പുക്കിളിയെ അവ

തരിപ്പിച്ചത്. ഭിന്നശേഷിയെ സർഗ്ഗാത്മകമായി കാണാനുള്ള ശ്രമം എന്ന് അതിനെ വിലയിരുത്താം. ആധുനിക മലയാളസാഹിത്യത്തിൽ നിരവധി എഴുത്തുകാർ ഭിന്നശേഷിയെ മുൻനിർത്തി കഥകൾ രചിച്ചിട്ടുണ്ട്. എസ്.കെ.പൊറ്റെക്കാട്ട്, ഉറൂബ്, ഒ.വി.വിജയൻ, എൻ.എസ്.മാധവൻ, കെ.ആർ മീര തുടങ്ങിയവരുടെ കഥകളിൽ പലരീതികളിൽ ഭിന്നശേഷിയെ ആഖ്യാനം ചെയ്തിരിക്കുന്നതു കാണാം. ശരീരം, വേഷം, ചലനം, ഭാഷാശൈലി എന്നിവയെ വരച്ചിടുന്നതിനൊപ്പം തന്നെ അവരുടെ ചിന്തകളും സമൂഹം അവരെ നോക്കി കണുന്ന വിധവും അടയാളപ്പെടുത്താൻ എഴുത്തുകാർ ശ്രദ്ധിച്ചിട്ടുണ്ട്. ബുദ്ധിമാന്ദ്യം, അംഗവൈകല്യം എന്നിവയാണ് കൂടുതലായും കഥകളിൽ കാണാനാവുക. അതുകൊണ്ട് എസ്.കെ.പൊറ്റെക്കാട്ടിന്റെ ‘ഒട്ടകം’, കെ.ആർ.മീരയുടെ ‘ഏകാന്തതയുടെ നൂറു വർഷങ്ങൾ’, എൻ.എസ്.മാധവന്റെ ‘കനകം’ എന്നീ കഥകളെ മുൻനിർത്തി മലയാളചെറുകഥയിലെ ഭിന്നശേഷിയുടെ ആഖ്യാനത്തെ പഠിക്കാൻ ശ്രമിച്ചിരിക്കുന്നു. അതോടൊപ്പം ഫ്രഞ്ച് സോഷ്യോളജിസ്റ്റ് എമൈൽ ഡാർക് ഹൈമിന്റെ സ്റ്റിഗ്മ (Stigma Theory) തിയറിയും കഥകളോട് കൂട്ടിച്ചേർത്തു വയ്ക്കാൻ ശ്രമിച്ചിരിക്കുന്നു.

**സ്റ്റിഗ്മ തിയറി (Stigma Theory)**

സ്റ്റിഗ്മ എന്നത് ഒരു ഗ്രീക്കുപദമാണ്. സമൂഹത്തിലെ മറ്റ് അംഗങ്ങളിൽ നിന്ന് ഒരു വ്യക്തിയെ വേർതിരിക്കുന്ന ഘടകങ്ങളടങ്ങിയ വിവേചനമാണ് സ്റ്റിഗ്മ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. സമൂഹം ചില പ്രത്യേക ഘടകങ്ങളെ അടിസ്ഥാനമായി കണ്ട് വ്യക്തികളെ ഒറ്റപ്പെടുത്തി ഒരു ഗ്രൂപ്പിലേക്ക് ഉൾപ്പെടുത്തും. ഇത് സംസ്കാരം, ലിംഗഭേദം, വംശം, ആരോഗ്യം, ബുദ്ധി എന്നിവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഫ്രഞ്ച് സോഷ്യോളജിസ്റ്റ് എമൈൽ ഡാർക് ഹൈം ആണ് ഇത്തരത്തിലൊരു പഠനം ആദ്യമായി നടത്തുന്നത്. അദ്ദേഹം പറയുന്നത് ഇത്തരത്തിൽ വേർതിരിക്കപ്പെടുന്ന വ്യക്തികൾ പദവി നഷ്ടത്തിനും വിവേചനത്തിനും വിധേയമാകുന്നു എന്നാണ്. ഭിന്നശേഷിയെ ഒരു കാലഘട്ടം വരെ സമൂഹം നോക്കി കണ്ടതും കാണുന്നതും ഈ വിവേ

ചനബുദ്ധിയിൽ നിന്നുകൊണ്ടാണ്. ഇതിൽ നിന്ന് വ്യതിരിക്തമായ ചിന്താഗതി മുള പൊട്ടുമ്പോൾ മാനുഷികമൂല്യത്തിനു പ്രാധാന്യം കൈവരുന്നു.

**'ഒട്ടകവും സമൂഹവും'**

എസ്.കെ.പൊറ്റെക്കാട്ടിന്റെ ഒട്ടകം എന്ന കഥയിൽ അവതരിപ്പിക്കപ്പെടുന്ന ഒട്ടകം എന്ന കഥാപാത്രത്തിന്റെ ശരീരാഖ്യാനങ്ങൾ തന്നെയാണ് അയാളെ ഭിന്നശേഷിക്കാരനായി അടയാളപ്പെടുത്തുന്നത്. ഒട്ടകവും ഒട്ടകത്തിന്റെ ശാരീരികചേഷ്ടകളും പ്രത്യേകതകളുമാണ് കഥയുടെ കേന്ദ്രബിന്ദു. നീണ്ടുമെലിഞ്ഞ കമ്പിത്തൂണുകൾ പോലുള്ള കാലുകൾ, കട്ടപ്പാരകൾ പോലുള്ള കൈകൾ, നീണ്ട കഴുത്തുള്ള ചീനഭരണി നെഞ്ച്, ഈ ഘടകങ്ങൾക്കു മുകളിൽ ഉണങ്ങിയ മച്ചിത്തേങ്ങ പോലൊരു തലയും ഇതാണ് ഒട്ടകം - കഥയിൽ ഒട്ടകത്തെപ്പറ്റി നൽകുന്ന വിവരണമാണിത്.

ഭിന്നശേഷിക്കാരായിരുന്നവർക്ക് ഒരു കാലഘട്ടത്തിൽ ആവശ്യമായ പരിഗണനയോ പരിചരണമോ ലഭിച്ചിരുന്നില്ല എന്നും സമൂഹം അവരെ ചൂഷണവിധേയമാക്കിയിരുന്നു എന്നും പറയാൻ ശ്രമിക്കുന്ന കഥയായി ഒട്ടകത്തെ വിലയിരുത്താം. ഹോട്ടലുടമയ്ക്ക് കീഴ്പ്പെട്ട് അയാളെ അക്ഷരം പ്രതി അനുസരിച്ചു ജീവിക്കുന്ന ഒട്ടകത്തിന് ഇവിടെ ശബ്ദമില്ല, സ്വന്തമായ അഭിപ്രായങ്ങളില്ല. എല്ലാത്തരം പരിഹാസങ്ങളും ഏറ്റുവാങ്ങി ജീവിക്കുന്ന ഒട്ടകത്തിന്റെ ആണത്തവും ഇവിടെ ചോദ്യം ചെയ്യപ്പെടുന്നുണ്ട്. ഒട്ടകത്തെ ഒന്നിനും കൊള്ളാത്തവനായി സമൂഹം മാറ്റിനിർത്തുന്നത് കാണാനാവും. ഇവിടെയാണ് സ്റ്റിഗ്മ തിയറിയുടെ പ്രസക്തി കൈവരുന്നതും.

തന്റെ കുഞ്ഞെന്നു കരുതി മനുവിന്റെ കൈയ്യിൽ നിന്ന് കുഞ്ഞിനെ തട്ടിപ്പറിച്ച് ഓടുന്ന ഒട്ടകത്തിൽ ഉടലെടുക്കുന്ന വാത്സല്യം മനുഷ്യസഹജമാണ്. കുഞ്ഞിനെ കണ്ട ഒട്ടകം ഒരു സാധാരണ മനുഷ്യനെപോലെ പുഞ്ചിരിതൂകുന്നു. വാത്സല്യം ഒട്ടകത്തെ ഒരു നിമിഷത്തേക്ക് സാധാരണ മനുഷ്യനാക്കുന്നു. കുഞ്ഞിന് താരാട്ട് പാടുന്ന

ഒട്ടകത്തിന്റെ ശബ്ദം കേൾക്കാം. ഇവിടെയെല്ലാം എത്ര മറഞ്ഞു കിടന്നിട്ടും പുറത്തോട്ടു വരുന്ന സാധാരണ മനുഷ്യഭാവം ഒട്ടകത്തെ പിന്നെയും വ്യത്യസ്തനാക്കുകയാണ്. കുഞ്ഞിന് ഒരു പോറൽ പോലു മേൽപ്പിക്കാതെ സ്വയം മരണം വരിക്കുന്ന ഒട്ടകം അയാളിൽ ആരും കാണാതിരുന്ന മനുഷ്യത്വത്തെയും കാരുണ്യത്തെയും വെളിപ്പെടുത്തു കയാണ്.

ഏതൊരു കാലഘട്ടത്തിലും കുറവുകൾ ഉള്ളവരെ ഇകഴ്ത്താന ല്ലാതെ ഉയർത്തിക്കൊണ്ടുവരുവാനുള്ള ശ്രമങ്ങൾ വിരളമാണെന്ന ഓർമ്മപ്പെടുത്തലാണ് 'ഒട്ടകം' എന്ന കഥ. അയാൾ സമൂഹത്തിന്റെ ഭാഗമാണ് എന്ന തിരിച്ചറിവിലേക്ക് സമൂഹം ഇന്നും നീങ്ങിയിട്ടില്ല.

**'കനക'ത്തിന്റെ കാഴ്ച്ചപ്പാടുകൾ**

മാനസിക വൈകല്യങ്ങൾ ദുർവ്യാഖ്യാനം ചെയ്യപ്പെടുകയും സമൂ ഹത്തിൽ നിന്നും കുടുംബത്തിൽനിന്നും അക്കാരണത്താൽ ഒറ്റപ്പെടു കയും ചെയ്യുന്ന 'കനക'ത്തിന്റെ കഥ പറയുകയാണ് എൻ.എസ്.മാധ വൻ. മാനസികവളർച്ചയുടെ കുറവിൽ കുസൃതികൾ പ്രകടിപ്പിക്കുന്ന വ്യക്തിയുടെ ലിംഗപരതയെ ചൂഷണം ചെയ്യുന്ന കാലഘട്ടത്തെ അനാ വരണം ചെയ്യാൻ ശ്രമിക്കുന്നതാണ് ഇതിവൃത്തം.

കനകത്തിന്റെ ഭിന്നശേഷി/മാനസിക വിഭ്രമത്തെ മനസ്സിലാ ക്കാതെ അശുദ്ധയെന്നും ബാധകേറിയവളെന്നും മുദ്രകുത്തി ഇരുട്ടറ യിലേക്ക് തള്ളിവിടുന്ന വീട്ടുകാർ കാലഘട്ടത്തിന്റെ പ്രതിനിധികളാണ്. ഡോക്ടറെ കാണേണ്ട സന്ദർഭത്തിൽ മന്ത്രവാദിക്ക് വിധേയയാകുന്ന കനകത്തിൽ നിന്ന് ഭിന്നശേഷിയെ ഒരു ബാധകേറലായി വ്യാഖ്യാനി ച്ചിരിക്കുന്ന സമൂഹത്തിന്റെ ചിത്രം രൂപപ്പെടുന്നു.

നൂലുപൊട്ടിയ പട്ടംപോലെ പാറി നടക്കുന്ന കനകം പക്ഷേ സാമൂഹ്യ ക്രമങ്ങളെക്കുറിച്ചും ശരീരത്തെക്കുറിച്ചും ബോധവതിയാ ണ്. ആഖ്യാതാവിന്റെയും കൂട്ടുകാരിയുടെയും തെറ്റിനെ ശാസിക്കുന്ന കനകം അത് ഊട്ടിയുറപ്പിക്കുന്നു. തന്റെ വൈകല്യത്താൽ 'ലൂസെ'ന്നും വട്ടത്തിയെന്നും വിളിപ്പേരും പേറി, ചെയ്യാത്ത കുറ്റങ്ങളുടെ കഠിനശി

ക്ഷയുമേറ്റ് വിങ്ങിക്കരയുന്ന കനകം, പക്ഷേ ഒന്നിനോടും പ്രതികരിക്കുന്നതേയില്ല. അവളുടെ ഇഷ്ടങ്ങളും ആഗ്രഹങ്ങളും തഴയപ്പെടുകയോ തച്ചുടയ്ക്കപ്പെടുകയോ ചെയ്യുന്നു. സ്ത്രീകൾ പ്രാർത്ഥിക്കുന്ന കാവിൽ കനകം പ്രവേശിക്കുമ്പോൾ അത് അശുദ്ധമായി എന്ന് പറയുന്നത് അവളുടെ രോഗത്തെ മുൻനിർത്തിയാണ്. അതുകൊണ്ട് തന്നെ 'ഒട്ടക'ത്തെ പോലെ തന്നെ ഇവിടെ കനകവും അന്യവത്ക്കരിക്കപ്പെടുന്നു.

തന്റേതായ ലോകത്തിൽ കുസൃതിയും കുറുമ്പുമായി ഓടിച്ചാടി രസിച്ചു നടക്കുന്ന കനകത്തെ പലപ്പോഴും പെണ്ണാണെന്ന ധാരണയിൽ നിന്നുകൊണ്ടാണ് വിലക്കുന്നത്. ഇത്തരം വിലക്കുകളും പീഡനങ്ങളും കനകത്തിന്റെ മാനസികാവസ്ഥയെ ഒന്നുകൂടി വ്രണപ്പെടുത്താൻ ഉതകുന്നതേയുള്ളു അതുകൊണ്ട് തന്നെയാണ് ഒടുവിൽ ഒന്നും മിണ്ടാതെ ഒറ്റപ്പെട്ട് ഒരു ഇരുട്ടറയുടെ നിശബ്ദതയിലേക്ക് യാതൊരു എതിർപ്പും കൂടാതെ കനകം പിൻവാങ്ങിയത്.

**നൂർ എന്ന ഏകാന്തത**

മുകളിൽ സൂചിപ്പിച്ച രണ്ട് കഥകളിൽ നിന്നും വളരെ വ്യത്യാസം പുലർത്തുന്നതാണ് കെ.ആർ.മീരയുടെ  ഏകാന്തതയുടെ നൂർ വർഷങ്ങൾ. അംഗവൈകല്യം സമ്മാനിച്ച ഏകാന്തതയാണ് ഈ ചെറുകഥയിൽ ആഖ്യാനം ചെയ്യപ്പെടുന്നത്.

കാലുകളില്ലാത്തതിനാൽ കട്ടിലിൽത്തന്നെ ജീവിതം പേറുന്ന നൂറിനെ കഥാകൃത്ത് അവതരിപ്പിക്കുന്നത് ഒരു രാത്രി സത്യൻ എന്ന അക്രമി വീട്ടിൽ അതിക്രമിച്ചു കയറി കട്ടിലിൽ കാണുന്ന സ്ത്രീരൂപത്തെ നഗ്നയാക്കുന്ന രംഗത്തോടെയാണ്. അവൾക്ക് സൗന്ദര്യമുണ്ട്; എന്നാൽ കാലുകളില്ല. ആദ്യ കാഴ്ചയിൽ കാലുകളുടെ സ്ഥാനത്തുകണ്ട താമരവള്ളികൾ പോലെ ശോഷിച്ച രണ്ട് മാംസശകലങ്ങളാണ് നൂറിനെ പ്രാപിക്കാൻ ഒരുങ്ങുന്ന സത്യന്റെ ആണത്തത്തെ ആവിയാക്കുന്നത്. കഥാകാരി രേഖപ്പെടുത്തുന്നത് ഇങ്ങനെയാണ് "അവൾ യഥാർത്ഥമായും ഒരു മാംസക്കഷ്ണമായിരുന്നു.' (ഏകാന്തതയുടെ നൂറു വർഷങ്ങൾ)

ഒടുവിൽ അയാൾ കാണുന്നതും ഒരു മാംസക്കഷ്ണത്തെയാണ്; മുമ്പുണ്ടായിരുന്ന ഓജസ്സും ആർജ്ജവവും നഷ്ടപ്പെട്ട വെറും മാംസ ക്കഷ്ണത്തെ! ആരാലും സ്നേഹിക്കപ്പെടാതെ വൈകല്യവും പേറി ഏകാന്തതയുടെ ഇരുട്ടറയിൽ മൗനം പേറി ജീവിക്കുന്ന നൂർ എന്ന സ്ത്രീ ഇന്നിന്റെ പ്രതിനിധി കൂടിയാണ്. നാലു ഭാര്യമാരുള്ള ബാപ്പ പോലും അവളെ വെളിച്ചത്തിന്റെ ലോകത്തിലേത്തേക്ക് നയിച്ചതായി നാം കാണുന്നില്ല. ശാരീരികശേഷി കുറവുള്ളവർക്ക് വേണ്ടത് താങ്ങും പരിചരണവുമാണ് അത് ലഭിക്കാതെ പോയാൽ മാനസികമായ ഉയിർപ്പ് പോലും സാധ്യമല്ല. ഇവിടെ നൂറിന് ആ പരിചരണം ലഭിക്കുന്നു എങ്കിലും അല്പ നേരത്തേക്ക് മാത്രമാണ്. അത് നഷ്ടപ്പെടുമ്പോഴോ അവൾ വെറും ഒരു ജഡം മാത്രമാകുന്നു.

ഈ മൂന്ന് കഥകളിലും വ്യത്യസ്തതരം ഭിന്നശേഷി ആഖ്യാന ങ്ങളാണ് കടന്നുവരുന്നത്. 'ഒട്ടക'വും 'കനക'വും 'ഏകാന്തതയുടെ നൂർ വർഷങ്ങളും' മൂന്നുതരം സാമൂഹ്യ അവസ്ഥകളെയും ഭിന്നശേഷി മൂലം ആ സാമൂഹ്യാവസ്ഥകളിൽ നിന്നും നേരിടേണ്ടിവന്ന അവഗണ നകളെയും വെളിവാക്കുന്നു. സ്റ്റിഗ്മ തിയറിയുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ ഭിന്നശേഷിക്കാർ എന്ന വിഭാഗത്തിലേക്ക് പോലും ഇതിലെ കഥാപാത്രങ്ങളെ പരിഗണിക്കുന്നതായി കാണുന്നില്ല പകരം ഓരോ കാലഘട്ടത്തിന്റെ, സ്ത്രീപുരുഷ പ്രാതിനിധ്യത്തിന്റെ അവഗണിക്കപ്പെട്ട പ്രതിനിധികളായി നിലനിൽക്കുകയാണ്.

ഭിന്നശേഷിക്കാർ (Disability) സമൂഹത്തിൽ നിന്ന് താങ്ങും പരി ഗണനയും ആഗ്രഹിക്കുന്നവരും അത് നൽകുക എന്നത് സമൂഹത്തിന്റെ കടമയുമാണ്. ഭിന്നശേഷിക്കാരുടെ സംരക്ഷണം സമൂഹത്തിന്റെ ബാധ്യ തയാണെന്ന കാഴ്ചപ്പാട് മാറണം; പകരം അത് അവരുടെ അവകാശ മായിത്തീരണം. ചെറുകഥകളും നോവലും ഭിന്നശേഷിക്കാരെ ഉയർത്തി ക്കൊണ്ടുവരുന്ന-അവരെ സംരക്ഷിക്കുന്ന പ്രമേയങ്ങൾ സ്വീകരിക്കു ന്നത് സാഹിത്യരംഗത്തെയും സമൂഹത്തിലെയും ഭിന്നശേഷി ബോധ വത്ക്കരണത്തിനും വിരുദ്ധമനോഭാവത്തെ മാറ്റുന്നതിനും മുതൽക്കൂ ട്ടാകും.

**സഹായക ഗ്രന്ഥങ്ങൾ**

1. എൻ.എസ്.മാധവൻ. *എൻ.എസ്.മാധവന്റെ കഥകൾ* സമ്പൂർണം. ഡി.സി.ബുക്സ്. 2011

2. എസ്.കെ.പൊറ്റെക്കാട്ട്. *'ഒട്ടക'വും മറ്റ് പ്രധാന കഥകളും.* ഡോ. കെ.എസ്.രവികുമാർ (എഡിറ്റർ). ഡി.സി.ബുക്സ്. 2016.

3. കെ.ആർ.മീര. *ആവേമരിയ.* കറന്റ് ബുക്സ്. 2008

# ഭിന്നശേഷി പ്രയോഗങ്ങൾ ഒ. ചന്തുമേനോന്റെ കൃതികളിൽ

**ദീഷ്മാകൃഷ്ണൻ ബി. യു.**

**(ഗവേഷക, മലയാളവിഭാഗം, ഗവ: വനിത കോളേജ്, തിരുവനന്തപുരം)**

സമൂഹത്തിന്റെ കണ്ണാടിയാണ് സാഹിത്യം എന്ന ആശയത്തിന് കുറേ പഴക്കമുണ്ടെങ്കിലും പ്രകൃതിയുടെയും സർവ്വജീവജാലങ്ങളുടെയും സാധാരണത്വത്തെയും അസാധാരണത്വത്തെയും പ്രതിഫലിപ്പിക്കാൻ സാഹിത്യത്തിന് കഴിഞ്ഞിട്ടുണ്ട് എന്നത് വസ്തുതയാണ്. വിഷയവൈവിധ്യങ്ങളിലധിഷ്ഠിതമായി സൃഷ്ടിക്കപ്പെട്ട നിരവധി ആഖ്യാനങ്ങളും അവയുടെ വിശകലനങ്ങളും സാഹിത്യത്തിന്റെ വ്യത്യസ്ത പഠനമേഖലയിലേയ്ക്കുള്ള അന്വേഷണത്തിന് ആക്കംകൂട്ടി. സമീപകാലത്ത് അക്കാദമികരംഗങ്ങളിൽ ഉയർന്നുവന്ന പ്രധാന അന്വേഷണമേഖലകളിൽ ഒന്നാണ് ഭിന്നശേഷീപഠനങ്ങൾ. സാധാരണവ്യക്തികളിൽനിന്ന് പ്രസ്താവ്യമാംവിധം വേറിട്ടുനിൽക്കുന്ന വ്യക്തിത്വങ്ങളെയാണ് ഈ വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വ്യക്തികളുടെ ഈ വ്യതിചലനം ശാരീരികവും മാനസികവും ബൗദ്ധികവുമാവാം.

സാമൂഹികവും സാംസ്കാരികവുമായി വ്യക്തികൾ നേരിടുന്ന ഈ രണ്ടാംതരം പരിതസ്ഥിതി, സാഹിത്യത്തിൽ ആവിഷ്കൃതമാകുന്നതിന്റെ രാഷ്ട്രീയം അന്വേഷണാത്മകമാണ്. അറിഞ്ഞോ അറിയാതെയോ ദൈനംദിന ജീവിതത്തിൽ പറഞ്ഞുപോകുന്ന ശൈലീപ്രയോ

ഗങ്ങളും ഭാഷണങ്ങളും  സാഹിത്യത്തിലും പ്രത്യക്ഷമാകുന്നു. ഭിന്ന ശേഷീപഠനം താരതമ്യേന പുതുമയുള്ള വിഷയമാണെങ്കിലും സമൂഹമനസ്സിൽ ഇതിനെ കുറിച്ചുള്ള അറിവ് പഴക്കമുള്ളതായതുകൊണ്ടു തന്നെ ആദ്യകാല ഗദ്യാവിഷ്കാരങ്ങൾ മുതൽ ഇത്തരം പ്രയോഗങ്ങൾ പ്രകടമാണ്.

ഒ.ചന്തുമേനോന്റെ കൃതികൾ ഇതിന് മികച്ച ഉദാഹരണമാണ്. ആഖ്യാനത്തെക്കാൾ കൂടുതൽ  സംഭാഷണത്തിന് പ്രാധാന്യം നൽകുന്ന നോവലുകളാണ് 'ഇന്ദുലേഖ'യും 'ശാരദ'യും. അതത് കഥാപാത്രങ്ങൾക്കനുസൃതമായ സംഭാഷണ ശൈലിയിലൂടെയാണ് ആഖ്യാനം മുന്നോട്ടു നീങ്ങുന്നത്. നിത്യജീവിതത്തിൽ നാം നിഷേധരൂപേണ അഥവാ പരിഹാസരൂപേണ ഉപയോഗിക്കുന്ന പല പദങ്ങളും പ്രയോഗങ്ങളും പ്രത്യക്ഷത്തിൽ നിസ്സാരമെങ്കിലും സൂക്ഷ്മത്തിൽ ഒരു സമൂഹത്തിന്റെ അല്ലെങ്കിൽ വ്യക്തികളുടെ അപര്യാപ്തതയെക്കുറിക്കുന്നതുകൂടിയാണ്. ചന്തുമേനോന്റെ മിക്ക കഥാപാത്രങ്ങളും അത്തരം പ്രയോഗചാതുര്യമുള്ളവരാണ്. ഇത്തരത്തിൽ ഭിന്നശേഷിയുമായി ബന്ധപ്പെട്ട ഭാഷണവ്യവഹാരങ്ങൾ 'ഇന്ദുലേഖ'യിലും 'ശാരദ'യിലും എപ്രകാരം ആവിഷ്കൃതമാകുന്നുവെന്ന് കണ്ടെത്തുകയാണ് പ്രബന്ധലക്ഷ്യം.

ശാരീരികവും  മാനസികവും ബൗദ്ധികവുമായുള്ള വ്യതിചലനങ്ങൾ ഭിന്നശേഷിയുടെ പരിധിയിൽ നിൽക്കവെ, അത്തരം സാഹചര്യങ്ങളെ പ്രതിനിധീകരിക്കുന്ന നിരവധി സന്ദർഭങ്ങൾ ഈ രണ്ടു നോവലിലും പ്രകടമാണ്. 'ഇന്ദുലേഖ'യുടെ ഒന്നും രണ്ടും അദ്ധ്യായങ്ങളിൽ കാണുന്ന നായികാനായകന്മാരുടെ അംഗപ്രത്യംഗ-വർണ്ണന തന്നെ ഇതിന് തെളിവാണ്. ആകാരവടിവും ഉയരവും നിറവും കനവുമെല്ലാം ചേർന്ന് ഉത്തമപുരുഷനായിത്തീർന്നിരിക്കുന്ന മാധവന്റെ ബുദ്ധിയോ പറയാനുമില്ല.  വിശേഷവിധിയായ ബുദ്ധിക്കു പാർപ്പിടമായിരിപ്പാൻ തദനുരൂപമായി സൃഷ്ടിച്ചതോ മാധവന്റെ ദേഹം എന്ന് അയാളെ കണ്ടു പരിചിതമായ ഏവനും തോന്നും. മുഖത്തിന്റെ കാന്തിയും പൗരുഷശ്രീയും ഓരോ അവയവങ്ങൾക്കും പ്രത്യേകമുള്ള

സൗന്ദര്യവുമൊക്കെ കണ്ടാൽ മാധവനെ പരിചയമുള്ള സകല യൂറോപ്യന്മാരും വെറും കാഴ്ചയിൽത്തന്നെ മാധവന്റെ ഇഷ്ടന്മാരായിത്തീർന്നു. (പുറം 20) ഇവിടെ ഒരു വ്യക്തിയുടെ പൂർണ്ണതയ്ക്ക് മാനദണ്ഡം കല്പിക്കുകയാണ് ചന്തുമേനോൻ. എല്ലാ അവയവങ്ങളും ഉണ്ടായാൽ മാത്രംപോര, അത് മറ്റുള്ളവരെ അത്ഭുതപ്പെടുത്തുന്നതുകൂടിയാവണം. ബുദ്ധിയും അസാമാന്യമാകണം.

ഇന്ദുലേഖയെ വർണ്ണിക്കുമ്പോഴും ഇത്തരത്തിൽ അനുവാചകരെ കൗതുകബദ്ധരാക്കി വർണ്ണനയിൽ വാചാലനാവുകയാണ് നോവലിസ്റ്റ്. ഇതിലെ നായിക കറുപ്പാണെന്ന് എന്റെ വായനക്കാർ തെറ്റിദ്ധരിക്കരുത് എന്ന് പറഞ്ഞുകൊണ്ടാണ് ഇന്ദുലേഖയുടെ തങ്കവർണ്ണത്തെയും ധാവള്യത്തെയും അഴകിനെയും ബുദ്ധിശക്തിയെയും വർണ്ണിക്കുന്നത്. കറുപ്പുനിറം ഉന്നതകുലജാതരായ ആഢ്യസ്ത്രീകൾക്ക് അനുയോജ്യമല്ല, അബദ്ധത്തിൽപ്പോലും ഇന്ദുലേഖ അങ്ങനെ സൗന്ദര്യം കുറഞ്ഞവളാണെന്ന് ധരിക്കരുത് എന്ന് സൂക്ഷ്മത്തിൽ ചന്തുമേനോൻ സ്ഥാപിക്കുന്നു. സമാനസന്ദർഭം 'ശാരദ'യിലും കാണാം.

പതിനൊന്നു വയസ്സുള്ള ശാരദയുടെ വർണ്ണനാവേളയിൽ അവൾ യൗവ്വനയുക്തയാവാൻ തയ്യാറെടുക്കുന്ന സുന്ദരീരത്നമെന്ന് ബോധ്യപ്പെടുത്താൻ ആപാദചൂഡം വാക്കുകളാൽ അലങ്കരിക്കുന്നു. ഇതിന് വിപരീതമായി എന്താണ് 'കുറ'യെന്നതിനുള്ള ഉദാഹരണം 'വൈത്തിപ്പട്ടർ' എന്ന വില്ലൻ കഥാപാത്രത്തിലൂടെ അവതരിപ്പിക്കുന്നു. 'ദേഹം കറുത്ത മഷിയുടെ നിറം, പിൻകുടുമ നരച്ച ഒരു എലിവാൽപോലെ ഇരിപ്പുണ്ട്, മുഖം അതിവിരൂപമെന്നേ പറയാനുള്ളൂ. വാർദ്ധക്യത്താൽ പല്ലുകൾ കൊഴിഞ്ഞ് രണ്ടുനാലെണ്ണം വായിൽ ഒതുങ്ങാത്തവിധം നീണ്ടു മ്ലേച്ഛമായ സ്ഥിതിയിൽ നിൽക്കുന്നു. കണ്ണുകൾ ഉൾവലിഞ്ഞ് പ്രകാശമില്ലാതെയിരുന്നെങ്കിലും ഇടയ്ക്കിടെ മിഴികൾക്കു സർപ്പദൃഷ്ടിപോലെ ഒരു വിഷമചേഷ്ടയുണ്ടായിരുന്നു.'' (പുറം 17-18)

സാധാരണ പ്രത്യക്ഷമാംവിധം എന്തെങ്കിലും വൈകല്യമുള്ളതിനെയാണ് നാം ശാരീരിക ഭിന്നശേഷി എന്ന് പറയാറുള്ളത്. എന്നാൽ

എല്ലാ അവയവപൂർത്തീകരണമുണ്ടായിട്ടും പൂർണ്ണതയുടെ അപര്യാപ്തത സമൂഹമനസ്സിൽ സൃഷ്ടിക്കുന്ന വൈകല്യങ്ങളുടെ നേർചിത്രങ്ങളാണ് ഒരു സാമൂഹിക പ്രതിനിധിയായ നോവലിസ്റ്റിലും പ്രകടമാകുന്നത്. ശ്രീത്വം തൊട്ടുതീണ്ടാത്ത വൈത്തിപ്പട്ടർപോലും കാഴ്ചകുറഞ്ഞ രാമൻമേനോനെ പൊട്ടക്കണ്ണൻ എന്ന് വിളിക്കുന്നതിന്റെ സാമൂഹികതലവും ഇവിടെ ആലോചനാത്മകമാണ്.

ഇരു നോവലുകളിലെയും കഥാപാത്രങ്ങളുടെ സംഭാഷണങ്ങളിൽ ആവർത്തിച്ചു വരുന്ന ചില പ്രയോഗങ്ങളാണ് വിഡ്ഢി, ശപ്പൻ, ബുദ്ധിയില്ലാത്ത കഴുത എന്നിവ. ബൗദ്ധികമായ വെല്ലുവിളി നേരിടുന്ന നിരവധി വ്യക്തികൾ നമ്മുടെ അനുഭവപരിസരങ്ങളിലമുണ്ട്. ആ ഒരു ബോധ്യത്തിൽ നിന്നുകൊണ്ട് സന്ദർഭോചിതമായി പ്രവർത്തിക്കാത്തവരെ മണ്ടനെന്നും കഴുതയെന്നും നീട്ടിവിളിച്ച് പരിഹസിക്കുന്ന പാരമ്പര്യം നമുക്കുണ്ട്. ഇപ്രകാരം തരംതാഴ്ത്തലുകളിൽ രസം പിടിച്ചവരാണ് നമുക്ക് ചുറ്റിലധികവും. തന്നെ എതിർത്ത മാധവന്റെ പക്ഷം ചേർന്ന് സംസാരിക്കുന്ന ശങ്കരമേനോനോട്, മാധവന്റെ അവിവേകം മനസ്സിലാക്കാത്ത വിഡ്ഢി! എരപ്പാളി, ശപ്പാ എന്നിങ്ങനെ വിളിക്കുന്ന പഞ്ചുമേനോനും രാജ്യസഞ്ചാരത്തിനുപോകുന്ന മാധവൻ തന്നെപ്പറ്റിച്ച് സാധനങ്ങളെല്ലാം തട്ടിക്കൊണ്ടുപോയ കള്ളനുമുന്നിൽ പൊട്ടച്ചാരായതുമെല്ലാം ഇതേ പൊതുബോധത്തിന്റെ അടിസ്ഥാനത്തിലാണ്. ശാരദയിലാകട്ടെ, വൈത്തിപ്പട്ടർ കൃഷ്ണനോടും പൂഞ്ചോലക്കര അച്ഛൻ കാര്യസ്ഥനോടും തിരുമുൽപ്പാട് അച്ചനെ ഓർക്കുന്ന വേളയിലുമെല്ലാം സാന്ദർഭികമായി ഇത്തരം പ്രയോഗം കാണാം. അനിഷ്ടം തോന്നിയാൽ അധിക്ഷേപിക്കാൻ 'കുരുത്തം കെട്ട ചണ്ഡാളൻ', 'കോമട്ടി', 'അസത്ത്','പാപി' തുടങ്ങിയ കേവലമായ തിര്യക്നാമം പോലെ അധഃസ്ഥിതവർഗ്ഗത്തോടുള്ള വിലകുറഞ്ഞ മനോഭാവവും നോവലിലുട നീളം പ്രകടമാണ്.

ജീവിതവ്യവഹാരത്തിൽ മറ്റേത് വിഷമതകളെക്കാളും വ്യക്തികളെ അന്ധകാരത്തിലാഴ്ത്തുന്നതാണ് മാനസികമായ വെല്ലുവിളി. വ്യക്തികൾ തങ്ങളുടെ ചുറ്റുപാടുകളിൽനിന്നോ മറ്റു വ്യക്തികളിൽനിന്നോ നേരിടുന്ന ഇടപെടലുകളുടെ സ്വാധീനത്താൽ മാനസി

കമായി പല വിഷമതകൾക്കും അടിപ്പെടാറുണ്ട്. ഒരുപക്ഷേ പരസ്പര വിരുദ്ധവും സന്ദർഭോചിതമല്ലാത്തതുമായ ചെയ്തികൾ തുടങ്ങി സ്വയം ബോധമില്ലാത്ത ഭ്രാന്തമായ അവസ്ഥയിലേയ്ക്ക് പോലും അത് നയിക്കപ്പെടാറുണ്ട്. ഒരു വ്യക്തിക്ക് തന്റെ ചിന്തയെ അല്ലെങ്കിൽ മനസ്സിനെ സ്വാഭാവികമായി നിയന്ത്രിക്കാൻ കഴിയാത്ത അവസ്ഥയാണ് 'ഭ്രാന്ത്'. ഏതെങ്കിലും ഒരു പ്രത്യേകകാര്യത്തിൽ അമിതമായി മനസ്സുറപ്പിച്ചിരിക്കുന്ന വ്യക്തിയെ ഭ്രാന്തൻ എന്ന് വിളിക്കാൻ സമൂഹത്തിന് ഒരു മടിയുമില്ല. ശാരദയിൽ ചിത്രരചനയിൽ അഭിനിവേശം കാണിക്കുന്ന ശങ്കരൻ എന്ന കഥാപാത്രത്തെ വിശേഷിപ്പിക്കുന്നതും രാമൻമേനോന്റെ കത്ത് വായിച്ച അച്ചൻ രാഘവനുണ്ണിയെ ശകാരിക്കുന്നതും സ്കൂൾകുട്ടിയോട് പരസ്പര ബന്ധമില്ലാതെ സംസാരിച്ച ശങ്കരമേനോനെ സംബോധന ചെയ്യുന്നതും നിസ്സാരഭാവത്തിൽ 'ഭ്രാന്തൻ' എന്നാണ്. ഭാര്യയുടെ വിയോഗത്തിൽ അനുശോചിച്ച് ഒന്നും ചെയ്യാൻ കഴിയാതെ കുറേനാൾ മനസ്സിലും ശരീരത്തിലും ഒരുപോലെ അന്ധത അനുഭവിച്ചു എന്ന് പറയുന്ന രാമൻമേനോനും ഇന്ദുലേഖയോടുള്ള പ്രണയ പാരവശ്യത്താൽ തനിക്ക് പ്രണയസാഫല്യം ലഭിക്കാത്തതിനാൽ മറ്റൊന്നും ചെയ്യാൻ കഴിയാതെ വശംകെടുന്ന മാധവനും വ്യക്തികൾ തമ്മിലുള്ള ഇടപെടലുകളുടെ സ്വാധീനത്താൽ വരുന്ന മാനസികവ്യതിയാനങ്ങൾക്ക് ഉദാഹരണമാണ്.

ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി തന്റെ കഥാപാത്ര സംഭാഷണങ്ങളിലൂടെ ചന്തുമേനോൻ അവതരിപ്പിക്കുന്ന ഭിന്നശേഷീ പ്രയോഗങ്ങൾ, ബാഹ്യവും ആന്തരികവുമായ തലങ്ങളിൽ വ്യക്തികളെ സ്വാധീനിക്കുന്ന സമൂഹത്തിന്റെ പൊതുബോധത്തെ പ്രതിഫലിപ്പിക്കുന്നു; നോവലുകൾ ആദ്യന്തം പരിശോധിച്ചാൽ അത് വ്യക്തമാകും. കഥാപാത്രങ്ങൾ, 'പൊട്ടക്കണ്ണനും' 'മണ്ടച്ചാരും' 'വിഡ്ഢിയും' 'അസത്തും' ഒക്കെയാകുന്നത് അതേ പൊതുബോധത്തിന്റെ അടിസ്ഥാനത്തിലാണ്. അപൂർണ്ണതയെ അന്യവൽക്കരിക്കാനുള്ള സാമാന്യജനതയുടെ വ്യഗ്രതയാണ് ആഖ്യാനങ്ങളിലും പ്രകടമാകുന്നത്. സ്ത്രീ-ദലിത് ആഖ്യാനങ്ങൾക്കുള്ള അതേ തരംതാഴലുകളുടെ അല്ലെങ്കിൽ തരം താഴ്ത്തലുകളുടെ രാഷ്ട്രീയം തന്നെയാണ് ഭിന്നശേഷിയിലും

വരുന്നത്. സമൂഹത്തിൽ രണ്ടാംതരക്കാരായി കണക്കാക്കപ്പെടേണ്ട ലിസ്റ്റിൽ ഭിന്നശേഷിക്കാരും ഒട്ടും പിന്നിലല്ല എന്ന വസ്തുത മിഥ്യയല്ലെന്നതിന് തെളിവാണ് മലയാളത്തിലെ ആദ്യത്തെ ലക്ഷണയുക്ത നോവലിന്റെ ആഖ്യാതാവിൽപ്പോലും കടന്നുകൂടിയ പ്രയോഗപ്പിഴവുകൾ.

*ഗ്രന്ഥസൂചി*


1. ചന്തുമേനോൻ ഒ., *ഇന്ദുലേഖ,* ഡി.സി. ബുക്സ്, കോട്ടയം, നവംബർ, 1989.
2. ചന്തുമേനോൻ ഒ., *ശാരദ,* ഡി.സി. ബുക്സ്, കോട്ടയം, ആഗസ്റ്റ് 1991.
3. പരമേശ്വരൻപിള്ള, എരുമേലി - *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ,* കറന്റ് ബുക്സ്.
4. ബാലകൃഷ്ണൻ പി.കെ. - *ചന്തുമേനോൻ ഒരു പഠനം,* ഡി.സി. ബുക്സ്, കോട്ടയം, ജൂലൈ 1989.

# ഭിന്നശേഷിയുടെ ഹാസ്യാത്മകാവിഷ്കാരം ബഷീർക്കൃതികളിൽ

**സൂര്യ എസ്.**

**(ഗവേഷക, കേരളപഠനവിഭാഗം, കാര്യവട്ടം)**

സമഗ്രമായ ജീവിതാനുഭവങ്ങൾകൊണ്ട് ഹാസ്യം ചമയ്ക്കാനും കണ്ണീരിനെപ്പോലും ചിരിയാക്കി മാറ്റാനുമുള്ള കഴിവാണ് മനുഷ്യനെ മറ്റു ജീവികളിൽനിന്നും വേറിട്ടുനിർത്തുന്നത്. നവരസങ്ങളിൽ പ്രധാനിയായ ഹാസ്യത്തിന് മനുഷ്യജീവിതത്തിൽ വലിയതോതിൽ സ്വാധീനം ചെലുത്താനാകും. ചിരി ഒരു ഔഷധമാണെന്നും അത് ആയുസ്സ് വർധിപ്പിക്കുമെന്നും പറയാറുണ്ട്. അതുകൊണ്ട് ഹാസ്യത്തിന് എക്കാലത്തും സ്വീകാര്യതയേറും. കേവലം നിർവ്വചനങ്ങളിലൊതുങ്ങുന്ന സംജ്ഞയല്ല ഹാസ്യം. ഹാസ്യത്തെ അത് രൂപംകൊള്ളുന്ന സന്ദർഭത്തിനനുസരിച്ച് മൂന്നായി തിരിക്കാം. ഉക്തിഹാസ്യം (wit), കേവലഹാസ്യം (Humour), ആക്ഷേപഹാസ്യം (satire) എന്നിവയാണവ.

തികച്ചും അപ്രതീക്ഷിതമായ രീതിയിൽ പരസ്പരബന്ധമില്ലാത്ത ആശയങ്ങൾ, ശൈലികൾ എന്നിവ വേർതിരിച്ചോ കൂട്ടിച്ചേർത്തോ ദ്രുതഗതിയിൽ ആഹ്ലാദിപ്പിക്കുവാനുള്ള കഴിവ് എന്ന് ഉക്തിഹാസ്യത്തെ *ഒക്സ്ഫോർഡ് നിഘണ്ടു* നിർവ്വചിക്കുന്നു. അത് ജീവിത വൈരുദ്ധ്യത്തിന്റെ അടയാളപ്പെടുത്തലിൽനിന്നും രൂപംകൊ

ള്ളുന്ന ചിരിയാണ്.  നിലവിലുള്ള ദുരാചാരങ്ങളെയോ വിഡ്ഢിത്തങ്ങ ളെയോ അവഹേളിക്കുന്ന കവിതയോ ഗദ്യരചനയോആണ് ഓക്സ് ഫോർഡ് നിഘണ്ടു പ്രകാരം ആക്ഷേപഹാസ്യം. മനുഷ്യന്റെ അധർ മ്മങ്ങൾ, വിഡ്ഢിത്തങ്ങൾ, വൈകല്യങ്ങൾ തുടങ്ങി ഒരു സമൂഹ ത്തിന്റെ അംഗീകൃത മൂല്യങ്ങളിൽനിന്നും വഴിമാറി നടക്കുന്ന തരത്തി ലുള്ള എല്ലാത്തരം പ്രവൃത്തികളെയും അധിക്ഷേപം കലർന്ന ഹാസ്യ ത്തിലൂടെ അവതരിപ്പിക്കുമ്പോഴാണ് ആക്ഷേപഹാസ്യം രൂപപ്പെടുന്നത്. ഒരർത്ഥത്തിൽ ആക്രമണം തന്നെയാണ് ആക്ഷേപഹാസ്യത്തിന്റെ സ്വഭാവം. ഏതുതരം ഹാസ്യത്തിലും അന്യന്റെ കുറവുകളെന്ന് സ്വയം വിശ്വസിക്കുന്ന ചിലതിലേക്കുള്ള ചൂഴ്ന്നുനോട്ടം കാണാം. ശരിയല്ലെന്ന് താൻ വിശ്വസിക്കുന്ന ഒന്നിൽനിന്നുള്ള വ്യതിയാനം അംഗീകരിക്കാതി രിക്കുകയും അത് തിരുത്തപ്പെടാനുള്ള വ്യഗ്രത പ്രകടിപ്പിക്കുകയും ചെയ്യുന്നു ആക്ഷേപഹാസ്യകാരൻ. സമൂഹത്തിലെ തിന്മകളെ കുറിക്കു കൊള്ളുംവിധം പരിഹസിക്കുകയെന്നതും ആക്ഷേപഹാസ്യത്തിന്റെ ലക്ഷ്യമാണ്. സറ്റയറുകൾ അഞ്ചുതരത്തിലാവാം. സമൂഹത്തിൽ അറിയപ്പെടുന്ന ഒരു വ്യക്തിയുടെ ന്യൂനതകൾ, തിന്മകൾ തുടങ്ങിയവ പരിഹാസവിധേയമാക്കുമ്പോൾ അത് വ്യക്തിപരമാകുന്നു. രാഷ്ട്രീ യത്തിന്റെ കപടതകൾ, സ്വേച്ഛാധിപത്യം, ദുർഭരണം തുടങ്ങിയവയെ പരിഹസിക്കുന്നത് 'രാഷ്ട്രീയം'. സമൂഹത്തിൽ നിലവിലിരിക്കുന്ന അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും പരിഹസിക്കുന്ന താണ് സാമുദായികം. മോഷണം, മിഥ്യാഭിമാനബോധം, അസൂയ, അഹങ്കാരം തുടങ്ങി മനുഷ്യന്റെ സ്വഭാവവൈകല്യങ്ങളെ പരിഹസിക്കു ന്നത്  സാന്മാർഗികം. സാഹിത്യരചനകൾ, സാഹിത്യപ്രസ്ഥാനങ്ങൾ, തുടങ്ങി സാഹിത്യവുമായി ബന്ധപ്പെട്ട എന്തിനെയും പരിഹസിക്കു ന്നത് 'സാഹിത്യപരം'.

ഹാസ്യം മറ്റൊരാളിന്റെ കുറവുകളെ അഭിസംബോധന ചെയ്യുന്നു വെന്ന് സൂചിപ്പിച്ചു. അതുകൊണ്ടുതന്നെ ഭിന്നശേഷിയുമായി ബന്ധ പ്പെട്ട പദങ്ങൾ ആക്ഷേപഹാസ്യത്തിൽ കടന്നുവരാറുണ്ട്. പരമ്പരാഗ തമായ സങ്കൽപ്പങ്ങളിൽനിന്നും ഭിന്നമായ ശേഷിയുള്ളവരെയാണ് ഭിന്നശേഷിക്കാർ എന്നുവിളിക്കുന്നത്. മലയാളഭാഷയിൽ ആക്ഷേപ

ഹാസ്യത്തിനുവേണ്ടി ഉപയോഗിക്കുന്ന പദപ്രയോഗങ്ങൾ പലപ്പോഴും വ്യക്തിയുടെ ശാരീരികവൈകല്യങ്ങളെക്കൂടി ഉൾക്കൊള്ളുന്നതാണ്. മുടന്തൻന്യായം, പൊട്ടക്കണ്ണൻ മാവിലെറിയുക, കൈയില്ലാത്തവൻ വിരലില്ലാത്തവനെ കുറ്റംപറയുക തുടങ്ങിയ മലയാളശൈലികളുടെ വ്യംഗ്യാർത്ഥം പലതാണെങ്കിലും വാച്യാർത്ഥത്തിൽ അത് കുറവുകളെ പരിഹസിക്കുന്നവയാണെന്നു കാണാൻകഴിയും. മണ്ടൻ, ഭ്രാന്തൻ, മന്ദബുദ്ധി തുടങ്ങിയവ ഒരു വ്യക്തിയെ കളിയാക്കാനുപയോഗിക്കുന്ന വാക്കുകളാണ്. വിക്കൻ, കൊത്തല എന്നിവ സംസാര വൈകല്യത്തെയും പൊട്ടൻ കേൾവി വൈകല്യത്തെയും പൊട്ടക്കണ്ണൻ, കുരുടൻ, കോങ്കണ്ണൻ തുടങ്ങിയവ കണ്ണിന്റെയും കാഴ്ചയുടെയും വൈകല്യത്തെയും പരിഹസിക്കുന്നു. ഭിന്നശേഷിക്കാർ രണ്ടാംകിടയാണെന്ന ധാരണയാണ് ബോധപൂർവ്വമോ അബോധപൂർവ്വമോ ആയി ഇവ നൽകുന്നത്. ഭിന്നശേഷിയെ സമൂഹം സഹതാപത്തോടെ നോക്കിക്കാണുകയാണ് പതിവെങ്കിലും ഇങ്ങനെ ചില ഭാഷാപ്രയോഗങ്ങൾ ഒരുതരം ഇകഴ്ത്തൽ മനോഭാവമാണ് പുലർത്തുന്നത്.

വൈകല്യങ്ങളെ ഹാസ്യത്തിനുള്ള അസംസ്കൃത വസ്തുവാക്കിത്തീർക്കാനുള്ള ശ്രമങ്ങൾ സാഹിത്യത്തിലും നടന്നിട്ടുണ്ട്. വൈകല്യമുള്ള കഥാപാത്രങ്ങളെക്കൊണ്ടും അവരുടെ പ്രവൃത്തികളെക്കൊണ്ടും ഹാസ്യം സൃഷ്ടിക്കുന്നതിൽ ശ്രദ്ധേയനായ എഴുത്തുകാരനാണ് ബഷീർ. ഭിന്നശേഷിയെ അദ്ദേഹം ഏതുരീതിയിലാണ് കൈകാര്യം ചെയ്തിരിക്കുന്നതെന്നും അതിലെ ഹാസ്യം മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യാവസ്ഥകൾ എന്താണെന്നും ബഷീർക്കൃതികൾ പരിശോധിക്കുമ്പോൾ വ്യക്തമാകും.

ബഷീറിന്റെ കഥാപാത്രങ്ങളെ കാർട്ടൂണുകളെന്നും കാരിക്കേച്ചറുകളെന്നുമെല്ലാം വിശേഷിപ്പിക്കാറുണ്ട്. ഒരു വ്യക്തിയുടെ ബാഹ്യരൂപത്തിലുള്ള സവിശേഷതകളോ ശരീരാവയവങ്ങളോ അതിശയോക്തി കലർത്തി ചിത്രീകരിക്കുമ്പോഴാണ് അത് കാരിക്കേച്ചറിന്റെ രൂപം കൈവരിക്കുന്നത്. സാഹിത്യത്തിലും ഇത് സാധ്യമാണ്. വ്യക്തിയുടെ സൂക്ഷ്മമായ വൈകല്യങ്ങളെ പെരുപ്പിച്ചുകാട്ടി ഒരു കഥാപാ

ത്രത്തെ നിർവ്വചിക്കുന്ന രീതി എഴുത്തുകാർ സ്വീകരിക്കുന്നു. മണ്ടൻ മുത്തപ്പ, ഒറ്റക്കണ്ണൻ പോക്കർ, മുടന്തി യശോദ, മുഴയൻ നാണു തുടങ്ങിയ ബഷീർ കഥാപാത്രങ്ങൾ അവരുടെ വൈകല്യങ്ങളുടെകൂടി അടയാളപ്പെടുത്തലുകളാകുന്നു. സ്ഥലപുരാണങ്ങളായ 'സ്ഥലത്തെ പ്രധാന ദിവ്യൻ', 'മുച്ചീട്ടുകളിക്കാരന്റെ മകൾ', 'ആനവാരിയും പൊൻ കുരിശും' തുടങ്ങിയ കൃതികളിലാണ് ഈ രീതിയിലുള്ള കഥാപാത്ര ങ്ങളെ ധാരാളമായി കാണാൻ കഴിയുക. അപരിഷ്കൃതമായ ഒരു നാട് ചിത്രീകരിക്കുമ്പോൾ പിടിച്ചുപറിക്കാർ, മോഷ്ടാക്കൾ എന്നിവരിൽ അംഗവൈകല്യത്തെയും ഹാസ്യത്തിനായി ചേർത്തിരിക്കുന്നു. ഭിന്ന ശേഷിയുള്ളവരെ അപരിഷ്കൃതസമൂഹത്തിന്റെ ഭാഗമാക്കുന്നതിലൂടെ സ്ഥലവാസികളുടെ ജീവിതരീതിയെ പരിഹസിക്കുകയാണ് ബഷീ റിന്റെ ഉദ്ദേശം.

വിഡ്ഢിത്തവുമായി ബന്ധപ്പെട്ട നിരവധി പദങ്ങൾ ബഷീറിന്റെ രചനകളിൽനിന്നു കണ്ടെടുക്കാം. വിഡ്ഢി, ബുദ്ദൂസ്, കള്ളബുദ്ദൂസ്, ബ്ലഡിഫൂൾസ്, മണ്ടഗണേശന്മാർ തുടങ്ങിയ വാക്കുകൾ അദ്ദേഹ ത്തിന്റെ തൂലികയിലൂടെ മലയാളികൾക്ക് സുപരിചിതമാണ്. 'വിഡ്ഢി കളുടെ സ്വർഗം' എന്ന പേരിൽ ഒരു കഥയും അദ്ദേഹം രചിച്ചിട്ടുണ്ട്. ജീവിതമെന്നത് ഒരു കൂട്ടം വിഡ്ഢികളുടെ കഥയാണെന്നാണ് ബഷീ റിന്റെ അഭിപ്രായം. വിഡ്ഢി, സ്വർഗ്ഗം എന്നീ പദങ്ങൾ വാസ്തവത്തിൽ വിരുദ്ധകോണിൽ നിൽക്കുന്നവയാണ്. അവ തമ്മിൽ ഒരിക്കലും പൊരുത്തപ്പെടുന്നില്ല. അത് ഒരു വിഡ്ഢിയും സ്വർഗ്ഗത്തിലെത്തില്ല എന്നതുപോലെ തന്നെയാണ്. അല്ലെങ്കിൽ വിഡ്ഢികളെത്തുന്നിടം സ്വർഗ്ഗമായിരിക്കില്ല എന്നതുപോലെ പകൽമാന്യതയുടെയും കപട സദാചാരത്തിന്റെയും പര്യായമായി വിഡ്ഢിത്തത്തെ ഉപയോഗി ച്ചിരിക്കുകയാണിവിടെ.

മനുഷ്യരെ ഒന്നടങ്കം വിഡ്ഢികളെന്നു മുദ്രകുത്താൻ താല്പര്യം പ്രകടിപ്പിച്ച എഴുത്തുകാരനാണദ്ദേഹം. ബ്ലഡിഫൂൾസ്... സാറാമ്മയും ഒരു ബ്ലഡിഫൂളാണ്! ലോകത്തിലെ സ്ത്രീപുരുഷന്മാർ ഓരോരുത്തരും ഓരോ ബ്ലഡിഫൂളുകളാണ്. (പ്രേമലേഖനം). 'മരണത്തിന്റെ നിഴലിൽ'

എന്ന കൃതിയിൽ മനുഷ്യരിൽ ഭൂരിഭാഗവും വിഡ്ഢികളാണെന്ന പരാമർശം വരുന്നു. ഭൂലോകത്തിൽ ആകെക്കൂടി നൂറു പേരേ ഉള്ളെന്നു വിചാരിക്കൂ. ആണും പെണ്ണും. ഇതിൽ തനി വിഡ്ഢികൾ 55, ഭയങ്കര ക്രൂരതയുള്ളവർ 20, വഞ്ചകർ 15, മടിയുള്ളവർ 9, നല്ലവർ 1. പകുതിയിലധികം ജനത്തെയും വിഡ്ഢികളെന്ന് വിളിക്കുമ്പോൾ അത് കേവലമായ ഒരു പരാമർശമായി കണക്കാക്കാനാവില്ല. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യർ പൊതുവെ ബുദ്ധിശൂന്യരാണ്. 'മണ്ടക്കൂട്ടമല്ലയോ ജനം', 'മണ്ടനാണെങ്കിലും മനുഷ്യനല്ലേ', ''തനിബഡുക്കൂസുകൾ' എന്നിങ്ങനെയുള്ള പരാമർശങ്ങൾ 'വിശ്വവിഖ്യാതമായ മൂക്കി'ലും ആവർത്തിക്കുന്നു.

'ന്റുപ്പൂപ്പാക്കൊരാനേണ്ടാർന്ന്' എന്ന നോവലിൽ ആയിഷ, കുഞ്ഞുപാത്തുമ്മയെ ബുദ്ദൂസ്, കള്ളബുദ്ദൂസ് എന്നെല്ലാമാണ് കളിയാക്കി വിളിക്കുന്നത്. അന്ധവിശ്വാസങ്ങൾ, അനാചാരങ്ങൾ, നിരക്ഷരത തുടങ്ങിയ കാരണങ്ങളാലാണ് കുഞ്ഞുപാത്തുമ്മ ബുദ്ദൂസ് എന്ന ഇരട്ടപ്പേരിന് അർഹയായത്. കുഞ്ഞുപാത്തുമ്മയുടെ ജീവിതസാഹചര്യത്തിൽ അവൾ ബുദ്ധിമതിയാണ്. നോവലിന്റെ ആദ്യഭാഗത്ത് പെണ്ണുകാണാൻ വരുന്നവർ ചോദിക്കുന്ന ചോദ്യങ്ങൾക്കെല്ലാം അവൾ കൃത്യമായി മറുപടി നൽകുന്നതു കാണാം. എന്നാൽ വിദ്യാസമ്പന്നയായ യുവതിയുടെ മുന്നിൽ അവൾ ബുദ്ദൂസാകുന്നു. ബുദ്ധിയും വിഡ്ഢിത്തവും ആപേക്ഷികമാണെന്നു നോവലിൽ നിന്നു തന്നെ വായിച്ചെടുക്കാനാകും. ഹാസ്യ പ്രയോഗമാണെങ്കിലും അതിനുള്ളിലെ ഇത്തരമൊരു സാധ്യതയെ തള്ളിക്കളയാനാവില്ല. ''മഹിളാരത്നങ്ങളായ എല്ലാ മഹിളാരത്നങ്ങളെയും കള്ളബുദ്ദൂസ് എന്നു വിളിക്കാം' എന്ന് ആയിഷയെക്കൊണ്ട് പറയിക്കുകയും ''പെണ്ണിന്റെ പര്യായമാണ് കള്ളബുദ്ദൂസ്' എന്ന് കുഞ്ഞുപാത്തുമ്മയെക്കൊണ്ട് ചിന്തിപ്പിക്കുകയും ചെയ്ത ബഷീർ തന്നെ പുരുഷവൃന്ദങ്ങൾ മൊത്തത്തിൽ സ്ത്രീകളുടെ ഉള്ളുകള്ളികൾ അറിയാൻ കഴിയാത്ത മണ്ടഗണേശന്മാരാണെന്നും സമ്മതിക്കുന്നു.

'സ്ഥലത്തെ പ്രധാനദിവ്യനി'ൽ മുഴുവൻ വിപരീതകല്പനകളാണ്. 'സൂര്യഭഗവാനെ ആദ്യമായി കണ്ടുപിടിച്ചത് സ്ഥലവാസിക

ളാണ്, മുഴയൻനാണുവിന്റെ അഭിപ്രായത്തിൽ സ്ഥലമാകുന്നു ലോകത്തിന്റെ നടുമധ്യം. എന്നിങ്ങനെയുള്ള പ്രസ്താവനകളിൽ വിപരീതോക്തി പ്രയോഗിച്ചുകൊണ്ടാണ് ഹാസ്യം നിർമ്മിക്കുന്നത്. മുഴയൻ നാണുവിന്റെ തലയിലെ മുഴ കുറെയേറെ തലച്ചോറ് സ്റ്റോക്ക് ചെയ്തു വച്ചിരിക്കുകയാണെന്നു പറഞ്ഞ് അതിനെ കേവലവൈകല്യത്തിൽ നിന്നുയർത്തുന്നതും ഇതേ വിപരീതോക്തിയുടെ കാഴ്ചയിലൂടെ മാത്രമേ സ്വീകരിക്കാനാകൂ. മുടന്തി യശോദയെ സുന്ദരി മുടന്തിയശോദ എന്നു വിശേഷിപ്പിക്കുന്നതിലും ഇതേ കാപട്യത്തെ ബഷീർ ഒളിച്ചു വയ്ക്കുന്നു. വ്യാജോക്തികളാൽ പ്രാണിതം എന്നു പറയുന്നവിധം കപടഭാഷണസമൃദ്ധമാണ് ബഷീർ ശൈലി. 'സ്ഥലത്തെ പ്രധാനദിവ്യ' നിൽ സ്ഥലവാസികളെ ദാർശനികരായി, സമാധാനപ്രിയരായി വ്യവഹരിക്കുന്നതിലും വ്യാജോക്തി പകരുന്ന നർമ്മമാധുരിയാണുള്ളതെന്ന് എസ്. വി വേണുഗോപൻ നായർ അഭിപ്രായപ്പെടുന്നു.

ബഷീറിന്റെ ആദ്യകഥയായ 'എന്റെ തങ്ക'ത്തിൽ കറുമ്പിക്കൂനിയാണ് നായിക. ആർക്കും വേണ്ടാത്ത കറുമ്പിക്കൂനിയെ കഥാകൃത്ത് ശ്രദ്ധിക്കുന്നു. ബാഹ്യസൗന്ദര്യത്തിനതീതമായി അവളെ നായകൻ സ്നേഹിക്കുന്നുവെങ്കിലും ഹാസ്യത്തിനായി കൊണ്ടുവന്ന കറുമ്പിക്കൂനി എന്ന വിശേഷണം നായികയുടെ വൈകല്യത്തെ ഊട്ടിയുറപ്പിക്കുന്നതാണ്. 'ചട്ടുകാലി' എന്ന കഥയിൽ നായികയും നായകനും തമ്മിൽ തല്ലുകൂടി നായികയെ താഴെ തള്ളിയിടുകയും അങ്ങനെ അവളുടെ കാലൊടിയുകയുമാണ്. ശേഷം ഇവർ വിവാഹിതരാകുന്നു. നീണ്ടുനിവർന്ന് നെഞ്ചുതള്ളി ഞാൻ ഇനിയും ഇടിക്കും എന്ന ഭാവത്തിൽ നടക്കുന്ന പുരുഷന്റെ പിന്നാലെ ഓ, അതിന് ഞാനൊന്നും പറഞ്ഞില്ലല്ലോ! എന്ന ഭാവത്തിൽ അയാളുടെയൊപ്പം നടന്നെത്താൻ പണിപ്പെടുന്ന ചട്ടുകാലിയെ കണ്ട് പാർക്കിലിരുന്നവർ ചിരിച്ചു. അംഗവൈകല്യമുള്ളവർ സമൂഹത്തിൽ പരിഹാസപാത്രമായിത്തീരുന്നതിന്റെ നേർചിത്രമാണിവിടെ കാണുന്നത്.

'ആ തങ്കക്കുട്ടന് ചട്ടുകാലി ശവത്തിനെയല്ലാതെ മറ്റൊന്നിനേം കിട്ടീലേ' എന്ന കിഴവിയുടെ വാക്കുകളും വിരൽചൂണ്ടുന്നത് വൈകല്യ

മുള്ളവർക്ക് ശവത്തിന്റെ വില മാത്രം നൽകുന്ന സമൂഹത്തിലേക്കു തന്നെ. മറ്റുള്ളവരെ പരിഹസിക്കുന്ന ബഷീർ സ്വന്തം അനുജനെ 'ചട്ടൻ' എന്നാണ് അഭിസംബോധന ചെയ്യുന്നത് (പാത്തുമ്മയുടെ ആട്). അബ്ദുൾ ഖാദറിനെപ്പറ്റി പരാമർശിക്കേണ്ടിടത്തെല്ലാം 'ചട്ടൻ' എന്ന് ചേർക്കുകയും ചട്ടൻകാലിനെ ഹാസ്യരസത്തോടെ അവതരിപ്പിക്കുകയും ചെയ്യുന്നു. ആഖ്യയും ആഖ്യാതവുമെവിടെയെന്നു ചോദിക്കുമ്പോൾ ചട്ടുകാലൻ, ആഖ്യാതമില്ലെങ്കിലെന്ത് അവന്റെ ഒരു പളുങ്കൂസൻ വ്യാകരണം എന്നു പറഞ്ഞ് അധിക്ഷേപിക്കുന്നു. തന്നോട് സംസാരിച്ചശേഷം തിരികെപ്പോകുന്ന അനുജനെ നോക്കി "ചട്ടിച്ചട്ടി അങ്ങിറങ്ങിപ്പോയി" എന്ന് ഹാസ്യത്തിന്റെ മേമ്പൊടി ചേർത്ത് പറയുന്ന ബഷീർ സമൂഹത്തിന്റെ മാത്രമല്ല സ്വന്തം കുടുംബത്തിന്റെയും തന്റെതന്നെ വൈകല്യത്തെയും ഹാസ്യമാക്കിത്തീർക്കുന്നതിനു മടിക്കുന്നില്ല.

ബഷീർ തന്റെ ഓരോ കഥാപാത്രത്തെയും അത് അപ്രധാന കഥാപാത്രമായാൽപ്പോലും അവരെ പ്രത്യേകമായ ചില സവിശേഷതകൾകൊണ്ട് അടയാളപ്പെടുത്താറുണ്ട്. ആ സവിശേഷതയാകട്ടെ പലപ്പോഴും വൈകല്യങ്ങളുമായിരിക്കാം. മണ്ടൻ മുത്തപ്പയെപ്പറ്റി പറയുന്നത് ഇപ്രകാരമാണ്. "അദ്ദേഹത്തിന് വയസ് ഇരുപത്തിയൊന്ന്. തനി കറമ്പനാണ്. ശകലം കോങ്കണ്ണും ഉണ്ട്". ഒറ്റക്കണ്ണൻ പോക്കറെക്കുറിച്ച്, "അദ്ദേഹത്തിന് ഒറ്റക്കണ്ണേയുള്ളു... വൺഐെസ്" എന്ന് മുച്ചീട്ടുകളിക്കാരന്റെ മകൾ എന്ന നോവലിൽ പരാമർശിക്കുന്നു. ഉണ്ടക്കണ്ണൻ അന്തർ 'സ്ഥലത്തെ പ്രധാനദിവ്യനി'ലെ ഒരു കഥാപാത്രമാണ്. 'പാത്തുമ്മയുടെ ആടി'ൽ മണിയോർഡറുമായി വന്ന പോസ്റ്റുമാനെ ഇങ്ങനെ ചിത്രീകരിക്കുന്നു: "കുട്ടൻപിള്ളയുടെ ഒരു കവിളിനകത്ത് ഒരു മാമ്പഴം ഇട്ടിട്ടുള്ള പോലെ ഒരു മുഴയുണ്ട്'. "മിക്കപ്പോഴും കഥാപാത്രത്തിന്റെ രൂപ-ഭാവ വൈകല്യങ്ങളുടെമേൽ വെളിച്ചം കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഇരട്ടപ്പേരോ അവന്റെ തൊഴിൽ സംബന്ധമായ വിശേഷണമോ സമ്മാനിക്കുക ഈ കഥാകൃത്തിന്റെ തന്ത്രവും ദൗർബല്യവുമാകുന്നു. (ഹാസ്യം നോവൽ ശില്പത്തിൽ, പുറം- 208) വികലരൂപത്തിൽ അമിത പ്രതിപത്തിയുള്ളതിനാലാണ്

അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾക്ക് കാരിക്കേച്ചറുകളുടെ സ്വഭാവം കൈവരുന്നതും.

മൂക്കിന്റെ അസാധാരണ വളർച്ച സൃഷ്ടിക്കുന്ന ഹാസ്യമാണ് 'വിശ്വവിഖ്യാതമായ മൂക്കി'ലെ പ്രതിപാദ്യം. അന്ധൻ, ബധിരൻ എന്നെല്ലാം പറയുന്നതുപോലെ അസാധാരണമാംവിധം പൊക്കിൾക്കുഴി വരെ നീണ്ടുകിടക്കുന്ന മൂക്കുള്ളവൻ 'മൂക്കൻ' ആകുന്നു. ഗവൺമെന്റ് അയാൾക്ക് 'നാസികപ്രമുഖൻ' എന്ന ബഹുമതി നൽകുകയും രാഷ്ട്രീയപാർട്ടിക്കാർ 'സഖാവ് മൂക്കൻ' എന്ന് അയാളെ അഭിസംബോധന ചെയ്യുകയും ചെയ്യുന്നു. മൂക്കൻജി, മൂക്കശ്രീ, മൂക്കൻ തുടങ്ങിയ പേരുകളിൽ വൈകല്യത്തെ ശ്രേഷ്ഠതയായി കാണുമ്പോൾ ബഷീർ പറയുന്നു, "മണ്ടക്കൂട്ടമല്ലയോ ജനം". വിരുദ്ധോക്തികൊണ്ട് രാഷ്ട്രീയത്തെയും സമൂഹത്തെയും പരിഹസിക്കുകയാണ് എഴുത്തുകാരൻ. "മനുഷ്യരൂപത്തിന് കൗതുകവും ഭംഗിയും കൊടുക്കുന്ന നാസിക നീണ്ടുനീണ്ടു ചെല്ലുമ്പോൾ മനുഷ്യരൂപം വികൃതമാകുക സ്വാഭാവികം. അത് വെറുപ്പുളവാക്കുന്ന വൈകൃതമാണ്. അത് മറ്റുള്ളവരിൽ നിന്ന് അയാളെ ഒറ്റപ്പെടുത്തും. (ബഷീറിന്റെ ചെറുകഥകൾ 101 പഠനങ്ങൾ, പുറം- 47) എന്ന് ബാലചന്ദ്രൻ വടക്കേടത്ത്. എന്നാൽ അതിനെ ഒരു സാധ്യതയാക്കി മാറ്റുന്നതിലൂടെയാണ് ബഷീർ ഹാസ്യം ചമയ്ക്കുന്നത്.

ചുരുക്കത്തിൽ, ഭിന്നശേഷിയുമായി ബന്ധപ്പെട്ട പദങ്ങളെക്കൊണ്ട് ഹാസ്യം സൃഷ്ടിക്കുന്ന രീതി ബഷീറിന്റെ രചനയിൽ കാണാം. എന്നാൽ അവ മനഃപൂർവ്വമായി ഭിന്നശേഷി ജനതയെ പരിഹസിക്കുന്ന തരത്തിലല്ല പ്രയോഗിച്ചിട്ടുള്ളത്. വൈകല്യങ്ങൾ കേവലം ശാരീരിക-മാനസിക വൈകല്യങ്ങളല്ല, മറിച്ച് അപരിഷ്കൃതമായ സമൂഹത്തെയോ കപടമായ രാഷ്ട്രീയത്തെയോ സമ്പൂർണ്ണരെന്നു സ്വയം വിശ്വസിക്കുന്ന മനുഷ്യരെയോ ആക്ഷേപിക്കുന്നതിനുള്ള ഒരുപാധിയായാണ് ബഷീർ സ്വീകരിച്ചിരിക്കുന്നത്. മറ്റൊരാളുടെ ദുഃഖകരമായ ജീവിതം കാഴ്ചക്കാർക്ക് ഒരുപക്ഷേ ചിരിയുളവാക്കുന്നതാകാം. അതുപോലെ, വൈകല്യങ്ങളെന്നു നാം കരുതുന്നവ സ്വന്തം കണ്ണുനീരിനെപ്പോലും ചിരിയാക്കി

മാറ്റുന്ന ഒരു സാഹിത്യകാരനെ സംബന്ധിച്ച്, ഹാസ്യം ചമയ്ക്കുന്നതിനുള്ള ഒരു ജീവിതാവസ്ഥയായി മാറുന്നു. ഇതര സാഹിത്യകാരന്മാരുടെ കഥാപാത്രങ്ങളിൽ നിന്ന് ബഷീർക്കഥാപാത്രങ്ങളെ വേർതിരിച്ചറിയാൻ കഴിയുന്നത് ഭിന്നശേഷിയെ കുറിക്കുന്ന ഇരട്ടപ്പേരുകളെക്കൊണ്ടു കൂടിയാണ്. അതുകൊണ്ടുതന്നെ ഭിന്നശേഷി സംബന്ധമായ പദങ്ങൾ ബഷീറിന്റെ രചനകളെ ഹാസ്യാത്മകമാക്കിത്തീർക്കുന്നതോടൊപ്പം അദ്ദേഹത്തിന്റെ കഥാപാത്രങ്ങളെ അനശ്വരമാക്കുകയും ചെയ്യുന്നു.

*സഹായക ഗ്രന്ഥങ്ങൾ*


1. ജോസ്. കെ മാനുവൽ, ഡോ. വി. എ ഫിലിപ്പ് (എഡിറ്റേഴ്സ് ), *അന്വേഷണം പഠനം ഗവേഷണം* (ഗവേഷണ പ്രബന്ധങ്ങൾ ), നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, ജൂൺ2011
2. പോൾ മണലിൽ (എഡിറ്റർ), *ബഷീറിന്റെ ചെറുകഥകൾ,* 101 പഠനങ്ങൾ, ഒലിവ് പബ്ലിക്കേഷൻസ്, ജൂലൈ 2010
3. രാമകൃഷ്ണൻ ഇ. വി, *മലയാള നോവലിന്റെ ദേശകാലങ്ങൾ,* മാതൃഭൂമി ബുക്സ്, കോഴിക്കോട്, ആഗസ്റ്റ് 2017
4. സുനിൽ പി ഇളയിടം, *അജ്ഞാതവുമായുള്ള അഭിമുഖങ്ങൾ* (സാഹിത്യ പഠനം), സാഹിത്യപ്രവർത്തക സഹകരണ സംഘം, നാഷണൽ ബുക്സ്റ്റാൾ, കോട്ടയം, മെയ് 2011
5. വേണുഗോപൻനായർ. എസ്. വി (ഡോ ), *ഹാസ്യം നോവൽ ശില്പത്തിൽ,* മാളുബൻ പബ്ലിക്കേഷൻസ്, തിരുവനന്തപുരം, 1997
6. വൈക്കം മുഹമ്മദ് ബഷീർ, *ബഷീർ സമ്പൂർണകൃതികൾ,* വാല്യം 1&2, ഡി. സി ബുക്സ്, കോട്ടയം, 1994

# *ഒറ്റയടിപ്പാതകൾ –*
# ആഖ്യാനവും വിശകലനവും

**അനിജ എൽ. ജെ.**

**(ഗവേഷക, യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം)**

"ഒറ്റയടിപ്പാതകൾ" നോവലിലെ സുകു എന്ന ഭിന്നശേഷിക്കാരനായ വ്യക്തിയെയും അയാളെ ചുറ്റിപ്പറ്റിയുള്ള കഥാസന്ദർഭങ്ങളും ചിഹ്നശാസ്ത്രത്തിലൂടെ പഠിക്കാൻ ശ്രമിക്കുകയാണ് ഈ പ്രബന്ധത്തിൽ ചെയ്യുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെ ഭാഷാപഠനമേഖലയിൽ നിന്ന് ഉരുത്തിരിഞ്ഞ വിജ്ഞാനശാഖയാണ് ചിഹ്നശാസ്ത്രം. ആശയവിനിമയത്തിന് ഉപകരിക്കുന്ന അർത്ഥോല്പാദകമായ എന്തും ചിഹ്നമായി കരുതാം. മനുഷ്യന്റെ അറിവിൽ വ്യവഹാര മേഖലയുമായി ബന്ധപ്പെട്ട പലതും ചിഹ്നമാണ്. ഉദാഹരണമായി ചില വാക്കുകൾ, അനുമാനിക്കപ്പെടുന്ന വാക്യങ്ങൾ, വ്യത്യസ്തചിന്തകൾ രൂപപ്പെടുത്തുന്ന ചിത്രങ്ങൾ, മാനസിക പ്രതിബിംബങ്ങൾ, അംഗവിന്യാസങ്ങൾ, ആംഗ്യങ്ങൾ, വസ്ത്രധാരണ രീതികൾ, നിയമങ്ങൾ, മൂല്യങ്ങൾ, ഇന്ദ്രിയജ്ഞാനങ്ങൾ തുടങ്ങിയ വ്യത്യസ്ത രീതികളിലുള്ള മനുഷ്യരുടെ ആശയ സ്വഭാവങ്ങളെല്ലാം ചിഹ്നത്തിന്റെ പരിധിയിൽപ്പെടുന്നു. ചിഹ്നം പലപ്പോഴും അനുമാനത്തെ ആശ്രയിക്കുന്നു. പുക കാണുമ്പോൾ തീയുണ്ടെന്നും, ഭൂമിയിലെ നനവു കണ്ട് മഴ പെയ്തുവെന്നും,

പൂക്കൾ വിടർന്നു നിൽക്കുമ്പോൾ വസന്തകാലത്തിന്റെ വരവ്, ഏതെങ്കിലും ശബ്ദം അവയുടെ സാന്നിദ്ധ്യം അറിയാതെ തന്നെ എന്താണെന്ന് മനസ്സിലാവുന്നു.

ഭാഷാശാസ്ത്ര പഠനമേഖലയിൽ നിന്ന് ചിഹ്നവ്യവസ്ഥകളുടെ വൈവിദ്ധ്യം തിരിച്ചറിഞ്ഞയാളാണ് ഫെർഡിനാന്റ് ഡി-സൊസൂർ, ഭാഷാചിഹ്നങ്ങൾക്ക് രണ്ട് തലം കൽപ്പിച്ച് സൂചകം, സൂചിതം എന്നിങ്ങനെ പേര് നൽകി. വാക്കും അർത്ഥവും തമ്മിലുള്ള ഒരു ബന്ധം മാത്രമേ ഇതുകൊണ്ട് ആരോപിക്കപ്പെടുന്നുള്ളു, യഥാർത്ഥ്യത്തിന്റെ പ്രതീതിചിഹ്നങ്ങളിലൂടെ വ്യക്തമായി അവതരിപ്പിക്കാൻ കഴിയും എന്ന് സ്ഥാപിച്ചു. ഘടനാനന്തരവാദ ചിന്തകരിൽ പ്രധാനിയായ ഴാക്ക് ദെറീദ ചിഹ്നസങ്കലനത്തിൽ പുതിയ സിദ്ധാന്തം അവതരിപ്പിച്ചു. ശബ്ദപ്രതീകങ്ങൾ (Sound images), ശബ്ദപ്രകടനങ്ങൾ (Sound expressions), ഭാഷണശബ്ദങ്ങൾ, എഴുത്തിന്റെ ദൃശ്യചിഹ്നങ്ങൾ എല്ലാം സൂചകങ്ങളാണ്. അദ്ദേഹത്തിന്റെ ചിന്തകളിൽ ഒരു കൃതിയെ അഴിച്ചു പണിയുകയും സ്ഥിരമല്ലാതാക്കുകയും വികേന്ദ്രീകരിച്ച് പുനർനിർമ്മിക്കുകയും ചെയ്യുന്നു. അങ്ങനെ അപനിർമ്മാണം സ്വാതന്ത്ര്യവും സാധ്യതയുമായി മാറുന്നു.

ചാൾസ് പീയേഴ്സിനിൽ എത്തിയപ്പോൾ ചിഹ്നത്തെ യുക്തിശാസ്ത്രമായി വിലയിരുത്താൻ ആരംഭിച്ചു. Icons-ബിംബം, Index-സൂചിക, Symbol-പ്രതീകം എന്ന് മൂന്നായി അദ്ദേഹം ചിഹ്നത്തെ വിഭജിക്കുകയും ആശയവിനിമയത്തിന് സാധ്യതയുള്ള എന്തിനെയും ചിഹ്നപരിധിയിൽ പെടുത്തുകയും ചെയ്തു. ഉമ്പർട്ടോ എക്കോയുടെ ചിഹ്നശാസ്ത്ര പഠനങ്ങൾ സമഗ്രമായ അന്വേഷണങ്ങൾക്ക് ഉതകുന്ന തരത്തിലുള്ളതാണ്. "തിയറി ഓഫ് സെമിയോട്ടിക്സ് (1976)", "സെമിയോട്ടിക്സ് ആന്റ് ദി ഫിലോസഫി ഓഫ് ലാംഗ്വേജ് (1984)", എന്നീ സിദ്ധാന്തപരമായ രചനകളും "ദി റോൾ ഓഫ് ദി റീഡർ (1981)", എന്ന പ്രായോഗിക പഠനവും എക്കോയുടെ ചിഹ്നശാസ്ത്രരംഗത്തെ സംഭാവനകളാണ്. ചിഹ്നശാസ്ത്രരംഗത്ത് പുതുമയും വ്യക്തതയും നൽകുന്ന കാഴ്ചപ്പാടുകൾ എക്കോയുടെതാണ്.

## സാഹിത്യ കൃതി ചിഹ്നപരിധിയിൽ

കഥാരൂപത്തിൽ മനുഷ്യന്റെ വൈകാരികതലങ്ങളെ വ്യക്തത യോടെ വരച്ചു കാട്ടുന്ന സാഹിത്യകൃതികൾ വായനക്കാരന്റെ മനസ്സിൽ പലചിഹ്നഘടകങ്ങൾ രൂപപ്പെടുത്തുന്നു. സാഹിത്യകൃതിയുടെ പൊരുൾ, രൂപം, അർത്ഥം, ഭാവം എല്ലാം കൃതിയെ ചലനാത്മകമാക്കുന്നു. സാഹിത്യകൃതിയുടെ ശീർഷകം തന്നെ അനുവാചകന്റെ മനസ്സിൽ നാനാർത്ഥങ്ങൾ സൃഷ്ടിക്കുന്നുണ്ടെങ്കിൽ അത് ചിഹ്നസ്വാധീനം ഒന്നുകൊണ്ട് മാത്രം ആയിരിക്കും. സാഹിത്യകൃതി ഓരോ സംഭ വത്തെയും ആഖ്യാനം ചെയ്യുമ്പോൾ അതിന്റെ ചിഹ്നവിശകലന ത്തിലൂടെ കൃതി ലക്ഷ്യപ്രാപ്തിയിലെത്തുന്നു. വ്യത്യസ്ത ആശയ ങ്ങളെ പ്രതിനിധീകരിക്കുന്ന സ്വഭാവ സവിശേഷതകളുള്ള ചിഹ്ന ങ്ങളായ വ്യത്യസ്ത കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടുന്നു. ആശയ പരമായ, വികാരപരമായ, ക്രിയാപരമായ സംഘർഷങ്ങൾ ഉണ്ടാകുന്നു എങ്കിൽ അതും ചിഹ്നവുമായി കൂട്ടിച്ചേർക്കാം. പിരിമുറുക്കമുള്ള മനോനിലയുള്ളവർ, ശിഥിലമാവുന്ന മാനസികഘടനയുള്ളവർ, ജീവിതം സുഖകരമാക്കാൻ ആഗ്രഹിക്കുന്നവർ, അധികാരം നേടാൻ ആഗ്രഹിക്കുന്നവർ, ഭാവിയെപ്പറ്റി വ്യാകുലപ്പെടുന്നവർ ഇത്തരം കഥാ പാത്രങ്ങളെയെല്ലാം കൃതികളിൽ ചിഹ്നമാക്കുക സാധാരണമാണ്. ഇപ്രകാരം *ഒറ്റയടിപ്പാതകൾ* (1982) എന്ന നോവലിലൂടെ സി. രാധാ കൃഷ്ണൻ ആഖ്യാനം ചെയ്യുന്നത് വ്യത്യസ്ത ചിന്താധാരകൾ ഉള്ള കഥാപാത്രങ്ങളെയാണ്. ചിഹ്നശാസ്ത്രഘടകങ്ങളെ സ്വാധീനിക്കുന്ന തരത്തിലുള്ള ആഖ്യാനമാണ് ഇതിൽ കാണുന്നത്. 'ഒറ്റയടിപ്പാത' ബുദ്ധിമാന്ദ്യമുള്ള സുകുമാരൻ എന്ന കഥാപാത്രത്തെ ചുറ്റിപ്പറ്റിയുള്ള കഥയാണ്.

## ഭിന്നശേഷിയും ചിഹ്നശാസ്ത്രവും

ശാരീരികവും മാനസികവുമായ വൈകല്യമുള്ളവരെ അറപ്പോടെ അല്ലെങ്കിൽ സഹതാപത്തോടു കൂടിയാണ് സമൂഹം നോക്കി കാണു ന്നത്. സമൂഹത്തിൽ നിന്ന് അവരെ അകറ്റി പാർശ്വവൽക്കരിക്കപ്പെട്ട

വരായി കണക്കാക്കുന്നു. സമൂഹത്തിൽ വ്യക്തിയുടെ സ്ഥാനം നിർണ്ണയിക്കുന്നത് മതം, ജാതി, ലിംഗപദവി, സാമ്പത്തികനില എന്നിവയാണ്. വിവേചനങ്ങളുടെ സാമൂഹിക സാംസ്കാരിക തലങ്ങളെ തിരിച്ചറിഞ്ഞതുകൊണ്ടായിരിക്കണം ഭിന്നശേഷി എന്നപദം ഇന്ന് സാധൂകരിക്കപ്പെട്ടു തുടങ്ങിയത്. ഭിന്നശേഷി വ്യത്യസ്ത പഠനശാഖകളുമായി ബന്ധപ്പെട്ടുകിടക്കുന്നതുകൊണ്ട് അന്തർവൈജ്ഞാനിക സ്വഭാവമുള്ളതാണെന്നുപറയാം. ഭിന്നശേഷിയെ സാമൂഹികനിർമ്മിതിയായും സാംസ്കാരിക രൂപമായും തിരിച്ചറിയുമ്പോൾ അത് ചിഹ്നപഠനത്തിന്റെ മേഖലയിൽ തന്നെയാണ്. ഭിന്നശേഷിക്ക് കാരണമാകുന്ന ഘടകങ്ങളെയെല്ലാം ചിഹ്നവുമായി ബന്ധപ്പെടുത്തി പഠിക്കാൻ സാധിക്കും.

## മാനസിക വൈകല്യവും ചിഹ്നശാസ്ത്ര വീക്ഷണവും

ഗർഭസ്ഥശിശുവായിരിക്കുമ്പോഴോ, ജനിതക തകരാറുകൾ മൂലമോ സംഭവിക്കുന്ന അവസ്ഥയാണ് മസ്തിഷ്കവൈകല്യം അല്ലെങ്കിൽ മാനസികവൈകല്യം. മസ്തിഷ്ക തകരാറുകൾ മനുഷ്യന്റെ ബൗദ്ധിക ശേഷിയിൽ സാരമായ വ്യതിയാനങ്ങൾ ഉണ്ടാക്കുന്നു. ബുദ്ധിമാന്ദ്യം സംഭവിക്കുക എന്നത് ഇതിന്റെ അടയാളമാണ്. ബുദ്ധിമാന്ദ്യം എന്നത് ചിഹ്നശാസ്ത്ര പരിധിയിൽപ്പെടുത്താം. അത് ഒരു പ്രതീകമായി നിലനിൽക്കുന്നു. ബുദ്ധിമാന്ദ്യമുള്ള ചിലർ പരസഹായമില്ലാതെ ഒന്നും ചെയ്യാൻ കഴിയാത്തവരാണ്. സമപ്രായ ക്കാരിൽ നിന്ന് പ്രതീക്ഷിക്കാവുന്ന ഗ്രഹണശേഷിയും സാമൂഹിക ഇടപെടലും ഇത്തരക്കാർക്കു കാണാറില്ല. ചിന്തകൾ, വികാരങ്ങൾ, ആവശ്യങ്ങൾ ഒന്നും വ്യക്തമായി പ്രകടിപ്പിക്കാൻ ഇത്തരക്കാർക്കു കഴിയില്ല. ഗർഭസ്ഥശിശു ആയിരിക്കുമ്പോൾ അല്ലെങ്കിൽ വളർച്ചയുടെ ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തിയാൽ കൂടുതൽ സങ്കീർണ്ണമാവാത്ത പരിശീലനപരിപാടികൾ ആരംഭിക്കാൻ കഴിയും. സമൂഹം സ്നേഹത്തോടെയും തുല്യപരിഗണനയോടും സമീപിച്ചാൽ മാത്രമേ ഈ അവസ്ഥയ്ക്കു പരിഹാരം കാണാൻ സാധിക്കൂ.

***ഒറ്റയടിപ്പാതകളിലെ ആഖ്യാനം***

കുടുംബവ്യവസ്ഥയിൽ വൈകല്യബാധിതനായ വ്യക്തിക്ക് കിട്ടേണ്ട പരിചരണം, ശ്രദ്ധ, സ്നേഹം ഇടപെടലുകൾ എന്നിവ പല വ്യക്തികളും പലരീതിയിലാവും നൽകുക. ഒരാളുടെ വൈകല്യം കുടുംബപശ്ചാത്തലത്തെ താളം തെറ്റിക്കുന്ന പ്രശ്നമായി ഉയർന്നു വരും. കുടുംബത്തെ ഒന്നാകെ സാമൂഹിക വ്യവസ്ഥയ്ക്കകത്ത് പാർശ്വവത്കരണത്തിന് ഇരയാക്കുകയാണ് ഒറ്റയടിപ്പാതകളിലെ കഥാപാത്രങ്ങൾ. നോവലിൽ ഭാഷാചിഹ്നങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. പരിഭവവും നിരാശയും കലർന്നുള്ള ചോദ്യം "രണ്ടി ലൊന്നു പറയൂ സതി" എന്ന് അനൂപ് സതിയോടു ചോദിക്കുന്നതും അപ്പോൾ സതിയുടെ മുഖത്തു പ്രത്യക്ഷപ്പെടുന്ന ഭാവത്തെ എഴുത്തു കാരൻ അന്തിമേഘങ്ങൾക്ക് തുടുപ്പ് മങ്ങി തുടങ്ങി എന്ന ചിഹ്നരൂപ ത്തിൽ അവതരിപ്പിക്കുകയും ചെയ്യുന്നു. വീർപ്പുമുട്ടുന്ന അന്തരീക്ഷം, കാറ്റുപോലും പറയാൻ വന്ന കാര്യം പറയാതെ പോകുന്നു, വേലിക്ക പ്പുറത്തെ ചെടികൾ രഹസ്യം ഒളിപ്പിക്കുന്നതുപോലെ- ഇത്തരത്തിൽ കഥാപാത്രങ്ങളുടെ ഉള്ളുകൾ പ്രതീകാത്മകമായി ചിത്രീകരിച്ചി രിക്കുന്നു. ഒരു തുമ്പിലയിൽ മാത്രം ജീവന്റെ അതിപ്രസരം; മറ്റുള്ളവ അനങ്ങുന്നില്ല- ഇത്തരത്തിൽ പ്രകൃതിചിഹ്നങ്ങളെ നോവലിൽ കൂട്ടി ചേർത്ത് കഥാപാത്രങ്ങളുടെ സ്വഭാവസവിശേഷതകൾ വ്യക്തമാ ക്കുന്നു.

സതി എന്ന കഥാപാത്രത്തിന്റെ വേഷം തന്നെ അവരുടെ ഉള്ളിലെ ദുഃഖത്തെ വെളിപ്പെടുത്തുന്നു. അശ്രദ്ധമായ ജീവിതം, കണ്ണി ലൂറിവരുന്ന ആർദ്രത, ചിരിക്കാത്ത ഭാവം എല്ലാം തീവ്രദുഃഖത്തിന്റെ ചിഹ്നഭാവങ്ങളാണ്. അനൂപ് എന്ന കഥാപാത്രം സതിയെ ഇഷ്ടപ്പെ ടുന്നു. എന്നാൽ പരസ്പരം മിണ്ടാൻ അവർക്കാകുന്നില്ല. ഇരുവർ ക്കുമിടയിലുള്ളത് സുകു എന്ന സഹോദരനാണ്. പതിനാറ് വയ സ്സായിട്ടും ആറുമാസം മാത്രം വളർച്ചയെത്തിയ നിഷ്കളങ്കനായ ഒരു കൊച്ചുകുഞ്ഞിന്റെ ബുദ്ധിമാത്രം ഉള്ള സുകുമാരൻ 'മാ' എന്ന ശബ്ദം മാത്രം പുറപ്പെടുവിക്കും. 'മാ' എന്ന ശബ്ദത്തിൽ അവന്റെ എല്ലാ

വികാരങ്ങളും അടങ്ങിയിരിക്കുന്നു. വെറുതെ ചിരിക്കും, വെറുതെ കരയും, ഉടുതുണി മൂത്രമൊഴിച്ച് നനക്കും, സതിയെ അമ്മയായിക്ക രുതുന്നു, സതിയെക്കണ്ടില്ലെങ്കിൽ അലമുറയിട്ടുകരയും, ഭക്ഷണം വായിൽകൊടുക്കണം, കുളിപ്പിക്കണം, പല്ലു തേപ്പിക്കണം, തുണി മാറ്റണം, ഇങ്ങനെ സ്വന്തമായി ഒന്നും ചെയ്യാൻ കഴിയില്ല.

സുകുവിന്റെ ചേച്ചിമാരായ വാസന്തി, സുമതി എന്നിവർ സ്വന്തം കുട്ടികളെപ്പോലും സുകുവിന്റെ അടുത്തുവിടാറില്ല. വാസന്തിച്ചേച്ചിക്ക് സുകുവിനോട് സഹാനുഭൂതിയുണ്ട്. എന്നാൽ ഭർത്താവായ സുധാകരൻ സുകുവിനെ ഇഷ്ടപ്പെടുന്നില്ല. സുമതിച്ചേച്ചി സ്വന്തം താൽപര്യങ്ങ ൾക്കാണ് പ്രാധാന്യം നൽകുന്നത്. എന്നാൽ ഭർത്താവ് ദേവൻ അവനെ തൊടിയിൽ കൊണ്ടു നടക്കുകയും കൊച്ചിങ്ങപെറുക്കി കൊടുക്കു കയും ചെയ്യും. കോമാളി മട്ടിൽ സംസാരിക്കുകയും പെരുമാറുകയും ചെയ്യുന്ന വ്യക്തിയാണ് ദേവൻ. വല്ലപ്പോഴും വീട്ടിൽ വരാറുള്ള കഥാ പാത്രങ്ങളാണ് ഇവരൊക്കെ. സതി, ഭാസ്ക്കരമേനോൻ എന്ന അച്ഛൻ, നാണിയമ്മ, സുകു എന്നിവരാണ് ആ വീട്ടിലെ അംഗങ്ങൾ. ഹൈക്കോ ടതി ജഡ്ജിയായി പെൻഷൻ പറ്റിയ ആളാണ് സതിയുടെ അച്ഛൻ.

സുകുവിനെപ്പറ്റി ബന്ധുക്കളുടെ സംസാരം, ‘ചെയ്ത പാപ ത്തിന്റെ ഫലം അനുഭവിച്ചു തന്നെ തീരണ്ടേ’ എന്നാണ്. ഒരു വീട്ടിൽ അപകടം വന്നാൽ, മരണം നടന്നാൽ, കുഞ്ഞുങ്ങളില്ലെങ്കിൽ ഇന്നത്തെ സമൂഹത്തിലെ പല ആൾക്കാരും ഇത്തരത്തിൽ ചിന്തിക്കുന്നവരാണ്. ഈ നോവലിൽ മതചിഹ്നങ്ങൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. ഭാസ്ക്കരമേനോൻ വിശ്വാസിയാണ്. അദ്ദേഹത്തിന്റെ വിശ്വാസത്തെ ചുറ്റിപ്പറ്റിയാണ് ഈ ചിഹ്നങ്ങൾ ഉള്ളത്. തീർത്ഥം കഴിക്കുക. ദൈവ സങ്കല്പത്തിൽ ജീവിക്കുക, നാമജപം, പൂജാമുറിയിലെ ദൈവങ്ങൾ, ചന്ദനത്തിരി, അമ്പലം, ഭക്തി, വിഗ്രഹങ്ങൾ, ചിത്രങ്ങൾ, പൂമാലകൾ ഇതെല്ലാം മതചിഹ്നങ്ങളാണ്.

പ്രകൃതിചിഹ്നങ്ങൾക്കും പ്രാധാന്യമുണ്ട്. ഓരോ കഥാപാത്ര ത്തിന്റെയും ഭാവത്തെ പ്രകൃതിയുമായി കൂട്ടിയിണക്കി സങ്കല്പ്പിച്ചി രിക്കുന്നു. വീർപ്പുമുട്ടുന്ന അന്തരീക്ഷം, പരസ്പരം ബന്ധപ്പെട്ടു

കിടക്കുന്ന ജലാശയങ്ങൾ, ആകാശത്തിന്റെ തുടിപ്പും വെടിപ്പും മാഞ്ഞുപോകുന്നത്, ചേക്കേറാൻ പറക്കുന്ന പക്ഷിയുടെ അക്ഷമ, കാനൽപ്പാടിൽപ്പെട്ട് ശ്വാസം മുട്ടുന്ന ചെടികൾ, ഇളവെയിലിന്റെ സ്വഭാവമുള്ളനോട്ടം, കൂമന്റെ കൂവൽ, വെള്ളത്തിനടിയിൽ ഒഴുകി യെത്തുന്ന മുടിനാരിഴ ഇത്തരത്തിലുള്ള പ്രകൃതിചിഹ്നങ്ങൾ കഥാ പാത്രങ്ങളെ ചുറ്റിപ്പറ്റി ഉയർന്നുവരുന്നു. സുകുവിന്റെ ഉള്ളിൽ നിന്നു വരുന്ന 'മാ' എന്ന ശബ്ദവും അവന്റെ അംഗചലനങ്ങളും ചിഹ്ന വ്യവഹാരത്തിലുൾപ്പെടുന്നതാണ്. ഇതിലെ ഓരോ കഥാപാത്രത്തിൽ നിന്നു പുറപ്പെടുന്ന സംഭാഷണവും ഭാഷാചിഹ്നങ്ങളെ സ്വാധീനിക്കുന്ന തോടൊപ്പം വ്യത്യസ്ത ആശയ സംവേദനമാണ് നടത്തുന്നത്. സതി, ഭാസ്ക്കരമേനോൻ, അനൂപ് തുടങ്ങിയ കഥാപാത്രങ്ങളുടെ ഉള്ളിൽ നിന്നുണ്ടാകുന്ന ചിന്തകൾ, മാനസികവ്യാപാരങ്ങൾ എല്ലാം ചിഹ്ന ശാസ്ത്ര പരിധിയിൽപ്പെടുത്താം.

'ഒറ്റയടിപ്പാതകളി'ലെ അനൂപെന്ന കഥാപാത്രം പറയുന്നത്: 'മന്ദബുദ്ധിയായ ഒരനിയനു വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച് സ്വയം നശിക്കാൻ അനുവദിച്ചുകൂടാ. സതി തന്റെ ജീവിതം പങ്കിട്ടു കഴിയേ ണ്ടവളാണ്. അവളെ തന്റേതാക്കിയേ മതിയാകൂ. അമ്മ മകനെയെന്ന പോലെ അവൾ സുകുവിനെ സ്നേഹിക്കുന്നു. സുകുവിന് പരിചര ണവും ശുശ്രൂഷയുമാണാവശ്യം. അമ്മയായാലും ചേച്ചിയായാലും വേലക്കാരിയായാലും നഴ്സായാലും അതു നടക്കും, സ്വന്തം ജീവിതം പാഴാക്കുന്നതുകൊണ്ട് സതിക്ക് വിശേഷിച്ച് ഒരു നേട്ടവും ഉണ്ടാകാ നില്ല, കുടുംബബന്ധത്തെ സംഘർഷഭരിതമാക്കാൻ ഭിന്നശേഷിക്കാ രനായ ഒരാൾക്കു സാധിക്കും എന്ന് കാട്ടിത്തരുകയാണ് ഈ സംഭാ ഷണം. വീടും അടുക്കളയും ഒരുപോലെ നോക്കുന്ന ജോലിക്കാരി യാണ് നാണിയമ്മ. സുകുവിന്റെ ദൃഷ്ടി നേരെയല്ലാ, അത് രക്ഷസ്സിന്റെ ബാധയാണെന്നാണ് അവർ വിശ്വസിക്കുന്നത്. അവന്റെ കുട്ടിത്തത്തെ പ്പറ്റി ലാളിച്ചു വഷളാക്കി എന്നാണ് പറയുന്നത്. സുകുവിന് ബുദ്ധി മാന്ദ്യം സംഭവിച്ചതാണെന്നുള്ളതിനെപ്പറ്റി ആർക്കും അറിവില്ല എന്ന താണ് ഈ ഭാഗം കാട്ടിത്തരുന്നത്.

ഭാഷയും സാമൂഹികസങ്കല്പങ്ങളും ആർജ്ജിക്കാൻ കഴിയാത്ത ആളാണ് സുകു. ബന്ധങ്ങളെയെല്ലാം സുകുവിന്റെ വൈകല്യം ബാധിക്കുമ്പോഴാണ് അവന്റെ വൈകല്യം പ്രശ്നമായി മാറുന്നത്. സതി എന്ന കഥാപാത്രം കുടുംബഭാരം ത്യാഗസന്നദ്ധയായി ഏറ്റെടുക്കുന്നു. വൈകല്യമനുഭവിക്കുന്നവരെ പ്രാന്തവത്കരിച്ചുകൊണ്ടാണ് കുടുംബ-സമൂഹസംവിധാനങ്ങൾ വൈകല്യത്തെ കൈകാര്യം ചെയ്യുന്നത്. വീടിനുള്ളിൽ വൈകല്യം അനുഭവിക്കുന്നവർ ഏറ്റു വാങ്ങുന്ന പീഡനങ്ങൾ ഏറെയാണ്. അത്തരത്തിൽ ഒന്നാണ് സുകുവിന്റെ കൊലപാതകവും. സ്വന്തം പിതാവിനാൽ കൊലചെയ്യപ്പെടുന്ന സുകു. ഭിന്നശേഷിക്കാരോട് വ്യക്തികൾക്കും പൊതുസമൂഹങ്ങൾക്കുമുള്ള വിവേചന മനോഭാവം, വിധി, ശാപം, പാപം തുടങ്ങിയ പരാമർശങ്ങളിലൂടെ ആവിഷ്കൃതമാകുന്ന ബോധം, സമൂഹത്തിൽ ഒറ്റപ്പെടുമ്പോഴുള്ള അവസ്ഥ ഇതൊക്കെ പിതാവായ ഭാസ്ക്കരമേനോൻ സുകുവിനെ കൊല്ലുന്നതിനുള്ള നീതികരണങ്ങളാക്കി. ഭാസ്ക്കരമേനോൻ വൈകല്യ ബാധിതനായ മകനെ കൊല്ലുന്നതിലൂടെ പാരമ്പര്യനിഷ്ഠമായ മൂല്യബോധത്തിന്റെ അടിമയായി. ഇത്തരത്തിലുള്ള അപമാനവീകരണത്തിന്റെയും അപകർഷതയുടെയും മൂല്യബോധങ്ങൾ ചിഹ്നശാസ്ത്രപരിധിയിൽപ്പെടുത്താം.

‘ഒറ്റയടിപ്പാതകളി’ലെ ഭിന്നശേഷിയുമായി ബന്ധപ്പെട്ട ആഖ്യാനങ്ങൾ, ഭിന്നശേഷിയുടെ സ്വഭാവം, അവയുമായി ബന്ധപ്പെട്ടു നിർമ്മിക്കപ്പെടുന്ന മനോഭാവം എന്നിവ വ്യത്യസ്ത സമീപനങ്ങളായി ഉയർന്നുവരുന്നു. ഒരു ശിഥിലവ്യക്തിത്വമായി സുകുവിനെ നോവലിൽ അടയാളപ്പെടുത്തുന്നു. വൈകല്യബാധിതനായ മകനെ കൊലപ്പെടുത്തിയതിനെ ന്യായീകരിച്ചു കൊണ്ട് ജഡ്ജി എന്ന നിലയിൽ ആധുനിക വൈദ്യശാസ്ത്രത്തിന്റെയും നൈതികവിചാരങ്ങളുടെയും കാഴ്ചപ്പാടിൽ ഭാസ്ക്കരമേനോൻ തന്നോടുതന്നെ നടത്തുന്നവിചാരണകൾ അടങ്ങുന്ന ആഖ്യാനം ശ്രദ്ധേയമാണ്. വൈകല്യബാധിതൻ മൂലം മറ്റുള്ളവർ അനുഭവിക്കുന്ന സാമൂഹികവിലക്ക്, അപമാനഭീതി ഇവയെല്ലാം കൃതിയിൽ കടന്നുവരുന്നു. മാറാവ്യാധി പിടിപെട്ട് കഠിനവേദന അനുഭവിക്കുന്ന രോഗിയെ കൊല്ലുന്നത് കൊലപാതകമാ

വില്ല എന്ന നീതികരണത്തോടെയാണ് പിതാവ് ഈ ക്രൂരകൃത്യം ചെയ്യുന്നത്. സ്വാർത്ഥമായ മനസ്സും എപ്പോഴും താൻ വലിയവനായി രിക്കണം എന്ന നിർവ്വചനങ്ങളും ഭാസ്ക്കരമേനോന്റെ മനസ്സിനെ ഉലച്ചുവെന്നുവേണം കരുതാൻ. സുകുവിന്റെ മരണത്തോടെ മാനസിക പിരിമുറുക്കമുണ്ടായത് സതിക്കു മാത്രമാണ്.

ഭാസ്കരമേനോൻ, മകൻ മരിച്ചതിനുശേഷമെഴുതിയ പ്രമാണ ത്തിൽ സ്വന്തം ഭാര്യയുടെ രോഗത്തെപ്പറ്റിയും സുകുവിന്റെ മരണത്തെ പ്പറ്റിയും പ്രതി എന്ന കാഴ്ച്ചപ്പാടിൽ എഴുതുന്നു. അർബുദം വന്ന് ചികിത്സിക്കാൻ വൈകിപ്പോയതുകൊണ്ടാണ് അവർ മരിച്ചത്. വേദന സഹിക്കാൻ അതിമാനുഷമായ ശക്തി ജാനുവിനുണ്ട്. എന്നാൽ ഭാസ്ക്കരമേനോൻ അത് അറിയാൻ ശ്രമിച്ചില്ല എന്ന തെറ്റ് വെളിപ്പെടു ത്തുകയാണ്. സ്വന്തം കാര്യങ്ങൾ നടത്തിയെടുക്കുന്ന ഒരു സ്വാർത്ഥ നായി അദ്ദേഹം സ്വയം അവരോധിക്കുന്നു. നോവലിന്റെ അവസാന അദ്ധ്യായത്തിൽ സൂര്യൻ കടലിന്റെ അറ്റത്തു താണുപോകുന്നതി നെപ്പറ്റി പറയുന്നു. യാത്രപറയുന്ന സൂര്യനെ അവിടെ പ്രതീകാത്മ കമായി, ചിത്രീകരിക്കുന്നു. അവിടെ യാത്ര പറയാൻ നിൽക്കുന്നത് ഭാസ്ക്കരമേനോനാണ്. എന്നാൽ സതിയുടെ മനസ്സിൽ കുറ്റവാളിയായി തീർന്നത് അനൂപാണ്. അസുഖം മാറ്റാൻ ദൽഹിക്ക് കൊണ്ടുവന്നിട്ട് ആകസ്മികമായി സുകു കൊല്ലപ്പെടുകയും അച്ഛന്റെ മാനസികനില തകരാറിലാവുകയും ചെയ്തതിന് കാരണം അനൂപാണെന്ന് സതി വിശ്വസിക്കുന്നു. സതിയുടെയും അച്ഛന്റെയും തിരിച്ചു നാട്ടിലേക്കുള്ള യാത്ര വിലാപയാത്രപോലെ തോന്നിച്ചു, ക്യാബിൻ തടവറപോലെയും ഇവിടെയെല്ലാം അർത്ഥയുക്തമായ ചിഹ്നങ്ങൾ ചേർത്തു നോവലിസ്റ്റ് രചനയെ മൂല്യമുള്ളതാക്കി.

നോവലിന്റെ ആഖ്യാനത്തെ വ്യത്യസ്തയോടെ നിലനിർത്തു ന്നത് അനൂപ് എന്ന കഥാപാത്രമാണ്. അനൂപിനു സതിയോടുള്ളത് അടങ്ങാത്ത സ്നേഹമാണ്. പ്രതീക്ഷയോടെ കാത്തിരിക്കാൻ മനസ്സുള്ള സ്നേഹം. ആ സ്നേഹത്തിനുവേണ്ടിയുള്ള അയാളുടെ യാത്ര ഒറ്റയാൾ പോരാട്ടമാണ്. ഒറ്റയടിപ്പാതകൾ എന്ന ശീർഷകം വ്യത്യസ്ത ചിഹ്ന

സാധ്യതകൾ തുറന്നു തരുന്നു. ഒറ്റയ്ക്ക് യാത്ര പോവുക, ആഗ്രഹിച്ച സ്നേഹത്തിൽ ഒറ്റയ്ക്കാവുക, ജീവിതത്തിൽ ഒറ്റക്ക് ആവുക ഇതെല്ലാം ഈ ശീർഷകത്തിൽ മുഴങ്ങി കേൾക്കുന്നു. സ്വന്തം കാര്യം മാത്രം ചിന്തിച്ച് ജീവിക്കുന്ന ആളുകളാണ് മിക്കവാറും പേർ. നോവലിസ്റ്റ് തന്നെ പറയുന്നു: അനൂപിലൂടെ ഒറ്റയടിപ്പാതകൾ മുന്നിൽ നീളുന്നു. സ്വന്തമായി ആരുണ്ടായാലും ഇല്ലെങ്കിലും അറ്റം കാണാതെ നീണ്ടു കിടക്കുന്നു. അതുപോലെയാണ് ഒറ്റയടിപ്പാതകളിലെ അനൂപിന്റെ ജീവിതവും ഒറ്റയടിപ്പാതകൾ വളഞ്ഞും പുളഞ്ഞും അപ്രതീക്ഷിതമായി കുട്ടിമുട്ടുന്നു. പിന്നെ പിരിയുന്നു. അങ്ങനെ ജീവിതവും ഒറ്റയടി പ്പാതകളിലൂടെ വ്യത്യസ്തനാനാർത്ഥങ്ങളിലൂടെ ചിഹ്നമായി പരിണമി ക്കുകയാണ് ചെയ്യുന്നത്.

**ഉപസംഹാരം**

'ഒറ്റയടിപ്പാതകൾ' എന്ന നോവലിൽ ഭിന്നശേഷിമൂലം ഒരു കുടുംബത്തിനു സംഭവിക്കുന്ന വേദനകൾ, ഒറ്റപ്പെടലുകൾ എല്ലാം സി.രാധാകൃഷ്ണൻ വ്യക്തതയോടെ വരച്ചു കാട്ടുന്നു. ഭിന്നശേഷി ക്കാരനായ സുകു എന്ന ചെറുപ്പക്കാരൻ പുറപ്പെടുവിക്കുന്ന ശബ്ദ ങ്ങളും, മറ്റ് കഥാപാത്രങ്ങളുടെ സംഭാഷണങ്ങളും എല്ലാം ഭാഷാ ചിഹ്നപരിധിയിൽ വരുന്നു. പ്രകൃതിചിഹ്നങ്ങൾക്ക് ഈ നോവലിൽ വളരെയധികം പ്രാധാന്യമുണ്ട്. ഭാസ്ക്കരമേനോനിലൂടെ വെളിപ്പെടുന്ന മതചിഹ്നങ്ങൾ ചിഹ്നശാസ്ത്രവുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒറ്റയടി പ്പാതകൾ എന്ന നോവലിന്റെ ആഖ്യാനസവിശേഷതകൾ ചിഹ്നങ്ങളി ലൂടെ വ്യക്തമായി വിലയിരുത്താൻ കഴിയും, ചിഹ്നം രൂപപ്പെടുത്തുന്ന പല സവിശേഷതകളും ഈ നോവലിലുടനീളം കണ്ടെത്താൻ സാധി ച്ചുവെന്നത് നോവൽ ആഖ്യാനത്തിന്റെ പ്രത്യേകത ഒന്നുകൊണ്ടു മാത്രമാണ്, അനൂപ്, സതി, സുകു, ഭാസ്ക്കരമേനോൻ തുടങ്ങിയ കഥാപാത്രങ്ങളിലൂടെ കടന്നുപോകുന്ന വികാരതീവ്രതകൾ യാഥാ ർത്ഥ്യബോധത്തോടെ നോവലിൽ ചിത്രീകരിച്ചിരിക്കുന്നു. ഭിന്നശേഷി ക്കാരോട് സമൂഹത്തിനുള്ള അവഗണനയും നിലപാടും വ്യക്തമായി നോവൽ കാണിച്ചു തരുന്നു. സ്വന്തം രക്തബന്ധങ്ങളുടെ കൈയാൽ ഇല്ലാതാക്കപ്പെടുന്ന ഭിന്നശേഷിക്കാർ ഇന്നത്തെ സമൂഹത്തിലും

ഉണ്ടെന്ന തിരിച്ചറിവ് നൽകുകയാണ് ഈ നോവൽ ചെയ്യുന്നത്. സ്വാർത്ഥതയ്ക്കു വേണ്ടി ഭിന്നശേഷിക്കാരുടെ ജീവൻ അപായപ്പെടു ത്തുന്നവർക്കുള്ള ഓർമ്മപ്പെടുത്തലാണ് ഈ നോവൽ. 'ഒറ്റയടി പ്പാതകൾ' എന്ന നോവലിന്റെ ശീർഷകം നോവലിനിണങ്ങുന്ന സന്ദർഭ ഘടകങ്ങൾക്കനുസരണമായി തന്നെയാണ് സി.രാധാകൃഷ്ണൻ നൽകിയിരിക്കുന്നത്.

*സഹായക ഗ്രന്ഥങ്ങൾ*


1. വി.ജെ.ജോർജ്ജ്, *ചിഹ്നശാസ്ത്രവും ഘടനാവാദവും* പഠനം, ഡി.സി ബുക്സ് 2001
2. Umberto eco, *A theory of Semiotics,* Indiana University press, Bloomington, 1979
3. Patric Fougeyrollas, Line Beauregard, 2001 Disability, Gary L.Albrezht (Ed), *Hand book of Diasability studies,* sage, publications London
4. Lecibty Eric 2006, The omen series of sumeria, *The Encyclopedia of disability* (Ed) Gary L Albezht, sage publications. Delhi
5. carrol.J.Grill (2006) Disability as a disease of social relations. *Encyclopedia of disability* (Ed) Gary.L.Albrezht.

# ഭിന്നശേഷി കഥാപാത്രങ്ങളുടെ ചിത്രീകരണം

## ബഷീറിന്റെ തിരഞ്ഞെടുത്ത നോവലുകളെ അടിസ്ഥാനമാക്കിയ അന്വേഷണം

**സിദ്ധി അജയ്, ശിവകാമി എസ്, ശില്പ എ.**

**(പി.ജി.വിദ്യാർത്ഥികൾ, മലയാളവിഭാഗം, കേരളസർവകലാശാല)**

ഭിന്നശേഷിക്കാരായ കഥാപാത്രങ്ങളെ മറ്റു കഥാപാത്രങ്ങളിൽ നിന്നു വ്യത്യസ്തമായിട്ടാണ് പലപ്പോഴും സാഹിത്യകൃതികളിൽ ചിത്രീകരിച്ചു കാണുന്നത്. അത്തരം കഥാപാത്രങ്ങളുടെ അവതരണവും അവർക്കു നൽകുന്ന പേരുകളുമൊക്കെ സാധാരണ കഥാപാത്രങ്ങളിൽ നിന്നും വേറിട്ടു നിൽക്കുന്നതാണ്. ബഷീറിന്റെ ഭിന്നശേഷിക്കാരായ മിക്ക കഥാപാത്രങ്ങളും അവരുടെ വൈകല്യങ്ങളുമായി ബന്ധപ്പെട്ട പേരുള്ളവരാണ്. എന്തുകൊണ്ടവർക്ക് സാധാരണ കഥാപാത്രങ്ങളെപ്പോലെ ഒരു പേരു ലഭിക്കുന്നില്ല എന്നതും സമൂഹത്തിന്റെ കാഴ്ചപ്പാടുകൾ ഇത്തരം പേരുകളിലെത്രത്തോളം പ്രതിഫലിക്കുന്നു എന്നതും വിമർശനാത്മകമായി പരിശോധിക്കുകയാണ് ഈ പ്രബന്ധത്തിന്റെ ലക്ഷ്യം.

അനുഭവസമ്പന്നതകൊണ്ടും വിപുലമായ ഭാഷാസൗന്ദര്യം കൊണ്ടും വായനക്കാരെ വിസ്മയിപ്പിക്കുന്ന എഴുത്തുകാരനാണ്

വൈക്കം മുഹമ്മദ് ബഷീർ. മതം, രാഷ്ട്രീയം, സാമൂഹം, ആത്മീയത, പരിസ്ഥിതി, കുടുംബം, വ്യക്തി എന്നിങ്ങനെ ജീവിതസ്പർശിയായ ഘടകങ്ങളെ ഒരേസമയം ദാർശനികതയിലൂടെയും നർമ്മരസത്തിലൂടെയും ബഷീർ അവതരിപ്പിക്കുന്നു. ജയിൽപ്പുള്ളികൾ, കള്ളന്മാർ, വേശ്യകൾ, ഭിക്ഷക്കാർ, സ്വവർഗ്ഗാനുരാഗികൾ തുടങ്ങിയ അരികുവൽക്കരിക്കപ്പെട്ട മനുഷ്യരുടെ ആഗ്രഹങ്ങളും സ്വപ്നങ്ങളും ജീവിതവും ബഷീറിന്റെ രചനകളിലൂടെ മുൻനിരയിലേക്ക് കടന്നുവന്നു. സമൂഹത്തിനു നേരെയുള്ള വിമർശനം നിറഞ്ഞ ചോദ്യങ്ങൾ അദ്ദേഹം ഹാസ്യത്തിൽ ഒളിപ്പിച്ചുവെച്ചു. അനാവർത്തനമായ പ്രമേയങ്ങൾ, പകരം വെയ്ക്കാനാവാത്ത പാത്രസൃഷ്ടി, ലളിതമായ ആഖ്യാനശൈലി എന്നിവയായിരുന്നു ബഷീറിന്റെ കൃതികളിലെ സവിശേഷത. ജന്മനാ അംഗവൈകല്യമില്ലാത്തവനും സാഹചര്യം കൊണ്ട് അംഗപരിമിതനായിത്തീർന്നവനുമായ മജീദിന് ചുറ്റുമുള്ളവരിൽ നിന്ന് ലഭിക്കുന്ന ആത്മാർത്ഥതയില്ലാത്ത സഹതാപം ആശ്വാസത്തേക്കാൾ അയാളെ മാനസിക സംഘർഷത്തിലേക്കാണ് തള്ളിവിടുന്നത്. ഇത്തരം സഹതാപമാണ് ഇന്ന് നമ്മുടെ സമൂഹം വച്ചുനീട്ടുന്നത്. എന്നാൽ മജീദ് ഇങ്ങനെയുള്ള സാഹചര്യത്തെ ഒരു വെല്ലുവിളിയോടെ നേരിട്ട് പ്രതിസന്ധികളെ മറികടന്ന് സ്വന്തമായി ഒരു ജീവിത വരുമാനം കണ്ടെത്തുന്നു. പക്ഷേ മജീദ് നേരിടുന്ന മറ്റൊരു പ്രശ്നം നാട്ടുകാർ തന്നെ എങ്ങനെ സ്വീകരിക്കും എന്നതാണ്. 'ഒന്നര കാലൻ മജീദ്' എന്ന് സുഹറ പോലും തന്നെ വിളിച്ചേക്കാം എന്ന് ഭയക്കുന്നു. ഇത്തരം പേരുകൾ സമൂഹം കാലാകാലങ്ങളായി ഭിന്നശേഷിക്കാർക്ക് ചാർത്തി കൊടുത്തിട്ടുള്ളതാണ്. ഇതു തന്നെയാവാം മജീദിന് ഉണ്ടാകുന്ന ആത്മസംഘർഷങ്ങൾക്കുള്ള കാരണവും. അതുകൊണ്ട് തന്നെ തന്റെ വൈകല്യത്തെ മറക്കാൻ, റബ്ബർ കാലുകൾ ഉപയോഗിക്കാം പാന്റും ഷൂസും ഉപയോഗിക്കാമെന്ന് സമാശ്വസിക്കുന്നു.

മജീദിൽ നിന്നും വ്യത്യസ്തത പുലർത്തുന്ന കഥാപാത്രമാണ് 'പാത്തുമ്മയുടെ ആടി'ലെ അബ്ദുൾ ഖാദർ. ശരീരം തളർന്ന അയാൾ ചികിത്സയിലൂടെ ആരോഗ്യം വീണ്ടെടുക്കുന്നുവെങ്കിലും ഒരു കാലിന് സ്വാധീനം നഷ്ടപ്പെടുന്നു. പക്ഷേ തന്റെ ശാരീരികപരിമിതികളെ

മറികടന്നുകൊണ്ട് കഴിയുന്ന ജോലി ചെയ്ത് ജീവിക്കുന്നു. സ്വന്തം കുടുംബങ്ങളിൽ നിന്നും നാട്ടുകാരിൽ നിന്നും 'ചട്ടുകാലൻ' എന്ന വിളി കേൾക്കേണ്ടി വരുന്നു. അബ്ദുൽ ഖാദർ ചെറുപ്പത്തിൽതന്നെ വൈകല്യത്തെ പ്രതിരോധമാർഗം ആയി ഉപയോഗിച്ചിരുന്നതായി ക്കാണാം. മുതിർന്നതിനു ശേഷം ഉള്ള അബ്ദുൾ ഖാദറിന്റെ സ്വഭാവം ബഷീറിന്റെ വരികളിലൂടെ മനസ്സിലാക്കാം. പിന്നീടു ഞാൻ വരുമ്പോൾ അവൻ ബീഡിതെറുപ്പ് ഉപേക്ഷിച്ചിരുന്നു. ചന്തയിൽ ഒരു ചെറിയ മുറിയിൽ കൊല്ലന്റെ ഉലയും ഒക്കെ വച്ച് തകരപ്പണിക്കാരനായ് അങ്ങനെ ജോലിനോക്കുന്നു. തകരംകൊണ്ട് അവൻ എന്തും ഉണ്ടാക്കും. ഇതൊന്നും ആരും അവനെ പഠിപ്പിച്ചതല്ല, സ്വന്തം ബുദ്ധി, പ്രയത്നം, ബുദ്ധികൊണ്ട് ആലോചിച്ചു കണ്ടുപിടിച്ച സ്വതന്ത്രമായ ജോലി, സ്വന്തമായി ആലോചിച്ചാൽ മറ്റുള്ളവരെ ആശ്രയിക്കാതെ എന്തെങ്കിലുമൊക്കെ കണ്ടുപിടിച്ച് അധ്വാനിച്ച് ഒരുവിധം സുഖമായി ജീവിക്കാൻ ചിലപ്പോൾ കഴിഞ്ഞേക്കും.

ഇതുപോലെതന്നെ സമാനത പുലർത്തുന്ന കഥാപാത്രമാണ് ബഷീറിന്റെ ചെറുകഥയായ 'ചട്ടുകാലി'യിലെ സ്ത്രീ. ഈയൊരു സംബോധന സമൂഹത്തിന്റെ പൊതുധാരണകളാണ് അടയാളപ്പെടുത്തുന്നത്. 'മുച്ചീട്ടു കളിക്കാരന്റെ മകളി'ൽ എത്തുമ്പോൾ ഭിന്നശേഷി കഥാപാത്രങ്ങളെ ഹാസ്യാത്മകമായ പേരോടു കൂടിയാണ് ബഷീർ അവതരിപ്പിക്കുന്നത്. 'ഒറ്റക്കണ്ണൻ പോക്കർ', 'മണ്ടൻ മുത്തപ്പ' എന്നിവരുടെ അവതരണം ശ്രദ്ധേയമാണ്. വട്ടപ്പേരുകൾ യഥാർത്ഥ പേരുകൾക്കൊപ്പം ഇഴുകിച്ചേർന്നു തന്നെയാണ് കാണുന്നത്. പലസ്ഥലങ്ങളിലും ഒറ്റക്കണ്ണൻ പോക്കറെ 'വൺസ് ഐ മങ്കി' എന്ന് വിളിക്കുന്നു. കഥ വായിക്കുന്ന വായനക്കാരിൽ ചിരി ഉണർത്തുന്നവയാണ്. ഇത്തരം പ്രയോഗങ്ങൾ നോവലിൽ ഹാസ്യം ജനിപ്പിക്കുന്നുവെങ്കിലും അതിനു പിന്നിൽ ഒളിഞ്ഞിരിക്കുന്ന കറുത്ത ഹാസ്യം വായനക്കാർ തിരിച്ചറിയേണ്ടതാണ്. ഭിന്നശേഷിക്കാർ എങ്ങനെ സമൂഹത്തിൽ ഒരു പരിഹാസ്യപാത്രമായി മാറുന്നു എന്നും അവർക്ക് പതിച്ചുകൊടുത്ത ഇത്തരം പേരുകൾഅവരെ എങ്ങനെയെല്ലാം മാനസികമായി ബാധിക്കുന്നു എന്നും എഴുത്തുകാരൻ രേഖപ്പെടുത്തുന്നില്ല, ബാല്യകാലസഖി ഒഴികെ.

ബുദ്ദൂസ്, മണ്ടൻ തുടങ്ങിയ പദങ്ങൾ കൈകാര്യം ചെയ്യുന്ന രീതിയിലും വിവേചനപരമായ ഘടകങ്ങൾ നിലനിന്നു കാണുന്നു. അത്തരം പദങ്ങൾ എന്തെങ്കിലും അബദ്ധങ്ങൾ കാണിക്കുന്നവരെയോ വിവേകരഹിതമായ പെരുമാറുന്നവരെയോ കളിയാക്കുന്നതിനായി ഉപയോഗിച്ചു കാണാറുണ്ട്. പൊതുസമൂഹത്തിനു മുന്നിൽ അവരെ അപമാനിക്കാൻ ഇത്തരം പ്രയോഗങ്ങൾ കാലാകാലങ്ങളായി ഉപയോഗിച്ചുവരുന്നത് ശ്രദ്ധേയമാണ്. ഉദാഹരണത്തിന് 'ന്റുപ്പുപ്പാക്കൊരനെയുണ്ടാർന്ന്', 'മുച്ചീട്ടുകളിക്കാരന്റെ മകൾ'എന്നീ നോവലുകൾ നിന്നും കണ്ടെത്താനാവും. മുച്ചീട്ടുകളിക്കാരന്റെ മകളിൽ 'മണ്ടൻ മുത്തപ്പ' എന്ന കഥാപാത്രത്തെ അവതരിപ്പിക്കുമ്പോൾ അയാൾക്ക് ശാരീരികമായോ മാനസികമായോ യാതൊരു പരിമിതികളും ഇല്ല. അതുപോലെ തന്നെയാണ് 'ബുദ്ദൂസ്' എന്ന പദവും. കുഞ്ഞുപാത്തുമ്മ മാനസിക വളർച്ച ഇല്ലാത്ത ഒരു പെൺകുട്ടിയല്ല. പക്ഷേ, അവൾ ലോകപരിചയം ഇല്ലാത്തവളും അപരിഷ്കൃതയുമാണ്. ഒന്നിനെക്കുറിച്ചും ഗൗരവമായി ചിന്തിക്കുകയോ പ്രായത്തിനൊത്ത കാര്യക്ഷമത വച്ചുപുലർത്തുകയോ ചെയ്യുന്നില്ല എന്നതുകൊണ്ടാണ് അവളെ 'ബുദ്ദൂസ്' എന്ന് വിളിക്കുന്നത്. തന്നെക്കാൾ നിലവാരം കുറഞ്ഞവൾ എന്നൊരു ചിന്ത ഇത്തരം വിളികളിൽ സർവ്വസാധാരണമാണ്. അവയെല്ലാം തന്നെ മറ്റുള്ളവരെ തരംതാഴ്ത്തി കാണിക്കാനും അല്ലെങ്കിൽ തനിക്ക് കഴിവുണ്ട് എന്ന് വരുത്തി തീർക്കുവാനും ഉപയോഗിക്കുന്നു. ഈ ഒരു പരിതസ്ഥിതി ഭിന്നശേഷിക്കാർക്ക് എതിരെയുള്ള കാഴ്ചപ്പാടാണ്. അത് സമൂഹത്തിന്റെ അബോധമനസ്സിൽ വേരുറപ്പിച്ചിരിക്കുന്നു.

വൈകല്യപഠനത്തിന്റെ സമഗ്രവും സവിശേഷവുമായ പ്രത്യേകത വൈകല്യത്തെ ഒന്നാമതായി ഒരു സാമൂഹിക രാഷ്ട്രീയ സാംസ്കാരിക പ്രതിഭാസമായി സമീപിച്ചു എന്നതാണ്. ഒരു മനുഷ്യന്റെ വ്യക്തിത്വത്തിന്റെ തന്നെ പ്രശ്നമായി വൈകല്യങ്ങൾ മാറുമ്പോൾ അത്തരക്കാർ അനുഭവിക്കുന്ന മാനസികവ്യഥകൾ പഠനങ്ങളിലേക്ക് കടന്നുവരേണ്ടതായിട്ടുണ്ട്. പ്രത്യക്ഷത്തിൽ നിന്നുള്ള വൈകല്യങ്ങളിൽ നിന്നും ഒരു പരിധിയിൽ കഴിഞ്ഞ് സമൂഹം അവരുടെ മാനസിക വ്യാപാരങ്ങളിലേക്ക് ശ്രദ്ധ തിരിക്കുന്നില്ല.

ഭിന്നശേഷിക്കാരായ കഥാപാത്രങ്ങളുടെ സാന്നിധ്യം എല്ലായിപ്പോഴും സാഹിത്യകൃതികൾ അടയാളപ്പെടുത്തിയിട്ടുണ്ട്. സാധാരണ കഥാപാത്രങ്ങൾക്കൊപ്പം തന്നെ കൃതികളിൽ അവരുടേതായ ഇടങ്ങൾ എഴുത്തുകാർ നൽകുന്നുണ്ട്. പക്ഷെ അവരുടെ പ്രാതിനിധ്യം മറ്റുള്ള സാധാരണ കഥാപാത്രങ്ങൾക്ക് സമാനമല്ല. വൈകല്യത്തെ മിക്കപ്പോഴും ഒരു തിന്മയുടെ പ്രതീകമായോ അല്ലെങ്കിൽ ഹാസ്യം സൃഷ്ടിക്കുവാനോ സഹതാപം ഉണ്ടാക്കുവാനോ ആയി ഉപയോഗിക്കുന്നു. ഇത്തരം കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ കഥാപാത്രങ്ങളുടെ പേരുകളുടെ സ്വാഭാവികതയും കൃത്യതയും വ്യക്തമാക്കുക കൂടി ചെയ്യുന്നു ബഷീറിന്റെ നോവലുകളിൽ. ഉദാഹരണമായി 'മുച്ചീട്ടുകളിക്കാരന്റെ മകളിൽ' പോക്കർ എന്ന കഥാപാത്രത്തിന്റെ വൈകല്യം കൂടിച്ചേർത്ത് ഒറ്റക്കണ്ണൻ പോക്കർ എന്ന് പേരു നൽകുന്നത് മനഃപൂർവമാണ്. നോവലിൽ ഒരിടത്തു പോലും പോക്കർ എന്ന് പറയുന്നില്ല. ചട്ടൻ, എട്ടുകാലി മമ്മൂഞ്ഞ്, മണ്ടൻ മത്തായി എന്നിവയിലും ഇതേ പ്രവണത ആവർത്തിക്കുന്നു. സൈനബയെക്കാളും കുഞ്ഞിത്താച്ചുമ്മയെക്കാളും വായനക്കാർ ഒറ്റക്കണ്ണൻ പോക്കറേയും മണ്ടൻ മുത്തപ്പയേയും ഓർത്തിരിക്കുന്നെങ്കിൽ അതിന് പിന്നിലെ കാരണം അത്തരം പേരുകളുടെ മനഃപൂർവ്വമുള്ള സൃഷ്ടിയാണ്. എന്തുകൊണ്ടവർക്ക് സാധാരണ പേരുകൾ നൽകുന്നില്ല എന്ന ചോദ്യത്തിനുത്തരവും ഇതു തന്നെയാകാം. പേര് ഒരു മനുഷ്യന്റെ വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന ഘടകം കൂടിയാണ്. ഇത്തരം വട്ടപ്പേരുകൾ ഒന്നും തന്നെ ഒറ്റതവണ വിളിച്ചുനിർത്തുന്നില്ല. നോവലിലുടനീളം ആവർത്തിക്കപ്പെടുന്നു. സാധാരണക്കാരായ കഥാപാത്രങ്ങളുടെ പേരുകളിൽ നിന്ന് ഭിന്നമായി ഇത്തരം പേരുകൾ നൽകുന്നതിന്റെ പിന്നിൽ സമൂഹത്തിനും സാഹിത്യത്തിനും വായനക്കാർക്കും മുന്നിൽ അവർ ശ്രദ്ധിക്കപ്പെടണം എന്നുള്ളത് എഴുത്തുകാരന്റെ തന്ത്രം കൂടിയാവാം. ചില കഥാപാത്രങ്ങളെ ഹാസ്യാത്മകമായി സൃഷ്ടിച്ച ബഷീർ മജീദിലെത്തുമ്പോൾ ആരോഗ്യമുള്ള ഒരു മനുഷ്യന് അംഗവൈകല്യം സംഭവിക്കുമ്പോൾ അയാളെ സമൂഹം എങ്ങനെ സ്വീകരിക്കുന്നു, അയാളുടെ ചിന്തകൾ ഏതൊക്കെ തരത്തിലാണ് വ്യാപിക്കുന്നത്, ഭാവി ജീവിതത്തെപ്പറ്റിയുള്ള ഉത്കണ്ഠകൾ എന്നിവയെല്ലാം പറയാതെ പറയുന്നു.

ജന്മം കൊണ്ടു അംഗവൈകല്യം സംഭവിച്ച ഒരു മനുഷ്യൻ തീർച്ച യായും അതുമായി പൊരുത്തപ്പെട്ടിരിക്കും. സാഹചര്യം കൊണ്ടങ്ങനെ സംഭവിച്ച ഒരാൾക്ക് രണ്ട് ജന്മങ്ങളാണുള്ളത്. അയാളുടെ മാനസികാ വസ്ഥ മറ്റൊരു തരത്തിലാണ്. ചിന്തകളും അനുഭവങ്ങളും എല്ലാം വ്യത്യസ്തമായിരിക്കും. ഒരു കൃതി എഴുതി കഴിഞ്ഞാൽ അത് സമൂ ഹത്തിന്റേതാണ്. ബാർത്തിന്റെ എഴുത്തുകാരന്റെ മരണം അവിടെ സംഭവിച്ചു കഴിഞ്ഞു. പിന്നീട് വായനക്കാരൻ ഓരോ കഥാപാത്ര ത്തെയും സ്വീകരിക്കുന്നത് എഴുത്തുകാരന്റെ തലത്തിൽ നിന്നല്ല, കഥാപാത്രത്തെ ഉൾകൊണ്ട് കൊണ്ടാണ്. പ്രസ്തുത കഥാപാത്രത്തെ കുറിച്ചാകും വായനക്കാരന്റെ ആധി. മജീദിനെക്കുറിച്ച് ഉത്കണ്ഠാകുല രാകുന്ന വായനക്കാർ ഒരിക്കൽ പോലും ഒറ്റക്കണ്ണൻ പോക്കറെക്കു റിച്ചോ എട്ടുകാലി മമ്മൂഞ്ഞിനെക്കുറിച്ചോ വ്യാകുലപ്പെടുന്നില്ല. സാഹ ചര്യങ്ങളുടെ ഇരയാകുന്ന കഥാപാത്രങ്ങളുടെ വേദനയാണ് വായന ക്കാരൻ ഏറ്റെടുക്കുന്നത്. ജന്മം കൊണ്ടങ്ങനെ ആയവരെ നോവലിന്റെ ഒഴുക്കിനനുസരിച്ച് വിട്ടുകളയുന്നു. ബഷീർ കൃതികളിൽ ഭിന്നശേഷി ക്കാരായ കഥാപാത്രങ്ങൾക്ക് നൽകിയിരിക്കുന്ന പേരുകളിൽ തെളി യുന്നത് അവരുടെ കഴിവുകളേക്കാളേറെ കുറവുകളെയാണ്. സാമൂഹിക, രാഷ്ട്രീയ, സാംസ്കാരിക, സാഹിത്യ തലങ്ങളിൽ ഭിന്നശേഷിക്കാരായ വരെ പ്രത്യേക പരിഗണനയിൽ നിർത്തി അതുവഴി മറ്റുള്ളവരുടെ കഴിവുകൾ ഉയർത്തികാണിക്കുകയല്ല വേണ്ടത്, ഒപ്പം നിർത്തി അവ സരം നൽകുകയാണ് ചെയ്യേണ്ടത്. അത് സാമൂഹിക പ്രതിബദ്ധത യുള്ള ഓരോ മനുഷ്യന്റെയും കർത്തവ്യം കൂടിയാണ്.

*സഹായകഗ്രന്ഥം*

1. മുഹമ്മദ് ബഷീർ വൈക്കം, *ബഷീറിന്റെ സമ്പൂർണ കൃതികൾ,* ഡി സി ബുക്സ്, കോട്ടയം -1994

# ഭിന്നശേഷിയുടെ ദൃശ്യതലങ്ങൾ ചിത്ര - ശില്പങ്ങളിൽ

**ഡോ. ജുബിൻ മറ്റപ്പള്ളിൽ**

**(അസിസ്റ്റന്റ് പ്രൊഫസർ , ഓറിയന്റൽ ലാൻഗ്വജെസ് (മലയാളം), സെന്റ് ഗ്രീഗോറിയോസ് കോളേജ്, കൊട്ടാരക്കര)**

ഭിന്നശേഷി (Disability) മനുഷ്യാവസ്ഥയുടെ ഒരു ഭാഗമാണ്. ഓരോ വ്യക്തിയും ജീവിതത്തിന്റെ ഏതെങ്കിലും അംശങ്ങളിൽ സ്ഥിരമായോ താല്കാലികമായോ ഭിന്നരായിരിക്കും (impaired). സമൂഹത്തിൽ എവിടെ ഭിന്നശേഷി പ്രകടമാകുന്നുവോ അവിടെ സമത്വത്തിന്റെ അന്തരീക്ഷം രൂപപ്പെടേണ്ടത് പൂർണ്ണത നിറഞ്ഞ സമൂഹത്തിന്റെ ഉത്തരവാദിത്തമാണ്. എന്നാൽ നമ്മുടെ സാമൂഹിക വ്യവസ്ഥയുടെ ചരിത്രത്തിൽ സമത്വദർശനം അപൂർവ്വതയാണ്. ജീവിതത്തിന്റെ ചാക്രികതയെക്കുറിച്ചുള്ള ബോധ്യം സാന്മാർഗ്ഗികതയിലേക്ക് ഉയർത്തെഴുന്നേൽക്കുവാനുള്ള ചാലകശക്തി ആയിരിക്കെ സമത്വദർശനം സാധ്യമാകേണ്ട കാലം വൈകിപ്പോയി. 1970-കൾ മുതൽക്കാണ് ഭിന്നശേഷിയെക്കുറിച്ചുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ വിശാലത കണ്ടുതുടങ്ങിയത്. ആസൂത്രിത മുന്നേറ്റങ്ങൾക്കുള്ള ത്വര വ്യത്യസ്ത തലങ്ങളിൽ രൂപീകൃതമായി ഭിന്നശേഷിയെക്കുറിച്ചുള്ള മനുഷ്യാവകാശപരമായ കാഴ്ചപ്പാടുകളാണ് ഇതിനു നിമിത്തമായത്. സ്പെഷ്യൽ സ്കൂളുകളുടെയും സ്ഥിര അധിവാസ വിദ്യാലയങ്ങളുടെയും രൂപീകരണം ഈ വിശാലതയുടെ പ്രകടനങ്ങളായിരുന്നു.

## ഭിന്നശേഷി -അർത്ഥവും വ്യാപ്തിയും

ഭിന്നശേഷി സങ്കീർണ്ണവും ചടുലവും വിഭിന്നമാനങ്ങൾ ഉൾക്കൊള്ളുന്നതുമായ ശബ്ദമാണ്. വൈയക്തികവും സാമൂഹികവുമായ തലങ്ങൾ ഇതിന്റെ അതിർത്തി നിശ്ചയിക്കുന്നു. ആരോഗ്യകരമായ ശാരീരികാവസ്ഥയിൽ നിന്നുള്ള വ്യതിയാനം ഭിന്നതയെ രൂപപ്പെടുത്തുന്നു. അവിടെ ദ്രുതചലനങ്ങൾക്കു പരിമിതികളും സജീവപങ്കാളിത്തത്തിനു നിയന്ത്രണങ്ങളും കണ്ടു തുടങ്ങും. ഭിന്നശേഷിയിൽ വൈയക്തിക-സാമൂഹിക ഇടപെടലുകൾ ശക്തമാണ്. വ്യക്തിയുടെ ഇടപെടലുകളെ (സഞ്ചാരം, പങ്കാളിത്തം) ചുറ്റുവട്ടത്തിന്റെ ഇടപെടൽ ഗണ്യമായി സ്വാധീനിക്കുന്നു. ചിഹ്നങ്ങളുടെ അവലോകനവും ഭൗതിക സാഹചര്യങ്ങളിൽ നിന്നുകൊണ്ടുള്ള മനുഷ്യനിർമ്മിതികളും സാങ്കേതികതയുടെ പുരോഗതിയും ചുറ്റുവട്ടത്തിൽ ഇടപെടലുകൾ തീർക്കുന്നു. ഇവയുടെ അപര്യാപ്തത ഭിന്നശേഷിയെ പ്രതികൂലമാക്കും.

2005-ൽ യുണൈറ്റഡ് കിങ്ഡമിലും നോർത്ത് അയർലാൻഡിലും രൂപംകൊണ്ട ഡിസബിലിറ്റി ഡിസ്ക്രിമിനേഷൻ ആക്ടനുസരിച്ച് (Disability Discrimination Act) ഭിന്നശേഷിക്കാർക്ക് തുല്യത കല്പിക്കണമെന്നു വ്യവസ്ഥപ്പെടുത്തുമ്പോൾ യഥാർത്ഥത്തിൽ വൈയക്തിക ഇടപെടലും ചുറ്റുവട്ട ഇടപെടലും ഭിന്നശേഷിയിൽ സൃഷ്ടിക്കാവുന്ന അപര്യാപ്തതയെ ലഘുകരിക്കുകയാണ്. ഇവിടെ അവബോധവും (Knowledge) സമീപനവും (Attitude) ചുറ്റുപാടിന്റെ ഇടപെടലിൽ നിർണ്ണായകമാണ്. അജ്ഞതയും സമീപനത്തിലെ വൈരുദ്ധ്യങ്ങളും ഭിന്നശേഷിത്വത്തെ അബലത്വമെന്നു മുദ്രകുത്തി. സമൂഹത്തിന്റെ വിരുദ്ധ മനോഭാവം ഭിന്നശേഷിക്കാരിൽ ആത്മവിശ്വാസവും പങ്കാളിത്ത മനോഭാവവും കുറച്ചു. ഇന്ന് സാമൂഹികാടിസ്ഥാനത്തിൽ നടക്കുന്ന റീഹാബിലിറ്റേഷൻ പ്രോഗ്രാമുകൾ ഈ വിടവ് നികത്തുന്നു.

ചുരുക്കത്തിൽ ഭിന്നശേഷിയുടെ അനുഭവതലങ്ങൾ ആരോഗ്യകരമായ അവസ്ഥയെയും വൈയക്തിക ഭൗതിക സാഹചര്യങ്ങളെയും ആശ്രയിച്ചിരിക്കുന്നു. സെറിബ്രൽ പാൾസിക്ക് വിധേയയായ കൊച്ചുകുട്ടിയും യുദ്ധരംഗത്തുവച്ച് മൈൻ പൊട്ടി ഒരു കാൽ നഷ്ടപ്പെട്ടുപോയ

യോദ്ധാവും ആർത്രൈറ്റിസ് പിടിപെട്ടപെൺകുട്ടിയും ഡിമെൻഷ്യ ബാധിച്ച വയോധികയും ശ്രവണ-കാഴ്ചകളിൽ വെല്ലുവിളി നേരിടുന്നവരുമെല്ലാം ഭിന്നശേഷിയുടെ വ്യത്യസ്ത മുഖങ്ങൾമാത്രം. ഇവയിൽ പലതും സ്ഥിരമോ താല്കാലികമോ ദൃശ്യമോ അദൃശ്യമോ വേദനാനിർഭരമോ നിർവികാരമോ ആകാം. എന്തുതന്നെ ആയിരുന്നാലും ശാരീരിക മാനസിക വൈരുദ്ധ്യങ്ങൾക്കിടയിലും മാനസികാരോഗ്യവും പക്വതയുമാണ് ഭിന്നശേഷിയുടെ സർവ്വസാധാരണതലം. 2007-2008 കാലയളവിൽ ഓസ്ട്രേലിയൻ ദേശീയ ഹെൽത്ത് സർവേയിൽ നാല്പതു ശതമാനത്തോളം ഭിന്നശേഷിക്കാരിൽ പ്രകടമായ ആത്മസംതൃപ്തി ഇക്കാര്യം വ്യക്തമാക്കുന്നു.(2)

**ഭിന്നശേഷിയുടെചിത്ര -ശില്പസന്നിവേശം ചരിത്രാപഗ്രഥനം**

ചിത്ര-ശില്പങ്ങളിൽ ഭിന്നശേഷി (Disability) പ്രമേയവത്കരിക്കപ്പെട്ടിട്ടുണ്ട്. അതിന്റെ ചരിത്രാപഗ്രഥനം യുറോപ്യൻ സംസ്കാരത്തിലേക്കാണ് നമ്മെ നയിക്കുന്നത്. ചിത്ര-ശില്പ പ്രതലങ്ങളിലെ ഭിന്നശേഷിയുടെ പ്രമേയാവിഷ്കരണം വിരൽചൂണ്ടുന്നത് ഭിന്നശേഷിയുടെ നിലനിൽപ്പിലേക്കും ശാരീരിക-മാനസിക അവസ്ഥകളിലേക്കുമാണ്. അസാധാരണത്വം (Abnormality), അപാകത (Anomaly), അസ്തിത്വപരത (Identity), കളങ്കത്വം (Stigma), പരിമിതി (Liminality)-ഇവ ഭിന്നശേഷിയുടെ സാമൂഹിക സാംസ്കാരിക പശ്ചാത്തലങ്ങളിൽ നിന്ന് രൂപപ്പെട്ടുവരുന്ന മുൻവിധികളാണ്.(3) മുൻവിധികൾ ഭിന്നശേഷിയിൽ വിപരീത മനോഭാവം നിറയ്ക്കുന്നു. ഇത്തരം പരിതഃസ്ഥിതികൾ പരാശ്രയത്തിന് കീഴിൽ നിലയുറപ്പിക്കേണ്ട അംഗപരിമിതരായി (Handicapped) ഇവരെ മുദ്രകുത്തി. ഈ വിധം വൈവിധ്യങ്ങളുടെ പൂർത്തീകരണമാണ് കലകളുടെ ചരിത്രം. ഭിന്നശേഷി സാഹിത്യത്തിലും കലകളിലും (Fine Arts) സിനിമയിലും വിശാലമായ പ്രതലങ്ങൾ സൃഷ്ടിച്ചു. സാഹിത്യസൃഷ്ടികളും സിനിമയും ഭിന്നശേഷിക്കാർക്ക് സമൂഹത്തിൽനിന്നും നേരിടേണ്ടിവന്ന പരിഹാസങ്ങളും അവഹേളനങ്ങളും തുറന്നുകാട്ടി. ചിത്ര-ശില്പങ്ങളിൽ ഭിന്നശേഷിയോടുള്ള നൂറ്റാണ്ടുകളുടെ മനോഭാവവും സമീപനവും പ്രതിഫലിപ്പിച്ചു.

പ്രാചീന ഗ്രീക്ക്-റോമൻ സംസ്കൃതിയിൽ പരിണാമത്തിന്റെ പരമോന്നത പടിയിൽ നിൽക്കുന്നവൻ പുരുഷനാണെന്നും സ്ത്രീയുടെ സ്ഥാനം ഒരുപടി കൂടി താഴെയാണെന്നും ഈ താഴ്ച ഒരു ഭിന്നതയാണെന്നും വീക്ഷിച്ചിരുന്നു. അരിസ്റ്റോട്ടിലിനെപ്പോലെയുള്ള ചിന്തകർ പോലും ഇത് ശരിവച്ചിട്ടുണ്ട്. ഗ്രീക്ക്-റോമൻ പാരമ്പര്യങ്ങൾ വിലയിരുത്തപ്പെടുമ്പോൾ നിയമസംഹിതകളിൽ ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങൾക്ക് ദയാവധം ശുപാർശ ചെയ്തിരുന്നതായി കാണാം.(4) പ്രാചീന ഗ്രീക്ക്-റോമൻ സംസ്കൃതിയിൽ ഭിന്നശേഷി ചിത്രണം ചെയ്യപ്പെട്ടിട്ടുണ്ട്. നാം കൂന് (Hunchbak) എന്ന് പരാമർശിക്കുന്ന കൈഫോസിസിന്റെ (Kyphosis) മാർബിൾ, സെറാമിക്, ശിൽപം, ചിത്രം തുടങ്ങി വ്യത്യസ്ത മാധ്യമങ്ങളിലൂടെയുള്ള അൻപതോളം വ്യത്യസ്തതയാർന്ന ചിത്രീകരണങ്ങൾ ഉണ്ടായിട്ടുണ്ട്. രണ്ടാംനൂറ്റാണ്ടിൽ രൂപകൽപന ചെയ്ത ലക്കി ഹാൻച്ബാക്ക് ഒരു ഉദാഹരണംമാത്രം. അന്നത്തെ ചിത്രീകരണങ്ങളിൽ പലതും സനാതന സൗന്ദര്യത്തിന്റ പാരഡിയായി ചിത്രീകരിക്കപ്പെട്ടവയായിരുന്നു. കൂനിന് നന്മയുടെ പരിവേഷമായിരുന്നു റോമാക്കാർ നൽകിയിരുന്നത്. ജീവചരിത്രകാരനായ ന്യൂട്ടോണിസിന്റെ ലൈഫ് ഓഫ് ഡോമിനേഷനിൽ രാജാക്കന്മാർ സ്വർണക്കൂനു സ്വപ്നം കണ്ടിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.(5)

അസാധാരണത്വം തുളുമ്പുന്ന ജനനേന്ദ്രിയം (Hyperphallicism) പ്രാചീന ഗ്രീക്ക്-റോമൻ കലകളിലെ മറ്റൊരു ചിത്രീകരണമാണ്. ടൊറന്റോമിസ്സിസാഗു യൂണിവേഴ്സിറ്റിയിലെ കലാചരിത്രവിഭാഗം അദ്ധ്യാപിക ലിസട്രെന്റിന്റെ നിരീക്ഷണത്തിൽ കൂന് ചിത്രീകരിക്കപ്പെട്ട മുപ്പതോളം കലാസൃഷ്ടികളിൽ ഹൈപെർഫലിസിസം തെളിഞ്ഞു കാണാം. രണ്ടാം നൂറ്റാണ്ടിലെ, കുളിക്കാൻ തയ്യാറായി നിൽക്കുന്ന കറുത്ത ആഫ്രിക്കക്കാരന്റെ മൊസൈക് ആർട്ട് ഉദാഹരണം. അസൂയ, കുശുമ്പ് പോലെയുള്ള വിരുദ്ധഭാവങ്ങളിൽ നിന്നും ഓരോരുത്തരെയും പരിരക്ഷിക്കുക എന്ന ലക്ഷ്യമാണ് ഇത്തരം ചിത്രീകരണങ്ങളിൽ പലതിനുമുള്ളത്. ചിത്രപ്രതലത്തിലെ പിശാചുക്കളുടെ കണ്ണുകൾക്ക് സമാനമായ കണ്ണുകളും കായിസി (KAICY) ഗ്രീക്ക്ലിപിയും ഈ ലക്ഷ്യം വിനിമയം ചെയ്യുന്നു. അതുകൊണ്ടുതന്നെ മൊസേക് ആർട്ടു

കളുടെ സ്ഥാനം പ്രവേശന കവാടമോ പുറംകവാടമോ ആയിരിക്കും. ഹെലനിസ്റ്റിക് ആർട്ടിൽ ഭിന്നശേഷിയെ ചിത്രീകരിച്ചിരിക്കുന്നത് കേവലം വിനോദോപാധിയായാണ്. ഫലിതരസാത്മകമായ ചിത്രീകരണങ്ങളിൽ സമത്വദർശനം കടന്നുവന്നിട്ടില്ല.

മധ്യയുഗത്തിൽ യൂറോപ്യൻ സംസ്കാരത്തിൽ ഭിന്നശേഷിയോടുള്ള സമൂഹത്തിന്റെ കാഴ്ചപ്പാടിൽ മാറ്റം വന്നു. ശരീരം ആത്മാവിന്റെ കൂടാരമാണെന്നും അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കണമെന്നുമുള്ള ക്രൈസ്തവികതയുടെ പഠിപ്പിക്കലുകൾ പ്രബലമായി. മധ്യയുഗത്തിന്റെ ഒരു ഘട്ടത്തിൽ ഭിന്നശേഷിയോട് അവ്യക്തത നിറഞ്ഞ മനോഭാവം പുലർത്തിയിരുന്നു. ഭിന്നശേഷി ദൈവശിക്ഷയുടെ ഫലമാണെന്ന മട്ടിലുള്ള വ്യാഖ്യാനങ്ങൾ അവ്യക്തത രൂപപ്പെടുത്തി. പൈശാചികതന്ത്രത്തിന്റെ (Deminology) പിൻബലത്തോടെ ക്ഷുദ്രപ്രയോഗങ്ങളിലൂടെ അവയെ കീഴടക്കാനുള്ള ശ്രമങ്ങളും നടന്നിരുന്നു. കാലക്രമത്തിൽ ഭിന്നശേഷിക്കാരോടുള്ള ക്രിസ്തുവിന്റെ സമീപനത്തിൽനിന്നും ഊർജ്ജം സംഭരിച്ച സന്യാസമഠങ്ങൾ അധിവാസ കേന്ദ്രങ്ങളും ആശുപത്രികളും രൂപപ്പെടുത്തി. മധ്യയുഗാവസാനം മാർട്ടിൻ ലൂഥറിന്റെ ചിന്ത പുതിയ വഴിത്തിരിവായി. ഭിന്നശേഷിക്കാർ സാധാരണക്കാരെപ്പോലെ അർത്ഥപൂർണ്ണമായ ജീവിതം കാഴ്ചവയ്ക്കേണ്ടവരാണെന്നും അതിന് വിദ്യകൊണ്ട് അവരെ പ്രബുദ്ധരാക്കേണ്ടതാണെന്നും ലൂഥർവെളിപ്പെടുത്തി.(6)

മധ്യയുഗത്തിലെ വ്യത്യസ്തതകൾ ചിത്രപ്രതലത്തെയും വ്യത്യസ്തമാക്കി. പത്താം നൂറ്റാണ്ടുമുതൽ പതിമൂന്നാം നൂറ്റാണ്ടിന്റെ അവസാനംവരെ താളിയോലകളിലും മിനിയേച്ചർ പെയിന്റിങ്ങുകളിലും സ്റ്റെയിൻഡ് ഗ്ലാസ്സുകളിലും അജ്ഞാത കലാകാരന്മാർ രൂപകൽപന ചെയ്ത ഭിന്നശേഷിയുടെ നിരവധി ചിത്രീകരണങ്ങൾ ലഭിച്ചിട്ടുണ്ട്. യഹൂദ-ക്രൈസ്തവ-ഇസ്ലാമിക കാഴ്ചക്കോണുകളിൽനിന്നു കൊണ്ടുള്ള പ്രതിപാദനങ്ങളായിരുന്നു ഇവയിൽ പലതും. തടിക്കഷ്ണങ്ങളുടെ സഹായത്തോടെ ജീവിതത്തെ ചലനാത്മകമാക്കുന്ന ഭിന്നശേഷിക്കാരന്റെ മിനിയേച്ചർ (1196 –1223 ) ഭിന്നശേഷിയുടെ പ്രയാണമാണ്.

ഹൈറോണി മുസ്ബോഷിന്റെ ചിത്രങ്ങൾ വ്യാഖ്യാന വിധേയ മാക്കുമ്പോൾ ഭിന്നശേഷിയോടുള്ള സമൂഹത്തിന്റെ അവ്യക്തത നിറഞ്ഞ മനോഭാവം വ്യക്തമാകും. മനുഷ്യശരീരത്തിന്റെ വിചിത്ര രൂപകല്പനയും (Grotesque shapes) രാക്ഷസഗണങ്ങളുടെ ഭയജനക മായ രൂപങ്ങളും (Repulsive shapes) പൈശാചിക അന്തരീക്ഷവും ചിത്രീകരിച്ചുകൊണ്ട് ബോഷ വെളിപ്പെടുത്തുന്നു-പാപത്തിന്റെയും ദൈവകോപത്തിന്റെയും ഫലമാണ് ഭിന്നശേഷി. 'ഷിപ് ഓഫ് ഫൂൾസും' പാർട്ട് ഓഫ് ദി ഗാർഡൻ വിത്ത് എർത്ത് ഡിലൈറ്റ്സും' സംവദിക്കുന്ന ആശയം ഇതാണ്.

ഇംഗ്ലണ്ടിൽ ലാറ്ററൽ സൽട്ടറുടെ സൃഷ്ടികൾ ഭിന്നശേഷിയുടെ വ്യത്യസ്ത തലങ്ങൾ അനാവരണം ചെയ്തു. പാപഫലമായി ഭിന്ന ശേഷിയെ വ്യാഖ്യാനിച്ചിരുന്നകാലയളവിൽ സമൂഹം ഭിന്നശേഷി ക്കാരെ മുഖ്യധാരയിൽനിന്നും അകറ്റിയിരുന്നു. വിപരീത സാഹചര്യ ങ്ങളിൽ ഭിന്നശേഷിക്കാരിൽ പലരും ഭിക്ഷാടനത്തിലൂടെ അതിനെ അതിജീവിച്ചതിന്റെ സാക്ഷ്യപത്രങ്ങളാണ് പീറ്റർ ബ്രൂഗൽ ദി എൽഡ റിന്റെ 'ദി ബഗേഴ്സ്' പോലുള്ള ചിത്രങ്ങൾ.

പീറ്റർ ബ്രൂഗലിന്റെ 'പാരബിൾ ഓഫ് ദി ബ്ലൈൻഡും' ശ്രദ്ധേയ മാണ്. കാഴ്ചയുടെ ലോകം അപ്രാപ്യമായ ഒരുവൻ മറ്റൊരുവനെ വഴിനടത്തുന്നു. പ്രതീക്ഷകൾ പരസ്പരം കൂട്ടിമുട്ടുന്നതിന്റെ സൂചന യാണ് ഈ ചിത്രം. ക്രിസ്തുവിന്റെ അത്ഭുത പ്രവൃത്തികളിലൂടെ ഭിന്നശേഷിക്കാർക്ക് കൈവന്ന സൗഖ്യം ഇവയെ ചിത്രകലയിലേക്കു ആലേഖനം ചെയ്യാൻ പ്രേരകമായി. 1570-ൽ എൽഗ്രിക്കോ വരച്ച 'ദി മിറക്കിൾ ഓഫ് ക്രൈസ്റ്റ് ഹീലിംഗ് ദി ബ്ലൈൻഡും' ഇറ്റലിയിലെ മോൺഡ്രിയൽ കത്തീഡ്രലിൽ കാണുന്ന ചിത്രപ്പണികളും ഈ ജനു സ്സിൽ പെട്ടവയാണ്.

ഇവിടെ ഭിന്നശേഷിയിൽ അതിജീവനത്തിന്റെ തലങ്ങൾകൂടി സമ്മാനിക്കപ്പെട്ടു. റംബ്രാൻ ഡ്വാൻറെനിന്റെ പീറ്റർ ആൻഡ് ജോൺ ഹീലിംഗ് ദി ക്രിപ്പിൽ അറ്റ് ദി ഗേറ്റ് ഓഫ് ദി ടെംപിളിൽ (1659) അതി ജീവനത്തിനുള്ള ഭിന്നശേഷിക്കാരന്റെ കത്തിരിപ്പ് പ്രകടമാണ്.

നവോത്ഥാന അനന്തര കാലയളവിൽ യൂറോപ്പ്യൻ സംസ്കൃതിയിൽ ഭിന്നശേഷിയെക്കുറിച്ചുള്ള ചിന്താഗതി മാറി. പഴയതിൽ നിന്ന് വ്യത്യസ്തമായി ഒരേ സമയം ഭിന്നശേഷിയെക്കുറിച്ചും ഭിന്നശേഷിക്കാരുടെ മാനസിക ഉണർവിനെക്കുറിച്ചും ചിന്തിച്ചു തുടങ്ങി. മതേതര അടിത്തറകളിലൂടെ ഭിന്നശേഷിക്കാരുടെ അടിസ്ഥാനാവശ്യങ്ങൾ സ്ഥാപനപരമായി നിറവേറ്റപ്പെടാനുള്ള മുന്നൊരുക്കങ്ങൾ സൃഷ്ടിക്കപ്പെട്ടു. തത്ഫലമായി പതിനെട്ടാം നൂറ്റാണ്ടിൽ ഫ്രഞ്ച് വിപ്ലവത്തെ തുടർന്ന് ഷിപ് ഓഫ് ഫൂൾസ് അപ്രത്യക്ഷമാകുകയും ടവർ ഓഫ് ഫൂൾസ് രൂപീകൃതമാകുകയും ചെയ്തു(7).

1824-ൽ ഫ്രാൻസിസ്കോഗോയ വരച്ച 'വീൽചെയർ ഉരുട്ടുന്ന ഭിക്ഷാടകനി'ലെത്തുമ്പോൾ ഭിന്നശേഷിക്കാരൻ വേർതിരിക്കപ്പെട്ടവനെങ്കിലും ലോകത്തിന്റെ ചലനാത്മകതയിൽ അവനും അർപ്പിക്കപ്പെട്ടിരിക്കുന്നു. ഗൊയയുടെ ശ്രവണശേഷി നഷ്ടപ്പെട്ടതിനുശേഷം വരച്ച ചിത്രമായതിനാൽ ചിത്രകാരന്റെ മനസ്സ് കഥാപാത്രത്തിലേക്ക് ആവാഹിക്കാനും ചിത്രത്തിനായി. ഫ്രഞ്ച് കാല്പനിക ചിത്രകാരനായ തിയോഡോർ ജെറീ കോൾട്ടിന്റെ 'പോർട്രൈറ്റ് ഓഫ്ദി ഇൻസൈൻ' (1822) എന്ന പത്തോളം ചിത്രങ്ങളുടെ ശൃംഖലയും പതിവ് രീതിയിൽ നിന്നുള്ള വ്യതിചലനമായിരുന്നു. ഭാവാത്മകത തുളുമ്പുന്ന ചേതനത്വം ഇവയുടെ പ്രത്യേകതയാണ്. ഇരുപതാം നൂറ്റാണ്ടിലെത്തുമ്പോഴേക്കും ഭിന്നശേഷിക്കാർക്ക് വേണ്ടി വിദ്യാഭ്യാസ-വിദ്യാഭ്യാസേതര പ്രവർത്തനങ്ങൾ സാർവത്രികമായി. ഭിന്നശേഷിക്കാരിൽ കലാത്മകത നിറച്ചു അവരുടെ വ്യക്തിത്വത്തിലും പങ്കാളിത്തത്തിലും സജീവത സമ്മാനിക്കാൻ ഇന്ന് 'ആർട്തെറാപ്പികൾ' വഴിയൊരുക്കുന്നു. യുനെസ്കോയുടെ നേതൃത്വത്തിൽ രൂപീകൃതമായ ഇന്റർനാഷണൽ സൊസൈറ്റി ഫോർ എഡ്യൂക്കേഷൻ ത്രൂ ആർട്ടിന്റെയും കാതലായ ലക്ഷ്യം ഭിന്നശേഷിക്കാരുടെ അസ്തിത്വം എല്ലാ മേഖലകളിലും വികസിപ്പിച്ചെടുക്കുകയാണ്. ഫൈനാർട്സ് എഡ്യൂക്കേഷൻ ഔട്ട് സൈഡർ ആർട്, ഡിസെബിലിറ്റി ആർട്ട് തുടങ്ങി നൂതനതകളിലൂടെ ചിത്ര-ശില്പ കലാലോകം ഭിന്നശേഷിയെ പരിണാമത്തിന്റെ പരകോടിയിലേക്ക് കൈപിടിച്ച് ഉയർത്തിക്കൊണ്ടിരിക്കുന്നു.

**ഭിന്നശേഷിയുടെപ്രദർശനപരത (Freakshows)**

ചിത്ര-ശില്പപ്രതലങ്ങളിലേക്ക് വ്യത്യസ്ത കാഴ്ചക്കോണുകളിൽ പ്രേക്ഷകരിൽ വ്യഗ്രത ജനിപ്പിക്കത്തക്ക വിധം അസാധാരണത്വത്തോടെ ആവിഷ്കരിക്കപ്പെടുന്നിടത്താണ് ഭിന്നശേഷിയുടെ പ്രദർശനപരത വെളിവാകുന്നത്. സോദ്ദേശ്യത്തോടുകൂടിയ വൈയക്തികതയുടെ പ്രകടനമാണിത്. (8) ഭിന്നശേഷിക്കുമേൽ സാമൂഹിക-സാംസ്കാരിക ഇടങ്ങൾ തീർക്കുന്ന മുൻവിധികൾക്കുനേരെ പൊതു ഇടങ്ങളിൽ നിന്നുകൊണ്ട് വൈയക്തിക ഇടപെടലുകൾ സൃഷ്ടിക്കുവാനുള്ള മുന്നൊരുക്കമായി ഇത് വായിക്കപ്പെടാം. പൊതുഇടങ്ങളിൽ പ്രതിഷ്ഠിക്കപ്പെടാനുള്ള ത്വരയാണ് ഇതിന് പിന്നിലുള്ളത്.

1840 മുതൽ അമ്യൂസ്മെന്റ് പാർക്കുകളിലും സർക്കസ് കൂടാരങ്ങളിലും ഭിന്നശേഷിക്കാരുടെ കലാത്മകത പ്രദർശനവസ്തുവാക്കി മാറ്റി ലാഭം കൊയ്യുന്ന സാമൂഹിക ഇടപെടൽ ശക്തമായിരുന്നു. ചിത്ര-ശില്പങ്ങളിലെ ഭിന്നശേഷിയുടെ പ്രദർശനപരത ലക്ഷ്യമിടുന്നത് മുൻവിധികളെ തിരസ്കരിച്ചുകൊണ്ട് ആത്മധൈര്യത്തോടുകൂടിയ വൈയക്തിക മുന്നേറ്റമാണ്. ജീവിതത്തിൽ അനുഭവിക്കേണ്ടിവന്ന വന്യമായ ഏകാന്തത നിമിത്തം മാനസിക വെല്ലുവിളി നേരിടേണ്ടി വന്ന വിൻസെന്റ് വില്യം വാൻഗോഗ് (1853 -1890) ആത്മഛായാ ചിത്രങ്ങളിലൂടെ ഈ ലക്ഷ്യം സാധ്യമാക്കി. മാനസികസമ്മർദ്ദം ശക്തമായ കാലയളവിൽ സ്വന്തം ചെവി ഛേദിച്ചു കളഞ്ഞ വാൻഗോഗ് തുടർന്നുള്ള കാലയളവിൽ തന്റെ വിചിത്രരൂപം (Self Portrait with Bandaged Ear. 1889) Fig.10 ചിത്ര പ്രതലത്തിലേക്കു പകർത്തി പൊതു ഇടങ്ങളിൽ പ്രതിഷ്ഠിച്ചത് ആത്മധൈര്യത്തോടു കൂടിയ വീണ്ടെടുപ്പിന്റെ ഭാഗമായിട്ടായിരുന്നു.

1590-ൽ ഹൈപ്പർ ട്രൈക്കോസിസ് (സാധാരണമായ രോമ വളർച്ച) അഭിമുഖീകരിക്കേണ്ടി വന്ന പെഡ്രോയും മകൾ അന്റോണിയോ ഗോൺസാലസും ഇറ്റാലിയൻ ചിത്രകാരന് മുന്നിൽ ഛായാചിത്ര രചനയ്ക്ക് സ്വയം പ്രതിഷ്ഠിക്കപ്പെട്ടപ്പോൾ ഭിന്നശേഷിയുടെ പ്രദർശനപരത കണ്ടുതുടങ്ങി (Antoinetta GonzalesþLavinia Fontana,1656).

1645-ൽ വേലാസ്കസ് വരച്ച സെബാസ്റ്റ്യൻമോറയുടെ ഛായാചിത്രവും ഉദാഹരിക്കാം. സാമൂഹിക-സാംസ്കാരിക പൊതുഇടങ്ങൾക്കു മേലുള്ള വീണ്ടെടുപ്പായിരുന്നു ഇത്തരം പ്രതിഷ്ഠാപനങ്ങളുടെ ഗൂഢലക്ഷ്യം.മാർക്ക്കിൻ രൂപകൽപനചെയ്ത ഇംഗ്ലണ്ടിലെ കലാകാരി എലിസൺലാപ്പറുടെ മാർബിൾ ശിൽപം (2005 -2007)ഭിന്നശേഷിയുടെ പ്രദർശനപരതയിൽ അഭിമാനാർഹമാണ്. 2012-ലെ പാരാലിംഫിക്സ് ഓപ്പണിങ് സെറിമണിയ്ക്കായി ഇംഗ്ലണ്ടിലെ ട്രാഫൽഗർ സ്ക്വയറിൽ പ്രദർശിപ്പിക്കപ്പെട്ട ശിൽപം രൂപകൽപന ചെയ്ത കാലയളവിൽ ലാപ്പർ ഗർഭിണിയായിരുന്നു. അതുകൊണ്ട് ഒരേ പ്രതലത്തിൽ മാതൃ-സ്ത്രീ- ഭിന്നശേഷി തലങ്ങൾ പ്രതിഷ്ഠിക്കപ്പെട്ടു. ഓരോ വ്യക്തിയും ജീവിത പ്രതിസന്ധികളിൽ അവരവരുടെ തലങ്ങളിൽ നിന്നുകൊണ്ട് അതി ജീവിക്കുമെന്ന ബോധ്യമാണ് നായകത്വത്തിലേക്കുള്ള വേറിട്ട വഴിയെന്ന് സ്വയം സംബോധന ചെയ്ത ഈ ശിൽപം. ജന്മനാ കൈകൾ ഇല്ലാത്ത, കാലുകൾക്ക് ശോഷണം സംഭവിച്ച എലിസൺലാപ്പർ തന്റെ ശിൽപം രൂപകൽപന ചെയ്യാൻ സമ്മതിച്ചപ്പോൾ ഭിന്നശേഷിക്ക് ആത്മബലം പകരുകയാണ് ചെയ്തത്. ഭിന്നശേഷിയോടുള്ള സമൂഹ ത്തിന്റെ കാഴ്ചപ്പാടിൽ സമത്വത്തിന്റെ അന്തരീക്ഷം രൂപീകൃത മാകുവാൻ പ്രതിഷ്ഠാപനങ്ങൾ വഴിയൊരുക്കുന്നു. ഇന്ന് സോഷ്യൽ മീഡിയകൾ ഉൾപ്പെടെയുള്ള സാമൂഹിക ഇടങ്ങളിൽ ഭിന്നശേഷി ക്കാരുടെ ചിത്ര-ശില്പപ്രദർശനങ്ങൾ പങ്കുവയ്ക്കുന്ന കേന്ദ്രാശയവും ഇതുതന്നെ.

**അമൂർത്തതയുടെ അപനിർമ്മിതി**

മാനവികത്വത്തിന്റെ അമൂർത്തത നിറഞ്ഞ അപനിർമ്മിതിയുടെ പ്രതിപാദനം സമകാലിക ചിത്ര-ശില്പങ്ങളിൽ ഭിന്നശേഷിക്ക് വേറിട്ട മാനം നൽകി. ഭൗതികമായി അവതരിപ്പിക്കപ്പെടാൻ കഴിയാത്ത വസ്തു തകളുടെ/പ്രതിഭാസങ്ങളുടെ അവതരണമാണ് അമൂർത്തത. ഗാഢമായ ചിന്തകളും അന്ധമായ മുന്നറിവുകളും ഇവ പ്രതിഫലിപ്പിക്കുന്നു. ആത്യന്തിക സത്യം വെളിപ്പെടുന്നിടത്താണ് അമൂർത്തയുടെ പൂർണ്ണത. മാനവികതാവാദത്തിൽ ശരീരവും മനസ്സും വേറിട്ടതാണ്. മനസ്സിനെ

ശരീരം വഹിക്കുകയാണ്. വിവര സാങ്കേതികതയുടെ കടന്നുകയറ്റത്തി ലൂടെയും ശാസ്ത്രീയ കണ്ടെത്തലുകളിലൂടെയും വെല്ലുവിളി നേരിടുന്ന മനുഷ്യശരീരത്തെ പൂർണ്ണമായി പകരം വയ്ക്കാൻ കഴിഞ്ഞിട്ടില്ല. ഈ ആത്യന്തിക സത്യത്തിന്റെ ആവിഷ്കാരമാണ് അമൂർത്തതയിലൂടെ യുള്ള ഭിന്നശേഷിയുടെ ചിത്രശില്പ പ്രതിപാദനം.

ദാരാഹെർമൻ സെർലൈന്റെ 'മെനി ഹാൻഡ്സ് ഓഫ് ദി ഫെയ്ത്' ഭിന്നശേഷിയെ അമൂർത്തവത്കരിക്കുന്നു. ഒരു സാധാരണ പൗരൻ ചുറ്റുവട്ടങ്ങളിലൂടെ തടസ്സങ്ങളെ ബദ്ധപ്പെട്ടു അതിജീവിക്കാൻ ശ്രമിക്കുമ്പോൾ ഭിന്നശേഷിക്കാരന് അതിജീവനം ദുസ്സഹമാണ്. ആത്മധൈര്യവും ആത്മവിശ്വാസവുംകൊണ്ട് അതിജീവിച്ചു മുന്നേറാൻ ആഹ്വാനം ചെയ്യുന്ന ചിത്രമാണിത്. ചിത്രത്തിലെ നിരവധി കണ്ണുകളും കൈകളും അതിജീവനത്തിലേക്കാണ് തുറക്കപ്പെടുന്നത്. രണ്ട് കൈയും രണ്ട് കണ്ണും കൊണ്ട് അതിജീവനം അപ്രാപ്യമാകുന്ന കാലിക സാഹ ചര്യത്തിൽ നിരവധിയുടെ ആവശ്യകത കൂടി ചിത്രം ഓർമ്മപ്പെടു ത്തുന്നു. ജോസിലറോയുടെ അതാകാം, ആവണം എന്ന ചിത്രവും ഭിന്നശേഷിയുടെ അമൂർത്താവിഷ്കാരമാണ്. ശാരീരീക-മാനസിക വൈകാരിക ഭിന്നതകൾ ഉളവാക്കുന്ന പ്രതിബന്ധങ്ങളുടെയും വൈഷമ്യങ്ങളുടെയും പ്രതീകാവിഷ്കാരമാണിത്. അമൂർത്തതയിൽ നിറവും ബിംബവും പകർന്നു നൽകുന്ന അറിവും ബിംബം സൂചി പ്പിക്കുന്ന വസ്തുതകളിലൂടെ ലഭിക്കുന്ന അറിവും സൂചകങ്ങളുടെ മൂല്യത്തെക്കുറിച്ചുള്ള അറിവും പ്രധാനമാണ്. ഇവയുടെ സംയോ ജനമാണ് ഓരോ അമൂർത്തസൃഷ്ടിയും. ഭിന്നശേഷിയുടെ അമൂർത്ത പ്രതിപാദനം അതിജീവനമെന്ന മൗലികമായ അറിവ് സംവേദനം ചെയ്യുന്നു. ആത്മവിശ്വാസവും ആത്മധൈര്യവും സമീപനമനോഭാവ ങ്ങളും ചിത്രപ്രതലത്തിൽ പ്രതീകങ്ങളായി നിറയുന്നു. അമൂർത്ത ശില്പങ്ങൾ അപനിർമ്മിക്കലിലൂടെ അതിജീവനം വിളംബരം ചെയ്യു ന്നു. ചിത്ര-ശില്പങ്ങളിലൂടെയുള്ള ഭിന്നശേഷിയുടെ ദൃശ്യപ്രതി പാദനം നൂറ്റാണ്ടുകളുടെ സമീപന മനോഭാവങ്ങളുടെ പ്രതിഫലനമാണ്.

ചുരുക്കത്തിൽ, പ്രാചീനഗ്രീക്ക്-റോമൻ കലകളിൽ ഭിന്നശേ ഷിയുടെ ചിത്രീകരണം സനാതന സൗന്ദര്യ സങ്കല്പങ്ങൾക്കെതി

രെയുള്ള പാരഡികളായിരുന്നു. അതിജീവനത്തിന്റെ തലങ്ങൾ പ്രകടമായിരുന്നില്ല. മധ്യയുഗത്തിൽ ഭിന്നശേഷിയോടുള്ള സമീപനത്തിൽ അതിജീവനത്തിന്റെ തലങ്ങൾ കണ്ടുതുടങ്ങി. അവ്യക്തത നിറഞ്ഞ മനോഭാവത്തെ തുടച്ചുനീക്കാൻ അതിജീവനത്തിന്റെ ചലനങ്ങൾക്കു കഴിഞ്ഞു. നവോത്ഥാനാനന്തരചിത്ര-ശില്പങ്ങൾ വൈകാരിക മുന്നേറ്റത്തിലൂടെ അതിജീവനവും സമത്വദർശനവും സാധ്യമാക്കി. ആധുനികചിത്ര-ശില്പ കലാലോകം ഭിന്നശേഷിയുടെ വ്യക്തിത്വവ്യാപനവും സജീവപങ്കാളിത്തവും ഉറപ്പുവരുത്തി അതിജീവനത്തിന്റെ വ്യത്യസ്ത വഴികൾ തുറന്നുകാട്ടി. ഭിന്നശേഷിയുടെ പ്രദർശനപരതയും അമൂർത്തതയുടെ അപനിർമ്മിതിയും അതിജീവനത്തിന്റെ പുതിയ ഇടങ്ങളാണ്. ഭിന്നശേഷിയുടെ പ്രദർശനപരത പൊതുഇടങ്ങൾ തീർക്കുന്ന മുൻവിധികൾക്കു നേരെ പൊതുഇടങ്ങളിലെ പ്രതിഷ്ഠാപനങ്ങളിലൂടെ വൈയക്തിക ഇടങ്ങൾ തീർക്കുന്ന അതിജീവനതന്ത്രമാണ്. അമൂർത്തതയുടെ അപനിർമ്മിതി ശാരീരികമായി പകരം വയ്ക്കാൻ കഴിയാത്ത അംശങ്ങൾക്കുനേരെ പ്രതീകങ്ങളിലൂടെയുള്ള മാനസികമായ അതിജീവനമാണ്. ചിത്ര-ശില്പങ്ങളിലൂടെ സ്ഥലകാലങ്ങൾ തീർക്കുന്ന അതിജീവനമാണ് ഭിന്നശേഷിയുടെ മുഖമുദ്ര.

*അടിക്കുറിപ്പുകൾ*


1. World Report on Disability:Chapter 1, *Understanding Disability,* page.6
2. https://www.who.int>chapter 1 Ibid: Page.8
3. Pavel Sochor, " Disability And Art creation" Masaryk University, Brno, 2014, Page.12
4. Keri Watson (author), Jon Mann (Editor): *Disability in Art History Art History Teaching Resourses*, Page.6
5. Sara E Boud : The Depiction of the Hunchback in Greek and Roman Art.https://www.forbes.com/2018/01/26

6. Pavel Sochor, " Disability And Art creation" ,Page.15
7. Ibid: Page -.6
8. Keri Watson (author) ,Jon Mann (Editor): *Disability in Art History*, Page.10

*സഹായകഗ്രന്ഥങ്ങൾ*


1. Sochor Pavel, *Disability And Art creation,* Masaryk University, Brno, 2014
2. Watson Keri (author), Mann Jon (Editor): *Disability in Art History Art Hitory,* Teaching Resourses.
3. Art.https://www.forbes.com/2018/01/26 : The Depiction of the Hunchback in Greek and Roman Art.
4. https://www.who.int>chapter1:World Report on Disability,Chapter 1.Understanding Disability,page.6
5. മറ്റപ്പള്ളിൽ ജുബിൻ: *അനശ്വരശിൽപികൾ, ചിത്രകാരന്മാർ,* നാഷണൽ ബുക്ക് സ്റ്റാൾ, സാഹിത്യ പ്രവർത്തക സഹകരണ സംഘം -കോട്ടയം 2010 ഡിസംബർ

# മലയാളസിനിമകളിലെ മൂകകഥാപാത്രങ്ങൾ - ഒരു താരതമ്യപഠനം

**മുഹമ്മദ് ഫവാസ് പി. എം.**

**(എം.എസ് സി. സൈക്കോളജി, കേരള യൂണിവേഴ്സിറ്റി)**

ഭിന്നശേഷി എന്ന പദം വളരെ അർത്ഥവ്യാപ്തി ഉള്ളതും ശാരീരിക, മാനസിക, സാമ്പത്തിക, സാമൂഹിക തലങ്ങളെ ഉൾ കൊള്ളുന്നതും ഇന്ന് സമൂഹത്തിൽ ശാരീരിക പരിമിതികളിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നുമാണ്. ഹാനികൾ, പ്രവർത്തനപരിമിതികൾ, പങ്കാളിത്തനിയന്ത്രണങ്ങൾ എന്നിവയെ സൂചിപ്പിക്കുന്ന ഒരു സമൂഹ നാമമാണ് വൈകല്യം (ഭിന്നശേഷി) എന്നാണ് ലോക ആരോഗ്യ സംഘടന ഭിന്നശേഷിയെ നിർവ്വചിക്കുന്നത് . ഭിന്നശേഷി പഠനങ്ങൾ അടുത്തകാലത്തു ഉയർന്നുവന്ന അക്കാദമിക അന്വേഷണങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്. സാമൂഹികവും സാംസ്കാരികവും ആയ മനോഭാവങ്ങളുടെ കൂടി പ്രതിഫലനമാണ് ഭിന്നശേഷി എന്ന വസ്തുത സമൂഹം പലപ്പോഴും സൗകര്യപൂർവ്വം വിസ്മരിക്കുന്നു. അരികുവത്കരി ക്കപ്പെട്ടവരുടെ കാര്യകാരണങ്ങൾ തികച്ചും വ്യത്യസ്തമാണ്.

ശാരീരിക മാനസികശേഷിയുടെ പേരിൽ സമൂഹം മാറ്റിനിർത്തു ന്നവർ അനുഭവിക്കുന്ന സാമ്പത്തിക സാമൂഹിക പിരിമുറുക്കങ്ങളും ഒറ്റപ്പെടലും താരതമ്യപ്പെടുത്താനാവാത്ത വിധം സങ്കീർണ്ണമാണ്. ഭിന്നശേഷിക്കാരുടെ അതിജീവനവും സമൂഹത്തിന്റെ മനോഭാവവും

പോലെത്തന്നെ സമൂഹത്തിൽനിന്ന് ഉരിത്തിരിഞ്ഞുവരുന്ന ഭാഷയിലും, അഭിസംബോധനകളിലും, സാഹിത്യങ്ങളിലും മറ്റു ദൃശ്യ പ്രതിനിധാനങ്ങളിലും ഭിന്നശേഷിയെ വരച്ചിടുന്ന രീതിയിൽത്തന്നെയുള്ള അസമത്വവും ചരിത്രഅന്വേഷകർക്കു വളരെപ്പെട്ടെന്ന് വ്യക്തമാകുന്നതാണ്. കലകൾ സമൂഹത്തിന്റെയും ആ കാലഘട്ടത്തിന്റെയും പ്രതിഫലനം എന്നിരിക്കെ ഇവയെ സമൂഹത്തിന്റെ തന്നെ നിലപാടുകളായി നമുക്ക് കാണാം. കല കാലത്തെ അതിജീവിക്കുകയും കാലഘട്ടങ്ങളോട് അതിന്റെ കാലത്തെകുറിച്ച് സംവദിക്കുകയും ചെയ്യും. ജന്മനാ കുടുംബത്തിൽനിന്ന് തുടങ്ങുന്ന ചെറിയ വേർതിരിവുകൾ അവരോടൊപ്പം വളരുകയും അത് അവരെ മാനസികവും സാമൂഹികവുമായി ഒറ്റപ്പെടുത്തുകയും അരികുവത്കരിക്കുകയും ചെയ്യുന്നതും ഒരു കല എന്ന നിലയിൽ മലയാള സിനിമ പലതലങ്ങളിൽ നിന്ന് നോക്കികാണുന്നു. ഇവിടെ ശാരീരികമായ പ്രത്യേകതകളാൽ സമൂഹത്തിൽ അപരവത്കരിക്കപ്പെട്ടവരുടെ സാമൂഹിക സാംസ്കാരികതലങ്ങളെ മലയാളസിനിമയുടെ പശ്ചാത്തലത്തിൽ വിശകലനം ചെയ്യുകയും അതിലൂടെ സാമൂഹികതലത്തിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റങ്ങളെയും, സാമൂഹിക കാഴ്ചപാടുകളെയും വ്യക്തിയുടെ ശേഷിയെകുറിച്ചുള്ള പൊതുധാരണകളെയും അവയുടെ സാമൂഹിക ചട്ടക്കൂടിനെയും ഘടനയെയും ഇവിടെ ചർച്ചയ്ക്ക് വിധേയമാക്കുന്നു.

**മലയാള സിനിമയും മൂക കഥാപാത്രങ്ങളും**

ചലച്ചിത്രങ്ങൾ അവ നിർമ്മിക്കപ്പെടുന്ന സമൂഹങ്ങളുടെ സാംസ്കാരിക പ്രതിഫലനമാണ്. അതുപോലെത്തന്നെ അവ തിരിച്ചു സമൂഹത്തിൽ ചെലുത്തുന്ന സ്വാധീനം വളരെ വിശാലമായതും വളരെ പെട്ടെന്ന് പടർന്നു പന്തലിക്കുന്നതുമാണ്. ചലച്ചിത്രങ്ങൾ പ്രധാനപ്പെട്ട ഒരു കലാരൂപമാണ് ജനപ്രിയ വിനോദ ഉപാധിയായും വിദ്യാഭ്യാസ ആവശ്യങ്ങൾക്കും ആശയങ്ങളുടെയും ആദർശങ്ങളുടെയും വ്യാപനത്തിനും ഇവ ഉപയോഗിക്കുന്നു. ചലച്ചിത്രങ്ങളുടെ ദൃശ്യഭാഷ അവയ്ക്കു ഒരു സർവ്വലോക വിനിമയശക്തി നൽകുന്നു. മലയാള സിനിമ അതിന്റെ ആരംഭഘട്ടം മുതൽ തന്നെ വ്യത്യസ്തരീതിയിൽ

കഥകളെ ആഖ്യാനിക്കുകയും ചിത്രീകരിക്കുകയും ചെയ്തിരുന്നു, തുടർന്ന് അന്താരാഷ്ട്രവേദികളിൽ നിറസാന്നിധ്യമായി വളരുകയും ചെയ്തു. അരികുവത്കരിക്കപ്പെട്ടവരെയും പാർശ്വവത്കരിക്കപ്പെട്ട വരെയും അവർ സാമൂഹിക സാമ്പത്തിക രാഷ്ട്രീയതലങ്ങളിൽ അനു ഭവിക്കുന്ന അരക്ഷിതാവാസസ്ഥയെയും തിരശ്ശീലയിൽകണ്ടു. പ്രണ യവും സൗഹൃദവും കുടുംബകഥകളും തമാശകളും പങ്കുവെക്കു ന്നതിനോടൊപ്പം വൈകല്യങ്ങളിൽ നിസ്സാഹായരായിത്തീരുന്ന വരെയും സാമൂഹിക ചട്ടക്കൂടുകൾ പൊളിച്ചെഴുതാനാവാതെ ശ്വാസം മുട്ടി ഉഴലുന്നവരെയും പല കാലഘട്ടങ്ങളിലായി മലയാളസിനിമ പ്രതിപാദിക്കുന്നതായി കാണാം. മലയാളസിനിമ ഭിന്നശേഷിയെ നീതിപൂർവ്വമായി സമീപിക്കുകയും ചില ഘട്ടങ്ങളിൽ ആസ്വാദനത്തിൽ ഒതുക്കിത്തീർക്കുകയും ചെയ്യുന്നു. മലയാളസിനിമ, കല എന്ന നിലയിൽ കാലഘട്ടത്തോട് നീതിപുലർത്തിയും കാലങ്ങൾക്കപ്പുറം അതിജീവനത്തിന്റെ കഥകളെ എത്തിച്ചും ഒപ്പം മാനവികതയെയും പ്രബുദ്ധതയെയും ഒപ്പംകൂട്ടിയും സമൂഹത്തെ തുറന്നെഴുതിയും മാറ്റങ്ങളെ സഹിഷ്ണുതയോടെ നോക്കിക്കണ്ടും നിലനിൽക്കുകയും മുന്നോട്ട് പോകുകയും ചെയ്യുന്നു.

ഭിന്നശേഷിയെ മലയാളസിനിമ പലവിധത്തിൽ നോക്കിക്കാണു കയും അവയുടെ പുരോഗമനം അർത്ഥവത്തായി ചിത്രീകരിക്കുകയും ചെയ്യുന്നു. പല സമയങ്ങളിലും ഭിന്നശേഷിയെ തമാശയുടെ രൂപഭാവം നൽകി അവതരിപ്പിക്കുകയും അർഹമായ സ്ഥാനം നൽകാതെ അവഹേളിച്ചു വിടുന്നതായും കാണാം. ഇത് സാമൂഹിക തലത്തിൽ ഒരു തമാശയാക്കി നമ്മൾ ഒഴിച്ചു വിടുമ്പോൾ ഭിന്നശേഷിക്കാരനെ സമൂഹം വീണ്ടും ഉൾവലിയാൻ പ്രേരിപ്പിക്കുകയും ആത്മവിശ്വാസത്തെ ഹനിക്കുകയും ചെയ്യുന്നു. മലയാളസിനിമകളിൽ ഇത്തരം കഥാ പാത്രങ്ങളെ ധാരാളം കാണാം.പല വേളകളിലും ഈ പരിഹാസം ഏറ്റുവാങ്ങാൻ വേണ്ടിമാത്രം വന്നവരായി ആ കഥാപാത്രങ്ങൾ മാറാ റുണ്ട്. ഇത്തരത്തിൽ സമൂഹത്തിൽ നിലനിന്നിരുന്ന അരികുവത്കരണം കാരണം ഇത്തരത്തിലുള്ള കഥാപാത്രങ്ങളെ മുൻനിരയിൽ എത്തി ക്കാൻ സിനിമാലോകം ബോധപൂർവ്വം ശ്രമിച്ചില്ല. എന്നാൽ 2000-ന്റെ ആരംഭംതൊട്ട് ഈ രീതിയിൽ മാറ്റം വരുന്നതായി കാണാം.

1999-ൽ പുറത്തിറങ്ങിയ 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും' എന്ന സിനിമ ശാരീരിക മാനസികവൈകല്യങ്ങളെ വരച്ചിടുകയും അവരുടെ അതിജീവനവും സമൂഹത്തിന്റെ ചൂഷണവും തുറന്നു കാണിക്കുകയും ചെയ്യുന്നു; അതുപോലെ ശശിശങ്കർ സംവിധാനം ചെയ്ത 'കുഞ്ഞിക്കൂനൻ' (2002), വിനയൻ സംവിധാനം ചെയ്ത് 'ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ' (2002), 'മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും'(2003), 'അത്ഭുതദ്വീപ്' (2005) എന്നീ ചിത്രങ്ങളും അൻവർ റഷീദ് ചിത്രം 'അണ്ണൻ തമ്പി' (2008), വി.കെ. പ്രകാശ് ചിത്രം 'ബ്യൂട്ടിഫുൾ' (2011), രഞ്ജിത് ശങ്കർ ചിത്രം 'സു സു സുധി വാത്മീകം'(2015) 2019-ൽ പുറത്തിറങ്ങിയ മധു സി നാരായണൻ ചിത്രം 'കുമ്പളങ്ങി നൈറ്റ്സ്' എന്നീ ചിത്രങ്ങൾ ഭിന്നശേഷിയെ വ്യത്യസ്ത രീതിയിൽ പ്രതിപാദിക്കുന്നവയിൽ പ്രാധാന്യമർഹിക്കുന്നവയാണ്. ഓരോ ചിത്രങ്ങളും സമൂഹത്തെ ചിന്തിപ്പിച്ചും ജീവിതങ്ങളെ വരച്ചുകാണിച്ചും പ്രേക്ഷകപ്രീതി പിടിച്ചുപറ്റിയും കടന്നുപോയവയാണ്.

സംവിധായകൻ വിനയൻ വളരെ ക്രിയാത്മാകമായി ഭിന്നശേഷിയെ കൈകാര്യം ചെയ്യുന്നതായി കാണാം. അദ്ദേഹത്തിന്റെ മികവുറ്റ കഥാപാത്രസൃഷ്ടിയും അതിനോടുള്ള നീതിയുക്തമായ ഇടപെടലുകളും പ്രേത്യേക ചർച്ച അർഹിക്കുന്ന ഒന്നാണ്, അദ്ദേഹത്തിന്റെ കഥാപാത്രങ്ങൾ കാലങ്ങളെ അതിജയിക്കുന്നത് മറ്റുള്ളവരിൽനിന്നും വ്യത്യസ്തമായാണ്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടുകളും സമൂഹത്തിന്റെ വിലയിരുത്തലുകളും ഗ്രാമീണ ഭംഗിയും ക്രിയാത്മക സൃഷ്ടിയുമായി മുന്നോട്ട് പോകുന്നു.

ഒരു വ്യക്തിയിൽ ഉണ്ടാകുന്ന ചലനങ്ങളെയും വ്യക്തിയുടെ സാമൂഹിക സാംസ്കാരിക സാമ്പത്തിക സാഹിത്യതലങ്ങളെയും സിനിമകൾ പലവിധത്തിലാണ് നോക്കിക്കാണുന്നത്. ശാരീരിക-മാനസിക ക്ഷമതയുടെ പേരിൽ അരികുവത്കരിക്കപ്പെട്ടുപോയ പ്രതിനിധികൾ മലയാളസിനിമയിൽ വന്നുപോയിട്ടുണ്ട്. അന്ധത, ബുദ്ധിവൈകല്യം, ശാരീരികമായ മറ്റുവൈകല്യങ്ങൾ, ലൈംഗികത

തുടങ്ങിയ ഒട്ടനവധി വിഷയങ്ങൾ പരിഹാസരൂപത്തിലും ക്രിയാത്മ കമായ ഇടപെടലുകൾ നടത്തിയും ചർച്ച ചെയ്യുന്നതായിട്ട് ധാരാളം കാണാം. എന്നാൽ, സിനിമ എന്നത് ഒരു ശബ്ദമാധ്യമം ആക യാൽ ഊമയുടെ കഥ പറയാൻ മടികാണിക്കുന്നതായി കാണാം, അവർ സമൂഹത്തിൽ എന്നപോലെ സിനിമയിലും വെളിപ്പെടുത്തലു കളില്ലാതെ പ്രതിബിംബമായും മൂകസൂര്യനായും നിലകൊള്ളുന്നു. 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും', 'ഊമപ്പെണ്ണിന് ഉരിയാടാ പയ്യൻ', 'അണ്ണൻതമ്പി', 'കുമ്പളങ്ങി നൈറ്റ്സ്' എന്നീ ചിത്രങ്ങൾ ഭാഗികമായി മൂക കഥാപാത്രങ്ങൾക്ക് ഇടം കൊടുക്കുന്നതായി കാണാം. ഇതിൽ തന്നെ അവരുടെ പ്രശ്നങ്ങളിലൂടെ പുരോഗമിക്കുന്ന ചിത്ര ങ്ങൾ ഇല്ലതാനും. വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും', 'ഊമപ്പെണ്ണിന് ഊരിയാടാപ്പയ്യൻ' എന്നീ വിനയൻ ചിത്രങ്ങൾ മൂക കഥാപാത്രത്തിനപ്പുറത്ത് മറ്റു പ്രമേയങ്ങളിലൂടെയാണ് പോകുന്നത്. ഒന്നിൽ സഹോദരസ്നേഹവും സാമ്പത്തിക ബുദ്ധിമുട്ടുകളും കാണി ക്കുമ്പോൾ മറ്റേതിൽ പ്രണയവും സാമ്പത്തിക അസന്തുലിതാ വസ്ഥയും ഒക്കെ ചർച്ചാവിഷയമാകുന്നു. അൻവർ റഷീദ് ചിത്രം *അണ്ണൻ തമ്പി*യും മധു സി. നാരായണൻ ചിത്രം *കുമ്പളങ്ങി നൈറ്റ്സും* മൂക കഥാപാത്രങ്ങൾക്ക് പ്രാധാന്യം നൽകുന്നു.

**അണ്ണൻ തമ്പി**

2008-ൽ പുറത്തിറങ്ങിയ അൻവർ റഷീദ് ചിത്രം അണ്ണൻ തമ്പി, മമ്മൂട്ടി എന്ന സൂപ്പർ സ്റ്റാർ സിനിമക്ക് അപ്പുറം അപ്പു, അച്ചു എന്നെ കഥാപാത്രങ്ങളുടെ കഥയായി വികസിക്കുന്നു. സമൂഹം ഒരാളെ ഭിന്നശേഷിക്കാരനാക്കിത്തീർക്കുന്നതും, മറ്റേയാൾ തന്റെ വൈകല്യം കാരണം നിസ്സഹായനായി നോക്കിനിൽക്കേണ്ടി വരുന്നതും സിനിമ വരച്ചുകാണിക്കുന്നു. നാടക ട്രൂപ്പും കുടുംബവും സുഹൃത്തുക്കളും ഒക്കെ ഉൾപ്പെടുന്ന സമൂഹത്തിൽ ഭിന്നശേഷിക്കാരന്റെ അനുഭവങ്ങൾ വളരെ ലളിതവും സരസവുമായി സിനിമ വിവരിക്കുന്നു. സിനിമ തുടങ്ങുന്നത് അപ്പുവിന്റെയും അച്ചുവിന്റെയും കുട്ടിക്കാലത്തിൽ നിന്നാണ്. കുട്ടികളുടെ കളിയും ചിരിയും വീറും വാശിയും ഒക്കെ

ഒപ്പിയെടുത്തു തുടങ്ങുന്ന സിനിമ നാട്ടിൽ എത്തുന്ന അപരിചിതനിൽ നിന്നാണ് സിനിമാറ്റിക് ആകുന്നത്.

അച്ചുവെന്ന കഥാപാത്രത്തോട് വഴി ചോദിക്കുന്ന കഥാപാത്രം നീ ഊമയാണോ? എന്ന് ചോദിക്കുമ്പോൾ അതിൽ ദേഷ്യം വന്ന അവൻ ചാണകം വാരി എറിയുന്നു. പൊട്ടനാണെന്ന് ചേട്ടൻ അറിഞ്ഞില്ല, സോറി എന്ന് പ്രത്യേകിച്ച് ഒരു ദുരുദ്ദേശവും ഇല്ലാതെ ചോദിക്കുന്ന കഥാപാത്രത്തെ അച്ചു ചവിട്ടി താഴെ ഇടുന്നു. അപ്പോൾ തന്നെ അച്ചു എന്ന കഥാപാത്രം ഊമയാണെന്നും അതാണ് അയാൾ ഒരിക്കലും കേൾക്കാനാഗ്രഹിക്കാത്ത വാക്കുകൾ എന്നും എല്ലാ ഭിന്നശേഷിക്കാർക്കുംവേണ്ടി അവൻ പറയുന്നുണ്ട്. ആ കാലത്തിനിട യ്ക്ക് അനുഭവിച്ച അരികുവത്കരണത്തിനും ഒറ്റപ്പെടലിനും എതിരെ യുള്ള പ്രതികരണം അതിലുണ്ട്. ഇങ്ങനെ കഥ മാനസിക സംഘർ ഷങ്ങ ളെയും കുടുംബത്തിൽനിന്നുള്ള വേർതിരുവകളെയും ഒക്കെ കാണിക്കുന്നു. അപ്പു കാണിക്കുന്ന കുസൃതികൾക്ക് ഇരയാകേണ്ടി വരുന്നത് അച്ചുവാണ്. തന്റെ നിസ്സഹായത കാരണം കുറ്റങ്ങൾ ഏറ്റെ ടുക്കാൻ പലപ്പോഴും അച്ചു നിർബന്ധിതനാവുന്നു.

അപ്പു പടക്കത്തിന്റെ തീ കൊളുത്തി അച്ചുവിനെ ഭയപ്പെടുത്താൻ ശ്രമിക്കുമ്പോൾ അവൻ പോലും പ്രതീക്ഷിക്കാതെ തീ ആളി കത്തുകയും ആ പ്രശ്നം ജോത്സ്യന്റെ അടുത്തെത്തുകയും അയാളുടെ നിർദ്ദേശപ്രകാരം അപ്പുവിനെ പൊള്ളാച്ചിയിലേക്ക് അയക്കാൻ തീരു മാനിക്കുകയും ചെയ്യുന്നു. ഈ തീരുമാനത്തിന് പിന്നിലും പ്രവർത്തി ക്കുന്നത് അച്ചുവിന്റെ സംസാരിക്കാൻ കഴിയില്ല എന്ന വസ്തുതയാണ്. എന്നാൽ അപ്പുവിന് സ്വാമിയോട് ദേഷ്യം തോന്നുകയും അയാളെ ആക്രമിക്കുകയും ചെയ്യുന്നു. അവിടെ വെച്ച് അയാൾ മരണപ്പെടുന്നു. എന്നാൽ അപ്പു ചെയ്ത കുറ്റം അച്ചുവിന്റെ തലയിൽ കെട്ടിവെച്ച് അവൻ രക്ഷപ്പെടുന്നു. മിണ്ടാനറിയുന്നവർക്ക് ഊമയാകാൻ സാധിക്കും; എന്നാൽ ഊമക്ക് ഒരിക്കലും സംസാരിക്കാൻ സാധിക്കുകയില്ല. ഇതു ണ്ടാക്കുന്ന പ്രശ്നങ്ങൾ തുടർന്നുള്ള ഭാഗങ്ങൾ ചർച്ചചെയ്യുന്നു.

അച്ചുവിന് കുറ്റം ഏറ്റെടുക്കേണ്ടി വന്നത് അയാളുടെ നിസ്സഹാ യതകൊണ്ട് മാത്രമാണ്. മറ്റൊരവസരത്തിൽ പോലീസും ആയി

പ്രശ്നമുണ്ടാക്കി മുങ്ങിയ അപ്പുവിനെ തേടി അച്ചുവിന്റെ വീട്ടിൽ പോലീസ് എത്തുകയും അച്ചുവുമായി തർക്കമുണ്ടാവുകയും ചെയ്തു. എന്നാൽ ആ അവസരത്തിൽ പ്രത്യക്ഷപ്പെടുന്ന അപ്പു എന്ന കഥാ പാത്രം പൊട്ടന്റെ അടിയുടെ ശക്തിയിൽഊന്നുമ്പോഴും അയാളുടെ ഭിന്നശേഷിയിലേക്കാണ് നോക്കുന്നത്. മറ്റൊരു അവസരത്തിൽ അപ്പു എന്ന കഥാപാത്രം അച്ചുവിനെ  പൊട്ടക്കനെപ്പൻ  എന്ന അഭിസംബോ ധന ചെയ്യുകയും അച്ചുവിന് കുട്ടികൾ ഇല്ല എന്ന് പറഞ്ഞു പരിഹസി ക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സിനിമ സന്തോഷകരമായി പര്യവസാ നിക്കുന്നുവെങ്കിലും അച്ചു എന്ന കഥാപാത്രം ഒരു മകന്റെ അച്ഛനായി കൂടി ജീവിച്ചു തുടങ്ങുമ്പോൾ അയാൾ നേരിടേണ്ടി വരുന്ന വെല്ലുവിളി കൾ  ഒട്ടും  നിസാരമായിരിക്കില്ല.

**കുമ്പളങ്ങി നൈറ്റ്സ്**

2019-ൽ പുറത്തിറങ്ങിയ മധു സി. നായർ ചിത്രം കുമ്പളങ്ങി നൈറ്റ്സ്, നെപ്പോളിയന്റെ നാലുമക്കൾ പങ്കിടുന്ന സ്നേഹ- വിദ്വേ ഷങ്ങളുടെ കഥയാണ് പറയുന്നത്. പ്രകൃതിസൗന്ദര്യത്തെയും പ്രണയസൗന്ദര്യത്തെയും ഒരുപോലെ കോർത്തിണക്കി മനസുതുറന്ന സം ാഷണങ്ങളിലൂടെ കഥ ഒരു മനോഹര ചിത്രമായി കടന്നു പോകു ന്നു. പ്രത്യക്ഷത്തിൽ പരസ്പര സഹകരണവും  സ്നേഹപ്രകടനവും ഇല്ലാത്ത അവർ ബോബിയുടെ പ്രണയത്തിന് വേണ്ടി ഒരുമിക്കാം എന്ന് ചിന്തിക്കുന്നതോടെ കാര്യമായ മാറ്റങ്ങൾ  അവിടെ  ഉണ്ടാകുന്നു. ഫ്രാങ്കി  പറയുന്നത് പോലെ അവരുടെ വീട് ആ പഞ്ചായത്തിലെതന്നെ മോശം  വീട്  ആണ്. എന്നാൽ പരസ്പരം  സഹകരിക്കാൻ  തുടങ്ങുന്ന തോടെ നിറയെ സ്വപ്നങ്ങളുണ്ടായിരുന്ന നെപ്പോളിയെന്റെ വീട്  വളരെ മനോഹരമായിത്തീരുന്നു.  മുഖ്യകഥാപാത്രങ്ങൾക്ക്  കഥ  യിൽരണ്ട് ഭാവങ്ങൾ ഉള്ളതായി കാണാം. സാമൂഹിക സാമ്പത്തിക ചുറ്റുപാടിൽ വരുന്ന മാറ്റങ്ങളും, സജിയുടെയും ഷമ്മിയുടെ കഥാ പാത്രങ്ങളുടെ മനസികനിലയിൽ വരുന്ന മാറ്റങ്ങളും ഒക്കെ വളരെ നല്ല രീതിയിൽ പ്രതിഫലിപ്പിക്കുന്ന ചിത്രം ഭിന്നശേഷിയെ ഏത് തലത്തിലും ചർച്ച ചെയ്യുവാൻ ഉതകും  വിധമുള്ളതാണ്.

ബോണി എന്ന കഥാപാത്രം ഈ സിനിമയിൽ നിശബ്ദമായ ഒരു തരംഗം സൃഷ്ടിക്കുന്നതായി കാണാം. സാധാരണ കണ്ടുശീലിച്ച ഊമ കഥാപാത്രങ്ങളിൽ നിന്നും തികച്ചും വ്യത്യസ്തനാണ് ബോണി. മനോഹരമായി തന്റെ മുടികൾ കെട്ടിവെച്ച് നല്ല വസ്ത്രങ്ങളിൽ ആണ് ബോണിയെ അവതരിപ്പിക്കുന്നത്. അടികൂടുന്ന തന്റെ സഹോദരൻ മാരായ സജിയെയും ബോബിയെയും നിയന്ത്രിക്കാൻ ഊമയായ ബോണിക്ക് ഒരു സുഹൃത്ത് സഹായത്തിനെത്തുന്നു. 'ബോബി പറയാൻ പറഞ്ഞു' എന്ന സംഭാഷണമാണ് ഒരർത്ഥത്തിൽ ഈ സിനിമയെ മുന്നോട്ട് കൊണ്ടുപോകുന്നത്. കഥ നിശബ്ദമാവുന്ന വേളയിൽ പിന്നെയും ബോബി സംസാരിക്കുന്നു. സജി ആത്മഹത്യ ശ്രമം നടത്തിയതിന് ശേഷം അവശേഷിക്കുന്ന നിശബ്ദതയിൽ നിന്ന് 'ബോണി പറയാൻ പറഞ്ഞു' എന്ന് കൂട്ടുകാരൻ പറയുന്നത് മുതൽ കഥ മറ്റൊരു തലത്തിലേക്ക് സഞ്ചരിക്കുന്നതായി കാണാം.

ഫ്രാങ്കിക്ക് ഡ്രസ്സ് വാങ്ങാൻവേണ്ടി മീൻ പിടിക്കാൻ പോകുന്ന ബോണി കഥയിലുടനീളം തന്റെ സ്നേഹം വാക്കുകൾക്കപ്പുറത്ത് നിന്ന് പറയാതെ പറയുന്നു. മൂകകഥാപാത്രം എന്ന നിലയിൽ തന്നെ നിൽ ക്കുമ്പോഴും ബോണിക്ക് വേണ്ടി സംസാരിക്കുന്ന സ്വരം എപ്പോഴും ഒന്നാണ്. സംഘട്ടനങ്ങൾക്ക് ശേഷം കഥ മനോഹരമായി പര്യവസാ നിക്കുന്നതും ബോണിയുടെ ശബ്ദമില്ലാത്ത ശബ്ദത്തിലാണ്. അവ സാനം ബോബിക്ക് സമ്മാനം നൽകി ബോണി പറയാൻപറഞ്ഞു എന്ന സജി പറയുന്നതോടെ സിനിമയിലെ ശബ്ദങ്ങൾ അവസാനിക്കു കയും ഒരു മനോഹരമായ രാത്രി ദൃശ്യത്തോടെ കഥ അവസാനി ക്കാതെ പ്രേക്ഷകന്റെ കൂടെ പോരുകയും ആണ്.

സിനിമ കാലഘട്ടത്തിന്റെ പ്രതീകമാണെന്നിരിക്കെ ഭിന്നശേഷി ക്കാർക്ക് സിനിമയിൽ കാണുന്ന അസമത്വവും അരികുവത്കരണവും സമൂഹത്തിൽ നിന്നുതന്നെ കണ്ടെടുക്കുന്നതാണെന്ന് പ്രേത്യേകം ഓർമ്മപ്പെടുത്തേണ്ടതില്ലല്ലോ! സാമൂഹിക സാമ്പത്തികതലങ്ങളിൽ അവർ ഒറ്റപ്പെടുന്നതും കുടുംബങ്ങളിൽ ചോദ്യചിഹ്നമായി മാറുന്നതും ചൂഷണത്തിനും പാർശ്വവത്കരണത്തിനും അവഹേളനത്തിനും ഇര

യായി തീരുന്നതും അപരവത്കരിക്കപ്പെട്ടവരായി മാറ്റിനിർത്തപ്പെടുന്നതും സിനിമയിൽ നിന്ന് ജീവിതത്തിലേക്കല്ല, ജീവിതത്തിൽ നിന്ന് സിനിമയിലേക്ക് എത്തിയതാണ്. ഭിന്നശേഷിക്കാർ ശാരീരികമായും മാനസികമായും ലൈംഗികമായും പീഡിപ്പിക്കപ്പെടുന്നുണ്ടെന്നത് വസ്തുതയാണ്. സാമ്പത്തികശേഷിക്ക് ഒരാളുടെ സാമൂഹിക അന്തരീക്ഷം സൃഷ്ടിക്കുന്നതിൽ മുഖ്യ പങ്കുണ്ടെന്നിരിക്കെ അവർക്ക് സാമ്പത്തികമായി വരുമാനമുറപ്പാക്കുന്ന ജോലി ചെയ്യാനോ മറ്റോ സാധിക്കാറില്ല. അവരെ സമൂഹം മാറ്റിനിർത്തുകയും അനുകമ്പയോടെ ചെറിയ സഹായങ്ങൾ നൽകി ഒഴിവാക്കുകയും ചെയ്യുന്നു.

യഥാർത്ഥത്തിൽ അവർക്ക് ഒരു തുണി നൽകുന്നതിനേക്കാൾ നല്ലത് തുണി തയ്ക്കാൻ പഠിപ്പിച്ചു നൽകുന്നതാണ്. കുറച്ചു പണം നൽകുന്നതിനേക്കാൾ നല്ലത് സ്ഥിരവരുമാനം ഉണ്ടാക്കാൻ പ്രാപ്തരാക്കലാണ്. അച്ചുവിനെ പോലെ ധാരാളം ബാല്യങ്ങൾ നമുക്ക് ചുറ്റും ഉണ്ട്. കുടുംബത്തിൽ നിന്നും കൂട്ടുകാരിൽ നിന്നും അവഹേളിക്കപ്പെട്ടവരായി ജീവിക്കുന്നവർ. അവർ കാലങ്ങളോളം അപകർഷതാബോധത്തിന്റെ ഭാരം പേറേണ്ടി വരുന്നു. ഇന്ന് നിയമം അനുശാസിക്കുന്ന ഒരുപാട് ആനുകൂല്യങ്ങൾ അവർക്ക് അർഹതപ്പെട്ടതായിട്ടുണ്ടെങ്കിലും അത് കൃത്യമായി വിനിയോഗിക്കുന്നതിലും മറ്റും നമ്മൾ പലപ്പോഴും അജ്ഞരാണ്. നൽകുന്നത് ഒന്നും അവർക്ക് നഷ്ടപ്പെട്ടതിനു തുല്യമാവില്ലെന്നറിയാമെങ്കിലും സമൂഹം അവർക്കർഹതപ്പെട്ടത് നൽകുമ്പോൾ ഔദാര്യം നൽകുന്ന ലാഘവമാണുള്ളത്. ഇത്തരം കാഴ്ചപ്പാടുകൾ ഇന്നും തലമുറകൾ കൈമാറി വരുന്നതായി കാണാം.

അത്ര പ്രകടമല്ലെങ്കിലും നമുക്കിടയിൽ ചെറിയ മാറ്റങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട് എന്ന് അണ്ണൻതമ്പി എന്ന സിനിമയും (2008) കുമ്പളങ്ങി നൈറ്റ്സ് (2019) എന്ന സിനിമയും മൂക കഥാപാത്രങ്ങളെ കൈകാര്യം ചെയ്ത രീതിയിൽ നിന്ന് മനസിലാക്കാം. അണ്ണൻ തമ്പി എന്ന ചിത്രത്തിൽ 'പൊട്ടൻ', 'പൊട്ടക്കനപ്പൻ', 'പൊട്ടന്റെ അടി' തുടങ്ങിയ വാക്കുകളുപയോഗിച്ച് മാറ്റി നിർത്തുന്നതായി കാണാം.

ആ കഥാപാത്രം അനുഭവിക്കുന്ന സംഘർഷങ്ങൾ പത്ത് വർഷങ്ങൾക്ക് ഇപ്പുറം ഇറങ്ങിയ കുമ്പളങ്ങി നൈറ്റ്സിലെ ബോണി അനുഭവിക്കുന്നില്ല. ബോണിക്ക് ഒരു നായക പരിവേഷം നൽകി ഭിന്നശേഷിയെ കൂടെ നിർത്തുകയും അതിന്റെ പേരിൽ കുറ്റപ്പെടുത്താതിരിക്കാൻ ശ്രദ്ധിക്കുന്നുമുണ്ട്. ഒരു തവണ മാത്രം സജി മിണ്ടാപ്രാണി എന്ന് വിളിക്കുന്നു. ഇത് സമൂഹത്തിന്റെ കാഴ്ചപ്പാടുകളിൽ വന്നുകൊണ്ടിരിക്കുന്ന മാറ്റമായി നമുക്ക് കാണാം. പൊട്ടൻ എന്ന് വിളിച്ച് മാറ്റി നിർത്തിയവരിൽ നിന്ന് മിണ്ടാപ്രാണി എന്ന സഹജീവി സ്നേഹത്തിലേക്ക് നമ്മൾ കാലങ്ങൾക്കിപ്പുറം മാറിക്കൊണ്ടിരിക്കുന്നു എന്ന് വ്യക്തമാകുന്നു. അതുപോലെ സാമൂഹിക-സാമ്പത്തിക നിലകളിൽ പൊതുജനത്തിന്റെ കാഴ്ചപ്പാടുകളിൽ മാറ്റം വരുന്നുണ്ട്. ആരോ ഒരാൾ എന്നതിൽ നിന്ന് നമ്മളിലെ ഒരാളായി മാറാനും അവർക്ക് അർഹതപ്പെട്ട അംഗീകാരങ്ങളും അവകാശങ്ങളും നൽകിയും അവരുടെ സ്വപ്നങ്ങൾക്ക് കൂട്ട് നിൽക്കാനും നമുക്ക് ഇന്ന് സാധിക്കുന്നു.

അരികുവത്കരിക്കപ്പെട്ടവരുടെ ആ അവസ്ഥയ്ക്കുള്ള കാര്യകാരണങ്ങൾ തികച്ചും വ്യത്യസ്തമാണ്. ജന്മനാ ഭിന്നശേഷിക്കാരായവരും, ഒരു നിമിഷത്തെ അപകടത്തിലൂടെ ഭിന്നശേഷിക്കാരായവരും ഉണ്ട്. സാമൂഹികവും, സാമ്പത്തിക പിരിമുറുക്കങ്ങളും ഒറ്റപ്പെടുത്തലുകളും അവരെ പലവിധത്തിലും വേട്ടയാടുന്നു. രാഷ്ട്രീയ- സാമൂഹ്യ- സാമ്പത്തിക-സാംസ്കാരിക രംഗങ്ങളിൽഉണ്ടാകേണ്ട നേട്ടങ്ങളെക്കുറിച്ച് അവരിൽ അവബോധം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ 1992 ഒക്ടോബർ മുതൽ എല്ലാ വർഷവും ഡിസംബർ 3 ഐക്യരാഷ്ട്രസഭ ദിനാചരണം നടത്തി വരുന്നു. സാമൂഹികചിന്തകളിൽ മാറ്റം വരേണ്ടത് പോലെ സർക്കാർ സഹായങ്ങൾ കാര്യക്ഷമമാക്കുകയും വേണം. കലാരംഗത്തും ഭിന്നശേഷി അടയാളപ്പെടുത്തലുകൾ നടത്തേണ്ടത് അനിവാര്യമാണ്, കാരണം കലകൾ കാലത്തെ അതിജീവിക്കാൻ പ്രാപ്തമാണ്. ശബ്ദത്തിന്റെ ലോകത്തുനിന്ന് മാറ്റി നിർത്തപ്പെട്ടവരുടെ കൂട്ടായ്മയിൽ ഒതുങ്ങിയ മൗനാക്ഷരങ്ങൾ എന്ന ദേവദാസ് കല്ലുരുട്ടി സംവിധാനം ചെയ്താ സിനിമ ബധിര മൂക കലാകാരൻമാരെ മാത്രം അണിനിരത്തിയ ഒരു ചിത്രമാണ്. ഇതുപോലെ ഭിന്നശേഷിക്കാരുടെ

സിനിമകളും അവരുടെ കഥകളും സിനിമ ലോകത്തേക്ക് സമൂഹത്തിന്റെ പ്രതിഫലനമായി എത്തേണ്ടതായിട്ടുണ്ട്. മലയാള സിനിമ ഈ വിഷയം വളരെ സൂക്ഷ്മമായി കൈകാര്യം  ചെയ്യുന്നതായി കാണാം.

*സൂചിക*


1. *വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും,* വിനയൻ (1999)
2. *കുഞ്ഞിക്കൂനൻ,* ശശിശങ്കർ (2002), വിനയൻ
3. *ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ,* വിനയൻ (2002)
4. *മീരയുടെ ദുഃഖവും മുത്തുവിന്റെ സ്വപ്നവും,* വിനയൻ (2003)
5. *അത്ഭുതദ്വീപ്,* വി കെ പ്രകാശ് (2005)
6. *അണ്ണൻ തമ്പി,* അൻവർ റാസ്ഷീദ് (2008)
7. *ബ്യൂട്ടിഫുൾ,* രഞ്ജിത് ശങ്കർ (2011)
8. *സു സു സുധി വാത്മീകം* (2015)
9. *കുമ്പളങ്ങി നൈറ്റ്സ്,* മധു സി നാരായണൻ (2019)

# വ്യത്യസ്തതകളെ മലയാളസിനിമ അംഗീകരിക്കുന്നുണ്ടോ?

**നജ മെഹ്ജബിൻ**

**എം.എ. വിദ്യാർത്ഥി, മലയാളവിഭാഗം, കേരളസർവകലാശാല**

സിനിമ ജീവിതത്തിൽനിന്ന് മാറ്റിനിർത്തപ്പെടേണ്ടതല്ല എന്ന ആശയത്തോട് ഇന്നത്തെ ലോകം പൊരുത്തപ്പെട്ടിരിക്കുന്നു. അക്കാദമിക് മേഖലയിൽ സിനിമയുടെ കടന്നുവരവ് ഇതിനോട് ചേർത്ത് വായിക്കാം. സമൂഹത്തിന്റെ പ്രതിഫലനം സിനിമകളിലുണ്ടെന്നാണ് പൊതുവേയുള്ള വിലയിരുത്തലെങ്കിലും അതിലെ ഏറ്റക്കുറച്ചിലുകൾ ഇഴകീറി പരിശോധിക്കുന്ന കാലഘട്ടമാണിതെന്ന് വിസ്മരിക്കാനാവില്ല. മികച്ച ഭിന്നശേഷി സൗഹൃദസംസ്ഥാനമായി കേരളം അംഗീകരിക്കപ്പെട്ട വേളയിൽ, സിനിമ ഈ വിഷയത്തെ കൈകാര്യം ചെയ്തിരിക്കുന്നത് എങ്ങനെയാണെന്നുള്ളത് ചിന്താർഹമാണ്. പ്രത്യേകിച്ച് 'വ്യത്യസ്തത'കളോടെ ജീവിക്കുന്ന സ്ത്രീകളെക്കുറിച്ച്.

ലോകസിനിമകളുടെ ചരിത്രത്തിൽ *City lights, Wait until Dark, Hush* മുതലായ ചിത്രങ്ങളെല്ലാം വ്യത്യസ്തതകളുള്ള നായികമാരെ അവതരിപ്പിച്ചു. *Barfi, Aaj or Kal, Kaabil, Guru* പോലുള്ള ബോളിവുഡ് ചിത്രങ്ങളും ഈ വിഷയത്തെ പ്രേക്ഷകരിലെത്തിക്കുന്നു. അവയെല്ലാം ചില ഫോർമുലകളുടെ ആവർത്തനങ്ങളായി അനുഭവപ്പെടാറുണ്ട്. അസ്തിത്വത്തെ ആവിഷ്കരിക്കുന്നതിൽ ഒച്ചിന്റെ വേഗമാണ് സിനിമകൾക്ക്. 'വിഗതകുമാര'നിൽ തുടങ്ങുന്ന മലയാളസിനിമയുടെ

പരിണാമത്തിൽ പലയിടത്തും ഇവരെ കാണാം. അവനവൻ ആഘോഷിക്കപ്പെടുന്ന സിനിമകളുടെ നിറച്ചാർത്തിൽ നിന്ന് അടർത്തിമാറ്റിയ ചില നായികാകഥാപാത്രങ്ങളാണ് ഇനി സംസാരിക്കുന്നത്.

1975 ൽ എസ്. എൽ പുരം സദാനന്ദന്റെ രചനയിൽ എ. ഭീംസിംഗ് സംവിധാനം ചെയ്ത 'രാഗം', ഹരിഹരൻ-എം. ടി കൂട്ടുകെട്ടിൽ 1986 ൽ പിറന്ന 'നഖക്ഷതങ്ങൾ', 1988ൽ എ. ടി അബു- പി. ആർ നാഥൻ കൂട്ടുകെട്ടിലിറങ്ങിയ 'ധ്വനി', ടി. എ റസാഖിന്റെ തിരക്കഥയിൽ ജയരാജ് സംവിധാനം ചെയ്ത 'സ്നേഹം', 2014-ൽ അഞ്ജലി മേനോൻ രചനയും സംവിധാനവും നിർവ്വഹിച്ച 'ബാഗ്ലൂർ ഡെയ്സ്' എന്നീ ചിത്രങ്ങളിലെ നായികമാരിലൂടെയാണ് ഉത്തരം തേടുന്നത്.

**നായികമാരുടെ ഓൺസ്ക്രീൻ പ്രെസൻസ്**

സിനിമയിലെ കഥാപാത്രങ്ങളെ പ്രേക്ഷകർ സ്വീകരിക്കുമ്പോൾ സിനിമ ഓരോരുത്തരുടേതുമാകുന്നു. വിശേഷിച്ചും നായികമാരെ പ്രേക്ഷകരുടെ പൾസിനനുസരിച്ച് കഥാഗതിയിൽ പോറലേൽപ്പിക്കാതെയാണ് മുന്നിലെത്തിക്കുന്നത്.

'രാഗ'ത്തിലെ ശ്രീദേവിയെന്ന അന്ധയുവതി മനോഹരമായി പാടുകയും ശില്പങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്ന കഥാപാത്രമായാണ് രംഗപ്രവേശം ചെയ്യുന്നത്. ശ്രീദേവി നിർമ്മിക്കുന്ന നായ്ക്കുട്ടിയുടെ രൂപമാണ് ബാബുമോനുമായുള്ള അടുപ്പത്തിന് തുടക്കമിടുന്നത്. ഈ അടുപ്പം ആ കുടുംബത്തിലെ അംഗമാകുന്നതിൽ കലാശിക്കുന്നു. 'ധ്വനി'യിലെ ദേവിയുടെ ശബ്ദം കാലിലെ ചിലങ്കകളിലാണ്. ഒരു കുറവുമില്ലാതെ അച്ഛനെ പരിചരിക്കുന്ന, കവിതാസ്വാദകയായ, ടിപ്പിക്കൽ നായികയാണ് ദേവി. ബധിരയും മൂകയുമായ 'നഖക്ഷതങ്ങളി'ലെ ലക്ഷ്മി സകലകലാവല്ലഭയാണ്. ചിത്രങ്ങളിലൂടെയും അക്ഷരങ്ങളിലൂടെയും നൃത്തത്തിലൂടെയും ആത്മപ്രകാശനത്തിനുള്ള സങ്കേതങ്ങൾ കണ്ടെത്തുകയാണ് ലക്ഷ്മി. നിറങ്ങളാണ് 'സ്നേഹ'ത്തിൽ മണിക്കുട്ടിക്ക് കൂട്ടായി നിൽക്കുന്നത്. അരയ്ക്ക് താഴെ ചലനമറ്റ തന്റെ ജീവിതത്തെ വരകളും വർണങ്ങളുംകൊണ്ട് ചലിപ്പിക്കുകയാണ്

മണിക്കുട്ടി. ഒരു നഗരത്തെ മുഴുവൻ തന്റെ ശബ്ദത്തിലൂടെ ഉണർത്തുന്ന 'ബാഗ്ലൂർ ഡെയ്സി'ലെ ആർ.ജെ. സാറ, വീൽചെയറിലെ ജീവിതത്തെ ക്രിയാത്മകമായി ചലിപ്പിക്കുന്നു.

സിനിമ ഒരു കച്ചവടമായതിനാൽ നായികയുടെ സൗന്ദര്യത്തിന് സിനിമയുടെ വിജയത്തെ സ്വാധീനിക്കാൻ കഴിയും. ഉണ്ണിമേരി എന്ന നടിയുടെ കഴിവിനെക്കാൾ സൗന്ദര്യത്തെയാണ് സിനിമ ചൂഷണം ചെയ്തതെന്ന കണ്ടെത്തലിനെയാണ് ഇവിടെ ചേർത്തു വായിക്കുന്നത്. മധു ശ്രീദേവിയിൽ ആകൃഷ്ടനാകുന്നത് ശ്രീദേവിയുടെ ബാഹ്യസൗന്ദര്യം നിമിത്തമാണ്. ദേവിയുടെ കാര്യത്തിലും ഈ പകർന്നാട്ടം കാണാം. താൻ സുന്ദരിയാണോയെന്ന ലക്ഷ്മിയുടെ ചോദ്യത്തിന് രാമുവിന്റെ മറുപടി "ആരെയും ഭാവഗായകനാക്കും ആത്മസൗന്ദര്യമാണു നീ" എന്നാണ്. മണിക്കുട്ടിയും സാറയും ഇതിൽനിന്ന് വ്യത്യസ്തരല്ല.

**നായികാവീടുകളിലെ മണിക്കിലുക്കങ്ങൾ**

സിനിമയിലെ പ്രധാന കഥാപാത്രങ്ങളുടെ സാമ്പത്തിക പശ്ചാത്തലം കഥാഗതിയെ അവിചാരിതമാം വിധം വഴിതിരിച്ചു വിടാറുണ്ട്. നായകന്മാർ പൊതുവെ കടുത്ത സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവരായാണ് സ്ക്രീനിൽ പ്രത്യക്ഷപ്പെടുന്നത്; നായികമാർ തിരിച്ചും. സാറ സാമ്പത്തികമായി വളരെ ഉന്നതിയിൽ ജീവിക്കുന്ന വ്യക്തിയാണ്. ഇലക്ട്രിക്കൽ വീൽചെയർ വാങ്ങാൻ ത്രാണിയുള്ള ചുറ്റുപാടാണ് സാറയ്ക്ക് സ്വപ്നങ്ങൾ നേടിയെടുക്കാൻ പിൻബലം നൽകുന്നത്. തന്റെ മകൾക്ക് ബെസ്റ്റിൽ കുറഞ്ഞതൊന്നും ചേരില്ലെന്ന സാറയുടെ അമ്മയുടെ വാക്കുകൾ ഈ സാമ്പത്തിക ഭദ്രതയുടെ അടിത്തറയിൽ നിന്നാണ് രൂപം കൊള്ളുന്നത്. മറിച്ചായിരുന്നെങ്കിലോ?

വളരെ പ്രയാസപ്പെട്ട് അമ്മ പരിചരിക്കുന്ന മണിക്കുട്ടി തന്റെ ചിത്രങ്ങൾ വരയ്ക്കുന്നത് പത്മനാഭൻ നായരുടെ കാരുണ്യംകൊണ്ടാണ്. മോശമായ സാമ്പത്തിക ചുറ്റുപാട് മണിക്കുട്ടിക്ക് മികച്ച ചികിത്സ പോലും നിഷേധിക്കുന്നു. ലക്ഷ്മിയും ദേവിയും ഒരേ

തൂവൽപക്ഷികളാണ്. കുറേക്കൂടി മെച്ചപ്പെട്ട ചുറ്റുപാടുകൾ ഇരുവരുടെയും അഭിരുചികളെ വളർത്തുന്നതിൽ വലിയ പങ്ക് വഹിക്കുന്നു. മകൾക്ക് വേണ്ടി ലക്ഷ്മിയുടെ അച്ഛൻ രാമുവിന് വിലയിടുന്നതും സാമ്പത്തികനിലയോട് ചേർത്ത് വായിക്കാം. മധുവുമായുള്ള വിവാഹത്തിന് ശ്രീദേവിയുടെ സാമ്പത്തികശോചനീയാവസ്ഥ തടസ്സമാകുന്നു. വിശ്വനാഥമേനോൻ വളർത്തുമകളായി ശ്രീദേവിയെ സ്വീകരിക്കുകയും സ്വത്തവകാശം നൽകുകയും ചെയ്തതിന് ശേഷമാണ് വിവാഹം നടക്കുന്നത്. മറിച്ചായിരുന്നെങ്കിൽ കഥ വേറെയൊന്നാകുമായിരുന്നു. ഇതെല്ലാം തന്നെ നായികയുടെ സാമ്പത്തിക പശ്ചാത്തലം കഥയുടെ വഴികളിൽ തിരഞ്ഞെടുപ്പുകളുണ്ടാക്കുന്നുവെന്ന് വ്യക്തമാക്കുന്നു.

**'ജീവിത' മാണഖിലസാരമൂഴിയിൽ**

ആത്യന്തികമായി ജീവിതമാണ് സിനിമകളിലുള്ളത്. കഥാപാത്രങ്ങളുടെ കാഴ്ചപ്പാടുകൾ ചിലത് പ്രേക്ഷകരിൽ ആഴത്തിൽ പോറലേൽപ്പിക്കുകയും മറ്റുചിലത് തലോടിപ്പോകുകയും ചെയ്യുന്നു. ശ്രീദേവി ജീവിതത്തെ വിധിയ്ക്ക് വിട്ടു കൊടുക്കുന്നു. വിവാഹത്തിന് നേരിടുന്ന തടസ്സവും തന്റെ അവസ്ഥയും വിധിയാണെന്ന് സമാധാനിച്ച് കരയുവാനേ ശ്രീദേവിയെ പ്രാപ്തയാക്കുന്നുള്ളൂ. ആർക്കും താനൊരു ഭാരമാകരുതെന്ന ദേവിയുടെ ആഗ്രഹവും വിധിയുടെ വിളയാട്ടങ്ങളെ തന്നെയാണ് ആശ്രയിക്കുന്നത്. തനിക്ക് ജീവിതം നൽകിയ ഊർജ്ജത്തിൽ നിന്നാണ് പത്മനാഭൻ നായർക്ക് മണിക്കുട്ടി ധൈര്യം പകരുന്നത്. ജീവിതത്തെ നേരിടുക എന്ന കാഴ്ചപ്പാടാണ് മണിക്കുട്ടിയെ ഉയർന്ന തലത്തിൽ ചിന്തിക്കാൻ പ്രേരിപ്പിക്കുന്നത്.

ലക്ഷ്മിയും സാറയും വ്യത്യസ്തരാണ്. നിരന്തരമായ വായനയിലൂടെയും എഴുത്തിലൂടെയും പാകപ്പെടുന്ന അറിവ് ലക്ഷ്മിക്ക് ജീവിക്കാനുള്ള ഊർജ്ജം നൽകുന്നു. രാമുവിനെ നിർബന്ധിക്കരുതെന്ന് വൈകാരികമായിട്ടാണെങ്കിലും ലക്ഷ്മി പറയുന്നത് ഈ ഊർജ്ജത്തിൽ നിന്നാണ്. വിധിയെ നേരിടാനുള്ള പക്വത ജീവിതം ലക്ഷ്മിക്ക് നൽകുന്നു. വീൽചെയറിൽ ഇരുന്നുകൊണ്ടുള്ള സാമൂഹിക ഇടപെടലുകളാണ് സാറയെ രൂപപ്പെടുത്തുന്നത്. ഓരോ ജനവാതിലുകളി

ലൂടെയും വെവ്വേറെ കാഴ്ചകൾ കാണാൻ സാറയെ പ്രാപ്തയാക്കുന്നത് കാഴ്ചപ്പാടിന്റെ ഔന്നത്യമാണ്.

**പ്രണയം,വിവാഹം,കുടുംബം**

വ്യക്തിപരമായ കാഴ്ചപ്പാടുകളാണ് പ്രണയത്തെയും വിവാഹത്തെയും കുടുംബത്തെയും നിർണ്ണയിക്കുന്നത്. അതിനാൽ അത് വൈവിധ്യങ്ങൾ സൃഷ്ടിക്കുന്നു. മധുവിനോടുള്ള പ്രണയവും തുടർന്നുള്ള വിവാഹവും തനിക്കൊരു തണൽ എന്ന വികാരമാണ് ശ്രീദേവിയിലുണ്ടാക്കുന്നത്. പ്രിയംവദയെ അമ്മ എന്ന് വിളിക്കുന്നതിലൂടെ കുടുംബമെന്ന ഘടനയിലേക്ക് ശ്രീദേവിയും ഉൾച്ചേരുന്നു. ധ്വനിയും സ്നേഹവും ഇതേ പുസ്തകത്തിന് പുതിയ പുറംചട്ട നൽകിയിരിക്കുന്നെന്ന് മാത്രം. ലക്ഷ്മിയുടെ കുടുംബസങ്കല്പം രാമു നൽകുന്ന കുടുംബത്തിന്റെ ശില്പത്തിലൂടെ പ്രകടമാകുന്നു. സാറ കുറച്ചുകൂടി 'ഔട്ട് ഓഫ് ദി ബോക്സ്' ആണ്. അർജ്ജുൻ ഒരു ഘട്ടത്തിൽ പ്രണയം അവസാനിപ്പിക്കാൻ തയ്യാറാകുമ്പോൾ പതറാതെ അതിനെ നേരിടുകയാണ് സാറ. പ്രണയം, വിവാഹം, കുടുംബം എന്നിവ സാറയോട് ചേർന്നു വായിക്കപ്പെടേണ്ടത് സമീപനത്തിലെ വ്യത്യസ്തത കൊണ്ടാണ്.

അതാതുകാലങ്ങളിലെ നായികാപൊതുബോധത്തോട് താദാത്മ്യം പ്രാപിക്കുന്നവരാണ് ഈ നായികമാരൊക്കെയും. എഴുപതുകളിൽ സമൂഹം നൽകുന്ന പരിശുദ്ധ ചട്ടക്കൂടിൽ നിന്നാണ് ശ്രീദേവി കാണികളിലെത്തുന്നത്. എൺപതുകൾ സിനിമയും കാഴ്ചക്കാരനും കുറച്ചുകൂടി രാഷ്ട്രീയ-സാമൂഹിക ചലനങ്ങളോട് സംവദിക്കുന്നു. വാർപ്പുമാതൃകയായുള്ള സ്ത്രീ കഥാപാത്രങ്ങൾക്ക് പഞ്ഞമില്ലായിരുന്നെങ്കിലും അവരുടെ മാനസിക-ശാരീരിക അസ്വസ്ഥതകൾ സിനിമയിലുണ്ടായിരുന്നു. ദേവിയിലും ലക്ഷ്മിയിലും ഇതിന്റെ പിന്തുടർച്ച കാണാം. നേരിയതെങ്കിലും ഈ അനുരണനം മണിക്കുട്ടിയിലേക്കും നീളുന്നു. സ്ത്രീപക്ഷ സിനിമകൾ കാലം ആവശ്യപ്പെടുന്നു എന്ന തിരിച്ചറിവിൽ നിന്നാണ് സാറ വീൽചെയറിൽ യാത്ര തുടരുന്നത്.

എത്രയൊക്കെ ആയാലും കമ്പോളവിജയം ലക്ഷ്യമാക്കി വരുന്നവയാണ് സിനിമകൾ. മലയാളസിനിമ നായകമാരുടെ വാർപ്പു മാതൃകകൾ പൊളിച്ചെഴുതാൻ തുടങ്ങിയിട്ട് അധികമായിട്ടില്ല. ഇന്നോളമുള്ള സിനിമകൾ വ്യത്യസ്തതകളുള്ള നായികമാർക്ക് ഒരു ഇടം ഉണ്ടാക്കിയെന്നത് ശരിയാണ്. പക്ഷെ, അവരുടെ പൂർണ്ണതയെ അടയാളപ്പെടുത്തുംവിധം സിനിമ മാറാൻ ഇനിയും കാത്തിരിക്കേണ്ടതുണ്ട്.

*റഫറൻസ്*

1. www.wikipedia.com/malayalam movies.
2. Youtube Malayalam Movie Links

# ആവിഷ്കാരങ്ങളിലെ ഭിന്നശേഷി : പ്രണയം ലൈംഗികത ആഖ്യാനം

**സജിത്ത് മുഹമ്മദ്**

**(പിജി വിദ്യാർത്ഥി, മലയാളവിഭാഗം, കേരളസർവകലാശാല)**

കണക്കുകൾ പ്രകാരം ലോകജനസംഖ്യയുടെ 7 മുതൽ 10 ശതമാനം വരെ മനുഷ്യർ ഭിന്നശേഷിയുള്ളവരാണ്. ഇന്ത്യയിലാകട്ടെ ഔദ്യോഗിക കണക്കുകൾ പ്രകാരം 80 ദശലക്ഷം പേർ ഭിന്നശേഷിയുള്ളവരാണ്. ഭിന്നശേഷിയെ സംബന്ധിച്ച സമൂഹത്തിന്റെ കാഴ്ച്ചപ്പാടുകൾ പലതും വികലമാണ്, അതുകൊണ്ടുതന്നെ ഇന്ത്യൻ സമൂഹം ഭിന്നശേഷിയെയും ആ അവസ്ഥയെയും ഒരു വലിയ പ്രശ്നമായി കാണുന്നു. ഒരു പരിധിവരെ സമൂഹവും അതിന്റെ എല്ലാ ഇടങ്ങളും ഭിന്നശേഷി വിരുദ്ധമാണ്. നമ്മുടെ സാമൂഹ്യഇടങ്ങളെല്ലാം തന്നെ ആ നിലയിൽത്തന്നെയാണ് ഇന്നും നിലനില്ക്കുന്നത്. കേരളവും അതിൽ നിന്നും വ്യത്യസ്തമല്ല.ഇന്നും മലയാളി സമൂഹത്തിന് ഭിന്നശേഷിയെ സംബന്ധിച്ചുള്ള കാഴ്ച്ചപ്പാടുകൾ രാഷ്ട്രീയ ശരികേടുകൾ നിറഞ്ഞതാണ്.

സിനിമ എന്ന പോപ്പുലർ കൾച്ചർ സമൂഹവുമായി വളരെയധികം ചേർന്നു നില്ക്കുന്നു. മലയാളസിനിമ പറയുന്നത് മലയാളിയുടെ അല്ലെങ്കിൽ അവന്റെ ജീവിതപരിസരങ്ങളുടെ കഥയാണ്. സിനിമ ഒരർത്ഥത്തിൽ സമൂഹത്തിന്റെ പരിച്ഛേദം തന്നെയാണ്. ഒരു സമൂഹ

ത്തിലെ എല്ലാ തരം മനുഷ്യരുടെയും പ്രതിനിധാനം ഉണ്ടാകുമ്പോൾ മാത്രമേ സിനിമയുടെ സാമൂഹ്യമായ അടയാളപ്പെടുത്തലിന്റെ ധർമ്മം പൂർത്തിയാകൂ. ജനപ്രിയ സിനിമകൾ പിൽക്കാലത്ത് സമൂഹത്തിൽ പലതരം പൊതുബോധ നിർമ്മിതികൾ നടത്താൻ പോന്നവണ്ണം ശക്തമായ ഒരു മാധ്യമമായി മാറി. ഇങ്ങനെയെല്ലാമുള്ള സിനിമ ഭിന്നശേഷിഅവസ്ഥകളെ അടയാളപ്പെടുത്തുന്നതിൽ തീരെ പരാജയ മായിരുന്നു.

നീതിപൂർവ്വമായ പ്രതിനിധാനം പോലും ഭിന്നശേഷി കഥാപാത്ര ങ്ങൾക്ക് സിനിമകളിൽ ലഭിച്ചിരുന്നില്ല, ആഖ്യാനം ചെയ്തവയാകട്ടെ ശാരീരികാവസ്ഥകളെ പ്രേക്ഷകരെ ചിരിപ്പിക്കാനുള്ള ഉപകരണ ങ്ങളായി മാത്രം സമീപിക്കുകയും ആ നിലയിൽ പൊതുസമൂഹ ത്തിലേക്ക് ഭിന്നശേഷി വിരുദ്ധവും മനുഷ്യത്വരഹിതവുമായ ഒരു പൊതുബോധ നിർമ്മിതിയുണ്ടാക്കുകയും ചെയ്തു. ഭിന്നശേഷിയുള്ള വ്യക്തികളെ അധിക്ഷേപിക്കുന്നതിനായി ഉപയോഗിക്കുന്ന പല പദങ്ങളും സിനിമകളുടെ സംഭാവനകളാണെന്ന് കാണാം. ലോക സിനിമകളിൽപോലും ഇത്തരത്തിലുള്ള പ്രവണത കാണാൻ കഴിയും. പിന്നീട് സിനിമ, കല എന്ന നിലയിലും ഒരു  മാധ്യമം എന്ന നിലയിലും കൂടുതൽ ഗൗരവത്തോടെ ഭിന്നശേഷിഅവസ്ഥകളെ സമീപിക്കുന്നതും ആവിഷ്കരിക്കുന്നതും കാണാൻ സാധിക്കും. കൂടുതൽ മാനവികവും നീതിയുമുള്ള ആവിഷ്കാരങ്ങളും അടയാളപ്പെടുത്തലുകളും പിന്നീടു ണ്ടായി.

മലയാളസിനിമയിലും സ്ഥിതി വ്യത്യാസമല്ലായിരുന്നു. ഭിന്ന ശേഷിയെ സംബന്ധിച്ച പല തെറ്റായ പൊതുബോധങ്ങളും വാർപ്പു മാതൃകകളും മലയാളികൾക്കിടയിൽ ഊട്ടിയുറപ്പിച്ചതിൽ മലയാള സിനിമയ്ക്കും ചെറുതല്ലാത്ത പങ്കുണ്ട്. ഭിന്നശേഷിയെ സംബന്ധിച്ച ഏറ്റവും വികലമായ കാഴ്ചപ്പാടുകളും അജ്ഞതയും ഭിന്നശേഷി വ്യക്തികളുടെ ലൈംഗികതയെയും പ്രണയത്തെയും സംബന്ധിച്ചുള്ള വയാണ്. ഒരു നിർലൈംഗികവത്കൃതമായ (De Eroticized) സമീപന മാണ് പൊതുസമൂഹത്തിന് അതിനെ സംബന്ധിച്ചുള്ളത്. മലയാള

സിനിമയിൽ ഭിന്നശേഷി അവസ്ഥകളെ ഗൗരവത്തോടെ സമീപിച്ചത് വളരെ കുറച്ചു സംവിധായകരും തിരക്കഥാകൃത്തുക്കളും മാത്രമാണ്.

ഇന്ത്യൻസിനിമയിൽത്തന്നെ ഭിന്നശേഷി മനുഷ്യർ മാത്രമുള്ള ലോകം എന്ന ഫാന്റസിയെ *ഗുരു*, *അദ്ഭുതദ്വീപ്* എന്നീ രണ്ട് ചല ചിത്രങ്ങളിലൂടെ ദൃശ്യവൽക്കരിച്ചത് മലയാളസിനിമയിൽ മാത്രമാണ്. കലാപരമായി ആ ആഖ്യാനത്തെ മനോഹരമായി ആവിഷ്കരിച്ചതിൽ രണ്ട് ചിത്രങ്ങളും നിലവാരം പുലർത്തുന്നുണ്ടെങ്കിലും സൂക്ഷ്മമായ ഭിന്നശേഷിവിരുദ്ധത ഈ ചിത്രങ്ങളിലും കടന്ന് കൂടിയിട്ടുള്ളതായി കാണാം. ആ സിനിമകൾ ഏതൊക്കെ നിലയിലാണ് ഭിന്നശേഷിയുള്ള കഥാപാത്രങ്ങളുടെ പ്രണയത്തെയും അവരുടെ ലൈംഗികതയെയും ആവിഷ്കരിച്ചിരിക്കുന്നതെന്നും സമീപിച്ചിരിക്കുന്നതെന്നുമുള്ള അന്വേ ഷണമാണിത്. ആ ആവിഷ്കാരങ്ങൾ സമൂഹത്തിലേക്ക് ഏതു നിലയിലുള്ള ബോധ്യങ്ങളാണ് നൽകിയതെന്നും ആഖ്യാനത്തിൽ എത്രത്തോളം നീതി പുലർത്തിയെന്നുമുള്ള അന്വേഷണവും ഇതിന്റെ ഭാഗമാകുന്നു. ഓരോ കാലഘട്ടത്തിലെയും പൊതുവായ പ്രവണത കളും അതിനൊപ്പം അതതു കാലഘട്ടത്തെ പ്രതിനിധീകരിക്കുന്ന ചില തെരഞ്ഞെടുത്ത ചലച്ചിത്രങ്ങൾക്കും ഊന്നൽകൊടുത്താണ് ആവി ഷ്കാരത്തെ വിലയിരുത്താൻ ശ്രമിച്ചിട്ടുള്ളത്.

### മലയാള സിനിമാക്കാഴ്ച, ഭിന്നശേഷി കഥാപാത്രങ്ങളുടെ പ്രണയങ്ങളിലൂടെ

സിനിമ ഒരു കല എന്ന നിലയിൽ ആദ്യകാലം മുതലേ കാല്പ നികതയുടെ ആവിഷ്കാരങ്ങളായിരുന്നു. മലയാളസിനിമയുടെ സ്വഭാവവും അതിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. കാല്പനിക പ്രണയകഥകൾ എക്കാലവും മലയാള സിനിമകളുടെ മുഖമുദ്ര ആയി രുന്നു. മലയാളസിനിചരിത്രം തന്നെ തിരുത്തിയെഴുതിയ 'നീലക്കു യിലും' 'ചെമ്മീനും' ഒരർത്ഥത്തിൽ പ്രണയകഥകൾ ആയിരുന്നു എന്ന് ഓർക്കാം. എല്ലാ സിനിമകളിലും അടിസ്ഥാന കഥാതന്തുവായി പ്രണയം ഇന്നും ഒരു അഭിവാജ്യഘടകമായി തുടരുന്നു. എല്ലാ കാല ത്തും അത് മലയാളികളുടെ ആസ്വാദനത്തെ ഒരേയളവിൽ ഉത്തേജി

പ്പിക്കുന്നു എന്നത്, പ്രണയം എന്ന വികാരത്തിന്റെ സ്വാധീനം സിനിമ എന്ന മാധ്യമത്തിൽ എത്രത്തോളം പ്രാധാന്യം അർഹിക്കുന്നു എന്നതിന് തെളിവാണ്.

ഈ നിലയിൽ ഭിന്നശേഷിയുള്ള കഥാപാത്രങ്ങൾക്കും അവരുടെ പ്രണയങ്ങൾക്കും എത്രത്തോളം നീതിപൂർവ്വമായ പ്രതിനിധാനം മലയാള സിനിമ ഇക്കാലമത്രയും നൽകി എന്ന അന്വേഷണം വലിയ പ്രാധാന്യം അർഹിക്കുന്നു. സിനിമകൾക്കുള്ള ഒരു പൊതു സവിശേഷത, അത് ഒരു വിഷയത്തെ ഏറ്റവും ഒടുവിൽ മാത്രമേ അഭ്രപാളികളിൽ പ്രതിനിധാനം ചെയ്യൂ എന്നതാണ്. ഏതൊരു വിപ്ലവാത്മകമായ മാറ്റങ്ങളും ആശയങ്ങളും കഥകളും കവിതയും നാടകവും പറഞ്ഞു കഴിഞ്ഞ ശേഷം മാത്രമേ അതിനെ വെള്ളിത്തിരയിൽ കാണാൻ സാധിക്കൂ. മലയാളസാഹിത്യം എത്രയോ ഭിന്നശേഷി കഥാപാത്രങ്ങൾക്ക് ജന്മം നൽകിയതിന് ശേഷം മാത്രമാണ് അവർ സിനിമയിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത്. അതിലും മുഖ്യ കഥാപാത്രം ആകാൻ പിന്നെയും കാലങ്ങൾ വേണ്ടിവന്നു. സിനിമയിൽ മുഖ്യകഥാപാത്രം ആയി എത്തുമ്പോൾ മാത്രമേ ഒരു പ്രത്യേക പ്രതിനിധാനം എന്നനിലയിൽ അംഗീകാരവും ശ്രദ്ധയും ലഭിക്കുകയുള്ളൂ.

1962-ൽ എം.കൃഷ്ണന്റെ സംവിധാനത്തിൽ പുറത്തിറങ്ങിയ 'കാവ്യമേള' എന്ന സിനിമയിൽ പ്രേം നസീർ, ജയദേവൻ എന്ന അന്ധനായ കവിയായി എത്തുന്നു. ജീവിതത്തിൽ ഒരു ഘട്ടത്തിൽ വച്ച് അന്ധത ബാധിക്കുന്ന കവി ആണ് ജയദേവൻ. അതിന് ശേഷം അയാൾ അനുഭവിക്കുന്ന തിരസ്കാരങ്ങൾ അയാളെ നാട് വിടാനും, തുടർന്ന് ശ്രീദേവി എന്ന പെൺകുട്ടിയെ പരിചയപ്പെടാനും അവളുടെ ഡോക്ടർ ആയ അച്ഛന്റെ സഹായത്തോടെ കാഴ്ച വീണ്ടെടുക്കാനും കഴിയുന്നു. അന്ധ ഗായകൻ-പണക്കാരിയായ നായിക എന്ന പ്രണയ സങ്കല്പം അവതരിപ്പിച്ച ഒരു മുഖ്യധാരാ സിനിമകൂടിയാണ് 'കാവ്യമേള'. അന്ധനാണെന്ന് തിരിച്ചറിയാതെ മുഖത്ത് അടിക്കേണ്ടി വന്നതിലുള്ള കുറ്റബോധവും അന്ധതയോട് തോന്നുന്ന തന്മയീഭാവവും (Empathy) ആയിരുന്നുശ്രീദേവിക്ക് ജയദേവനോട് തോന്നിയ പ്രണയ

ത്തിന്റെ പശ്ചാത്തലം. ചികിത്സയിൽ കഴിയുന്ന സമയത്ത് ജയദേവന്റെ കവിത പകർത്തിയെഴുതുന്ന അവസരത്തിലാണ് അവളുടെ പ്രണയം കൂടുതൽ വളരുന്നത്. ‘‘സ്വപ്നങ്ങൾ സ്വപ്നങ്ങളെ’’ എന്ന കവിത പകർത്തി എഴുതുന്ന സമയം ‘‘നിങ്ങളീ ഭൂമിയിൽ ഇല്ലായിരുന്നെങ്കിൽ’’ എന്ന് ശ്രീദേവി പാടുന്നത് ജയദേവനെ നോക്കിയാണ്. പിന്നീട് ജയദേവന് കാഴ്ച കിട്ടുകയും സിനിമയുടെ കഥയിൽ പുതിയ വഴിത്തിരിവുകൾ ഉണ്ടാവുകയും ചെയ്യുന്നു.

നായകനെ പൂർണ്ണമായി അന്ധതയിൽ നിർത്താനോ ആ നിലയിൽ അവരുടെ പ്രണയത്തെ കാണിക്കാനോ സിനിമ ശ്രമിക്കുന്നില്ല. നായകനോട് നായികയ്ക്ക് അല്ലെങ്കിൽ നേരെ മറിച്ചും പ്രണയം ഉണ്ടാകാൻ ഉള്ള ഒരു വൈകാരികകാരണം ആയി അയാളുടെ/അവളുടെ ഭിന്നശേഷി അവസ്ഥയെ പ്രതിഷ്ഠിക്കുന്ന രീതി പിൽക്കാലത്ത് മലയാള സിനിമയിൽ ഒരു കീഴ്‌വഴക്കമായി മാറുകയും ചെയ്തു. കാഴ്ചശേഷി ഇല്ലാത്ത നായകൻ/നായികയ്ക്ക് സിനിമയുടെ അവസാനം കാഴ്ച ലഭിക്കുന്ന കഥകൾ ആണ് മുഖ്യധാരാ കച്ചവടസിനിമകളിൽ പ്രമേയം ആയിട്ടുള്ളു. നിത്യമായ അന്ധതയിലുള്ള മനുഷ്യരുടെ പ്രണയം വളരെ കുറച്ചു സിനിമകളിൽ മാത്രമേ പിന്നീട് പ്രേക്ഷകർ കണ്ടിട്ടുള്ളൂ.

1975-ൽ റിലീസ് ആയ ‘രാഗം’ എന്ന സിനിമയിലും ലക്ഷ്മി അവതരിപ്പിക്കുന്ന ശ്രീദേവി എന്ന നായികാകഥാപാത്രം ഗായികയും ശില്പിയും ആണ്. അനാഥയും ഒരു അന്ധവിദ്യാലയത്തിലെ അംഗവുമായ അവളെ മധു എന്ന ചെറുപ്പക്കാരൻ പ്രണയിക്കുന്നത് ആദ്യ കാഴ്ചയിലാണ് ‘Love at First Sight’ എന്ന പ്രയോഗം തന്നെ ‘കാഴ്ച’ എന്ന അനുഭവത്തോട് ചേർന്നുനിൽക്കുന്നു. ശ്രീദേവിക്ക് ഇവിടെ പ്രണയത്തിൽ തെരഞ്ഞെടുപ്പുകൾ ഇല്ല. മധു പ്രണയം പറയുമ്പോൾ രണ്ടാമത് ആലോചിക്കാൻ അവൾക്ക് മറ്റൊന്നും ഇല്ല. ഗന്ധവും ശബ്ദവും ആണ് അവളുടെ കാഴ്ച എന്ന് ശ്രീദേവിതന്നെ പറയുന്നു. കാല്പനികപ്രണയത്തിന്റെ എല്ലാ സാധ്യതകളും ഈ സിനിമ ഉപയോഗിച്ചിട്ടുണ്ട്. ‘‘ഞാൻ നിന്റെ കണ്ണുകൾ ആകാം’’ എന്ന് മധു പറഞ്ഞു കഴിയുമ്പോൾ പശ്ചാത്തലത്തിൽ ‘‘ഇവിടെ കാറ്റിനു

സുഗന്ധം'' എന്ന ഗാനം കേൾക്കാം. അന്ധയായ കാമുകിയുടെ ചോദ്യ ങ്ങൾക്ക് കണ്ണുകൾ ആയി മാറുന്ന കാമുകൻ ആണ് വരികളിൽ. നായി കയ്ക്ക് കാഴ്ച ലഭിക്കുന്നു എന്നതാണ് കഥയുടെ പരിണാമഗുപ്തി. അന്ധയായ നായിക എന്ന സങ്കല്പത്തിന്റെ ആദ്യ കാല ആവിഷ്കാ രങ്ങളിൽ ഈ സിനിമയും ഒരുപാട് വാർപ്പ്മാതൃക സൃഷ്ടിക്കാനിടയായി.

കെ.ജി.ജോർജ്ജിന്റെ 'മേള' (1980) എന്ന സിനിമ ഭിന്നശേഷി യുള്ള നായകനെ എല്ലാ വൈകാരിക അവസ്ഥയിലും അവതരിപ്പിച്ച ശക്തമായ ചലച്ചിത്രാവിഷ്കാരമാണ്. വാമനത്തത്തിന്റെ പേരിൽ സമൂഹം മുഴുവൻ കളിയാക്കുമ്പോഴും വളരെ അഭിമാനബോധത്തോടെ ലോകത്തെ നേരിടുന്ന ഗോവിന്ദൻകുട്ടി, പ്രണയത്തിലും ഇണയെ തെരഞ്ഞെടുക്കുന്നതിലും ധീരമായ നിലപാട് ഉള്ള കഥാപാത്രമാണ്. ശാരദ എന്ന പെൺകുട്ടിയോട് തോന്നുന്ന പ്രണയവും അത് പ്രകടി പ്പിക്കുന്ന അവസരങ്ങളും അതിഭാവുകത്വമില്ലാതെ കാണിച്ചു തന്ന 'മേള' മലയാളത്തിൽ ഭിന്നശേഷിയവസ്ഥകളോട് ഉന്നതമായ നീതി പുലർത്തിയ സിനിമയാണ്. ഗോവിന്ദൻകുട്ടിയുടെയും ശാരദയുടെയും ആദ്യരാത്രി സീൻ വാർപ്പ്മാതൃകകളുടെ പൊളിച്ചെഴുത്താണ്.

1986-ൽ എം.ടി.-ഹരിഹരൻ ടീമിന്റെ 'നഖക്ഷതങ്ങൾ' എന്ന സിനിമ സംസാരശേഷിയും കേൾവിശക്തിയും ഇല്ലാത്ത ലക്ഷ്മി എന്ന കഥാപാത്രത്തിന്റെ ഏകപക്ഷീയമായ മൂകപ്രണയത്തെ കയ്യടക്ക ത്തോടെ അടയാളപ്പെടുത്തി. ''കേവല മർത്യഭാഷ കേൾക്കാത്ത'' എന്ന ഗാനത്തിലും ''ആരെയും ഭാവഗായകനാക്കും'' എന്ന ഗാനത്തിലും ലക്ഷ്മി എന്ന കഥാപാത്രത്തിനും അവളുടെ പ്രണയാഭിനിവേശ ത്തിനും കൂടുതൽ പുനർവായനയ്ക്കുള്ള സാധ്യത ചലച്ചിത്രം മുന്നോട്ട് വയ്ക്കുന്നു. 1986-ൽത്തന്നെ പുറത്തിറങ്ങിയ 'നിന്നിഷ്ടം എന്നിഷ്ടം' എന്ന സിനിമ കാഴ്ചശേഷി ഇല്ലാത്ത നായികയെ അവതരിപ്പിച്ചുവെ ങ്കിലും യുക്തിരാഹിത്യം ആണ് ആ ചിത്രത്തിന്റെ ആകെത്തുക. അതി വൈകാരികത ആവോളം ചേർത്ത് ഭിന്നശേഷിയെ ആവിഷ്കരിക്കുന്ന കീഴ്വഴക്കം ഈ ചലച്ചിത്രം തുടങ്ങി വച്ചു. 1988-ൽ റിലീസ് ആയ 'ധ്വനി' എന്ന സിനിമയിൽശോഭന സംസാരശേഷി ഇല്ലാത്ത 'ദേവി'

എന്ന കഥാപാത്രത്തെ അവതരിപ്പിച്ചു. അതിൽ ശബരി എന്ന ജയറാം അവതരിപ്പിച്ച കഥാപാത്രം അവളെ പ്രണയിക്കുകയും സങ്കല്പങ്ങൾ നെയ്യുകയും നായിക തനിക്ക് വേണ്ടി പാടുന്നതായി സ്വപ്നം കാണു കയും ചെയ്യുന്നുണ്ട്. എന്നാൽ, വിവാഹം കഴിക്കാൻ സമ്മതമാണോ എന്ന് ചോദിക്കുമ്പോൾ മാത്രമാണ് നായിക ഊമയാണെന്ന് നായകൻ തിരിച്ചറിയുന്നത്. ഇതിന് സമാനമായ രംഗം വർഷങ്ങൾക്കിപ്പുറം 'കമ്മത്ത് ആന്റ് കമ്മത്ത്' എന്ന സിനിമയിലും കാണാം. മലയാള സിനി മയിൽ നായികമാർ അധികം സംസാരിക്കാത്തത് കൊണ്ടാകണം സ്വാഭാവികമായും നായക കഥാപാത്രങ്ങൾ അങ്ങനെ കരുതിയത് എന്നതിനപ്പുറം മറ്റൊരു ന്യായം ഈ യുക്തിരഹിത പ്രണയരംഗ ങ്ങൾക്ക് ഇല്ല.

1991–ൽ ഭരതന്റെ 'കേളി'യാണ് ഒരു ഭിന്നശേഷി കഥാപാത്ര ത്തിന്റെ പ്രണയത്തെ കാല്പനികതയ്ക്കപ്പുറം നീതിപൂർവ്വമായി അവതരിപ്പിച്ചത്. ഓരോ രംഗങ്ങളിലും നിറഞ്ഞു നിൽക്കുന്ന രതൻ ടച്ച്, ഭിന്നശേഷി കഥാപാത്രങ്ങളെ കുറിച്ച് ഓർക്കുമ്പോൾ ഓരോ മലയാളിയും ആദ്യം ഓർക്കുന്ന സിനിമയാക്കി മാറ്റി. ആവശ്യ ത്തിന്റേയോ അനുകമ്പയുടെയോ പേരിൽ അല്ല, സ്വാഭാവികമായി മാത്രമേ പ്രണയം ഉണ്ടാവുകയുള്ളൂ എന്ന അടയാളപ്പെടുത്തൽ ആണ് ഈ ചലച്ചിത്രം. സിനിമയുടെ തുടക്കത്തിൽ ഗോവിന്ദൻകുട്ടി എന്ന വികലാംഗനായ നായകന്, ലാസർ മുതലാളി ഒരു 'പൊയ്ക്കാൽ' നൽകുന്നു. പിന്നീട് അപ്പൂട്ടിയുടെ മർദ്ദനമേറ്റ് ആ പൊയ്ക്കാൽ ഇളകി പ്പോകുമ്പോൾ അയാളുടെ കടയിൽ സ്ഥിരം വരാറുള്ള ശ്രീദേവി ടീച്ചർ വന്നു താങ്ങി എഴുന്നേൽപ്പിക്കുന്നതാണ് സിനിമയിലെ ഏറ്റവും മനോഹരമായ രംഗം. ഭരതന്റെ ക്യാമറ അവരുടെ കാലുകളിലേക്ക് പോകുന്നു. ഗോവിന്ദൻകുട്ടിയുടെ മറുകാൽ ആയി ശ്രീദേവി ടീച്ചർ മാറുന്നു എന്ന പ്രണയത്തിന്റെ പാരസ്പര്യം ഒരൊറ്റ രംഗംകൊണ്ട് ഭരതൻ കാണിക്കുന്നു. വർഷങ്ങൾക്കിപ്പുറം അഞ്ജലി മേനോന് ഇത് പറയാൻ ഒരു ഡയലോഗ് വേണ്ടിവന്നു. ഭരതന് ഇത്തരം പ്രകടന പരതകളുടെ ആവശ്യമില്ല എന്നത് സിനിമയുടെ പരിണാമഗുപ്തിയിൽ

കാണാൻ സാധിക്കും. തന്റെ പൊയ്ക്കാൽ പുഴയിലേക്ക് വലിച്ചെറിയുന്ന ഗോവിന്ദൻകുട്ടി, തൊട്ടടുത്ത രംഗം അവരുടെ വിവാഹം. അതുകൊണ്ടുതന്നെപ്രണയചിത്രീകരണത്തിൽ കലാപരമായും മനുഷ്യത്വപരമായും ഉന്നത നിലവാരം പുലർത്തിയ സിനിമയാണ് 'കേളി'.

ആഗോളവൽക്കരണം മലയാളസിനിമയിലും വലിയ മാറ്റങ്ങൾ സൃഷ്ടിച്ചു. വിനയൻ എന്ന സംവിധായകൻ തന്റെ ഒന്നിലധികം സിനിമകളിൽ ഭിന്നശേഷി കഥാപാത്രങ്ങളെയും അവരുടെ പ്രണയത്തെയും അവതരിപ്പിച്ചു, പക്ഷേ അതൊന്നും നീതിപൂർവ്വമുള്ള ആവിഷ്കാരങ്ങൾ ആയിരുന്നില്ല. ചൊടിപ്പിക്കുന്ന അതിവൈകാരികതയും കണ്ണീരും നിറച്ചു ഭിന്നശേഷി = കണ്ണീർ എന്ന സമവാക്യം സൃഷ്ടിച്ചു ആ അവസ്ഥകളെ വിപണിയിൽ വിൽക്കുകയായിരുന്നു അദ്ദേഹം. 'രാക്ഷസരാജാവ്' എന്ന സിനിമയിൽ ഇതിനുവേണ്ടി പ്രത്യേകമായി ഒരു ഗാനരംഗം തന്നെ അദ്ദേഹം ചിത്രീകരിച്ചു. 'ഊമപ്പെണ്ണിന് ഉരിയാടാപ്പയ്യൻ', 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും' പോലുള്ള സിനിമകളിൽ ഭിന്നശേഷി ഉള്ള മനുഷ്യർക്ക് അങ്ങനെ ഉള്ള ഇണകൾ മതി എന്ന പൊതുബോധനിർമ്മിതി ഊട്ടി ഉറപ്പിക്കുന്ന നിലയിൽ ഭിന്നശേഷി കഥാപാത്രങ്ങളുടെ പ്രണയത്തെ ആവിഷ്കരിച്ചു. അതിനപ്പുറം ഒരു തെരഞ്ഞെടുപ്പ് അവർക്ക് അദ്ദേഹം നൽകിയില്ല.

2010-ൽ റിലീസ് ആയ ശ്രീനിവാസൻ പ്രധാന കഥാപാത്രമായി വന്ന 'ആത്മകഥ'എന്ന സിനിമ കൊച്ചു, മേരി എന്നീ കാഴ്ചശേഷിയില്ലാത്ത കഥാപാത്രങ്ങളുടെ പ്രണയത്തെ മനോഹരമായി അവതരിപ്പിച്ചു. പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്ന നിലയിലാണ് കഥാപാത്ര സൃഷ്ടി എങ്കിൽപോലും അവരുടെ പാരസ്പര്യത്തിന്റെ ഭംഗി ആ സിനിമയിൽ കാണാം. മേരി, തലേ ദിവസം ഒഴിച്ച്വച്ച മെഴുകുതിരിപ്പെട്ടിയിൽ ചെമ്പകപ്പൂവുകൾ വച്ചുകൊണ്ടാണ് കൊച്ചു തന്റെ പ്രണയം പ്രകാശിപ്പിക്കുന്നത്. അതിന്റെ ഗന്ധം ആണ് അവരുടെ പ്രണയത്തിന്റെ ഹംസം. കാഴ്ചയ്ക്കപ്പുറം പ്രണയത്തിന്റെ സ്പർശവും ഗന്ധവും ആ സിനിമയിൽ ഉടനീളം കാണാം.

2014-ൽ അഞ്ജലി മേനോൻ സംവിധാനം ചെയ്ത 'ബാംഗ്ലൂർ ഡേയ്സ്' എന്ന സിനിമയുടെ മൂന്ന് പ്ലോട്ടുകളിൽ ഒന്നിൽ ഭിന്ന ശേഷിയെ വളരെ വിധായകമായ (positive) നിലയിൽ സമീപിച്ചു. അർജ്ജുൻ എന്ന നായകനും സാറാ എലിസബത്ത് എന്ന അരയ്ക്ക് കീഴെ തളർന്ന (Paraplegic) കഥാപാത്രവും തമ്മിലുള്ള പ്രണയത്തിലൂടെ മുഖ്യധാരാസിനിമയുടെ എല്ലാ വാർപ്പ്മാതൃകകളെയും പൊളിച്ചുകളഞ്ഞു. ഭിന്നശേഷിയുള്ളകഥാപാത്രത്തിന്റെ പ്രണയത്തിന് ഏറെ ആഘോഷിക്കപ്പെട്ട ഒരു ചലച്ചിത്രഭാഷ്യമൊരുക്കാൻ അഞ്ജലി മേനോന് സാധിച്ചു. കണ്ണീരും അതിവൈകാരികതയും ഇല്ലാത്ത ഒരു കഥാപാത്രമാണ് റേഡിയോ ജോക്കി ആയ സാറ. സിനിമയിൽ അർജ്ജുൻ നിരീക്ഷിക്കുന്ന സാറയെയാണ് പ്രേക്ഷകർ ആദ്യം കാണുന്നത്. അവർക്കിടയിലെ പാരസ്പര്യമാണ് ആ പ്രണയത്തിന്റെ പൂർണ്ണത. ജീവിതത്തിൽ നിന്ന് എപ്പോഴും ഓടിക്കൊണ്ടേയിരിക്കുന്ന അർജ്ജുൻ എന്ന അതിവേഗ ബൈക്കർ ആയ യുവാവും, മെല്ലെ മാത്രം മുന്നോട്ട് പോകുന്ന യുവതിയും തമ്മിൽ ഉള്ള ബന്ധമാണത്. അർജ്ജുൻ ആദ്യം സാറയെ കേൾക്കുന്നതും അതുപോലൊരു പാച്ചിലിന്റെ ഇടയിലാണ്. അവൻ അവന്റെ ആവേഗത അവൾക്കുവേണ്ടി സാവധാനം ആക്കുമ്പോൾ ആണ് അവരുടെ പ്രണയം പൂർണ്ണമാകുന്നത്.

"നിന്റെ ഒപ്പം നടക്കാൻ ആണ് എനിക്കിഷ്ടം" എന്ന് സാറയോട് അർജ്ജുൻ പറയുമ്പോൾ അത് ഒരുപാട് മാനങ്ങൾ ഉൾക്കൊള്ളുന്നു. "ഏതു കരിരാവിലും..." എന്ന ഗാനരംഗത്തിലുടനീളം അവർക്കിടയിൽ സമാനമായുള്ള താല്പര്യങ്ങളും അവർ നടത്തുന്ന സംവാദങ്ങളും ഉണ്ട്. പ്രണയം സ്വാഭാവികമായി പിറക്കുന്നതാണെന്നും, പ്രണയത്തിൽ ഭിന്നശേഷി കഥാപാത്രങ്ങൾക്കും തെരഞ്ഞെടുപ്പിനുള്ള സ്വാതന്ത്ര്യമുണ്ടെന്നും 'ബാംഗ്ലൂർ ഡേയ്സ്' അടയാളപ്പെടുത്തുന്നു. സുന്ദരനായ ഒരു യുവാവ് പ്രണയാഭ്യർത്ഥന നടത്തുന്ന നിമിഷം തന്നെ തന്റെ ഭാഗ്യമെന്ന് കരുതി അയാളെ തെരഞ്ഞെടുക്കുന്ന ഒരുവളല്ല സാറ, അർജ്ജുന്റെ ജീവിതത്തിന്റെ വേഗതാളത്തെ നിയന്ത്രിക്കാൻ പോന്ന സ്നേഹം അവൾ കൊടുക്കുന്നു. ഗാനരംഗത്തിൽ ഹെൽമെറ്റ് ധരിച്ച് അവളുടെ വീൽ ചെയറിൽ ഇരുന്ന് സഞ്ചരിക്കുന്ന അർജ്ജുനെ

കാണിച്ചുകൊണ്ട് സംവിധായിക അടയാളപ്പെടുത്തുന്നത് എല്ലാ ഭിന്നശേഷിയെയും അതിലംഘിക്കുന്ന സ്നേഹത്തിനെയാണ്.

2019-ൽ ഗീതു മോഹൻദാസ് സംവിധാനം ചെയ്ത 'മൂത്തോൻ' എന്ന ചലചിത്രത്തിലെ അമീർ എന്ന ഭിന്നശേഷിയുള്ള സ്വവർഗ്ഗ പ്രണയിയായ കഥാപാത്രം മലയാളസിനിമയിലെതന്നെ ശക്തമായ ഒരു പ്രതിനിധാനമാണ്. അമീറും അക്ബറും ആദ്യം കാണുമ്പോൾ തന്നെ അവർക്കിടയിലെ പ്രണയം തിരിച്ചറിയുന്നു. പരസ്പരം തിരിച്ചറിയുന്ന-സ്നേഹത്തിലായ രണ്ട് മനുഷ്യരെ മുൻവിധികളില്ലാതെ കാണിച്ചു എന്നത് പ്രാധാന്യമർഹിക്കുന്നു. രാഷ്ട്രീയമായും കലാപരമായും ഉന്നത നിലവാരം പുലർത്തുന്ന ഒരു സിനിമ കൂടിയാണത്. മലയാള സിനിമയിൽ വിപ്ലവാത്മകമായ പല മാറ്റങ്ങളും കൊണ്ടുവരാൻ കഴിഞ്ഞ സിനിമ എന്ന നിലയിൽ കൂടി ആ ചിത്രത്തിന് സിനിമാ ചരിത്രത്തിൽസ്ഥാനമുണ്ടാകും. ഭിന്നശേഷിയുള്ള മനുഷ്യരുടെ ഹൃദയ വികാരങ്ങളെ മനോഹരമായി ചിത്രീകരിക്കുന്നതിലും സിനിമ നീതി പുലർത്തിയിട്ടുണ്ട്.

2019-ൽ ഒരു പഴയ ബോംബ് കഥ പോലുള്ള ഭിന്നശേഷിയുള്ള ഒരു നടൻ നായകനായി എത്തിയ ചലച്ചിത്രമടക്കം ഇനിയും ഒരുപാട് സിനിമകൾ ഭിന്നശേഷി കഥാപാത്രങ്ങളുടെ പ്രണയം അഭ്രപാളിയിൽ അടയാളപ്പെടുത്തുന്നുണ്ടെങ്കിലും മുഖ്യധാരയിൽ ഏറെ ചർച്ചചെയ്യപ്പെട്ടവ വളരെ കുറവാണ്. ദിലീപ് ചെയ്ത ഭിന്നശേഷി കഥാപാത്രങ്ങളുടെ പ്രണയവും 'ഗുരു' എന്ന രാജീവ് അഞ്ചൽ സിനിമയുമൊക്കെ ആ വിഷയം കൈകാര്യം ചെയ്തു എങ്കിലും വലിയ നിലയിൽ ഭിന്നശേഷി വിരുദ്ധമായ പ്രവണതകളും പൊതുബോധങ്ങളും ആ സിനിമകൾ മുന്നോട്ടുവെച്ചു. ദിലീപ് സിനിമകൾ ഭിന്നശേഷിയെ ക്രൂരമായ തമാശകൾകൊണ്ട് അടയാളപ്പെടുത്തിയപ്പോൾ 'ഗുരു' അന്ധത എന്ന അവസ്ഥയെ മതാന്ധതയിലേക്ക് ചേർത്ത് വച്ചു. കാഴ്ചയാകട്ടെ, ആൾ ദൈവത്തിന്റെ ചെരുപ്പ് തൊടുമ്പോൾ കിട്ടുന്ന ഉൾക്കാഴ്ച ആണെന്നും സ്ഥാപിച്ചു.

മലയാളസിനിമയിൽ ഭിന്നശേഷി കഥാപാത്രത്തെ പ്രണയിക്കുന്ന ഭിന്നശേഷിയില്ലാത്ത കഥാപാത്രങ്ങൾ എത്തുന്ന സിനിമകളിൽ ആ പ്രണയത്തെ മാംസനിബന്ധമല്ലാതാക്കാൻ വേണ്ടി ഭിന്നശേഷി കഥാപാത്രങ്ങൾക്ക് വലിയ തോതിൽ കലാനിപുണതയോ പ്രതിഭയുടെ ധാരാളിത്തമോ കൊടുക്കുന്നു. കാവ്യമേളയിൽ തുടങ്ങി 'ധ്വനി' യിലും 'ദേവദൂതനിലും' അടക്കം ഈ രീതിയിൽ ഉള്ള ഒരു വാർപ്പ് മാതൃക കാണാം. 'Art Is the Sublimination of Sex' എന്നാണ് കലയെക്കുറിച്ച് സിഗ്മണ്ട് ഫ്രോയിഡ് പറഞ്ഞത്. സെക്സിന്റെ ഉദാത്തവൽക്കരണമായി കൂടി കലയെ കാണാൻ സാധിക്കും. അല്ലെങ്കിൽ അങ്ങനെ ഒരു വായന കൂടി കലയിൽ സാധ്യമാണ്. മലയാളസിനിമ മനുഷ്യരുടെ തരളവികാരങ്ങളെയും രതിയെയും അടയാളപ്പെടുത്തുന്നതിൽ പലപ്പോഴും ഉന്നത നിലവാരം പുലർത്തിയിരുന്നു. എന്നാൽ പോലും ലൈംഗികതയുടെ ആവിഷ്കാരത്തിൽ പൊതുബോധം കൂടുതൽ കൈകടത്തുന്ന പ്രവണതയും മലയാള സിനിമാസ്വാദന ചരിത്രത്തിൽ കാണാൻ സാധിക്കും.

ഭിന്നശേഷിയുള്ള കഥാപാത്രങ്ങളുടെ അടയാളപ്പെടുത്തലിലും പ്രതിനിധാനത്തിലും നീതി പുലർത്താൻ സാധിക്കാത്ത മലയാള സിനിമ സ്വാഭാവികമായും അത്തരം കഥാപാത്രങ്ങളിലൂടെ അവരുടെ ലൈംഗികതയെ ആവിഷ്കരിക്കാൻ ഒരിക്കൽ പോലും ശ്രമിച്ചില്ല. വളരെക്കുറച്ചു ചിത്രങ്ങൾ മാത്രമാണ് കുറഞ്ഞ പക്ഷം അതിനുള്ള സാധ്യതകൾ എങ്കിലും പ്രേക്ഷകന് നൽകിയത്. ഭിന്നശേഷി കഥാപാത്രങ്ങൾ പ്രണയത്തിലും ലൈംഗികതയിലും തെരഞ്ഞെടുപ്പുകൾ ഇല്ലാത്തവരാണ് എന്ന നിലയിലുള്ള ആവിഷ്കാരങ്ങളാണ് അധികവും ഉണ്ടായിട്ടുള്ളത്. Desexual അല്ലെങ്കിൽ Deeroticized (അപലൈംഗികവൽക്കരണം എന്നോ നിർരതിവൽക്കരണം എന്നോ പരിഭാഷ നൽകാം) ആയ അവസ്ഥയിലാണ് മലയാള സിനിമ ഒരു വലിയ വിഭാഗം മനുഷ്യരെ സിനിമയിൽ ആവിഷ്കരിച്ചത്. അതുകൊണ്ടു തന്നെ സമൂഹത്തിൽ അവരുടെ ലൈംഗികതയെകുറിച്ച് തെറ്റായ പൊതുബോധങ്ങൾ സൃഷ്ടിക്കപ്പെട്ടു; അത്തരം വിഷയങ്ങൾ ഒരിക്കലും ചർച്ച ചെയ്യപ്പെട്ടതുമില്ല. 2019-ൽ റാം സംവിധാനം ചെയ്ത മമ്മൂട്ടി

പ്രധാന കഥാപാത്രം ആയി വന്ന തമിഴ് ചിത്രമായ 'പേരൻപ്' എന്ന ചിത്രം വലിയ ചർച്ച ആയപ്പോൾ മാത്രമാണ് ഭിന്നശേഷിയുള്ള മനുഷ്യരുടെ ലൈംഗികതയെക്കുറിച്ച് മലയാളികൾ സംസാരിച്ചു തുടങ്ങിയതുപോലും.

മലയാളത്തിൽ വളരെ കുറച്ചു സിനിമകൾ മാത്രമാണ് ഭിന്നശേഷിയുള്ള മനുഷ്യരുടെ ലൈംഗികതയെയും ലൈംഗിക ജീവിതത്തെയും ആഖ്യാനം ചെയ്തത്. 1980-ൽ പുറത്ത് വന്ന കെ.ജി. ജോർജ്ജ് ചിത്രമായ 'മേള'യാണ് അതിൽ ഏറ്റവും ആദ്യത്തെ നീതിയുള്ള ആവിഷ്കാരം. പൊക്കം കുറഞ്ഞ ഗോവിന്ദൻകുട്ടി എന്ന സർക്കസ് നടന്റെ ജീവിതം ആയിരുന്നു മേളയിലെ പ്രമേയം. ഭിന്നശേഷിയുള്ള മനുഷ്യരുടെ സാമൂഹ്യജീവിതവും വ്യക്തിജീവിതവും സിനിമ കാണിക്കുന്നു. സ്വന്തം ഇണയെ തെരഞ്ഞെടുക്കാൻ ഗോവിന്ദൻകുട്ടിക്ക് സാധിക്കുന്നു. സുഹാസിനി എന്ന പെൺകുട്ടിയുടെ വിവാഹാലോചന വേണ്ടെന്നു വെച്ച് ശാരദയെ അയാൾ വിവാഹം ചെയ്യുന്നു. തങ്ങൾക്കും ഇഷ്ടാനിഷ്ടങ്ങൾ ഉണ്ടെന്നുള്ള പ്രഖ്യാപനമാണ് ഗോവിന്ദൻകുട്ടിയുടെ തീരുമാനം. ശാരദയോടുള്ള അയാളുടെ പ്രണയവും ലൈംഗികതയും സിനിമയിൽ കാണാം. ശാരദ കുളക്കടവിൽ നിൽക്കുമ്പോൾ ഗോവിന്ദൻകുട്ടി അവളെ കാണാൻ എത്തുകയും അവളെ മസൃണമായി നിരീക്ഷിക്കുകയും ചെയ്യുന്ന ഗാനരംഗവും അവരുടെ ആദ്യരാത്രി രംഗവും ആണ് ലൈംഗികതയില്ലാത്ത മനുഷ്യരാണ് ഭിന്നശേഷിയുള്ളവർ എന്ന പൊതുബോധ നിർമ്മിതിയെ ഉടച്ചു വാർത്ത ആവിഷ്കാരങ്ങൾ, പക്ഷേ അതിനൊരു തുടർച്ച മലയാള സിനിമയിൽ ഉണ്ടായില്ല.

വിവാഹശേഷം ശാരദയ്ക്കോപ്പം തന്റെ സർക്കസിലേക്ക് മടങ്ങി എത്തുന്ന ഗോവിന്ദൻകുട്ടി കൂടുതൽ പ്രതിസന്ധികൾ നേരിടുന്നു. മമ്മൂട്ടി അവതരിപ്പിച്ച വിജയൻ എന്ന ബൈക്കർ കഥാപാത്രവുമായുള്ള ശാരദയുടെ അടുപ്പം ഗോവിന്ദൻകുട്ടിയെ അസ്വസ്ഥനാക്കുന്നു. എല്ലാവർക്കും ഒപ്പം ശാരദയും തന്നെ കളിയാക്കുന്ന രാത്രി അയാൾ പറയുന്ന: "നീയും എന്നെ കളിയാക്കുന്നത് എനിക്ക് സഹിക്കാൻ ആകില്ല" എന്ന ഡയലോഗ് ആണ് അയാളുടെ അപകർഷതയുടെ

അടയാളപ്പെടുത്തൽ. സ്നേഹമില്ലാത്ത രതി മാത്രമേ ശാരദയ്ക്ക് തന്നോടുള്ളൂ എന്ന തിരിച്ചറിവ് അയാളെ തളർത്തുകയും വിജയനുമായുള്ള ബന്ധത്തെ സംശയിക്കുകയും ചെയ്യുന്ന നിലയിൽ മനസ്സ് എത്തിച്ചേരുകയും ചെയ്യുന്നു. ലൈംഗിക അപകർഷതയാണ് ഗോവിന്ദൻകുട്ടിയെ സംശയരോഗത്തിന് അടിമയാക്കുന്നത്. തന്റെ Pathological Jealousyയിൽ നിന്ന് ഗോവിന്ദൻകുട്ടിക്ക് രക്ഷപ്പെടാൻ ആകുന്നില്ല. ലൈംഗിക അപകർഷതയിലേക്ക് അയാളെ എത്തിക്കുന്നത് സമൂഹമാണ്. ഭിന്നശേഷിയുള്ള ഒരു കഥാപാത്രത്തിന്റെ വൈകാരിക ശരീരിക-ലൈംഗിക അവസ്ഥകളെ ഗൗരവത്തോടെ കെ.ജി. ജോർജ്ജ് സമീപിച്ച മറ്റൊരു ചിത്രമായിരുന്നൂ 'മേള.'

1986-ൽ പുറത്തു വന്ന എം.ടി. രചനയും ഹരിഹരൻ സംവിധാനവും നിർവ്വഹിച്ച 'നഖക്ഷതങ്ങൾ' എന്ന സിനിമ മൂകയും ബധിരയുമായ ലക്ഷ്മി എന്ന കഥാപാത്രത്തെ അവതരിപ്പിക്കുന്നു. അസാധ്യമായ കഴിവുകൾ പ്രകടിപ്പിക്കുന്ന ഒരു പെൺകുട്ടിയാണ് അവൾ, അമ്മയില്ലാതെ വളർന്നവൾ. ലൈംഗികതയെക്കുറിച്ചും വികാരങ്ങളെക്കുറിച്ചും കൃത്യമായ ബോധ്യമുള്ള ഒരു കഥാപാത്രസൃഷ്ടിയായിരുന്നു ലക്ഷ്മി. ''ഗൗരി ആണ് എന്റെ നാവ്'' എന്ന് ഒരിക്കൽ ലക്ഷ്മി രാമുവിനെ എഴുതിക്കാണിക്കുന്നുണ്ട്. പക്ഷേ തന്റെ പ്രണയം അവൾ രാമുവിനോട് പറയുന്നത് യാതൊരു സങ്കോചവും കൂടാതെ അവന് ഉമ്മ കൊടുത്തുകൊണ്ടാണ്. യാതൊരു സദാചാരബോധവും പ്രണയത്തിന്റെയും ലൈംഗികതയുടെയും പ്രകാശനത്തിൽ അവളെ തടുക്കുന്നില്ല. അതിനു കാരണവും സിനിമയിലുണ്ട്. പബ്ലിക് ലൈബ്രറിയിൽ നിന്ന് ഒരു പുസ്തകം ലക്ഷ്മി തെരഞ്ഞു കണ്ടുപിടിച്ചു വായിക്കുന്നത് രാമു നിരീക്ഷിക്കുന്നു. അത് JudyBlume എന്ന അമേരിക്കൻ എഴുത്തുകാരിയുടെ Smart Women (1983) എന്ന നോവലാണ്. Judy Blumeന്റെ പുസ്തകങ്ങൾ രതിയുടെയും ലൈംഗികതയുടെയും സ്വയംഭോഗത്തെയും കുറിച്ചുള്ള തുറന്നു പറച്ചിൽകൊണ്ട് യുവാക്കളായ വായനക്കാരെ ആകർഷിക്കുകയും ഏറെ വിവാദം സൃഷ്ടിക്കപ്പെട്ടവയുമാണ്. Judy Blumes തെരഞ്ഞുപിടിച്ചു വായിക്കുന്ന കൗമാരക്കാരിയാണ് ലക്ഷ്മി എന്നത് ആ കഥാപാത്രത്തിന്റെ വ്യക്തിത്വത്തിന്റെ തെളിവാണ്.

“ആരെയും ഭാവ ഗായകനാക്കും...” എന്ന ഗാനം അതുവരെ കണ്ട കാഴ്ചകളെയും പ്രകൃതിയെയും പ്രണയമുണ്ടായ ശേഷം അവൾ കാണുന്ന രീതി കാണിച്ചു തരുന്നു. “മൂടിവച്ച നിഗൂഢഭാവങ്ങൾ പൂക്കളായ് ശലഭങ്ങളായ്...” എന്ന വരികൾ ഒരു ചുംബനത്തിലൂടെ അവൾ ഉണർത്തിയ തരള ഭാവങ്ങളുടെ അലകളാണ്. ലൈംഗികവാഞ്ഛയുള്ള പ്രണയം ആണ് ലക്ഷ്മിക്ക് രാമുവിനോട് തോന്നിയത് എന്നും ആ ഗാനത്തിൽ ബോധ്യപ്പെടുത്തുന്നു. വളരെ subtle ആയും ഗൗരവ പൂർവ്വവും സൃഷ്ടിക്കപ്പെട്ട കഥാപാത്രം ആയിരുന്നു ലക്ഷ്മി. അത്തരം സാധ്യതകൾ നൽകിയ ഭിന്നശേഷിയുള്ള കഥാപാത്രങ്ങൾ പിന്നീട് മലയാള സിനിമയിൽ തന്നെ ഉണ്ടായിട്ടില്ല.

‘ദേവദൂതൻ’ എന്ന സിനിമയിൽ കാമുകിക്കൊപ്പം നടക്കുമ്പോൾ ഓരോ പുതിയ കാഴ്ചകളും അവൾ വിവരിക്കുമ്പോൾ ഉള്ള അയാളുടെ സ്പർശനത്തിലെ ത്രസിക്കലുകൾ അലീന ഉടൽകൊണ്ട് തിരിച്ചറിയുന്നുണ്ട്. നിഖിൽ മഹേശ്വർ എന്ന അന്ധനായ ഗായകന്റെ തൃഷ്ണകളുടെ കൂടെ പ്രകാശനമായി അതിനെ വായിക്കാം. വർഷങ്ങളോളം അയാളെ മാത്രം ഓർത്തു കാത്തിരിക്കാൻപോന്നവണ്ണം ഉള്ള പ്രണയത്തിന്റെ-രതിയുടെ സ്പർശനങ്ങൾ അലീനയുടെ ആ വെളിപ്പെടുത്തലിൽ കാണാം.

2003-ൽ റിലീസ് ചെയ്ത വി.കെ.പ്രകാശ് സംവിധാനം ചെയ്ത ‘മുല്ലവള്ളിയും തേൻമാവും’എന്ന സിനിമയിലെ ഡോക്ടർ അലക്സ് എന്ന കഥാപാത്രം കാർ ആക്സിഡന്റിൽ ഒരു കാൽ നഷ്ടപ്പെട്ട വ്യക്തിയാണ്. ആലീസ് എന്ന ഭാര്യയുമായുള്ള അദ്ദേഹത്തിന്റെ സംതൃപ്തമായ ലൈംഗിക ജീവിതം സിനിമ കാണിക്കുന്നു. പ്രണയവും ലൈംഗികതയും ഏത് അവസ്ഥയിലും നഷ്ടമാകില്ല എന്ന യാഥാർഥ്യം അലക്സ് എന്ന കഥാപാത്രത്തിലൂടെ സിനിമ പ്രേക്ഷകരോടു പറയുന്നു. ഭിന്നശേഷിയോടുകൂടിയ അപൂർവ്വം ചില നീതിപൂർവ കഥാപാത്രങ്ങൾക്കുള്ള ഉദാഹരണം ആണ് ഡോക്ടർ അലക്സ്.

2011-ൽ വി.കെ. പ്രകാശ് തന്നെ സംവിധാനം ചെയ്ത മറ്റൊരു സിനിമ ആണ് ‘ബ്യൂട്ടിഫുൾ’. Paraplegic എന്ന ആശയത്തിൽനിന്ന്

അനൂപ് മേനോൻ തിരക്കഥ തയാറാക്കിയ ആ സിനിമ, സ്റ്റീഫൻ എന്ന കഥാപാത്രത്തിന്റെ ലൈംഗിക ജീവിതം ആവിഷ്കരിക്കുന്നു. മലയാള ത്തിൽ വ്യക്തമായും കൃത്യമായും ഭിന്നശേഷിയുള്ള മനുഷ്യരുടെ ലൈംഗികജീവിതം മുഖ്യധാരയിൽ എത്തിച്ച സിനിമയാണ് ബ്യൂട്ടി ഫുൾ. പണമില്ലാത്തപ്പോൾ ഭക്ഷണം പ്രശ്നമാകുന്നു. പണമുള്ളപ്പോൾ സെക്സ് പ്രശ്നമാകുന്നു എന്ന ഡോൺലെവിയുടെ വചനം പോലെ യാണ് സ്റ്റീഫന്റെ ജീവിതം. അയാൾ ധനികനാണ്. രതിയോടുള്ള അയാളുടെ താല്പര്യം സുന്ദരിയായ സ്ത്രീയെ മതി തനിക്കു സഹായി ആയി എന്ന തീരുമാനം മുതൽ കാണാം. തന്റെ 'സഖി' ആകാൻ വരുന്ന സ്ത്രീകളിൽ നിന്ന് കന്യക എന്ന യുവതിയെ തെരഞ്ഞെടുക്കുന്നതു തന്നെ അവളുടെ ഉടലഴകിൽ ആകർഷണം തോന്നിയതുകൊണ്ടാണ്.

ഗന്ധങ്ങൾ സ്റ്റീഫനെ ഉന്മത്തനാക്കുന്ന ഒന്നാണ്. തനിക്ക് ചുറ്റുമുള്ള സ്ത്രീകളുടെ ഗന്ധങ്ങൾ അയാൾ അതിവേഗം തിരിച്ചറി യുന്നു. ചികിത്സയ്ക്ക് വരുന്ന ലേഡി ഡോക്ടറിനോട് അയാൾ കൊഞ്ചി ത്തുടങ്ങുന്നത് അവരുടെ സുഗന്ധത്തെക്കുറിച്ച് പറഞ്ഞാണ്. കന്യക യോടും അയാൾ അവളുടെ സുഗന്ധമുള്ള വിയർപ്പ് ഗന്ധത്തെക്കുറിച്ച് പറയുന്നു. ഇതെല്ലാം സ്റ്റീഫൻ എന്ന മനുഷ്യന്റെ ലൈംഗിക തൃഷ്ണ കളുടെ പ്രകടനങ്ങളാണ്. ഐശ്വര്യ റായിയുടെ അഴകളവുകളെ കുറിച്ച് പറയുന്ന- രാജശില്പി യിലെ ഗാനരംഗം ആസ്വദിക്കുന്ന സ്റ്റീഫൻ എന്നകഥാപാത്രം desexual ആയി അതുവരെ കാണിച്ച മുഖ്യധാരാ ഭിന്നശേഷി കഥാപാത്രസൃഷ്ടികളുടെ ധീരമായ പൊളിച്ചെഴുത്താണ്. ഭിന്നശേഷിയുള്ള ഒരു കഥാപാത്രത്തിന്റെ വിധായകമായ ആവിഷ്കാ രമാണ് 'ബ്യൂട്ടിഫുൾ' എന്ന ചലച്ചിത്രം നിർവ്വഹിച്ചത്.

2013-ൽ റിലീസ് ആയ 'ബ്രേക്കിങ്ങ് ന്യൂസ് ലൈവ്' എന്ന സിനിമ ട്രെയിനിൽ ഒരു പെൺകുട്ടിയെ ഉപദ്രവിക്കാൻ ശ്രമിക്കുന്ന വികലാം ഗനായ വില്ലൻ കഥാപാത്രത്തെ കാണിക്കുന്നു. ഈ സിനിമയ്ക്ക് ആസ്പദമായ സംഭവം കേരള മനഃസാക്ഷിയെ ഞെട്ടിച്ച ഒരു സംഭവമാ യിരുന്നു. ആ സമയത്ത് ഒട്ടേറെ ബലാത്സംഗ തമാശകൾ (Rape Jokes) സൃഷ്ടിച്ച ഒന്നായിരുന്നു ആ കേസിലെ പ്രതിയുടെ ഭിന്നശേഷി

അവസ്ഥ. ലൈംഗിക മൃഗതൃഷ്ണകൾക്ക് ഭിന്നശേഷി ഒരു പരിധിയല്ല എന്ന ആവിഷ്കാരവും 'ബ്രേക്കിങ്ങ് ന്യൂസ് ലൈവ്' എന്ന ചിത്രം കാണിക്കുന്നു. വിനയൻ സംവിധാനം ചെയ്ത 'യക്ഷിയും ഞാനും', 'വെള്ളിനക്ഷത്രം' തുടങ്ങിയ സിനിമകളിൽ വിടന്മാരായ ഭിന്നശേഷി കഥാപാത്രങ്ങളെ കാണിക്കുന്നുണ്ട്. ഇത്തരം സിനിമകളിൽ പക്ഷേ ഗൗരവം നിറഞ്ഞ നിലയിൽ ഒരു ആവിഷ്കാരം കാണാൻ സാധിക്കില്ല. കേവല പ്രാതിനിധ്യത്തിൽ അവ ഒതുങ്ങുന്നു.

2019-ൽ ഗീതു മോഹൻദാസിന്റെ 'മൂത്തോൻ' എന്ന ചലച്ചിത്രം സ്വവർഗ്ഗപ്രണയിയായ ഒരു ഭിന്നശേഷി കഥാപാത്രത്തിന്റെ ലൈംഗിക തയെയും അതിലെ തെരഞ്ഞെടുപ്പുകളെയും കൃത്യമായി പ്രേക്ഷകരി ലേക്ക് എത്തിക്കുന്നു. ആ സിനിമയിലെ ആവിഷ്കാരം ഭിന്നശേഷി ലൈംഗികതയെക്കുറിച്ച് മലയാളസിനിമയിൽ നിലനിൽക്കുന്ന മുൻ വിധികളെയെല്ലാം പൊളിച്ചെഴുതിയ ഒന്നാണ്. സമൂഹം ആ ലൈംഗിക തയെയും പ്രണയത്തെയും കൊല്ലുന്ന വിധം കൂടി സിനിമ മുൻവിധി കളില്ലാതെ കാണിച്ചിട്ടുള്ളതും കാണാം. ലൈംഗികത പാപം എന്ന് കരുതുന്ന പൊതുബോധം ഇന്നും നിലനിൽക്കുന്ന ഒരു പ്രേക്ഷകസമൂ ഹത്തെ കൂടുതൽ ചിന്തിപ്പിക്കുന്ന നിലയിൽ ഉള്ള ലൈംഗിക ആവി ഷ്കാരങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഭിന്നശേഷിയുള്ള കഥാപാത്രങ്ങളെ കേന്ദ്രമാക്കിയുള്ള മുഖ്യധാരാസിനിമകൾ പോലും മലയാളസിനിമ യിൽ അപൂർവമായി മാത്രം കാണാൻ സാധിക്കുന്ന ഒന്നാണ്. 'പേരൻപി'നൊപ്പം നിൽക്കുന്ന-അത്രയും സൂക്ഷ്മമായും ഗൗരവപൂർവ്വ മായും ശാരീരികപരിമിതികൾ ഉള്ള കഥാപാത്രങ്ങളുടെ ലൈംഗിക-സാമൂഹ്യ ജീവിതം ചിത്രീകരിക്കുന്ന-മറ്റൊരു സിനിമ മുന്നോട്ടുവെ യ്ക്കാൻ മലയാള സിനിമയ്ക്ക് ഇനിയും ആയിട്ടില്ല. ഭിന്നശേഷിയുള്ള മനുഷ്യർക്കും കഥാപാത്രങ്ങൾക്കും സെക്സ് നിഷേധിക്കുന്ന ഒരു സാമൂഹിക വഴക്കം തന്നെയാണ് ഇന്നും പൊതുസമൂഹവും മലയാള സിനിമാ സംസ്കാരവും പിന്തുടരുന്നത്.

**ഉപസംഹാരം**

പോപ്പുലർ ആർട്ട് പോലുള്ള ജനകീയകലകളെ സംബന്ധിച്ച മാർക്സിസ്റ്റു വീക്ഷണം അവ മുകളിൽനിന്ന് ചില ആശയങ്ങൾ അടിച്ചേൽപ്പിക്കുന്ന അധികാര രൂപങ്ങളാണ് എന്നാണ്. നൂറു വർഷത്തെ ചരിത്രം അവകാശപ്പെടാൻ സാധിക്കുന്ന മലയാള സിനിമയിലെ ഭിന്നശേഷി കഥാപാത്രങ്ങളുടെ പ്രണയം-ലൈംഗികത എന്നിവയുടെ ആവിഷ്കാരത്തിന്റെ അന്വേഷണം ആ വീക്ഷണം ശരിയാണ് എന്ന് അടിവരയിടുന്നു. സിനിമ, അതു ലക്ഷ്യം വയ്ക്കുന്ന വിപണിയുടെ പുറത്ത് നിൽക്കുന്ന മനുഷ്യരെയും അവരുടെ ജീവിത-സാമൂഹ്യ-വൈകാരിക അവസ്ഥകളെയും ഒരിക്കലും നീതിപൂർവ്വം ആവിഷ്കരിക്കുകയില്ല. ഭിന്നശേഷിയുള്ള മനുഷ്യർ സമൂഹത്തിൽ ഇല്ലാഞ്ഞിട്ടല്ല, അവർക്ക് പ്രണയവും ലൈംഗിക ആഗ്രഹങ്ങളും ഇല്ലാഞ്ഞിട്ടുമല്ല അത്തരം കഥാപാത്രങ്ങൾ സൃഷ്ടിക്കപ്പെടാത്തത്. അത്തരം മനുഷ്യരും അവരുടെ ജീവിതവും ഭൂരിപക്ഷ ആസ്വാദന പൊതുബോധത്തിനും സൗന്ദര്യബോധത്തിനും പുറത്ത് നിൽക്കുന്നതുകൊണ്ടാണ്. വേണ്ട നിലയിലുള്ള പ്രാതിനിധ്യമോ നീതിപൂർവ്വമുള്ള അടയാളപ്പെടുത്തലുകളോ ഇല്ല എന്ന് മാത്രമല്ല ആകാവുന്ന നിലയിൽ ഉള്ള വിരുദ്ധതകളും പൊതുബോധങ്ങളും ഒരു ബഹുജന മാധ്യമമെന്ന നിലയിൽ മലയാള സിനിമ മുന്നോട്ടുവെയ്ക്കുകയും ചെയ്തിട്ടുണ്ട്. വളരെ കുറച്ചു ചലച്ചിത്രങ്ങൾ മാത്രമേ അതിനപവാദമായിട്ടുള്ളൂ. ഭിന്നശേഷി കഥാപാത്രങ്ങളുടെ ആവിഷ്കാരങ്ങൾ കൂടുതൽ പഠിക്കപ്പെടണം. നിലവിലുള്ള സിനിമകളിലെ അത്തരം അടയാളപ്പെടുത്തലുകൾ കൂടുതൽ വിമർശനങ്ങളും പുനർവായനയും അർഹിക്കുന്നു.

*റഫറൻസ്*

1. www.wikipedia.com/malayalam movies.
2. Youtube Malayalam Movie Links

# വിക്ക്: വ്യക്തിയും സമൂഹവും - *സുസുസുധി വാത്മീകം* എന്ന ചലച്ചിത്രത്തെ ആസ്പദമാക്കിയുള്ള പഠനം

**ബീന ബി. ചന്ദ്രൻ**

**(ഗവേഷക, മലയാള വിഭാഗം,കാര്യവട്ടം കാമ്പസ്)**

ചലനവൈകല്യം, മസ്കുലർ ഡിസ്ട്രോഫി, ക്രോണിക് ന്യൂറോളജിക്കൽ ഡിസോർഡർ, മൾട്ടിപ്പിൾ സ്ക്ലീറോസിസ്, കൂന്, ഹ്രസ്വകായത്വം, അന്ധത, പഠനവൈകല്യം, സംസാരഭാഷാവൈകല്യം, ബുദ്ധിമാന്ദ്യം, മാനസികരോഗം, ഓട്ടിസം, കേൾവി ഇല്ലായ്മ, സെറിബ്രൽ പാൾസി, ഹീമോഫീലിയ, താലസിമിയ, അപസ്മാരം, ബധിരാന്ധത, ബഹുവൈകല്യം തുടങ്ങിയ ഇരുപത്തിരണ്ടുതരം അംഗപരിമിതികളിൽ സംഭാഷണവുമായി ബന്ധപ്പെട്ട വൈകല്യമാണ് വിക്ക്. രോഗത്തിന് കാരണമായേക്കാവുന്ന ഒരു അവസ്ഥ ശാരീരിക പ്രവർത്തനങ്ങളെ ദുർബലപ്പെടുത്തുകയോ അതിന്റെ ഫലമായി അവയുടെ പ്രവർത്തനശേഷി പരിമിതപ്പെടുത്തുകയോ തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഒരു അവസ്ഥാവിശേഷമായാണ് 2001 ലെ സാർവ്വദേശീയ കണക്കു പ്രകാരം ലോകാരോഗ്യസംഘടന (WHO) ഭിന്നശേഷിയെ നിരീക്ഷിക്കുന്നത്. പാരമ്പര്യം, ശാരീരികവ്യതിയാനങ്ങൾ, സാഹചര്യങ്ങളുടെ സമ്മർദ്ദം ഇവ മൂലം ഉണ്ടായേക്കാവുന്ന വിക്ക് എന്ന സംഭാഷണ വൈകല്യം മലയാളസാഹിത്യവും ചലച്ചിത്രലോകവും പലതരത്തിൽ

അടയാളപ്പെടുത്തിയിട്ടുണ്ടെങ്കിലും മുഴുനീളപ്രമേയമാക്കിക്കൊണ്ട് മലയാളത്തിൽ അധികം ചലച്ചിത്രങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. 'കാക്കക്കുയിൽ' എന്ന പ്രിയദർശൻ ചിത്രത്തിൽ ജഗദീഷ് എന്ന നടൻ വിക്കുള്ള കഥാപാത്രത്തെ അവതരിപ്പിക്കുന്നുണ്ടെങ്കിലും ചിത്രത്തിന്റെ കേന്ദ്രപ്രമേയം അതല്ല. വിക്ക് അധികരിച്ചുകൊണ്ട്, അതും നായകകഥാപാത്രത്തെത്തന്നെ വിക്കുള്ള കഥാപാത്രമായി അവതരിപ്പിച്ചുകൊണ്ട് അദ്ദേഹത്തിന്റെ വ്യക്തിത്വസവിശേഷതകളും സാമൂഹിക ഇടപെടലുകളും വിശാലമായി ആവിഷ്കരിച്ചിട്ടുള്ള ഒരേയൊരു മലയാളചലച്ചിത്രമാണ് സുസുസുധി വാത്മീകം. ഈയൊരു പ്രമേയം അവതരിപ്പിക്കുന്ന ആദ്യ ഇന്ത്യൻചലച്ചിത്രവും ഇതുതന്നെയാണ്. വിക്കിനെക്കുറിച്ച് പ്രേക്ഷകർക്ക് ആഴത്തിലുള്ള അവബോധം സൃഷ്ടിച്ച സിനിമയാണിത്.

വളരെയധികം പോസിറ്റിവിറ്റി പ്രസരിപ്പിച്ചു എന്ന പേരു നേടിയ ഈ ചിത്രം സുധി (ജയസൂര്യ) എന്ന ചെറുപ്പക്കാരന്റെ ജീവിതത്തിൽ വിക്ക് വരുത്തിത്തീർക്കുന്ന പ്രശ്നങ്ങളും അതിന്റെ അതിജീവനവുമാണ് പ്രമേയമാക്കിയിരിക്കുന്നത്. രഞ്ജിത് ശങ്കർ സംവിധാനം ചെയ്ത് 2015 നവംബറിൽ പുറത്തിറങ്ങിയ ഈ ചിത്രം ദേശീയ–സംസ്ഥാന ചലച്ചിത്ര പുരസ്കാരങ്ങളിൽ സ്പെഷ്യൽ ജൂറി പരമാർശം നേടുകയുണ്ടായി. സുധീന്ദ്രൻ അവിട്ടത്തൂർ എന്ന സുഹൃത്തിന്റെ യഥാർത്ഥ ജീവിതമാണ് സംവിധായകൻ ചിത്രത്തിന് വിഷയമാക്കിയിരിക്കുന്നത്. ചിത്രത്തിലെ പല സംഭാഷണങ്ങളും ആ സുഹൃത്ത് ജീവിതത്തിൽ പല അവസരങ്ങളിലും പറഞ്ഞിട്ടുള്ളവ തന്നെയാണെന്ന് സംവിധായകൻ അഭിമുഖങ്ങളിൽ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. സുധി വാത്മീകം എന്ന ചെറുപ്പക്കാരന്റെ ബാല്യം മുതൽ മധ്യയൗവനം വരെയുള്ള കാലഘട്ടമാണ് വിവിധ സന്ദർഭങ്ങളിലൂടെ ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്. വിക്കിനെക്കുറിച്ച് പൊതുസമൂഹത്തിനുള്ള പല വികലധാരണകളും ചിത്രം തിരുത്തിക്കുറിക്കുന്നു. വിക്കുള്ളവർ അന്തർമുഖരും പിരിമുറുക്കമുള്ളവരും ഏകാന്തത ഇഷ്ടപ്പെടുന്നവരുമാണെന്ന പൊതു അഭിപ്രായം ഇവരുടെ വ്യക്തിത്വങ്ങളിൽ നടത്തിയ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞു വന്നിട്ടില്ലെങ്കിലും പൊതു സഭ

കളിൽ ഉൾവലിയുന്ന വ്യക്തിയുടെ പ്രവണതയാണ് സുധിയിലൂടെ ചിത്രത്തിൽ ആവിഷ്കരിച്ചിരിക്കുന്നത്.

1930-കൾ മുതൽ വിക്കുള്ളവരുടെ വ്യക്തിത്വങ്ങളിൽ നടത്തിയ നിരവധി ഗവേഷണപഠനങ്ങൾ തെളിയിക്കുന്നത് വിക്കുള്ളവർക്ക് ഞരമ്പുസംബന്ധമായി പ്രശ്നമില്ലെന്നാണ്. എന്നാൽ ചിത്രത്തിലെ ഇരട്ട നായികമാരിലൊരാളും സ്പീച്ച് തെറാപ്പിസ്റ്റുമായ കല്യാണി (ശിവദ)യുടെ ഒരു സംഭാഷണം സാക്ഷ്യപ്പെടുത്തുന്നത് വിക്ക് ജന്മനാ ഉള്ള ഒരു ന്യൂറൽ ഡിസോർഡർ ആണെന്നാണ്. വിക്ക് നിയന്ത്രിക്കുന്നതിനുള്ള മനഃശാസ്ത്ര പരിശീലനങ്ങളായ ഇൻഡിവിഡ്വൽ തെറാപ്പി, റിലാക്സേഷൻ തെറാപ്പി, ആത്മവിശ്വാസം വളർത്തുന്ന പരിശീലനങ്ങൾ, സപ്പോർട്ട് ഗ്രൂപ്പിന്റെ സഹായം എന്നീ വിവിധ സ്പീച്ച് തെറാപ്പികളെക്കുറിച്ച് ചിത്രം സംസാരിക്കുന്നു. വിക്കുള്ളവർ സ്വയം തിരുത്തേണ്ട ചില ധാരണകളും പെരുമാറ്റരീതികളും ചിത്രം ചർച്ചചെയ്യുന്നു. അതിൽ ഏറ്റവും പ്രാധാന്യം തനിക്ക് വിക്കുണ്ടെന്ന് വ്യക്തി സ്വയം അംഗീകരിക്കുക എന്നതാണ്.

വളരെ ശക്തിയുറ്റ മാധ്യമമാണ് സിനിമ. ചിത്രം കണ്ടിട്ട് അഭിപ്രായം അറിയിച്ച വിക്കുള്ള വ്യക്തികൾ തങ്ങൾക്ക് വളരെയധികം ആത്മവിശ്വാസം ലഭിച്ചതായും മറ്റുള്ളവർക്ക് തങ്ങളോടുള്ള സമീപനത്തിൽ സാരമായ വ്യത്യാസം വന്നതായും അറിയിച്ചുവെന്ന് സംവിധായകൻ പറയുമ്പോൾ അതു സിനിമ ഉണ്ടാക്കിയ മാറ്റം തന്നെയാണ്. സുധിയോട് അടുപ്പത്തോടെയും അകൽച്ചയോടെയും പെരുമാറുന്ന കഥാപാത്രങ്ങളെ ചിത്രത്തിൽ കാണാം. പൊതു ഇടങ്ങളിൽ അയാൾക്കു നേരിടേണ്ടിവരുന്ന പരിഹാസം മുതൽ ജോലി സ്ഥലത്ത് ലഭിക്കുന്ന അവഹേളനങ്ങൾ വരെ അതിന് തെളിവാണ്. സുധിയുടെ അച്ഛനമ്മമാരും സുഹൃത്തുക്കളും ചില സഹപ്രവർത്തകരും ആദ്യവിഭാഗത്തിലും സ്കൂളിലെ (ജോലിസ്ഥലം) കുറുപ്പുമാഷും പ്യൂണും രണ്ടാംവിഭാഗത്തിലും ഉൾപ്പെടുന്നു. സുധിയുടെ അച്ഛൻ കുഞ്ഞുന്നാൾ മുതലേ ലൂയിസ് കരോളിന്റെ 'ആലീസ് ഇൻ വണ്ടർലാൻഡ്' പോലെയുള്ള പുസ്തകങ്ങൾ നൽകി അയാളെ ആത്മവിശ്വാസമുള്ളവനാക്കിത്തീർ

ക്കാൻ ശ്രമിക്കുന്നുണ്ട്. അതുപോലെ ഒരു സന്ദർഭത്തിൽ സ്റ്റേഷനിൽ വെച്ചുള്ള പോലീസുകാരന്റെ പെരുമാറ്റം, ബസ് കണ്ടക്ടറുടെ പെരുമാറ്റം ഇവയെല്ലാം പരിഗണന നിറഞ്ഞതാണ്. വിക്കിന് പ്രാധാനമായും അവലംബിക്കാറുള്ള ചികിത്സാരീതികളിലൊന്ന് 19-ാം നൂറ്റാണ്ടു മുതലേ പ്രചാരത്തിലിരുന്ന മാർഗ്ഗമാണ്. വിക്കുള്ളവർ സാധാരണ മല്ലാത്ത ഏതെങ്കിലും രീതിയിൽ സംസാരിക്കുമ്പോൾ (ലഘുഗാന രീതിയിലും മറ്റും) അല്ലെങ്കിൽ അവർ തങ്ങളുടെ ശ്വസനരീതിയിൽ മാറ്റം വരുത്തുമ്പോൾ സംഭാഷണം സ്വാഭാവികമായി പരിണമിക്കുന്നു. അതുകൊണ്ട് പ്രസ്തുതരീതി ചികിത്സയിൽ ഉപയോഗിക്കാൻകഴിയും. പക്ഷേ മാസങ്ങൾക്കുശേഷം വ്യക്തി പൂർവ്വസ്ഥിതിയിലേക്കു തന്നെ മടങ്ങാനുള്ള സാധ്യതയും ഈ ചികിത്സാസമ്പ്രദായത്തിൽ കൂടു തലാണ്. ചിത്രത്തിൽ സുനിൽ സുഗത അവതരിപ്പിക്കുന്ന ഡോക്ടറുടെ കഥാപാത്രത്തെ ഹാസ്യാത്മകമായും ചൂഷകനായുമൊക്കെയാണ് അവ തരിപ്പിക്കുന്നതെങ്കിലും മേൽപ്പറഞ്ഞ ചികിത്സാരീതി അനുവർത്തി ക്കുന്ന വ്യക്തിയാണദ്ദേഹം. പക്ഷേ, അതിൽ നിന്നും കാര്യമായ മാറ്റം സുധിക്ക് സംഭവിക്കുന്നില്ല.

അപ്രതീക്ഷിതമായി അദ്ദേഹത്തിന്റെ ജീവിതത്തിലുണ്ടാകുന്ന തിരിച്ചടികളിലൂടെയും (വിക്ക് മൂലം വിവാഹം മുടങ്ങുന്നതും സ്കൂളി ലെ കുറുപ്പുമാഷിന്റെ ഭീഷണിക്ക് വിധേയനായി കള്ളക്കണക്ക് സൂക്ഷി ച്ചതിന് പിടിക്കപ്പെടുന്നതും) കല്യാണിയുടെ ചികിത്സാസമ്പ്രദായ ത്തിന്റെ സവിശേഷതകളിലൂടെയുമാണ് സുധിയിൽ പരിവർത്തനങ്ങൾ ആരംഭിക്കുന്നത്. കല്യാണിയെ ആദ്യമൊക്കെ സുധി എതിർക്കുന്നു ണ്ടെങ്കിലും പിന്നീട് അവർ പറയുന്നതെല്ലാം അംഗീകരിക്കുന്ന മട്ടി ലേക്ക് വരുന്നു. പൂർണ്ണമായും ചികിത്സിച്ച് ഭേദമാക്കാൻ കഴിയുന്ന ഒരു മാർഗ്ഗവും വിക്കിന്റെ ചികിത്സാരീതിയിൽ ഇല്ലെങ്കിലും വിക്കുള്ള പലരേയും വലിയ അളവുവരെ സഹായിക്കാൻ ചില രീതികൾ ഉതകും. അതിലൊന്നാണ് കല്യാണി അവതരിപ്പിക്കുന്ന ബൗൺസിംഗ് (bouncing). വിക്കുള്ള വ്യക്തിക്ക് കൃത്രിമമായി വിക്ക് വരുത്തിച്ച് വിക്കിലൂടെ തന്നെ പറയാൻ പഠിപ്പിക്കുന്ന രീതിയാണിത്. വിചിത്രമായി തോന്നിക്കാവുന്ന ഈ രീതി 30-കൾ മുതലേ പ്രചാരത്തിലുള്ള

ഒന്നാണ്. പരിമിതമായി മാത്രം ഫലിക്കുന്ന ഈരീതി സുധിയിൽ വലിയ മാറ്റങ്ങൾ സൃഷ്ടിക്കുന്നു. വിക്കുള്ള ഒരാൾ വിക്കില്ലാതെ സംസാരിക്കുവാൻ ശ്രമിക്കുമ്പോൾ ഉണ്ടാകുന്ന ഒന്നാണ് വിക്ക് എന്നാണ് ഈ ചികിത്സയുടെ വിജയം തെളിയിക്കുന്നത്.

എന്നു മുതൽ ഒരുവൻ സ്വന്തം വിക്കിനെ നോക്കിച്ചിരിക്കാൻ പഠിക്കുന്നുവോ അന്നു മുതൽ അയാൾ മുന്നോട്ടുള്ള പ്രയാണം ആരംഭിക്കുന്നു. സ്വന്തം വിക്ക് മറച്ചുവെക്കാതെ മറ്റുള്ളവർക്കുമുമ്പിൽ തമാശ കലർന്ന അഭിപ്രായങ്ങൾ നടത്താനുള്ള വ്യക്തിവികാസം നേടുന്നതിലൂടെ മാത്രമേ അയാൾ ആ പ്രതിസന്ധിയെ അതിജീവിക്കൂ. സാധ്യമാകുന്നിടത്തോളം സംഭാഷണസാധ്യതകൾ വ്യക്തി ഉപയോഗപ്പെടുത്തുകയും വേണം. ചിത്രത്തിൽ സുധിയും ചെയ്യാൻ തയ്യാറാകുന്നത് അതിനാണ്. അതുവരെ കുറുപ്പുമാഷിന്റെ കുതന്ത്രങ്ങൾക്ക് വശപ്പെട്ടു കഴിഞ്ഞിരുന്ന അയാൾ ശ്രീദേവി ടീച്ചറിന്റെ (സ്കൂളിലെ ഹെഡ്മിസ്ട്രസ്) അറസ്റ്റോടുകൂടി സ്വതന്ത്രമായി ചിന്തിച്ചു തുടങ്ങുന്നു. തന്റെ വൈകല്യം മൂലമുള്ള ആത്മവിശ്വാസക്കുറവ് മറ്റൊരുവൻ ഫലപ്രദമായി ഉപയോഗിക്കുന്നതിന്റെ അടയാളമാണ് കുറുപ്പുമാഷിന്റെ നിർദ്ദയമായ സമീപനം. ഇത്തരക്കാരെ തെറ്റിലേക്ക് തിരിയാനുള്ള പ്രേരണ നൽകാൻ മറ്റുള്ളവർ ശ്രമിച്ചേക്കാം എന്നതിന് തെളിവാണിത്. തെറ്റുതിരുത്താൻ തയ്യാറാകുന്നതിനുമുമ്പേ കല്യാണി മുന്നോട്ടു വച്ച വിവാഹാലോചനയ്ക്ക് അയാൾ മറുപടി കൊടുക്കുന്നില്ല. ഒരു വ്യക്തി എന്ന നിലയിൽ പൂർണ്ണത കൈവരിച്ചതിനു ശേഷമേ അത്തരം തീരുമാനങ്ങൾ ഉള്ളൂ എന്ന ദൃഢനിശ്ചയമാണ് സുധിയെ ജീവിത വിജയത്തിലേക്ക് നയിക്കുന്നത്. സുഹൃത്തായ ഗ്രെഗൻ കുറുപ്പുമാഷിനു മുന്നിൽ കലയാണ് തന്റെ ജീവിതം എന്ന് ധൈര്യപൂർവ്വമുള്ള നിലപാടെടുക്കുന്നതും എന്നാൽ തികച്ചും അപകർഷത അനുഭവിക്കുന്ന സുധിക്ക് സ്വന്തം വ്യക്തിത്വത്തിൽ ഉറച്ചു നിൽക്കാൻ സാധിക്കാത്തതുമായ നിരവധി സന്ദർഭങ്ങൾ ചിത്രത്തിലുണ്ട്. ആന്തരികമായി ബലഹീനനായ അയാളെ കുറുപ്പുമാഷ് സ്വാർത്ഥ താത്പര്യങ്ങൾക്കായി കൂട്ടാളിയാക്കി മാറ്റുകയായിരുന്നു.

ചിത്രത്തിന്റെ രണ്ടാം ഭാഗത്ത് തന്റെ തെറ്റുകൾ തിരുത്താനും മറ്റൊരു ജോലി കണ്ടുപിടിക്കാനും സുധി പ്രയാണമാരംഭിക്കുന്നു. അന്തർമുഖനായിരുന്ന അയാൾ സാധ്യമായ സംസാരസാഹചര്യങ്ങളെല്ലാം പ്രയോജനപ്പെടുത്തുന്നു. അറപ്പില്ലാതെ സമൂഹവുമായി ഇടപെടാൻ ശ്രമിക്കുന്നു. തന്റെ വിക്കിനെ അംഗീകരിച്ചുകൊണ്ടുതന്നെ സ്വയം പുനഃസൃഷ്ടി നടത്തുന്നു. ഭംഗിയായി സംസാരിക്കാൻ അറിയുന്നവർക്ക് അതിജീവനസാധ്യതകൾ തുറന്നുതരുന്ന ബാംഗ്ലൂർ പോലെയുള്ള മെട്രോനഗരം സുധിയുടെ വ്യക്തിത്വവികാസത്തിനായി ചിത്രത്തിൽ ഉപയോഗിച്ചിട്ടുണ്ട്. സ്വന്തം ഗ്രാമത്തിന്റെ ഇത്തിരിവട്ടത്തിൽ കുറച്ചു മനുഷ്യരെ, അതും പരിചയക്കാരെ മാത്രം ചുറ്റിപ്പറ്റി നിന്ന അയാളുടെ ജീവിതം ഇത്തരമൊരു സാഹചര്യത്തിലേക്ക് സ്വയം പറിച്ചു നടുമ്പോൾ കിട്ടുന്ന സാഹചര്യങ്ങളെല്ലാം പ്രയോജനപ്പെടുത്താൻ അയാൾ തയ്യാറാവുകയും പൂർവ്വാധികം ഭംഗിയായി സംസാരിക്കാൻ പഠിക്കുകയും കല്യാണിയെ വിവാഹം കഴിച്ച് ജീവിതം സന്തോഷകരമായി കൊണ്ടുപോകുകയും ചെയ്യുന്നതാണ് ചിത്രത്തിന്റെ ക്ലൈമാക്സ്.

വിക്കിനല്ല, വിക്കുണ്ട് എന്നതിന്റെ പേരിൽ വ്യക്തിക്കുണ്ടാകുന്ന നാണക്കേടിനാണ് ചികിത്സ വേണ്ടതെന്ന് ചിത്രം ഉദ്ബോധിപ്പിക്കുന്നു. തിരിഞ്ഞു നോക്കുമ്പോൾ ജീവിതത്തിൽ ഏറ്റവും കഷ്ടപ്പെട്ടിരുന്ന സമയത്തുപോലും'I always had hope' എന്ന് സുധി ചിത്രത്തിന്റെ അന്ത്യത്തിൽ പറയുന്നുണ്ട്. അത്തരത്തിൽ പ്രത്യാശ കൈവിടാതെ ജീവിച്ചാൽജീവിതത്തിൽ പലതിനും പരിഹാരമുണ്ട് എന്നുള്ള സന്ദേശത്തോടുകൂടിയാണ് ചിത്രം അവസാനിക്കുന്നത്.

*സഹായകം*

1. www.wikipedia.com/malayalam movies.

# ‘ഹാപ്പി ജേർണി’: ഭിന്നശേഷിക്കാരുടെ ഉത്സവചിത്രം

**നാൻസി മാർട്ടിൻ**

**(പിജി വിദ്യാർത്ഥി, മലയാളവിഭാഗം, കേരളസവകലാശാല)**

ജീവജാലങ്ങളിൽ നിന്നും മനുഷ്യനെ വേറിട്ടു നിർത്തുന്നത് വിവേചനബുദ്ധി എന്ന വിശിഷ്ടഘടകമാണ്. ഇതു കൂടാതെ നിരവധി കളായ ശേഷികളും മനുഷ്യവർഗ്ഗത്തിനുണ്ട്. എല്ലാ ശേഷികളും ഉണ്ടായിരിക്കെ മനുഷ്യൻ കേവലം മനുഷ്യനായിരിക്കുന്നു. എന്നാൽ ഇത്തരത്തിൽ ഏതെങ്കിലുമൊരു ശേഷിയില്ലാതിരിക്കെ മനുഷ്യൻ ഭിന്നശേഷിക്ക് ഉടമയായി മാറുന്നു.ശാരീരികവും മാനസികവുമായ പരിമിതികൾ അനുഭവിക്കുന്നവരെ വൈകല്യമുള്ളവർ എന്നു പറഞ്ഞു ശീലിച്ച മലയാളികൾ ഈ പദത്തിനു പകരം ഭിന്നശേഷിക്കാർ എന്നു പയോഗിക്കാൻ തുടങ്ങിയിട്ട് അധികമൊന്നുമായില്ല. പരിമിതികൾ പോലും ശേഷിയായി മാറുകയാണിവിടെ. ഭിന്നശേഷിക്കാരായ ഒരു കൂട്ടം ക്രിക്കറ്റ് കളിക്കാരുടെ കഥപറയുന്ന മലയാള ചലച്ചിത്രമാണ് 2014-ൽ പുറത്തിറങ്ങിയ ‘ഹാപ്പി ജേർണി’.

ബോബൻ സാമുവൽ സംവിധാനം ചെയ്ത്, ആഷിക് ഉസ്മാൻ നിർമിച്ച ഈ ചിത്രത്തിൽ ജയസൂര്യ, ലാൽ എന്നിവർ പ്രധാന കഥാ പാത്രങ്ങളായി അഭിനയിച്ചിരിക്കുന്നു. ഇന്ത്യൻ അന്ധക്രിക്കറ്റ് ടീമിന്റെ പരിതാപകരമായ അവസ്ഥയും അന്ധക്രിക്കറ്റ് താരങ്ങളോട് അധി

കൃതർ വച്ചു പുലർത്തുന്ന അവജ്ഞയും ചിത്രത്തിൽ എടുത്തു കാണിക്കുന്നു. ജനനം മുതലോ അല്ലാതെയൊ അന്ധരായി തീർന്ന ഒരുകൂട്ടം ചെറുപ്പക്കാർ ക്രിക്കറ്റ് സ്വപ്നങ്ങളുമായി പല വഴിത്തിരിവുകളിലൂടെ കടന്നുപോകുന്നു. ചിത്രം ആരംഭിക്കുന്നത് തിരക്കേറിയ ഒരു നഗര ക്കാഴ്ചയോടെയാണ്. പ്രധാനകഥാപാത്രമായ ആരോണിന്റെ വാക്കിലൂടെ ചിത്രത്തിന്റെ മുഴുവൻ സത്ത പ്രദർശിപ്പിക്കുന്നു. 'നമ്മുടെ ഓരോ യാത്രക്കു പിന്നിലും ഓരോ സന്തോഷമുണ്ട്, ആ സന്തോഷങ്ങൾക്ക് പിറകിൽ ഓരോ മുഖങ്ങളും ഉണ്ട്' എന്നതാണ് ഡയലോഗ്. മനുഷ്യർ അവരുടെ സഹജീവിയുടെ സ്വത്വം മനസ്സിൽ സൂക്ഷിച്ചു വയ്ക്കുന്നത് മുഖത്തിന്റെ രൂപത്തിലാണ്. കാഴ്ചയിലൂടെ ഹൃദിസ്ഥമാക്കുന്ന ഈ മുഖങ്ങൾ നാം ബോധമണ്ഡലത്തിൽ ശേഖരിക്കുന്നു. ഇത്തരത്തിൽ ഓരോ സംഭവങ്ങളും കാഴ്ചയുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് ചിത്രം മുന്നോട്ട് പോകുന്നത്.

ആരോൺ ബസ് യാത്രയ്ക്കിടയിൽ സിയാ എന്ന പെൺകുട്ടിയെ പരിചയപ്പെടുന്നു. തന്റെ ഭൂതകാലം അയാൾ സിയക്കു മുന്നിൽ അവതരിപ്പിക്കുന്നു. യാതൊരു പരിമിതികളും ഇല്ലാതിരുന്ന ആരോൺ ബാല്യം മുതൽ ക്രിക്കറ്റിനെ നെഞ്ചിലേറ്റിയിരുന്നു. അമ്മയായ ആലീസ് ദാരിദ്ര്യത്തിലും മകന്റെ ക്രിക്കറ്റ് സ്വപ്നം യാഥാർത്ഥ്യമാക്കി. അണ്ടർ 15 ക്രിക്കറ്റ് ടീമിൽ തെരഞ്ഞെടുക്കപ്പെടുന്ന ആരോണിന്റെ കാഴ്ച ദാക്ഷിണ്യമില്ലാത്ത വിധി കവർന്നെടുക്കുന്നു. ആ കഥാപാത്രം ഓരോ കാര്യവും തന്റെ അമ്മയുടെ ഓർമ്മയിലൂടെയാണ് പറഞ്ഞുവെയ്ക്കുന്നത്. കറിയിൽ ഉപ്പും മുളകും ചേർക്കുന്നത് പോലെയാണ് ജീവിതത്തിൽ ദൈവം സുഖവും ദുഃഖവും കലർത്തുന്നത് എന്ന ചിന്ത വളരെ ലളിതമായി അയാൾ പറഞ്ഞുവെയ്ക്കുന്നു.

ഇന്ത്യൻ അന്ധക്രിക്കറ്റ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ട ആരോണിന്റെ യാത്രയുടെ അന്ന് ആലീസ് മരണപ്പെടുന്നു. അമ്മയുടെ വിയോഗവും തന്റെ സ്വപ്നത്തിനേൽക്കുന്ന ആഘാതവും ആ പക്വതയുള്ള ചെറുപ്പക്കാരൻ അതിജീവിക്കുന്നു. തുടർന്ന് ജീവിക്കാനായി ഇസോപ്പു ചേട്ടന്റെ ചായക്കടയിൽ ജോലിക്ക് നിൽക്കുന്ന ആരോൺ ക്രിക്കറ്റുമാ

യുള്ള ബന്ധം തുടരുന്നത് വിന്നേഴ്സ് എന്ന ചെറുക്രിക്കറ്റ് ടീമിലൂടെ യാണ്. അതിലെ കളിക്കാരായ കുട്ടികൾ പൊട്ടിക്കുന്ന ചായക്കടയിലെ ഓരോ സാധനങ്ങളുടെയും ഉത്തരവാദിത്തം ഏറ്റെടുത്തുകൊണ്ട് ആരോൺ കളിക്കാരെ തന്നാലാവുന്ന വിധം പ്രോത്സാഹിപ്പിക്കുന്നു. "അന്ധൻമാരുടെ സച്ചിൻ" എന്ന് ആരോണിനെ പരിഹസിക്കുന്ന ചായ ക്കടയിലെ തൊഴിലാളിയുടെ വാക്ക് വെറുതെ കേട്ടു കളയാതെ അന്ധ ക്രിക്കറ്റ് ടീമിന്റെ ഉയർത്തെഴുന്നേൽപ്പിനെക്കുറിച്ച് അയാൾ ചിന്തി ക്കുന്നു.

ഒടുവിൽ അന്ധക്രിക്കറ്റ് ടീമിന്റെ പരിതാപകരമായ അവസ്ഥ അയാൾമാധ്യമങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു. തുടർന്ന് ഈ ടീമിന്റെ കോച്ചായി ഗോപീകൃഷ്ണൻ എന്ന കഥാപാത്രം കടന്നു വരുന്നു. ഏഴു സംസ്ഥാനങ്ങളിൽനിന്ന് 11 അംഗ ടീം രൂപപ്പെടുത്തുന്നു. ഇതിലെ ഓരോരുത്തരും സംസാരിക്കുന്ന ഭാഷ വ്യത്യസ്തമാണെ ങ്കിലും അവരുടെ സ്വപ്നങ്ങളും മോഹങ്ങളും ഒന്നുതന്നെ ആയിരുന്നു- 'ക്രിക്കറ്റ്'. എന്നാൽ ടീമിനെ പിരിച്ചുവിടാൻ മേലുദ്യോഗസ്ഥർ തീരുമാ നിക്കുന്നു. അതോടെ ഇവരുടെ ക്രിക്കറ്റ് എന്ന സ്വപ്നത്തിന് മങ്ങലേൽ ക്കുന്നു. എന്നാൽ അവരുടെ അക്ഷീണ പരിശ്രമങ്ങൾ തങ്ങളുടെ ക്രിക്കറ്റ് സ്വപ്നങ്ങൾ യാഥാർത്ഥ്യമാകുന്നതിലേക്കായി തുടരുന്നു; അതിലവർ വിജയിക്കുകയും ചെയ്യുന്നു.

**ചിത്രത്തിലെ ഉള്ളറകൾ**

'ഹാപ്പി ജേർണി' എന്ന സിനിമയെ കേന്ദ്രസ്ഥാനത്ത് നിർത്തി പരിശോധിക്കുകയാണെങ്കിൽ ഈ ചിത്രത്തിന് മുമ്പും ശേഷവുമുള്ള ഭിന്നശേഷിക്കാർ കഥാപാത്രങ്ങളായി വരുന്ന സിനിമകളെ വിമർശ നാത്മകമായി പഠിക്കാവുന്നതാണ്. 'ഹാപ്പി ജേർണി'ക്ക് മുൻപുള്ള ചിത്രങ്ങൾ ഭിന്നശേഷിയെ സഹതാപത്തിന്റെയോ ഹാസ്യത്തിന്റെയോ ടൂൾ ആയാണ് ഉപയോഗിച്ച് വന്നത്. എന്നാൽ ഈ ചിത്രത്തിൽ ഭിന്ന ശേഷിക്കാരുടെ സവിശേഷശേഷിയെ സമൂഹത്തിന് മുന്നിൽ അവതരി പ്പിക്കുകയും ഇത്തരത്തിലുള്ളവരുടെ സ്വപ്നങ്ങൾക്ക് നിറം പകരുവാൻ പര്യാപ്തമായ ഘടകങ്ങളെ എടുത്തുകാട്ടുകകൂടി ചെയ്തു. ഇതിന്റെ

ഫലമായി 'ഹാപ്പി ജേർണി'ക്കു ശേഷം വന്ന ചിത്രങ്ങളിൽ ഭിന്നശേഷി ക്കാരുടെ വിഭിന്നങ്ങളായ കഴിവുകളെ ചിത്രീകരിക്കുകയും സമൂഹ ത്തിൽ ഇക്കൂട്ടരെ മാറ്റി നിർത്തേണ്ടതില്ലെന്ന വസ്തുതയെ സ്വീകരി ക്കുകയും ചെയ്തു തുടങ്ങി.

കായികതാരങ്ങളായ ഭിന്നശേഷിക്കാരുടെ കഴിവുകളെ പരിപോ ഷിപ്പിക്കാനായി ചിത്രത്തിൽ കാണിച്ചിരിക്കുന്ന വിവിധ സർക്കാർ സംവിധാനങ്ങളും സ്ഥാപനങ്ങളും യഥാർത്ഥങ്ങളാണ്. അതുകൊണ്ടു തന്നെ ഈ ചിത്രം യഥാതഥമായ ഭിന്നശേഷി-സ്ഥാപനങ്ങളെക്കുറി ച്ചുള്ള അറിവ് കൂടി പ്രദാനം ചെയ്യുന്നു.'ഹാപ്പി ജേർണി'യുടെ അവ സാന ഭാഗത്തിൽ ഒരു പുസ്തകം കടന്നുവരുന്നു. 'Open Your Eye' എന്ന് നാമധേയം ചെയ്യപ്പെട്ടിരിക്കുന്ന എന്ന പുസ്തകം വഴിയാണ് അംഗപരിമിതരായ ക്രിക്കറ്റ് താരങ്ങളുടെ ദൈന്യത പൊതുസമൂഹം വായിച്ചെടുക്കുന്നത്. ഒരു സർഗ്ഗാത്മകരചനകൊണ്ട് സമൂഹത്തിൽ ഒരു വിഷയം കാര്യക്ഷമമായി ചർച്ചചെയ്യാൻ കഴിയുമെന്നതിന് തെളി വാണ് ഈ പുസ്തകം. സാമൂഹിക പരിവർത്തനങ്ങളിൽ സർഗ്ഗാത്മക രചനകൾക്കുള്ള പ്രാധാന്യമാണിവിടെ അനാവരണം ചെയ്യപ്പെടുന്നത്. എന്നാലിന്ന് പുസ്തകങ്ങളിലൂടെ ലോകത്തോട് ആശയങ്ങൾ പറയുന്ന തിനെക്കാൾ ശ്രദ്ധ നവമാധ്യമങ്ങളിലൂടെ ലഭിക്കുന്നു.

ചിത്രത്തിൽ ഏറെ പ്രാധാന്യത്തോടെ ചൂണ്ടിക്കാണിക്കുന്ന മറ്റൊരു തലമാണ് അധികാരം. ഭിന്നശേഷിക്കാരുടെയായാലും മറ്റു ള്ളവരുടെ തന്നെയും സാമൂഹ്യജീവിതത്തിൽ മങ്ങൽ ഏൽപ്പിക്കു ന്നതും അസമത്വങ്ങൾ നിറക്കുന്നതും അധികാരത്തിന്റെ ദുർവ്യവസ്ഥക ളാണെന്ന സന്ദേശം ചിത്രം നൽകുന്നു. അതുകൊണ്ട്, ഭിന്നശേഷിക്കാ രുടെ ആനുകൂല്യങ്ങൾക്കും നിയമ സംരക്ഷണത്തിനും സഹായകമായ അധികാരകേന്ദ്രങ്ങൾ ഉണ്ടായിരിക്കണമെന്നുകൂടി ചിത്രം പറഞ്ഞു വെയ്ക്കുന്നു. അതുപോലെ, സ്വയംപര്യാപ്തത നേടുന്നതുവരെ ഭിന്ന ശേഷിക്കാർക്കൊപ്പം താങ്ങായി ചുറ്റുമുള്ളവർ ഉണ്ടായിരിക്കണമെന്ന ധൈഷണികവീക്ഷണവും ചിത്രത്തിൽ നിഴലിക്കുന്നു. ആരോണിന് ആശ്രയമായി കൂടെയുണ്ടാവുന്ന ആലീസ് (ആരോണിന്റെ അമ്മ),

ഫ്രെഡി, ഗോപീകൃഷ്ണൻ എന്നിവർ നൽകുന്ന പ്രചോദനമാണ് അയാളുടെ ജീവിതത്തിലെ ഊർജ്ജസ്രോതസ്സായിരുന്നത്. ഭിന്നശേഷിക്കാരുടെ മാനസികാരോഗ്യത്തിന് കൂടെയുള്ളവരുടെ കരുതൽ വലിയ പ്രാധാന്യമർഹിക്കുന്നു.

ചിത്രത്തിലെ മറ്റൊരു സാമൂഹികതലം മാധ്യമങ്ങളുടെ ഇടപെടലാണ്. ഒരു വിഷയത്തെ സമൂഹത്തിനുമുന്നിൽ ചർച്ചാവിഷയമാക്കുന്നതിൽ മാധ്യമങ്ങൾക്കുള്ള പങ്ക് വളരെ വലുതാണ്. ഇത്തരത്തിലുള്ള നല്ല മാധ്യമ ഇടപെടൽ ഈ ചിത്രത്തിലുണ്ട്. ഭിന്നശേഷിക്കാരായ കായികതാരങ്ങളുടെ ദുരവസ്ഥ സമൂഹത്തിനുമുന്നിൽ കൊണ്ടുവരുന്നതും അതിന്റെ തുടർനടപടികൾക്ക് ചുക്കാൻ പിടിക്കുന്നതുമായ 'ഹാപ്പി ജേർണി'യിലെ മാധ്യമങ്ങൾ ഇത്തരത്തിലുള്ള വിഷയങ്ങളിൽ സമകാലിക-മാധ്യമങ്ങൾ ഇടപെടേണ്ടതിലെ ധാർമ്മികതയെ കൂടി ചൂണ്ടിക്കാട്ടുന്നു.

ഇത്തരത്തിൽ നിരവധി ജീവിതയാഥാർത്ഥ്യങ്ങളും, തത്ത്വങ്ങളും ഈ ചലച്ചിത്രത്തിലൂടെ കണ്ടെത്താൻ സാധിക്കും.എല്ലാ അംഗങ്ങളും ഉള്ള മനുഷ്യർക്കുള്ളത് പോലെതന്നെ അംഗപരിമിതരായവർക്കും സ്വപ്നങ്ങളും മോഹങ്ങളും ഉണ്ട്. അവ നേടിയെടുക്കാനും അവരുടെ കൂടെ നിൽക്കാനും താങ്ങേകാനും സഹജീവികൾ എന്ന നിലയിൽ നാം ബാധ്യസ്ഥരാണെന്ന് ഓർമ്മിപ്പിച്ചുകൊണ്ടാണ് ചിത്രം വേറിട്ട അസ്തിത്വം ആർജ്ജിച്ചെടുക്കുന്നത്.

*റഫറൻസ്*

1. www.wikipedia.com/malayalam movies.

# മലയാളസിനിമയിലെ ഭിന്നശേഷി സങ്കൽപം: കാഴ്ചപരിമിതരായ കഥാപാത്രങ്ങളെ ആസ്പദമാക്കിയുള്ള പഠനം

**സുജിത്ത് വി. പി.**

**(എം.ഫിൽ. സോഷ്യോളജി വിദ്യാർത്ഥി, തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല.)**

ആധുനികസമൂഹത്തിന്റെ ജനപ്രിയ കലാരൂപമായി സിനിമ മാറിക്കഴിഞ്ഞു. ലോകത്തെ ഏതു ഭാഷയിൽ നിർമ്മിക്കുന്ന സിനിമ കളാണെങ്കിലും അത് എല്ലാ മേഖലകളിലെയും ജനങ്ങൾ വീക്ഷി ക്കുന്നു എന്നത് ശ്രദ്ധേയമാണ്. അതിന്റെ അടിസ്ഥാനത്തിൽ ആഗോള തലത്തിൽ ചർച്ചചെയ്യപ്പെടുന്ന ഒരു കലാരൂപമായി സിനിമകൾ മാറി യിട്ടുണ്ട്. മലയാളസിനിമയും ഇത്തരത്തിൽ ചർച്ച ചെയ്യപ്പെട്ടുകൊ ണ്ടിരിക്കുന്നു. വ്യത്യസ്തഭാഷകളിൽ രൂപംകൊള്ളുന്ന സിനിമകളിൽ അവിടുത്തെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക സാഹചര്യങ്ങളുടെ സ്വാധീനം തീർച്ചയായും ഉണ്ടാകും. സാമൂഹിക യാഥാർത്ഥ്യങ്ങൾ സിനിമകളിൽ കേന്ദ്രവിഷയമായി കടന്നുവരാറുണ്ട്. അതുവഴി സാമൂ ഹിക- രാഷ്ട്രീയ-സാംസ്കാരിക-സാമ്പത്തിക ഘടകങ്ങളെ സിനിമ കളിലൂടെ പ്രേക്ഷകർക്ക് മുന്നിലേക്ക് എത്തിക്കാൻ സിനിമകൾക്കാവു ന്നുമുണ്ട്. മനുഷ്യന്റെ പച്ചയായ യാഥാർത്ഥ്യങ്ങളുടെ അവതരണ മിക വിൽ നിരവധി സിനിമകൾ പ്രേക്ഷക മനസ്സിൽ സ്വാധീനം ചെലുത്തു ന്നത് കാണാൻ സാധിക്കും.

പഴയ കാലഘട്ടം മുതൽക്കുതന്നെ പ്രതിഷേധങ്ങളുടെ ഒരു വേദി കൂടിയായി കലാരൂപങ്ങൾ ഉയർന്നുവരാറുണ്ട്. നിലനിൽക്കുന്ന കലാരൂപങ്ങളിൽക്കൂടി സാമൂഹിക സാഹചര്യങ്ങളെ പ്രതിഷേധാത്മകമായി അവതരിപ്പിക്കുന്ന ഒരു ജനാധിപത്യവേദി കൂടിയാണ് കലാരൂപങ്ങൾ. നിരന്തര പ്രതിഷേധപ്രകടനങ്ങൾ സാധ്യമാക്കുന്നതിൽ കലാരൂപങ്ങൾ നിർണ്ണായകമായ പങ്കുവഹിക്കുന്നുണ്ട്. മലയാള സിനിമയ്ക്കകത്തും ഇത്തരമൊരു വേദി നിലനിൽക്കുന്നു. ജാതിയുടെയും മതത്തിന്റെയും വർണ്ണവിവേചനങ്ങളുടെയും രാഷ്ട്രീയ കാപട്യങ്ങളുടെയുമെല്ലാം പ്രതിഷേധവേദിയായും അതോടൊപ്പം തന്നെ അതിന്റെ നല്ല വശങ്ങളെ തുറന്നുകാണിക്കുന്ന വേദിയായിക്കൂടിയും അവ പ്രവർത്തിക്കുന്നു. അവയെല്ലാംതന്നെ നമ്മുടെ സമൂഹം സൂക്ഷ്മതലത്തിൽ വിശകലനവിധേയമാക്കുകയും ചെയ്യുന്നു.

മേൽസൂചിപ്പിച്ച കാര്യങ്ങൾ മുൻനിർത്തി സിനിമകളിലെ അവതരണങ്ങൾ വിലയിരുത്തുമ്പോൾ സിനിമയും അവയിലെ അവതരണ വിഷയങ്ങളും സാമൂഹ്യ നിർമ്മിതികളായി മാറുന്നു. ദൃശ്യ-ശ്രവ്യ അനുഭവത്തിൽ അവതരിപ്പിക്കപ്പെടുമ്പോൾ വ്യക്തികളിലേക്ക് സിനിമ ആഴത്തിൽ നിലയുറപ്പിക്കും ആശയവിനിമയത്തെ കൂടുതൽ വേഗത്തിൽ സാധ്യമാക്കുകയും ചെയ്യും. അയഥാർത്ഥമാണെങ്കിൽപോലും അവ യാഥാർത്ഥ്യത്തിന്റെ നേർസാക്ഷ്യങ്ങളായി മനുഷ്യ മനസ്സിലേക്ക് പതിക്കുന്നുണ്ട്.

ആധുനികയുഗത്തിൽ സിനിമ പൂർണമായും വാണിജ്യവൽക്കരിക്കപ്പെട്ടിട്ടുണ്ട്. വിനോദത്തിന്റെ പ്രധാനവേദിയായി സിനിമ മാറിയപ്പോൾ എന്തിനെയും കച്ചവടവത്കരിക്കാനുള്ള ശ്രമങ്ങൾ അതിന്റെയും പ്രവണതകളായി മാറി. മലയാളസിനിമയിലും അതിന്റെ പ്രവണതകൾ കാണാവുന്നതാണ്. സമകാലിക ആഘോഷവേളകളിൽ മലയാളി ഏറ്റവും കൂടുതൽ ആശ്രയിക്കുന്ന വിനോദം സിനിമകളാണ്. അതിന്റെ ഭാഗമായി കച്ചവടസിനിമകളാണ് ജനപ്രിയമായി മാറിക്കൊണ്ടിരിക്കുന്നത്. മനുഷ്യനെ പരമാവധി ചിരിപ്പിക്കുക, യാഥാർത്ഥ്യങ്ങളിൽ നിന്നും ദുഃഖംനിറഞ്ഞ അന്തരീക്ഷത്തിൽ നിന്നും വ്യതിചലിപ്പി

ക്കുക എന്നീ ലക്ഷ്യങ്ങളോടെ ജനപ്രിയ സിനിമകൾ വിജയഭേരി മുഴക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ഭാഗമായുള്ള അപനിർമാണ മാണ് ഇന്ന് സിനിമകളിൽ സാധ്യമാകുന്നത്. ഈ തെറ്റായരീതിയുടെ പ്രദർശനങ്ങളാണ് യാഥാർത്ഥ്യം എന്ന രീതിയിലേക്ക് മനുഷ്യചിന്ത കളെ അത് വഴിമാറ്റുകയും ചെയ്യുന്നുണ്ട്. ഈ പശ്ചാത്തലത്തിൽ ഴാക്ക് ദെറിദയെ പോലുള്ള ചിന്തകർ സൂചിപ്പിക്കുന്ന അപനിർമ്മാണ കാല ഘട്ടത്തിൽ മലയാളസിനിമയ്ക്കകത്ത് ഭിന്നശേഷി കഥാപാത്രങ്ങളെ അവതരിപ്പിച്ചതിനെ സംബന്ധിച്ച് 'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും', 'ഒരു യമണ്ടൻപ്രേമകഥ', 'സത്യം ശിവം സുന്ദരം' തുടങ്ങിയ സിനിമകളിലൂടെ കാഴ്ചയില്ലാത്ത കഥാപാത്രങ്ങൾ അവതരിപ്പിച്ചതും അതുവഴി സൃഷ്ടിക്കപ്പെടുന്ന അപനിർമ്മാണങ്ങളെക്കുറിച്ചും ചില വിലയിരുത്തലുകൾ അവതരിപ്പിക്കുന്നതിനാണ് ശ്രമിക്കുന്നത്.

### *വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും* (വിനയൻ, 1999)

ഏതാനും സിനിമകളിൽ ചെറിയ ചില വേഷങ്ങൾ ചെയ്ത ഒരു വ്യക്തിയാണ് റിജോയ്. രഞ്ജിത് ശങ്കർ സംവിധാനം ചെയ്ത ജയസൂര്യനായകനായ "പ്രേതം2" എന്ന ചിത്രത്തിൽ പ്രധാന വില്ലൻ കഥാപാത്രത്തെ അവതരിപ്പിച്ചത് അദ്ദേഹമാണ്. ഈ ചിത്രത്തിൽ റിജോയ് അവതരിപ്പിച്ച കഥാപാത്രം കാഴ്ചശക്തിയില്ലാത്തയാളും, സൈബറിടത്തിൽ തന്റെ സൂക്ഷ്മബുദ്ധിയുപയോഗിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യുന്നയാളുമാണ്. സിനിമകൾ റിലീസ് ആകുമ്പോൾ അവ കൈകാര്യം ചെയ്യുന്ന വിഷയങ്ങൾ സംബന്ധിച്ച് സൂക്ഷ്മതല ത്തിലുള്ള നിരൂപണങ്ങൾ സോഷ്യൽമീഡിയ വഴിയും അല്ലാതെയും വളരെ വ്യക്തമായി അവതരിപ്പിക്കുന്ന വ്യക്തികൂടിയാണ് റിജോയ്. ഇത്തരത്തിൽ ധാരാളം സിനിമാനിരൂപണങ്ങൾ തയ്യാറാക്കിയിട്ടുള്ള അദ്ദേഹം കാഴ്ചപരിമിതരായ കഥാപാത്രങ്ങളെ അവതരിപ്പിക്കുന്ന സിനിമകളും നിരൂപണവിധേയമാക്കിയിട്ടുണ്ട്. മലയാളസിനിമയിൽ വന്നിട്ടുള്ള കഥാപാത്രങ്ങളെക്കുറിച്ച് ചിന്തിക്കുമ്പോൾ കേരളീയരുടെ മനസ്സിൽ ആദ്യം ഓടിയെത്തുന്നത് വിനയൻ സംവിധാനം ചെയ്ത "വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും" എന്ന സിനിമയിലെ

കലാഭവൻമണി അവതരിപ്പിച്ച പ്രധാനവേഷം രാമുവാണ്. ഈ സിനിമയെയും കഥാപാത്രത്തെയും സംബന്ധിച്ച് റിജോയ് നടത്തുന്ന നിരീക്ഷണങ്ങളും അതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം എത്തിച്ചേർന്ന നിലപാടുകളും ആദ്യം വിശകലനം ചെയ്യുന്നു.

'വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും' എന്ന സിനിമയെ സംബന്ധിച്ച് റിജോയുടെ ഫേസ്ബുക്ക് പോസ്റ്റിന്റെ തുടക്കം 'ചാലക്കുടിക്കാരൻ ചങ്ങാതി' എന്ന സിനിമയിലെ വിനയന്റെ കഥാപാത്രം രാമു എന്ന കഥാപാത്രത്തെ ഉദ്ധരിച്ചുകൊണ്ട് നടത്തുന്ന അന്ധന്മാർ ഇയാളെ കണ്ടുപഠിക്കണമെന്ന സംഭാഷണത്തെ ചൂണ്ടിയാണ്. ഈ പ്രസ്താവനയോട് സിനിമയിലെ ചില പ്രധാന രംഗങ്ങൾ ഉദ്ധരിച്ചുകൊണ്ട് കൃത്യമായ ചോദ്യങ്ങൾ ഉയർത്തിക്കൊണ്ട് വിയോജിപ്പ് രേഖപ്പെടുത്തുകയാണ് റിജോയ് ചെയ്യുന്നത്. ചോദ്യങ്ങൾ ഇങ്ങനെയാണ്: പ്രിയ ചലച്ചിത്ര പ്രേക്ഷക സുഹൃത്തുക്കളെ, ഞങ്ങൾ കാഴ്ച വൈകല്യമുള്ളവർ എന്താണ് ഈ കഥാപാത്രത്തെ കണ്ടുപഠിക്കേണ്ടത്? ഭിക്ഷയെടുത്ത് കുടുംബം പുലർത്തണമെന്നാണോ? ഇയാളെപ്പോലെ കണ്ണുമേലോട്ടു പിടിച്ച് നടക്കണം എന്നാണോ? സ്വന്തം അച്ഛന്റെ 'കണ്ണുപൊട്ടൻ','കുരുടൻ' പ്രയോഗങ്ങൾ കേട്ട് മിണ്ടാതെ ഉരിയാടാതെ തല കുനിച്ചിരിക്കണം എന്നാണോ? തള്ളി താഴെയിടുന്നത് സ്വന്തം ഏട്ടനാണെങ്കിലും ആരാണെങ്കിലും അവിടെ വീണു കരയണം എന്നാണോ? വൈകല്യം ബാധിച്ചതുകൊണ്ട് പ്രതികരണ ശേഷി ഒക്കെ തൽക്കാലം പെട്ടിയിൽ എടുത്ത് മടക്കിവെച്ചു കൊള്ളണമെന്നാണോ?, എന്താണ് ഈ സിനിമ മുന്നോട്ടുവയ്ക്കുന്ന രാഷ്ട്രീയം? (റിജോയ് കെ.കെ.) ഇതിൽ കാര്യങ്ങൾ വളരെ വ്യക്തമാണ്. അദ്ദേഹത്തിന്റെ ചോദ്യങ്ങൾക്കുപരിയായി സിനിമയിൽ പറഞ്ഞിരിക്കുന്ന പല കാര്യങ്ങളും കാഴ്ചയില്ലാത്തവരുടെ പൊതുസവി ശേഷതകളായി പൊതുബോധത്തെ തൃപ്തിപ്പെടുത്തുന്നവയാണ്. മലയാളികൾ അപ്രകാരം കണക്കാക്കുന്നതിനും ഈ ധാരണയുടെ അടിസ്ഥാനത്തിൽ മുൻവിധിയോടുകൂടി അവരെ സമീപിക്കുന്നതിനും ഈ സിനിമയ്ക്കും ചെറുതല്ലാത്ത പങ്കുണ്ട്. ഈ വസ്തുത അദ്ദേഹം മനസ്സിലാക്കിയതുകൊണ്ടാവാം വിനയന്റെ പ്രസ്താവനയോട് വിയോ ജിച്ചുകൊണ്ടുള്ള

തന്റെ ചോദ്യങ്ങൾ കേരളത്തിലെ പൊതുജനങ്ങളോട് ഒന്നടങ്കം അദ്ദേഹം ഉന്നയിക്കുന്നത്. ഇത്തരം ധാരണകൾ മലയാളികൾക്കിട യിൽ ഇപ്പോഴുമുണ്ട് എന്നതിനു തെളിവാണ് എത്ര നല്ല രീതി യിലുള്ള വേഷവിധാനത്തോടുകൂടിയ കാഴ്ചയില്ലാത്തവരെ റോഡിൽ കാണു മ്പോഴും അവരുടെ കയ്യിൽ പൈസ തിരുകി കൊടുക്കാനുള്ള പ്രവ ണത. പഠിച്ചുകൊണ്ടിരിക്കുന്നവരും സർക്കാർ കോളേജുകളിലെ ലക്ചർമാർ അടക്കമുള്ളവരും സർക്കാർ-സർക്കാരേതര ഉദ്യോഗസ്ഥരു മായ കാഴ്ചയില്ലാത്ത സുഹൃത്തുക്കൾ പങ്കുവെച്ച അനുഭവങ്ങൾ അതിന് അടിവരയിടുന്നു.

തന്റെ ഈ ചോദ്യങ്ങൾക്കു ശേഷം സിനിമയ്ക്കകത്തെ ചില രംഗങ്ങളും കഥയുടെ കാതലായ ചില വശങ്ങളും അദ്ദേഹം വിശ കലനം ചെയ്യുന്നു. കഥാപാത്രത്തിന്റെ നിസ്സഹായത എടുത്തുകാട്ടുന്ന ആദ്യരംഗം വിശകലനം ചെയ്തുകൊണ്ട് അദ്ദേഹം തുടരുന്നു: സിനിമ തുടങ്ങുമ്പോൾ രാമു എന്ന കഥാപാത്രം കുളിക്കുകയാണ്. ഞാൻ തേച്ചു കുളിക്കാം അമ്മേ  എന്ന രോദനം മാത്രം പുറപ്പെടുവിക്കാൻ കഴിയുന്ന ഒരു നായകൻ. അതുതന്നെ ഒരു വലിയ കോമഡിയാണ്. പ്രായപൂർ ത്തിയായ ഒരു യുവാവാണയാൾ. ഒരു രാജ്യത്തിന്റെ ഭരണ സിരാ കേന്ദ്രം ആരു ഭരിക്കണം എന്ന കാര്യത്തിൽസ്വതന്ത്രമായി തീരുമാന മെടുക്കാൻ പ്രാപ്തനായ ഒരു യുവാവാണ് തനിക്ക് സ്വയം കുളിക്കാൻ കഴിയും എന്ന് സ്വന്തം അമ്മയെ പോലും ബോധ്യപ്പെടുത്താൻ കഴി യാതെ നിസ്സഹായനാവുന്നത്. ഹാ കഷ്ടം! എന്നല്ലാതെ എന്ത് പറയാൻ! (റിജോയ് കെ. കെ.). നിസ്സഹായതയുടെ അങ്ങേയറ്റമായ ഈ അവസ്ഥയെ വിശകലനംചെയ്തു പരിഹാസം കലർത്തി അവ തരിപ്പിച്ചശേഷം കഥയിൽ ഒഴിച്ചുകൂടാനാവാത്ത അത്ഭുത പ്രണയത്തെ കീറിമുറിച്ച് വിശകലനം ചെയ്തുകൊണ്ടാണ് റിജോയ് തന്റെ പോസ്റ്റ് അവസാനിപ്പിക്കുന്നത്. ആ പ്രണയത്തെ സംബന്ധിച്ച് റിജോയ് നട ത്തുന്ന യുക്തിഭദ്രമായ വിമർശനം ഇങ്ങനെയാണ് "ഇനി നായകന്റെ പ്രണയത്തിലേക്ക് വരാം. അന്ധനായ നായകൻ. ഊമയായ നായിക. ഈ കഥ നടക്കുന്നത് ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യത്തിലാണ്. അഥവാ, 21-ാം നൂറ്റാണ്ട് ആരംഭം കുറിക്കുന്നതിനു തൊട്ടുമുൻപുള്ള

വർഷം. ഇന്നത്തെപ്പോലെ സാങ്കേതി കവിദ്യയുടെ കാര്യത്തിൽ ഇത്ര മാത്രം പുരോഗതി കൈവരിക്കാത്ത കാലം. അങ്ങനെ ഒരു കാലഘട്ടത്തിൽ എങ്ങനെയാണ് ഇങ്ങനെ രണ്ടു വ്യത്യസ്ത വൈകല്യമുള്ളവർക്ക് തമ്മിൽ പ്രണയിക്കാൻ ആവുക? ഒരാൾക്ക് ഒരു വൈകല്യമുണ്ട് എന്നതുകൊണ്ടു മാത്രം എങ്ങനെയാണ് തമ്മിൽ തമ്മിൽ പ്രണയം തോന്നുക? ആധുനിക സാങ്കേതികവിദ്യ ഇത്രയേറെ പുരോഗതി കൈവരിച്ച ഈ കാലത്തായിരുന്നെങ്കിൽ, സ്ക്രീൻ റീഡർ സോഫ്റ്റ് വെയറുകളുടെയൊക്കെ സാന്നിധ്യം മൂലം, അവ ഞങ്ങൾക്കുകൂടി ലഭ്യമായ ഈ കാലഘട്ടത്തിൽ ആ പ്രണയവും ആശയവിനിമയ പ്രായോഗികതയും ഒക്കെ നമുക്ക് പേരിനെങ്കിലും ന്യായീകരിക്കാം. കാരണം, അന്യോന്യമുള്ള ആശയവിനിമയമൊക്കെ വാട്സ്ആപ്പ്, ഫേസ്ബുക്ക് പോലുള്ള സാമൂഹിക മാധ്യമങ്ങളിലൂടെയെങ്കിലും സാധ്യമാകും. പക്ഷേ, അപ്പോഴും ഒരു പ്രശ്നമുണ്ട്. രണ്ടു വ്യക്തികളുടെ സ്വകാര്യനിമിഷങ്ങളും ആവശ്യങ്ങളും എല്ലാം മേൽപ്പറഞ്ഞ ഉപാധി മൂലം വിനിമയം ചെയ്യുക സാധ്യമല്ലല്ലോ. അങ്ങനെയെങ്കിൽ ഇത്തരമൊരു പ്രണയത്തിന് പ്രസക്തി എന്താണ്? പ്രായോഗികത എന്താണ്? സിനിമയിലുടനീളം ഇവർക്ക് ആശയവിനിമയ സഹായിയായി രാമുവിന്റെ സഹോദരി പ്രവീണ അവതരിപ്പിച്ച വാസന്തി ഉണ്ട് എന്നതു ശരിയാണ്. എന്നുകരുതി രണ്ടു വ്യക്തികളുടെ സ്വകാര്യനിമിഷങ്ങളിൽ മൂന്നാമതായി ഒരാളെ നിർത്തുന്നതിൽ അല്പം പ്രായോഗികതയുടെ പ്രശ്നമുണ്ടല്ലോ! പിന്നീട് ഒരു വാദത്തിനു വേണമെങ്കിൽ സിനിമയെ സിനിമയായി കാണുക, എന്തിനാണ് അതിലെ യുക്തി പരിശോധിക്കുന്നത്? എന്നൊക്കെ നിങ്ങൾക്ക് പറയാം. അങ്ങനെയെങ്കിൽ എനിക്കും ഒന്നു ചോദിക്കാനുണ്ട്. സിനിമയുടെ യുക്തി പരിശോധിക്കാതിരിക്കാൻ ഈ സിനിമ ഒരു ഫിക്ഷനായി കണക്കാക്കാനുള്ള വകുപ്പൊന്നുമില്ലല്ലോ?

ഈ അത്ഭുത പ്രണയവും പൊതുജനങ്ങളെ സ്വാധീനിച്ചു എന്നതിന് തെളിവാണ് എന്റെ ഒരു കാഴ്ചയില്ലാത്ത സുഹൃത്തിന്റെ കല്യാണാലോചനയുമായി ബന്ധപ്പെട്ട് തനിക്ക് ഒരു പരിമിതി ഉള്ളതിനാൽ ഏതെങ്കിലും തരത്തിൽ പരിമിതിയുള്ളവരെ വിവാഹം

കഴിക്കാൻ ആഗ്രഹിക്കുന്നു എന്ന് പറഞ്ഞപ്പോൾ കേൾവി ശക്തി ഇല്ലാത്ത ഒരു പയ്യനുണ്ട്, അത് ആലോചിക്കാമെന്ന് വളരെ ആത്മാർത്ഥമായി അവളുടെ അച്ഛൻ മറുപടി പറഞ്ഞത്. ധാരാളം സിനിമകൾ നിരൂപണം നടത്തിയിട്ടുള്ള റിജോയുടെ ഈ സിനിമാ നിരൂപണത്തിൽ സാധാരണയിൽ നിന്നും വ്യത്യസ്തമായി കാഴ്ചപരിമിതരെ സംബന്ധിച്ച് തെറ്റായ പൊതുധാരണ രൂപം നൽകുന്നതിന് കാരണമായ സിനിമയോടുള്ള ആത്മരോഷം കാണാൻ സാധിക്കുന്നുണ്ട്.

### *സത്യം ശിവം സുന്ദരം* (**മെക്കാർട്ടിൻ, 2000**)

ഒരു ജനപ്രിയ ചിത്രം എന്ന രീതിയിൽ കണക്കാക്കപ്പെടുന്ന സിനിമയാണ് കുഞ്ചാക്കോ ബോബൻ നായകനായ 'സത്യം ശിവം സുന്ദരം.' ഈ ചിത്രത്തിൽ കൊച്ചിൻ ഹനീഫയും ഹരിശ്രീ അശോകനും അവതരിപ്പിക്കുന്ന രണ്ടു കഥാപാത്രങ്ങളും കഥയിൽ ഏറെ പ്രാധാന്യമുള്ളവരാണ്. സിനിമയിൽ ഈ കഥാപാത്രങ്ങൾക്ക് അനുവദിച്ചു നൽകിയിരിക്കുന്ന ഉപജീവനമാർഗ്ഗം മലയാളസിനിമയിൽ പൊതുവേ കാഴ്ചയില്ലാത്ത കഥാപാത്രങ്ങൾക്ക് അനുവദിക്കുന്ന ഭിക്ഷാടനം തന്നെയാണ്. കഥാഗതിയെത്തന്നെ മുന്നോട്ടു കൊണ്ടുപോകുന്നത് ഇവരുടെ കാഴ്ചയില്ലായ്മയെ ആശ്രയിച്ചാണ്. ഇവർ ട്രെയിനിൽ നടത്തുന്ന ഭിക്ഷാടനത്തിനിടയിൽ ശരീരത്തിലെ ഒരു ഭാഗം പോലെ കൊണ്ടുനടക്കുന്ന അവരുടെ കുഞ്ഞനിയത്തിയെ മാറിപ്പോകുന്നതും അതുമായി ബന്ധപ്പെട്ട അവകാശത്തർക്കവുമാണ് കഥയുടെ പ്രമേയം. എന്നാൽ, കാഴ്ചയില്ല എന്ന ഒറ്റക്കാരണത്താൽ സ്വന്തം ശരീരത്തിന്റെ ഭാഗംപോലെ കൊണ്ടുനടക്കുന്ന കുട്ടിയെ എങ്ങനെയാണ് മാറിപ്പോകുന്നത്? എന്ന ചോദ്യം ഉയരുകയാണ്.

സിനിമയിൽ തമാശയ്ക്കുവേണ്ടി ആയിരിക്കാം ടോയ്‌ലറ്റാണെന്നുകരുതി അടുക്കളയിൽ സഹോദരങ്ങൾ മൂത്രം ഒഴിക്കുന്ന സീൻ പോലും അവതരിപ്പിക്കുന്നുണ്ട്. തമാശ എന്നതിനപ്പുറത്തേക്ക് ടോയ്‌ലറ്റും, അടുക്കളയും ഏതെന്നു തിരിച്ചറിയാൻ പറ്റാത്തവരാണ് കാഴ്ചയില്ലാത്തവരെന്ന ഒരു സന്ദേശം സിനിമ നൽകുന്നില്ലേ എന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ഇതിനുപുറമേ കുഞ്ചാക്കോ ബോബന്റെയും ജഗദീഷി

ന്റെയും കഥാപാത്രങ്ങൾ പലവിധത്തിൽ സഹോദരങ്ങളെ വിഡ്ഢിക ളാക്കുന്ന സീനുകൾ അവതരിപ്പിക്കുന്നു. ഇതിൽപ്പലതും സാധാരണ യായി കാഴ്ചയില്ലാത്തയാൾ പറ്റിക്കപ്പെടാൻ സാധ്യതയില്ലാത്ത സാഹ ചര്യമാണെന്ന് സാമാന്യയുക്തി ഉപയോഗിച്ചാൽ തന്നെ മനസ്സിലാകും. എന്നാൽ തുടക്കത്തിൽ പറഞ്ഞതുപോലെ സിനിമകളിലെ കഥാപാ ത്രങ്ങളെ മുൻനിർത്തി രൂപപ്പെട്ട മുൻധാരണയോടെ കാഴ്ച പരിമിതരെ സമീപിക്കുന്ന മലയാളി പൊതുബോധത്തിനു ഈ വിഷയത്തിൽ എന്തു സാമാന്യയുക്തി.

*ഒരു യമണ്ടൻപ്രേമകഥ* **(ബി. സി. നൗഫൽ, 2019)**

ഈ അടുത്തിടെ പുറത്തിറങ്ങിയ ജനപ്രിയ സിനിമയാണ് 'ഒരു യമണ്ടൻ പ്രേമകഥ'. ഇതിൽ വിഷ്ണു ഉണ്ണികൃഷ്ണൻ അവതരിപ്പിച്ച 'ടെനി സെബാസ്റ്റ്യൻ' എന്ന അന്ധ യാചകകഥാപാത്രം ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതുണ്ട്. എന്തെന്നാൽ തിരക്കഥാകൃത്തുക്കൾ ഒരു അഭി മുഖത്തിൽ കഥാപാത്രസൃഷ്ടിക്ക് പ്രചോദനമായത് ടിനി സെബാസ്റ്റ്യൻ എന്ന കാഴ്ചയില്ലാത്ത വ്യക്തിയാണെന്ന് സൂചിപ്പിക്കുന്നുണ്ട്. ടിനി സെബാസ്റ്റ്യൻ യഥാർത്ഥത്തിൽ ടിനി എന്ന കഥാപാത്രത്തിന് നേർ വിപരീതമായി ജീവിക്കുന്ന ആളാണ്. നോയിഡയിൽ ഒരു കമ്പനിയിലെ എൻജിനീയറിങ് വിഭാഗത്തിൽ ഉയർന്ന പോസ്റ്റിലിരിക്കുന്ന ടിനി സെബാസ്റ്റ്യനിൽ നിന്നുംപ്രചോദനം ഉൾക്കൊണ്ട് ഒരു അന്ധ യാചക കഥാപാത്രത്തെ സൃഷ്ടിക്കുന്നതിലെ വൈരുദ്ധ്യത്തെ സംബന്ധിച്ച് ആശ്ചര്യം എന്നല്ലാതെ മറ്റൊന്നും പറയാൻ സാധിക്കില്ല. ഇതുസംബ ന്ധിച്ച് ഒരു യൂട്യൂബ് വീഡിയോയിലൂടെ ശ്രീ ടിനി സെബാസ്റ്റ്യൻ പ്രതി കരിച്ചിട്ടുണ്ട് അദ്ദേഹം പറയുന്നത്: "എന്റെ പേര് ടിനി സെബാസ്റ്റ്യൻ", ഞാനൊരു കാഴ്ച കുറവുള്ള വ്യക്തിയാണ്. ഒരു യമണ്ടൻ പ്രേമകഥ എന്ന സിനിമയിൽ വിഷ്ണു ചെയ്തിട്ടുള്ള കഥാപാത്രമുണ്ട് ടിനി സെബാസ്റ്റ്യൻ എന്നു പറഞ്ഞിട്ട്. അതിന്റെ തിരക്കഥാകൃത്തുക്കൾ അഭിമുഖത്തിൽ പറഞ്ഞിട്ടുള്ളത് ടിനി സെബാസ്റ്റ്യൻ എന്ന വ്യക്തിയിൽ നിന്നും പ്രചോദനം ഉൾകൊണ്ടിട്ടാണ് അവർ ഈ കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുള്ളത് എന്നാണ്. വളരെ ദുഃഖം തോന്നി,അതിൽ വളരെ

പോസിറ്റീവായ പലതും ടിനിച്ചേട്ടനിൽ കണ്ടുവെന്നവർ പറയുന്നു. പക്ഷെ അങ്ങിനെ കണ്ടുവെന്നവർ പറയുമ്പോഴും അതിൽ അവതരിപ്പി ച്ചിട്ടുള്ളകഥാപാത്രം കാഴ്ചയില്ലാത്ത ഒരു സ്ട്രീറ്റ് സിംഗർ ആയിട്ടുള്ള ബെഗ്ഗർ ആണ്. പാട്ടുപാടി വെറുപ്പിക്കുന്ന ഒരു വ്യക്തി എന്ന രീതി യിലാണ് അവതരിപ്പിച്ചിട്ടുള്ളത്. അപ്പൊൾ അതിൽ എന്ത് പോസി റ്റീവ്നസ്സാണ് അവർ ഉപയോഗിച്ചിട്ടുള്ളത് എന്ന് എനിക്ക് മനസ്സിലാ യില്ല. കാഴ്ചയില്ലാത്ത പലയാളുകളും ഇന്ന് വലിയ വലിയ മേഖലക ളിൽ ജോലി ചെയ്യുന്നു. ഇപ്പോൾ ഞാൻ തന്നെ ഇവിടെ ഒരു കമ്പനി യിൽ, നോയിഡയിൽ ആക്സസിബിലിറ്റി ടെസ്റ്റ് എഞ്ചിനീയർ ആയിട്ട് വർക്ക് ചെയ്യുകയാണ്. അങ്ങനെയുള്ള എന്നെ ഒരു മോഡൽ ആയി അല്ലെങ്കിൽ പോസിറ്റീവായിട്ടുള്ള സംഭവമായി ചെയ്യുമ്പോൾ അങ്ങി നെയെന്തെങ്കിലും ജോബ് ബേസ്ഡ് ആയിട്ടു വേണമല്ലോ ചെയ്യാൻ. അല്ലാതെ ഒരു ബെഗ്ഗർ ആയിട്ട്, അതും ഒരു സ്ട്രീറ്റ് സിങ്ങർ ആയിട്ട്, പാട്ടുപാടി വെറുപ്പിക്കുന്ന ഒരു സംഭവമാക്കി ചെയ്യുമ്പോൾ അത് വളരെ യധികം ബുദ്ധിമുട്ടാണുണ്ടാക്കുന്നത്. എനിക്ക് മാത്രമല്ല കേരളത്തിൽ ജോലിചെയ്തു ജീവിക്കുന്ന കാഴ്ചപരിമിതരായ മുഴുവൻ ആളുക ൾക്കും അതു ബുദ്ധിമുട്ടാണുണ്ടാക്കുന്നത് എന്നാണ് പറയാനുള്ളത്. എത്രയോ ആളുകൾ അധ്യാപകരായിട്ട്, ബാങ്ക് എംപ്ലോയീസായിട്ട്, ഹൈ അതോറിറ്റി ആയിട്ട് വർക്ക് ചെയ്യുന്നു. അപ്പൊ ഇതൊന്നും കാണാതെ അവർ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിലും അന്ധരായി ട്ടുള്ള ആളുകൾ ബെഗ്ഗറാണ് എന്ന് കാണിക്കുമ്പോൾ ഞാനടക്കമുള്ള സമൂഹത്തിനു എത്രത്തോളം ബുദ്ധിമുട്ടുണ്ടാവും എന്നോർക്കണം.

പല കോമഡി സീനുകളും പരിശോധിക്കുമ്പോൾ കാഴ്ച പരിമിത രായവരെക്കുറിച്ച് പല നാടൻ പ്രയോഗങ്ങളും ശ്രദ്ധയിൽപ്പെട്ടു. ഒരു പക്ഷേ, നിങ്ങളിൽ പലരും അതു സിനിമയാണ്, അതിൽ അങ്ങിനെ ഉണ്ടായേക്കാം എന്ന് ന്യായം പറയാം. പക്ഷേ പല ആളുകളും സിനിമ കണ്ടിട്ട്, പ്രത്യേകിച്ച് നമ്മുടെ കേരളത്തിലെ ആളുകൾ ആ സിനിമയിൽ അങ്ങിനെയൊക്കെയുണ്ട് അപ്പൊ നിങ്ങളൊക്കെ അങ്ങിനെയാണല്ലേ? എന്ന് ചോദിക്കുന്ന ആളുകളാണ്. അപ്പോൾ ആളുകളുടെ ചിന്താഗതി മാറിയിട്ടില്ല എന്ന് വ്യക്തമാണ്. എന്തായാലും ഇനിയെങ്കിലും അടുത്ത

സിനിമയെടുക്കുന്ന ആളുകൾ കാഴ്ചപരിമിതരായ കഥാപാത്രങ്ങളെ അവതരിപ്പിക്കുമ്പോൾ അത്യാവശ്യം ഒന്ന് ചിന്തിക്കണം. ഇന്ന് ടെക്നോളജി വളരെ ഡെവലപ്ഡ് ആയി. കാഴ്ചയില്ലാത്തവർ കമ്പ്യൂട്ടറിൽ കാഴ്ചയുള്ളവരെപ്പോലെ പ്രവർത്തിക്കുന്നുണ്ട്. ഇത്തരത്തിൽ എല്ലാ മേഖലകളിലും മാതൃകാധ്യാപകരുണ്ട്, എറണാകുളത്തെ അസിസ്റ്റന്റ് കലക്റ്റർ കാഴ്ചയില്ലാത്ത ലേഡിയാണ്. യഥാർത്ഥത്തിൽ ഇത്രയും പുരോഗതിയിൽ എത്തിനിൽക്കുമ്പോഴും പഴയ പൊതുബോധത്തെ നിലനിർത്തുന്ന കാരക്ടർ ചെയ്യുമ്പോൾ അതു വളരെ മോശമായിട്ട് ബാധിക്കുകയാണ്. പ്രത്യേകിച്ച് എന്റെ പേരുംകൂടി പരാമർശിച്ച് അതിൽ പോസിറ്റീവ് കണ്ടുവെന്ന് പറയുമ്പോൾ. ഞാനൊരു മിമിക്രി ചെയ്യുന്ന ആളാണ്, പക്ഷെ ഞാൻ അതുകൊണ്ടു മാത്രമല്ല ജീവിക്കുന്നത്. പലരും അങ്ങിനെയൊക്കെ ജീവിക്കുന്നു. നിരവധിയാളുകൾ ഈ സിനിമ കണ്ടിട്ട് എന്താണ് ഇങ്ങനെ? നിങ്ങളുടെ സുഹൃത്തുക്കളല്ലേ ഇതൊക്കെ ചെയ്തിട്ടുള്ളത്? എന്ന് ചോദിക്കുകയാണ്. അതുകൊണ്ടാണ് ഇക്കാര്യം ഷെയർ ചെയ്യാമെന്ന് വിചാരിച്ചത്. അപ്പൊ ഇതുകാണുന്ന നമ്മുടെ സുഹൃത്തുക്കൾ ഇനിയെങ്കിലും വിഷ്വലി ഇമ്പയർഡ് ആയിട്ടുള്ള ആളുകളെ അവതരിപ്പിക്കുമ്പോൾ ശ്രദ്ധിക്കണമെന്ന സജഷൻ ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.''

ടിനി സെബാസ്റ്റ്യന്റെ ഈവാക്കുകൾ വളരെയധികം പ്രസക്തിയർഹിക്കുന്നുണ്ട്. സമൂഹം കൂടുതൽ മുന്നോട്ടുപോയിട്ടുണ്ട്. വ്യത്യസ്തതകൾ പൂർണ്ണമായും അംഗീകരിക്കുകയും, എല്ലാ മേഖലകളിലും അവയെ സമൂഹവുമായി ചേർത്തു നിർത്തുകയും ചെയ്യുന്നുണ്ട്. ഈ സന്ദർഭത്തിലാണ് ഇത്തരം സിനിമകൾ വീണ്ടും വീണ്ടും പിറക്കുന്നത്. സിനിമകൾ വിനോദത്തിന്റെ കേന്ദ്രമായി സൃഷ്ടിക്കുമ്പോൾ അവിടെയുള്ള ഇത്തരം സാമൂഹ്യനിർമ്മിതികളെ ഇനിയെങ്കിലും നാം മാറ്റിനിർത്തേണ്ടതുണ്ട്.

മേൽപ്പറഞ്ഞ കഥാപാത്രങ്ങളും അതിനു സമാനമായ മറ്റു മലയാളസിനിമകളിലെ കഥാപാത്രങ്ങളും കേരളീയരുടെ പൊതുബോധത്തിനും കാഴ്ചയില്ലാത്തവരെ സംബന്ധിച്ച വികലമായ ചിത്രങ്ങൾ കോറിയിട്ടിരിക്കുന്നു എന്നത് വാസ്തവമാണ്. ഒരു കാഴ്ചയി

ല്ലാത്ത വ്യക്തിയെ പരിചയപ്പെടുമ്പോൾ ചർച്ച ചെയ്യപ്പെടുന്നത് ഇത്തരം സിനിമകളിൽ സൃഷ്ടിക്കപ്പെട്ടിരിക്കുന്ന കഥാപാത്രസൃഷ്ടികളിലൂടെ പ്രതിഫലിക്കുന്ന സ്വഭാവ സവിശേഷതകളാണ്. നമ്മുടെയെല്ലാം ചിന്തകളിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ള പല നിർമ്മിതികളും കാലവും സമയവും ദീർഘദൂരം സഞ്ചരിച്ചിട്ടും മാറ്റം വരാതെ തുടർന്നുകൊണ്ടേയിരിക്കുകയാണ്. ഭിന്നശേഷി വിഭാഗക്കാരെ സമൂഹത്തിലേക്ക് ഉൾച്ചേർക്കുന്നതിനായി നിരവധി മാർഗ്ഗങ്ങളും വികസന പ്രവർത്തനങ്ങളും മുന്നോട്ടു വെച്ചുകൊണ്ട് വ്യത്യസ്തതകളെ അംഗീകരിക്കുന്ന നിലപാടുകളിലേക്ക് എത്തികൊണ്ടിരിക്കുന്ന സമയങ്ങളിൽത്തന്നെ ഈ അപരവത്കരണങ്ങളിലൂടെയുള്ള സാമൂഹ്യനിർമ്മിതികൾ വഴി സൃഷ്ടിക്കപ്പെടുന്ന മലയാളിയുടെ പൊതുബോധത്തിനകത്ത് ഉൾച്ചേർക്കലുകൾ എത്രത്തോളം സാധ്യത സൃഷ്ടിക്കുന്നുവെന്ന് ചിന്തി ക്കേണ്ടിയിരിക്കുന്നു. കേരള സമൂഹം മലയാളസിനിമയുടെ നിർമ്മിതികളിൽ ഇനിയും വളരെയധികം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

സമൂഹം മാറിക്കൊണ്ടിരിക്കുകയാണ്. ഇവിടെ ഇതുവരെ സൃഷ്ടിക്കപ്പെട്ടിട്ടുള്ള എല്ലാ നിർമ്മിതികളും മാറിക്കൊണ്ടിരിക്കുന്നുണ്ട്. ഇതുവരെ ഇല്ലാത്ത രീതിയിൽ ഇത്തരം കാര്യങ്ങളെ നാമോരോരുത്തരും സൂക്ഷ്മമായി നിരീക്ഷിക്കുകയും ചെയ്യുന്നു. ഒരു പുതിയ സംസ്കാരത്തെ നാം നിർമ്മിച്ചുകൊണ്ടിരിക്കുമ്പോൾ സിനിമയെ അതിൽ നിന്നും മാറ്റിനിർത്താൻ സാധിക്കുകയില്ല. നിലവാരമൊത്ത ലോക സിനിമകൾക്കൊപ്പം ഇടം നേടിക്കൊണ്ട് മുന്നോട്ടു പോവുന്ന മലയാള സിനിമയ്ക്കകത്ത് ഇത്തരം നിർമ്മിതികൾ രൂപപ്പെടുത്തുന്നതിൽ നിന്നുമുള്ള മാറ്റം അനിവാര്യമാണ്. മാറിവരുന്ന എല്ലാവിധ ബന്ധങ്ങളെയും പ്രതിനിധീകരിക്കാൻ മലയാള സിനിമയ്ക്ക് സാധിക്കട്ടെ!

*ഗ്രന്ഥസൂചി*

1. https://www.facebook.com/joykk.rejoykk
2. www.facebook.com/Timy Sebastian Ettumanoor

3. https://youtu.be/MET7IQDbVy0

4. സിംഗ്, അമിത്. മെയ്, 2016. ഭിന്നശേഷി സാമൂഹ്യമാറ്റത്തിനായി ഒരുങ്ങാം, പേ. ന. 41 44. *യോജന,* വാല്യം 44. ലക്കം 10. തിരുവനന്തപുരം.

5. ലിമയെ, സന്ധ്യ. മെയ്,2016. സാമൂഹ്യ ബോധവൽക്കരണത്തിന്റെ പ്രസക്തി.പേ.ന.19 21. *യോജന,* വാല്യം 44. ലക്കം 10. തിരുവനന്തപുരം.

6. *വാസന്തിയും ലക്ഷ്മിയും പിന്നെ ഞാനും,* 1999. വിനയൻ.

7. *സത്യം ശിവം സുന്ദരം,* 2000.മെക്കാർട്ടിൻ.

8. *ഒരു യമണ്ടൻപ്രേമകഥ,* 2019. ബി. സി. നൗഫൽ.

# ഭിന്നശേഷി സ്വത്വാവിഷ്കാരം- *പേരൻപ്* സിനിമയിൽ

**സുലയ്യബാനു**

**(ഗവേഷക, മലയാളവിഭാഗം,കേരളസർവകലാശാല)**

സമൂഹം പാർശ്വവൽക്കരിച്ചു മാറ്റി നിർത്തുന്ന വിഭാഗമാണ് ഭിന്നശേഷിക്കാർ. ഇത്തരം പാർശ്വവത്കൃതരിൽ പ്രധാനികൾ ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവരാണ്. അവരെ സാമൂഹികമായും രാഷ്ട്രീയമായും ബഹിഷ്കരിക്കുകയും തമസ്കരിക്കുകയും അവരുടെ സ്വത്വം കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്നു. വൈകല്യങ്ങൾ പോലുള്ള തീക്ഷ്ണാനുഭവങ്ങളെ മനഃപൂർവ്വമായും നിഗൂഢമായും അരികുവൽക്കരിച്ച് പൊതുസമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ഒതുക്കി നിർത്തുന്നു. തങ്ങളുടേതല്ലാത്ത കാരണത്താൽ ഇരുളറകളിൽ ഒതുങ്ങിക്കൂടേണ്ട ജീവിതങ്ങളായി മാറുകയാണ് ഭിന്നശേഷിക്കാർ. കയ്പ്പേറിയ ജീവിതാനുഭവങ്ങൾ ഓരോ ഭിന്നശേഷിക്കാരനും ഉണ്ടാകും. മാനസികവും ശാരീരികവുമായ അവസ്ഥകൾ കാരണമായി പറഞ്ഞുകൊണ്ട് പല അവസരങ്ങളും അവർക്ക് നിഷേധിക്കുന്നു.

**സമൂഹത്തിലൂന്നിയ സ്വത്വനിർമ്മിതി**

സമൂഹമാതൃകയിൽ വ്യക്തിയെക്കാൾ പ്രാധാന്യം സമൂഹത്തിനാണ്. വികലമായ പരിതസ്ഥിതിയുടെയും സാമൂഹിക സംവിധാനത്തി

ന്റെയും പരിണതഫലം കൂടിയാണ് ഒരുതരത്തിൽ ഭിന്നശേഷിക്കാർ. സവിശേഷമായ സാമൂഹിക ചട്ടക്കൂടിനുള്ളിൽ വ്യക്തിയിൽ നിന്നും പ്രതീക്ഷിക്കുന്ന പ്രവൃത്തി, കടമ എന്നിവ വേണ്ടവിധം പ്രകടിപ്പിക്കാൻ കഴിവില്ലാതെയാകുന്ന പരിമിതിയോ അവസ്ഥയോ ആകാം ഭിന്നശേഷി അല്ലെങ്കിൽ വൈകല്യം. സ്വത്വനിർമ്മിതിയിൽ ഭിന്നശേഷിക്കാരനും ഭാഗഭാക്കാണ്. സ്വത്വം എന്നാൽ ഓരോ വ്യക്തിയിലും സമൂഹത്തിലും മുൻകൂട്ടി നിശ്ചയിക്കപ്പെട്ട ഘടകമല്ല; മറിച്ച് ചരിത്ര, സാംസ്കാരിക, സാമൂഹിക ഘടകങ്ങളാൽ രൂപീകൃതമാകുന്ന വ്യക്തിത്വഘടകമാണ്. അവ രൂപപ്പെടുത്തുന്ന ഘടനകളിൽ ഉണ്ടാകുന്ന മാറ്റങ്ങളും പ്രതിസ ന്ധികളും വ്യക്തിയുടെയും സമൂഹത്തിന്റെയും സ്വത്വാനു വങ്ങളിൽ പ്രതിഫലിക്കും. ഭിന്നശേഷിക്കാരിൽ തന്റെ നിലനിൽപ്പിനുള്ള ഹേതു കൂടിയാണ് സ്വത്വാവബോധം. വ്യക്തിപരമായ പ്രത്യേകതയാണ് ഓരോ മനുഷ്യന്റെയും സവിശേഷത. വ്യക്തികൾ മാത്രമല്ല ഗോത്ര ങ്ങളും സമൂഹവുമെല്ലാം മറ്റൊന്നിൽ നിന്നും ഭിന്നമാണ്. ഗോത്രം, വർഗം, ലിംഗം തുടങ്ങിയ സാമൂഹികവും സാംസ്കാരികവും ജീവശാ സ്ത്രപരവുമായ ഓരോന്നിനോടും ബന്ധപ്പെട്ടതാണ് സ്വത്വത്തിന്റെ ഭിന്നമാനങ്ങൾ. സമൂഹത്തിൽ, തന്റെ നിലനിൽപ്പിന് കോട്ടം തട്ടുന്നു എന്ന ബോധത്തിൽ നിന്നാണ് വ്യക്തി നിലനിൽപ്പിനുള്ള വഴി അന്വേ ഷിച്ചു തുടങ്ങുന്നത്. ഭിന്നശേഷിക്കാരും തങ്ങളുടേതായ ചുറ്റുപാടിൽ നിന്നുകൊണ്ട് സ്വത്വം കൈവരിക്കുകയും പരിമിതികളെ ലംഘിച്ചു കൊണ്ട് സമൂഹജീവിയായി മാറുകയും ചെയ്യുന്നു.

വ്യക്തിയുടെ ജീവിതം പ്രതിസന്ധിയിലും ചിന്താകുഴപ്പത്തിലും അകപ്പെടുന്നത് സമൂഹവുമായി കലഹത്തിലേർപ്പെടുമ്പോഴാണ്. ജീവിത കർമ്മത്തിലൂടെയും സവിശേഷ പ്രവർത്തനങ്ങളിലൂടെയും സ്വത്വം നേടിയെടുക്കാനും സ്ഥാപിക്കാനും വ്യക്തി ശ്രമിക്കുന്നു. വ്യവസ്ഥാപിതമായ ക്രമങ്ങൾ ഉള്ള പൗരസമൂഹവും അതിന്റെ മൂല്യവ്യ വസ്ഥയുമാകട്ടെ ഒരു നിശ്ചിത ഇടത്തേക്ക് വ്യക്തിയെ ചുരുക്കാൻ ശ്രമിക്കുന്നു. അതാകട്ടെ വ്യക്തിയിൽ ഗാഢവും വ്യസനപരവുമായ പ്രതിസന്ധികൾക്ക് ആക്കം കൂട്ടുന്നു. ഇച്ഛയ്ക്കും സ്വാതന്ത്ര്യത്തിനും മേൽ നിയന്ത്രണങ്ങൾ നിറഞ്ഞ ലോകത്ത് താൻ അപരിചിതനാണ്

എന്ന് വ്യക്തി തിരിച്ചറിയുന്നു. പൊരുത്തക്കേടിന്റെ ഈ നിമിഷത്തിൽ അയാൾ അഭിമുഖീകരിക്കുന്നത് ഞാൻ ആരാണ് എന്ന ചോദ്യത്തെ യാണ്. സമൂഹത്തിൽനിന്നും ഒറ്റപ്പെട്ടവന്റെ ഈ ചോദ്യം കുഴപ്പങ്ങളി ലേക്ക് എറിയപ്പെട്ടവന്റെ ചോദ്യമാണ്. ഇത്തരത്തിലുള്ള സാഹചര്യ ത്തിൽ ഭിന്നശേഷിക്കാരും അവരുടെ ആശ്രിതരും സമൂഹത്തിനു മുമ്പിൽ മാറ്റിനിർത്തപ്പെടുകയോ സ്വയം ഉൾവലിയുകയോ ചെയ്യുന്നു. ഈ ഉൾവലിയലോ ഒളിച്ചോട്ടമോ ആണ് 'പേരൻപ്' സിനിമയിൽ നാം കണ്ടറിയുന്നത്. ജനതയുടെ സാംസ്കാരിക ആവിഷ്കാരങ്ങൾ എന്ന നിലയിൽ സാഹിത്യത്തിലും സിനിമയിലും വൈകല്യബാധിതരെ അല്ലെങ്കിൽ ഭിന്നശേഷിക്കാരെ ആവിഷ്കരിക്കാറുണ്ട്. എന്നാൽ ഭിന്നശേഷി അല്ലെങ്കിൽ വൈകല്യം തികച്ചും മനസ്സുമായും ശരീരവു മായും ബന്ധപ്പെട്ട ഒന്നല്ല എന്നും മനുഷ്യപ്രകൃതിയുടെ വേലിയേറ്റ ങ്ങൾക്കതീതമായി നിലകൊള്ളുന്ന വൈകാരികത കൂടിയാണെന്നും റാം എന്ന തമിഴ് സംവിധായകന്റെ ചിത്രീകരണമികവിൽ 'പേരൻപ്' സിനിമയിലൂടെ ആവിഷ്കരിക്കുന്നു.

**അൻപിലൂടെ അലിയുന്ന ഋതുഭേദങ്ങൾ**

സ്പേസ്റ്റിക് പരാലിസിസ് എന്ന സവിശേഷമായ ശാരീരിക വൈകാരിക വൈകല്യ അവസ്ഥയിലുള്ള പെൺകുട്ടിയുടെയും മകൾക്ക് സംരക്ഷണം നൽകാൻ സമൂഹത്തിന്റെ കഴുകൻ കണ്ണുകളിൽ നിന്നും ഒളിച്ചോടേണ്ടിവരുന്ന നിസ്സഹായനായ അച്ഛന്റെയും പച്ചയായ ജീവിത ഗാഥയാണ് 'പേരൻപ്'. മമ്മൂട്ടി എന്ന മഹാനടന്റെ അഭിനയ മികവിലും സാധന എന്ന നടിയുടെ നടനാവിഷ്കാരത്തിലും സിനിമ ജീവിതസ്പർശിയായ അനുഭവമായിത്തീരുന്നു. പ്രകൃതിയും മനു ഷ്യനും തമ്മിലുള്ള ആത്മബന്ധമാണ് സിനിമയുടെ ജീവഹേതു. 12 അധ്യായങ്ങളിൽ പ്രകൃതിയുടെ വിവിധ ഭാവതലങ്ങളിലൂടെ തികച്ചും വൈകാരികഭാവം ഉള്ളിൽ തട്ടുമാറ് അവതരിപ്പിക്കുകയാണ് പാപ്പയും അമുദവനും. ചിത്രത്തിൽ ഒറ്റപ്പെട്ടവരും അരികുവൽക്കരിക്കപ്പെട്ടവരു മായ നിരവധി കഥാപാത്രങ്ങൾ നിറഞ്ഞാടുന്നു. പ്രകൃതിയും മനു ഷ്യനും തമ്മിലുള്ള ജീവൽബന്ധത്തെയും ജീവിത സാഹചര്യത്തെയും

കോർത്തിണക്കി പ്രകൃതിയെന്നത് വെറുപ്പാണ് എന്നതിൽ ആരംഭിച്ച് പല പ്രതിസന്ധിഘട്ടങ്ങളും കടന്ന് ഒടുവിൽ പ്രകൃതി കനിവാണ് അല്ലെങ്കിൽ അലിവാണ് എന്നതിൽ കൊണ്ടെത്തിക്കുന്നിടത്ത് ചിത്രം പൂർണ്ണത കൈവരിക്കുന്നു.

ഭിന്നശേഷിക്കാർ സമൂഹത്തിന്റെ ഉള്ളറകളിലേക്ക് തള്ളപ്പെടേണ്ട വരല്ല എന്നും സ്വാഭാവിക ജീവിതം നയിക്കാൻ തങ്ങളും പ്രാപ്തരാ ണെന്നും 'പേരൻപി'ലൂടെ സാക്ഷ്യപ്പെടുത്തുന്നു. രോഗിയെക്കാൾ പരി താപകരമാണ് രോഗാതുരമായ മനസ്സ്. സാമൂഹികമായ കാഴ്ചപ്പാടാണ് മാറേണ്ടത്. ഓരോ വ്യക്തിയിലും വ്യത്യസ്തങ്ങളായ മാനസിക ചോദ നയാണുള്ളത്. രോഗബാധിതരായ, അല്ലെങ്കിൽ ഭിന്നശേഷിക്കാരായ ധാരാളം കുഞ്ഞുങ്ങൾ നമുക്ക് ചുറ്റുമുണ്ട്. അവരെ ശുശ്രൂഷിക്കുന്നത് ഏറെയും അമ്മമാരായിരിക്കും. ചുരുക്കം ചിലയിടങ്ങളിൽ അച്ഛൻ ശുശ്രൂഷകനായി മാറുന്നുണ്ട്. അച്ഛനും മകളും തമ്മിലുള്ള സ്നേഹ ബന്ധം പല സിനിമകൾക്കും പശ്ചാത്തലമായിട്ടുണ്ട്. എന്നാൽ അമുദവനും പാപ്പയും തമ്മിലുള്ള അതിതീവ്രമായ ആത്മബന്ധം ഇന്ത്യൻ സിനിമയിൽ ഏറിയ പങ്കും ആവിഷ്കരിച്ചിട്ടില്ല. സദാചാര സമൂഹം പല വിലക്കുകളും രക്തബന്ധങ്ങൾക്കുവരെ കൽപ്പിക്കുന്ന കാലഘട്ടത്തിലൂടെ കടന്നു പോകുന്ന വേളയിൽ അമുദവനും ഈ ചട്ടക്കൂടിൽ ഒതുങ്ങുന്നയാളാണ്. എന്നാൽ അയാൾക്ക് തന്റെ മകൾ ക്കായി പല പ്രതിസന്ധി ഘട്ടങ്ങളും താണ്ടിപ്പോകേണ്ടതായി വരുന്നു.

ഏകദേശം ഒരു പതിറ്റാണ്ടിലേറെ അമ്മയുടെ സംരക്ഷണയിൽ ഒതുങ്ങിക്കൂടിയ പാപ്പാ പൊടുന്നനെ ഒറ്റപ്പെടുകയും സമൂഹത്തിൽ നിന്നും കുടുംബാംഗങ്ങളിൽ നിന്നും കൊടുംവേദനയും അവഗണനയും ഏറ്റുവാങ്ങേണ്ടി വരുകയും ചെയ്യുന്നു. അമ്മയാണ് അവൾക്ക് ഏക ആശ്രയമായിരുന്നതെന്ന് പാപ്പയ്ക്ക് തന്നോടുള്ള സമീപനത്തിൽ നിന്നും, തന്നെ ഉപേക്ഷിച്ചു പോയ ഭാര്യയുടെ കത്തിൽനിന്നും അമുദ വന് മനസ്സിലാകുന്നു. തന്റെ മകൾക്ക് ഇത്തരത്തിൽ ഒരു വൈകല്യം ഉണ്ടെന്നറിഞ്ഞിട്ടും പ്രവാസിയായ ഈ അച്ഛൻ കാര്യമായി പരിചരി ക്കാനോ സഹകരിക്കാനോ കൂട്ടാക്കിയിട്ടില്ല. ആ കുറ്റബോധം അമുദവന്

ഉള്ളിൽ കനലായി സിനിമയിലുടനീളം നീറുന്നു. ഭാര്യയുടെ തിരോധാനവും കത്തിനൊപ്പം കാത്തുവെച്ച നിധിയെയും ഏറ്റുവാങ്ങുന്ന അമുദവൻ അതിതീവ്രമായ മാനസിക സംഘർഷങ്ങളിൽ ഉഴലുന്നു. ഭാര്യയുടെ നിലപാടിൽ തെറ്റു കാണാതെ തന്റെമേൽ എല്ലാ ഭാരവും ഏറ്റുവാങ്ങി മകൾക്കായി താങ്ങും തണലുമായി ജീവിച്ചു തീർക്കുകയാണ് ആ പച്ചയായ മനുഷ്യൻ.

ഋതുഭേദങ്ങൾക്കിടയിലൂടെ മെല്ലെ പതിഞ്ഞു പോകുന്ന നേർത്ത വിഷാദം സിനിമയിൽ ഒരറ്റത്തുനിന്ന് മെല്ലെ കയറി വരികയും പൊടുന്നനെ അതിതീവ്രമായ വേദനയുടെ ആഴക്കടലിലേക്ക് മുങ്ങിത്താഴുകയും ചെയ്യുന്നു. കുടുംബാംഗങ്ങൾ ഉൾപ്പെടുന്ന കപടസമൂഹം വിലകൽപ്പിക്കാത്ത ഇടത്തിൽനിന്നും തങ്ങളുടെ സ്വസ്ഥജീവിതം തകർക്കരുത് എന്ന അയൽവാസികളുടെ ആക്ഷേപഹാസ്യ അഭ്യർത്ഥനയിൽ നിന്നും അമുദവൻ തന്റെ മകൾക്കായി  മനുഷ്യൻ പാർക്കാത്ത, കുരുവികൾ ചാകാത്ത ഇടം തേടി  സ്വയം ഉൾവലിയുന്നു. മഞ്ഞുവീണു കിടക്കുന്ന കുന്നിൻ ചെരിവ്, അവിടെ തടാകതീരത്ത് ഒറ്റപ്പെട്ടുകിടക്കുന്ന വീട്ടിലേക്ക് ഒരു ബോട്ടിൽ അമുദവനും പാപ്പയും എത്തുകയാണ്. ആ യാത്ര എല്ലാ ബന്ധങ്ങളെയും വിച്ഛേദിച്ച് അലിവുവറ്റിയ സമൂഹത്തിൽ നിന്നുള്ള  ഒളിച്ചോട്ടമാണ്.

സമൂഹം ഇന്നും അരികുവൽക്കരിക്കരിച്ച് മാറ്റി നിർത്തുന്ന വിഭാഗത്തെ പേരൻപായി അഥവാ കനിവായി, സ്നേഹമായി ഈ ചിത്രത്തിൽ അവരോധിക്കുന്നു. ഏകാന്തമായ കൂടാരത്തിൽ അച്ഛനും മകളും ഇരു ധ്രുവങ്ങളായി ജീവിക്കുന്നു. തന്റെ മകളുടെ ദിനചര്യകൾ എന്താണെന്നറിയാൻ മച്ചിൻപുറത്തെ ഓടു പൊളിച്ചു നോക്കേണ്ടി വരുന്ന നിരാലംബനായ പിതാവിൽ നിസ്സഹായത നിഴലിക്കുന്നു. 'ഞാൻ സൂര്യൻ ആകുമ്പോൾ അവൾ ചന്ദ്രനാകും അവൾ സൂര്യൻ ആകുമ്പോൾ ഞാൻ ചന്ദ്രനാകും'എന്ന് വിലപിക്കുന്ന അച്ഛന്റെ മാനസിക സമ്മർദ്ദം വളരെ വലുതാണ്. തന്റെ മകൾ മറ്റുള്ള കുട്ടികളെ പോലെ എന്തേ ആയില്ല എന്ന് സമൂഹത്തോടൊപ്പം ചിന്തിക്കുന്ന അമുദവൻ സ്വയം പാപ്പയെപോലെയാവാൻ ശ്രമിക്കുമ്പോഴാണ് എത്ര

മാത്രം വേദനയും കഷ്ടപ്പാടും സഹിച്ചാണ് അവൾ ഓരോ നിമിഷവും തള്ളിനീക്കുന്നതെന്ന് അയാളോടൊപ്പം വെമ്പലോടെ നാം ഓരോരുത്തരും ചിന്തിക്കുന്നത്. ഈ അവസരത്തിലാണ് സമൂഹത്തിൽ നിന്നും നിസ്സാരമായി അകറ്റിനിർത്തി അടയാളപ്പെടുത്താൻ ഉപയോഗിച്ചുവരുന്ന ഡിസേബിൾ, സ്പെഷ്യൽ, differently abled, വികലാംഗർ, പരിമിത ശേഷി എന്നിങ്ങനെയുള്ള പ്രയോഗങ്ങളിൽ നിറയുന്ന ക്രൂരതയുടെ ആഴമറിയുന്നത്.

സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും വ്യഗ്രതപ്പെടുന്നതിനിടയിലാണ് വിജയലക്ഷ്മി എന്ന വിജി അവർക്കിടയിലേക്ക് പ്രത്യക്ഷപ്പെടുന്നതും പാപ്പ ഋതുമതിയാകുന്നതും. എന്ത് ചെയ്യണമെന്നറിയാതെ പകച്ചു നിൽക്കുന്ന അച്ഛന് കൈത്താങ്ങാകുന്ന വിജിയിലൂടെ അവരുടെ ജീവിതം ഗതിമാറി തുടങ്ങുമ്പോഴാണ് അവൾ സാമൂഹികവിരുദ്ധരുടെ ഒത്താശക്കാരിയാണെന്ന വിവരമറിയുന്നത്. ഈ അവസരത്തിൽ സർവ്വതും നഷ്ടപ്പെട്ട് അമുദവനും മകളും ചോദ്യചിഹ്നമായി മാറുന്നു. അനന്തരം നഗര-നരക ജീവിതത്തിലേക്കുള്ള കുടിയേറ്റം കഠിനമായ മാനസിക സമ്മർദ്ദത്തിലേക്ക് അമുദവനോടൊപ്പം പാപ്പയെയും കൊണ്ടെത്തിക്കുന്നു. നാഗരികതയിൽ മനുഷ്യനും പ്രകൃതിക്കും ഇടയിലുണ്ടാവുന്ന ആശയക്കുഴപ്പത്തെ വിനിമയരൂപേണ അമുദവന്റെ ലോകവീക്ഷണത്തിലൂടെ തമ്മിലിട കോർക്കുന്നു. കൗമാര കൗതുകങ്ങളൊക്കെ നിറഞ്ഞ പാപ്പ, അച്ഛൻ പുരുഷനാണെന്നും തനിക്ക് ഇല്ലാതെ പോയത് അമ്മയാണെന്നും താൻ ഒരു പെണ്ണാണെന്നുമുള്ള ഉത്തമ ബോധ്യത്തിലേക്ക് വളരുന്നു.

മകൾക്ക് വേണ്ടതെല്ലാം ഉറപ്പാക്കുന്ന അച്ഛന് അവളുടെ ഇത്തിരിപ്പോന്ന മനസ്സിലും വികാരങ്ങളുടെ അഥവാ ലൈംഗികതയുടെ ആവശ്യകതയുണ്ടെന്ന് സ്പേസ്റ്റിക് സ്പെഷ്യലിസ്റ്റ് ഡോക്ടർ ധനപാലനിൽ നിന്നും അറിയുന്ന നിമിഷം നിസ്സഹായനായി കണ്ണീർ പൊഴിക്കാനെ കഴിയുന്നുള്ളൂ. ശരീരം വളരുന്നതിനൊപ്പം കാമവും ഉണ്ടാകുമെന്നത് തെറ്റല്ല. ഏതൊരു ജീവിയുടെയും നൈസർഗ്ഗികമായ അടയാളമാണ്. കിടപ്പിലായി പോകുന്ന രോഗികൾക്കും ഇത്തരം കുട്ടികൾക്കും

വിദേശരാജ്യങ്ങളിൽ പ്രൊഫഷണൽ ബ്രോത്തൽ സെന്റർ പ്രവർത്തിക്കുന്നുണ്ട്. ഇതറിയുന്ന പലർക്കും ഉൾക്കൊള്ളാൻ കഴിയണമെന്നില്ല; അതാണ് നമ്മൾ, മാറേണ്ടിടത്ത് മാറാത്തവരാണെന്ന് പറയേണ്ടിവരുന്നത്. സമൂഹം നമ്മെ അത്തരത്തിൽ പരുവപ്പെടുത്തി വെച്ചിട്ടുണ്ട്. ആ പരുവപ്പെടലിൽ  ഉഴലുന്ന കുറെയേറെ മനുഷ്യജീവികൾ കൂടെയുണ്ടെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

തുച്ഛമായ കഥാപാത്രങ്ങൾ മാത്രമുള്ള സിനിമയിൽ അവയോരോന്നും, കഥാപാത്രത്തെയും സ്വത്വത്തെയും വേർതിരിച്ചെടുക്കാനാവാത്ത വിധം ഇഴുകിച്ചേർന്നിരിക്കുന്നു. പാപ്പയെ പോലെ റെസ്ക്യൂ ഹോമിലെ അന്തേവാസികളായ കുട്ടികളും ശുശ്രൂഷിക്കുന്നുവെന്ന വ്യാജേന മർദ്ദിച്ച് അവശരാക്കുന്ന ഹിറ്റ്ലറും മറ്റുപരിചാരകരും സമൂഹത്തിന്റെ സൃഷ്ടികളാണ്. സ്നേഹം, കരുതൽ, സമ്പത്ത്, സുരക്ഷ, സഹാനുഭൂതി എന്നിവ അമുദവൻ പാപ്പയ്ക്ക് നൽകുന്നു. എന്നാൽ ഇത്തരം പരിഗണന നൽകാത്ത രക്ഷിതാക്കളുമുണ്ടെന്നതിന് ഉദാഹരണമാണ് റെസ്ക്യൂ ഹോമിലെ ആൺകുട്ടിയുടെ അച്ഛൻ. അതിനു കാരണവും ആ പിതാവ് വെമ്പലോടെ പറയുന്നു: മറ്റുള്ളവർ തന്റെ കൺമുന്നിൽ വെച്ച് ആട്ടിപ്പായിക്കുന്നതും കോലം കത്തിക്കുന്നതും കാണാൻ പ്രാപ്തിയില്ലാത്തതിനാലാണ് കണ്മുന്നിൽ നിന്നും മാറ്റിയത്. ചർച്ചിൽ പണിയെടുക്കുന്ന മകനെ അവിടെ പാർപ്പി ച്ചിരിക്കുന്നു. അവർ എന്ത് ചെയ്താലും നമ്മളറിയണ്ട എന്ന് സ്വയം ആശ്വസിക്കുന്നു. ഭിന്നശേഷിക്കാരായ മക്കളുള്ള രക്ഷിതാക്കൾ നേരിടുന്ന മാനസികസംഘർഷമാണിത്. സിനിമയിലെ ഭാവതലങ്ങൾ ഓരോന്നും സത്യത്തെ വിളിച്ചോതുമ്പോൾ  അവരിലൊരാളായി ജീവിച്ച് 147 മിനിറ്റോളം നാം നാമല്ലാതായി മാറുന്നു. സിനിമയിൽ അമുദവന്റെയും പാപ്പയുടെയും ജീവിതത്തെയും പൂർണ്ണമാക്കുന്നത് ട്രാൻസ്ജെൻഡർ കഥാപാത്രമായ മീരയാണ്; പ്രതീക്ഷയുടെയും പ്രത്യാശയുടെയും ധൈര്യത്തിന്റെയും പ്രതീകമാകുന്നു അവർ.

ലൈംഗികതൊഴിലാളികളിൽ നിന്നും മനൈവിയിലേക്കുള്ള (‘mcy) പരിണാമം വലിയൊരു സാമൂഹികമാറ്റമാണ് ചിത്രത്തിലും

സമൂഹത്തിലും സൃഷ്ടിക്കുന്നത്. അത് നമ്മൾ ഉൾപ്പെടുന്ന സമൂഹം ഉൾക്കൊള്ളുകതന്നെ വേണം. ഇതുപോലെ പല മാനുഷിക പരിഗണനകളും സിനിമയിൽ കണ്ടെത്താൻ കഴിയും. മനസ്സെത്തുന്നിടത്ത് ശരീരമെത്താനാവാതെ കിതയ്ക്കുന്നവരും അവരോടൊപ്പം വിതുമ്പുന്ന കുറെയേറെ മനുഷ്യജന്മങ്ങളും നമുക്കു ചുറ്റുമുണ്ടെന്നും സിനിമയിൽ ഉടനീളം ഓർമ്മപ്പെടുത്തുന്നു. നിലത്തുറയ്ക്കാത്ത കാലുകളെങ്കിലും ആഗ്രഹത്തിനനുസരിച്ച് വഴങ്ങാത്ത കൈയും മെയ്യുമെങ്കിലും കണ്ണുകളിൽ ആഹ്ലാദത്തിന്റെ തിരയിളക്കവും ആ മുഖങ്ങളിൽ സന്തോഷത്തിന്റെ വേലിയേറ്റങ്ങളുമുണ്ട്. അവരുടെ നന്മകളെ തിരിച്ചറിഞ്ഞ് നമ്മളിൽ ഒരാളായിക്കാണാൻ പരിഷ്കൃതസമൂഹത്തിന് കഴിയണം. സാമൂഹികത എന്ന ബോധമണ്ഡലത്തിൽ നിന്നും മനുഷ്യൻ എന്ന ബോധത്തിലേക്കുള്ളതും അൻപിൽ നിന്നും പേരൻപിലേക്കുള്ള പ്രയാണം കൂടിയാണ് സിനിമയിലൂടെ സാധ്യമാകുന്നത്. നമ്മുടെ ചിന്താഗതികൾ മാറേണ്ടിടത്ത് മാറണം, നന്മ വറ്റാത്ത കുറെയേറെ ജീവിതങ്ങൾക്ക് സാക്ഷിയാവാൻ!

**സഹായകഗ്രന്ഥങ്ങൾ**


1. Esther Boylan, *Women and disability,* Zed books Ltd ,London $ New jersey 1991
2. web : http:// ml.m.wikipedia.org
3. ആനന്ദ്, *ജൈവമനുഷ്യൻ,* ഡി .സി ബുക്ക്സ് ,കോട്ടയം 1991
4. സഫറാസ് അലി - അന്പിന്റെ ഉറവിടങ്ങൾ, *സമകാലിക മലയാളം,* 2019 ഫെബ്രുവരി 11,ലക്കം 38

# ഭിന്നശേഷി കഥാപാത്രങ്ങൾ മലയാളസിനിമയിൽ: ഹാസ്യനിർമ്മിതിയും അനുരഞ്ജനം ചെയ്യപ്പെട്ട പൊതുബോധസൃഷ്ടിയും

**മുഹമ്മദ് മർഷൂഖ്. എ. കെ.**

**(ചലച്ചിത്രപഠന വകുപ്പ്, മലയാള സർവകലാശാല,**
**തിരൂർ, മലപ്പുറം,)**

നിരവധി അർത്ഥതലങ്ങൾ സാധ്യമായിട്ടുള്ള പ്രയോഗമാണ് 'പൊതുബോധം' എന്നത്. ഒരു സമൂഹത്തിൽ ഭൂരിപക്ഷത്തെ സ്വാധീനിക്കുന്ന ഏതു വ്യവഹാരരൂപത്തെയും പൊതുബോധം എന്ന ചിന്താസങ്കല്പനത്തിനകത്ത് കൊണ്ടുവരുന്നു.ഒരു വലിയ ജനസമൂഹത്തിന് ഇഷ്ടപ്പെടുന്ന കാര്യത്തെ ജനപ്രിയത എന്ന വാക്കുകൊണ്ട് പ്രതിനിധീകരിക്കാൻ സാധ്യമാണ്. ആയതിനാൽ ജനപ്രിയതയിൽ നിന്നും രൂപം കൊള്ളുന്ന വ്യവഹാരത്തെയാണ് 'പൊതുബോധം' എന്ന പ്രയോഗം കൊണ്ട് ഈ പഠനത്തിൽ ഉദ്ദേശിക്കുന്നത്.

മനുഷ്യന്റെ പ്രത്യേകതകളിൽ ഒന്നാണ് ചിരിക്കാനുള്ള കഴിവ്. ചിരി മനുഷ്യന്റെ ആയുസ്സ് വർധിപ്പിക്കും എന്ന് പല പഠനങ്ങളും സാക്ഷ്യപ്പെടുത്തുന്നു. ജീവിതസന്ദർഭങ്ങളിൽ ഉരുത്തിരിയുന്ന പ്രശ്നങ്ങളെ ലഘൂകരിക്കാൻ ചിരി മനുഷ്യനെ സഹായിക്കുന്നു. പ്ലേറ്റോ മുതൽ പല പ്രമുഖരും ചിരിയെ പഠിക്കാനും അതിനെ മനസ്സിലാക്കാനും ശ്രമിച്ചിട്ടുണ്ട്. ചിരി പ്രധാനമായും വിനിമയം ചെയ്യുന്ന

സിനിമകളെയാണ് പൊതുവെ ഹാസ്യസിനിമകൾ എന്നു പറയുന്നത്. ഹാസ്യ സിനിമകൾ മിക്കവയും ജനപ്രിയവുമായിരിക്കും. ഉദാഹരണത്തിന് ലോകസിനിമയിൽ ചാർളി ചാപ്ലിൻ, ബെസ്റ്റർ കീറ്റൻ തുടങ്ങിയവരെ ജനപ്രിയരാക്കിയത് ഹാസ്യസിനിമകളിലൂടെ അവതരിപ്പിക്കപ്പെട്ട കഥാപാത്രങ്ങളിലൂടെയാണ്. മലയാളത്തിലും നിരവധി ഹാസ്യ ചലച്ചിത്രകാരന്മാരും ഹാസ്യചലച്ചിത്രങ്ങളും ഉണ്ട്.

അടിമ-ഉടമ എന്ന ബോധം മാനസികമായ ഒരു പ്രവർത്തനമാണെങ്കിലും അതിന്റെ പ്രാവർത്തികരൂപം നിലനിൽക്കുന്നത് ശരീരത്തിലാണ്. കൊളോണിയൽ കാലഘട്ടത്തിലാണെങ്കിലും ആധുനികകാലഘട്ടത്തിലാണെങ്കിലും ശരീരമാണ് അടിമ-ഉടമ എന്ന സംജ്ഞയെ പ്രതിനിധീകരിക്കുന്നത്. കറുത്തവൻ വെളുത്തവന്റെ മുമ്പിലും ഉയരം കുറഞ്ഞവൻ ഉയരം കൂടിയവരുടെ മുമ്പിലും നിൽക്കുന്നതും അത്തരം അടിമബോധം പേറിയാണ്. ശരീരത്തെക്കുറിച്ചുള്ള യാഥാർത്ഥ്യബോധത്തിന്റെ അഭാവമോ കഥയിലും സിനിമയിലും എല്ലാം നിർമ്മിച്ചെടുത്ത ഉത്തമശരീരബോധം എന്ന വ്യവഹാരത്തെ തെറ്റിദ്ധരിച്ചോ ആണ് ഇന്ന് അടിമബോധം കാണാൻ സാധിക്കുന്നത്. ശരീരം ആത്മാവുപോലെതന്നെ പ്രവർത്തിമണ്ഡലമാണെന്നു വരുന്നതോടെ ശരീരവും ആത്മാവും വിപരീതങ്ങളല്ലെന്നും വന്നതോടെ ശരീരത്തിന്റെ സൃഷ്ടിമുഖത അംഗീകരിക്കപ്പെടുന്നു. ജ്ഞാനത്തെ സാധ്യമാക്കുന്ന നിയാമകങ്ങളുടെ മണ്ഡലം എന്ന നിലയിൽ ശരീരം വ്യവഹാരമായിത്തീരുന്നു. അനേകം ജ്ഞാനരൂപങ്ങളെ പോലെ അധികാരത്തിന്റെ നാനാവിധപ്രയോഗങ്ങളെയും അത് സാധ്യമാക്കുന്നു. (കെ.വി.ശശി,2018). ശരീരമെന്നാൽ ഒറ്റപ്പെട്ടുനിൽക്കുന്ന ഒന്നല്ല, ബഹുവിധമായിട്ടുള്ള വ്യവഹാരങ്ങളാൽ നിർണ്ണയിക്കപ്പെടുന്നതും ബഹുസ്വരവുമാണ് അത്. സാമൂഹികശാസ്ത്രത്തിലും നരവംശശാസ്ത്രത്തിലും സാഹിത്യാദി മാനവികവിഷയങ്ങളിലും ശരീരം പൂർണ്ണമായ ഒരു സത്തയായല്ല, പകരം ഒരോ സന്ദർഭങ്ങളിലും ഓരോന്നായി ആവിഷ്കരിക്കപ്പെടുന്നതായിട്ടാണ് പരിഗണിക്കപ്പെടുന്നത്.(പി കെ ശോഭിത്ത്, 2018). സിനിമയിലും നാടകത്തിലും സാഹിത്യത്തിലും അവതരിക്കപ്പെടുന്ന ശരീരങ്ങൾ ഒരേസമയം ഭിന്നവുമാണ്.

കലയിൽ ശരീരത്തിനുള്ള പ്രാധാന്യം അനിർവ്വചനീയമാണ്. കലയുടെ ഏത് രൂപത്തിലായാലും കലാനിർമ്മിതിക്കായി കലാകാരൻ തെരഞ്ഞെടുക്കുന്ന പ്രധാന അസംസ്കൃതവസ്തുവും ശരീരം തന്നെ യാണ്. സാഹിത്യത്തിൽ എഴുത്തുകാരൻ സൃഷ്ടിച്ച വിവരണാത്മക ശരീരത്തിന് തന്റേതായ രൂപം വായനക്കാരൻ കൽപ്പിക്കുന്നു. നാടക ത്തിലെ ശരീരം യാഥാർത്ഥ്യബോധത്തിൽ നിന്നും അല്പം ഉയർന്ന പ്രതീതി നിർമ്മിക്കുന്നു. എന്നാൽ സിനിമയിലെ ശരീരങ്ങൾക്ക് രൂപം നൽകുന്നത് ചലച്ചിത്രകാരൻ (സംവിധായകൻ) ആണ്. കഥപറച്ചി ലിനായി സിനിമകൾ യഥാർഥ തിരശ്ശീലകൾ തിരഞ്ഞെടുക്കുന്നതി നാൽ അവിടെ സ്ഥാപിക്കുന്ന ശരീരങ്ങളും രൂപങ്ങളും കാഴ്ചക്കാര നിൽ ജീവിതയാഥാർത്ഥ്യങ്ങളായി ധരിക്കപ്പെട്ടുവെക്കുന്നു. പലപ്പോഴും സിനിമകൾ പൊതുബോധനിർമ്മിതിയിൽ ഇടപെടുന്നത് അതിന്റെ അവതരണത്തിലെ യഥാർത്ഥ പ്രതീതികൊണ്ടുതന്നെയാണ്. ശരിയായ കാഴ്ചാശീലം ഇല്ലാത്ത സമൂഹത്തിൽ സിനിമകൾ വ്യക്തികളുടെയും സമൂഹത്തിന്റെയും വേഗത്തിലുള്ള രാഷ്ട്രീയ ബോധനിർമ്മിതി സാധ്യ മാക്കുന്നു. പല രാജ്യങ്ങളിലും പൊടുന്നനെയുള്ള രാഷ്ട്രീയ-സാമൂ ഹിക മാറ്റങ്ങൾക്കും സിനിമ കാരണമായിട്ടുണ്ട്.

മലയാളഹാസ്യചലച്ചിത്രചരിത്രം പഠിക്കുമ്പോൾ നിരവധി ഭിന്ന ശേഷി കഥാപാത്രങ്ങളെ നമുക്ക് കണ്ടെത്താൻ സാധിക്കും. എന്നാൽ അവയിൽ മിക്ക കഥാപാത്രങ്ങൾക്കും ജീവിത യാഥാർത്ഥ്യവുമായി കാര്യമായ ബന്ധമൊന്നും ഇല്ലതാനും. പൊതുരൂപത്തിൽനിന്നും ഭിന്നമായ, അല്ലെങ്കിൽ അസാധാരണമായ രൂപങ്ങളെ സിനിമകൾ അതിന്റെ കച്ചവടതാത്പര്യ തൃപ്തിക്കായി ഉപയോഗിച്ചു വരുന്നത് സർവ്വസാധാരണമാണ്. അത് മലയാളസിനിമയായാലും; ഇന്ത്യൻ സിനിമ എന്നറിയപ്പെടുന്ന ബോളിവുഡിലായാലും. മലയാളത്തിൽ ഹാസ്യസിനിമകൾക്ക് വിവിധ കാലഘട്ടങ്ങളിൽ പല പരിണാമങ്ങളും സംഭവിച്ചിട്ടുണ്ട്. ഓരോ പരിണാമഘട്ടങ്ങളിലെ ഹാസ്യനിർമിതിക ളിലും ഭിന്നശേഷി കഥാപാത്രങ്ങൾ സർവ്വസാധാരണമായി കടന്നു വരുന്നു. അത്തരത്തിൽ ഭിന്നശേഷി കഥാപാത്രങ്ങളെ ഹാസ്യനിർ മ്മിതിക്കായി ഉപയോഗിച്ച ചില സിനിമകൾ പരിശോധിക്കാം.

2019-ൽ ബി.സി.നൗഫൽ സംവിധാനം ചെയ്ത ചിത്രമാണ് ഒരു യമണ്ടൻ പ്രേമകഥ , ചിത്രത്തിൽ നായക കഥാപാത്രത്തിന്റെ കൂടെ സന്തത സഹചാരിയായ ഒരു അന്ധകഥാപാത്രത്തെ അവതരിപ്പിക്കുന്നത് വിഷ്ണു ഉണ്ണികൃഷ്ണനാണ്. അച്ഛനിൽ നിന്നും പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെട്ട അവസ്ഥയായിട്ടാണ് ഇതിൽ അന്ധതയെ കാണിക്കുന്നത്. ചിത്രത്തിലെ നിരവധി രംഗങ്ങളിൽ ഹസ്യനിർമ്മിതിക്കായി അന്ധതയെ ഉപയോഗിച്ചത് കാണാൻ സാധിക്കും. മറ്റു കഥാപാത്രങ്ങൾ നിരന്തരം അന്ധതയെ പരിഹസിക്കുന്നതും അന്ധകഥാപാത്രം സ്വയം പരിഹാസ്യനാകുന്നതുമായ നിരവധി സന്ദർങ്ങൾ ചിത്രത്തിലുണ്ട്. തെരുവിൽ പാട്ടുപാടുന്ന അന്ധകഥാപാത്രങ്ങൾ ആ കവലയിൽ ഒത്തുകൂടിയ എല്ലാവരെയും പാട്ടു പാടി വെറുപ്പിക്കുകയാണെന്നും, കലാമേന്മയെക്കാൾ അവരിലെ ഭിന്നശേഷിയെയാണ് അത്തരക്കാർ പണ സമ്പാദനത്തിനായി ഉപയോഗിക്കുന്നതെന്നും പറയാതെ പറഞ്ഞു വെക്കുന്ന സീനാണിത്.

സമാനമായി അന്ധതയെ ഹസ്യവൽക്കരിച്ചു കാണിക്കുന്ന രംഗങ്ങൾ 2000-ൽ ഇറങ്ങിയ 'സത്യം ശിവം സുന്ദരം' എന്ന ചിത്രത്തിലും കാണാൻ സാധിക്കും. ചിത്രത്തിൽ സുന്ദരിയായ പെങ്ങളെ സംരക്ഷിക്കാൻ ശ്രമിക്കുന്ന രണ്ട് അന്ധസഹോദരന്മാരായി വേഷമിടുന്നത് കൊച്ചിൻ ഹനീഫയും, ഹരിശ്രീ അശോകനുമാണ്. അന്ധതയുള്ളവർക്ക് സമൂഹത്തിൽ പേടികൂടാതെ ജീവിക്കാനാവില്ലെന്നും, അവർക്ക് പരസഹായം കൂടാതെ ഒന്നിനെയും സംരക്ഷിക്കാൻ സാധ്യമല്ല എന്നും ചിത്രം നിരവധി അവസരങ്ങളിലൂടെ പറഞ്ഞുവെക്കുന്നു. സമാനമായി അന്ധതയെ ഹാസ്യനിർമിതിക്കായി ഉപയോഗിച്ച കുറേ അധികം സിനിമകൾ മലയാളത്തിൽ കാണാൻ സാധിക്കും.

2001-ൽ പ്രിയദർശൻ സംവിധാനം ചെയ്ത 'കാക്കക്കുയിൽ' എന്ന സിനിമയിൽ ഒരു വലിയ വീട്ടിൽ തനിച്ച് താമസിക്കുന്ന അന്ധരായ വൃദ്ധദമ്പതികളാണ് കഥാപാത്രങ്ങളായിട്ട് വരുന്നത്. നെടുമുടി വേണുവും, കവിയൂർ പൊന്നമ്മയുമാണ് ഈ വേഷം ചെയ്തിരിക്കുന്നത്. കാഴ്ചയില്ലായ്മ ഒരു പരിമിതിയായി ചിത്രത്തിൽ പ്രത്യക്ഷ

ത്തിൽ വരുന്നില്ലെങ്കിലും, ഹാസ്യനിർമ്മിതിക്കായി നിരന്തരം അന്ധതയെ ചിത്രത്തിൽ ഉപയോഗിച്ചിരിക്കുന്നു. കൂടാതെ 2016-ൽ പ്രിയദർശൻ തന്നെ സംവിധാനം ചെയ്ത 'ഒപ്പം', 2018-ൽ ബിനു സുധാനന്ദൻ സംവിധാനം ചെയ്ത 'കാമുകി', 2006-ൽ രാജ് ബാബു സംവിധാനം നിർവഹിച്ച 'ചെസ്സ്' തുടങ്ങിയ ചിത്രങ്ങളിലും അന്ധതയെ ഹാസ്യനിർമിതിക്കായി ഉപയോഗപ്പെടുത്തുകയും പരിഹാസ്യ കഥാപാത്രങ്ങളായി ചിത്രീകരിക്കുകയും ചെയ്യുന്നു.

മനുഷ്യന്റെ പ്രധാന കഴിവുകളിൽപ്പെട്ട ഒന്നാണ് ഭാഷാപ്രയോഗം. ഭാഷ എന്ന് പറയുമ്പോൾ സംസാരഭാഷയാണ് പ്രധാനം. സംസാരത്തെ സാധ്യമാകുന്നത് ശബ്ദത്തിലുടെയാണ്. കാഴ്ചയുടെ നിഷേധമായ അന്ധതയെ സിനിമകൾ ഹാസ്യത്തിനായി ഉപയോഗിച്ച പോലെതന്നെ ശബ്ദത്തെയും 'പൊതു' എന്ന സംഞ്ജയുടെ പുറത്തു വരുന്ന മനുഷ്യ ശബ്ദങ്ങളേയും ഹാസ്യനിർമിതികൾക്കായി മലയാളസിനിമ നിരന്തരം ഉപയോഗിച്ചുവരുന്നുണ്ട്. 2019-ൽ ബി. ഉണ്ണികൃഷ്ണൻ സംവിധാനം ചെയ്ത 'കോടതിസമക്ഷം ബാലൻ വക്കീൽ' എന്ന ചിത്രത്തിൽ വിക്കുള്ള ഒരു വക്കീലാണ് കേന്ദ്രകഥാപാത്രം. കോടതിയിലും പുറത്തും നിരവധി ഹാസ്യരംഗങ്ങൾക്കായി വിക്കിനെ ഉപയോഗിക്കുന്നു. വിക്ക് വരികയും ശരിയായ രീതിയിൽ കേസ് വാദിക്കാൻ സാധിക്കാതെ വരികയും, ജഡ്ജിയടക്കമുള്ളവരുടെ മുൻപിൽ വക്കീൽ നിരന്തരം പരിഹാസ്യ കഥാപാത്രമാവുകയും ചെയ്യുന്നു. സമാനമായ രീതിയിൽ വിക്കിനെ ഉപയോഗിച്ച മറ്റൊരു ചിത്രമാണ് 2015-ൽ രഞ്ജിത്ത് ശങ്കർ സംവിധാനം ചെയ്ത 'സു സു സുധി വാത്മീകം', ജയസൂര്യയാണ് ഇതിൽ വിക്കുള്ള കഥാപാത്രമായി വേഷമിടുന്നത്. വിക്ക് കാരണം തന്റെ ആഗ്രഹങ്ങളും ലക്ഷ്യങ്ങളും നേടാൻ സാധിക്കാതെ വരുന്ന ആളായിട്ടാണ് ഇതിലെ കഥാപാത്രത്തെ അവതരിപ്പിച്ചിട്ടുള്ളത്. മനസികമായി സംഭവിച്ച തളർച്ചയിൽ നിന്നും കര കേറാനായി മറ്റൊരു കഥാപാത്രത്തിന്റെ സഹായം ആവശ്യമായി വരികയും, വിക്ക് എന്ന ശാരീരിക അവസ്ഥയെ സമൂഹം അംഗീകരിക്കില്ല എന്നും ചിത്രം ഒരു തരത്തിൽ പറഞ്ഞു വെക്കുന്നു.

ശബ്ദത്തിലെ വ്യത്യസ്തതയെ വളരെ അപഹാസ്യമായി അവതരിപ്പിച്ച ഒരു സിനിമയാണ് 2013-ൽ വൈശാഖ് സംവിധാനം ചെയ്ത 'സൗണ്ട് തോമ' മുറിച്ചുണ്ട്/മുച്ചുണ്ട് ഉള്ളകഥാപാത്രമാണ് കഥാനായകൻ. ദിലീപ് ആണ് മുച്ചുണ്ടുള്ള കഥാപാത്രമായി വേഷമിടുന്നത്. സിനിമയിലെ മറ്റു കഥാപാത്രങ്ങൾ നിരന്തരം ആ കഥാപാത്രത്തെ ആക്ഷേപിക്കുകയും കളിയാക്കുകയും ചെയ്യുന്നു. തന്റെ വ്യത്യസ്തമായ (അടഞ്ഞ) ശബ്ദം ഉപയോഗിച്ച് പള്ളിയിൽ പാട്ടുപാടുന്നതും സുന്ദരിയായ പെൺകുട്ടിയോട് (നായികയോട്) പ്രണയാഭ്യർത്ഥന നടത്തുന്നതും സിനിമയിലെ മറ്റു കഥാപാത്രങ്ങളിൽ ചിരിയും പരിഹാസവും ഉണ്ടാക്കുന്നതുപോലെ തന്നെ തിയറ്ററിലെ കാഴ്ചക്കാരനിലും ചിരിയുണർത്തുന്നു. മുച്ചുണ്ടുള്ള കഥാപാത്രത്തെ പരിഹസിക്കുന്ന കാര്യത്തിൽ മറ്റു കഥാപാത്രങ്ങളും പ്രേക്ഷകരും തമ്മിലുള്ള ഈ താദാത്മ്യപ്പെടൽ എഴുത്തുകാരന്റെയും, സംവിധായകന്റെയും ഉദ്ദേശ്യത്തെ സംശയത്തിലാക്കുന്നു. നമ്മുടെ സിനിമസംവിധായകരിൽ നിന്നുണ്ടാവുന്ന ഇത്തരം സിനിമശ്രമങ്ങൾ ഭിന്നശേഷിക്കാരോടുള്ള തെറ്റായ മാതൃക പൊതുരൂപങ്ങൾ സമൂഹത്തിൽ നിർമ്മിച്ചെടുക്കുന്നതിന് വഴിവെക്കുന്നു. അത്തരം ശ്രമങ്ങളെ സംവിധായകർതന്നെ സ്വയം വിമർശനങ്ങൾക്ക് വിധേയമാക്കേണ്ടതുണ്ട്.

2000-നു മുൻപ് ഇറങ്ങിയ നിരവധി ചലച്ചിത്രങ്ങളിൽ ഭാഗികമായോ, പൂർണ്ണമായോ ഊമകളെയും ശബ്ദത്തിൽ വിക്കുള്ള കഥാപാത്രങ്ങളെയും ഹാസ്യത്തിനായി ഉപയോഗിച്ചിട്ടുണ്ട്. 'പഞ്ചാബിഹൗസ്' എന്ന ചിത്രത്തിൽ തന്റെ പ്രശ്നങ്ങളിൽ നിന്നും രക്ഷപ്പെടാനായി അതിലെ കേന്ദ്ര കഥാപാത്രം ചെയ്യുന്നത് ഊമയായി അഭിനയിക്കുക എന്നതാണ്. അതുവഴി മറ്റുള്ളവരുടെ സിംപതിയും എംപതിയും പിടിച്ചുപറ്റുകയും ചെയ്യുന്നു. അതായത് ഭിന്നശേഷി എന്നത് മറ്റുള്ളവരെ പറ്റിക്കാനും, യഥാർത്ഥ്യത്തെ ഒളിപ്പിച്ചു വെക്കാനും അനർഹമായിട്ട് മറ്റുള്ളവരിൽ നിന്ന് പരിഗണന ലഭ്യമാവാനും സഹായിക്കുന്ന ഒരു അവസ്ഥയായി തെറ്റിദ്ധരിപ്പിക്കുന്നു. 2002-ൽ വിനയൻ സംവിധാനം ചെയ്ത 'ഊമപെണ്ണിന് ഉരിയാടാപയ്യൻ' എന്ന ചിത്രവും പഞ്ചാബി

ഹൗസിന് സമാനമായ കഥാപാത്രപരിസരങ്ങളിലൂടെയാണ് കഥ പറയുന്നത്.

ശരീരത്തിലെ ഏതെങ്കിലും ഒരു അവയവത്തെ കേന്ദ്രീകരിക്കുന്ന ഭിന്നശേഷിയെ ഹാസ്യത്തിനായി ഉപയോഗിച്ച സിനിമകളുടെ ഒരു വലിയ നിര തന്നെ മലയാളത്തിലുണ്ട്. ആദ്യകാലം മുതൽ കാണാവുന്ന അത്തരം കഥാപാത്രങ്ങൾക്ക് ഇന്നും തുടർച്ചകൾ സംഭവിക്കുന്നു. മലയാളിയെ നിരന്തരം ചിരിപ്പിച്ചുകൊണ്ടിരിക്കുന്ന അത്തരം കഥാ പാത്രങ്ങൾ 'ഈ പട്ടണത്തിൽ ഭൂതം', 'ജോക്കർ', 'അത്ഭുത ദ്വീപ്' തുടങ്ങി നിരവധി ചിത്രങ്ങളിലൂടെ മലയാളിക്ക് സുപരിചിതമാണ്. ഗിന്നസ്സ് പക്രുവിന്റെ കുറിയ ശരീരം ഉപയോഗപ്പെടുത്തിക്കൊണ്ട് 2009-ൽ എസ്. പി. മഹേഷ് സംവിധാനം നിർവ്വഹിച്ച സിനിമയാണ് 'മൈ ബിഗ് ഫാദർ.' കുറിയ അച്ഛനും ഉയരം കൂടിയ മകനുമാണ് പ്രധാന കഥാപാത്രങ്ങൾ. അത്തരം ഒരു സാഹചര്യത്തെ സിനിമ അംഗീക രിക്കുന്നില്ലെന്നു മാത്രമല്ല അത്തരം ഒരു അവസ്ഥയിൽ പ്രശ്നങ്ങൾ മാത്രമാണ് ഉണ്ടാവുക എന്ന് പറഞ്ഞു വെക്കുകയും ചെയ്യുന്നു. 'മീശമാധവൻ'(2002), 'അതിശയൻ'(2007), 'ഈ പട്ടണത്തിൽ ഭൂതം'(2009), 'ബോഡിഗാർഡ്'(2010), 'സ്വന്തം ഭാര്യ സിന്ദാബാദ്'(2010), 'വെനീസിലെ വ്യാപാരി'(2011), 'കുട്ടീം കോലും'(2013), 'റിങ് മാസ്റ്റർ' (2014), 'ഫാൻസി ഡ്രസ്സ്'(2019) തുടങ്ങി നിരവധി ചിത്രങ്ങളിൽ ഗിന്നസ് പക്രുവിന്റെ കുറിയ രൂപത്തെ ഹാസ്യത്തിനായി ഉപയോഗിച്ചത് കാണാൻ സാധിക്കും.

സാമൂഹികമായി തെറ്റിദ്ധരിക്കപ്പെട്ട സാമാന്യ ഉയരസങ്കൽപ്പ ങ്ങളെ ഉയരക്കുറവുമായും, ഉയരകൂടുതലുമായും കഥയിലൂടെ താര തമ്യം ചെയ്ത് വികലമായ പൊതുബോധത്തെ ഒന്നുകൂടി ഊട്ടിയുറ പ്പിക്കുന്നതിനാണ് 2005-ൽ വിനയൻ സംവിധാനം ചെയ്ത 'അത്ഭുത ദ്വീപ്' കാരണമായത്. സ്ത്രീയുടെ സങ്കല്പങ്ങളിലെ ഒത്ത ഉയരമുള്ള പുരുഷൻ എന്ന മട്ടിലുള്ള കഥാപാത്രവുമായിട്ടാണ് ഇവിടെ കുറിയ ശരീരമുള്ള കഥാപാത്രങ്ങൾക്ക് സംഘർഷത്തിലേർപ്പെടേണ്ടി വരു ന്നത്. സ്ത്രീവിരുദ്ധതയും വികലമായ ചിന്താഗതിയും മാത്രമാണ്

സിനിമ മുന്നോട്ട് വെയ്ക്കുന്നത്. എന്നാൽ ഈ സിനിമയ്ക്ക് കുട്ടികളിലും മുതിർന്ന പ്രേക്ഷകരിലും ഉണ്ടായ സ്വീകാര്യത ഇത്തരം വികലമായ ആശയങ്ങളുടെ പ്രചാരണത്തെ വേഗത്തിലാക്കുന്നു. 'കുഞ്ഞിക്കൂനൻ' (2002) സിനിമയിലെ ദിലീപിന്റെ കഥാപാത്രവും, 'ഊമപെണ്ണിന് ഉരിയാടാപയ്യനി'ലെ (2002) ഹരിശ്രീ അശോകന്റെ കഥാപാത്രവും മുന്നോട്ട് വെക്കുന്ന രൂപസമാനതകൾ പ്രേക്ഷകന്റെ കാഴ്ചയെ തൃപ്തി പെടുത്തുന്നു എന്നതും പരിശോധിക്കപ്പെടേണ്ട വസ്തുതകളാണ്.

ഓട്ടിസവും ബുദ്ധിമാന്ദ്യവും പോലുള്ള അവസ്ഥകളെയും പ്രേക്ഷകന്റെ കാഴ്ചാബോധത്തെ തൃപ്തിപ്പെടുത്തുന്നതിനായി മല യാള സിനിമ ഉപയോഗിച്ചിട്ടുണ്ട്. 2019-ൽ ജോൺപോൾ ജോർജ്ജ് സംവി ധാനം ചെയ്ത 'അമ്പിളി' എന്ന ചിത്രത്തിൽ സൗബിൻ ഷാഹീർ അവതരിപ്പിക്കുന്ന കഥാപാത്രം പൊതുബോധത്തിൽ നിർമ്മിതമായി ട്ടുള്ള ഉത്തരവാദിത്തബോധസങ്കല്പനത്തെ അട്ടിമറിക്കുന്നുണ്ട്. ഇതിനോട് പൂർണ്ണതോതിൽ അല്ലെങ്കിലും ഒരുപാട് സമാനതകൾ ആരോപിക്കാവുന്ന ഒരു കഥാപാത്രമാണ് 2006-ൽ പുറത്തിറങ്ങിയ 'ചക്കരമുത്ത്' എന്ന സിനിമയിലെ ദിലീപ് അവതരിപ്പിച്ച കഥാപാത്രം. സാമാന്യം എന്ന് അവകാശപ്പെടുന്ന മനുഷ്യരുമായിട്ട് ഇവർക്ക് നിര ന്തരം കലഹിക്കേണ്ടി വരികയോ, അടിമപ്പെടുകയോ, പരിഹാസ്യരാക്ക പ്പെടുകയോ ചെയ്യേണ്ടിവരുന്നു.

മലയാളിയുടെ ബോധത്തിൽ തറഞ്ഞു കിടക്കുന്ന ഒരു ചല ച്ചിത്രമാണ് 2006-ൽ കമൽ സംവിധാനം ചെയ്ത 'പച്ചക്കുതിര' എന്ന ചിത്രം. ഓട്ടിസം എന്ന അവസ്ഥയെ ഇത്ര വികലമായി ചുഷണം ചെയ്ത മറ്റൊരു സിനിമ ചിലപ്പോൾ ലോകചരിത്രത്തിൽത്തന്നെ ഉണ്ടാ വാൻ ഇടയില്ല. അതുപോലെ തന്നെ മലയാളി നെഞ്ചേറ്റിയ ചിത്രമാണ് 2001-ൽ വിനയൻ സംവിധാനം ചെയ്ത കലാഭവൻ മണി അഭിനയിച്ച 'കരുമാടിക്കുട്ടൻ' എന്ന സിനിമ. ആ സിനിമയിലും ബുദ്ധിമാന്ദ്യത്തിന്റെ എല്ലാ സാധ്യതകളെയും ചൂഷണം ചെയ്യാൻ സംവിധായകൻ ശ്രമിച്ചി ട്ടുണ്ട്. ഇത്തരം കഥാപാത്രങ്ങൾ ഒളിഞ്ഞും തെളിഞ്ഞും പല സിനിമ

കളിൽ പ്രത്യക്ഷപ്പെടുകയും ഹാസ്യ നിർമിതിക്കായി അത്തരം കഥാപാത്രങ്ങളെ സംവിധായകർ ചൂഷണം ചെയ്തുപോരുകയും ചെയ്യുന്നു.

ഭിന്നശേഷിക്കാരോടുള്ള മലയാളിയുടെ പൊതുസമീപനത്തെ രൂപപ്പെടുത്തുന്നതിൽ മേൽ പ്രതിപാദിച്ച സിനിമകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. സമൂഹം എന്നും സാമാന്യവൽക്കരിക്കപ്പെട്ട പൊതു ചിന്താവ്യവഹാരങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കുന്നവയാണ്. ആധുനികത എന്ന ആശയം ഇത്തരം വികല ബോധങ്ങളിൽനിന്നും മനുഷ്യന് വിടുതൽ നേടി കൊടുക്കുക എന്ന സങ്കല്പനമാണ് മുന്നോട്ട് വെക്കുന്നത്. എന്നാൽ ഇത്തരം ഹാസ്യസിനിമാ സംസ്കാരം പുരോഗമന സങ്കല്പങ്ങളെ പിറകോട്ടടിക്കുന്നതിനും, സാംസ്കാരികമായ തിരിഞ്ഞു നടത്തത്തിനും കാരണമാകും. യഥാർത്ഥ ജീവിതസാഹചര്യങ്ങളിൽ ഭിന്നശേഷിക്കാരോട് പൊതുസമൂഹം പുലർത്തിപ്പോരുന്ന ചിന്താസമീപനങ്ങളെ പ്രശ്നവൽക്കരിക്കാനോ ചോദ്യം ചെയ്യലുകൾക്ക് വിധേയമാക്കാനോ അല്ല നമ്മുടെ സിനിമകൾ ശ്രദ്ധ ചെലുത്തുന്നത്. പകരം യാഥാർഥ്യബോധമില്ലാത്ത വികലമായ പൊതുബോധമണ്ഡലം രൂപപ്പെടുത്താനാണ് ഉത്തേജനം നൽകുന്നത് എന്ന് മേൽ പ്രതിപാദിച്ച സിനിമകളിലെ കഥാപാത്രങ്ങളിലൂടെ സഞ്ചരിക്കുമ്പോൾ വ്യക്തമാകും.

*സഹായകഗ്രന്ഥങ്ങൾ*


2. ശശി. കെ. വി. 2018. *ശരീരം ജാതി അധികാരം,* ഡോ :അനിൽ. കെ. എം (എഡി). പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്. കോഴിക്കോട്
3. പി. കെ. ശോഭിത്ത്. 2018. *ശരീരം ജാതി അധികാരം,* ഡോ: അനിൽ. കെ. എം (എഡി). പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്. കോഴിക്കോട്
4. ജേക്കബ് ഷാജി.2017. *ജനപ്രിയ സംസ്കാരം ചരിത്രവും സിദ്ധാന്തവും.* മാതൃഭൂമി ബുക്ക്സ്. കോഴിക്കോട്
5. ഡോ. അനിൽ. കെ എം (എഡി).2017. *സംസ്കാര നിർമ്മിതി.* പ്രോഗ്രസ്സ് പബ്ലിക്കേഷൻസ്. കോഴിക്കോട്

6. രാമചന്ദ്രൻ. ജി. പി, 2017. *മലയാള സിനിമ ദേശം, ഭാഷ, സംസ്ക്കാരം,* കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട്. തിരുവനന്തപുരം

7. ജോസഫ്. വി. കെ. 2009, *സിനിമയും പ്രത്യയശാസ്ത്രവും,* ചിന്താ പബ്ലിഷേഴ്സ്. തിരുവനന്തപുരം

8. ചന്ദ്രശേഖർ. എ.2018. *സിനിമ ഒരു ദൃശ്യപ്രതിഷ്ഠാപനം,* ഡോൺ ബുക്ക്സ്. കോട്ടയം.

9. www.wikipedia.com/malayalam movies.

# ലേഖകർക്കുള്ള നിർദ്ദേശങ്ങൾ

1. ലേഖനശീർഷകവും ലേഖനമെഴുതുന്നയാളിന്റെ പേരും വിലാസവും ആദ്യപുറത്തിൽ പ്രത്യേകമായി നല്കണം. പരിശോധകർക്കു അയച്ചുകൊടുക്കേണ്ടതിനാൽ പിന്നീടുള്ള പുറങ്ങളിൽ പേരോ വിലാസമോ ആവർത്തിക്കരുത്.

2. പേജ്മേക്കറിലോ (Pagemaker) വേഡിലോ (Word) ML-Revathi എന്ന ഫോണ്ടിലാണ് ലേഖനം ടൈപ്പുചെയ്യേണ്ടത്. (കേരള സർവകലാശാലയുടെ പ്രസ്സിൽ യുണിക്കോഡ് നടപ്പാക്കുമ്പോൾ ഇതിനു മാറ്റംവരും. അത്തരം മാറ്റങ്ങൾ തീർച്ചയായും അറിയിക്കുന്നതാണ്.) ഇംഗ്ലിഷ് വാക്കുകളോ വാക്യങ്ങളോ ഉണ്ടെങ്കിൽ calibri എന്ന ഫോണ്ടിൽ ടൈപ്പുചെയ്യണം.

3. ലേഖനത്തിനുള്ളിലെ ഉപശീർഷകങ്ങൾ ഇടതുമാർജിൻ ചേർത്തെഴുതണം. അവ തടിച്ച ലിപിയിൽ (bold letters) ആയിരിക്കണം. എന്നാൽ, വ്യത്യസ്തഫോണ്ടുപയോഗിക്കുകയോ ഫോണ്ടിന്റെ വലുപ്പംകൂട്ടുകയോ ചെയ്യേണ്ടതില്ല.

4. ഫോണ്ടിന്റെ വലുപ്പം 12 ആയിരിക്കണം.

5. വരികൾ തമ്മിൽ 1.15 അകലം ഉടനീളമുണ്ടായിരിക്കണം.

6. A4 കടലാസിന്റെ നാലുവശത്തും 2 സെന്റിമീറ്റർ മാർജിൻ നല്കണം.

7. ലേഖനത്തിന്റെ തുടക്കത്തിൽ, ഏതാനും വാക്യങ്ങളിൽ, സംഗ്രഹം എന്ന ഉപശീർഷകത്തിൽ, മുഖ്യആശയം നല്കണം.

8. സംഗ്രഹത്തെ തുടർന്ന് താക്കോൽവാക്കുകൾ (Key words) ഏതൊക്കെയെന്ന് എഴുതണം.

9. ഉദ്ധരണികളുടെയും മറ്റും സൂചന അതതിടങ്ങളിൽ ഉദ്ധരണിക്കുപിന്നാലെ ബ്രായ്ക്കറ്റിൽ നല്കാം. അവ ഗ്രന്ഥകർത്താവ്, ഗ്രന്ഥത്തിന്റെ പേര്, പുറം എന്ന രീതിയിലാകണം.

10. സൂചനകൾക്കുപുറമേ നൽകേണ്ടിവരുന്ന വിശദീകരണക്കുറിപ്പുകൾ, ഗ്രന്ഥസൂചി എന്നിവ ലേഖനത്തിന്റെ അവസാനത്തിൽ നല്കണം.

11. ഗ്രന്ഥസൂചി തയ്യാറാക്കേണ്ടത് MLA Style sheet രീതിയിലാകണം. (A-B-P-P-Y)

12. പേജുനമ്പർ എല്ലാ പുറത്തിലും മുകളിൽ വലതുവശത്തായിരിക്കണം.

13. ലേഖനഭാഷ വിഷയാനുസൃതവും യുക്തിബദ്ധവും വ്യക്തതയുള്ളതുമായിരിക്കണം.

14. ഗവേഷണരീതിശാസ്ത്രം ഉപയോഗിച്ചെഴുതുന്ന പഠനലേഖനങ്ങൾ മാത്രമാണ് ഭാഷാസാഹിതിയിൽ പ്രസിദ്ധീകരിക്കുക.

15. മറ്റ് ആനുകാലികങ്ങളിലോ സമാഹാരഗ്രന്ഥങ്ങളിലോ പ്രസിദ്ധീകരിച്ച ലേഖനങ്ങൾ ഭാഷാസാഹിതിയിലേക്ക് അയയ്ക്കാൻ പാടില്ല.

16. ഭാഷാസാഹിതിയിൽ പ്രസിദ്ധീകരണത്തിനായി തിരഞ്ഞെടുക്കുന്ന ലേഖനങ്ങൾ മറ്റ് ആനുകാലികങ്ങളിൽ പ്രസിദ്ധീകരിക്കാൻ പാടില്ല. ഇതിൽ പ്രസിദ്ധീകരിക്കുന്നതിനുമുമ്പ് സമാഹാരങ്ങളിലും ഉൾപ്പെടുത്താൻ പാടില്ല.

17. മേൽ പറഞ്ഞിരിക്കുന്ന 15, 16 എന്നീ നിർദ്ദേശങ്ങളുടെ ഉറപ്പിനായി ഒരു സമ്മതപത്രം പ്രത്യേകമായി ലേഖനത്തോടൊപ്പം അയയ്ക്കേണ്ടതാണ്.

18. പ്രബന്ധത്തിന്റെ രണ്ടുകോപ്പിയാണു വേണ്ടത്. ഒരു സോഫ്റ്റ് കോപ്പി (softcopy) bhashasahithi.mal@keralauniversity.ac.in എന്ന ഇ-മെയിലിലേക്കും ടൈപ്പുചെയ്തു പ്രിന്റെടുത്ത മറ്റൊരു കോപ്പി (Hardcopy) HoD, Dept.of Malayalam, University of Kerala, Kariavattom, Thiruvananthapuram. Pin: 695581 എന്ന മേൽ വിലാസത്തിലേക്കുമാണ് അയയ്ക്കേണ്ടത്.

**മുഖ്യപത്രാധിപർ**

**BHAASHAASAAHITHI**
Peer Reviewed Journal of Research and
Literary Studies in Malayalam

Reg. No. R. N. 29564/77

**Vol. 27-31, No. 1-20 (105 -124)**
**2003 January - 2007 December**
**(Published in December 2020)**

Published four times a year

Annual Subscription Rupees 400/-
Single copy Rupees 100/-
This Volume Rupees 250/-

Edited printed and published by
Prof. (Dr.) S. Shifa
Head of the Department of Malayalam
University of Kerala at the
Kerala University Press,
Palayam, Thiruvananthapuram

Editorial and business communications
should be address to the

**Professor and Head**
Department of Malayalam
University of Kerala, Kariavattom
Thiruvananthapuram - 695581

Design: Godfrey Das